# പ്രവാചകരുടെ പാതയിൽ

## പഴയനിയമ – പുതിയനിയമ പ്രവാചകന്മാർ

**ഡോ. ആന്റണി തറേക്കടവിൽ**

**ALPHA INSTITUTE OF THEOLOGY AND SCIENCE**
Thalassery, Kerala, India - 670 101
Ph: 0490 2344727, 2343707
Web: www.alphathalassery.org, Email: alphits@gmail.com

# പ്രവാചകരുടെ പാതയിൽ

**Title:** On the ways of the Prophets
**Published by:** The Director, Alpha Institute, Archdiocese of Tellicherry, Sandesa Bhavan, Tellicherry, 670 101, Kannur, Kerala
Ph: 0490 - 2344727, 2343707
**Published on:** 2015 April 5 (Easter)

**Author:** Rev. Dr. Antony Tharekkadavil

**Office Assistance:** Rev. Sr. Glorista SABS
Mr. Renjith K.C.
Mrs. Jeshitha Vijesh
**Design & Layout:** Mr. Midhun Thomas
**Printing:** Vimala Offset Press, Thalassery
**Copy Right:** © All rights reserved. No part of this publication may be reproduced, stored in or introduced into a retrieval system, or transmitted, in any form, or by any means, electronic, mechanical, photocopying, recording or otherwise without the prior written permission of the publisher

# പ്രസാധകക്കുറിപ്പ്

പ്രവാചകന്മാർ കാലാതീതരാണ്. കാരണം കാലാതീതനായ ദൈവത്തിന്റെ കാലത്തിലെ വക്താക്കളാണവർ. ഗതകാലത്തിന്റെ നിഴലിലും ഭാവിയുടെ വെളിച്ചത്തിലും വർത്തമാനകാലത്തെ പുനരാഖ്യാനംചെയ്യുന്ന ക്രാന്തദർശികളാണവർ. സത്യവിശ്വാസത്തിന്റെ സംരക്ഷണത്തിനു കാർമ്മലിൽ ബലിയൊരുക്കാനും സാമൂഹ്യനീതിയുടെ സംസ്ഥാപനത്തിനു രാജാവിനെ വെല്ലുവിളിക്കാനും മടിയില്ലാത്തവരാണവർ. ദൈവനീതിയുടെ തുലാസും തൂക്കുകട്ടയും കയ്യിലേന്തിയ പ്രവാചകർക്ക് രാജാവിന്റെ ഉടുക്കാത്ത തുണിയുടെ ഇഴയടുപ്പം വർണ്ണിക്കുന്ന ഭീരുക്കളാകാനാവില്ല. പ്രവാചകവചനങ്ങളുടെ ഗാംഭീര്യം വിശുദ്ധ ഗ്രന്ഥത്തിലെ ഇടിമുഴക്കങ്ങളാണ്.

ഇസ്രായേലിന്റെ ചരിത്രവുമായി അഭേദ്യമാം വിധം ഇഴചേർന്നുനിൽക്കുന്ന പ്രവാചക ചരിത്രത്തെ അന്യാദൃശമായ ആഖ്യാനചാരുതയോടെ മലയാളത്തിൽ അവതരിപ്പിക്കുന്ന ഗ്രന്ഥമാണ്, പഴയനിയമ ബൈബിൾ വിജ്ഞാനീയത്തിലെ അതികായനായ ഡോ. ആന്റണി തറേക്കടവിൽ രചിച്ച "പ്രവാചകരുടെ പാതയിൽ." പ്രവാചകരുടെ പാതയിൽ നടന്ന് പ്രവാചകതീക്ഷണതയാർജ്ജിക്കുവാൻ ഈ ഗ്രന്ഥം അനുവാചകർക്ക് അനുഗ്രഹമാകട്ടെ എന്ന് പ്രാർത്ഥനാശംസകൾ!

**ഡയറക്ടർ**
**ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്**

# ഉള്ളടക്കം

1. പ്രവാചകന്മാർ ............ 7
2. പഞ്ചഗ്രന്ഥിയിലെ പ്രവാചകർ ............ 37
3. രാജഭരണത്തിനുമുമ്പുള്ള പ്രവാചകന്മാർ ............ 44
4. വിഭജനത്തിനുമുമ്പുള്ള രാജഭരണകാലത്തെ പ്രവാചകന്മാർ ............ 51
5. വിഭജനത്തിനുശേഷം രാജഭരണകാലത്തെ യൂദായിലെ പ്രവാചകന്മാർ ... 85
6. വിപ്രവാസകാല പ്രവാചകന്മാർ ............ 128
7. വിപ്രവാസശേഷമുള്ള പ്രവാചകന്മാർ ............ 143
8. പ്രവചനവരത്തെക്കുറിച്ചുള്ള പുതിയനിയമ കാഴ്ചപ്പാട് ............ 179

*Published for the use of the students of Alpha Institute of Theology and Science*

# 01

## പ്രവാചകന്മാർ

ഇസ്രായേലിന്റെ പ്രവാചക പാരമ്പര്യത്തിലേക്കും പ്രവാചക ധർമ്മത്തിന്റെ പ്രത്യേകതകളിലേക്കും വെളിച്ചം വീശുന്ന ഒരു വിശുദ്ധഗ്രന്ഥ ഭാഗമാണ് 1 രാജ 22:1–28.

ഈ വചനഭാഗത്തിൽനിന്ന് താഴെപ്പറയുന്ന കാര്യങ്ങൾ മനസ്സിലാക്കാം:

1. പ്രവാചകൻമാർ പൊതുവേ രാജകൊട്ടാരങ്ങളുമായി ബന്ധപ്പെട്ടും രാജാവിനോടു ചേർന്നുമാണ് പ്രവർത്തിച്ചിരുന്നത് (22:5, 6, 10 , 13, 15, ഏശ 9:14; 28:7; 29:10).
2. അവർ ഗണങ്ങളായി ജീവിച്ചിരുന്നു (22:10, 13). എന്നാൽ മിക്കായയെപ്പോലെ ഒറ്റപ്പെട്ടു ജീവിച്ചിരുന്ന പ്രവാചകൻമാരും ഉണ്ടായിരുന്നു.
3. യുദ്ധങ്ങളുമായി ബന്ധപ്പെട്ടാണ് രാജാക്കന്മാർക്ക് പ്രവാചകൻമാരുടെ ഉപദേശങ്ങൾ ഏറ്റവും ആവശ്യമായിരുന്നത് (22:5–6, 15).
4. പ്രവാചകന്മാർ അനേകരായിരുന്നതുകൊണ്ടും അവർ വ്യത്യസ്തമായതും ചിലപ്പോൾ പരസ്പര വിരുദ്ധങ്ങളുമായ സന്ദേശങ്ങൾ പറഞ്ഞിരുന്നതുകൊണ്ടും അവരുടെ വാക്കുകൾ ദൈവവചനമാണോ എന്നു ചിലപ്പോൾ സംശയങ്ങളുണ്ടായിരുന്നു (22:7, 26).

5. പ്രവാചക ദൗത്യം ഒരു ജീവിതരീതിയായി പലരും സ്വീകരിച്ചതിനാൽ സമൂഹത്തിൽ അവർ എത്രപേരുണ്ടെന്ന് അന്നാട്ടിലെ സാധാരണ ജനത്തിനറിയാമായിരുന്നു (22:8).
6. സത്യപ്രവാചകൻമാർ ദൈവഹിതം മുഖം നോക്കാതെ പറഞ്ഞിരുന്നതിനാൽ അവർ പലരാലും വെറുക്കപ്പെട്ടിരുന്നു (22:8, 18, 26 28; ജറെ 11: 21, 18:18, 20:11).
7. സെദെക്കിയ ഇരുമ്പുകൊമ്പുകൾ ഉപയോഗിച്ചുകൊണ്ടു സംസാരിച്ചതുപോലെ പ്രവാചകന്മാർ സംസാരിക്കുമ്പോൾ പ്രതീകാത്മക ഭാഷ ഉപയോഗിച്ചിരുന്നു (22:11 -12).
8. കർത്താവ് കൽപിക്കുന്നതു മാത്രമാണ് ഇസ്രായേലിലെ സത്യപ്രവാചകൻ പറയേണ്ടിയിരുന്നത് (22:14). കർത്താവിന്റെ വചനം ശ്രവിക്കാൻ കഴിയാതെ ഹൃദയം കടുത്തുപോയവരോട് അവരുടെ നാശത്തിനുള്ള വചനംപോലും പ്രവാചകൻമാർ പറഞ്ഞിരുന്നു (22:22).
9. പ്രവാചകൻമാർക്കു വചനം ലഭിച്ചിരുന്നത് പലപ്പോഴും ദർശനങ്ങളിലൂടെയാണ് (22:17).
10. ഒരു പ്രവാചകനു തന്റെ വചനത്തിന്റെ ആധികാരികത മനസ്സിലായത് അദ്ദേഹം ദൈവത്തിന്റെ ആലോചനാ സഭയിൽ പങ്കെടുക്കാൻ വിളിക്കപ്പെടുകയും അവിടെവെച്ച് അദ്ദേഹം ദൈവത്തിന്റെ തീരുമാനം ശ്രവിക്കുകയും ചെയ്തു എന്നതിനാലാണ് (22:19-22).
11. ദൈവത്തിന്റെ ആലോചനാസഭയിൽവച്ച് കർത്താവു പറയുന്നത് കേട്ട കാര്യങ്ങൾ ജനത്തെ അറിയിക്കുന്നതിനാലാണ് കർത്താവ് അരുളിചെയ്യുന്നു എന്നു പറഞ്ഞുകൊണ്ട് പ്രവാചകൻ സംസാരിക്കുന്നത്.
12. ഭാവിയെക്കുറിച്ചുള്ള ദൈവത്തിന്റെ തീരുമാനം സ്വർഗ്ഗീയ സഭയിലോ മറ്റെവിടെങ്കിലുമോ വച്ച് ശ്രവിച്ചതിനാലാണ് പ്രവാചകന് ഭാവിയെക്കുറിച്ച് അറിയാൻ കഴിയുന്നത്.
13. ഒരാൾ സത്യപ്രവാചകനാകുന്നത് അയാൾ സംഭവിക്കുമെന്ന് പറഞ്ഞ കാര്യങ്ങൾ നിറവേറുമ്പോൾ മാത്രമാണ്. മിക്കായാ പറഞ്ഞതുപോലെ ആഹാസ് മരിച്ചു (1രാജാ 22: 29-40).
14. സത്യപ്രവാചകൻമാരോടൊപ്പം വ്യാജപ്രവാചകന്മാരും നാട്ടിലുണ്ടായിരുന്നു. വളരെ ആകർഷകമായി സന്ദേശം നൽകാൻ അവർക്ക് കഴിയുകയും ചെയ്തിരുന്നു (22:6, 10-13, 22-24).
15. സത്യപ്രവാചകൻമാർ ചില അവസരങ്ങളിൽ മറ്റു പ്രവാചകന്മാരാൽ പീഡിപ്പിക്കപ്പെട്ടിരുന്നു (22:24).
16. ജനം കേൾക്കാൻ സന്നദ്ധരായിരുന്നില്ലെങ്കിൽപ്പോലും പ്രവാചകൻ ദൈവവചനം സംസാരിക്കേണ്ടിയിരുന്നു (എസെ 3:16-21).
17. ദൈവവചനം കേൾക്കാനും ദൈവതിരുമനസ്സറിയാനും എഴുതപ്പെട്ട വചനമില്ലാതിരുന്ന അക്കാലത്ത് രാജാവും ജനങ്ങളും പ്രവാചകനെ സമീപിക്കേണ്ടിയിരുന്നു (എസെ 14:3; 20:1; 1രാജ 22:7).





## പ്രവാചകൻ എന്ന നാമം

ഇസ്രായേലും ദൈവവുമായുള്ള ഉടമ്പടി ബന്ധത്തിന്റെ ദൃശ്യമായ അടയാളമായിരുന്നു ഇസ്രായേലിലെ പ്രവാചകദൗത്യം. പ്രവാചകനെ സൂചിപ്പിക്കാൻ പഴയനിയമം പല വാക്കുകളും ഉപയോഗിക്കുന്നുണ്ട്:

1. നബി: ഈ വാക്കിന്റെ ഹെബ്രായ ഭാഷയിലുള്ള അർത്ഥം ഒരു ഉറവയിൽനിന്നു ജലം പുറപ്പെടുന്നതു പോലെ പുറപ്പെടുക; അതായത് ആത്മാവിൽ പ്രചോദിതമായി സ്വതന്ത്രമായി ഉച്ചരിക്കുക എന്നാണ്. ഹെബ്രായ ഭാഷയുടെ പൂർവ്വഭാഷയായ അക്കാഡിയനിൽ നബു എന്ന വാക്കിന്റെ അർത്ഥം വിളിക്കുക എന്നാണ്. ഈ വാക്കിന്റെ അടിസ്ഥാനത്തിൽ നബി എന്ന വാക്കിന് വിളിക്കപ്പെട്ടവൻ എന്നോ വിളിച്ചുപറയുന്നവൻ എന്നോ ആണ് അർത്ഥം; അതായത് ദൈവത്താൽ വിളിക്കപ്പെട്ടവൻ അല്ലെങ്കിൽ ദൈവവചനം വിളിച്ചുപറയുന്നവനാണു പ്രവാചകൻ.

2. ദൈവമനുഷ്യൻ: പ്രവാചകനെ സൂചിപ്പിക്കാൻ 76 പ്രാവശ്യം ദൈവമനുഷ്യൻ എന്ന പദം ബൈബിൾ ഉപയോഗിക്കുന്നുണ്ട്. ഇതിൽ 36 പ്രാവശ്യം അത് ഉപയോഗിക്കുന്നത് ഏലിയായെക്കുറിച്ചു പറയുമ്പോഴാണ്. സാമുവലിനെയും ഏലിയായെയും മോശയെയും ഷെമായായെയും മറ്റു പ്രവാചകന്മാരെയും സൂചിപ്പിക്കാനും ഈ പദം ഉപയോഗിക്കുന്നുണ്ട്.

3. ദർശനമുള്ളവൻ (ഹൊത്സെ): ഈ ഹെബ്രായ വാക്ക് 16 പ്രാവശ്യം പഴയനിയമത്തിൽ ഉപയോഗിച്ചിട്ടുണ്ട്. പ്രഘോഷിക്കേണ്ട സന്ദേശം ദൈവികമായ ദർശനങ്ങളിലൂടെ ലഭിക്കുന്നവൻ എന്നാണിതിനർത്ഥം (ആമോ 7:12 (ആമോസ്); 2സാമു 24:11 (ഗാദ്); 2ദിന 16:7 (ഹനനി); 2ദിന 19:2 (യേഹു).

4. ദീർഘദർശി (റൊഎ): കാണുന്നവൻ എന്നാണീ ഹെബ്രായ വാക്കിന്റെ അർത്ഥം. ഭൂത-വർത്തമാന-ഭാവി കാര്യങ്ങളെല്ലാം കാണാൻ കഴിവുള്ളവൻ എന്ന അർത്ഥത്തിലാണ് ഈ വാക്ക് ഉപയോഗിക്കുന്നത്. സാമുവലിനെ സൂചിപ്പിക്കാൻ ഈ വാക്ക് 13 പ്രാവശ്യം ഉപയോഗിക്കുന്നുണ്ട് (1സാമു 9:9; കാണുക ഏശ 30:10; 2രാജ 17:13).

5. ഇതിനുപുറമേ എന്റെ ദാസൻ (ജോഷ 1:1), കർത്താവിന്റെ ദാസൻ (ഹഗ്ഗ 11:13), ഇടയൻ (എസെ 34), കാവൽക്കാരൻ (എസെ 33) എന്നീ വാക്കുകളും പ്രവാചകനെ സൂചിപ്പിക്കാൻ പഴയനിയമം ഉപയോഗിക്കുന്നുണ്ട്. നബി, ദീർഘദർശി, ദർശനമുള്ളവൻ എന്നീ മൂന്നുവാക്കുകളും പ്രവാചകന്മാരെ സൂചിപ്പിക്കാനായി ഒറ്റവാക്യത്തിൽ ബൈബിൾ (1ദിന 29:29) ഉപയോഗിക്കുന്നുണ്ട് (സാമുവൽ - ദീർഘദർശി; നാഥാൻ - നബി; ഗാദ് - ദർശനമുള്ളവൻ).

ഇംഗ്ലീഷ് ഭാഷയിലെ പ്രോഫെറ്റ്, പ്രോഫെസി (prophet - prophecy) എന്നീ വാക്കുകളുടെ മലയാളരൂപമാണു പ്രവാചകൻ. ഇതു പ്രൊഫെത്തേസ് എന്ന ഗ്രീക്ക് വാക്കിൽനിന്നു ജന്മം കൊണ്ടതാണ്. നബി പലപ്പോഴും അനിയന്ത്രിതമായ ചേഷ്ടകളോടെ സംവദിക്കുകയും പെരുമാറുകയും ചെയ്യുന്നവനാണ് (1സാമു 10:5-13; 18:10-11; 19:20-24; 1രാജ 18:29; 22:10). എന്നാൽ പ്രവചനം ബുദ്ധിപൂർവ്വവും പ്രവാചകന്റെ നിയന്ത്രണ

ത്തിലുമാണെന്ന് 1രാജ 22:8; എസ 37:10 എന്നീ വചനങ്ങൾ വ്യക്തമാക്കുന്നു.

## ആരാണ് ഒരു പ്രവാചകൻ?

ആരാണ് ഒരു പ്രവാചകനെന്നതിന് ഇസ്രായേലിന്റെ വിശ്വാസ സംഹിതയുടെ അടിസ്ഥാനമായ പഞ്ചഗ്രന്ഥം ഉത്തരം നൽകുന്നുണ്ട്. ദൈവത്തിൽനിന്നു വിളിയും അംഗീകാരവും അധികാരവും സ്വീകരിച്ചതിനു ശേഷം ദൈവമാഗ്രഹിക്കുന്ന കാര്യങ്ങൾ ദൈവത്തിനുവേണ്ടി മനുഷ്യനോടു സംസാരിക്കേണ്ടവനാണു പ്രവാചകൻ. അദ്ദേഹം ദൈവത്തിനും മനുഷ്യനുമിടയിലെ മദ്ധ്യവർത്തിയാണ് (പുറ 6). ദൈവം മോശയെ വിളിക്കുകയും ഇസ്രായേലിനെ അടിമത്തത്തിൽനിന്നു മോചിപ്പിക്കാൻ താൻ അവനെ അയക്കാൻ പോവുകയാണെന്ന് അവനോട് പറയുകയും ചെയ്തപ്പോൾ മോശ അതിനു വിസമ്മതിച്ചു. കാരണം അവന് ആ ജനത്തെ പ്രചോദിപ്പിക്കാൻ കഴിയുന്ന വാക്ചാതുര്യം ഉണ്ടായിരുന്നില്ല (പുറ 6:28-30). അപ്പോൾ ദൈവം മോശക്ക് അഹറോനെ സഹായിയായി നല്കി.

ഈ വചനഭാഗത്തെ ആസ്പദമാക്കി പ്രവാചകൻ മറ്റൊരാൾക്കുവേണ്ടി സംസാരിക്കാൻ നിയോഗിക്കപ്പെട്ടവനാണ് എന്നു പറയാൻ കഴിയും. അഹറോൻ മോശയുടെ പ്രവാചകനാണ്. ദൈവം കല്പിക്കുന്ന കാര്യങ്ങൾ ദൈവനാമത്തിൽ ദൈവത്തിനുവേണ്ടി ദൈവം ആഗ്രഹിക്കുന്നവരോട് ദൈവം പറയുന്ന വിധത്തിൽ സംസാരിക്കുന്നവനാണ് പഞ്ചഗ്രന്ഥത്തിന്റെ ദർശനത്തിൽ ഒരു പ്രവാചകൻ. അവൻ ദൈവത്താൽ പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ടവനും ദൈവാത്മാവിനാൽ നിറഞ്ഞവനുമായിരിക്കണം.

ദൈവത്തിനും ജനത്തിനുമിടയിലെ മദ്ധ്യസ്ഥനായ പ്രവാചകന്റെ ദൗത്യം ഇസ്രായേലിൽ ഉടലെടുത്തതെങ്ങനെയെന്നു പഞ്ചഗ്രന്ഥം വിവരിക്കുന്നുണ്ട്: (നിയമ 18:16-18). മഹത്വപൂർണനായ ദൈവത്തിന്റെ സ്വരം ശ്രവിക്കാൻ ഭയപ്പെട്ട ജനം തങ്ങൾക്ക് ഒരു മദ്ധ്യവർത്തിവേണം എന്നാഗ്രഹിച്ചതുകൊണ്ടാണ് ഇസ്രായേലിൽ പ്രവാചകദൗത്യം നിലവിൽ വന്നത്.

മനുഷ്യരെ ദൈവഹിതം അറിയിച്ചിരുന്നവരായിരുന്നു പ്രവാചകരെങ്കിൽ അവർക്കെങ്ങനെയാണു ദൈവഹിതം മനസ്സിലാക്കാൻ കഴിയുക എന്ന ചോദ്യമുയരും. അതിനുള്ള ഉത്തരം സംഖ്യയുടെ പുസ്തകം നല്കുന്നുണ്ട്. ഇസ്രായേലിന്റെ മരുഭൂമിയാത്രയുടെ അവസരത്തിൽ തങ്ങളും മോശയെപ്പോലെതന്നെ ദൈവത്തിനും മനുഷ്യനുമിടയിലെ മദ്ധ്യസ്ഥരാണെന്നും മോശക്ക് കൂടുതൽ പ്രാധാന്യമൊന്നുമില്ലെന്നും അദ്ദേഹത്തിന്റെ സഹോദരങ്ങളായ അഹറോനും മിരിയാമും കരുതി (സംഖ്യ 12:1-2). തൽഫലമായി മരുഭൂമിയിലൂടെ യാത്ര ചെയ്ത സമൂഹത്തിൽ അസ്വസ്ഥതകളുണ്ടായപ്പോൾ ദൈവം ഇടപെടുകയും മോശയുടെ പ്രാധാന്യമെന്തെന്നും തന്റെ പ്രവാചകരോടു താനെങ്ങനെയാണു വർത്തിക്കുന്നതെന്നും ദൈവംതന്നെ വെളിപ്പെടുത്തുകയും ചെയ്തു: (12:4-8).

ദൈവം തന്റെ പ്രവാചകനോടു സ്വപ്നത്തിലൂടെയും ദർശനത്തിലൂടെയും സംസാരിക്കാറുണ്ടെന്നും മോശ അവരിൽനിന്നെല്ലാം വ്യത്യസ്തനും വലിയവനുമാകയാൽ അവനോടു മുഖാഭിമുഖം സംസാരിക്കു





മെന്നും ദൈവം അരുളിച്ചെയ്തു. മറ്റു വാക്കുകളിൽ പറഞ്ഞാൽ ഒരു പ്രവാചകനു ദൈവനാമത്തിൽ സംസാരിക്കാൻ കഴിയണമെങ്കിൽ ദൈവം അവനോട് ദർശനത്തിലൂടെയോ സ്വപ്നത്തിലൂടെയോ സംസാരിച്ചിരിക്കണം (ജറെ 23:16). ദൈവം തന്റെ പ്രവാചകനോടു സംസാരിക്കുന്നതിന്റെ വിവരണം ബൈബിളിൽ പലയിടത്തും കാണാം (ജറെ 1: 11-16; ആമോ 7: 4-6, 7-9; ഏശ 6). ഏശയ്യായുടെയും (1:1) നാഹുമിന്റെയും (1:1) ഒബാദിയായുടെയും ഗ്രന്ഥങ്ങൾ അവർക്കുണ്ടായ ദർശനങ്ങളുടെ വിവരണങ്ങളായാണു പ്രത്യക്ഷപ്പെടുന്നത്.

ദൈവികമായ സ്വപ്നങ്ങളും ദർശനങ്ങളും ഉണ്ടായിരുന്നതിനാലും അവ ഭാവിയെ സ്വാധീനിക്കുന്നവയായിരുന്നതിനാലും പ്രവാചകർക്ക് ജനത്തിന്റെ ഭാവി മുൻകൂട്ടി കാണാനും സംഭവിക്കാനിരിക്കുന്ന കാര്യങ്ങൾ നേരത്തെതന്നെ അറിയാനും കഴിയുമായിരുന്നു. തങ്ങൾ ഗ്രഹിച്ച കാര്യങ്ങൾ മനുഷ്യരെ ധരിപ്പിക്കാൻവേണ്ടിയാണ് പ്രവാചകന്മാർ സംസാരിച്ചിരുന്നത്. ഭരണാധികാരികളും ജനങ്ങളുമാകട്ടെ തങ്ങളുടെ ഭാവിയെക്കുറിച്ച് ദൈവത്തോട് ആരാഞ്ഞറിയുന്നതിനും തങ്ങളുടെ തീരുമാനങ്ങളിൽ ദൈവഹിതം ആരായുന്നതിനും പ്രവാചകന്മാരെ സമീപിച്ചിരുന്നു. എങ്കിലും ദൈവം എന്തെങ്കിലും സംസാരിച്ചാൽ മാത്രമേ സത്യപ്രവാചകന് ദൈവത്തിന്റെ നാമത്തിൽ എന്തെങ്കിലും പറയാൻ കഴിയുമായിരുന്നുള്ളൂ.

അയാൾ ഒന്നാമതായി ദൈവത്തിനും മനുഷ്യനുമിടയിലെ ഒരു മദ്ധ്യവർത്തിയായിരുന്നു (നിയ 18:18). ദൈവവചനവും ദൈവഹിതവും മനുഷ്യനിലെത്തിക്കുക എന്നതായിരുന്നു അയാളുടെ പ്രധാന ജോലി. എഴുതപ്പെട്ട വിശുദ്ധ ഗ്രന്ഥങ്ങളില്ലാതിരുന്ന അക്കാലത്ത് ദൈവഹിതമറിയാൻ കഴിവുള്ളവരെന്ന നിലയിൽ അവർ എന്തുമാത്രം പ്രാധാന്യമുള്ളവരായിരുന്നുവെന്ന് അനുമാനിക്കാൻ കഴിയും.

ഭാവാത്മകമായിപ്പറഞ്ഞാൽ ബൈബിൾ മുഴുവനും പ്രവചനപരമാണെന്നു പറയാം. കാരണം അതു മുഴുവനും ദൈവവചനമാണ്. ദൈവം മനുഷ്യരാശിയോടു സംസാരിക്കാനാഗ്രഹിച്ച കാര്യങ്ങൾ ദൈവം പ്രത്യേകം തെരഞ്ഞെടുത്ത വ്യക്തികൾവഴി എഴുതപ്പെട്ടതാണ് ബൈബിളിലെ വചനങ്ങൾ (ഹെബ്രാ 2:1-2).

ലോകം മുഴുവനും ദൈവത്തിന്റെ ആധിപത്യം സംജാതമാക്കുന്നതിന് ഉപകരിക്കുന്ന വിധത്തിൽ ദൈവത്തിന്റെ സ്വഭാവത്തിനു ചേർന്ന ധാർമ്മികവും മതപരവുമായ സത്യം ഉദ്ഘോഷിക്കുക എന്നതായിരുന്നു പ്രവാചകരുടെ ദൗത്യം. അതുകൊണ്ടുതന്നെ ദൈവത്തിനുവേണ്ടി സംസാരിക്കുന്ന ആരെയും വ്യാപകാർത്ഥത്തിൽ പ്രവാചകൻ എന്നു വിളിക്കാൻ കഴിയും. ഹെനോക്കും അബ്രാഹവും മോശയും പിതാക്കന്മാരുമെല്ലാം ദൈവവചനത്തിന്റെ വാഹകരായിരുന്നു എന്നതിനാൽ അവരെയെല്ലാം പ്രവാചകർ എന്നു വിളിയ്ക്കാൻ കഴിയും (ഉല്പ 20:7; പുറ 7:1; സങ്കീ 105:15; നിയ 18:15; 34:10; ഹോസി 12:13). ഇസ്രായേലിലെ 70 ശ്രേഷ്ഠന്മാരെയും പ്രവാചകർ എന്നാണു സംഖ്യയുടെ പുസ്തകം വിശേഷിപ്പിക്കുന്നത് (11:16-29). അതുപോലെ ദേവാലയ ഗായകരായിരുന്ന ആസാഫിനെയും യദൂഥൂനെയും പ്രവാചകന്മാരെന്നു ദിനവൃത്താന്തഗ്രന്ഥം വിശേഷിപ്പിക്കുന്നു (1 ദിന 25:3).

## മദ്ധ്യപൂർവ്വദേശത്തെ ഇതര ജനതകളും അവരുടെ ഇടയിലെ പ്രവാചകദൗത്യവും

പുരാതന ഇസ്രായേലിലെന്നതുപോലെ അവരുടെ അയൽരാജ്യക്കാരുടെ ഇടയിലും പ്രവാചകന്മാർ പ്രവർത്തിച്ചിരുന്നു. അക്കാലത്തെ ചിന്താഗതിയനുസരിച്ച് ലോകത്ത് 72 ജനതകളും രാജ്യങ്ങളുമാണുണ്ടായിരുന്നത്. ഓരോ രാജ്യത്തിനും സ്വർഗ്ഗത്തിൽ അവരുടെ ഉത്തരവാദിത്വം വഹിക്കുന്ന ഒരു ദൈവവുമുണ്ടായിരുന്നു. ഓരോ രാജ്യവും ദേവലോകത്ത് വസിക്കുന്ന 72 ദൈവങ്ങളിൽ ഒരാളുടെ കീഴിലാണു ജീവിച്ചിരുന്നത്. ആ ജനതയുടെ താത്പര്യങ്ങൾ സംരക്ഷിക്കേണ്ടിയിരുന്നതു സ്വർഗ്ഗത്തിലുള്ള ആ ദൈവമായിരുന്നു. ബൈബിളിലെ പഴയ പല വാക്യങ്ങളും ഈ ചിന്താഗതി വ്യക്തമാക്കുന്നുമുണ്ട്: (ന്യായ 11:24).

പ്രപഞ്ചത്തിൽ ദൈവികമായ ഒരു മേഖലയും ഭൗമികമായ മറ്റൊരു മേഖലയുമുണ്ടെന്ന് ആളുകൾ കരുതിയിരുന്നു. ഈ മേഖലകളെ കൂട്ടിയിണക്കാൻ കഴിവുള്ള പല മദ്ധ്യവർത്തികളുമുണ്ടായിരുന്നു. അതിൽപ്പെട്ട രണ്ട് വിഭാഗക്കാരായിരുന്നു പുരോഹിതരും പ്രവാചകരും (നിയ 18:14; ജറെ 27:9; ദാനി 2:27; 1സാമു 28:7-14). ശകുനം നോക്കുകയെന്നാൽ അവരുടെ ദൈവത്തിന്റെ ഹിതമാരായുകയെന്നാണർത്ഥം (എസെ 21:21). രാജ്യങ്ങൾ തമ്മിൽ യുദ്ധത്തിലായിരിക്കുക സ്വാഭാവികമായിരുന്നെന്നു മാത്രമല്ല യുദ്ധങ്ങൾ ശക്തമായ ഒരു രാജ്യത്തിന്റെ വരുമാനമാർഗ്ഗം കൂടിയായിരുന്നു (2 സാമു 11:1). കാലാവസ്ഥ അനുകൂലമാകുമ്പോൾ കൃഷിയിറക്കുകയും വിളവെടുക്കുകയും ചെയ്യുന്ന ഒരു കർഷകനെയോ അനുയോജ്യമായ അവസരം നോക്കി കച്ചവടം ചെയ്തു ലാഭമുണ്ടാക്കുന്ന ഒരു നല്ല കച്ചവടക്കാരനെയോപോലെ രാജ്യത്തിന്റെ വളർച്ചയിലും സുസ്ഥിതിയിലും താത്പര്യമുള്ള ഏതൊരു രാജ്യവും സ്വന്തം രാജ്യത്തിലെ പട്ടണങ്ങൾ കോട്ടകൾ കെട്ടി സംരക്ഷിക്കുകയും കാലാവസ്ഥ അനുയോജ്യമായ വസന്തകാലത്ത് ബലഹീനമായ അന്യരാജ്യങ്ങളിലേയ്ക്കു പടയോട്ടങ്ങൾ നടത്തുകയും അവിടെയുള്ള വിലപിടിപ്പുള്ള വസ്തുക്കളും ഭക്ഷണസാധനങ്ങളും കവർച്ചചെയ്യുകയും ചെയ്തിരുന്നു.

ഇപ്രകാരം ഒരു യുദ്ധത്തിനു പുറപ്പെടുന്ന അവസരത്തിൽ, നാം ആദ്യം കണ്ടതുപോലെ, സ്വർഗ്ഗത്തിലിരിക്കുന്ന തങ്ങളുടെ ദൈവം ഈ യുദ്ധത്തെ അംഗീകരിക്കുന്നുണ്ടോ എന്നറിയേണ്ടത് ആവശ്യമായിരുന്നു. കാരണം ഭൂമിയിലേതിനു സമാനമായ ഒരു യുദ്ധം സ്വർഗ്ഗത്തിലും നടക്കുകയും അയൽ രാജ്യത്തിന്റെ ദൈവത്തെ ഈ രാജ്യത്തിന്റെ ദൈവം കീഴ്പ്പെടുത്തുകയും അദ്ദേഹത്തിന്റെ രാജ്യം കൈവശമാക്കുകയും ചെയ്താൽ മാത്രമേ ഭൂമിയിൽ ആ രാജ്യത്തിനെതിരേ നടക്കുന്ന യുദ്ധം വിജയിക്കുകയുള്ളൂ. ഇപ്രകാരമൊരു യുദ്ധത്തിന് സ്വർഗ്ഗത്തിലിരിക്കുന്ന ദൈവത്തിനു സമ്മതമാണോ എന്നറിയേണ്ടതുണ്ട്. അതിനാലാണ് രാജാക്കന്മാർ തങ്ങളുടെ കൊട്ടാരങ്ങളിൽ പ്രവാചകരെ പോറ്റുകയും അവരോട് ദൈവഹിതം ആരായുകയും ചെയ്തിരുന്നത് (എസെ 21:21-24).

ആഹാബ് ഇസ്രായേൽ രാജാവായിരുന്ന കാലത്ത് ഏലിയായെപ്പോലുള്ള പ്രവാചകന്മാർ (ഒബാദിയ നൂറു പ്രവാചകന്മാരെ ഒളിപ്പിച്ചു താമസിപ്പിച്ചിരുന്നു; 1രാജ 18:4) ജീവിച്ചിരിക്കേ അയൽ രാജ്യമായ





ഫിനീഷ്യയിൽ നിന്നെത്തിയ വിജാതീയ സ്ത്രീയായ അവന്റെ ഭാര്യ ജെസെബെൽ അവളുടെ 850 പ്രവാചകന്മാരെ ഇസ്രായേൽ കൊട്ടാരത്തിൽ താമസിപ്പിച്ചിരുന്നതു രാജാക്കന്മാരുടെ പുസ്തകം വിവരിക്കുന്നുണ്ട് (1രാജ 18:17-19).

ആഹാസ് രാജാവ് യൂദാരാജാവായ യഹോഷാഫാത്തിനോടു ചേർന്ന് അയൽ രാജാവിൽനിന്നു റാമോത്ത് ഗിലെയാദ് പിടിച്ചെടുക്കാൻ പോകുന്നതിനുമുമ്പു രാജസേവകരും രാജ്യത്തെ പ്രവാചകരുമായ 400 പേരോടും അവസാനം മിക്കായായോടും ഉപദേശം ആരായുന്നതു നാം കണ്ടു കഴിഞ്ഞു (1രാജ 22). ഇസ്രായേൽ രാജാവായ യോറാമും യൂദാരാജാവായ ജോസഫാത്തും ഏദോം രാജാവുംകൂടി മൊവാബ് രാജാവിനെതിരേ യുദ്ധത്തിനു പോയ വഴിയിൽ വെള്ളം തീർന്നുപോയതിനാൽ ഈ യുദ്ധം കർത്താവ് ആഗ്രഹിക്കുന്നുണ്ടോ എന്നുറപ്പിക്കാൻ ഏലീഷായോട് ആരായുകയും ഏലീഷാ അവർക്കു ദൈവഹിതം വെളിപ്പെടുത്തുകയും ചെയ്യുന്നതു രാജാക്കന്മാരുടെ രണ്ടാം പുസ്തകം വിവരിക്കുന്നുണ്ട് (2രാജ 3:4-27). ബാബിലോൺ രാജാവു യുദ്ധത്തിനു പുറപ്പെടുന്നതിനുമുമ്പ് അദ്ദേഹം തന്റെ ദൈവത്തിന്റെ ഹിതം ആരായുന്നത് എസെക്കിയേൽ വിവരിക്കുന്നുണ്ട് (എസെ 21:21-23).

യുദ്ധകാര്യങ്ങൾ അറിയാൻ മാത്രമല്ല രോഗം സുഖപ്പെടുമോ യാത്ര പുറപ്പെടണമോ എന്നീ സാധാരണ ജീവിതത്തിലെ കാര്യങ്ങൾ അറിയാനും രാജാക്കന്മാർ പ്രവാചകരെ സമീപിച്ചിരുന്നു. ഉദാഹരണത്തിനു - സിറിയാ രാജാവായ ബെൻഹദാദ് രോഗിയായപ്പോൾ അദ്ദേഹം സുഖപ്പെടുമോ എന്നറിയാൻ ദൂതന്മാർ ഏലിയായുടെ അടുത്തുവന്നു ചോദിക്കുന്നതു രാജാക്കന്മാരുടെ പുസ്തകം വിവരിക്കുന്നുണ്ട് (2രാജ 8:7-15). ഇസ്രായേൽ രാജാവായ ജെറോബൊവാമിന്റെ മകൻ രോഗിയായപ്പോൾ അവൻ സുഖപ്പെടുമോ എന്നറിയാൻ ജെറോബോവാമിന്റെ ഭാര്യ ഷീലോയിൽ അഹിയാ പ്രവാചകന്റെയടുത്തു വേഷംമാറി പോകുന്നതും രാജാക്കന്മാരുടെ പുസ്തകം വിവരിക്കുന്നുണ്ട് (1രാജ 14:1-18). ഇസ്രായേൽ രാജാവായ അഹസിയാ മട്ടുപ്പാവിൽനിന്നു വീണു രോഗിയായപ്പോൾ താൻ സുഖപ്പെടുമോ എന്നറിയാൻ ഭിഷഗ്വരൻ ദൈവമായി അന്നറിയപ്പെട്ടിരുന്ന ബാൽസെബൂബിന്റെ അടുത്തേയ്ക്കു ദൂതന്മാരെ വിടുന്നതു ബൈബിൾ വിവരിക്കുന്നുണ്ട് (2രാജ 1:1-2). സിറിയാ രാജാവായ ബെൻഹെദാദ് ഇസ്രായേൽ രാജാവായ ആഹാബിനെതിരേ യുദ്ധത്തിനു പുറപ്പെട്ടപ്പോൾ ഒരു പ്രവാചകൻ വന്ന് ആഹാബിനോടു കർത്താവിന്റെ പേരിൽ അവൻ വിജയിക്കുമെന്ന് പറയുന്ന ചരിത്രം രാജാക്കന്മാരുടെ ഒന്നാമത്തെ പുസ്തകം ഇരുപതാം അദ്ധ്യായം വിവരിക്കുന്നുണ്ട്.

ദൈവിക ശക്തികൾ പ്രപഞ്ചത്തിൽ എല്ലായിടത്തും പ്രവർത്തന നിരതമാണെന്നും ചില സ്ഥലങ്ങളിലും സാഹചര്യങ്ങളിലും ചില കർമ്മങ്ങളിലും ചില പ്രത്യേക ദൈവങ്ങൾക്ക് സ്വാധീനവും ശക്തിയും ഉണ്ടെന്നും അന്നുള്ള ജനങ്ങൾ വിശ്വസിച്ചിരുന്നു. ഭാവിയെക്കുറിച്ചുള്ള ആകുലത എല്ലാ മനുഷ്യനിലുമുണ്ട്. അതറിയാൻ കഴിയുകയെന്നതു പുരാതന കാലം മുതൽ മനുഷ്യന്റെ വലിയ ഒരു കഴിവായി കരുതപ്പെട്ടിരുന്നു. ഭാവി പറയാൻ കഴിവുള്ളവരായിരുന്നു പുരാതന കാലത്തു പ്രവാചകന്മാർ. പ്രകൃതിയിൽ ഇന്നു കാണുന്ന പല കാര്യങ്ങളുടെയും വിശകലനത്തി

ലൂടെ ഭാവിയിൽ എന്തു സംഭവിക്കുമെന്നുള്ള നിഗമനത്തിലെത്താൻ പുരാതന കാലംമുതൽതന്നെ ആളുകൾ പരിശ്രമിച്ചിരുന്നു. ഗണിക്കൽ, ശകുനം പറച്ചിൽ, പ്രശ്നം വയ്ക്കൽ, സ്വപ്നവിശകലനം മുതലായവ ഇതിനു മാധ്യമങ്ങളായി ഇക്കൂട്ടർ ഉപയോഗിച്ചിരുന്നു. മധ്യപൂർവ്വദേശത്തു മനുഷ്യർ ഭാവിയെക്കുറിച്ചുള്ള നിഗമനങ്ങളിലെത്തിലെത്തിയിരുന്നതു പ്രധാനമായും രണ്ടു രീതിയിലാണ്: 1. ബാഹ്യവസ്തുക്കൾ വിശകലനം ചെയ്തും പ്രശ്നം വയ്ക്കൽ പോലുള്ള ചില കർമ്മങ്ങൾചെയ്തും ഒരു നിഗമനത്തിലെത്തുക; 2. ദർശനങ്ങൾ വഴി ഭാവി അറിയുക.

പ്രകൃതിയിലെ അടയാളങ്ങൾ നോക്കി തൊട്ടടുത്ത ഭാവിയെന്തെന്ന് അനുഭവസ്ഥർക്കു പറയാൻ കഴിയും. ആകാശത്തു കാർമേഘം നിറഞ്ഞാൽ മഴയുണ്ടാകുമെന്നു പ്രവചിക്കാം. എന്നാൽ കാറ്റു വീശിയാൽ ഇതു മാറിപ്പോകുമെന്നും അനുമാനിക്കാം. സായാഹ്നത്തിൽ രക്തവർണ്ണമായ ആകാശം ദൃശ്യമായാൽ അടുത്ത പ്രഭാതം സുന്ദരമായിരിക്കുമെന്ന് അനുഭവം തെളിയിക്കുന്നു. കുരുവികൾ നിലം ചേർന്നു പറന്നാൽ താമസിയാതെ മഴയുണ്ടാകുമെന്നു കരുതാം. ഇപ്രകാരമുള്ള അനുഭവജ്ഞാനം പുരാതന മനുഷ്യർ പ്രത്യേകിച്ച് ഇസ്രായേലിന്റെ അയൽക്കാരായിരുന്ന ബാബിലോണിലെയും അസ്സീറിയായിലെയും ആളുകൾ വികസിപ്പിച്ചെടുത്തിരുന്നു. സൂര്യഗ്രഹണം, ചന്ദ്രഗ്രഹണം, അംഗവൈകല്യമുള്ള കുട്ടിയുടെ ജനനം മുതലായവ ഭാവിയിൽ വരാനിരിക്കുന്ന വലിയ സംഭവങ്ങളുടെ നാന്ദിയായി അവർ വ്യാഖ്യാനിച്ചിരുന്നു.

ഇത്തരം അടയാളങ്ങൾ ദൃശ്യമാകാതിരുന്ന അവസരങ്ങളിലാണ് ആളുകൾ അടയാളമന്വേഷിച്ചു പ്രശ്നം വയ്ക്കൽ പോലുള്ള കർമ്മങ്ങൾ ചെയ്യാറുണ്ടായിരുന്നുത്. ഉദാ: ഒരു മൃഗത്തിന്റെ ചെവിയിൽ ഒരു ചോദ്യം ചോദിച്ചിട്ട് അതിനെ കൊല്ലുക. അതിനുശേഷം അതിന്റെ ആന്തരികാവയവങ്ങളുടെ ചലനങ്ങളും ആകൃതിയുമൊക്കെ പരിശോധിക്കുക. ആടിന്റെ കരൾ ഇപ്രകാരം നിരീക്ഷിക്കപ്പെട്ട വസ്തുക്കളിൽ പ്രധാനപ്പെട്ടതായിരുന്നു. ആകാശഗോളങ്ങളുടെ ചലനങ്ങൾ നിരീക്ഷിച്ചു ഭാവി പറയുന്ന രീതി നമ്മുടെ നാട്ടിലുമുണ്ടല്ലോ. ഇത്തരത്തിലുള്ള ശകുന ശാസ്ത്രവും, ജ്യോതിശാസ്ത്രവും ക്രിസ്തുവിന്റെ ജനനത്തിനു നൂറ്റാണ്ടുകൾക്കുമുമ്പേ ബാബിലോണിയർ വികസിപ്പിച്ചെടുത്തിരുന്നു.

നമ്മുടെ നാട്ടിലെ ഹിന്ദുക്കൾ ഏതെങ്കിലും പുതിയ കർമ്മമാരംഭിക്കുന്നതിനുമുമ്പ് ആ പ്രവൃത്തി തടസം കൂടാതെ നടന്നുപോകാനായി വിഘ്നേശ്വരനായ ഗണപതിയ്ക്കു പൂജ നടത്തുന്നതിനെക്കുറിച്ചു നമുക്കറിയാമല്ലോ. പ്രപഞ്ചത്തിലെവിടെയും ദൈവിക ശക്തികൾ പ്രവർത്തനനിരതവും ചില പ്രത്യേക കാര്യങ്ങൾ ചില പ്രത്യേക ദൈവങ്ങളുടെ പ്രവൃത്തിക്കധീനവുമാണെങ്കിൽ തങ്ങളുടെ സ്ഥലങ്ങളിലും ജീവിത സാഹചര്യങ്ങളിലും പ്രവർത്തനനിരതമായ ദൈവികശക്തി എന്തെന്നറിയാൻ പഴയകാല മനുഷ്യർക്കു താത്പര്യമുണ്ടായിരുന്നു. ഇപ്രകാരമുള്ള ദൈവഹിതമറിയുന്നതിനും ജനങ്ങൾ അക്കാലത്തു പ്രവാചകന്മാരെ സമീപിച്ചിരുന്നു. പ്രവാചകന്മാരാകട്ടെ, തങ്ങളുടെ ദൈവങ്ങളുടെ ഇഷ്ടാനിഷ്ടങ്ങളറിയുന്നതിനുവേണ്ടി ശകുനം നോക്കുകയും ചില മന്ത്രവാദ കർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുമായിരുന്നു.





ഉദാഹരണം: ഒരുവൻ ഏതെങ്കിലും ഒരു പ്രത്യേക കാര്യത്തിൽ ദൈവഹിതമറിയാനാഗ്രഹിക്കുമ്പോൾ അയാളൊരു പ്രവാചകനെ സമീപിക്കുകയും അദ്ദേഹം ഒരു മൃഗത്തെ ബലിയർപ്പിച്ചുകൊണ്ടു ദൈവഹിതമന്വേഷിക്കുകയും ചെയ്യും. മൃഗത്തെ ബലിക്കു കൊണ്ടുവരുമ്പോഴും ബലിയർപ്പിക്കാനായി കൊല്ലുന്ന അവസരത്തിലും ചത്തതിനുശേഷം അതിന്റെ ആന്തരികാവയവങ്ങളുടെ വ്യത്യസ്തമായ ചലനങ്ങളുടെ അടിസ്ഥാനത്തിലും ദൈവഹിതമെന്തെന്ന നിഗമനത്തിൽ അവർ എത്തിച്ചേർന്നിരുന്നു.

അതുപോലെതന്നെ ഒരു പാത്രത്തിൽ വെള്ളമെടുത്ത് അതിനുമുകളിൽ എണ്ണയൊഴിച്ചാൽ വ്യത്യസ്തങ്ങളായ രൂപങ്ങൾ പ്രത്യക്ഷപ്പെടും. അവയുടെ ആകൃതിയും ദിശകളും നോക്കിയും ദൈവഹിതമെന്തെന്നു തീരുമാനിച്ചിരുന്നു. ബലിയർപ്പണസമയത്തു ധൂപകലശത്തിൽനിന്നുയരുന്ന പുകയുടെ ദിശയും ഭാവങ്ങളും നോക്കിയും വായുവിലൂടെ പറന്നുപോകുന്ന പക്ഷികളുടെ വർഗ്ഗവും ആധിക്യവും നോക്കിയും സ്വപ്നങ്ങൾ വിശകലനം ചെയ്തും നക്ഷത്രങ്ങളുടെ ദിശനോക്കിയുമെല്ലാം ദൈവഹിതം കണ്ടെത്താൻ അന്നാട്ടിലെ പ്രവാചകന്മാർക്കു കഴിഞ്ഞിരുന്നു. ബാബിലോൺ രാജാവ് ഇപ്രകാരം ശകുനം നോക്കുന്നത് എസെക്കിയേൽ വിവരിക്കുന്നുണ്ട്. രാഹുകാലവും മുഹൂർത്തവുമെല്ലാം നോക്കി ദൈവഹിതമന്വേഷിക്കുന്ന പതിവ് നമ്മുടെ നാട്ടിലെ ഹിന്ദുക്കളുടെ ഇടയിലുമുണ്ടല്ലോ.

ഇതിനു സമാനമായി ഇസ്രായേൽക്കാരുടെ ഇടയിൽ ദൈവഹിതമറിയുന്നതിനായി ഉപയോഗത്തിലിരുന്നതും പിന്നീട് അപ്രത്യക്ഷമായതുമായ ഒരു ഉപകരണമാണ് ഉറീമും തുമ്മീമും (നിയ 33:8; 1സാമു 23:6, 9–12; 30:7–10). ദൈവഹിതമറിയുന്നതിനു പ്രയോജനപ്പെടുത്തിയിരുന്ന മറ്റൊരു മാദ്ധ്യമം സ്വപ്നമാണ്. സ്വപ്നത്തിലൂടെ ദൈവം തന്റെ ഭക്തരോടു സംസാരിക്കുമെന്നു കരുതപ്പെട്ടിരുന്നു. ഇത് ഇസ്രായേൽക്കാരുടെ ഇടയിലും സ്വീകാര്യമായ രീതിയായിരുന്നുവെന്നു പിതാക്കന്മാരുടെയും ജോസഫിന്റെയും സോളമന്റെയും ചരിത്രങ്ങൾ വ്യക്തമാക്കുന്നു.

ദൈവഹിതമറിയുന്നതിന് ഇപ്രകാരമുള്ള ബാഹ്യമായ അടയാളങ്ങളോ മറ്റു മാധ്യമങ്ങളോ വിശകലനം ചെയ്യുന്നതിനു പുറമേ ആഴമായ ഈശ്വര ധ്യാനത്തിലൂടെയും പ്രവാചകന്മാർ ദൈവഹിതമറിഞ്ഞിരുന്നു. ഇസ്രായേലിലെ പ്രവാചകന്മാർ പ്രധാനമായും ഈ വിധത്തിലുള്ള ഈശ്വരധ്യാനത്തിലൂടെ ദൈവഹിതമന്വേഷിക്കുകയും അന്നു സമൂഹത്തിലുണ്ടായിരുന്ന തിന്മകൾക്കെതിരേ ബോധപൂർവ്വം പോരാടുകയും ചെയ്തവരായിരുന്നു. ധ്യാനത്തിലൂടെ ദൈവഹിതം ഗ്രഹിച്ച അവർ ദൈവത്തോടു വിശ്വസ്തതയോടെയും എന്നാൽ മൂർച്ചയേറിയ ഭാഷയിലും ധാർമ്മികതയിൽ മായം ചേർക്കാത്ത നിലപാടുകൾ സ്വീകരിച്ചുകൊണ്ടും സംസാരിച്ചു.

ഈ വിധത്തിൽ പ്രവർത്തിച്ചിരുന്ന പ്രവാചകന്മാർ ഇസ്രായേലിന്റെ അയൽവാസികളുടെ ഇടയിലുമുണ്ടായിരുന്നുവെന്നു പഴയകാല രേഖകൾ വ്യക്തമാക്കുന്നു: ബി.സി. 2100–ൽ എബ്ളയിലും 1900–1800 കളിൽ മെസൊപൊട്ടോമിയായിലെ മാറിയിലും ഇതേ കാലയളവിൽ തുർക്കിയിലെ അനത്തോളിയായിലും 1090 കളിൽ ഫിനീഷ്യയിലെ ബാലിന്റെ

പ്രവാചകന്മാർക്കിടയിലും സിറിയയിൽ 800 കളിലും അമ്മോന്യർക്കിടയിൽ 700 കളിലും ഇത്തരത്തിലുള്ള പ്രവാചകന്മാരുണ്ടായിരുന്നു.

ധ്യാനത്തിന്റെ ഫലമായി ലഭിക്കുന്ന ആന്തരിക പ്രചോദനത്തിന്റെ സ്വാധീനത്തിൽ പ്രവർത്തിച്ചിരുന്ന ഈ പ്രവാചകരെ ധ്യാനാത്മക ഹർഷോന്മാദ മദ്ധ്യസ്ഥരെന്നു വിളിക്കാൻ കഴിയും (ecstatic). യൂദാരാജാവായ സെദക്കിയായെ സന്ദർശിക്കാൻ വന്ന അയൽ രാജ്യങ്ങളിലെ ദൂതന്മാർവഴി ജറെമിയ അയക്കുന്ന സന്ദേശത്തിൽനിന്ന് ഇതു വ്യക്തമാണ്: “അതിനാൽ ബാബിലോൺരാജാവിനെ സേവിക്കരുത് എന്നു പറയുന്ന നിങ്ങളുടെ പ്രവാചകൻമാരുടെയും പ്രശ്നക്കാരുടെയും സ്വപ്നക്കാരുടെയും ശകുനക്കാരുടെയും ക്ഷുദ്രക്കാരുടെയും വാക്കു നിങ്ങൾ ശ്രവിക്കരുത്. നിങ്ങളുടെ ദേശത്തുനിന്നു നിങ്ങളെ അകറ്റാനും ഞാൻ നിങ്ങളെ തുരത്തി നശിപ്പിക്കാനും ഇടയാകത്തക്ക നുണയാണ് അവർ പ്രവചിക്കുന്നത്” (ജറെ 27:9-10).

ഏലിയ കാർമൽ മലയിൽവച്ചു നശിപ്പിച്ച ബാലിന്റെ പ്രവാചകന്മാരും ഇത്തരത്തിലുള്ളവരായിരുന്നിരിക്കണം (1രാജ 18:26-29). ഈ പ്രവാചകന്മാർ ആ രാജ്യങ്ങളിലെ ഭരണാധികാരികളെ തീരുമാനങ്ങളെടുക്കാൻ സഹായിക്കുകയും അവരുടെ യുദ്ധങ്ങളിൽ നിർദ്ദേശങ്ങൾ നല്കുകയും രാജാവിനും ജനത്തിനും അവരുടെ ജീവിതത്തിലെ വിവിധഘട്ടങ്ങളിൽ മാർഗ്ഗനിർദ്ദേശം നല്കുകയും ചെയ്തിരുന്നു. ഇക്കൂട്ടർ നല്കിയ പല പ്രവചനങ്ങളും കളിമൺ ഫലകങ്ങളിലെഴുതി അവരുടെ ദേവന്മാരുടെ ആലയങ്ങളിൽ സൂക്ഷിച്ചിരുന്നത് ഇന്ന് ഗവേഷകർ കണ്ടെത്തിയിട്ടുണ്ട്. ഒരു ദൈവത്തിന്റെയും ആ ദൈവത്തിന്റെ ജനത്തിന്റെയും മദ്ധ്യവർത്തികളെന്ന നിലയിൽ പഴയകാലത്തു പ്രവാചകന്മാർ സമൂഹമദ്ധ്യത്തിൽ അതിപ്രധാനമായ പങ്കുവഹിച്ചിരുന്നു. ബി.സി. 8-ാം നൂറ്റാണ്ടുവരെ അവർ പലയിടങ്ങളിലും പ്രവർത്തിച്ചിരുന്നതായി കാണുന്നുണ്ട്. അതിനുശേഷം അവർ അപ്രത്യക്ഷമായി. ഇസ്രായേലിൽ 9-7 നൂറ്റാണ്ടുകളിലാണ് പ്രവാചകദൗത്യം അതിന്റെ ഉന്നതങ്ങളിലെത്തിയത്. പിന്നീടു സാവധാനം അതിന്റെ ഒളി മങ്ങുകയും ചെയ്തു.

## വ്യാജപ്രവാചകന്മാർ

സമൂഹത്തിലെ ഏറ്റവും ഉന്നതനായ ഭരണാധികാരി മുതൽ ഏറ്റവും സാധാരണക്കാർവരെയുള്ളവരുടെ ജീവിതത്തിലെ വിഷമഘട്ടങ്ങളിൽ പ്രവാചകന്മാരുടെ ഉപദേശങ്ങളും നിർദ്ദേശങ്ങളും അത്യന്താപേക്ഷിതമായി കരുതപ്പെട്ടിരുന്നുതുകൊണ്ടു പ്രവാചകവൃത്തി സമൂഹത്തിന്റെ മുഖ്യധാരയിൽത്തന്നെ നിലകൊണ്ടിരുന്നു എന്നു മാത്രമല്ല ഓരോ സമൂഹത്തിലും അനേകം പ്രവാചകന്മാരും ഉണ്ടായിരുന്നു. ഈ സാഹചര്യത്തിൽ വ്യജപ്രവാചകന്മാരുണ്ടാവുക സ്വാഭാവികം. ഭക്തരും ചിലപ്പോൾ അന്ധവിശ്വാസികളുമായ ജനത്തിന് അനുദിനജീവിത സാഹചര്യങ്ങളിലെ സംശയങ്ങൾക്കു നിവാരണവും പ്രശ്നസാഹചര്യങ്ങളിൽ നിർദ്ദേശങ്ങളും അനിവാര്യമായിരുന്ന അക്കാലത്തു സത്യപ്രവാചകന്മാരോടൊപ്പം വ്യാജപ്രവാചന്മാരും ജന്മമെടുത്തു. ഉദാഹരണമായി ജറെമിയായുടെ കാലത്ത് അനേകം വ്യാജപ്രവാചകന്മാർ ജനത്തിനു ഹിതകരമായ സന്ദേശങ്ങൾ പ്രസംഗിച്ചു വന്നിരുന്നു (ജറെ 6:13-14; 8:10-11; 14:13). ജറെമിയ അവരെ





നിശിതമായി വിമർശിച്ചു: (23:16-17; കാണുക 2:8; 5:13, 31; 23:11, 14, 21-22, 25-28, 36; 29:8; 8:10; 14:14). അവർ വ്യാജസന്ദേശങ്ങൾ നല്കുക മാത്രമല്ല (27:9,14; 37:9) ജറെമിയായെ കൊല്ലാൻ ശ്രമിക്കുകയും ചെയ്തു (26:11).

വ്യാജപ്രവാചകനായ ഹനനിയായ്ക്കെതിരേ പ്രവചനം നടത്തിയപ്പോൾ ജറെമിയ സമാനമായി പറഞ്ഞു: (27:9-11). വിലാപങ്ങൾ വിവരിക്കുന്നതനുസരിച്ചു വ്യാജപ്രവാചകന്മാരുടെ സാന്നിധ്യമാണു ജറുസലേം നശിപ്പിക്കപ്പെടുന്നതിനു കാരണമായിത്തീർന്നത് (വിലാ 2:14; 4:13). വ്യാജപ്രവാചകന്മാരുടെ സാന്നിധ്യം നിമിത്തം പലപ്പോഴും സത്യപ്രവാചകന്മാർ അവഗണിക്കപ്പെട്ടു (ഹോസി 9:7).

ഒരേ കാലത്ത് ഒരേ കാര്യത്തെക്കുറിച്ച് ഒരേ ദൈവത്തിന്റെ പേരിൽ പ്രവാചകന്മാർ വ്യത്യസ്തമായ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചു തുടങ്ങിയപ്പോൾ സത്യപ്രവാചകരെ വ്യാജപ്രവാചകരിൽനിന്നു വേർതിരിച്ചറിയേണ്ടത് ആവശ്യമായിവന്നു. ഉദാഹരണമായി നാം ആദ്യം കണ്ട വചനഭാഗത്ത് 400 പ്രവാചകന്മാർ യാഹ്വെയുടെ പേരിൽ ആഹാബിനോടും ജോസഫാത്തിനോടും റാമോത്ത് ഗിലെയാദിലേക്ക് യുദ്ധത്തിനു പോവുക എന്നും ശത്രുക്കളെ കർത്താവ് അവർക്കു കീഴ്പ്പെടുത്തും എന്നും പ്രവചിച്ചെങ്കിലും ജോസഫാത്തിന് അവരുടെ പ്രവചനത്തിൽ വിശ്വാസം വന്നില്ല. അവർക്കു പിന്നാലെ വന്ന മിക്കാ കർത്താവിന്റെ നാമത്തിൽ പരാജയം പ്രവചിക്കുകയും ചെയ്തു. അതുപോലെതന്നെ ഹനനിയായും ജറെമിയായും കർത്താവിന്റെ പേരിൽ പരസ്പര വിരുദ്ധങ്ങളായ സന്ദേശങ്ങൾ നല്കുന്നതു ജറെമിയായുടെ ഗ്രന്ഥത്തിൽ വിവരിച്ചിട്ടുണ്ട് (ജറെ 27-28). പട്ടാപ്പകൽ കാലിടറി വീഴുന്ന പ്രവാചകന്മാരെക്കുറിച്ചു ഹോസിയായും (ഹോസി 4:5) മിക്കായായും 3:5-7) ജറെമിയായും പറയുന്നുണ്ട് (ജറെ 23:16-17).

വാസ്തവത്തിൽ ഒരാൾ സത്യപ്രവാചകനോ വ്യാജനോ എന്ന് അയാളുടെ പ്രവർത്തനരീതിയിൽനിന്നോ പ്രസംഗത്തിന്റെ ഉള്ളടക്കത്തിൽനിന്നോ ഗ്രഹിക്കാൻ കഴിയുമായിരുന്നില്ല (ഇതിന്റെ പ്രധാന കാരണം അന്ന് എഴുതപ്പെട്ടതോ അംഗീകൃതമോ ആയ ഒരു നിയമസംഹിത ഉണ്ടായിരുന്നില്ല എന്നതാണ്). ഇതിനു പരിഹാരമായി നിയമാവർത്തന ഗ്രന്ഥകാരൻ രണ്ട് കാര്യങ്ങൾ ചെയ്തു: 1. മോശയെയും മോശയുടെ പഠനങ്ങളെയും എല്ലാ സത്യപ്രവാചകന്മാർക്കും മാതൃകയായി അവതരിപ്പിച്ചു (നിയ 18:18). 2. സത്യപ്രവാചകൻ ആരാണെന്നും അയാളുടെ ദൗത്യമെന്തായിരിക്കണമെന്നും കൃത്യമായി നിർവചിച്ചു: “... കർത്താവ് അരുളിച്ചെയ്യാത്തതാണ് ഒരു പ്രവാചകൻെറ വാക്കെന്നു ഞാൻ എങ്ങനെ അറിയും എന്നു നീ മനസാ ചോദിച്ചേക്കാം. ഒരു പ്രവാചകൻ കർത്താവിൻെറ നാമത്തിൽ സംസാരിച്ചിട്ട് അതു സംഭവിക്കാതിരിക്കുകയോ സഫലമാകാതിരിക്കുകയോ ചെയ്താൽ ആ വാക്കു കർത്താവ് അരുളിച്ചെയ്തിട്ടുള്ളതല്ല. ആ പ്രവാചകൻ അവിവേകത്തോടെ സ്വയം സംസാരിച്ചതാണ്. നീ അവനെ ഭയപ്പെടേണ്ടാ” (നിയ 18:14-22). ഇതു തന്നെ വ്യാജപ്രവാചകന്മാരുടെ സാന്നിദ്ധ്യത്തിൽ പ്രവർത്തിച്ച ജറെമിയായും പറയുന്നുണ്ട്: “.... സമാധാനം പ്രവചിക്കുന്ന പ്രവാചകൻ യഥാർഥത്തിൽ കർത്താവിനാൽ അയയ്ക്കപ്പെട്ടവനാണെന്നു തെളിയുന്നത് അവൻ പ്രവചിച്ച കാര്യം സംഭവിക്കുമ്പോഴാണ്” (ജറെ 28:8-9).

വ്യാജപ്രവാകന്മാരെയോ കാനാൻകാരുടെ വിഗ്രഹാരാധനയെയോ അവരുടെ ശകുനം നോക്കുന്ന കർമ്മങ്ങളോ ഇസ്രായേൽ അനുകരിക്കരുത് എന്നു പറഞ്ഞതിനുശേഷം പ്രവാചകൻ ആരാണെന്നു നിയമാവർത്തന ഗ്രന്ഥകാരൻ നല്കുന്ന നിർവചനത്തിൽനിന്നു വ്യക്തമാക്കുന്ന ആറു കാര്യങ്ങളുണ്ട്: 1. പ്രവാചകൻ ഒരു ഇസ്രായേൽക്കാരനായിരിക്കണം; അതു നിന്റെ സഹോദരന്മാരിൽ നിന്നൊരാളാണ് (നിയ 18:15, 18). ഇസ്രായേൽ രാജാവായ അഹസിയാ മട്ടുപ്പാവിൽനിന്നു വീണപ്പോൾ താൻ സുഖപ്പെടുമോ എന്നറിയാൻ അന്നു ഭിഷഗ്വരനായറിയപ്പെട്ടിരുന്ന എക്രോണിലെ ദൈവമായ ബാൽസെബൂബിന്റെ അടുത്തേക്കു ദൂതരെ അയക്കുന്ന സംഭവം രാജാക്കന്മാരുടെ രണ്ടാംപുസ്തകത്തിൽ നാം വായിക്കുന്നുണ്ട് (2 രാജ 1). ഇങ്ങനെയുള്ള പശ്ചാത്തലത്തിലാണു നിയമാവർത്തക ഗ്രന്ഥകാരന്റെ ആദ്യനിർദേശം. 2. അയാൾ കർത്താവിന്റെ നാമത്തിലായിരിക്കണം സംസാരിക്കുന്നത് (നിയ 18:16, 19, 20). 3. ഭാവിയെക്കുറിച്ച് അതിസ്വാഭാവികമായ അറിവുണ്ടെങ്കിൽ മാത്രമേ ഒരാളെ പ്രവാചകനായി അംഗീകരിക്കാൻ കഴിയുകയുള്ളൂ (നിയ 18:21–22; 1രാജ 22; ജറെ 28) 4. അയാൾ മോശയുടെ പാരമ്പര്യത്തിൽനിന്നു വരുന്നവനായിരിക്കണം (നിയ 18:15–20). മോശയുടെ നിയമത്തിലൂടെ നല്കപ്പെട്ട വെളിപാടുമായി പൂർണമായി ചേർന്നു പോകുന്നതായിരിക്കണം അയാളുടെ പ്രവചനങ്ങൾ (നിയ 12:32–13:4; 13:1–18 കാണുക). ഈ നിയമം സാധൂകരിക്കാനാഗ്രഹിക്കുന്ന വി. ഗ്രന്ഥകാരൻ വലിയ പ്രവാചകന്മാരായ ഏലിയായെയും ജറെമിയായെയും മോശയുടെ ചിത്രത്തിനു സമാനമായി വിവരിക്കുന്നതു കാണാം. നിയമാവർത്തനനിയമം രൂപീകൃതമാകുന്നതിനു മുമ്പു പ്രവർത്തിച്ചിരുന്നവരാണ് ഇന്നത്തെ ബൈബിളിലുള്ള പ്രവാചകന്മാരിലധികവും. അപ്പസ്തോല പ്രവർത്തനത്തിൽ ഗ്രന്ഥകാരൻ ക്രിസ്തുവിനെ അവതരിപ്പിക്കുന്നതും മോശയെപ്പോലൊരു പ്രവാചകനായാണ് (അപ്പ 3:22; 7:37). 5. അത്ഭുതങ്ങൾ കാണിക്കാൻ കഴിവുള്ളവനായിരിക്കണം ഒരു പ്രവാചകൻ (നിയ 13: 1–10; 1 രാജ 18:24, 12, 36). പ്രവാചകന്മാരെ വെല്ലുവിളിച്ചുകൊണ്ട് ഏലിയ നടത്തുന്ന പ്രസംഗത്തിൽനിന്ന് ഇത് വ്യക്തമാണ് (1രാജ 18:24).

ഇപ്പറഞ്ഞ നിബന്ധനകൾ പാലിക്കാതെ ആരെങ്കിലും താൻ പ്രവാചകനാണെന്നവകാശപ്പെട്ടാൽ കഠിനമായ ഫലങ്ങൾ അനുഭവിക്കേണ്ടിവരും (നിയ 13:1–11). ഒരു പ്രവാചകൻ വലിയ അത്ഭുതപ്രവർത്തകനാണെങ്കിൽത്തന്നെ മോശയുടെ പാരമ്പര്യത്തോടു വിശ്വസ്തത കാണിക്കാത്തവനാണെങ്കിൽ അവനെ വധിക്കണമെന്ന ഈ നിയമാവർത്തനനിയമം വ്യാജപ്രവാചകന്മാരുടെ നിലയ്ക്കാത്ത പ്രവാഹത്തിന് തടയിട്ടിട്ടുണ്ടാകണം.

ഭാവിയെക്കുറിച്ചു പ്രവചിക്കുക എന്നത് ഒരു പ്രവാചകൻ അംഗീകരിക്കപ്പെടുന്നതിന് അത്യന്താപേക്ഷിതമായിരുന്നു എങ്കിലും ഭാവി പറയുക എന്നതായിരുന്നില്ല പ്രവാചകന്മാരുടെ മുഖ്യതൊഴിൽ.

## പ്രവാചകൻ മദ്ധ്യസ്ഥൻ

പ്രവാചകൻ ദൈവത്തിനും മനുഷ്യനുമിടയിലെ മദ്ധ്യസ്ഥനാണെന്നു നാം സൂചിപ്പിച്ചു (സംഖ്യ). ദൈവം വിളിക്കുന്നതിലൂടെയാണ് ഒരാൾ മദ്ധ്യ





സ്ഥനായിത്തീരുന്നത്. ദൈവത്തിന്റെ ഹിതം ജനത്തെ അറിയിക്കുക എന്നതും ജനത്തിനുവേണ്ടി ദൈവസന്നിധിയിൽ മാദ്ധ്യസ്ഥ്യം വഹിക്കുക എന്നതും പ്രവാചകന്റെ പ്രധാന ഉത്തരവാദിത്വങ്ങളായിരുന്നു. പാപത്തിന്റെ ഫലമായി ജനത്തെ ശിക്ഷിക്കാനൊരുങ്ങിയിരുന്ന ദൈവത്തിന്റെ കാർക്കശ്യത്തോടെയുള്ള നീതിബോധത്തിൽനിന്ന് കാരുണ്യത്തിന്റെ സാന്ദ്രതയിലേക്ക് അവിടുത്തെ നയിക്കുക എന്നത് പ്രവാചക ധർമ്മമായിരുന്നു (ഉല്പ 18:23). ഇതിനായി പ്രവാചകർ പ്രധാനമായി മൂന്നുകാര്യങ്ങൾ ചെയ്തിരുന്നു:

1. ദൈവത്തിനു മുമ്പിൽ തീക്ഷ്ണമായി പ്രാർത്ഥിക്കുക (ജറെ 27:18). സോദോം ഗോമോറായ്ക്കുവേണ്ടി അബ്രാഹം പ്രാർത്ഥിക്കുന്നുണ്ട്; ജെറോബോവാമിനുവേണ്ടി ഒരു ദൈവമനുഷ്യൻ പ്രാർത്ഥിക്കുന്നതു രാജാക്കന്മാരുടെ പുസ്തകം വിവരിക്കുന്നുണ്ട് (1രാജ 13:1–10). സറഫ്തായിലെ വിധവക്കുവേണ്ടി ഏലിയാ പ്രാർത്ഥിച്ചു (1രാജ 17:17–24). ഇസ്രായേലിനുവേണ്ടി ആമോസ് പ്രാർത്ഥിച്ചു (ആമോ 7:1–6). ഹെസക്കിയാക്കുവേണ്ടി ഏശയ്യാ പ്രാർത്ഥിക്കുന്നുണ്ട് (ഏശ 37:1–7). യൂദാജനത്തിനുവേണ്ടി ജറെമിയ പ്രാർത്ഥിച്ചു (ജറെ 42:1–6). 2. മറ്റുള്ളവർ ദൈവത്തെക്കുറിച്ച് എന്തു പറയുമെന്നെടുത്തു കാണിച്ചു ദൈവത്തെ ശിക്ഷയിൽനിന്നു പിൻതിരിപ്പിക്കുക. കാരണം സത്യമാണെങ്കിലും അല്ലെങ്കിലും ഒരു ദൈവത്തിന്റെ മഹത്വവും വിജയവും പരാജയവും കഴിവുകളുമെല്ലാം വെളിപ്പെടുന്നത് ആ ദൈവത്തിന്റെ ജനത്തിന്റെ മഹത്വവും വിജയവും പരാജയവും കഴിവുകളുമെല്ലാം അടിസ്ഥാനമാക്കിയാണ്. പല ജനതകൾ പല ദൈവങ്ങളുടെ വക്താക്കളായി പ്രത്യക്ഷപ്പെടുന്നതുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചിരുന്നത് (പുറ 32:11–12). 3. ദൈവത്തെ അവിടുന്നു പിതാക്കന്മാരുമായി ചെയ്ത ഉടമ്പടി അനുസ്മരിപ്പിച്ചുകൊണ്ടു താൻ നടത്താനുദേശിക്കുന്ന ശിക്ഷയിൽ നിന്നു പിൻതിരിപ്പിക്കുക (പുറ 32:13–14). സാഹചര്യങ്ങളുടെ സമ്മർദ്ദത്തിൽ ദൈവംതന്നെ തന്റെ ഉടമ്പടി പാലിക്കാൻ അശക്തനായിത്തീർന്നാൽ ഈ ജനം എങ്ങനെ ഉടമ്പടി പാലിക്കുമെന്നു ദൈവത്തോടു ചോദിക്കുക.

മദ്ധ്യസ്ഥനെന്ന നിലയിൽ ദൈവത്തോടെന്നപോലെ തന്നെ മനുഷ്യരോടും പ്രവാചകനു ചില കടമകളുണ്ടായിരുന്നു. 1. ദൈവം അരുളിച്ചെയ്യുന്ന എല്ലാ വചനങ്ങളും പ്രവാചകൻ ജനത്തോടു പറയേണ്ടിയിരുന്നു: "... ഞാൻ അയയ്ക്കുന്നിടത്തേക്കു നീ പോകണം; ഞാൻ കൽപിക്കുന്നതെന്തും സംസാരിക്കണം" (ജറെ 1:7). 2. പഴയ കാലങ്ങളിലെതുപോലെ ഇനിയും ദൈവം ശിക്ഷിക്കാതിരിക്കുകയില്ലെന്ന് അവർക്ക് താക്കീതു നല്കുക. ഇസ്രായേൽ ഈജിപ്തിൽവച്ചു വിഗ്രഹങ്ങളെ ആരാധിച്ചു (എസെ 21:7–8; ജോഷ 24:14); അവർ സീനായിൽ വച്ചു കാളക്കുട്ടിയെ ആരാധിച്ചു (എസെ 20:10–13; പുറ 32:1–14); അവരുടെ പിൻഗാമികൾ മരുഭൂമിയിൽ വച്ച് അതുതന്നെ പ്രവർത്തിച്ചു (എസെ 20:18–21; സംഖ്യ 14: 33; 32: 13–15); ഓരോ പ്രാവശ്യവും അവരെ നശിപ്പിക്കാൻ ദൈവം ആഗ്രഹിച്ചിരുന്നുവെങ്കിലും (എസെ 20:8, 13, 21) തന്റെ നാമം ജനതകളുടെ ഇടയിൽ അവഹേളിക്കപ്പെടുമല്ലോ എന്നു കരുതി ദൈവം അവരെ ശിക്ഷിയിൽ നിന്നൊഴിവാക്കി (എസെ 20:9, 14, 22). എന്നാൽ ഇനി ദൈവം ശിക്ഷിക്കാതിരിക്കുകയില്ല എന്ന് എസെക്കിയേൽ അവരോടു പറയുന്നു.

കാരണം അവർ ദൈവകാരുണ്യത്തെ ദുരുപയോഗിച്ചു. അതിനാൽ ദൈവം അവരെ ഈജിപ്തിൽ നിന്നെന്നപോലെ പുറത്തു കൊണ്ടുവരും എന്നാൽ രക്ഷിക്കാനല്ല മറിച്ച് അവരുടെമേൽ ശിക്ഷാവിധി നടത്താൻ: (എസെ 14: 12-20).

3. ഇസ്രായേൽ ദൈവവുമായി ചെയ്തിരിക്കുന്ന ഉടമ്പടിയെ അനുസ്മരിപ്പിച്ചുകൊണ്ട് അവരെ തിന്മയിൽനിന്നു പിന്തിരിക്കുക. സെദെക്കിയ രാജാവ് ബാബിലോൺ രാജാവായ നെബുക്കദ്നേസറുമായി ഉടമ്പടിയുണ്ടാക്കി. അത് ഉപേക്ഷിച്ചപ്പോൾ വലിയ കഷ്ടാനുഭവങ്ങളാണുണ്ടായത്. ഈ അനുഭവത്തെ ആസ്പദമാക്കി എസെക്കിയേൽ സംസാരിച്ചു. ഇസ്രായേൽ ദൈവവുമായി ഉടമ്പടി ചെയ്തിട്ടുണ്ടെന്നും അതു തിരസ്കരിച്ചാൽ വലിയ ശിക്ഷയുണ്ടാകുമെന്നും പ്രവാചകൻ പറഞ്ഞു: (എസെ 17:19-20; കാണുക 17:15-20; 14:12-20). ജനം ഉടമ്പടി തിരസ്കരിച്ചതിനാൽ ബാബിലോൺ രാജാവും യൂദായെ നശിപ്പിച്ചവനുമായ നെബുക്കദ്നേസറിനെപ്പോലെ ദൈവവും ഉടമ്പടിയാൽ ബന്ധിതനല്ലാതായിത്തീർന്നിരിക്കുന്നു (എസെ 20:3; 17:16).

പ്രവാചകന്റെ മാദ്ധ്യസ്ഥ്യം ഫലപ്രദമാകുമെന്നതിനാൽ മോശയോടും ജറെമിയായോടുമെല്ലാം ദൈവം ഈ ജനത്തിനുവേണ്ടി അവർ മാദ്ധ്യസ്ഥ്യം വഹിക്കരുത് എന്നു പറയുന്നുണ്ട് (ജറെ 7:16; 11:14; 14:11; 15:1). പ്രവാചകൻ മാദ്ധ്യസ്ഥ്യം അപേക്ഷിച്ചാൽ താൻ കേൾക്കേണ്ടിവരുമെന്നു ദൈവം കരുതുന്നു എന്നർത്ഥം.

## പ്രവാചകൻ ജനത്തിന്റെ കാവൽക്കാരൻ

ഒരു പട്ടണത്തിൽ സുരക്ഷിതമായി താമസിക്കുന്ന ജനത്തിന്റെ സുരക്ഷക്ക് അത്യന്താപേക്ഷിതമായ കാവൽക്കാരനെപ്പോലെയാണു പ്രവാചകൻ: എൻെറ ദൈവത്തിൻെറ ജനമായ എഫ്രായിമിൻെറ കാവൽക്കാരനാണു പ്രവാചകൻ (ഹോസി 9:8; കാണുക എസെ 3:16-21). കാവൽക്കാരൻ നഗരഭിത്തിയിലെ ഗോപുരത്തിൽ കാവൽ നില്ക്കുന്നവനാണ് (1സാമു 14:16; 2സാമു 13:34). ശത്രു വരുന്നതു ദൂരെനിന്നു കാണുമ്പോൾത്തന്നെ കുഴലൂതി നഗരവാസികൾക്കു മുന്നറിയിപ്പു നല്കേണ്ടവനാണവൻ (എസെ 33:2-6): "പട്ടണത്തിൽ കാഹളധ്വനി കേട്ടാൽ ജനങ്ങൾ ഭയപ്പെടാതിരിക്കുമോ? കർത്താവ് അയയ്ക്കാതെ പട്ടണത്തിൽ അനർഥം ഉണ്ടാകുമോ? ദൈവമായ കർത്താവു തൻെറ ദാസരായ പ്രവാചകൻമാർക്കു തൻെറ രഹസ്യങ്ങൾ വെളിപ്പെടുത്താതെ ഒന്നും ചെയ്യുന്നില്ല" (ആമോ 3:6-7). വസന്തകാലമാകുന്നതിനു മുമ്പുതന്നെ അതനുഭവിക്കുന്ന ജറെമിയ പ്രവാചകനെ നമുക്ക് അദ്ദേഹത്തിന്റെ വിളിവിവരണത്തിൽ കാണാം (ജറെ 1:11-12). കാവൽക്കാരന് അതീവ ജാഗ്രതയും ഉത്തരവാദിത്വബോധവും ആവശ്യമുണ്ട്. ദൈവത്തിന്റെ സന്ദേശം ജനത്തെ അറിയിക്കേണ്ട സാഹചര്യത്തിൽ പ്രവാചകനു കാര്യമായി വ്യക്തിസ്വാതന്ത്ര്യം അനുഭവിക്കാൻ സാധ്യമല്ല.

## ദൈവവും രാജാവും പ്രവാചകന്മാരും പ്രവാചകദൗത്യത്തിന്റെ ആരംഭവും

ജനത്തിനും ദൈവത്തിനുമിടയിലെ മദ്ധ്യസ്ഥനെന്നനിലയിൽ പ്രവാചകനു മൂന്ന് പ്രധാന കർമ്മങ്ങൾ നിർവ്വഹിക്കാനുണ്ടായിരുന്നു. 1. രാജാക്കന്മാരെ അഭിഷേകം ചെയ്യുക. 2. യുദ്ധം പ്രഖ്യാപിക്കുക. 3. പാരമ്പര്യത്തെ വ്യാഖ്യാനിക്കുക.





ഇസ്രായേലിൽ രാജവാഴ്ച ആരംഭിക്കുന്നതിനുമുമ്പു വളരെ അപൂർവ്വമായും അവ്യക്തമായുമാണു നാം പ്രവാചകരെ കാണുന്നത് (1സാമു 2:27). പൂർവ്വപിതാക്കന്മാരുടെ കാലത്ത് അവർക്ക് ദൈവികവെളിപാടുകൾ ലഭിച്ചിരുന്നതു സ്വപ്നങ്ങളിലൂടെയോ (ഉൽപ 28) ദർശനങ്ങളിലൂടെയോ ആണ് (ഉൽപ 18:1, 16; 22:11). മോശയുടെ കാലത്തിനുമുമ്പു പ്രവാചകന്മാരെക്കുറിച്ച് പിൽക്കാലത്തുള്ളതുപോലുള്ള വിവരണങ്ങളില്ല. എങ്ങനെയാണു പ്രവാചക ദൗത്യം ഇസ്രായേലിൽ ഉടലെടുത്തതെന്നതിനു പല ഉത്തരങ്ങൾ കണ്ടെത്താനാകും. ഒന്നാമത്തേതു നിയമഗ്രന്ഥത്തിന്റെ ഉത്തരമാണ്. ഭയം ജനിപ്പിക്കുന്നവനായ ദൈവം ഇസ്രായേലുമായി ഉടമ്പടി ഉറപ്പിക്കുന്നതിനായി സീനായ് മലയിൽ പ്രത്യക്ഷപ്പെട്ടപ്പോൾ ഭയവിഹ്വലരായ ജനം ദൈവം തങ്ങളോടു സംസാരിക്കേണ്ട; പകരം, മദ്ധ്യസ്ഥനായി മോശ അവരോടു സംസാരിച്ചാൽ മതിയെന്നു മോശയോടു പറഞ്ഞു (നിയ 18:16-18). ആദ്യം മോശയിലൂടെയാണ് പ്രവാചകദൗത്യം ഉടലെടുത്തതെന്നും (നിയ 18:15-18; പുറ 20:18-20) പ്രവാചകദൗത്യത്തിനു മാതൃക മോശയാണെന്നും ഓരോ പ്രവാചകനും മോശയുടെ വചനങ്ങളോട് അനുരൂപപ്പെട്ടു സംസാരിക്കണമെന്നുമാണു നിയമഗ്രന്ഥത്തിന്റെ ഒരു കാഴ്പ്പാട്. ജനത്തിന്റെ ആവശ്യം അംഗീകരിച്ച ദൈവം മോശയുടെ കാലശേഷം പ്രവാചകരെ നല്കി. രാജവാഴ്ചയ്ക്കു മുമ്പുതന്നെ ദർശനങ്ങളിലൂടെ ദൈവം പ്രവാചകരിലൂടെ സംസാരിച്ചിരുന്നു (ന്യായ 4:6; 6:7-10).

ചുരുക്കമായി മാത്രം പ്രവാചകരെ കണ്ടെത്താമായിരുന്ന ഇക്കാലഘട്ടത്തിൽ (ന്യായ 13:1; 1സാമു 2:27). ദൈവഹിതമറിയുന്നതിനു ജനം പുരോഹിതരെ സമീപിക്കുകയും അവർ ഉറീം, തുമ്മീം എന്നിവ ഉപയോഗിച്ചുകൊണ്ടു ജനത്തിനും നേതാക്കന്മാർക്കുംവേണ്ടി ദൈവഹിതമാരായുകയും ചെയ്തിരുന്നു (പുറ 28:30; ലേവ്യ 8:8; സംഖ്യ 27:21; നിയ 33:8; 1സാമു 23: 9-12). ഇക്കാലഘട്ടത്തിലെ ഒരു പുരോഹിതനും പ്രവാചകനുമായിരുന്നു സാമുവൽ. സാമുവലാണ് ആദ്യ രാജാവായ സാവൂളിനെയും പിന്നെ ദാവീദിനെയും കർത്താവിനുവേണ്ടി അഭിഷേകം ചെയ്തത്. രാജവാഴ്ച ആരംഭിച്ചതോടെ പ്രവാചകന്മാരുടെ ദൗത്യം സമൂഹത്തിൽ വളരെ പ്രധാനപ്പെട്ടതായിത്തീർന്നു. സാവധാനം ഭാവികാര്യങ്ങളും ദൈവഹിതമറിയുന്നതിനു പ്രവാചകന്മാരെ മാത്രം ആശ്രയിക്കുന്ന രീതിയിലേക്ക് ഇസ്രായേൽ നീങ്ങി.

നിയമഗ്രന്ഥത്തിൽ വെളിവാകുന്ന മറ്റൊരു ചിന്തയനുസരിച്ച് ഇസ്രായേലിന്റെ മരുഭൂമിയാത്രയുടെ കാലത്തു മോശയെ സഹായിക്കാനായി നിയോഗിക്കപ്പെട്ടവരായിരുന്നു പ്രവാചകന്മാർ (സംഖ്യ 11:10-30). ജനത്തിനിടയിലെ പ്രശ്നങ്ങൾ അധികമായപ്പോൾ അവരിലെ എഴുപതു ശ്രേഷ്ഠന്മാരെ ദൈവം സമാഗമകൂടാരവാതിൽക്കൽ കൊണ്ടുവരികയും അവിടെവച്ചു മോശയിലുള്ള ആത്മാവിന്റെ ഒരു ഭാഗം അവർക്കു നല്കുകയും ചെയ്തതിന്റെ ഫലമായി അവർ പ്രവചിച്ചുവെന്നു വചനം പറയുന്നുണ്ട് (11:25). എന്നാൽ, പിന്നീടൊരിക്കലും അവർ പ്രവചിച്ചിട്ടില്ല എന്നും വചനം കൂട്ടിച്ചേർക്കുന്നു.

പ്രവാചകന്മാരുടെ വിളിയും ദൗത്യവുമെല്ലാം പഠനവിഷയമാക്കുന്നവർ ദൈവം ഷീലോയിൽവച്ചു സാവുവലിനെ വിളിച്ചതു പ്രവാചകദൗത്യത്തിന്റെ ദൃശ്യമായ ആരംഭമായി കണക്കാക്കുന്നു. കാരണം ആ വിളിക്കുമുമ്പു ദർശനങ്ങളും വെളിപാടുകളും കുറവായിരുന്നു (1സാമു 3:1). സാമുവലിന്റെ വിളിയോടെ കാര്യങ്ങൾ കൂടുതൽ വ്യക്തമാവുകയും അദ്ദേഹം ശക്തനായ ഒരു പ്രവാചകനായി പ്രത്യക്ഷപ്പെടുകയും ചെയ്തു.

ദൈവത്തിന്റെ ദൂതനെന്ന നിലയിൽ ഭൂമിയിൽ രാജാവിനെ വാഴിക്കുകയെന്നതു പ്രവാചകന്റെ ധർമ്മമായിരുന്നു. സാമുവലാണ് ഇസ്രായേലിലെ ആദ്യരാജാവിനെ വാഴിച്ചത്. പിന്നീടദ്ദേഹം സാവൂളിനെ തിരസ്കരിക്കുകയും ദാവീദിനെ അഭിഷേകം ചെയ്യുകയും ചെയ്തു (1സാമു 16). ദൈവത്തിന്റെ വക്താവായി നിന്നുകൊണ്ടു ദൈവത്തിന്റെ രാജ്യം ഭരിക്കാൻ രാജാവിനെ അഭിഷേകം ചെയ്യുക എന്നതു പ്രവാചക ധർമ്മമായരുന്നു. ഏലീഷായുടെ ശിഷ്യനായ പ്രവാചകൻ യേഹുവിനെ അഭിഷേകം ചെയ്യുന്നതും (2രാജാ 9:6) ഏലീഷാ സിറിയാരാജാവായി ഹസായേലിനെ അഭിഷേകം ചെയ്യുന്നതും വചനം വിവരിക്കുന്നുണ്ട് (2രാജാ 8:7-15).

തങ്ങളുടെ അയൽരാജ്യങ്ങളുടെതിനു തുല്യമായ ബഹുദൈവചിന്തയാണ് ആരംഭകാലത്ത് ഇസ്രായേലിലുമുണ്ടായിരുന്നതെന്നു നാം കണ്ടു. ഒന്നാം പ്രമാണം പോലും ഈ ചിന്ത ധ്വനിപ്പിക്കുന്നതായിരുന്നു: ഞാനല്ലാതെ മറ്റൊരു ദൈവവും നിനക്കുണ്ടാകരുത് (പുറ 20:2-3) ഞാനല്ലാതെ മറ്റൊരു ദൈവമില്ല എന്നല്ല. ബഹുദൈവചിന്തയനുസരിച്ചു ദൈവങ്ങൾ ഒരു സ്വർഗ്ഗീയ സഭയിലായിരിക്കുകയും അതിലെ പ്രധാന ദൈവം അധികാരം കൈയാളുകയും ചെയ്യും. മറ്റു ദൈവങ്ങൾക്കു ഭൂമിയിൽ അവരുടെ ഉത്തരവാദിത്വത്തിലിരിക്കുന്ന ഓരോ രാജ്യത്തിൻെറമേൽ മാത്രമാണ് അധികാരം നല്കപ്പെട്ടിരിക്കുന്നത് "അത്യുന്നതൻ ജനതകൾക്ക് അവരുടെ പൈതൃകം വീതിച്ചു കൊടുത്തപ്പോൾ, ... ദൈവമക്കളുടെ (original - see RSV) എണ്ണമനുസരിച്ച് അവിടുന്ന് ജനതകൾക്ക് അതിർത്തി നിശ്ചയിച്ചു. കർത്താവിൻെറ ഓഹരി അവിടുത്തെ ജനമാണ് ..." (നിയ 32:8-9).

ഇസ്രായേലിൽ പിന്നീട് ഏകദൈവവിശ്വാസം വളർച്ച പ്രാപിച്ചപ്പോൾ ഈ ബഹുദൈവചിന്ത അപ്രത്യക്ഷമാവുകയും സ്വർഗ്ഗീയ സഭയിലെ ഏക അധികാരി കർത്താവായ ദൈവമായിത്തീരുകയും ചെയ്തു. എങ്കിലും സ്വർഗ്ഗീയ സഭയുടെ ആശയം നിലനിന്നു. അത്തരമൊരു സഭയിൽവച്ചാണു സാത്താൻ ദൈവത്തിനുമുമ്പിൽ ജോബിനെ കുറ്റപ്പെടുത്തുന്നത് (ജോബ് 1:6-12; 2:1-6). വിപ്രവാസാനന്തരകാലത്തെ യഹൂദ ചിന്തയിലും ഈ ആശയം ഉണ്ടായിരുന്നെന്ന് ഏശയ്യാ 40:1-8 തെളിയിക്കുന്നു.

ഇസ്രായേലിൽ ഏകദൈവത്തെക്കുറിച്ചുള്ള അറിവു വർദ്ധിച്ചപ്പോൾ ഇപ്രകാരമുള്ള സ്വർഗ്ഗീയ സഭകളിലെ കുഞ്ഞുദൈവങ്ങൾക്കുപകരം മാലാഖമാർ പ്രത്യക്ഷപ്പെട്ടു (ഉദാ. സങ്കീ 82). ഇപ്രകാരമുള്ള കൊച്ചു ദൈവങ്ങളാണു പിന്നീട് ദൈവപുത്രന്മാരായി ചില വചനഭാഗങ്ങളിൽ പ്രത്യക്ഷപ്പെട്ടത് (ഉൽപ 6:2, 4; ജോബ് 1:6, 2:1; സങ്കീ 29:1; 89:6; നിയ 4:19; നെഹ 9:6; 1രാജാ 22:19; ഏശ 6:2).





പഴയകാല ചിന്തയനുസരിച്ചു രാജഭരണം സ്വർഗ്ഗത്തിൽനിന്നാണു ജന്മമെടുത്തത് (ബി.സി. 2100). രാജപദവി സ്വർഗ്ഗത്തിൽ രൂപം കൊള്ളുകയും അതിന്റെ പ്രതീകമായ ദണ്ഡ് സ്വർഗ്ഗത്തിൽ നിർമ്മിക്കപ്പെടുകയും ദൈവം അതു ജനത്തിന്റെ അധികാരിയായി തെരഞ്ഞെടുക്കുന്നവനു കൈമാറുകയും ചെയ്യുന്നു എന്നതായിരുന്നു ചിന്ത. ഗ്രീക്ക് ദേവനായ സേവൂസ് സ്വർഗ്ഗത്തിലുണ്ടാക്കിയ രാജകീയാധികാരവടി ആദ്യരാജാവായ അഗമെംനോണു നൽകുന്നത് ഗ്രീക്ക് പുരാണമായ ഇലിയഡിൽ ഹോമർ വിവരിയ്ക്കുന്നുണ്ട്. ബാബിലോണിലെ നീതിപാലകനായ സൂര്യദേവൻ (ഷെമെഷ്) തന്റെ ഭൂമിയിലെ രാജാവായ ഹമ്മുറാബിയ്ക്ക് അധികാരദണ്ഡ് കൈമാറുന്നതിന്റെ ചിത്രം ഭൂഗർഭഗവേഷകർ കണ്ടുപിടിച്ചിട്ടുണ്ട്. ഇന്ത്യൻ ഭാഷകളിൽ ചക്രവർത്തി എന്ന വാക്കിന്റെ അർത്ഥംതന്നെ ഭരണചക്രം തിരിക്കുന്നവൻ അല്ലെങ്കിൽ ദൈവിക നീതി ഭൂമിയിൽ നടപ്പാക്കുന്നവൻ എന്നാണ്.

സ്വർഗ്ഗീയ ഭരണസഭയുടെ മാതൃകയിലായിരുന്നു സ്വർഗ്ഗത്തിലെ അധികാരം ഭൂമിയിൽ കൈയാളുന്ന രാജാവും അദ്ദേഹത്തിന്റെ ഭരണസമിതിയും രൂപീകൃതമായിരുന്നത്. സ്വർഗ്ഗീയഭരണസമിതിയുടെ പ്രതിഫലനമായിരുന്നു ഭൂമിയിലെ രാജാവിന്റെ ഭരണസമിതി. ദൈവം സ്വർഗ്ഗത്തിൽ മറ്റു ദൈവങ്ങളാലോ മാലാഖമാരാലോ അനുഗതനാകുന്നതുപോലെ അദ്ദേഹത്തിന്റെ ഭൂമിയിലെ പ്രതിനിധിയായ രാജാവ് തന്റെ മന്ത്രിമാരാലും മറ്റു സേവകരാലും അനുഗമിക്കപ്പെട്ടു. ദൈവഭരണത്തിന്റെ ഭൂമിയിലേക്കുള്ള വ്യാപിപ്പിക്കലായി രാജഭരണം കരുതപ്പെട്ടിരുന്നു. ദൈവത്തെപോലെ രാജാവും നീതി നടപ്പാക്കാൻ ബാദ്ധ്യസ്ഥനായിരുന്നു. കാരണം രാജാവ് കൈയാളിയിരുന്നത് ദൈവികമായ അധികാരമാണ്. രാജാവിൽ ദൈവികാധികാരവും ഭൗമിക രാഷ്ട്രീയാധികാരങ്ങളും സമ്മേളിച്ചു. അവൻ ദൈവത്തിന്റെ ദാസനും ഭൂമിയിലെ പ്രതിനിധികളുമായി കരുതപ്പെട്ടു.

ഭൂമിയിൽ സംഭവിക്കുന്ന അസാധാരണമായ കൊടുങ്കാറ്റും ഇടിയും മിന്നലും ഭൂമികുലുക്കവും അഗ്നിപർവ്വത സ്ഫോടനവും മാത്രമല്ല വിത്തുകൾ മുളയ്ക്കുന്നതുപോലുള്ള സാധാരണ കർമ്മങ്ങൾപോലും ഓരോ ദൈവത്തിന്റെ പ്രവർത്തനഫലവും അധികാരപരിധിയിലുള്ളതുമാണെന്നു പഴയകാലജനതകൾ വിശ്വസിച്ചിരുന്നു. ഈ ദൈവങ്ങളെ അനുഷ്ഠാനങ്ങളിലൂടെ ചില മനുഷ്യർക്കു സ്വാധീനിക്കാനും കഴിയും. അവരാണ് ഈ ദൈവങ്ങൾക്കും മനുഷ്യർക്കുമിടയിൽ മദ്ധ്യസ്ഥരായി മാറിയത്. കൊടുങ്കാറ്റ്, ഇടിമിന്നൽ മുതലായവയിലൂടെ പ്രവർത്തിക്കുന്ന ആ ദൈവങ്ങളുടെ മേഖലയെ സ്വാധീനിക്കാൻ ആ ദൈവവുമായി ബന്ധം പുലർത്താൻ കഴിയുന്ന മദ്ധ്യസ്ഥർ ആവശ്യമാണ്. അപകടകരമായ ആ ദൈവിക മേഖലകളിൽ കടന്നു ചെല്ലാനും ദൈവങ്ങളെ സ്വാധീനിക്കാനും ചില മനുഷ്യർക്കു കഴിവുണ്ടെന്നു കരുതപ്പെട്ടിരുന്നു. ഇത്തരത്തിലുള്ള മനുഷ്യരായിരുന്നു അക്കാലത്തെ പ്രാശ്നികരും ലക്ഷണം പറയുന്നവരും ശകുനം നോക്കുന്നവരും ആഭിചാരക്കാരും മന്ത്രവാദികളും വെളിച്ചപ്പാടുകളും ക്ഷുദ്രക്കാരും മൃതസന്ദേശവിദ്യ നൽകുന്നവരും മറ്റും (നിയ 18:10-11). ഇവരെല്ലാം ദൈവികമേഖലയുടെയും സാധാരണമനുഷ്യന്റെയും ഇടയിൽ മദ്ധ്യവർത്തികളായി വർത്തിച്ചിരുന്നു. ഇവർക്കെല്ലാം പകരമാ

യാണു നിയമാവർത്തനഗ്രന്ഥം മോശയുടെ പാരമ്പര്യത്തിൽപ്പെട്ട പ്രവാചകരെ അവതരിപ്പിച്ചത് (നിയ 18:9-15). മനുഷ്യന്റെ പ്രവൃത്തികളിലൂടെ നഷ്ടപ്പെട്ടുപോയ ദൈവികമായ ക്രമം പുനഃസ്ഥാപിക്കുകയും അതിനായി മനുഷ്യനെ സഹായിക്കുകയും ചെയ്യുക എന്നതായിരുന്നു ഈ മദ്ധ്യവർത്തികളുടേതെന്നതുപോലെ പ്രവാചകന്മാരുടെയും ദൗത്യം.

## രാജാവും പ്രവാചകന്മാരും പുരോഹിതരും

സ്വർഗ്ഗത്തിലുള്ള ദൈവങ്ങളുടെ എണ്ണമനുസരിച്ചു ഭൂമിയിൽ രാജ്യങ്ങളുണ്ടെന്ന് നാം കണ്ടു. ഓരോ രാജ്യത്തിന്റെയും ദൈവമാണ് ആ ജനത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുത്തിരുന്നത്. ആ ദൈവത്തിനു തന്റെ രാജ്യത്തു പ്രത്യക്ഷപ്പെടാനുള്ള വേദിയായിരുന്നു അവിടെയുള്ള പ്രധാന ദേവാലയം. ദേവാലയം എന്ന വാക്കുതന്നെ ഹെബ്രായ ഭാഷയിൽ കൊട്ടാരം അല്ലെങ്കിൽ വലിയ വീട് എന്ന വാക്കിൽ നിന്നാണുത്ഭവിക്കുന്നത് (*hehal*). സ്വർഗ്ഗത്തിലെ ദൈവം ഭൂമിയിൽ വസിക്കുന്ന സ്ഥലമെന്ന നിലയിൽ സ്വർഗ്ഗവും ഭൂമിയും ഒത്തുചേരുന്ന ഇടമായിരുന്നു ദേവാലയം. അത് ഒരു രാജ്യത്തിലെ ഏറ്റവും പ്രധാന സ്ഥലമായിരുന്നു (ഉൽപ 28:17). അവിടെ ദൈവത്തിനു പ്രസാദകരമായ ബലികൾ അർപ്പിക്കപ്പെട്ടു. അവരിൽ ദൈവം സംപ്രീതനായി അവിടെ വസിച്ചുകൊണ്ട് അവരെ ശത്രുക്കളിൽനിന്ന് രക്ഷിക്കുകയെന്നത് ആ ജനത്തിന്റെ രക്ഷക്കാവശ്യമായിരുന്നു. ആ ദൈവം തന്നെയാണ് അവർക്ക് ഉയർച്ചയും അഭിവൃദ്ധിയും മക്കളെയും മൃഗങ്ങളെയുമെല്ലാം നല്കിയിരുന്നത്.

ദൈവത്തെ പ്രസാദിപ്പിക്കാൻ ദേവാലയവും അവിടെയർപ്പിക്കപ്പെടുന്ന ബലികളും ആവശ്യമായിരുന്നു. അതിനാൽത്തന്നെ ബലിയർപ്പിക്കുകയും അതിലൂടെ ദൈവഹിതം ആരായുകയും നടപ്പാക്കുകയും ചെയ്യുന്ന പുരോഹിതൻ സമൂഹത്തിലെ പ്രധാനപ്പെട്ട വ്യക്തിയായിരുന്നു. ദൈവത്തിന്റെ അധികാരം കൈയാളുന്ന രാജാവും ദൈവത്തിനു ബലിയർപ്പിക്കാൻ നിയോഗിക്കപ്പെട്ട പുരോഹിതനും പരസ്പര ബന്ധമുള്ള കർമ്മങ്ങളാണു ചെയ്തിരുന്നത്. ജറോബോവാം രണ്ടാമൻ രാജാവിനെ അനുകൂലിച്ചുകൊണ്ട് ആമോസിനോട് സംസാരിക്കുന്ന ക്ഷേത്രപുരോഹിതനായ അമാസിയായെ ആമോസിന്റെ ഗ്രന്ഥത്തിൽ കാണാം (ആമോ 7:10-17). നോബിലെ പുരോഹിതർ അഭിഷിക്തനായ ദാവീദിനെ വധിക്കാൻ വിസമ്മതിച്ചതും അക്കാരണത്താൽ തന്നെയാണ് (1സാമു 22).

ഈ സംവിധാനത്തിൽ രാജാവിനോടും പുരോഹിതനോടും ചേർന്നു പ്രവർത്തിക്കാൻ ദൈവം പ്രത്യേകമായി തിരഞ്ഞെടുത്ത വ്യക്തികളായിരുന്നു പ്രവാചകന്മാർ. ഒരു പ്രവാചകൻ ആരായിരിക്കണമെന്നു നിയമാവർത്തനഗ്രന്ഥകാരനു സ്പഷ്ടമായ വീക്ഷണമുണ്ട് (നിയ 18:9-22). ഇസ്രായേലിലെ ഔദ്യോഗിക സംവിധാനങ്ങളായ രാജാവ്, ന്യായാധിപൻ, പുരോഹിതൻ എന്നിവരെക്കുറിച്ചു പറയുമ്പോഴാണു (നിയമ 16:18-18:22) പ്രവാചകനെക്കുറിച്ചും അദ്ദേഹം പറയുന്നത്. പ്രവാചകൻ ഈ അധികാരസംവിധാനങ്ങളോടുചേർന്നു പ്രവർത്തിക്കണ്ടവനാണ് എന്നുസാരം. മോശയുടെ പാരമ്പര്യത്തിനനുസൃതമായിട്ടായിരിക്കണം സത്യപ്രവാചകൻ പ്രവർത്തിക്കേണ്ടത്. അതുതന്നെയാണു രാജാവിന്റെയും ന്യായാധിപന്റെയും പുരോഹിതന്റെയും ദൗത്യം. പ്രവാചകൻ കർത്താവിന്റെ





വചനം വളച്ചൊടിക്കാതെ ജനത്തിനു പകർന്നുകൊടുക്കേണ്ടവനാണ്. ദൈവഹിതത്തിനെതിരായി പ്രവർത്തിക്കുന്ന രാജാവിനെയും പുരോഹിതനെയും തിരുത്തുകയെന്നതും പ്രവാചകന്റെ ധർമ്മമായിരുന്നു. രാജാവിനെ വാഴിക്കുകയെന്നത് പ്രവാചകന്റെ ധർമ്മമായിരുന്നു എന്നു നാം കണ്ടു.

## പ്രവാചകന്റെ വിളിയും ദൗത്യവും

ബൈബിൾ നല്കുന്ന പ്രവാചകന്മാരുടെ വിളിവിവരണങ്ങളെല്ലാംതന്നെ രാജഭരണ കാലത്തുള്ള (1030-587) പ്രവാചകന്മാരെക്കുറിച്ചുള്ളതാണ്. അക്കാലത്തു പ്രവാചകദൗത്യമെന്നതു പരമ്പരാഗതമായ ഒരു ജോലിയോ രാജാവോ മറ്റധികാരികളോ ഏൽപ്പിക്കുന്ന ഒരുത്തരവാദിത്വമോ ആയിരുന്നില്ല. സമൂഹത്തിലെ ഒരാൾക്കു ദൈവം തന്നെ വിളിച്ചുവെന്നു വ്യക്തമായ ഒരനുഭവം ഉണ്ടാവുകയും ആ അനുഭവം അദ്ദേഹത്തിനുള്ളിൽ കത്തിപ്പടരുകയും ചെയ്തു. ഇത് അറിവും ഉത്തരവാദിത്വബോധവുംകൊണ്ട് അദ്ദേഹത്തെ നിറയ്ക്കുകയും മറ്റുള്ളവരിൽനിന്നു വ്യത്യസ്തമായി ചിന്തിക്കാൻ അദ്ദേഹത്തെ പ്രചോദിപ്പിക്കുകയും ചെയ്തു. ഇത് അദ്ദേഹത്തിന്റെ പ്രവൃത്തികളെ സാധാരണ ജനങ്ങളുടെതിൽനിന്ന് വ്യത്യസ്തമാക്കിത്തീർക്കുകയും തൽഫലമായി പലപ്പോഴും അദ്ദേഹം ഏകനായിത്തീരുകയും ചെയ്തു. ദൈവത്തിൽനിന്നു വ്യക്തിപരമായി തനിക്കു ലഭിച്ച വിളിയാണു പ്രവാചകനു ശക്തി പകർന്നിരുന്നത്. തന്റെ പ്രത്യേക ജീവതശൈലിയെ നിതീകരിക്കുന്നതിനുവേണ്ടിയാണ് അയാൾ ആ വിളിയുടെ വിവരണങ്ങൾ എഴുതിയത് (1രാജ 22:19-22; ആമോ 7-9,; ഏശ 6; ജറെ 1; എസെ 1-3; ഏശ 40:3-8; സഖ 1:7-6:8). പ്രവാചകൻ സ്വന്തം വിളിയെക്കുറിച്ചു വിവരിക്കുന്നതിന് പുറമേ പ്രവാചകന്റെ വിളിയെക്കുറിച്ചുള്ള മറ്റുള്ളവരുടെ വിവരണങ്ങളും ബൈബിളിലുണ്ട് ഉദാഹരണം; ഏലീഷാ (1രാജ 19:19-21), സാമുവൽ (1സാമു 3:1-18), മോശ (പുറ 3-4).

വിളിവിവരണങ്ങൾ വ്യത്യസ്തമായ രീതിയിലാണു നൽകപ്പെട്ടിരിക്കുന്നത്. ചില അവസരങ്ങളിൽ ദൈവം നേരിട്ടു പ്രവാചകനോടു പറയുന്നതുപോലെയാകാം. ഓരോ പ്രവാചകന്റെയും പ്രത്യേക കഴിവുകളും പ്രത്യേകതകളും വിളിവിവരണങ്ങളിൽ വ്യത്യാസങ്ങൾ വരുത്തുന്നുണ്ടെങ്കിലും അവയിൽനിന്ന് ചില പൊതുകാര്യങ്ങൾ ഗ്രഹിക്കാൻ കഴിയും. വിളിക്കപ്പെട്ടവന്റെ പഴയ ജീവതത്തോടു തൽക്കാലത്തേക്കെങ്കിലും വിടപറയാനുള്ള ഒരാഹ്വാനമായിരുന്നു അത്. പ്രവാചകന്റെ അധരങ്ങൾ മാത്രമല്ല ജീവിതം മുഴുവനും പുതിയ ദൗത്യത്തിനായി മുദ്ര കുത്തപ്പെട്ടു. കഴിഞ്ഞകാല ജീവിതത്തിൽനിന്ന് തികച്ചും വ്യത്യസ്തമായ ഒരു ജീവിതശൈലി അദ്ദേഹം സ്വീകരിക്കേണ്ടിയിരുന്നു. ഉദാഹരണത്തിനു, സമാധാനസ്നേഹിയായ ഒരാൾ വിളിക്കപ്പെട്ടു കഴിയുമ്പോൾ ദൈത്തിന്റെ ശിക്ഷാവിധി പ്രവചിക്കേണ്ട ശാസകനായി അദ്ദേഹം മാറുന്നു (ആമോ 7:14-17). പഴയകാലബന്ധങ്ങളും ജീവിതശൈലിയുമൊന്നും വിളിക്കപ്പെട്ടതിനു ശേഷം അയാൾക്കു ബന്ധനങ്ങളല്ല. ആമോസ് പ്രവാചകൻ കൃഷി ചെയ്തു മാന്യമായി ജീവിച്ചുകൊണ്ടിരുന്ന ഒരു കർഷകനാണ്. അദ്ദേഹം

ആ ജോലി ഉപേക്ഷിച്ചു ദൈവത്തിലാശ്രയിച്ചു ജീവിക്കുന്നവനായി മാറേണ്ടിവന്നു. സ്വന്തമായ വികാരങ്ങളോടും താത്പര്യങ്ങളോടും ജറെമിയ വിട പറയേണ്ടി വന്നു (ജറെ 15:17). പുതിയ ഒരു ജീവിതശൈലിയ്ക്ക് അവരെ പ്രചോദിപ്പിക്കുന്ന ഒരാന്തരിക ശക്തി അവർക്കനുഭപ്പെട്ടിരുന്നു (ആമോ 3:8). ദൈവത്തിന്റെ പ്രചോദനഫലമായി പുതുജീവിതത്തിലേയ്ക്കു പ്രവേശിച്ച ജറെമിയ നിരാശപ്പെട്ടു വിലപിക്കുന്നതു പലപ്പോഴും കാണാം (ജറെ 20:7).

ദൈവം ഒരു പ്രവാചകനെ വിളിക്കുമ്പോൾ അതു തന്റെ ഭാവിവക്താവിനെ തന്റെ ഹിതവും ഉദ്ദേശ്യങ്ങളും മനസ്സിലാക്കിക്കൊടുക്കാൻ സഹായിക്കുന്ന വിധത്തിലായിരുന്നു വിഭാവനം ചെയ്തിരുന്നത്. സാധാരണഗതിയിൽ ഒരു ദർശനത്തിലൂടെയാണു ദൈവം ഒരുവനെ വിളിയ്ക്കുക. ദർശനത്തോടുകൂടി പ്രവാചകന്റെ അധരങ്ങളും കണ്ണുകളും ദൈവം സ്വന്തമാക്കുന്നു. ഈ ദർശനങ്ങൾ സ്വർഗ്ഗീയ ലോകത്തെക്കുറിച്ചുള്ള അറിവു നൽകുന്നവയല്ല. ഭാവിയിൽ പ്രവാചകന്റെ ദേശത്തു സംഭവിക്കാനിരിക്കുന്ന കാര്യങ്ങളാണു ദർശനങ്ങളുടെ ഉള്ളടക്കം. ഉടനെ ചരിത്രത്തിൽ സംഭവിക്കാനിരിക്കുന്ന കാര്യങ്ങളല്ലാതെ ദൈവത്തിന്റെ മഹത്വത്തെക്കുറിച്ചോ വ്യക്തിത്വത്തെക്കുറിച്ചോ ദർശനത്തിൽ പ്രവാചകൻ ഒന്നും ഗ്രഹിക്കുന്നില്ല. ഉദാഹരണമായി ഒരു ദർശനത്തിൽ മതിലിനോടു ചേർന്ന് ഒരു തൂക്കുകട്ട പിടിച്ചുനിൽക്കുന്ന ദൈവത്തെ ആമോസ് കാണുന്നുണ്ടെങ്കിലും ആമോസ് നീ എന്തുകാണുന്നു? എന്ന ദൈവത്തിന്റെ ചോദ്യത്തിന് ആമോസിന്റെ ഉത്തരം "ഒരു തൂക്കുകട്ട" എന്നായിരുന്നു (ആമോ 7:7-9; കാണുക 9:1, ഏശ 6). ദൈവത്തെ കാണുന്ന ദർശനങ്ങളിൽ ദൈവത്തെ വിവരിയ്ക്കാൻ പ്രവാചകന്മാർ തയ്യാറാകുന്നില്ല.

ദർശനങ്ങളിൽ കണ്ടകാര്യങ്ങളും ദൈവത്തിന്റെ വാക്കുകളും പ്രവൃത്തികളുമൊന്നും പ്രവാചകൻമാരുടെ വെറും തോന്നലുകളായിരുന്നില്ല. കാരണം പലപ്പോഴും ഈ ദർശനങ്ങൾക്ക് അവർ ധ്യാനിച്ചു കൊണ്ടിരുന്ന വിഷയങ്ങളുമായി ബന്ധമുണ്ടായിരുന്നില്ല. ദൈവവചനം ലഭിക്കുന്നതിനുവേണ്ടി ഏലീഷാ ഗായകനെ വിളിച്ചു പാടിക്കുന്നതും അങ്ങനെ ദൈവവചനം ലഭിക്കുന്നതും ബൈബിളിലെ ഒറ്റപ്പെട്ട ഒരു വിവരണമാണ് (2രാജ 3:15). ദർശനങ്ങൾ ലഭിച്ചിരുന്ന സ്ഥലങ്ങൾക്കും പ്രത്യേകതകളൊന്നും ഉണ്ടായിരുന്നില്ല. ഉദാഹരണത്തിന്, ബേഥേലിനെതിരെ പ്രസംഗിച്ച പ്രവാചകനു ദൈവദർശനമുണ്ടായതു ഭക്ഷണത്തിനിരിക്കുമ്പോഴാണ് (1രാജ 13:20). മറ്റു ചിലപ്പോൾ പ്രവാചകൻ ദിവസങ്ങളോളം ദർശനത്തിനുവേണ്ടി കാത്തിരിക്കേണ്ടിവരും (ജറെ 42:7). ദർശനങ്ങളുടെ അവസരത്തിൽ ദൈവം തങ്ങളോട് സംസാരിക്കുന്നതു ചിലപ്പോൾ പ്രവാചകന്മാർ ഇന്ദ്രിയപരമായി കേട്ടിരുന്നു എന്നു വേണം കരുതാൻ. അവരുടെ പേരു വിളിച്ചുകൊണ്ടു ദൈവം സംസാരിക്കുന്നത് അവർ കേട്ടിരുന്നു. ഉദാഹരണമായി 4 പ്രാവശ്യം ദൈവം സാമുവലിനെ പേരു വിളിച്ചു (1സാമു 3:3-18); മോശയോടും (പുറ 19:3-24) ഏലിയയോടും (1രാജ 19:9-18) ദൈവം സംസാരിച്ചു.

ദർശനമുണ്ടാകുമ്പോൾ സാധാരണയായി പ്രവാചകൻ ഭയപ്പെട്ടുപോകാറുണ്ട് (ഹബ 3:16). എങ്കിലും അതെക്കുറിച്ചു പ്രവാചകന്മാർ വിവരിക്കുന്നില്ല എന്നതു സത്യം. ദൈവം അവരെ സമീപിച്ചപ്പോൾ അവർ വലിയ





ഭീതിയിലാഴ്ന്നുവെന്നു വിളിവിവരണങ്ങളിൽ നിന്നു മനസ്സിലാക്കാം. വിളി സ്വീകരിച്ചതിനുശേഷം ദിവസങ്ങളോളം താനെങ്ങനെ നിശബ്ദനായിരുന്നുവെന്ന് എസെക്കിയേൽ വിവരിക്കുന്നുണ്ട് (എസെ 3:15). ദാനിയേലാകട്ടെ ദർശനത്തോടെ നിലത്തുവീഴുകയും രോഗിയായിത്തീരുകയും ചെയ്തു (ദാനി 8:27). പ്രവാചകന്മാരുടെ ഈ ശാരീരിക സഹനം ഒരു യാഥാർത്ഥ്യമായിരുന്നുവെന്ന് ഏശയ്യാ 21:1-10 വ്യക്തമാക്കുന്നുണ്ട്. പ്രവാചകൻ ശാരീരികമായി സഹിക്കുകയും അസ്വസ്ഥനാകുകയും ചെയ്തിരുന്നു. ജനത്തിന്റെ ദയനീയ സ്ഥിതിയിൽ താനും അവരോടൊപ്പം പങ്കുകാരനാണെന്നു പ്രവാചകനനുഭവപ്പെടുകയും തത്ഫലമായി അദ്ദേഹം ദൈവത്തോടു ജനത്തിനുവേണ്ടി കരുണ യാചിക്കുകയും ചെയ്തു (ഏശ 6:5).

മറ്റുചിലപ്പോൾ ഒരാന്തരിക സ്വരമായി പ്രവാചകനോടു ദൈവം സംസാരിക്കാറുണ്ട്. ബേഥേലിലേക്കുവന്ന പ്രവാചകനോടൊപ്പം ഭക്ഷണത്തിനിരുന്ന വൃദ്ധപ്രവാചകനോടു ദൈവം ഇപ്രകാരം സംസാരിക്കുന്നത് രാജാക്കന്മാരുടെ ഒന്നാം പുസ്തകം വിവരിക്കുന്നുണ്ട് (1രാജ 13:20-32). എന്നാൽ ഈ ആന്തരിക സ്വരം വ്യക്തവും സ്പഷ്ടവുമായിരുന്നു (2രാജ 6:10-12). മറ്റു ചില അവസരങ്ങളിൽ ദൈവം ചെയ്യുന്ന അത്ഭുതപ്രവൃത്തികൾ കാണാൻ ദൈവം പ്രവാചകന്റെ കണ്ണുകൾ തുറക്കാറുണ്ട്. അങ്ങനെ കണ്ണുകൾ തുറന്നപ്പോഴാണു തന്നെ കൊല്ലാൻ നിൽക്കുന്ന ദൈവദൂതനെ ബാലാം കണ്ടത് (സംഖ്യ 22:31). സിറിയൻ സൈന്യത്തെ തോൽപ്പിക്കുന്നതിനുവേണ്ടി ദൈവം ആഗ്നേയ രഥങ്ങളും കുതിരകളും കൊണ്ടു ദേശം നിറച്ചിരിക്കുന്നത് ഏലീഷാ കാണുന്നുണ്ട് (2രാജ 6:15-17).

പ്രവാചകന്മാരുടെ ഈ അനുഭവങ്ങൾ മദ്ധ്യയുഗത്തിലെ മിസ്റ്റിക്കുകളുടെ ദൈവാനുഭവങ്ങളോട് തുലനം ചെയ്യാൻ കഴിയുമോ എന്നു സംശയമാണ്. കാരണം മിസ്റ്റിക്കുകൾ തങ്ങളുടെ ജീവിതാവസ്ഥ എന്തെന്നു മറന്നു പോകാറുണ്ട്. വിളിയുടെ അനുഭവമുണ്ടാകുന്ന പ്രവാചകനാകട്ടെ തന്നെക്കുറിച്ചും തന്റെ ചുറ്റുപാടുകളെക്കുറിച്ചും ബോധവാനായിത്തീരുന്നു എന്നു മാത്രമല്ല അദ്ദേഹം ദൈവവുമായി ഒന്നായിത്തീരുന്നുമില്ല. കൂടാതെ ഒരാൾ എത്രവലിയ മിസ്റ്റിക് ആണെങ്കിലും അയാളുടെ കാലഘട്ടത്തിലുള്ള അംഗീകൃതമായ മതതത്വങ്ങൾക്കുള്ളിൽ നിന്നുകൊണ്ടാണ് അയാൾ ദൈവത്തെക്കുറിച്ചു ധ്യാനിച്ചിരുന്നത്. പ്രവാചകന്മാരാകട്ടെ അവരുടെ ആദ്യദർശനത്തിൽതന്നെ പുതിയൊരു വീക്ഷണം സ്വന്തമാക്കുകയും അതു പ്രഘോഷിക്കുകയും ചെയ്തു.

തങ്ങളുടെ ഇന്ദ്രിയങ്ങളെ തീവ്രമാക്കുന്ന ദൈവാനുഭവങ്ങളിലൂടെ എല്ലാപ്രവാചകരും കടന്നു പോയിട്ടുണ്ട്. എഴുതപ്പെട്ട ദൈവവചനം മാർഗ്ഗദർശകമായി ഇല്ലാതിരുന്ന അക്കാലത്ത് ഓരോ വിളിയിലൂടെയും പുതിയൊരു വെളിപാടു ദൈവം കൂട്ടിച്ചേർക്കുകയായിരുന്നു. അക്കാരണത്താൽത്തന്നെ കർത്താവീശോമിശിഹായിലൂടെ സംജാതമായ പൂർണ്ണമായ ദൈവിക വെളിപാടിനു മുമ്പു പ്രവാചകന്മാരിലൂടെ പുതിയ പുതിയ വെളിപാടുകൾ ദൈവം മനുഷ്യർക്കു നൽകിയിരുന്നുവെന്നു നാം അനുസ്മരിക്കണം (ഹെബ്രേ 1:1).

ഒരു പ്രവാചകൻ ദൗത്യത്തിനായി വിളിക്കപ്പെടുമ്പോൾ അയാൾ അയാളുടെ വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങളിൽനിന്നും സാഹചര്യങ്ങളിൽനിന്നും വേർതിരിക്കപ്പെടുകയും ദൈവത്തിന്റെ മനസ്സിനോടും ചിന്താഗതികളോടും ചേർന്നു ചിന്തിക്കാൻ പ്രാപ്തനായിത്തീരുകയും ചെയ്തിരുന്നു. ദൈവത്തിന്റെ ഭാവിപദ്ധതികളെക്കുറിച്ചുള്ള അറിവുമാത്രമല്ല ദൈവത്തിന്റെ വികാരങ്ങളും – കോപം, സ്നേഹം, എതിർപ്പ്, ദു:ഖം, സംശയം – കൂടിയാണു പ്രവാചകനു നൽകപ്പെട്ടിരുന്നത് (ഹോസി 6:4; 11:18, ഏശ 6:8). ദൈവത്തിന്റെ വികാരങ്ങൾ പ്രവാചകൻമാരുടെ ഹൃദയത്തിലേക്കു പ്രവഹിക്കുകയും അവിടെനിന്ന് അത് മനുഷ്യരിലേക്കൊഴുകാൻ വെമ്പൽകൊള്ളുകയും ചെയ്തു.

പ്രവാചകൻ സ്വീകരിച്ച വെളിപാട് അദ്ദേഹത്തിന്റെ വെറുമൊരു പ്രാർത്ഥനാനുഭവമോ അദ്ദേഹത്തിന്റെ മാനസാന്തരത്തിനുവേണ്ടിയുള്ള സന്ദേശമോ ആയിരുന്നില്ല. അതു പുതിയൊരു ദൗത്യനിർവ്വഹണത്തിനുവേണ്ടി നൽകപ്പെട്ടതാണ്. ദൈവത്തിന്റെ വ്യക്തിപരമായ ആ സന്ദേശം അയാളെ സമൂഹത്തിൽനിന്നു വിഭിന്നനാക്കി. ദൈവിക പദ്ധതികളറിയാനും ദൈവത്തിന്റെ വികാരങ്ങളിൽ പങ്കുചേരാനും അയാൾക്കവസരം കിട്ടി. എന്നാലിതു മറ്റുള്ളവരുടെ മുമ്പിൽ അയാളെ അനുകരണീയമായ മാതൃകയാക്കാനായിരുന്നില്ല. തന്നെപ്പോലെ ദൈവനുഭവത്തിലേക്കു കടന്നുവരാൻ ഒരു പ്രവാചകനും ജനത്തെ ആഹ്വാനം ചെയ്തില്ല. എല്ലാ മനുഷ്യരിലും ദൈവം തന്റെ ആത്മാവിനെ വർഷിക്കുമെന്നു പറഞ്ഞതു ജോയേൽ പ്രവാചകൻ മാത്രമാണ് (ജോയേ 2:28). ദൈവം എല്ലാവരിലും ആത്മാവിനെ വർഷിച്ചിരുന്നെങ്കിൽ എന്നൊരാഗ്രഹം മോശ പ്രകടിപ്പിച്ചിരുന്നു എന്നതു സത്യമാണ് (സംഖ്യ 11:29).

വാസ്തവത്തിൽ തനിക്കു ലഭിച്ച ദർശനത്തെക്കുറിച്ചുള്ള പ്രവാചകന്റെ വിവരണംതന്നെ ഒരു വചനപ്രഘോഷണമായിരുന്നു.വിശദമായി വിവരിക്കപ്പെടുന്ന ദൈവവിളി ദർശനങ്ങളായ മിക്കായായുടെയും (1രാജ 22) ഏശയ്യായുടെയും (ഏശ 6) എസെക്കിയേലിന്റെയും (എസെ 1:3) രണ്ടാം ഏശയ്യായുടെയും (ഏശ 40:3-8) വിവരണങ്ങളിൽനിന്ന് ഇതു വ്യക്തമാണ്. ഈ ദർശനങ്ങൾ സമാനങ്ങളാണെന്നു പറയാൻ കഴിയും. ദൈവം തന്റെ സ്വർഗ്ഗീയ സഭയിലിരുന്നുകൊണ്ടു പ്രവാചകനെ ദൗത്യമേൽപ്പിക്കുന്നു എന്നതാണു പൊതു ധാരണ.

എന്നാൽ ഓരോ വിവരണത്തിനും അതിന്റേതായ പ്രത്യേകതകളുമുണ്ട്. മിക്കായായുടെ വിളിവിവരണത്തിന്റെ പശ്ചാത്തലം സ്വർഗ്ഗീയസഭയുടെ ഒരു സാധാരണ സമ്മേളനമാണ് (1രാജ 22). അവിടെ നടക്കുന്നത് ആഹാബിനെ വധിക്കേണ്ടതെങ്ങനെയെന്ന ചർച്ചയാണ്. ചർച്ച പുരോഗമിക്കുമ്പോൾ ദൈവസഭയിലെ ഒരാത്മാവ് ആഹാബിന്റെ പ്രവാചകരുടെ അധരങ്ങളിൽ നുണയുടെ ആത്മാവായി പ്രവർത്തിച്ചു ദൗത്യം പൂർത്തിയാക്കാൻ കഴിയുമെന്ന് അഭിപ്രായപ്പെടുന്നു. അപ്പോൾ ദൈവം ആ ആത്മാവിനെ ഭൂമിയിലേക്കയക്കുന്നു. ഏശയ്യായുടെ വിളിയിലും ദൈവസഭ കാണുന്നുണ്ട് (ഏശ 6). അവിടുത്തെ വസ്ത്രാഞ്ചലം ദേവാലയത്തിൽ നിറഞ്ഞുനിൽക്കുകയും പരിശുദ്ധൻ പരിശുദ്ധൻ എന്ന ദൈവസ്തുതിയാൽ ദേവാലയം മുഖരിതമാകുകയും ഭൂമി പ്രകമ്പനം കൊള്ളുകയും ചെയ്തു. ഈ ദർശനമുണ്ടായപ്പോൾ പ്രവാചകൻ അസ്വസ്ഥനാവുകയും തന്റെ





തന്നെ പാപത്തെക്കുറിച്ച് അവബോധമുള്ളവനാവുകയും ചെയ്തു. ദേശത്തു വസിക്കുന്ന ജനത്തിന്റെ പാപം മുഴുവനും തന്നിലുമുണ്ടെന്ന് അദ്ദേഹത്തിനു തോന്നി.

പരിശുദ്ധനായ ദൈവത്തിനുമുമ്പിൽ അദ്ദേഹം പാപങ്ങൾ ഏറ്റുപറഞ്ഞപ്പോൾ ദൈവം ഒരു പാപമോചന ശുശ്രൂഷ നടത്തി. അങ്ങനെ ദൈവതിരുമുമ്പിൽ സംസാരിക്കാൻ അദ്ദേഹം ശക്തനായിത്തീർന്നു. ജനത്തിനടുത്തേക്കു തന്റെ ദൂതനായി ആരെയാണയക്കാൻ കഴിയുക എന്ന ദൈവത്തിന്റെ ചോദ്യത്തിനു താൻ പോകാൻ തയ്യാറാണെന്ന് ഏശയ്യ ഉത്തരമേകി. അപ്പോഴാണു ദൈവം അദ്ദേഹത്തെ സന്ദേശവുമായി അയക്കുന്നത്. എന്നാൽ ദേശം മുഴുവനും നശിക്കുന്നതുവരെ അവരുടെ ഹൃദയം കഠിനമാക്കുക എന്നതായിരുന്നു പ്രവാചകന്റെ ദൗത്യം. വിശുദ്ധമായ ഒരു ശിഷ്ടഭാഗം മാത്രമേ ബാക്കി വരുകയുള്ളൂ എന്നു ദൈവം പറഞ്ഞു. ഏശയ്യായുടെ ഈ ദർശനത്തിൽ അദ്ദേഹത്തിനുണ്ടായ ഇന്ദ്രിയഗോചരമായ കാര്യങ്ങളും ആത്മീയാനുഭവങ്ങളും (ഹർഷോന്മാദാനുഭവങ്ങൾ) തമ്മിൽ വേർതിരിക്കാൻ സാധ്യമല്ല.

കർത്താവു സിംഹാസനത്തിലിരിക്കുന്നത് എസെക്കിയേലും കണ്ടു (എസെ 1-3). സ്വർഗ്ഗം തുറക്കപ്പെട്ടു. ദൈവത്തിന്റെ സിംഹാസനം 4 ജീവികളുടെമേൽ മേഘങ്ങളിൽ ഇറങ്ങിവന്നു. ഏശയ്യായുടെതിൽനിന്നു വ്യത്യസ്തമായി എസെക്കിയേലിനു വചനമെഴുതിയ ഒരു ചുരുൾ നൽകപ്പെട്ടു. അതു ഭക്ഷിക്കാൻ ദൈവം അദ്ദേഹത്തോട് ആജ്ഞാപിച്ചു. അദ്ദേഹം പ്രസംഗിക്കേണ്ട സന്ദേശങ്ങളായിരുന്നു ചുരുളിൽ. പ്രവാചകൻ നേരിടാനിരിക്കുന്ന എതിർപ്പുകളെയും ബുദ്ധിമുട്ടുകളെയും പ്രത്യാശാരഹിതമായ സാഹചര്യങ്ങളെയുംകുറിച്ചു ദൈവം ആവർത്തിച്ചു പ്രവാചകനോടു സംസാരിച്ചു.

ഇപ്പറഞ്ഞ മൂന്ന് ദർശനങ്ങളിലും പൊതുവായ ചില വസ്തുതകൾ ഉണ്ട്. 1. പ്രവാചകന്റെ ദൗത്യം ഫലരഹിതമായിരിക്കും. 2. പ്രവാചകന്റെ ദൗത്യം ജനത്തെ രക്ഷയിലേയ്ക്കു നയിക്കുന്നില്ല. 3. അതു ശിക്ഷ ത്വരിതപ്പെടുത്തുകയും ചെയ്യുന്നു. ഈ മൂന്നു പ്രവാചകന്മാർക്കും സമാനമായ അനുഭവങ്ങളാണ് ഉണ്ടായതെന്ന് ഇതിൽനിന്ന് അനുമാനിക്കാൻ കഴിഞ്ഞേക്കാം.

ജറെമിയായുടെ വിളി വിവരണം ആരംഭിക്കുന്നതു ദൈവത്തിന്റെ ഒരു സ്വരത്തോടെയാണ്. ദൈവം ജറെമിയായുടെ എതിർപ്പ് അതിജീവിക്കുന്നു. തുടർന്ന് ജറെമിയ കാണുന്നതു ജാഗ്രതാ വൃക്ഷത്തിന്റെ ഒരു ശിഖരവും തിളക്കുന്ന ഒരു പാത്രവുമാണ്. ദൈവം തന്റെ അധരങ്ങൾ സ്പർശിച്ചുവെന്ന് ജറെമിയ പറയുന്നു. അദ്ദേഹം ദൈവത്തെ കണ്ടോ എന്നു നമുക്കറിയില്ല. ഒരുപക്ഷേ ദൈവത്തിന്റെ ചിത്രം വരയ്ക്കാൻ അദ്ദേഹം മുതിർന്നില്ല എന്നതാകാം ശരി. ജറെമിയാ കണ്ട പ്രതീകങ്ങൾ പ്രവാചകനോട് ഒന്നും സംസാരിക്കുന്നില്ല.

ആ പ്രതീകങ്ങൾ വ്യാഖ്യാനിച്ചുകൊണ്ടു ദൈവമാണു സംസാരിക്കുന്നത്. ദൈവം തന്റെ വചനം നിറവേറ്റാൻ അക്ഷമനായി കാത്തിരിക്കുകയാണ് എന്ന് അവിടുന്നു ജറെമിയായോടു പറഞ്ഞു. യൂദായെ അവിടുന്ന് നശിപ്പിക്കും. മുമ്പുപറഞ്ഞ മൂന്നു ദർശനങ്ങളിൽനിന്നും വ്യത്യസ്തമായി

ഇവിടെ ദർശനത്തിൽ ദൈവം ഒന്നും ചെയ്യുന്നില്ല എന്നതു വ്യക്തം. ജറെമിയ കണ്ടതു മരത്തിന്റെ ശിഖരവും ചെരിഞ്ഞ പാത്രവും മാത്രം. എന്നാൽ ഈ പ്രതീകങ്ങളിൽ പ്രവാചകൻ പ്രസംഗിക്കേണ്ട സന്ദേശമുണ്ട്. ജറെമിയാ എന്തു ചെയ്യണമെന്ന് അവിടെ വ്യക്തമാക്കിയിരുന്നു.

രണ്ടാം ഏശയ്യ സ്വർഗ്ഗീയ ശബ്ദങ്ങളിലൂടെ മാത്രമാണു വിളി സ്വീകരിച്ചത്. ദൈവം നേരിട്ട് അദ്ദേഹത്തെ വിളിക്കുന്നുമില്ല. മിക്കായായെപ്പോലെ അദ്ദേഹം സ്വർഗ്ഗീയ സഭയിലായിരുന്നു. അവിടെ ജറൂസലേമിനെ ആശ്വസിപ്പിക്കുക എന്ന ദൈവത്തിന്റെ സ്വരം അദ്ദേഹം കേട്ടു (ഏശ 40:1-2). 2-ാമത്തെ സ്വരം ഒരു സ്വർഗ്ഗീയ ദൂതന്റെതായിരിക്കാം. കർത്താവിന്റെ വഴിയൊരുക്കുവിൻ അവന്റെ പാതകൾ നേരേയാക്കുവിൻ എന്ന കല്പനയായിരുന്നു അത്. ബാബിലോണിൽനിന്നു തിരച്ചുവരാൻ പോകുന്ന രാജാവായ ദൈവത്തിന് വഴിയൊരുക്കുക എന്നതാണു കല്പനയുടെ ഉള്ളടക്കം. ദൈവം തന്റെ മഹത്വം സകലജനത്തിനും മുമ്പിൽ പ്രദർശിപ്പിക്കാൻ പോവുകയാണ് (40:3-5). അതു പ്രവാചകനു നല്കിയതു പ്രഘോഷിക്കാനുള്ള കൽപ്പനയായിരുന്നു. എന്തു പ്രഘോഷിക്കണം എന്ന് അപ്പോൾ പ്രവാചകൻ ചോദിച്ചു. അതോടൊപ്പം മനുഷ്യ ജീവിതത്തിന്റെ നശ്വരതയും ദൈവവചനത്തിന്റെ നിത്യതയും അദ്ദേഹം ഏറ്റുപറഞ്ഞു (40:6-8). അതിനുശേഷമാണു പ്രവാചകൻ തന്റെ പ്രഘോഷണം ആരംഭിക്കുന്നത്.

നാം ഇതുവരെ കണ്ട വിവരണങ്ങളിൽ നിന്ന് ഒരു കാര്യം വ്യക്തമാണ്. ദൈവത്തിന് തന്റെ സന്ദേശമറിയിക്കാൻ വ്യത്യസ്തങ്ങളായ രീതികൾ ഉണ്ടായിരുന്നു. ദൈവം തന്റെ ചെവിയിൽ പറഞ്ഞു എന്ന് ഏശയ്യായും എസെക്കിയേലും പറയും (ഏശ 5:9; 22:14; എസെ 9:1,5). സ്വീകരിച്ച വചനം പ്രവാചകനിൽ വലിയ മാറ്റങ്ങൾ ഉളവാക്കി. അവ സ്വീകരിച്ചപ്പോൾ പ്രവാചകന്മാരുടെ സാമാന്യബോധം നഷ്ടമായിരുന്നില്ല. അവരതു ബോധപൂർവ്വമാണു സ്വീകരിച്ചത്. ഒരു സന്ദേശത്തിന്റെ വിവരണത്തിനുശേഷമോ വിവരണത്തിനാരംഭത്തിലോ കർത്താവരുളിച്ചെയ്തു (വചനം എന്റെയടുത്തു വന്നു) എന്നുമാത്രം പ്രവാചകൻ പറയുന്ന ഭാഗങ്ങൾ പലപ്പോഴും ഏതെങ്കിലും ഒരു ദർശനവുമായി ബന്ധപ്പെട്ടതായിരിക്കാം. ദർശനത്തിന്റെ പശ്ചാത്തലത്തിലാണ് കർത്താവ് തന്റെ വചനം നല്കിയത്. അതു കർത്താവിന്റെതാണെന്ന കാര്യത്തിൽ പ്രവാചകന്മാർക്കു യാതൊരു സംശയവും ഉണ്ടായിരുന്നില്ല.

ഒരു പ്രവാചകന്റെതല്ലെങ്കിലും ജോബിന്റെ സുഹൃത്തായ ഏലിഫാസിന്റെ വിവരണം പ്രവാചകന്മാർക്കുണ്ടായ ദർശനം എങ്ങനെയായിരുന്നുവെന്നു വിവരിക്കാൻ പര്യാപ്തമാണ്: (ജോബ് 4:12-17).

## പ്രവാചകന്റെ ഭാഷ

കർത്താവ് അരുളിച്ചെയ്യുന്നു എന്നു പറഞ്ഞുകൊണ്ടു ദൈവത്തിന്റെ വചനം നേരിട്ടറിയിക്കുന്നതിനു പുറമേ പലവിധ അടയാളങ്ങളിലൂടെയും പ്രതീകങ്ങളിലൂടെയും ഉപമകളിലൂടെയും ഉദാഹരണങ്ങളിലൂടെയും പ്രവാചകന്മാർ സംസാരിച്ചിരുന്നു. പാപം ചെയ്ത ദാവീദിനെ നാഥാൻ പ്രവാചകൻ അഭിമുഖീകരിക്കുന്നത് ഒരു കഥ പറഞ്ഞുകൊണ്ടാണ്





(2സാമു 11-12). മറ്റാരും കണ്ടിട്ടും അറിഞ്ഞിട്ടും ഇല്ലെന്നു ദാവീദ് കരുതിയ തിന്മ തന്റെ പ്രവാചക സിദ്ധിയാൽ നാഥാൻ കണ്ടു. ദൈവത്തിനു വേണ്ടി അദ്ദേഹം ദാവീദിനെ കുറ്റം വിധിക്കുകയും ചെയ്തു (2സാമു 12:17). മനുഷ്യന്റെ കഴിഞ്ഞകാലത്തിലെയും വർത്തമാനകാലത്തിലെയും പ്രവൃത്തികൾ നീതിപീഠത്തിൽ കൊണ്ടുവന്നു ദൈവത്തിന്റെ പേരിൽ അവരുടെമേൽ വിധി പ്രസ്താവിക്കുന്നവനാണു പ്രവാചകൻ (2സാമു 12:7-12). പ്രവാചകൻ ഇപ്രകാരം വിധിക്കുന്നത് അത് ശ്രവിക്കുന്നവന്റെ ഭാവിയിലേക്കു വെളിച്ചം വീശാനാണ്.

പ്രവാചകന്മാർ തങ്ങളുടെ പ്രത്യേകമായ ജീവിതശൈലിയിലൂടെ ദൈവവചനം പ്രസംഗിക്കുന്നതു പലപ്പോഴും കണാൻ കഴിയും. ഏശയ്യാ പ്രവാചകൻ ഈജിപ്തിനും എത്യോപ്യായ്ക്കും അടയാളവും മുന്നറിയിപ്പുമായി മൂന്നുവർഷം നഗ്നനായും ചെരുപ്പിടാതെയും ജറൂസലെമിലൂടെ നടന്നു (ഏശ 20:3). ഇസ്രായേലിന്റെ അടിമത്തം സൂചിപ്പിക്കാനായി ജറെമിയാ പ്രവാചകനോടു പരസ്യമായി ഒരു നുകവും വഹിച്ചുകൊണ്ടു നടക്കാൻ കർത്താവ് ആവശ്യപ്പെട്ടു (ജറെ 27). ഉടമ്പടിയിലൂടെ തന്റെ ഭർത്താവായിത്തീർന്ന കർത്താവിനെയും അവിടുത്തെ സ്നേഹവും ഉപേക്ഷിച്ച് ഇസ്രായേൽ അന്യദൈവങ്ങളുടെ പിന്നാലെ പോയപ്പോൾ ആ തിന്മയുടെ കാഠിന്യം അവർക്കു മനസ്സിലാക്കിക്കൊടുക്കാൻ ഹോസിയാപ്രവാചകൻ ഒരു വേശ്യയെ വിവാഹം കഴിക്കുകയും അവളെ ആത്മാർത്ഥമായി സ്നേഹിക്കുകയും ചെയ്യുന്നതു കാണാം (ഹോസി 1-3). തന്റെ ജീവിതത്തിലെ ഇത്തരത്തിലുള്ള അനേകം പ്രതീകങ്ങളിലൂടെയും അടയാളങ്ങളിലൂടെയും എസെക്കിയേൽ പ്രവാചകൻ സന്ദേശം നല്കുന്നുണ്ട് (3:22-27; 4:1-3; 4:4-8; 4:9-11; 4:12-15)

വാക്കുകൾക്കു സന്ദേശങ്ങൾ വിവരിക്കാൻ കഴിയാതെവരുന്ന അവസരങ്ങളിലാണു പ്രവാചകന്മാർ പ്രവൃത്തികളിലൂടെ തങ്ങളുടെ സന്ദേശം പകർന്നു നല്കാൻ ശ്രമിക്കുന്നത്. ജനത്തിന്റെ പാപം നിമിത്തം ഇനി അവരെ ഒരിക്കലും രക്ഷിക്കാനാവാത്തവിധം ചിതറിച്ചുകളയുമെന്നു ജറെമിയ സംസാരിച്ചതു പ്രതീകാത്മകമായി ഒരു മൺകലം ഉടച്ചുകൊണ്ടാണ് (ജെറ 19:1). ദൈവം ജനത്തെ പുനഃരുദ്ധരിക്കുമെന്നു കാണിക്കാൻ വിപ്രവാസം ഉറപ്പായിരുന്ന കാലത്തു ജറെമിയാ അനത്തോത്തിൽ ഒരു സ്ഥലം വാങ്ങുന്നുണ്ട് (ജറെ 32:6). ഈജിപ്തിന്റെയും എത്യോപ്യായുടെയും അടിമത്തവും വിപ്രവാസവും സുചിപ്പിച്ചുകൊണ്ട് ഏശയ്യ ചാക്കുവസ്ത്രം ധരിച്ചും നഗ്നപാദനായും മൂന്നു വർഷം നടന്നു (ഏശ 20:2 കാണുക ഏശ 8:1-4). ഇസ്രായേൽ രാജ്യത്തെ ദൈവം വിഭജിയ്ക്കുമെന്ന് അഹിയാ പ്രവാചകൻ ജെറോബൊവാമിനെ അറിയിച്ചതു തന്റെ പുതിയ അങ്കി 12 ആയി മുറിച്ചുകൊണ്ടാണ് (1രാജ 11:29-40). എസക്കിയേലിന്റെ ദൗത്യത്തിൽ ഉടനീളം ഇപ്രകാരമുള്ള പ്രതീകങ്ങളിലൂടെ പ്രവാചകൻ സംസാരിക്കുന്നത് കാണാം (4:1-15; 5:1-4; 12:1-16; 12:17-20; 21:8-13; 24:15-24; 33:21-22; 37:15-28). തങ്ങളുടെ സന്ദേശം ഫലപ്രദമായി പകർന്നുകൊടുക്കാനാണു പ്രവാചകന്മാർ വചനം ദൃശ്യമായി അവതരിപ്പിച്ചത്. അങ്ങനെ അവർ ഭാവിയെ വർത്തമാനത്തിലേക്കു കൊണ്ടുവന്നു. അപ്പോൾ പ്രതീകമല്ല അതിന്റെ അർത്ഥമാണു കേൾവിക്കാരെ ഞെട്ടിച്ചത്.

## പ്രവാചകന്മാരുടെ പ്രവർത്തനത്തിന്റെ ദൈർഘ്യം

വിളി ലഭിക്കുമ്പോൾ സാധാരണയായി പ്രവാചകന് അശാന്തിയും ഭയവുമുണ്ടാകും എന്നു നാം കണ്ടു. എന്നാൽ, സാവധാനം അദ്ദേഹത്തിന്റെ ഇന്ദ്രിയങ്ങൾ ഉത്തേജിപ്പിക്കപ്പെടും. ഒരു പ്രവാചകനു പല ദർശനങ്ങളും ഉണ്ടായിരുന്നിരിക്കാം. എന്നാൽ ആമോസിനെപ്പോലുള്ള പ്രവാചകന്മാർക്ക് ഒരു ദൗത്യമേ ഉണ്ടായിരുന്നുള്ളൂ (ആമോ 7:15). അദ്ദേഹം എത്രനാൾ പ്രസംഗിച്ചു എന്ന് അറിയില്ല, ചിലപ്പോൾ മാസങ്ങൾ മാത്രം. പിന്നീടു ബേഥേലിലെ പുരോഹിതനായ അമാസിയ അദ്ദേഹത്തെ തിരിച്ചു നാട്ടിലേക്ക് അയച്ചിട്ടുണ്ടാകണം (ആമോ 7:10-17). ആമോസിൽ നിന്നു വ്യത്യസ്തമായി വളരെ നീണ്ടകാലം വ്യത്യസ്തമായ രാഷ്ട്രീയ സാഹചര്യങ്ങളിൽ വ്യതിരിക്തങ്ങളായ സന്ദേശങ്ങൾ പ്രസംഗിച്ച പ്രവാചകനാണ് ഏശയ്യ. എന്നാൽ ഓരോ അവസരത്തിലും തന്റെ സന്ദേശം നൽകിക്കഴിഞ്ഞപ്പോൾ അദ്ദേഹം ഏറ്റെടുത്ത ദൗത്യം പൂർത്തീകരിക്കപ്പെട്ടു കഴിഞ്ഞിരിക്കണം. ഇതിൽ നിന്നെല്ലാം വ്യത്യസ്തമായി തന്റെ ജീവിതകാലം മുഴുവൻ നീണ്ടുനിന്ന ഒരു ദൗത്യമായിരുന്നു ജറെമിയായുടെത്.

പ്രവാചകന്റെ ജീവിതവും വിചാരങ്ങളും ചിന്തകളും കർത്താവിനു ജനത്തോടുള്ള വികാരത്തിന്റെ വ്യതിയാനങ്ങളനുസരിച്ചു മാറ്റപ്പെട്ടിരുന്നു. ഇതു ജറെമിയായെ ക്ഷീണിതനാക്കി. വിവാഹം കഴിക്കാൻപോലും അനുവദിക്കാതെ ജറെമിയായുടെ ജീവിതത്തിന്റെ നിയന്ത്രണം മുഴുവൻ ദൈവം ഏറ്റെടുത്തു. ഒരു ദർശനത്തിനുവേണ്ടി അനേക ദിവസങ്ങൾ കാത്തിരിക്കേണ്ടിവന്നിട്ടുണ്ടെന്നു ജറെമിയാ പറയുന്നു (ജറെ 28:12; 42:7). രണ്ടാം ഏശയ്യാക്കാകട്ടെ എല്ലാം ദിവസവും ദൈവിക സന്ദേശം ലഭിച്ചിരുന്നു (ഏശ 50:4). അദ്ദേഹം നിരന്തരം ദൈവവുമായി സമ്പർക്കത്തിലായിരുന്നു.

## പ്രവാചകഗണങ്ങൾ

സാമുവലിന്റെ കാലംമുതൽ രാജഭരണകാലം അവസാനിയ്ക്കുന്നതുവരെ പല പ്രവാചകഗണങ്ങളെയും കാണാൻ കഴിയും (1സാമു 10:5; 19: 18-24; 2രാജ 2:3, 5, 7; 2രാജ 9:1). ആഹാബിന്റെ രാജകൊട്ടാരത്തിൽ അദ്ദേഹത്തിന്റെ ഫിനീഷ്യാക്കാരി ജെസെബൽ പോറ്റിയിരുന്ന ബാൽദേവന്റെ 450 പ്രവാചകന്മാരും അഷേറാ ദേവതയുടെ 400 പ്രവാചകന്മാരും ഉണ്ടായിരുന്നു (1രാജ 19:19). നാം ആദ്യം വായിച്ച മിക്കായ പ്രവാചകന്റെ വിവരണത്തിൽ 400 പ്രവാചകൻമാർ പ്രവചിക്കുന്നതു കാണാം (1രാജ 22:5). ഏലിയായുടെയും ഏലീഷായുടെയും സാമുവലിന്റെയും വിവരണങ്ങളോട് ചേർന്നു പല പ്രവാചക ഗണങ്ങളെ കാണാം (1രാജ 18:4; 2രാജ 2:3, 5, 7, 15; 4:5; 9:1-6). ഈ ഗണങ്ങൾ പലപ്പോഴും ആരാധനാലയങ്ങളോടു ബന്ധപ്പെട്ടാണു കഴിഞ്ഞിരുന്നത്. ദൈവത്തിന്റെ പ്രതിനിധിയായ രാജാവിനോടും ദൈവത്തിന്റെ വെളിപാടിന്റെ സ്ഥലമായ ആരാധനാലയത്തിലെ പുരോഹിതനോടും ചേർന്നു പ്രവർത്തിയ്ക്കേണ്ട ഒരു ദൗത്യമായിരുന്നു ഓരോ കാലഘട്ടത്തിലും പ്രത്യേക ദൗത്യങ്ങൾക്കായി വിളിക്കപ്പെട്ട പ്രവാചകന്മാർക്കുണ്ടായിരുന്നത് (ആമോ 7:10-17). ഈ പ്രവാചകഗണങ്ങൾ ഒരു ഗുരുവിന്റെ കീഴിൽ ധ്യാനപരിശീലനം നേടുകയും രാജാവിനോടും പുരോഹിതരോടും സമൂഹത്തിന്റെ പാരമ്പര്യങ്ങളോടും





ചേർന്നു പ്രവർത്തിയ്ക്കുന്നതിനുവേണ്ടി തങ്ങളെത്തന്നെ ഒരുക്കുകയും ചെയ്തിരുന്നു എന്നുവേണം കരുതാൻ.

അവർ സാമാന്യജനങ്ങളിൽനിന്നു വേർപ്പെട്ടു ജീവിച്ചുവന്നു. അവരുടെയിടയിൽ ഒരു സമൂഹജീവിതം ഉണ്ടായിരുന്നിരിക്കണം. ജെറീക്കോയിലെ പ്രവാചകഗണങ്ങളെക്കുറിച്ചു പല കാര്യങ്ങളും വചനം പറയുന്നുണ്ട് (2രാജ 2:3; 4:38-41, 42-44). ഈ പ്രവാചകന്മാർ ഒരുമിച്ചു ഭക്ഷിക്കുകയും പാടുകയും നൃത്തം ചെയ്യുകയും ധ്യാനിക്കുകയും ചെയ്തു. തങ്ങളുടെ നേതാവിനെ അവരുടെ പിതാവായി അവർ കരുതി. അദ്ദേഹത്തിന്റെ കാലശേഷം സമൂഹത്തിൽനിന്നു മറ്റൊരാൾ ആ സ്ഥാനം ഏറ്റെടുത്തു (2രാജ 2:16; 6:12; 13:4).

## പ്രവാചകഗ്രന്ഥങ്ങൾ

നമ്മുടെ ബൈബിളിൽ 18 പ്രവാചകഗ്രന്ഥങ്ങളാണുള്ളത്. ഇവയിലോരോന്നും ഓരോ പ്രവാചകന്റെ പേരിലാണറിയപ്പെടുന്നത് (വിലാപങ്ങളൊഴികെ). എന്നാൽ, പ്രവാചകന്മാരെല്ലാംതന്നെ പ്രസംഗകരായിരുന്നു. പ്രസംഗങ്ങളിലൂടെയും പ്രതീകാത്മക പ്രവൃത്തികളിലൂടെയുമാണ് അവർ തങ്ങളുടെ സന്ദേശങ്ങൾ കൈമാറിയിരുന്നത്. ഇസ്രായേലിലെ എല്ലാ പ്രവാചകന്മാരുടെയും പേരിൽ ഗ്രന്ഥങ്ങളില്ല എന്നു ബൈബിൾതന്നെ വ്യക്തമാക്കുന്നുണ്ട് (ഉദാ: നാഥാൻ, ഏലിയ, ഏലീഷാ). ഒരു പ്രവാചകന്റെ പ്രവചനങ്ങൾ എങ്ങനെയാണ് ഇന്നുകാണുന്ന തരത്തിലുള്ള ഗ്രന്ഥമായത് എന്നു വ്യക്തമല്ല. ചില അവസരങ്ങളിൽ ദൈവംതന്നെ പ്രവാചകനോടു താൻ കൊടുത്ത സന്ദേശം എഴുതി സൂക്ഷിക്കാൻ ആവശ്യപ്പെടുന്നുണ്ട് (ഏശ 30:8; ജെറ 30:2; എസെ 43:11; ഹബ 2:2). ചില പ്രവാചകന്മാർ തങ്ങളുടെ സന്ദേശം ഒരെഴുത്തുകാരനു പറഞ്ഞുകൊടുത്ത് എഴുതിച്ചിരുന്നു (ജറെ 36:4, 17-18, 32). ചില പ്രവാചകന്മാരുടെ കാര്യത്തിൽ അവരുടെ ശിഷ്യരായിരിക്കാം സന്ദേശങ്ങൾ സൂക്ഷിച്ചുവച്ചത് (ഏശ 8:16).

പല പ്രവാചകഗ്രന്ഥങ്ങളും ഇപ്പറഞ്ഞതിൽ പല ഘട്ടങ്ങളും കടന്നുവന്നിട്ടുള്ളവയാണ്. അനേകം പ്രവാചകന്മാരുണ്ടായിരുന്നതുകൊണ്ടും പലപ്പോഴും അവർ നൽകുന്ന സന്ദേശങ്ങൾക്കു കാലികമായിരുന്നതിനപ്പുറം പ്രാധാന്യം ലഭിക്കാതിരുന്നതുകൊണ്ടും ആ പ്രവാചകന്മാരുടെ സന്ദേശങ്ങൾ അവരോടൊപ്പം മൺമറഞ്ഞുപോയി. എന്നാൽ അവരിൽ പ്രഗല്ഭരും കാലത്തിന് അതീതമായ സന്ദേശങ്ങൾ നൽകിയവരും ജനത്തിന്റെ ഓർമ്മയിൽ മായാതെനിന്നു. ചിലരുടെ സന്ദേശങ്ങൾ അവർ ജീവിച്ചിരുന്ന കാലഘട്ടത്തിൽ ജനത്തിന് അസ്വീകാര്യമായിരുന്നെങ്കിലും അവർ പറഞ്ഞ കാര്യങ്ങൾ ചരിത്രത്തിൽ സംഭവിച്ചതു കണ്ടപ്പോൾ അദ്ദേഹം സത്യപ്രവാചകനായിരുന്നെന്ന് അവർക്കു മനസ്സിലായി. അപ്പോഴാണ് അദ്ദേഹത്തിന്റെ സന്ദേശങ്ങൾ ജനത്തിന്റെ ഓർമ്മയിൽനിന്ന് വീണ്ടെടുക്കാനുള്ള ശ്രമമുണ്ടായത്. ഒരു പ്രവാചകൻ പ്രസംഗിച്ചതിന്റെ അനേക വർഷങ്ങൾക്കുശേഷമോ അദ്ദേഹത്തിന്റെ മരണത്തിനു വർഷങ്ങൾക്കുശേഷമോ ആകാം ഇതു സംഭവിച്ചത്. (ഹഗ്ഗാ 1:1, 12; 2:10, 13, 14).

ഇപ്രകാരം തങ്ങളിൽനിന്നു വേർപിരിഞ്ഞുപോയ ഒരു പ്രവാചകന്റെയോ അല്ലെങ്കിൽ ഒരാളുടെ കഴിഞ്ഞ കാലജീവിതത്തിലെയോ സന്ദേശങ്ങൾ ക്രോഡീകരിക്കപ്പെട്ടപ്പോൾ അത് എഴുത്തുകാരനു ലഭ്യമായത

നുസരിച്ചാണ് അവ ചുരുളിലോ മറ്റോ എഴുതിവച്ചത്. അതിനാൽ ആ പ്രവാചകൻ പ്രസംഗിച്ച ക്രമത്തിലല്ല സന്ദേശങ്ങൾ എഴുതപ്പെട്ടത്. അതിനാൽത്തന്നെ ഒരു പ്രവാചകന്റെ ആദ്യകാലപ്രസംഗങ്ങൾ ആ ഗ്രന്ഥത്തിന്റെ അവസാനത്തിലും അവസാനത്തെതു ഗ്രന്ഥത്തിന്റെ ആദ്യത്തിലുമൊക്കെ പ്രത്യക്ഷപ്പെടാം. അതുകൊണ്ടുതന്നെയാണു ശിക്ഷയുടെയും രക്ഷയുടെയും സന്ദേശങ്ങൾ ഇടകലർന്നു പ്രവാചകഗ്രന്ഥങ്ങളിൽ പ്രത്യക്ഷപ്പെടുന്നത്.

ഉദാഹരണമായി യൂദാ രാജാവായ യഹോയാക്കിമിന്റെയും തുടർന്നുവന്ന സെദക്കിയായുടെയും കാലഘട്ടങ്ങളിൽ പ്രസംഗിച്ച പ്രവാചകനാണു ജറെമിയ. അദ്ദേഹത്തിന്റെ പല സന്ദേശങ്ങളുടെയും വ്യക്തമായ ചരിത്രപശ്ചാത്തലം നമുക്കു ലഭ്യമല്ലെങ്കിലും ജറെ 25, 36, 45 അദ്ധ്യായങ്ങളിലെ സന്ദേശങ്ങൾ ബി. സി. 605 ൽ യഹോയാക്കിമിന്റെ ഭരണകാലത്തു പ്രസംഗിക്കപ്പെട്ടതാണ്. ജറെ 26-ാം അദ്ധ്യായം 609 ൽ അതേ രാജാവിന്റെ കാലത്തും ജറെ 28 (594ൽ) ജറെ 37 (588 ൽ) സെദക്കിയായുടെ ഭരണകാലത്തും നല്കപ്പെട്ടതാണ്. എന്നിരുന്നാൽത്തന്നെയും ഒരേ വിധത്തിലുള്ള സന്ദേശങ്ങൾ ഒരുമിച്ചു ചേർത്തുവയ്ക്കാനുള്ള ഒരു പരിശ്രമം ചില ഗ്രന്ഥങ്ങളുടെ ചില ഭാഗങ്ങളിൽക്കാണാം (ഉദാ. ഏശ 13-17).

ചരിത്രപരമായ വിലയിരുത്തലുകളില്ലാതെ ക്രോഡീകരിക്കപ്പെട്ടിരിക്കുന്നതിനാൽ പ്രവാചകഗ്രന്ഥങ്ങളിൽ പൊതുവേ ചരിത്ര വിവരണങ്ങളോ തുടർച്ചയായ അവതരണമോ ലഭ്യമല്ല. മാത്രമല്ല പ്രവാചകൻ ഒരു സന്ദേശം നല്കിയ ചരിത്രപശ്ചാത്തലം വിവരിക്കാത്തതിനാൽ പല പ്രസംഗങ്ങളുടെയും പശ്ചാത്തലമെന്തെന്ന് ആ സന്ദേശത്തിൽനിന്നുതന്നെ കണ്ടെത്തേണ്ടിവരും. "കർത്താവ് അരുൾച്ചെയ്തു," "ഇസ്രായേലേ, കേൾക്കുക" മുതലായ വാക്യങ്ങൾ സാധാരണയായി പുതിയ ഒരു സന്ദേശത്തിന്റെ ആരംഭം സൂചിപ്പിക്കുന്നു. ഇസ്രായേലിന്റെ അയൽരാജ്യങ്ങളിലും പ്രവാചകന്മാർ ഉണ്ടായിരുന്നുവെങ്കിലും ഒരു പ്രവാചകന്റെ പേരിൽ ഒരു ഗ്രന്ഥം രൂപീകൃതമാകുന്ന പാരമ്പര്യം ഇസ്രായേലിന്റെ മാത്രം സവിശേഷതയാണ്.

## ബൈബിളിലെ പ്രവാചകഗ്രന്ഥങ്ങൾ

യഹൂദപാരമ്പര്യം ബൈബിളിനെ മൂന്നായി തിരിച്ചിരിക്കുന്നു: നിയമം, പ്രവാചകന്മാർ, ലിഖിതങ്ങൾ. നിയമം പ്രപഞ്ചസൃഷ്ടിയും ഇസ്രായേലിന്റെ ഉദ്ഭവവും മനുഷ്യപാപവും പിതാക്കന്മാരുടെ ചരിത്രവും ഈജിപ്തിൽനിന്നുള്ള മോചനവും അതിനുശേഷം സീനായ് മലയിൽവെച്ച് ഇസ്രായേലിനു നിയമം ലഭിക്കുന്നതെങ്ങനെയെന്നും വിവരിക്കുന്നു. മോശയുടെ അന്ത്യപ്രഭാഷണമായ നിയമാവർത്തനത്തോടെ നിയമഗ്രന്ഥം അവസാനിയ്ക്കുന്നു. തുടർന്നു വരുന്ന പ്രവാചകഗ്രന്ഥങ്ങളെ മുൻകാല പ്രവാചകന്മാരെന്നും (ജോഷ്വാ - 2രാജാക്കന്മാർ) പിൽക്കാല പ്രവാചകന്മാരെന്നും (ഏശയ്യാ - മലാക്കി) രണ്ടായി തിരിക്കാം. മോശയുടെ നിയമം ചരിത്രത്തിൽ വിശദീകരിക്കപ്പെട്ടതെങ്ങനെ എന്നാണു പ്രവാചകന്മാർ വിവരിക്കുന്നതെന്നു പറയാൻ കഴിയും. മുൻകാല പ്രവാചകന്മാരെന്നറിയപ്പെടുന്ന ഗ്രന്ഥങ്ങളിൽ പല പ്രവാചകന്മാരും പ്രത്യക്ഷ





പ്പെടുന്നുണ്ടെങ്കിലും അവരുടെ പ്രസംഗങ്ങളായിട്ടല്ല അവരെക്കുറിച്ചുള്ള വിവരണങ്ങളായിട്ടാണു വി. ഗ്രന്ഥകർത്താവ് അവരെ അവതരിപ്പിച്ചിരിക്കുന്നത്. ഇസ്രായേലിന്റെ ചരിത്രത്തിന്റെ ഭാഗമായാണ് അവർ പ്രത്യക്ഷപ്പെടുന്നത്. ഏശയ്യാ മുതൽ മലാക്കിയാസ് വരെയുള്ള പിൽക്കാല പ്രവാചകന്മാരെല്ലാവരും മുൻകാല പ്രവാചകന്മാർക്കുശേഷം വന്നവരല്ല. മറിച്ച്, അവരുടെയെല്ലാം പേരുകളിൽ അവരുടെ പ്രസംഗങ്ങളും അവരെക്കുറിച്ചുള്ള വിവരണങ്ങളും ഒരുമിച്ചു ചേർത്ത് ഓരോ ഗ്രന്ഥങ്ങൾ രൂപപ്പെട്ടു എന്നുമാത്രം.

പ്രവാചകന്മാർ ദൈവത്തിന്റെ നിയമം പ്രസംഗിക്കുകയും കാലാനുസൃതം അത് വ്യാഖ്യാനിക്കുകയും ചെയ്തവരായതുകൊണ്ടു യഹൂദപാരമ്പര്യം നിയമത്തിനുശേഷം തുടർച്ചയായ ചരിത്രം വിവരിക്കുന്ന മുൻകാലപ്രവാചകന്മാരെയും തുടർന്ന് ആ ചരിത്രകാലഘട്ടത്തിൽ പ്രശോഭിക്കുന്ന പിൽക്കാലപ്രവാചകന്മാരെയും വിവരിച്ചതിനു ശേഷമാണു ലിഖിതങ്ങളെന്നറിയപ്പെടുന്ന ജ്ഞാനഗ്രന്ഥങ്ങൾ ബൈബിളിനോടു ചേർത്തു വച്ചത്. അതായത്, യഹൂദ ബൈബിളിലെ ക്രമമനുസരിച്ചു നിയമം, മുൻകാല പ്രവാചകന്മാർ, പിൽകാല പ്രവാചകന്മാർ, ലിഖിതങ്ങൾ എന്നാണു വരിക. എന്നാൽ, ക്രിസ്തുവിനു മുമ്പു മൂന്നു-രണ്ടു നൂറ്റാണ്ടുകളിൽ ഈജിപ്തിലെ യഹൂദർക്കുവേണ്ടി ബൈബിളിന്റെ ഗ്രീക്കുതർജ്ജമ ചെയ്തവർ (സപ്തതി) ഈ ക്രമത്തിൽ മാറ്റം വരുത്തുകയും പിൽക്കാല പ്രവാചകന്മാരെ ബൈബിളിന്റെ ഏറ്റവും അവസാന ഭാഗത്തേക്കു മാറ്റി ക്രമീകരിക്കുകയും ചെയ്തു. അതുകൊണ്ടു സപ്തതിയിലെ ക്രമം നിയമം, മുൻകാല പ്രവാചകന്മാർ, ജ്ഞാനഗ്രന്ഥങ്ങൾ, പിൽക്കാല പ്രവാചകന്മാർ എന്നതാണ്.

ആദിമസഭ യഹൂദരാജ്യമായ യൂദായുടെ അതിർത്തിക്കു പുറത്തേക്കു വ്യാപിച്ചപ്പോൾ ഇസ്രായേലിന്റെ വചനഗ്രന്ഥഭാഷയായ ഹീബ്രുവിലെഴുതപ്പെട്ട ഗ്രന്ഥം ഉപയോഗിക്കുക എന്നത് അപ്രായോഗികമായി. എന്നാൽ ഗ്രീക്കുഭാഷ അന്ന് അന്തർദേശീയ തലത്തിൽ ഉപയോഗത്തിലിരിക്കുകയും ചെയ്തിരുന്നു. അതുകൊണ്ടു പാലസ്തീനായുടെ പുറത്തേക്കു സഭ വളർന്നു പന്തലിക്കുകയും പാലസ്തീനായിലെതിനെക്കാൾ വലിയൊരു സമൂഹം പുറത്തു ജന്മമെടുക്കുകയും ചെയ്തപ്പോൾ ഈ രാജ്യങ്ങളിലുള്ളവർക്കെല്ലം ഗ്രഹിക്കാൻ പ്രായോഗികമായി എളുപ്പമായിരുന്ന ഗ്രീക്കു ബൈബിളാണു സഭ ഉപയോഗിച്ചത്. ഗ്രീക്കുബൈബിൾ അങ്ങനെ സഭയുടെ വചനഗ്രന്ഥമായി മാറി. അതിലെ ഗ്രന്ഥങ്ങളുടെ ക്രമവും അതിൽ അധികമായി ഉണ്ടായിരുന്ന ഗ്രന്ഥങ്ങളും (73) അങ്ങനെ സഭയുടെ ബൈബിളിന്റെ ക്രമവും ഭാഗവുമായി. അതുകൊണ്ട് സഭയുടെ ബൈബിളിലെ ക്രമം ഇങ്ങനെയാണ്: നിയമം, മുൻകാലപ്രവാചകന്മാർ, ലിഖിതങ്ങൾ, പിൽക്കാലപ്രവാചകന്മാർ, പുതിയനിയനിയമം. മാത്രമല്ല, പുതിയ നിയമത്തെ പഴയനിയമ പ്രവചനങ്ങളുടെ പൂർത്തീകരണമായാണു സഭ കണ്ടത്. അതുകൊണ്ടു പ്രവാചകന്മാർ പുതിയ നിയമത്തിലെ സുവിശേഷങ്ങളോട് (ക്രിസ്തുവിനോട്) ഏറ്റവുമടുത്തു നിൽക്കുന്നതു യുക്തമാണെന്ന് അവർ കരുതിയിരുന്നിരിക്കണം.

## ബൈബിളിലെ പ്രവാചകന്മാർ

ബൈബിളിൽ 18 പ്രവാചക ഗ്രന്ഥങ്ങളും ആയിരക്കണക്കിനു പ്രവാചകന്മാരുമുണ്ട്. ഇവയിൽ ബൈബിൾ വ്യക്തമായി പ്രവാചകന്മാർ എന്നു വ്യക്തിപരമായി വിളിക്കുന്ന വചനപ്രഘോഷകരെക്കുറിച്ചു ചുരുക്കമായി വിവരിക്കുകയെന്നതാണ് താഴെവരുന്ന വിവരണങ്ങൾ ലക്ഷ്യമിടുന്നത്. രക്ഷാകരചരിത്രം ചുരുളഴിയുന്നതനുസരിച്ചു ബൈബിളിൽ പ്രത്യക്ഷപ്പെടുന്ന സത്യപ്രവാചകന്മാരുടെ ക്രമമനുസരിച്ചാണു വിവരണങ്ങൾ. പഴയനിയമത്തിന്റെ ആരംഭം മുതൽ സഭയുടെ ആരംഭം വിവരിക്കുന്ന അപ്പസ്തോലപ്രവർത്തനങ്ങളിൽ പ്രവർത്തനനിരതമാകുന്ന ദൈവമനുഷ്യർ വരെയുള്ള പ്രവാചന്മാരെക്കുറിച്ച് ഇവിടെ ചുരുക്കമായി വിവരിക്കുന്നു.

ചരിത്രപരമായ പശ്ചാത്തലത്തിൽ നിന്നുകൊണ്ട് ബൈബിളിലെ പ്രവാചകന്മാരെ പതിനൊന്നു വിഭാഗങ്ങളായി തിരിക്കാം: I. പഞ്ചഗ്രന്ഥത്തിലെ പ്രവാചകന്മാർ, II. ഇസ്രായേലിൽ രാജവാഴ്ച്ച ആരംഭിക്കുന്നതിനുമുമ്പ് ദൗത്യം നിർവ്വഹിച്ച പ്രവാചകന്മാർ, III. അവിഭക്ത രാജ്യത്തിലെ പ്രവാചകന്മാർ, IV. വടക്കൻ രാജ്യമായ ഇസ്രായേലിലെ പ്രവാചകന്മാർ, V. തെക്കൻ രാജ്യമായ യൂദായിലെ പ്രവാചകന്മാർ, VI. ബാബിലോൺ പ്രവാസകാലത്തെ പ്രവാചകന്മാർ, VII. വിപ്രവാസകാലശേഷമുണ്ടായ പ്രവാചകന്മാർ, VIII. പശ്ചാത്തലം വ്യക്തമല്ലാത്ത ചില പ്രവാചകന്മാർ, IX. ദേവാലയ പ്രവാചകഗണങ്ങൾ, X. ഈശോയ്ക്ക് മുമ്പുവന്ന പുതിയനിയമ പ്രവാചകന്മാർ. ഇതു കൂടാതെ, ആദിമ സഭയിലെ പ്രവാചകന്മാരും പുതിയനിയമം പ്രവാചകന്മാരായി കരുതുന്ന മറ്റു പഴയനിയമ വ്യക്തികളുമുണ്ട്.



# 02

## പഞ്ചഗ്രന്ഥിയിലെ പ്രവാചകർ

പഞ്ചഗ്രന്ഥിയിലെ അബ്രാഹത്തിന്റെയും മോശയുടെയും മോശ തിരഞ്ഞെടുത്ത ശ്രേഷ്ഠന്മാരുടെയും പ്രവാചകശുശ്രൂഷയുടെ വിവരണങ്ങളാണ് ഈ അധ്യായത്തിലെ പ്രതിപാദ്യം.

### 1. അബ്രാഹം

ബൈബിളിന്റെ ചരിത്രവിഭജനമനുസരിച്ച് ഇസ്രായേൽ ജന്മമെടുക്കുന്നത് അബ്രാഹത്തിന്റെ വിളിയോടുകൂടിയാണ് (2000-1800 ബി. സി.). നിരന്തര പാപ ഫലമായി ലോകമെങ്ങും ചിതറിക്കപ്പെട്ട മനുഷ്യവർഗ്ഗത്തെ (ഉൽപ 11) രക്ഷിക്കുന്നതിനുവേണ്ടി ദൈവം ആവിഷ്ക്കരിച്ച രക്ഷാകര പദ്ധതിയുടെ ആരംഭമായിരുന്നു അബ്രാഹത്തിന്റെ വിളി. പാപത്തിനടിമയായിത്തീർന്ന മനുഷ്യനെ ദൈവഹിതമറിയിക്കാൻ തിരഞ്ഞെടുക്കപ്പെട്ട വ്യക്തിയായിരുന്നു അബ്രാഹം. മനുഷ്യനു ദൈവഹിതമെത്തിച്ചു കൊടുക്കുന്ന വ്യക്തിയെ വചനം പ്രവാചകനെന്നു വിളിക്കുന്നു. അബ്രാഹത്തിലാരംഭിക്കുന്ന ഇസ്രായേൽ ചരിത്രം അബ്രാഹത്തിനെത്തന്നെയാണ് ആദ്യമായി പ്രവാചകനെന്നു വിളിക്കുന്നത് (ഉൽപ 20:7).

അബ്രാഹം ഗെരാറിലെ അബിമെലെക്കിന്റെ രാജ്യത്ത് എത്തിയപ്പോൾ സാറായെ തന്റെ സഹോദരിയായി അവതരിപ്പിച്ചതാണു പശ്ചാത്തലം. ഗെരാറിലെ രാജാവായ അബിമെലെക്ക് സാറായെ സ്വന്തമാക്കുകയും അവളെ തന്റെ കൊട്ടാരത്തിലേക്കാനിയിക്കുകയും ചെയ്തു. എന്നാൽ അബിമെലെക്ക് നീതിമാനായിരുന്നതുകൊണ്ടു സാറായെ ഭാര്യയാക്കുന്നതിൽനിന്നു ദൈവം അദ്ദേഹത്തെ

തടഞ്ഞു. ഒരു ദർശനത്തിൽ ദൈവം അദ്ദേഹത്തോടു കാര്യങ്ങൾ വിശദീകരിക്കുകയും സാറായെ തിരച്ചേൽപ്പിക്കാൻ കല്പിക്കുകയും ചെയ്തു. എന്നാൽ സാറായെ പ്രതി ഗെരാറിലെ സ്ത്രീകളെയെല്ലാം കർത്താവു വന്ധ്യകളാക്കിക്കഴിഞ്ഞിരുന്നു. അതിന് പരിഹാരമുണ്ടാകണമെങ്കിൽ പ്രവാചകനായ അബ്രാഹം തന്നോടു അവർക്കുവേണ്ടി മാദ്ധ്യസ്ഥ്യം അപേക്ഷിക്കണമെന്നു ദൈവം അബിമെലെക്കിനെ അറിയിച്ചു (ഉൽപ 20:1-18).

ഈ സംഭവത്തിൽ നിന്നു നാലു കാര്യങ്ങൾ വ്യക്തമാണ്: 1. അബ്രാഹത്തെ പ്രവാചകനായി കണക്കാക്കുന്നതു ദൈവം തന്നെയാകയാൽ മറ്റൊരഭിപ്രായത്തിനു പ്രസക്തി കുറവാണ്. 2. പ്രവാചകന്റെ പ്രധാന ദൗത്യം മനുഷ്യനുവേണ്ടി ദൈവസന്നിധിയിൽ മാദ്ധ്യസ്ഥ്യം വഹിക്കുകയാണ് 3. പ്രവാചകന്റെ മാദ്ധ്യസ്ഥ്യത്തിനു ദൈവത്തിന്റെ മനസ്സിനെ സ്വാധീനിക്കാനും ജനത്തെ ശിക്ഷയിൽനിന്ന് രക്ഷിക്കാനും കഴിയും. ഇതു സോദോം ഗോമോറ സംഭവത്തിന്റെ വിവരണത്തിലും വ്യക്തമാണ്. അബ്രാഹത്തിന്റെ മാദ്ധ്യസ്ഥ്യമനുസരിച്ചു തന്റെ മനസ്സുമാറ്റാൻ ദൈവം തയ്യാറായിരുന്നു (ഉൽപ 18). വാസ്തവത്തിൽ അബ്രാഹത്തിലൂടെ ഭൂമുഖത്തെ ജനമെല്ലാം അനുഗൃഹീതമാകും എന്ന ദൈവത്തിന്റെ വാഗ്ദാനത്തിന്റെ പൂർത്തീകരണമായിരുന്നു വിജാതീയനായ അബിമെലെക്കിനു ലഭിച്ച ഈ രക്ഷ. പ്രവാചകനെന്ന നിലയിൽ അദ്ദേഹത്തിന് അബിമെലെക്കിനും അദ്ദേഹത്തിന്റെ രാജ്യത്തിനുംവേണ്ടി മാദ്ധ്യസ്ഥ്യമപേക്ഷിക്കാൻ സാധിച്ചു. അബ്രാഹം പ്രവാചകനായിരുന്നതിനാൽ ദൈവം അദ്ദേഹത്തിന്റെ മദ്ധ്യസ്ഥപ്രാർത്ഥന കേൾക്കുകയും അബിമെലെക്കിനെയും ഭാര്യയെയും വേലക്കാരെയും സുഖപ്പെടുത്തുകയും ചെയ്തു (ഉൽപ 20:17).

**വിചിന്തനം:** ദൈവജനത്തിലൊരുവനായിരുക്കണം ഒരു പ്രവാചകൻ. ദൈവജനത്തിന്റെ പൂർവ്വപിതാവുതന്നെയും പ്രവാചകനാണ്. താൻ ശത്രുവായിക്കരുതി ഭയപ്പെട്ട രാജാവിനുവേണ്ടി മദ്ധ്യസ്ഥപ്രാർത്ഥന നടത്തിയാണ് അബ്രാഹം തന്റെ പ്രവാചകദൗത്യം നിറവേറ്റിയത്. ദൈവം രക്ഷിക്കാൻ ആഗ്രഹിക്കുന്ന നമ്മുടെ സർവ്വശത്രുക്കൾക്കും വേണ്ടി പ്രാർത്ഥിക്കാൻ വിശ്വാസികളുടെ പിതാവും പ്രവാചകനുമായ അബ്രാഹം നമ്മെ പ്രചോദിപ്പിക്കുന്നു.

## 2. മിരിയാം

പ്രവാചകന്മാർക്കു ദൈവഹിതമറിയാൻ കഴിയും. അവർക്കു ദൈവത്തിന്റെ പ്രവൃത്തികൾ കാണാനും കഴിയും. ഈ അർത്ഥത്തിൽ ദൈവം ചെങ്കടലിൽ പ്രവർത്തിച്ച മഹാത്ഭുതം ഗ്രഹിച്ചു ദൈവത്തെ പാടിസ്തുതിച്ച മോശയുടെ സഹോദരിയായ മിരിയാമിനെ പുറപ്പാടു പുസ്തകം പ്രവാചിക എന്നാണു വിളിക്കുന്നത് (പുറ 7:1, മിക്ക 6:4 കാണുക.).

**വിചിന്തനം:** ഇസ്രായേൽക്കാർ അനേകരായിരുന്നെങ്കിലും അവരുടെ ജീവിതത്തിലുണ്ടായ ദൈവത്തിന്റെ അത്ഭുതകരവും രക്ഷാകരവുമായ ഇടപെടൽ കാണാനും അവയെക്കുറിച്ചു ദൈവത്തെ സ്തുതിക്കാനും കഴിഞ്ഞതു പ്രവാചകചൈതന്യമുണ്ടായിരുന്ന മിരിയാമിനു മാത്രമാണ്. പ്രവാചകചൈതന്യമുള്ളിടത്താണു ദൈവസ്തുതി ഉണ്ടാകുന്നത്.





## 3. എഴുപത് ശ്രേഷ്ഠന്മാരും പ്രവാചകദൗത്യത്തിലെ അരൂപിയുടെ പ്രവർത്തനവും

ചില പണ്ഡിതമാർ സംഖ്യയുടെ പുസ്തകത്തിലാണ് ഇസ്രായേലിലെ പ്രവാചക ദൗത്യത്തിന്റെ ആരംഭം കാണുന്നത് എന്നു നാം കണ്ടു. ഇസ്രായേലിന്റെ മരുഭൂമിയാത്രയുടെ അവസരത്തിൽ സമൂഹത്തിലെ അംഗങ്ങൾക്കിടയിലുള്ള പ്രശ്നങ്ങളുടെ എണ്ണം അധികമായപ്പോൾ ഇവ പരിഹരിക്കുന്നതിനു മോശക്കു സഹായികളായി ആളുകളെ നിയോഗിക്കാൻ ദൈവം തീരുമാനിച്ചു. ദൈവത്തിന്റെ കൽപ്പനയനുസരിച്ചു മോശ ഇസ്രായേലിലെ 70 ശ്രേഷ്ഠന്മാരെ സമാഗമകൂടാരത്തിനു മുന്നിൽ കൊണ്ടുവരികയും ദൈവം മോശയിലുള്ള ആത്മാവിന്റെ ഒരു ഭാഗം എടുത്ത് അവർക്കു നൽകുകയും ചെയ്തു. അപ്പോൾ അവർ പ്രവചിച്ചു (സംഖ്യ 11:26-30). പ്രവാചക ദൗത്യത്തിൽ ദൈവാത്മാവിന്റെ സാന്നിധ്യത്തിന്റെ പ്രാധാന്യമാണിവിടെ എടുത്തു കാണിക്കുന്നത്. എന്നാൽ, പിന്നീടൊരിക്കലും അവർ പ്രവചിച്ചിട്ടില്ല എന്നും വചനം കൂട്ടിച്ചേർക്കുന്നുണ്ട്. സമാഗമകൂടാരവാതിൽക്കൽ വരാത്ത എൽദാദും മെദാദും ആത്മാവു വർഷിക്കപ്പെട്ടപ്പോൾ അവരവരുടെ കൂടാരങ്ങളിൽ പ്രവചിച്ചുവെന്നതു ശ്രദ്ധേയമാണ്.

ദൈവത്തിന്റെ അരൂപി ആവസിക്കുന്നതിലൂടെയാണ് ഒരാൾ പ്രവാചകനായി മാറുന്നത് എന്നാണ് ചില വിവരണങ്ങൾ കാണിക്കുന്നത് (സംഖ്യ 11:25-26; 2രാജ 3:15; എസെ 2:2; 8:3, 7, 14, 16, 11:1, 5, 24; 37; ജോയേ 2:28; ഏശ 48:16; മിക്ക 3:8). എന്നാൽ ദൈവത്തിന്റെ കരം എന്റെ മേൽ വന്നു എന്നു പ്രവാചകൻ വിവരിക്കുന്ന വചനഭാഗങ്ങളുമുണ്ട് (1രാജ 18:46 ജെറ 15:17). അരൂപി പ്രവാചകനെ വിശുദ്ധീകരിക്കുന്നു. തത്ഫലമായി പ്രവാചകനിൽ ദൈവവചനത്തിനു പ്രവേശിക്കാൻ കഴിയുന്നു. ദൈവവചനത്തിന്റെ സ്വീകരണവും പ്രഘോഷണവും ആഘോഷവുമാണു പ്രവാചകദൗത്യത്തിന്റെ കാതൽ. ഇതിന് മുന്നോടിയായാണ് അരൂപി പ്രവാചകനിൽ വരുന്നതും പ്രവാചകനെ അശുദ്ധിയിൽനിന്നു ശുദ്ധീകരിക്കുന്നതും (ഏശ 6:7). ശുദ്ധീകരിക്കപ്പെട്ടു കഴിയുമ്പോൾ വചനം ശ്രവിക്കാനും ഗ്രഹിക്കാനും പ്രവാചകൻ കഴിവുറ്റവനായിത്തീരും: "ദൈവമായ കർത്താവ് എൻെറ കാതുകൾ തുറന്നു. ഞാൻ എതിർക്കുകയോ പിൻമാറുകയോ ചെയ്തില്ല" (ഏശ 50:5).

എസെക്കിയേലിനോടു വചനം ഭക്ഷിക്കാൻ ദൈവം കല്പിച്ചു (എസെ 3:1). വിളി സ്വീകരിച്ചു ശുദ്ധീകരിക്കപ്പെട്ട പ്രവാചകനോടു ദൈവത്തിനു കാര്യക്ഷമമായി സംസാരിക്കാൻ കഴിയും: "കർത്താവു സാമുവലിനോട് അരുൾച്ചെയ്തു" (1 സാമു 15:10) "കർത്താവു നാഥാനോട് അരുൾച്ചെയ്തു" (2 സാമു 7:4), "ഗാദ് പ്രവാചകനോടു കർത്താവ് അരുൾച്ചെയ്തു" (2 സാമു 24:11), "ഷെമായായോടു കർത്താവ് അരുൾച്ചെയ്തു" (1 രാജ 12:22). ദൈവാത്മാവിന്റെ സാന്നിദ്ധ്യമാണ് ദൈവവചനശ്രവണത്തിന് മനുഷ്യനെ കഴിവുറ്റവനാക്കുന്നത്. ദൈവാത്മാവു പ്രവാചകനിൽ വസിച്ചുകൊണ്ടു ദൈവം അവനിലൂടെ സംസാരിക്കുന്നു എന്നതാണു വചനത്തിന്റെ ഉൾക്കാഴ്ച്ച.

**വിചിന്തനം:** ഒരു വ്യക്തിയിലുള്ള ദൈവാത്മാവിന്റ സാന്നിധ്യവും ദൈവാത്മാവിന് അവന്റെമേലുള്ള സ്വാതന്ത്ര്യവുമാണ് അയാളെ പ്രവാചകനാക്കി മാറ്റുന്നത്. ദൈവാത്മാവിനാൽ നിറഞ്ഞവൻ

ആത്മാവും ജീവനുമായ വചനത്താലും നിറയും. ആത്മാവിനാൽ നിറയാതെ വചനം ഗ്രഹിക്കുകയും ദൈവികനീതി പ്രാവർത്തികമാക്കുകയും ചെയ്യുക അസാധ്യമാണ്.

## 4. ബാലാം

സംഖ്യയുടെ പുസ്തകത്തിൽ കാണുന്ന മറ്റൊരു പ്രവാചകനാണു വിജാതീയനായ ബാലാം (സംഖ്യ 22:2-24:25). മരുഭൂമിയാത്രയുടെ മദ്ധ്യേ ഇസ്രായേൽജനം യോർദ്ദാനക്കരെ പാളയമടിച്ചു. സംഖ്യാബലത്തിൽ മികച്ചുനിന്ന ഇസ്രായേലിനെ മൊവാബ് രാജാവായ ബാലാക് ഭയപ്പെട്ടു. യുദ്ധത്തിൽ ഇസ്രായേലിനെ ജയിക്കാൻ കഴിയുകയില്ല എന്നു കരുതിയ അദ്ദേഹം ആ നാട്ടിലെ പ്രവാചകനും അത്ഭുതപ്രവർത്തകനുമായ ബാലാമിനോട് ഇസ്രായേലിനെ തനിക്കുവേണ്ടി ശപിച്ച് ഇല്ലാതാക്കാൻ അപേക്ഷിച്ചു. അതിനു വലിയ പ്രതിഫലവും അദ്ദേഹം വാഗ്ദാനം ചെയ്തു (22:7). പ്രവാചകവൃത്തി ഒരു ജീവിതമാർഗ്ഗമായിരുന്നുവെന്ന് ഇത് അർത്ഥമാക്കുന്നുണ്ട്. ദൈവം പറയുന്നതുമാത്രമേ താൻ സംസാരിക്കൂ എന്നു ബാലാം ശഠിച്ചു (22:38-24:13). ദൈവത്തിനുവേണ്ടി മാത്രമേ ഒരു പ്രവാചകൻ സംസാരിക്കാവൂ.

സ്വന്തമായ താത്പര്യങ്ങളും ഇഷ്ടങ്ങളും ഉണ്ടായിരുന്നുവനാണെങ്കിലും ദൈവത്തെ ബഹുമാനിച്ചിരുന്ന ബാലാമിന്റെ നാവിൽ ഇസ്രായേലിന്റെ ദൈവമായ കർത്താവു തന്റെ അനുഗ്രഹത്തിന്റെ വചനങ്ങൾ നിക്ഷേപിക്കുകയും അദ്ദേഹം അത് ദൈവത്തിനുവേണ്ടി സംസാരിക്കുകയും ചെയ്തു (22:20). ബാലാം സംസാരിച്ചത് അദ്ദേഹം ദർശനത്തിൽ കണ്ട കാര്യങ്ങളാണ് (24:3-4).

ബാലാമിന്റെ കഥയിൽനിന്നു മൂന്നു കാര്യങ്ങൾ വ്യക്തമാണ്: 1. ദൈവം പറയുന്ന കാര്യങ്ങൾ പറയാൻ പ്രവാചകൻ ബാധ്യസ്ഥനാണ്. ഇസ്രായേലിനെ ശപിക്കാനാണു പുറപ്പെട്ടതെങ്കിലും ദൈവഹിതം മനസ്സിലാക്കിയ പ്രവാചകൻ തനിക്കു ലഭിക്കാമായിരുന്ന ഭൗതിക നന്മകളെല്ലാം പരിത്യജിച്ചുകൊണ്ട് അവരെ അനുഗ്രഹിക്കുകയാണു ചെയ്തത്. കാരണം, ദൈവാത്മാവും ദൈവവചനവും അദ്ദേഹത്തെ സ്വന്തമാക്കിക്കഴിഞ്ഞിരുന്നു. 2. ഇസ്രായേലിന്റെ ദൈവം സർവ്വാധികാരിയായ പ്രപഞ്ചനാഥനാണെന്നും ഏത് എതിർപ്പുകളെയും തരണം ചെയ്തു തന്റെ പദ്ധതികൾ നടപ്പാക്കാൻ ദൈവത്തിനു കഴിയുമെന്നും അവൻ അബ്രാഹത്തെയും അവന്റെ സന്തതികളെയും അനുഗ്രഹിക്കും എന്ന അവിടുത്തെ വാഗ്ദാനം പൂർത്തിയാക്കാൻ കഴിവുള്ളവനാണെന്നും ബാലാമിന്റെ അനുഭവം തെളിയിക്കുന്നു. ഇസ്രായേലിന്റെ ദൈവത്തിന്റെ വിശ്വസ്തതയായിരുന്നു എല്ലാ പ്രവാചകന്മാരുടെയും സന്ദേശങ്ങളുടെ അടിസ്ഥാനമായി നിന്നത്.

3. പുരാതനകാലത്ത് ഇസ്രായേലിലെന്നതുപോലെ അന്യജനങ്ങളുടെയിടയിലും പ്രവാചകന്മാരുണ്ടായിരുന്നുവെന്നും അവർ കാര്യക്ഷമമായി പ്രവർത്തിച്ചിരുന്നുവെന്നും എന്നാൽ അവരെ നയിക്കാൻപോലും ഇസ്രായേലിന്റെ ദൈവത്തിനു ശക്തിയുണ്ടായിരുന്നുവെന്നുമുള്ള ഗ്രന്ഥകാരന്റെ ഉൾക്കാഴ്ച്ച ഇവിടെ വ്യക്തമാകുന്നുണ്ട്. വിജാതീയരുടെയിടയിൽ പ്രവർത്തിച്ചിരുന്നവനായ ബാലാം അന്നുവരെ താനുപയോഗിച്ചുകൊണ്ടിരുന്ന പ്രവചന ഉപകരണങ്ങളുപേക്ഷിക്കുകയും ദൈവഹിതാനുസരണം മരുഭൂമിയിൽ താവളമടിച്ചിരുന്ന ഇസ്രായേലിനെ അനുഗ്രഹിക്കുകയും ചെയ്തു (സംഖ്യ 24:1-4). ദൈവത്തിന്റെ ഹിതം ഗ്രഹിച്ചവനും അവരുടെ





ഭാവി പ്രവചിച്ചവനുമായ ബാലാമിനെ അയാൾ വിജാതീയനായിരുന്നിട്ടു കൂടി പ്രവാചകനെന്നാണു വചനം വിശേഷിപ്പിക്കുന്നത് (23:5, 18:24:3, 5, 15, 23). മിശിഹായുടെ വരവിനെക്കുറിച്ചും അവിടുത്തെ ആഗമനത്തിൽ ഉദിക്കാനിരിക്കുന്ന നക്ഷത്രത്തെക്കുറിച്ചും പ്രവചിച്ചതു ബാലാമാണ്: "യാക്കോബിൽനിന്ന് ഒരു നക്ഷത്രം ഉദിക്കും, ഇസ്രായേലിൽനിന്ന് ഒരു ചെങ്കോൽ ഉയരും" (സംഖ്യ 24:17; മത്താ 2:2).

എന്നാൽ, പിന്നീടു വന്ന പാരമ്പര്യങ്ങൾ ബാലാം വിഗ്രഹാരാധകനായിത്തീർന്നുവെന്നും അദ്ദേഹം ഇസ്രായേലിനെ വഴിതെറ്റിച്ചുവെന്നും (സംഖ്യ 31:16) തത്ഫലമായി ദൈവത്താൽ ശിക്ഷിക്കപ്പെട്ടുവെന്നും കൂട്ടിച്ചേർക്കുന്നു (സംഖ്യ 31:8).

**വിചിന്തനം:** ദൈവവുമായി അനുദിനം സംസാരിച്ചിരുന്നവനും മിശിഹായെക്കുറിച്ചു പ്രവചിച്ചവനുമായ ബാലാം ശിക്ഷിക്കപ്പെട്ടതെങ്ങനെ? ഇസ്രായേലിനെ താൻ ശപിക്കാൻ പോകുന്നതു ദൈവമാഗ്രഹിക്കുന്നില്ല എന്നറിഞ്ഞിട്ടും ആവർത്തിച്ച് ആവർത്തിച്ചു പ്രാർത്ഥിച്ചു ദൈവത്തോട് അനുവാദം വാങ്ങിക്കൊണ്ട് അവരെ ശപിക്കാൻ പോവുകയാണ് അദ്ദേഹം ചെയ്തത്. ബാലാക് നൽകാനിരിക്കുന്ന ബഹുമതികളും സമ്പത്തും ദൈവഹിതത്തെക്കാൾ ആകർഷകമായി അദ്ദേഹത്തിനു തോന്നിയിരിക്കാം. ലൗകിക താത്പര്യങ്ങൾ നമ്മിലുള്ള വചനത്തെ ഞെരുക്കിക്കളയാറുണ്ട്. ദൈവം നമ്മോടൊത്തുണ്ടെങ്കിൽ ശാപത്തിന്റെ ഏതുസാഹചര്യവും അനുഗ്രഹത്തിന്റേതാക്കിമാറ്റാൻ അവിടുത്തേക്കു കഴിയുമെന്ന് ബാലാമുമായുള്ള ഇസ്രായേലിന്റെ കണ്ടുമുട്ടലിന്റെ അനുഭവം സൂചിപ്പിക്കുന്നു.

## 5. മോശയും ഇസ്രായേലിലെ പ്രവാചകദൗത്യവും

പഞ്ചഗ്രന്ഥത്തിലും യഹൂദമതത്തിലും ഏറ്റവും വലിയ പ്രവാചകനായി അറിയപ്പെടുന്നതു ദൈവഹിതമായ നിയമങ്ങൾ ദൈവത്തിൽനിന്നു സ്വീകരിച്ച് ഇസ്രായേലിനു നൽകിയ മോശയാണ് (നിയ 34:10-12). ദൈവത്തിന്റെ മലയിലും (10 കല്പന) പിന്നീടു സാക്ഷ്യകൂടാരത്തിലും ധ്യാനാത്മകമായിരുന്നു ദൈവവചനം ശ്രവിച്ച് (പഞ്ചഗ്രന്ഥം) അതു ജനത്തിനു കലർപ്പില്ലാതെ പകർന്നുകൊടുത്ത വലിയ നേതാവായിരുന്നു മോശ. പ്രവാചകൻ ജനത്തിനും ദൈവത്തിനുമിടയിലെ മദ്ധ്യസ്ഥനും ദൈവഹിതം മനുഷ്യനെ അറിയിക്കുന്ന ദൈവത്തിന്റെ പ്രതിനിധിയുമാണെന്ന സത്യങ്ങളാണു മോശയുടെ വിളിയുടെ വിവരണത്തിലൂടെ പഞ്ചഗ്രന്ഥം നമ്മെ പഠിപ്പിക്കുന്നത്. മോശയുടെ പ്രവാചകദൗത്യം വിശദീകരിക്കുന്ന രണ്ടു പ്രധാന ഭാഗങ്ങളാണുള്ളത്. പുറപ്പാട് 3-ാം അദ്ധ്യായവും പുറപ്പാട് 32-ാം അദ്ധ്യായവും.

മൂന്നാമദ്ധ്യായത്തിൽ ദൈവം മോശക്കു പ്രത്യക്ഷപ്പെട്ടു താൻ മോശയുടെ പിതാക്കൻമാരുടെ ദൈവമാണെന്നു പ്രഖ്യാപിക്കുന്നു. അതോടൊപ്പം താൻ ജനത്തിന്റെ കഷ്ടപ്പാടുകൾ കണ്ടു എന്നും പറയുന്നു. ഇപ്പോൾ ദൈവത്തിനാവശ്യം തന്റെ വാക്ക് ഗ്രഹിക്കാനും അതു സധൈര്യം ഫറവോയോടും ജനത്തോടും പറയാനും കഴിവുള്ള ഒരു മദ്ധ്യവർത്തിയെയാണ്. അങ്ങനെയൊരു വ്യക്തിക്കു രൂപം നൽകുന്നതിനുവേണ്ടിയാണു ദൈവം മോശയുടെ ജനനത്തിലും ആദ്യകാല ജീവിത

ത്തിലും അത്ഭുതകരമായി ഇടപെട്ടതും ഈജിപ്തിലെ കൊട്ടാരത്തിൽ അവനെ വളർത്തിയതും പിന്നീട് അവന്റെ ഭൗമികമായ സമ്പത്തെല്ലാം ഇല്ലാതാക്കിയശേഷം മരുഭൂമിയിൽവച്ച് അവനെ രൂപീകരിച്ചതും. ജീവിതത്തിലെ അനേകം അനുഭവങ്ങൾ കണ്ടുകഴിഞ്ഞ മോശ ദൈവത്തിന്റെ വിളി സ്വീകരിക്കാൻ ആദ്യം മടിച്ചെങ്കിലും പിന്നീട് അത് സ്വീകരിക്കുകയുണ്ടായി (പുറ 3:5, 9-12, 13-14).

മോശയുടെ വിളിയിൽനിന്നു മൂന്നുകാര്യങ്ങൾ വ്യക്തമാണ്: 1. പ്രവാചകനാവുക എന്നതു ദൈവത്തിന്റെ തീരുമാനവും തെരഞ്ഞെടുപ്പുമാണ്. ദൈവം വിളിച്ചതാണ് എന്ന ബോധ്യമാണു പ്രവാചകന്മാർക്കു തങ്ങളുടെ സന്ദേശത്തെക്കുറിച്ചു ബോധ്യങ്ങൾ നൽകിയത്. തങ്ങളുടെ സന്ദേശത്തിന്റെ ആധികാരികത വെളിവാക്കാനായി പല പ്രവാചകന്മാരും ദൈവം തങ്ങളെ വിളിച്ച അനുഭവങ്ങൾ വിവരിക്കാറുമുണ്ട് (ഏശ 6; ജറെ 1; എസെ 1-3). 2. വചനം പ്രഘോഷിക്കാനുള്ള തങ്ങളുടെ അയോഗ്യത മനസ്സിലാക്കിയ പല പ്രവാചകന്മാരും വിളിയുടെ മുമ്പിൽ മടിച്ചു നിൽക്കാറുമുണ്ട് (ഉദാ: മോശ, ജറെമിയ, ഏശയ്യ). 3. ഒരുവൻ പ്രവാചകനായി വിളിക്കപ്പെടുമ്പോൾ അദ്ദേഹം പ്രസംഗിക്കേണ്ട പ്രത്യേകമായ സന്ദേശവും അതാരോടു പ്രസംഗിക്കണമെന്നും ദൈവം വ്യക്തമാക്കാറുണ്ട്. മോശ സംസാരിക്കേണ്ടത് ഫറവോയോടും ജനത്തോടുമായിരുന്നു. ദൈവം ധൈര്യപ്പെടുത്തിക്കഴിഞ്ഞപ്പോൾ മറ്റു പ്രവാചകന്മാരെപ്പോലെതന്നെ മോശയും ദൈവത്തിന്റെ പേരിൽ സംസാരിക്കുന്നതും അത്ഭുതകരമായ കാര്യങ്ങൾ നിർവ്വഹിക്കുന്നതും കാണാം. പ്രതിസന്ധികളെയും വ്യക്തിപരമായ കുറവുകളെയും അതിജീവിച്ചു ദൈവത്തിനു വേണ്ടി മനുഷ്യരുടെ മുമ്പിൽ ദൈവത്തിന്റെ നാവുകളായിത്തീരുന്നവരാണു പ്രവാചകന്മാർ.

പുറപ്പാട് 32-ാം അദ്ധ്യായത്തിലെ വിവരണം സീനായ് മലയോടു ചുറ്റിപ്പറ്റിയാണ്. ഈജിപ്തിൽനിന്നു ദൈവം ജനത്തെ മോചിപ്പിച്ച് അവരെ സീനായ് മലയുടെ താഴ്‌വരയിലേക്കു കൊണ്ടുവന്നതിനുശേഷം മോശ ദൈവവുമായി സംവദിക്കാൻ മലമുകളിലേയ്ക്കു കയറി. അവൻ 40 ദിവസം അവിടെയായിരുന്നു (പുറ 24:18). മോശയുടെ അസാന്നിധ്യത്തിൽ ജനം അഹറോനെ നിർബന്ധിച്ച് അവർക്കാരാധിക്കാനായി ഒരു കാളക്കുട്ടിയെ നിർമ്മിച്ചു. ശക്തിയുടെയും സന്താനപുഷ്ടിയുടെയും പ്രതീകമായിരുന്നു കാളക്കുട്ടി. ഇത് അന്യമതക്കാരുടെയിടയിൽ പ്രചാരത്തിലിരുന്ന ശക്തമായ ഒരു പ്രതീകവുമാണ്. ഇസ്രായേൽ തങ്ങളുടെ തന്നിഷ്ടനുമനുസരിച്ചു വിഗ്രഹാരാധന നടത്തിയെന്നു സാരം. ദൈവത്തിന്റെ മനസ്സും ഹൃദയവും മനസ്സിലാക്കാനും ഗ്രഹിക്കാനും സാധാരണ മനുഷ്യനു കഴിവില്ലെന്ന് ഈ അനുഭവം തെളിയിക്കുന്നു. ശക്തമായ കരം നീട്ടി കഠിനമായ അടിമത്തത്തിൽനിന്നു ദൃശ്യമായി അവരെ രക്ഷിച്ചു കൊണ്ടുവന്നതിനുശേഷവും തന്നെ ഉപേക്ഷിച്ചു വിഗ്രഹാരാധനയിലേക്കു തിരിഞ്ഞ ജനത്തെ നശിപ്പിക്കാൻ ദൈവം ആഗ്രഹിച്ചു.

എന്നാൽ ദൈവത്തിന്റെ ഹൃദയത്തിലെ ചിന്തകളറിയാൻ പ്രവാചകർക്കു കഴിയും. ജനത്തിനെതിരെ കോപിച്ച ദൈവത്തിന്റെയും പാപം ചെയ്ത മനുഷ്യന്റെയുമിടയിൽ പ്രവാചകനായ മോശ അപ്പോൾ പ്രത്യക്ഷപ്പെട്ടു. ഇസ്രായേൽ നിരന്തരം വിഗ്രഹാരാധനയിലേക്കു തിരിയുകയും കർത്താവിന്റെ പ്രവാചകന്മാർ അതിനെതിരേ യുദ്ധം ചെയ്യുകയും ജന





ത്തിനുവേണ്ടി ദൈവതിരുമുമ്പിൽ മാദ്ധ്യസ്ഥ്യം വഹിക്കുകയും ചെയ്തിരുന്നുവെന്നത് ഇസ്രായേലിൽ നിരന്തരം ആവർത്തിക്കപ്പെട്ട ചരിത്രമാണ്.

ജനത്തിനുവേണ്ടി മാദ്ധ്യസ്ഥ്യം വഹിച്ചുകൊണ്ടു ദൈവത്തോടു സംസാരിക്കുമ്പോൾ മോശ പല കാര്യങ്ങൾ പറയുന്നുണ്ട്: ദൈവം തന്റെ ശക്തി കാണിച്ചു ശത്രുവിന്റെ കരങ്ങളിൽനിന്നു മോചിപ്പിച്ച ജനത്തെ ദൈവംതന്നെ നശിപ്പിച്ചാൽ അതു ദൈവത്തിന്റെതന്നെ പദ്ധതി തകർന്നുപോകുന്നതിനു കാരണമാവുകയില്ലേ? ഈ ജനത്തെ കൊന്നുകളയണമെന്ന ദുരുദ്ദേശത്തോടെയാണു ദൈവം അവരെ കൊണ്ടുവന്നതെന്നു ശത്രുക്കളായ ഈജിപ്തുകാർ പറയുകയില്ലേ? എന്നു മോശ ചോദിക്കുന്നു. അതിനുശേഷം ദൈവം അവരുടെ പിതാക്കന്മാരായ അബ്രാഹത്തോടും ഇസഹാക്കിനോടും യാക്കോബിനോടും അവരെ വർദ്ധിപ്പിച്ചു വലിയൊരു ജനതയാക്കുമെന്നു ചെയ്ത ശപഥം അനുസ്മരിക്കണമെന്നു അപേക്ഷിക്കുന്നു. മോശയുടെ ഈ മദ്ധ്യസ്ഥപ്രാർത്ഥനയുടെ ഫലമായി ദൈവം തന്റെ മനസ്സുമാറ്റി.

പ്രവാചകനായ മോശ ജനത്തിന്റെ മദ്ധ്യസ്ഥനെന്ന നിലയിൽ ഇവിടെ 3 കാര്യങ്ങളാണു ചെയ്യുന്നത്: 1. ദൈവത്തിനു മുമ്പിൽ കമിഴ്ന്നുവീണു ജനത്തിനുവേണ്ടി തീക്ഷ്ണമായി പ്രാർത്ഥിക്കുക (32:11). 2. മറ്റുള്ളവർ ദൈവത്തെക്കുറിച്ച് എന്തുപറയുമെന്ന് എടുത്തുകാണിച്ചു ശിക്ഷക്കു പകരം ദൈവം കാരുണ്യം കാണിക്കണമെന്നു നിർബന്ധിക്കുക (32:13). 3. ദൈവത്തിന്റെ മുൻകാലവാഗ്ദനങ്ങൾ അനുസ്മരിപ്പിച്ചുകൊണ്ടു (ദൈവവചനം) ദൈവം തന്റെ വാഗ്ദാനം പാലിക്കാൻ അശക്തനാണെങ്കിൽ പിന്നെ ബലഹീനരായ ജനമെങ്ങനെ അതു പാലിക്കുമെന്നു ചോദിച്ചു കൊണ്ടു ദൈവം നടത്താനുദ്ദേശിക്കുന്ന ശിക്ഷയിൽനിന്നു ദൈവത്തെ പിൻതിരിപ്പിക്കുക (32:13). മോശയുടെ മാദ്ധ്യസ്ഥ്യത്തിന്റെ ചുവടുപിടിച്ചാണ് ഇസ്രായേലിലെ പ്രവാചകന്മാർ ജനത്തിനുവേണ്ടി മാദ്ധ്യസ്ഥ്യം വഹിച്ചിരുന്നത്. ഈ മോശയോട് ദൈവം മുഖാഭിമുഖം സംസാരിച്ചിരുന്നു (പുറ 33:11). ദൈവത്തിനും ജനത്തിനുമിടയിലെ മദ്ധ്യസ്ഥനായിരുന്നു പ്രവാചകൻ എന്നതിനു മോശ ഉത്തമ ഉദാഹരണമാണ്. ഇസ്രായേലിനു ദൈവഹിതമടങ്ങിയ പത്തു പ്രമാണങ്ങളും ഇസ്രായേലിന്റെ നിയമമായ പഞ്ചഗ്രന്ഥിയും നല്കിക്കൊണ്ട് ഇസ്രായേലും കർത്താവുമായുള്ള ഉടമ്പടിക്കു മദ്ധ്യസ്ഥനായിത്തീർന്നത് മോശയാണ്.

**വിചിന്തനം:** ഫറവോയുടെ കൊട്ടാരത്തിലെ സുഖസൗകര്യങ്ങളുപേക്ഷിച്ച് ദൈവഹിതമന്വേഷിച്ചു പോവുകയും ആ അന്വേഷണത്തിൽ അനേകവർഷങ്ങൾ ധ്യാനാത്മകമായി ചെലവഴിക്കുകയും ദൈവഹിതം പൂർണ്ണമായി തനിക്കു വെളിപ്പെടുത്തപ്പെട്ടപ്പോൾ അതു മറകൂടാതെ ജനത്തെ അറിയിക്കുകയും ആ ജനത്തിനുവേണ്ടി മാദ്ധ്യസ്ഥ്യം അപേക്ഷിക്കുകയും ചെയ്തവനാണു മോശ. ദൈവത്തിന്റെ വിളിയോടുള്ള പൂർണ്ണമായ സഹകരണവും സാക്ഷ്യകൂടാരത്തിൽവച്ചു ദൈവവുമായുള്ള നിരന്തര സമ്പർക്കവുമാണു ദൈവവചനം സ്വീകരിക്കുന്നതിന് അദ്ദേഹത്തെ കഴിവുറ്റവനാക്കിത്തീർത്തത്. എന്റെ ജീവിതത്തെയും സാഹചര്യങ്ങളെയുംകുറിച്ചുള്ള ദൈവഹിതം എന്റെ ഹൃദയത്തിൽ ആലേഖനം ചെയ്യപ്പെടുന്നതു തിരുസക്രാരിയുടെ മുന്നിൽ ലോപമില്ലാതെ സമയം ചെലവഴിക്കുമ്പോഴാണ്.

# 03

# രാജഭരണത്തിനുമുമ്പുള്ള പ്രവാചകന്മാർ

ജോഷ്വായുടെ കാലംമുതൽ സാമുവേലിന്റെ കാലംവരെയുള്ള പ്രവാചകരെയാണ് ഈ അധ്യായത്തിൽ പ്രതിപാദിക്കുന്നത്.

## 6. ജോഷ്വാ

മോശയുടെ കാലശേഷം ഇസ്രായേൽ ജനം ജോഷ്വായുടെ നേതൃത്വത്തിൽ ജോർദാൻ കടന്നു കാനാൻ ദേശത്തു പ്രവേശിക്കുകയും ദേശം കൈവശപ്പെടുത്തുകയും ചെയ്തു. നേതാവായ ജോഷ്വാ ആ ദേശം അവർക്കായി ഭാഗിച്ചു കൊടുക്കുകയും അതേത്തുടർന്ന് ഇസ്രായേലിലെ 12 ഗോത്രങ്ങൾ കാനാനിലെ വ്യത്യസ്ത സ്ഥലങ്ങളിലായി വാസമുറപ്പിക്കുകയും ചെയ്തു. അക്കാലത്ത് ഇസ്രായേലിൽ രാജാക്കന്മാരോ പൊതുഭരണസംവിധാനങ്ങളോ ഉണ്ടായിരുന്നില്ല.

ജോഷ്വായുടെ ഗ്രന്ഥം ജോഷ്വായെ അവതരിപ്പിക്കുന്നതു മോശയെപ്പോലൊരു പ്രവാചകനായാണ്. മോശ തന്റെ മരണമടുത്തപ്പോൾ ജോഷ്വായെയാണു പിൻഗാമിയായി നിയമിച്ചത് (സംഖ്യ 27:12-23; നിയ 3:23-28). മോശയുടെ മരണശേഷം ദൈവം ജോഷ്വായോടു സംസാരിച്ചു എന്നു പറഞ്ഞുകൊണ്ടാണു ഗ്രന്ഥം ആരംഭിക്കുന്നതുതന്നെ (1:1). മോശയോടൊപ്പം എന്നതുപോലെ തന്നെ ദൈവം ജോഷ്വായോടൊപ്പം ഉണ്ടായിരുന്നു (1:5, 3:7). മോശയെപ്പോലെതന്നെ ജോഷ്വായും ഒരു പ്രവാചകനായിരുന്നുവെന്നു കാണിക്കുന്ന വിധത്തിലാണു വി. ഗ്രന്ഥകാരൻ ജോഷ്വായെ വിവരിക്കുന്നത്.

ഈജിപ്തിൽനിന്നു കാനാൻദേശത്തേക്കു ജനത്തെ നയിച്ച മോശയുടെ ദൗത്യം പിൻതുടരുന്നതും പൂർത്തിയാ





ക്കുന്നതും ജോഷ്വായാണ് (പുറ 14:21-29; ജോഷ്വ 3:7-17). ജോർദ്ദാനക്കരെയുള്ള ദേശം മോശ ഇസ്രായേലിലെ രണ്ടരഗോത്രങ്ങൾക്ക് അവകാശമായി നൽകിയതുപോലെതന്നെ (സംഖ്യ 32) ജോഷ്വായും ബാക്കിയുള്ള ഒൻപതര ഗോത്രങ്ങൾക്കു കാനാൻ ദേശം പങ്കിട്ടുകൊടുത്തു (ജോഷ്വ 13). മോശ ഇസ്രായേലിനെ അത്ഭുതകരമായി ചെങ്കടലിലൂടെ കടത്തിയതുപോലെതന്നെ ജോഷ്വാ ഇസ്രായേലിനെ ജോർദ്ദാനിലൂടെ അത്ഭുതകരമായി കടത്തി (പുറ 14:15; ജോഷ്വ 3). സീനായ് മലയിൽവച്ചു മോശ വിശുദ്ധസ്ഥലത്തു നിൽക്കുകയും ദൈവത്തെ കാണുകയും ചെയ്തതുപോലെ (പുറ 3:1-6) ജോഷ്വായും ദൈവസാന്നിധ്യത്തിൽ വിശുദ്ധസ്ഥലത്തുനിന്നു (ജോഷ്വാ 5:13-15). മോശ ഇസ്രായേലിനെക്കൊണ്ടു ദൈവവുമായി ഉടമ്പടി ചെയ്യിച്ചതുപോലെ (പുറ 19-24) ജോഷ്വായും ജനത്തെക്കൊണ്ട് ഉടമ്പടി ചെയ്യിച്ചു (ജോഷ്വ 24). മോശയെ വചനം വിശേഷിപ്പിക്കുന്നതു കർത്താവിന്റെ ദാസനെന്നാണ്. ജോഷ്വായുടെ പുസ്തകവും ജോഷ്വായെയും വിളിക്കുന്നതും അങ്ങനെതന്നെ (ജോഷ്വ 1:1; 8:31).

**വിചിന്തനം:** ജോഷ്വായ്ക്കു വചനം ലഭിച്ചതു മോശവഴിയാണ്. ആ വചനത്തോടു സ്നേഹം തോന്നിയ ജോഷ്വ മോശയെപ്പോലെ ജീവിയ്ക്കാനും പ്രവർത്തിക്കാനും പരിശ്രമിച്ചു. അതിനാൽ ദൈവം മോശയോടൊപ്പം എന്നതുപോലെ ജോഷ്വയോടുകൂടെയും വസിച്ചു. ദൈവസാന്നിധ്യത്തിലുള്ള ജീവിതവും മോശയുടെ നിയമത്തോടുള്ള വിശ്വസ്തതയുമാണു ജോഷ്വയെ മോശയെപ്പോലെ ഒരു പ്രവാചകനാക്കിമാറ്റിയത്. ദൈവസാന്നിധ്യത്തിലുള്ള എന്റെ ജീവിതവും ദൈവവചനത്തോടുള്ള എന്റെ വിശ്വസ്തതയും വചനദാതാവായ ക്രിസ്തുവിനോട് അനുരൂപനാകുന്നതിന് എന്നെ സഹായിക്കുന്നുണ്ടോ?

## 7-8. ദെബോറയും അജ്ഞാതനായ ഒരു പ്രവാചകനും

ജോഷ്വായുടെ നേതൃത്വത്തിൽ ഇസ്രായേൽ ജനം കാനാൻദേശം കൈയടക്കുകയും അതു വിവിധ ഗോത്രങ്ങൾക്കായി പങ്കിട്ടു നൽകുകയും ചെയ്തതിനുശേഷം ന്യായാധിപന്മാരുടെ കാലത്ത് ഈ ഗോത്രങ്ങൾ സ്വതന്ത്രമായി അവരവരുടെ സ്ഥലങ്ങളിൽ ജീവിച്ചുപോന്നു. അക്കാലത്ത് അവരെ ഒന്നിച്ചു നിർത്തുന്ന ഭരണസംവിധാനങ്ങളൊന്നും ഉണ്ടായിരുന്നില്ല; രാഷ്ട്രീയ നേതൃത്വവും ഉണ്ടായിരുന്നില്ല. വിശുദ്ധകൂടാരത്തിന്റെ സാന്നിധ്യവും ദൈവമായ കർത്താവിലുള്ള വിശ്വാസവും മാത്രമായിരുന്നിരിക്കണം അവരെ ഒരു ജനതയാക്കിയ ഘടകങ്ങൾ. ബി.സി. 1250 മുതൽ ബി.സി. 1050 വരെ നീണ്ടുനിന്ന ഈ കാലഘട്ടത്തിൽ തങ്ങളുടെ ഗോത്രങ്ങൾക്കു നാട്ടുകാരായ അയൽവാസികളിൽനിന്നു ശത്രുക്കളെ നേരിടേണ്ടി വന്നപ്പോൾ അവരെ നയിച്ചിരുന്നതു സ്വതന്ത്രമായും സ്വാഭാവികമായും ഉയർന്നുവന്ന നേതാക്കന്മാരായിരുന്നു. ഓരോ ഗോത്രത്തെയും സ്വതന്ത്രമായോ പല ഗോത്രങ്ങളെ ഒരുമിച്ചോ ശത്രുക്കൾക്കെതിരെയുള്ള അത്തരം പോരാട്ടങ്ങളിൽ നയിച്ച യുദ്ധവീരന്മാരായിരുന്നു ന്യായാധിപന്മാർ.

ഏതാണ്ട് 200 വർഷങ്ങൾ നീണ്ടുനിന്ന ഈ കാലഘട്ടത്തിൽ സാമുവലിനു പുറമേ രണ്ടു പ്രവാചകരെ കാണാൻ കഴിയും: 1. ശത്രുവിന്റെ പതനം മുന്നിൽ കാണുകയും അതിനാൽ അവർക്കെതിരെ പട നയി

ക്കാൻ നഫ്താലിയുടെയും സെബുലൂണിന്റെയും ഗോത്രങ്ങളിൽ നിന്നുള്ളവരെയും ബറാക്കിനെയും പ്രചോദിപ്പിച്ച പ്രവാചിക ദബോറ (ന്യായ 4-5). ദബോറയാണു ബറാക്കിനു ദൈവവചനം നൽകിയത് (4:6-7). അവൾ ശത്രുവിന്റെ പതനം മുന്നിൽ കാണുകയും അതു പ്രവചിക്കുകയും ചെയ്തു. കേന്യയായ ജായേൽ ശത്രുസൈന്യാധിപനായ സീസേറായുടെ ചെന്നിയിൽ മരയാണി അടിച്ചു കയറ്റിയപ്പോൾ സീസേറായെ ഒരു സ്ത്രീയുടെ കൈയിൽ കർത്താവ് ഏൽപ്പിക്കും (ന്യായ 4:9) എന്ന ദബോറായുടെ പ്രവചനം നിറവേറി. ദൈവത്തിന്റെ വിജയവും ശത്രുവിന്റെ പതനവും മുൻകൂട്ടികാണാനും അതിനെ പ്രകീർത്തിക്കാനും ദബോറയ്ക്കു കഴിഞ്ഞു (ന്യായ 5).

2. നിയമാവർത്തന ദൈവശാസ്ത്രജ്ഞരുടെ മതനവീകരണവും എസ്രാ-നെഹമിയായുടെ മതശുദ്ധീകരണവും സംഭവിക്കുന്നതിനുമുമ്പ് ഇസ്രായേൽ അഭിമുഖീകരിച്ച വലിയ പ്രശ്നമായിരുന്നു വിഗ്രഹാരാധന. ന്യായാധിപന്മാരുടെ കാലത്ത് ഇതു ശക്തി പ്രാപിച്ചിരുന്നു. ഓരോ ന്യായാധിപനും ഉയർന്നുവരാനിടയായതു ജനം വിഗ്രഹാരാധനയിലേക്കു പോവുകയും തത്ഫലമായി ദൈവം അവരെ ഉപേക്ഷിക്കുകയും തുടർന്ന് അവർ ശത്രുക്കളുടെ അടിമകളാവുകയും ചെയ്തപ്പോഴാണ് (3:7; 3:12; 4:1; 6:1; 10:6; 13:1). ഇപ്രകാരം ഒരവസരത്തിൽ അജ്ഞാതനായ ഒരു പ്രവാചകൻ അവരിൽ നിന്നുയർന്നുവരികയും അവരുടെ തെറ്റ് അവർക്കു കാണിച്ചു കൊടുക്കുകയും ചെയ്തുവെന്നു ഗ്രന്ഥകാരൻ വിവരിക്കുന്നു (ന്യായ 6:7-10).

**വിചിന്തനം:** കുഴഞ്ഞുമറിഞ്ഞതും ഭീതിപ്പെടുത്തുന്നതുമായ ജീവിതസാഹചര്യങ്ങളിൽപ്പോലും ദൈവത്തെ പൂർണ്ണമായി വിശ്വസിക്കുകയും ദൈവഹിതമറിയാനും അവിടുത്തെ ഭാവിപ്രവർത്തനങ്ങളെ കാണാനും ഭാഗ്യം ലഭിച്ചവരാണു പ്രവാചകന്മാർ. തങ്ങളെ നശിപ്പിക്കാൻ വരുന്ന വലിയ ശത്രുവിനെ ദൈവം നശിപ്പിക്കുമെന്ന ദർശനം ദബോറക്കുണ്ടായതു കാലത്തിനും ഇന്ദ്രിയങ്ങൾക്കും അതീതമായി ചിന്തിക്കാനും ദൈവത്തെ പൂർണ്ണമായി വിശ്വസിക്കാനും അവർക്കു കഴിഞ്ഞതിനാലാണ്.

## 9. ഏലിയും പേരുപറഞ്ഞിട്ടില്ലാത്ത ഒരു പ്രവാചകനും

സാമുവലിന്റെ ഗ്രന്ഥം ആരംഭിക്കുന്നത് ഏലിയുടെയും കുടുംബത്തിന്റെയും ഷിലോയിലുള്ള ശുശ്രൂഷ വിവരിച്ചുകൊണ്ടാണ്. പുരോഹിതനായിരുന്ന ഏലി ജനത്തിനു സുസമ്മതനായിരുന്നെങ്കിലും മക്കൾ അങ്ങനെ ആയിരുന്നില്ല. ബലിവസ്തുക്കൾ കൈകാര്യം ചെയ്തിരുന്നതിലും ദേവാലയ ശുശ്രൂഷകരോടു പെരുമാറുന്ന രീതിയിലുമെല്ലാം ഏലിയുടെ മക്കൾ അവിശ്വസ്തരും ഹീനരുമായിരുന്നു (1സാമു 2:12-17, 22). അവരുടെ ശുശ്രൂഷ ദൈവത്തോടുള്ള അനാദരവിന്റെ പ്രതീകമായിരുന്നു. പുരോഹിത ശുശ്രൂഷ സ്വത്തു സമ്പാദിക്കാനും സുഖഭോഗങ്ങളിൽ മുഴുകാനുമുള്ള ഉപാധിയായി അവർ പരിഗണിച്ചു. അപ്പോൾ ദൈവം ഒരു പ്രവാചകനെ (പേര് പറഞ്ഞിട്ടില്ല) ഏലിയുടെ അടുത്തേയ്ക്കയച്ച് അവരുടെ പാപങ്ങൾക്ക് അവരെ ശിക്ഷിക്കാൻ പോവുകയാണ് എന്നുപറഞ്ഞു (1സാമു 2:27-36). തിന്മ ചെയ്തതിന് ഏലിയുടെ മക്കളും ദൈവത്തെക്കാളധികം മക്കളെ ബഹുമാനിച്ചതിന് ഏലിയും ശിക്ഷിക്കപ്പെടും.





ഏലിയുടെ കുടുംബം നിത്യമായി കർത്താവിനു ശുശ്രൂഷ ചെയ്യുമെന്നു ദൈവം വാഗ്ദാനം ചെയ്തിരുന്നെങ്കിലും ഇനി അത് അങ്ങനെ ആയിരിക്കുകയില്ല എന്നു ദൈവം പറഞ്ഞു: "അതിനാൽ, ഇസ്രായേലിന്റെ ദൈവമായ കർത്താവ് അരുളിച്ചെയ്യുന്നു: നിന്റെയും നിന്റെ പിതാവിന്റെയും കുടുംബം നിത്യവും എനിക്കു ശുശ്രൂഷ ചെയ്യുമെന്നു ഞാൻ വാഗ്ദാനം ചെയ്തിരുന്നു. എന്നാൽ, ഇപ്പോൾ കർത്താവായ ഞാൻ പ്രഖ്യാപിക്കുന്നു: ഇനി അങ്ങനെ ആയിരിക്കുകയില്ല. എന്നെ ആദരിക്കുന്നവരെ ഞാനും ആദരിക്കും; എന്നെ നിന്ദിക്കുന്നവർ നിന്ദിക്കപ്പെടും (1സാമു 2:30).

ആ കുടുംബത്തിൽ ഒരുവനെ ദൈവം വിച്ഛേദിക്കുകയില്ല എന്ന പരാമർശം ദാവീദിന്റെ പുരോഹിതനായ അബിയാത്തറിനെ സൂചിപ്പിക്കുന്നു (2:33). ഏലിയുടെ മക്കളുടെ ശിക്ഷയെക്കുറിച്ചുള്ള പ്രവചനം (2:34) 4:17 ൽ നിറവേറി. പിന്നീടു സോളമൻ അബിയാത്തറിനെ പുരോഹിത സ്ഥാനത്തു നിന്നു മാറ്റുകയും സാദോക്കിനെ പുരോഹിത (1രാജ 2:26) ശുശ്രൂഷ തുടരാൻ ഭരമേൽപിക്കുകയും ചെയ്തു. കർത്താവിന്റെ നാമത്തിൽ ഭരണാധികാരിയെയോ പുരോഹിതനെയോ കുറ്റം വിധിക്കുന്ന പ്രവാചക പാരമ്പര്യത്തിന്റെ ആരംഭം പേരുപറഞ്ഞിട്ടില്ലത്ത ഈ ദൈവമനുഷ്യനിൽക്കാണാം.

**വിചിന്തനം:** സഭയിലെ ശുശ്രൂഷകൾക്കായി വിളിക്കപ്പെട്ടവർ തങ്ങളുടെ ജീവിതത്തിലൂടെ ദൈവത്തെമാത്രം ബഹുമാനിക്കുന്നതിനു വേണ്ടി വിളിക്കപ്പെട്ടവരാണ്. ആ വിളി ദുരുപയോഗിക്കുന്നതും അതിനെക്കാൾ വലുതായി മാനുഷിക താത്പര്യങ്ങൾ പ്രതിഷ്ഠിക്കുന്നതും ശിക്ഷാർഹമാണ്. ദൈവഹിതത്തിനു നിരക്കാത്ത കാര്യങ്ങൾ ദൈവത്തിന്റെ പ്രതിനിധികളും വചനശുശ്രൂഷകരും ചെയ്താൽ അപ്രതീക്ഷിതമായി ദൈവം സത്യവചനപ്രഘോഷണത്തിനായി മറ്റു പ്രവാചകരെ ഉയർത്തുമെന്നും തങ്ങളുടെ ഉത്തരവാദിത്വം നിർവ്വഹിക്കാത്തവർ ശിക്ഷിക്കപ്പെടുമെന്നും ഏലിയുടെയും കുടുംബത്തിന്റെയും ഈ അനുഭവം തെളിയിക്കുന്നു.

## 10. സാമുവലും രാജഭരണത്തിന്റെ ആരംഭവും

ന്യായാധിപന്മാരുടെ കാലമവസാനിക്കുന്നതു സാമുവലിന്റെ ദൗത്യത്തോടെയാണ്. പൊതുഭരണ സംവിധാനമില്ലാതിരുന്ന അക്കാലത്തു ഭരണാധിപന്റെയും ന്യായാധിപന്റെയും പ്രവാചകന്റെയും പുരോഹിതന്റെയും ദൗത്യങ്ങൾ ഓരൊറ്റ വ്യക്തിയിൽ ഒന്നുചേരുന്നതു സാമുവലിൽ നാം കാണുന്നു. സാമുവൽ വിശിഷ്ടനായ ഒരു വ്യക്തിയാണെന്നും ദൈവത്തിന്റെ പ്രത്യേക കരവേലയാണെന്നും വെളിവാക്കുന്ന അദ്ദേഹത്തിന്റെ അത്ഭുതകരമായ ജനനവിവരണത്തോടെയാണു സാമുവലിന്റെ ഗ്രന്ഥം ആരംഭിക്കുന്നത്. വാർദ്ധക്യത്തിൽ അത്ഭുതകരമായി തനിക്കു ലഭിച്ച കുഞ്ഞിനെ ഹന്ന ദേവാലയശുശ്രൂഷക്കായി വിട്ടുകൊടുത്തു. അങ്ങനെ, ദൈവസാന്നിധ്യത്തിലും പുരോഹിതസാന്നിധ്യത്തിലും സാമുവൽ വളർന്നു വന്നു. ഇക്കാലഘട്ടത്തിലെ സമൂഹത്തിന്റെ ദയനീയനില മനസ്സിലാക്കണമെങ്കിൽ നാം ന്യായാധിപന്മാരുടെ പുസ്തകം 17 മുതൽ 21 വരെയുള്ള അദ്ധ്യായങ്ങൾ വായിക്കണം: അധഃപതിച്ച സാമൂഹിക സംവിധാനങ്ങളുടെ പശ്ചാത്തലത്തിലും പൊതുഭരണാധികാരിയായ ഒരു രാജാ

വിന്റെ അസാന്നിധ്യത്തിലും ഓരോരുത്തരും തനിക്കിഷ്ടമുള്ളതെല്ലാം ചെയ്തുപോന്നുവെന്നു വി. ഗ്രന്ഥകാരൻ ഇവിടെ ആവർത്തിച്ചു പറയുന്നുണ്ട് (ന്യായ 21:25).

ഇതു വ്യക്തമാക്കാനാണു ന്യായാധിപന്മാർ 17 മുതൽ 21 വരെയുള്ള അദ്ധ്യായങ്ങൾ അദ്ദേഹം വിവരിക്കുന്നത്. ഉദാഹരണമായി, എഫ്രായിം മലനാട്ടിലെ മിക്കാ എന്നയാൾ തന്റെ അമ്മയുടെ ആയിരത്തിഒരുനൂറു വെള്ളിനാണയങ്ങൾ മോഷ്ടിച്ചു. അയാൾ മാനസാന്തരപ്പെട്ട് ആ നാണയങ്ങൾ തിരിച്ചു കൊടുത്തപ്പോൾ ആ അമ്മ അതിലെ 200 നാണയങ്ങളെടുത്ത് ഒരു വിഗ്രഹമുണ്ടാക്കുകയും അവർ ഇരുവരും ആ വിഗ്രഹത്തെ ആരാധിക്കുകയും ചെയ്തു. തുടർന്ന് ആ വഴിവന്ന ഒരു ലേവ്യനെ അവിടെ പൂജ നടത്തുന്നതിനായി അയാൾ നിയോഗിച്ചു. സ്വസ്ഥമായ ഒരു താമസസ്ഥലം തേടി അലഞ്ഞുനടന്ന ദാൻ ഗോത്രക്കാർ പിന്നീട് ആ വിഗ്രഹവും അതിനെ സേവിക്കാൻ ആ ലേവ്യനെയും മോഷ്ടിച്ചു കൊണ്ടുപോവുകയും അവർ കണ്ടെത്തിയ പുതിയ സ്ഥലത്ത് അതു പ്രതിഷ്ഠിക്കുകയും വിഗ്രഹാരാധന നടത്തുകയും ചെയ്തു.

ദാൻകാർതന്നെ ദൈവം അവർക്കു നൽകിയ സ്ഥലം സ്വന്തമാക്കാതെ മറ്റൊരു സ്ഥലം അന്വേഷിച്ചുപോയെന്നു മാത്രമല്ല അവർ വിഗ്രഹം മോഷ്ടിക്കുകയും മിക്കായുടെ പുരോഹിതനായ ലേവ്യനെ കടത്തിക്കൊണ്ട് പോവുകയും ഇസ്രായേലിൽ ഏറ്റവും നിഷിദ്ധമായ വിഗ്രഹാരാധന നടത്തുകയും ചെയ്തു (ന്യായ 18). ന്യായാധിപന്മാർ 19 -ാം അദ്ധ്യായത്തിൽ ബെഞ്ചമിൻ ഗോത്രക്കാരായ ഗിബെയാക്കാർ സോദോം ഗൊമോറാക്കു സമാനമായി പാപത്തിൽമുഴുകി ജീവിക്കുന്നതും അത് ആ ഗോത്രത്തിന്റെ തന്നെ നാശത്തിൽ അവസാനിക്കുന്നതും കാണാം.

തന്റെ ഉപനാരി ആക്രമിക്കപ്പെട്ടപ്പോൾ ഒന്നും ചെയ്യാതിരുന്ന അലസനായ ഒരു ലേവ്യൻതന്നെ മുൻകൈയെടുത്തു തന്റെ മരിച്ച ഉപനാരിയെ വെട്ടിമുറിച്ച് ഇസ്രായേൽ ഗോത്രങ്ങളെ യുദ്ധത്തിനു ക്ഷണിച്ചു എന്നത് ഓരോരുത്തരും തനിക്കിഷ്ടമുള്ളത് ചെയ്തു എന്ന വി. ഗ്രന്ഥകാരന്റെ വിവരണത്തിന്റെ വ്യാഖ്യാനമാണ്. ഇസ്രായേൽഗോത്രങ്ങൾ അന്നു ബെഞ്ചമിൻ ഗോത്രത്തിനെതിരെ ആയുധമെടുക്കുകയും ഒളിച്ചോടിയ 600 പുരുഷന്മാരൊഴികെ ബാക്കിയെല്ലാവരെയും കൊന്നൊടുക്കുകയും ചെയ്തു. തുടർന്ന് ആവശ്യത്തിനു സ്ത്രീകളില്ലാതെ ബെഞ്ചമിൻഗോത്രം നശിച്ചുപോകുമെന്ന നിലയിലെത്തിയപ്പോൾ അതിനു പരിഹാരം കാണാൻ കഴിഞ്ഞതു തിരുനാളിനു പോകുന്ന പെൺകുട്ടികളെ കടത്തിക്കൊണ്ടു പോവുക എന്ന മറ്റൊരു തിന്മയിലൂടെ മാത്രമാണ് (ന്യായ 21).

ഈ കഥകൾ വിവരിക്കുമ്പോൾ അതിന്റെ കാരണമായി വി. ഗ്രന്ഥകാരൻ ആവർത്തിച്ചു പറയുന്നത് അക്കാലത്ത് ഇസ്രായേലിൽ രാജാവുണ്ടായിരുന്നില്ല; ഓരോരുത്തരും തനിക്കു യുക്തമെന്നു തോന്നിയതു ചെയ്തിരുന്നു എന്നാണ് (21:25; 17:6; 18:1; 19:1). ഈ കഥകൾ വായിക്കുമ്പോൾ, രാജാവും പൊതുവായ നീതിപാലന സംവിധാനവുമില്ലാതെ ഇസ്രായേലിനു നിലനിൽക്കുകപോലും സാധ്യമായിരുന്നില്ലെന്നു മനസ്സിലാക്കാൻ കഴിയും. ഇക്കാലഘട്ടത്തിലെ ഏകാധികാരിയായിരുന്നു പുരോഹിതൻ.





പുരോഹിതനായ ഏലിയുടെ ജീവിതവുമായി ബന്ധപ്പെട്ടാണു സാമുവലിന്റെ ചരിത്രം ഗ്രന്ഥകാരൻ വിവരിക്കുന്നത് (സാമു 1-3). കുഴഞ്ഞുമറിഞ്ഞ സമൂഹത്തിൽ പുരോഹിതനായ ഏലി നന്മയുടെ സ്വരമായിരുന്നെങ്കിലും അദ്ദേഹത്തിന്റെ മക്കൾ അങ്ങനെ ആയിരുന്നില്ല. അവർ കാലഘട്ടത്തിന്റെ തിന്മയുടെ ഒഴുക്കിൽപ്പെട്ടു പോയവരായിരുന്നു. ഏലി കുടുംബത്തിലെ പൗരോഹിത്യത്തിന്റെ അധഃപതനമാണ് (1സാമു 2:12-17; 22:36) അവരിൽനിന്നു പൗരോഹിത്യം സാമുവലിലേക്കു മാറ്റപ്പെടാൻ കാരണം. സാമുവലിന്റെ വിളിയെക്കുറിച്ച് 1സാമു 3-ാം അദ്ധ്യായത്തിൽ വിവരിക്കുന്നുണ്ട്. ബാലനായ സാമുവൽ രാത്രിയിൽ ഉറങ്ങി വിശ്രമിക്കുമ്പോഴാണു ദൈവം അവനെ വിളിച്ചത്. മൂന്നുപ്രാവശ്യം ദൈവം വിളിച്ചിട്ടും സാമുവലിന് അതു കർത്താവാണന്നു മനസ്സിലായില്ല. കാരണം അക്കാലംവരെയും ദൈവിക വെളിപാടുകളും പ്രവാചകദൗത്യത്തിലേക്കുള്ള വിളിയും കാര്യമായി ഉണ്ടായിരുന്നില്ല (3:1).

മൂന്നു പ്രാവശ്യം സാമുവേൽ ഏലിയോട് അങ്ങ് എന്നെ വിളിച്ചല്ലോ എന്നു പറഞ്ഞുകഴിഞ്ഞപ്പോൾ മാത്രമാണു പുരോഹിതനായ ഏലിക്കുപോലും അതു കർത്താവിന്റെ വെളിപാടാണെന്നു മനസ്സിലായത്. 4-ാം പ്രാവശ്യം കർത്താവു വിളിച്ചപ്പോൾ സാമുവൽ ദൈവത്തെ തിരിച്ചറിയുകയും ഏലിയുടെ കുടുംബത്തിനു വരാനിരിക്കുന്ന ശിക്ഷകളെന്തെല്ലാമാണെന്നു ദൈവം സാമുവലിനു വെളിപ്പെടുത്തി കൊടുക്കുകയും ചെയ്തു (3:12-18). അങ്ങനെ, ദൈവത്തിനും ദൈവസ്വരം ശ്രവിക്കാൻ അശക്തരായിത്തീർന്ന ഏലികുടുംബത്തിനുമിടയിൽ സാമുവൽ മദ്ധ്യസ്ഥനായി.

പിന്നീടു വചനം വിവരിക്കുന്നത് ഇസ്രായേലിന്റെ വടക്കേ അതിർത്തിയായ ദാൻ മുതൽ തെക്കേ അതിർത്തിയായ ബേർഷേബാവരെയുള്ള ഇസ്രായേൽ ജനം മുഴുവനും സാമുവലിനെ പ്രവാചകനായി അംഗീകരിച്ചു എന്ന വിശദീകരണത്തോടെയാണ്. ഷീലോയിലെ കൂടാരത്തിൽവച്ചു ദൈവം സാമുവലിനു തുടർച്ചയായി തന്നെത്തന്നെ വെളിപ്പെടുത്തിക്കൊണ്ടിരുന്നു (1സാമു 3:19-21). ഹർഷോന്മാദ പ്രവാചകന്മാരുടെ നേതാവായാണു (ecstatic prophets) സാമുവേൽ കരുതപ്പെട്ടിരുന്നതെന്നാണു പാരമ്പര്യം (1സാമു 10:11; 18:10; 19:24). സാമുവലിനോടൊപ്പമുള്ള ഈ പ്രവാചകഗണത്തെ കണ്ടുമുട്ടിയശേഷമാണ് ആദ്യരാജാവായ സാവൂൾ രാജാവായി അറിയപ്പെടാൻ തുടങ്ങിയതും യുദ്ധങ്ങളിൽ വിജയം വരിച്ചതും (1സാമു 10:7; 11:1-11; 13:4).

രാജഭരണകാലത്തു പ്രവർത്തനനിരതമായ പ്രവാചക ദൗത്യത്തിനും രൂപത്തിനും ആരംഭം കുറിക്കുന്ന ആളാണു സാമുവൽ എന്നു പറയാൻ കഴിയും. ദൈവത്തിന്റെ പ്രതിനിധി എന്നനിലയിൽ രാജാവിനെ വാഴിക്കേണ്ടത് അക്കാലത്തെ പ്രവാചകന്മാരുടെ ധർമ്മമായിരുന്നു. സാമുവലാണു ദൈവത്തിന്റെ നിർദ്ദേശമനുസരിച്ച് ഇസ്രായേലിലെ ആദ്യരാജാവിനെ വാഴിച്ചത് (1സാമു 7-12). സാവൂൾ ദൈവത്താൽ തിരസ്കൃതനായപ്പോൾ സാമുവൽ അദ്ദേഹത്തെ തിരസ്കരിക്കുകയും ദാവീദിനെ രാജാവായി അഭിഷേചിക്കുകയും ചെയ്തു (1സാമു 13:1-15 ;16:1-13; 19:18-24+28).

സാമുവൽ പൂർണ്ണാർത്ഥത്തിൽ ഒരു പ്രാവചകനായിരുന്നു (1സാമു 3:20; 2ദിന 35:18; പ്രഭാ 46:13-20). അദ്ദേഹം അസാധാരണമായ വിധത്തിൽ അദൃശ്യമായ കാര്യങ്ങൾ ഗ്രഹിക്കാൻ കഴിവുള്ള ദീർഘദർശിയായി

രുന്നു (1 സാമു 9:5-14, 18-21; 1ദിന 9:22; 26:28; 29:29). അതുകൊണ്ടാണു നഷ്ടപ്പെട്ടുപോയ കഴുത എവിടെയാണെന്നറിയാൻ സാവൂളും ഭൃത്യനും സാമുവലിന്റെയടുത്തേക്കു പോയത്. രാജഭരണകാലത്തെ പ്രവാചകന്മാരെപ്പോലെ സാമുവലിനു ദൈവത്തിന്റെ പ്രത്യേക വിളി ലഭിച്ചിരുന്നുവെന്നു നാം കണ്ടു കഴിഞ്ഞു (1സാമു). തങ്ങളുടെ അധികാരം സൂചിപ്പിക്കാൻ പ്രവാചകന്മാർ ദൈവനാമത്തിൽ സംസാരിച്ചിരുന്നതുപോലെ സാമുവലും ദൈവനാമത്തിൽ ആധികാരികതയോടെ സംസാരിച്ചു (1സാമു 8:10-18; 10:17-19; 15:1-2). ദൈവം നൽകിയ സന്ദേശം സാമുവൽ മദ്ധ്യസ്ഥനെന്നനിലയിൽ ഏലിയെയും ജനത്തെയും അറിയിച്ചു (1 സാമു 3:18; 10:18; 15:2). പ്രവാചകന്റെ മറ്റൊരു പ്രധാന കർത്തവ്യമാണു ജനത്തിനുവേണ്ടി ദൈവതിരുമുമ്പിൽ മാദ്ധ്യസ്ഥ്യം വഹിക്കുക എന്നത് (ജറെ 7:16; 27:18); സാമുവൽ ദൈവസന്നിധിയിൽ ജനത്തിനുവേണ്ടി മാദ്ധ്യസ്ഥ്യം വഹിച്ചു (1സാമു 7:8-9; 12 :23).

സമൂഹത്തിൽ അരക്ഷിതാവസ്ഥ നിലനിന്നപ്പോഴും സാമൂഹികമോ രാഷ്ട്രീയമോ നൈയാമികമോ മതപരമോ ആയ അധികാര സംവിധാനങ്ങൾ ഇല്ലാതിരുന്നപ്പോഴുമാണ് സാമുവൽ ജനത്തിന്റെ നേതാവായിരുന്നത്. അന്നത്തെ അരക്ഷിതാവസ്ഥക്കു പരിഹാരമായി സാമുവൽ ദൈവകൽപ്പനയനുസരിച്ച് ആദ്യരാജാവിനെ വാഴിച്ചു (1സാമു 9:1-10:16, 16:1-13). അങ്ങനെ അദ്ദേഹം ഇസ്രായേലിന്റെ ചരിത്രത്തിലെ ഇരുണ്ടയുഗത്തിനു വിരാമമിട്ടു.

ഇപ്രകാരം ദൈവത്തിന്റെ നിർദ്ദേശാനുസരണം അപരിഷ്കൃതവും കുഴഞ്ഞുമറിഞ്ഞതുമായ ഒരു സാമൂഹിക വ്യവസ്ഥയിൽനിന്ന് ഇസ്രായേലിനെ രാഷ്ട്രീയവും സാമൂഹികവുമായ പരിഷ്കാരത്തിലേക്കും നിയമസംവിധാനങ്ങളിലേക്കും കൈപിടിച്ചു നടത്തിയ മഹാനായ പ്രവാചകനായിരുന്നു സാമുവൽ. രാജവാഴ്ച്ച ആരംഭിച്ചതോടെ രാഷ്ട്രീയവും സാമൂഹികവും മതപരവുമായ സംവിധാനങ്ങളെല്ലാം രാജ്യത്തേക്കു കടന്നുവന്നു. പഴയ അവസ്ഥയിലേക്കു തിരിച്ചു പോകാൻ കഴിയാത്ത വിധത്തിലുള്ള ഒരു സംവിധാനത്തിലേക്കു സാമുവൽ ഇസ്രായേലിനെ രൂപപ്പെടുത്തി. ഈ സംവിധാനം അന്ന് ഇസ്രായേലിന്റെ നിലനിൽപ്പിനുതന്നെ ആവശ്യമായിരുന്നു. രാജാക്കന്മാരുടെ ഒന്നാംപുസ്തകം വിവരണമാരംഭിക്കുമ്പോൾ ന്യായാധിപന്മാരുടെ ഗ്രന്ഥത്തിന്റെ അവസാനം ഉണ്ടായിരുന്ന സമൂഹത്തിൽനിന്നു വലിയ വ്യത്യാസങ്ങൾ വന്നിരിക്കുന്നതു കാണാം. പ്രവാചക ദൗത്യത്തിന് ഒരു സമൂഹത്തിന്റെ ഭാവിയെ ദൈവികമായി വിഭാവനം ചെയ്യാനും ആ ഭാവിയിലേയ്ക്ക് സമൂഹത്തെ കൈപിടിച്ചു നടത്താനും കഴിയുമെന്ന് ഇത് തെളിയിക്കുന്നു.

**വിചിന്തനം:** ദൈവിക വെളിപാടുകൾ വിരളമായിരുന്ന കാലത്തു ദൈവതിരുമുമ്പിലെ വിളക്കണഞ്ഞുപോകാതെ കാത്തുസൂക്ഷിക്കുകയും വാഗ്ദാന പേടകത്തിനരികിൽ പ്രതീക്ഷയോടെ കിടന്നുറങ്ങുകയും ചെയ്ത ബാലനായിരുന്നു സാമുവൽ (1സാമു 3:3). വലിയ ചരിത്രപരിവർത്തകനാക്കി ദൈവം അദ്ദേഹത്തെമാറ്റി. ദൈവികമായ വലിയ കാര്യങ്ങൾ ചരിത്രത്തിൽ അവതരിപ്പിക്കാൻ കഴിയുന്നതു ദൈവതിരുമുമ്പിൽ പ്രതീക്ഷയോടെ കാത്തിരിക്കുന്നവർക്കാണ്.



# 04

## വിഭജനത്തിനുമുമ്പുള്ള രാജഭരണകാലത്തെ പ്രവാചകന്മാർ

സാമുവൽ ആദ്യം സാവൂളിനെയും തുടർന്നു ദാവീദിനെയും ഇസ്രായേലിന്റെ രാജാക്കന്മാരായി അഭിഷേചിച്ചു എന്നു നാം കണ്ടു. സാവൂളിന്റെ കാലത്തു സാമുവലിനെക്കൂടാതെ മറ്റു പ്രവാചകന്മാർ ഉണ്ടായിരുന്നുവെങ്കിലും (1 സാമു 19:18-24) സാവൂളിന്റെ ജീവിതത്തിൽ അവർക്കെന്തെങ്കിലും പ്രത്യേക ദൗത്യം ഉണ്ടായിരുന്നതായി തോന്നുന്നില്ല. ദൈവത്താൽ തിരസ്കരിക്കപ്പെട്ട സാവൂൾ ദൈവഹിതമറിയാൻ മറ്റു വഴികളില്ലാതെ ഒരു മന്ത്രവാദിനിയെ സമീപിക്കുന്നതാണു കാണാൻ കഴിയുന്നത് (1സാമു 28:3-25). എന്നാൽ, സാമുവലുമായി സാവൂൾ പലപ്പോഴും സംവദിച്ചിരുന്നു. രാജവാഴ്ച്ച ആരംഭിച്ചതിനുശേഷം പ്രവാചകദൗത്യം അതുമായി ബന്ധപ്പെട്ടാണിരുന്നത്. അന്നു പ്രവാചകന്മാരുടെ സമൂഹങ്ങളുമുണ്ടായിരുന്നുവെന്നു വചനം വ്യക്തമാക്കുന്നു (1സാമു 10:5).

രാജാവായ ദാവീദിന്റെ കാലത്ത് ഒന്നിലധികം പ്രധാന പ്രവാചകന്മാരെ കണ്ടെത്താൻ കഴിയും. അവർക്കു രാജാവിന്റെ തീരുമാനങ്ങളിലും പ്രവർത്തനങ്ങളിലും വലിയ പങ്കുവഹിക്കേണ്ടതുമുണ്ടായിരുന്നു. എന്തുകൊണ്ടാണ് അക്കാലത്തു പ്രവാചകന്മാർക്കു രാജാവിന്റെമേൽ വലിയ അധികാരമുണ്ടായിരുന്നതെന്ന ചോദ്യം ഉയർന്നേക്കാം. അന്നത്തെ ദൈവശാസ്ത്രചിന്താഗതിയിൽ അതിനുത്തരം കണ്ടെത്താൻ കഴിയും. പഴയകാല ചിന്തയനുസരിച്ചു

ദൈവമായിരുന്നു രാജാക്കന്മാരുടെ രാജാവ്; അതായത് ഏറ്റവും വലിയ ചക്രവർത്തി. തന്റെ രാജ്യത്ത് ആരു രാജാവാകണമെന്നു ഈ ചക്രവർത്തി തീരുമാനിക്കും. രാജാവു ചക്രവർത്തിയോടു വിധേയത്വവും അനുസരണവും പാലിക്കാൻ കടപ്പെട്ടിരുന്നു. നീതിമാനായ ഈ വലിയ ചക്രവർത്തിയുടെ പ്രതിനിധികളായിരുന്നു പ്രവാചകന്മാർ. അതുകൊണ്ടാണവർ രാജാവിനെ അഭിഷേകം ചെയ്യുകയും രാജാവിനുള്ള ദൈവിക സന്ദേശങ്ങൾ അറിയിക്കുകയും ചെയ്തത്. ആ സന്ദേശം രാജാവു പൂർണ്ണമായി സ്വീകരിക്കുമെന്നു മാത്രമല്ല ചക്രവർത്തിയുടെ ഈ സന്ദേശവാഹകരെ അവർ ബഹുമാനിക്കുകയും ചെയ്യും. അതുകൊണ്ടാണു അക്കാലത്തെ രാജാക്കന്മാരുടെ ജീവിതത്തിൽ പ്രവാചകന്മാർക്കു വലിയ സ്വാധീനം ഉണ്ടായിരുന്നത്.

## 11. നാഥാൻ: പ്രവാചകനും രാജാവും തമ്മിലുള്ള ബന്ധം

നാഥാൻ പ്രവാചകന്റെ ജീവിതത്തെക്കുറിച്ചു നമുക്കു യാതൊരറിവുമില്ല. ദാവീദിന്റെ കൊട്ടാരത്തിലെ പ്രധാനപ്രവാചകനായിരുന്നു അദ്ദേഹം (2സാമു 7:13; 12:25; 1രാജ 1:8, 10, 22-23). അദ്ദേഹം ദാവീദിന്റെ മനഃസാക്ഷിയായിരുന്നു. രാജാവു തെറ്റുചെയ്തപ്പോൾ നാഥാൻ ദൈവത്തിന്റെ പേരിൽ അദ്ദേഹത്തെ കുറ്റപ്പെടുത്തുകയും ശാസിക്കുകയും ശിക്ഷിക്കുകയും ചെയ്തു. ദാവീദിന്റെ അതീവരഹസ്യമായ തീരുമാനങ്ങൾപോലും പ്രവാചകനു കണ്ടെത്താൻ കഴിയുമായിരുന്നു. രാജാവു നന്മചെയ്തപ്പൾ നാഥാൻ അദ്ദേഹത്തെ പ്രോത്സാഹിപ്പിച്ചു. ദാവീദിന്റെ ജീവിതത്തിലെ അതിപ്രധാനമായ മൂന്നു സംഭവങ്ങളിൽ നാഥാൻ ദൈവിക നിർദ്ദേശങ്ങൾ ദാവീദിനെ അറിയിക്കുന്നതു കാണാം:

1. ദാവീദ് അനേകയുദ്ധങ്ങൾക്കുശേഷം രാജ്യം സുസ്ഥിരമാക്കുകയും തനിക്കായി മനോഹരമായ കൊട്ടാരം നിർമ്മിക്കുകയും ചെയ്തു. സമാധാനകാലം വന്നപ്പോൾ അന്ന് ഗീഹോനിലെ കൂടാരത്തിൽ വസിച്ചിരുന്ന തന്റെ ദൈവത്തിന്റെ പേടകത്തിന് ഒരാലയം പണിയണമെന്ന് അദ്ദേഹം ആഗ്രഹിച്ചു. ഇക്കാര്യം രാജാവു കൊട്ടാരത്തിലെ പ്രവാചകനായ നാഥാനെ അറിയിച്ചു. അപ്പോൾ നാഥാൻ അതിനനുവാദം നൽകിയെങ്കിലും ആ രാത്രി ദൈവം നാഥാനു പ്രത്യക്ഷപ്പെടുകയും ദാവീദിനെ ഈ ഉദ്യമത്തിൽനിന്നു പിൻതിരിപ്പിക്കാൻ കൽപിക്കുകയും ചെയ്തു. കാരണം അവൻ അനേകം രക്തച്ചൊരിച്ചിലുകളിലൂടെയാണു രാജ്യം സുസ്ഥിരമാക്കിയത്. എങ്കിലും ദാവീദിന്റെ ദൈവസ്നേഹവും സന്മനസ്സും കണ്ട ദൈവം അവന്റെ സിംഹാസനം നിത്യമാക്കിത്തീർക്കുമെന്നു വാഗ്ദാനം ചെയ്തു. അവനിൽനിന്നു ജനിക്കുന്ന അവന്റെ മകനെ ദൈവം സ്വന്തം പുത്രനായി സ്വീകരിക്കുമെന്നും നിത്യരാജാവായ അവൻ തനിക്കായി ആലയം പണിയുമെന്നും ദൈവം അരുളിച്ചെയ്തു: "ദിനങ്ങൾ തികഞ്ഞു നീ പൂർവികരോടു ചേരുമ്പോൾ നിന്റെ ഔരസപുത്രനെ ഞാൻ ഉയർത്തി അവന്റെ രാജ്യം സുസ്ഥിരമാക്കും. അവൻ എനിക്ക് ആലയം പണിയും; അവന്റെ രാജസിംഹാസനം ഞാൻ എന്നേക്കും സ്ഥിരപ്പെടുത്തും. ഞാൻ അവനു പിതാവും അവൻ എനിക്കു പുത്രനും ആയിരിക്കും...'' (2 സാമു 7:12-17).

നാഥാൻ വഴി ദാവീദിനു നൽകപ്പെട്ട ദൈവത്തിന്റെ ഈ വാഗ്ദാനമാണു തുടർന്നുള്ള ചരിത്രത്തിൽ ദാവീദിന്റെ കുടുംബത്തിൽനിന്ന് ഒരു





മിശിഹാ വരുമെന്ന പ്രതീക്ഷക്ക് അടിസ്ഥാനമായിത്തീർന്നത്: "ദൂതൻ അവളോടു പറഞ്ഞു: മറിയമേ, നീ ഭയപ്പെടേണ്ടാ; ദൈവസന്നിധിയിൽ നീ കൃപ കണ്ടെത്തിയിരിക്കുന്നു. നീ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും... എന്നു വിളിക്കപ്പെടും. അവന്റെ പിതാവായ ദാവീദിന്റെ സിംഹാസനം ദൈവമായ കർത്താവ് അവനു കൊടുക്കും... അവന്റെ രാജ്യത്തിന് അവസാനം ഉണ്ടാകയില്ല'' (ലൂക്ക 1:30-33 കാണുക; ഏശ 7:14; 9:1; 11:1-9). നാഥാന്റെ ഈ വെളിപ്പെടുത്തലിനോടു ദാവീദ് പ്രതികരിച്ചത് ഒരു നന്ദി പ്രകാശനത്തോടെയാണ്.

2. ദാവീദിന്റെ ജീവിതത്തിൽ നാഥാൻ പ്രവാചകന്റെ മറ്റൊരു പ്രധാന ഇടപെടൽ നടന്നതു ദാവീദും ബത്ഷേബായുമായുള്ള പാപവുമായി ബന്ധപ്പെട്ടാണ്. ഒരു രാജ്യത്തിന്റെ പ്രധാന വരുമാന മാർഗ്ഗങ്ങളിൽ ഒന്നായിരുന്നു പഴയകാലങ്ങളിൽ രാജാക്കന്മാർ നടത്താറുള്ള പടയോട്ടങ്ങൾ. അങ്ങനെയുള്ള ഒരു വസന്തകാലത്തു സാധാരണ രാജാക്കന്മാർ യുദ്ധത്തിനു പോകാറുള്ള സമയത്തു ദാവീദ് തന്റെ സൈന്യത്തെ മുഴുവൻ യുദ്ധത്തിനയച്ചതിനുശേഷം അലസനായി കൊട്ടാരത്തിൽ കഴിഞ്ഞുകൂടി (2സാമു 11:1). അലസനെ സാത്താൻ കൈവശപ്പെടുത്തി. തന്റെ ഒരു സൈനികനായ ഊറിയായുടെ ഭാര്യ കുളിച്ചുകൊണ്ടിരിക്കുന്നത് അയാൾ കാണുകയും അവളിൽ ആകൃഷ്ടനാവുകയും ചെയ്തു. അതു തുടർന്നു വ്യഭിചാരത്തിലേക്ക് നയിക്കുകയും ബത്ഷേബാ ഗർഭിണിയായിത്തീരുകയും ചെയ്തു. വിവരമറിഞ്ഞ രാജാവ് ഊറിയായെ യുദ്ധസ്ഥലത്തുനിന്നു തിരികെ വരുത്തുകയും തന്റെ ഇംഗിതമനുസരിച്ചു വീട്ടിൽ പോയി ഭാര്യയോടൊത്തു ശയിക്കാൻ നിർബന്ധിക്കുകയും ചെയ്തു. അവൻ വിസമ്മതിച്ചതിന്റെ ഫലമായി യുദ്ധസ്ഥലത്തുവച്ച് അവനെ ദാവീദ് ചതിയിൽ കൊല്ലിച്ചു.

അന്യന്റെ ഭാര്യയെ സ്വന്തമാക്കുന്നതു പാപമാണെന്നതു ശരിയാണെങ്കിലും വിധവയെ ഭാര്യയായി സ്വീകരിക്കുന്നതു പുണ്യമാണ്; അതുകൊണ്ട് ദാവീദ് ബത്ഷേബായെ തന്റെ ഭാര്യയായി സ്വീകരിച്ചു. ഹീനമായ പാപങ്ങൾ ചെയ്തതിനുശേഷം (വ്യഭിചാരം, ചതി, കൊലപാതകം) മനുഷ്യരുടെ മുമ്പിൽ നീതിമാനായിച്ചമഞ്ഞു കപടത കാണിച്ച ദാവീദിനെ ദൈവവചനമാകുന്ന പടവാളേന്തി സമീപിച്ചതു നാഥാൻ പ്രവാചകനാണ്. അനീതിയുടെ ഒരു കഥ വിവരിച്ചു ദാവീദിൽ ഉറങ്ങിക്കിടന്ന ധാർമ്മികബോധം ഉണർത്തിയശേഷം ''ആ മനുഷ്യൻ നീ തന്നെ'' എന്ന വിധിവാചകം നാഥാൻ പ്രഖ്യാപിച്ചു (2സാമു 12). ദാവീദിനുമേൽ ദൈവം നടത്തിയ വിധി നാഥാൻ അയാളെ പറഞ്ഞു കേൾപ്പിച്ചു (2സാമു 12:10-12). തന്റെ തിന്മ തിരിച്ചറിഞ്ഞ ദാവീദ് ആത്മാർത്ഥമായി അനുതപിച്ചുകഴിഞ്ഞപ്പോൾ നാഥാൻ ദൈവത്തിന്റെ കരുണയും ക്ഷമയും അവനെ അറിയിച്ചു (2 സാമു 2:13-14). പിന്നീടു ബത്ഷേബായിൽ ഒരു കുഞ്ഞു ജനിച്ചപ്പോൾ (സോളമൻ) ദൈവം തന്റെ ദയയുടെ വചനങ്ങൾ നാഥാൻവഴി ദാവീദിനെ അറിയിച്ചു.

3. ദാവീദിന്റെ പിൻഗാമി ആരായിരിക്കണമെന്ന തീരുമാനമെടുക്കുന്ന അവസരത്തിലാണു നാഥാനെ നാം വീണ്ടും കാണുന്നത് (1രാജാ 1). ദാവീദ് വളരെ വൃദ്ധനാവുകയും ബലഹീനനാകുകയും ചെയ്ത കാലത്ത് അദ്ദേഹത്തിന്റെ 7 ഭാര്യമാരിൽ ഒരാളായ ഹഗ്ഗീത്തിന്റെ മകൻ അദോ

ണിയ രാജാവാകുന്നതിനുള്ള കരുനീക്കങ്ങൾ നടത്തി. ദാവീദിന്റെ സേനാനായകനായ യോവാബിനോടും രണ്ടു പ്രധാന പുരോഹിതന്മാരിൽ ഒരുവനായ അബിയാഥറിനോടും ആലോചിച്ച് അയാൾ അഭിഷേകത്തിനൊരുങ്ങി. ദാവീദിനെയോ പ്രവാചകനായ നാഥാനെയോ പ്രധാനപുരോഹിതരിലൊരുവനായ സാദോക്കിനെയോ പ്രധാന പടയാളികളിലൊരുവനായ ബനായായെയോ മറ്റു ചില പ്രമുഖരെയോ ഈ വിവരം അറിയിച്ചില്ല.

അദോണിയ തന്റെ കിരീടധാരണ കർമ്മങ്ങളുമായി മുമ്പോട്ടുപോയപ്പോൾ നാഥാൻ പ്രവാചകൻ ദാവീദിന്റെ സമക്ഷം ഇടപെടുകയും അദ്ദേഹം ബത്ഷേബയോടു ചെയ്തിരുന്ന ഒരു വാഗ്ദാനം അനുസ്മരിപ്പിക്കുകയും ചെയ്തു. തത്ഫലമായി അദോണിയ രഹസ്യമായി രാജാവാകാൻ നിശ്ചയിച്ച സമയത്തുതന്നെ ബത്ഷേബായുടെ മകനായ സോളമനെ നാഥാനും സാദോക്കും ചേർന്നു ബനായായുടെയും മറ്റുള്ളവരുടെയും സാന്നിധ്യത്തിൽ ജറുസലേമിൽ വച്ചു ദാവീദിന്റെ പിൻഗാമിയായി അഭിഷേചിച്ചു (1രാജ 1:1-53). ഈ സോളമനാണു ദൈവത്തിനുവേണ്ടി പണിയണമെന്ന് ദാവീദ് ആഗ്രഹിച്ച ആദ്യദേവാലയം ജറുസലേമിൽ പണികഴിച്ചത്. നാഥാൻ ഇടപെട്ടില്ലായിരുന്നുവെങ്കിൽ ഇസ്രായേലിന്റെയും ദാവീദ് രാജവംശത്തിന്റെയും ദൈവജനത്തിന്റെയും ചരിത്രം മറ്റൊന്നാകുമായിരുന്നു.

നാഥാന്റെ ജീവിതത്തിലൂടെയും പ്രവർത്തനങ്ങളിലൂടെയും വെളിവാകുന്ന പ്രവാചകരെ സംബന്ധിക്കുന്ന ചില യാഥാർത്ഥ്യങ്ങളുണ്ട്: 1. പ്രവാചകന്മാർ ദൈവജനത്തിന്റെ ചരിത്രം മുന്നോട്ടു നയിച്ചവരാണ്. 2. മുമ്പ് കണ്ടതുപോലെതന്നെ രാജാവിനെ വാഴിച്ചിരുന്നതു പ്രവാചകനാണ്. 3. പ്രവാചകന്മാർക്കു രാജസന്നിധിയിൽ സ്വതന്ത്രമായ പ്രവേശന സാദ്ധ്യതകളും രാജകീയ തീരുമാനങ്ങളിൽ സ്വാധീനവുമുണ്ടായിരുന്നു. 4. ദൈവത്തിന്റെ നാമത്തിൽ രാജ്യത്തെ ഏറ്റം ഉന്നതനായ രാജാവിനോടുപോലും ആധികാരികമായി സംസാരിക്കാൻ അവർക്കു കഴിഞ്ഞിരുന്നു. 5. രാജാവിന്റെ വൈകാരിക നിലപാടുകൾക്കപ്പുറം ദൈവഹിതാനുസരണം നീതിപൂർവ്വം പ്രവർത്തിക്കാനുള്ള ഒരു വിളിയാണു പ്രവാചകനുണ്ടായിരുന്നത്. 6. എന്നാൽ ഇതിൽനിന്നു വ്യത്യസ്തമായി രാജഹിതാനുസരണം മാത്രം പ്രവർത്തിച്ചിരുന്ന പ്രവാചകന്മാർ കൊട്ടാരവുമായി ബന്ധപ്പെട്ടു ജീവിച്ചിരുന്നുവെന്നു പ്രവാചകനായ മിക്കായായുടെയും മറ്റു 400 പ്രവാചകന്മാരുടെയും ചരിത്രം തെളിയിക്കുന്നു (1രാജാ 22). 7. നാഥാൻ പഴയകാലത്തു വളരെയധികം അറിയപ്പെട്ടിരുന്ന ഒരു പ്രവാചകനായിരുന്നതുകൊണ്ട് അദ്ദേഹത്തിന്റെ പേരിലറിയപ്പെടുന്ന ഒരു ദിനവൃത്താന്തഗ്രന്ഥമുണ്ടായിരുന്നു (1ദിന 29:29; 2ദിന 9:29). ഈ ഗ്രന്ഥം ദാവീദിന്റെയും സോളമന്റെയും ചരിത്രങ്ങൾ വിവരിച്ചിരുന്നുവെങ്കിലും ഇന്നിതു ലഭ്യമല്ല.

ഭരണാധികാരിയെ സ്വാധീനിക്കുന്നതിലൂടെ സമൂഹത്തിൽ നീതിയും സമാധാനവും ദൈവിക പദ്ധതിയും ഉറപ്പുവരുത്താൻ നാഥാൻ പ്രവാചകന് കഴിഞ്ഞു. ദൈവത്തിന്റെ വക്താവായി അധികാരത്തോടെ രാജാവിനോടു പെരുമാറാൻ കഴിഞ്ഞതു താൻ ദൈവത്താൽ അയക്കപ്പെട്ടവനാണെന്ന അവബോധം നാഥാനുണ്ടായിരുന്നതുകൊണ്ടാണ്.

**വിചിന്തനം:** വചനമാകുന്ന പടവാളേന്തി തിന്മയ്ക്കെതിരേ പോരാടിയ പ്രവാചകനാണു നാഥാൻ. രാജാവു തിന്മചെയ്തപ്പോൾ അദ്ദേഹത്തിനെതിരേയും അദോണിയ തിന്മ ചെയ്തപ്പോൾ അവനെതിരേയും നാഥാൻ ശബ്ദമുയർത്തി. വചനത്താലും ആത്മാവിനാലും നിറയുകയും സ്വാർത്ഥതാത്പര്യങ്ങൾ വെടിയുകയും ചെയ്താൽ മാത്രമേ ഇപ്രകാരം മുഖം നോക്കാതെ സംസാരിക്കുന്ന ദൈവത്തിന്റെ വക്താവാകാൻ ഒരുവനു കഴിയുകയുള്ളൂ. അങ്ങനെയുള്ള പ്രവാചകനാണു നൂറ്റാണ്ടുകൾക്കുമുമ്പുതന്നെ വചനത്തിന്റെ മനുഷ്യാവതാരം ആത്മീയമായി ദർശിക്കാൻ കഴിഞ്ഞത്.





## 12. ഗാദ്

ദൈവത്തിൽനിന്ന് ഏതെങ്കിലും വിധത്തിലുള്ള വെളിപാടു തനിക്കു ലഭിച്ചതായി വിവരിക്കാത്ത ഒരു പ്രവാചകനാണു ഗാദ്. അദ്ദേഹം നാഥാനെപ്പോലെതന്നെ ദാവീദിന്റെ കൊട്ടാരവുമായി ബന്ധപ്പെട്ടു ജീവിക്കുകയും (1സാമു 22:5; 1ദിന 29:29) ദാവീദിനു രാഷ്ട്രീയോപദേശം നൽകുകയും ചെയ്ത പ്രവാചകനാണ്. ദാവീദിന്റെ ജീവിതത്തിലും തീരുമാനങ്ങളിലും ഗാദ് വലിയ സ്വാധീനം ചെലുത്തിയിട്ടുണ്ട്. മൂന്നുകാര്യങ്ങളിൽ അദ്ദേഹം ദാവീദിനെ സ്വാധീനിച്ചെന്നു ബൈബിൾ വിവരിക്കുന്നു: 1. ഗോലിയാത്തിനെ കൊന്ന് തന്റെ അമാനുഷിക ശക്തി വെളിപ്പെടുത്തിയ ദാവീദിനോടു സാവൂളിനു അസൂയതോന്നി എന്നുമാത്രമല്ല അവനെ കൊന്നുകളയാൻ തീരുമാനിക്കുകയും അതിനായി പരിശ്രമിക്കുകയും ചെയ്തു. ദാവീദ് തന്റെ കുടുംബത്തോടും അടുത്ത സുഹൃത്തുക്കളോടും സമൂഹത്തിൽ അവഗണിക്കപ്പെട്ടു കിടന്ന കുറേ ആളുകളോടുംകൂടി ജറുസലെമിൽ നിന്ന് ഒളിച്ചോടി. ഈ അവസരത്തിലാണു വി. മത്തായി വിവരിക്കുന്ന വിശുദ്ധയപ്പം ദാവീദ് ഭക്ഷിച്ചത് (മത്തായി 12:4). ദാവീദും അനുചരന്മാരും അദുല്ലാമിലെ ഒരു ഗുഹയിൽ ഒളിച്ചു പാർത്തു. കുറച്ചു നാളുകൾ കഴിഞ്ഞപ്പോൾ ആ ഗുഹയിലെ സുരക്ഷിതത്വം ഉപേക്ഷിച്ചു യൂദായിലേക്കു തിരിച്ചുപോകാൻ ദാവീദിനെ ഗാദ് ഉപദേശിച്ചു (1സാമു 22:5). അതു ദാവീദ് അനുസരിച്ചു.

ദാവീദിനെ ഗാദ് സ്വാധീനിച്ച രണ്ടാമത്തെ സംഭവം ദാവീദിന്റെ ജീവിതത്തിലെ രണ്ടാമത്തെ മാരകപാപവുമായി ബന്ധപ്പെട്ടാണിരിക്കുന്നത്. തന്റെ ആയുധബലവും (യുദ്ധം ചെയ്യാൻ കഴിവുള്ളവരുടെ എണ്ണം) ധനബലവും (നികുതികൊടുക്കുന്നവരുടെ എണ്ണം) കൃത്യമായി അറിയാനാഗ്രഹിച്ച ദാവീദ് തന്റെ രാജ്യത്തിലെങ്ങുമുള്ള ജനങ്ങളുടെ കണക്കെടുക്കാൻ തീരുമാനിക്കുകയും അതു നടപ്പിലാക്കുകുയം ചെയ്തു. തന്റെ ശക്തിയുടെയും സമ്പത്തിന്റെയും ഉറവിടമായി ദൈവത്തെ ആശ്രയിക്കാതെ സ്വന്തശക്തിയിലാശ്രയിച്ച ദാവീദിനെ ദൈവം ശിക്ഷിച്ചു. എന്നാലവൻ ഇതുവരെ ചെയ്ത നന്മകളെപ്രതി ദൈവം നിശ്ചയിച്ച 3 ശിക്ഷകളിൽ ഏതെങ്കിലുമൊന്നു തനിക്കായി തെരഞ്ഞെടുക്കാൻ ദാവീദിനു ദൈവം അവസരം നൽകി: "... നിൻെറ രാജ്യത്തു മൂന്നുവർഷം ക്ഷാമമുണ്ടാകുകയോ നീ ശത്രുക്കളിൽനിന്നു മൂന്നുമാസം ഒളിവിൽ പാർക്കുകയോ നിൻെറ രാജ്യത്ത് മൂന്നുദിവസം പകർച്ചവ്യാധി ഉണ്ടാവുകയോ ഏതു വേണം? ... (2സാമു 24:13). ദൈവത്തിന്റെ ഈ തീരുമാനം ദാവീദിനെ അറിയിച്ചതു പ്രവാചകനായ ഗാദായിരുന്നു. ദൈവത്തിന്റെ കരങ്ങളിൽപ്പെടുന്നതാണു മനുഷ്യകരങ്ങളിൽ നിപതിക്കുന്നതിനെക്കാൾ ഭേദ

മെന്നു പറഞ്ഞുകൊണ്ടു ദാവീദ് പകർച്ചവ്യാധി തനിക്കു ശിക്ഷയായി തെരഞ്ഞെടുത്തു.

പകർച്ചവ്യാധി പടർന്നുപിടിച്ചു ജറൂസലേമിന്റെ കഴുത്തൊപ്പമെത്തിയപ്പോൾ ദൈവത്തിനു പരിഹാരബലിയർപ്പിച്ചു കരുണ തേടാൻ ദാവീദിനെ ഗാദ് ഉപദേശിച്ചു. ബലിയർപ്പണത്തിനുള്ള സ്ഥലമേതെന്നു പ്രവാചകൻതന്നെ നിർദ്ദേശിച്ചു നൽകി. ഈ ഉപദേശം സ്വീകരിച്ച ദാവീദ് തദനുസരണം അരവ്ണായുടെ മെതിക്കളം വിലയ്ക്കു വാങ്ങുകയും അവിടെ പരിഹാരബലിക്കായി ഒരൾത്താര പണിയുകയും അതിൽ ബലിയർപ്പിക്കുകയും ചെയ്തു (2സാമു 24; 1ദിന 21:1–27). ഈ അൾത്താര പണിത സ്ഥലമാണു പിന്നീടു ജറൂസലേം ദേവാലയത്തിന്റെ സ്ഥലമായി മാറിയത്. അങ്ങനെ ദാവീദിന്റെ പുത്രൻ പണിയുമെന്നു നാഥാൻ പ്രവാചകൻ പ്രവചിച്ച ദേവാലയത്തിന്റെ സ്ഥാനം നിർണ്ണയിച്ചതു ദൈവനിവേശിതനായ ഗാദ് പ്രവാചകനായിരുന്നു.

യൂദാദേശത്തു വലിയ സ്വാധീനമുണ്ടായിരുന്ന പ്രവാചകനായിരുന്നു ഗാദ്. അദ്ദേഹം നല്കിയതെന്നു കരുതപ്പെട്ടിരുന്ന നിർദ്ദേശമനുസരിച്ചാണു ഹെസക്കിയ രാജാവു ദേവാലയഗായകരുടെ ദൗത്യം നിർവചിച്ചത് (2ദിന 29:25). മാത്രമല്ല, ഗാദിന്റെ പേരിലറിയപ്പെട്ടിരുന്ന "ഗാദിന്റെ ദിനവൃത്താന്തം" എന്ന ഒരു ഗ്രന്ഥം അന്നു പ്രചാരത്തിലുണ്ടായിരുന്നു (1ദിന 29:29–30). ഈ ഗ്രന്ഥം ദാവീദിന്റെ ചരിത്രവും അദ്ദേഹത്തിന്റെ പ്രാധാന്യവുമെല്ലാം വിവരിച്ചിരുന്നു. പ്രവാചകന്മാരുടെ പേരിൽ വളരെ പഴയ കാലം മുതൽതന്നെ ഗ്രന്ഥങ്ങളുണ്ടായിരുന്നുവെന്നും ആ പാരമ്പര്യത്തിന്റെ വളർച്ചയുടെ പൂർണതയിലാണു പ്രവാചകന്മാരുടെ പ്രസംഗങ്ങൾതന്നെ ക്രോഡീകരിച്ച ഗ്രന്ഥങ്ങൾ രൂപീകൃതമായതെന്നും ഇപ്രകാരമുള്ള പഴയ രേഖകൾ വ്യക്തമാക്കുന്നു.

**വിചിന്തനം:** ദൈവം തിരഞ്ഞെടുത്തവനാണു ദാവീദ് എന്നറിഞ്ഞപ്പോൾ അവനോടുകൂടെ വീടുവിട്ടിറങ്ങുകയും ദൈവം ദാവീദിനെ രക്ഷിക്കുന്ന സമയംവരെ പ്രതീക്ഷയോടെ കാത്തിരിക്കുകയും നിരന്തരം ദാവീദിനുവേണ്ടി ദൈവഹിതമന്വേഷിക്കുകയും അതു തക്ക സമയത്ത് അദ്ദേഹത്തെ അറിയിക്കുകയും ചെയ്തവനാണു ഗാദ്. രക്ഷയുടെതും ശിക്ഷയുടെതുമായ ദൈവഹിതം ഗാദ് ദാവീദിനെ അറിയിച്ചു. ദൈവാരാധനയിലും അദ്ദേഹം തീക്ഷ്ണമതിയായിരുന്നുവെന്നു ചരിത്രം സാക്ഷിക്കുന്നു. താൻ ദൗത്യം അറിയിക്കേണ്ട ജനത്തെ അവരുടെ ജീവിതസാഹചര്യങ്ങളിൽ അനുഗമിക്കുകയും ആ സാഹചര്യങ്ങളിൽ ഇടമുറിയാതെ ദൈവഹിതം അന്വേഷിക്കുകയും ചെയ്യുക എന്നത് ഉത്കൃഷ്ടമായ പ്രവാചകധർമ്മമാണ്.

## 13. അഹിയ പ്രവാചകനും രാജ്യത്തിന്റെ വിഭജനവും

സോളമന്റെ വിഗ്രഹാരാധനയായിരുന്നു ദൈവം ദാവീദിനു നൽകിയ രാജ്യം രണ്ടായി വിഭജിക്കപ്പെടാൻ കാരണമെന്നു വി. ഗ്രന്ഥകാരൻ പറയുന്നു (1രാജാ 12). ഇതോടനുബന്ധിച്ചു സോളമന്റെ അടിമകളുടെ ചുമതല വഹിച്ചിരുന്നവനും കഴിവുറ്റവനുമായിരുന്ന ജെറോബൊവാമിനു പത്തുഗോത്രങ്ങൾ നൽകുമെന്നു പ്രവചിച്ചത് അഹിയാ പ്രവാചകനാണ് (1രാജാ 12:1–24). ഇസ്രായേൽ രാജ്യത്തിന്റെ ചരിത്രത്തിലെ അതിപ്രധാ





നവും ദുഃഖകരവുമായ ഒരു സംഭവമായിരുന്നു രാജ്യത്തിന്റെ വിഭജനം. അഹിയാ വസിച്ചിരുന്നതു ഷീലോയിലാണ്. ഒരു ദിവസം അദ്ദേഹം ജറൂസലേമിൽനിന്നു പുറത്തേക്കു പോകുന്ന ജെറോബൊവാമിനെ കണ്ടുമുട്ടുകയും രാജ്യം ഛിന്നഭിന്നമാകുന്നതിന്റെ പ്രതീകമായി തന്റെ അങ്കി 12 കഷണങ്ങളായി കീറുകയും അതിൽ 10 കഷണങ്ങൾ ജെറോബൊവാമിനു നൽകുകയും ചെയ്തു. ദൈവം ഇസ്രായേലിലെ ഗോത്രങ്ങളെ തിരസ്കരിച്ചതിന്റെയും അതിൽ പത്തുഗോത്രങ്ങളെ (വിഗ്രഹാരാധകരായിത്തീർന്ന) ദാവീദ് ഭവനത്തിൽനിന്നു വേർപെടുത്തിയതിന്റെയും അടയാളമായിരുന്നു ഈ പ്രവൃത്തി.

സോളമന്റെ പുത്രനായ റെഹോബൊവാമിന്റെ സാമൂഹിക, സാമ്പത്തിക പദ്ധതികളും രാജ്യത്തിന്റെ വിഭജനത്തിനു കാരണമായിത്തീർന്നു. നീതിയോടും വിശ്വസ്തതയോടുംകൂടി വർത്തിച്ച ജെറോബൊവാമിനു 10 ഗോത്രങ്ങൾ മാത്രമല്ല സ്ഥിരമായ രാജത്വവും നൽകുമെന്നു ദൈവം വാഗ്ദാനം ചെയ്തു (1രാജ 11:38). ദൈവം നാഥാൻ പ്രവാചകൻവഴി ദാവീദിനു നൽകിയ വാഗ്ദാനത്തോട് ഇതിനെ താരതമ്യപ്പെടുത്താൻ കഴിയും (2സാമു 7). അഹിയായുടെ പ്രവചനത്തിന്റെ പൂർത്തികരണമായാണു റഹോബോവാം ആവിഷ്കരിച്ച നികുതി വർദ്ധനവിനെയും തത്ഫലമായ രാജ്യവിഭജനത്തെയും ബൈബിൾ അവതരിപ്പിക്കുന്നത് (1രാജ 12:15). രാജാവിനെ വാഴിക്കുക, സ്ഥാനഭ്രഷ്ടനാക്കുക എന്നിവ അക്കാലത്തു പ്രവാചകന്മാരുടെ മുഖ്യ ധർമ്മമായിരുന്നു എന്നു നാം കണ്ടുകഴിഞ്ഞു (1രാജ 14:1–18).

അഹിയാ പ്രവാചകൻെറ ജീവിതത്തിലെ രണ്ടാമത്തെ പ്രധാന സംഭവം നടക്കുന്നത് അദ്ദേഹത്തിന്റെ വാർദ്ധക്യകാലത്താണ്. രോഗിയായ തന്റെ മകൻ സുഖം പ്രാപിക്കുമോ എന്നറിയാൻ ജെറോബൊവാം തന്റെ ഭാര്യയെ വേഷപ്രച്ഛന്നയായി അഹിയായുടെ അടുത്തേക്കയച്ചു (1രാജാ 14:1–18). ആളറിയാതിരിക്കാൻ വേഷം മാറി വന്നവളാണെങ്കിലും ആന്തരിക നേത്രങ്ങളാൽ അവളെ തിരിച്ചറിയാൻ വാർദ്ധക്യം ബാധിച്ചു കണ്ണുകൾ മങ്ങിയിരുന്ന അഹിയാ പ്രവാചകനു കഴിഞ്ഞു. ജെറോബൊവാം വിഗ്രഹാരാധന നടത്തുകയും ബേഥേലിലും ദാനിലും കാളക്കുട്ടികളെ പ്രതിഷ്ഠിച്ച് അവയെ ആരാധിക്കുകയും അവയെ ആരാധിക്കാൻ ജനങ്ങളെ പ്രേരിപ്പിക്കുകയും ചെയ്തതിനാൽ ഇസ്രായേൽ രാജവംശത്തെ മുഴുവൻ താൻ തിരസ്കരിച്ചിരിക്കുന്നു എന്നു ദൈവം അഹിയാ പ്രവാചകനോടരുളിച്ചെയ്തു. അനുസരണയോടും വിശ്വസ്തതയോടുംകൂടി ദൈവതിരുമുമ്പിൽ വ്യാപരിച്ചാൽ നിത്യമായ ഒരു രാജ്യം നൽകുമെന്ന തന്റെ പഴയ വാഗ്ദാനം (1രാജാ 11:38–39) അഹിയായിലൂടെതന്നെ ദൈവം പിൻവലിച്ചു. അഹിയായുടെ വചനം അന്വർത്ഥമാക്കിക്കൊണ്ടു കുഞ്ഞു മരിച്ചു (1രാജ 14:18). ജെറോബൊവാമിന്റെ കുടുംബത്തെ മുഴുവനും ബാഷാ വാളിനിരയാക്കിയപ്പോൾ അഹിയായുടെ വാക്കുകൾ പൂർണ്ണമായി നിറവേറി (1രാജ 14:14; 15:29). ദൈവഹിതം അറിയാൻ കഴിവുള്ളവനും അതു പ്രഘോഷിക്കുന്നവനും അതനുസരിച്ചു പ്രവർത്തിക്കാൻ കഴിവുള്ളവനുമാണു പ്രവാചകൻ.

**വിചിന്തനം:** ഭരണാധികാരികളുടെ മുഖം നോക്കാതെയും അവരോടു ഭയം കൂടാതെയും ദൈവവചനമറിയിച്ച പ്രവാചകനാണ് അഹിയ.

സ്വന്തം ജീവിതവും താത്പര്യങ്ങളും ദൈവഹിതത്തോടു പൂർണ്ണമായി ചേർത്തുവച്ചതുകൊണ്ടു വാർദ്ധക്യകാലത്ത് അദ്ദേഹത്തിന്റെ ആന്തരികനേത്രങ്ങൾ ബാഹ്യനേത്രങ്ങൾപോലെ വർത്തിച്ചുവെന്നു മാത്രമല്ല കൺമുമ്പിലുള്ള കാര്യങ്ങളെന്നതുപോലെ ഭാവി കാര്യങ്ങളും വ്യക്തമായി കാണാൻ അദ്ദേഹത്തിനു കഴിഞ്ഞു.

# വിഭജനത്തിനുശേഷം രാജഭരണകാലത്തെ ഇസ്രായേലിലെ പ്രവാചകന്മാർ

## 14–15. ദൈവപുരുഷനും ബേഥേലിലെ വൃദ്ധപ്രവാചകനും

ദൈവം അരുൾച്ചെയ്ത വചനം ജീവിക്കാനും പ്രസംഗിക്കാനും പ്രവാചകൻ ബാധ്യസ്ഥനായിരുന്നു. കർത്താവിന്റെ ഹിതത്തിനു വിപരീതമായി ഇസ്രായേലിലെ ആദ്യരാജാവായ ജെറോബാവാം ബേഥേലിലും ദാനിലും ആരാധനാ സ്ഥലങ്ങൾ സ്ഥാപിക്കുകയും അവിടെ ബലിയർപ്പിക്കുകയും ചെയ്തുവന്നു. ഒരിക്കൽ ജെറോബോവാം ആലയത്തിലെ ധൂപപീഠത്തിനരികെ നില്ക്കുമ്പോൾ കർത്താവിന്റെ കല്പനയനുസരിച്ച് ഒരു ദൈവപുരുഷൻ അവിടെയെത്തി ബലിപീഠത്തെ നോക്കി ഇങ്ങനെ വിളിച്ചു പറഞ്ഞു: “അല്ലയോ ബലിപീഠമേ, കർത്താവ് അരുളിച്ചെയ്യുന്നു; ദാവീദിൻെറ ഭവനത്തിൽ ജോസിയാ എന്ന ഒരു പുത്രൻ ജനിക്കും. നിൻെറമേൽ ധൂപാർപ്പണം നടത്തുന്ന പൂജാഗിരിയിലെ പുരോഹിതൻമാരെ അവൻ നിൻെറമേൽവച്ചു ബലിയർപ്പിക്കും. മനുഷ്യാസ്ഥികൾ നിൻെറമേൽ ഹോമിക്കും” (1 രാജാ 13:1–32). താൻ പറയുന്ന സന്ദേശത്തിന്റെ ആധികാരികത തെളിയിക്കാൻ ഒരടയാളമായി ബലിപീഠം സ്വയം പിളർന്നു ചാരം ഊർന്നു വീഴുമെന്നു പ്രവാചകൻ പ്രവചിക്കുകയും അതു സംഭവിക്കുകയും ചെയ്തു.

പ്രവാചകനെ പിടിക്കാൻ ജെറോബോവാം കൈ നീട്ടിയപ്പോൾ അതു മടക്കാൻ വയ്യാതെ മരവിച്ചുപോയി. അപ്പോൾ രാജാവിന്റെ അപേക്ഷപ്രകാരം ആ പ്രവാചകൻ രാജാവിനുവേണ്ടി ദൈവത്തോടു പ്രാർത്ഥിക്കുകയും തത്ഫലമായി രാജാവു സുഖപ്പെടുകയും ചെയ്തു. തന്റെ കൊട്ടാരത്തിൽ പ്രവാചകനു സദ്യയും സമ്മാനങ്ങളും രാജാവു വാഗ്ദാനം ചെയ്തെങ്കിലും അവിടെനിന്നു യാതൊരു സത്കാരവും സ്വീകരിക്കരുതെന്നു കർത്താവിന്റെ കല്പനയുണ്ടായിരുന്നതിനാൽ പ്രവാചകൻ രാജാവിന്റെ ക്ഷണം നിരസിച്ചു വന്ന വഴിയെ തിരിച്ചു പോയി.

ബേഥേലിൽ അക്കാലത്തു ഒരു വൃദ്ധപ്രവാചകനുണ്ടായിരുന്നു. രാജാവിനോടു വചനം അരുൾച്ചെയ്ത പ്രവാചകൻ വന്ന വിവരം അദ്ദേഹത്തിന്റെ മക്കൾ അദ്ദേഹത്തെ അറിയിച്ചപ്പോൾ ആ വൃദ്ധപ്രവാചകൻ വചനം പ്രസംഗിച്ച പ്രവാചകൻ പോയ വഴിയെ അവനെ അന്വേഷിച്ചു പോവുകയും കണ്ടെത്തിയപ്പോൾ അവനെ തന്റെ വീട്ടിലേയ്ക്ക് ഭക്ഷണത്തിന് ക്ഷണിക്കുകയും ചെയ്തു. താൻ ആ ദേശത്തുനിന്നു സത്കാരം സ്വീകരിക്കാനോ ഭക്ഷണം കഴിക്കാനോ പാടില്ല എന്നു കർത്താവു കല്പിച്ച കാര്യം പ്രവാചകൻ വൃദ്ധപ്രവാചകനെ അറിയിച്ചു (13:18). എന്നാൽ താനും ഒരു പ്രവാചകനാണെന്നും ബേഥേലിൽ പ്രസംഗിച്ച





പ്രവാചകനെ വീട്ടിൽക്കൊണ്ടുവന്ന് അവന് ഭക്ഷണം കൊടുക്കുകയെന്നു കർത്താവു തന്നോടു കല്പിച്ചുവെന്നും ആ വൃദ്ധപ്രവാചകൻ വ്യാജമായിപ്പറഞ്ഞു. വൃദ്ധനായ ഒരു പ്രവാചകൻ തന്നോട് ഇപ്രകാരം പറഞ്ഞപ്പോൾ ആദ്യപ്രവാചകൻ അതനുസരിച്ചു സത്കാരം സ്വീകരിക്കാൻ വൃദ്ധപ്രവാചകന്റെ കൂടെപ്പോയി. അവർ ഭക്ഷണത്തിനുരുന്നപ്പോൾ വൃദ്ധപ്രവാചകന് കർത്താവിന്റെ അരുളപ്പാടുണ്ടായി. ബേഥേലിലേയ്ക്കു വന്ന പ്രവാചകൻ ദൈവകല്പന ധിക്കരിച്ചിരിക്കയാൽ അവന്റെ ജഡം പിതാക്കാന്മാരുടെ കൂടെ അടക്കപ്പെടുകയില്ല എന്നു ദൈവത്തിന്റെ സത്യവചനം അയാൾതന്നെ അതിഥിയെ അറിയിച്ചു.

ഭക്ഷണശേഷം സ്വഭവനത്തിലേയ്ക്കു മടങ്ങിയ പ്രവാചകനെ ഒരു സിംഹം കടിച്ചുകൊന്നു. എങ്കിലും സിംഹം ആ ശരീരം ഭക്ഷിക്കുകയോ പ്രവാചകൻ യാത്രചെയ്ത കഴുതയെ ഉപദ്രവിക്കുകയോ ചെയ്തില്ല. പ്രവാചകൻ മരിച്ചതും അത്ഭുതകരമായി സിംഹവും കഴുതയും ജഡത്തിനു കാവൽ നില്ക്കുന്നതും കണ്ട ജനം ഈ വാർത്ത വൃദ്ധപ്രവാചകനെ അറിയിച്ചു. ഇതു കർത്താവിന്റെ വചനം തിരസ്കരിച്ചതിന്റെ ഫലമാണെന്നദ്ദേഹം പ്രഖ്യാപിച്ചു. അദ്ദേഹം മക്കളോടൊപ്പം പോയി ആ പ്രവാചകന്റെ ജഡം എടുത്തുകൊണ്ടുവരികയും സ്വന്തം കല്ലറയിൽ സംസ്കരിക്കുകയും ചെയ്തു. ബേഥേലിനും സമറിയായിലെ പൂജാഗിരികൾക്കുമെതിരെയുള്ള അദ്ദേഹത്തിന്റെ വാക്കുകൾ നിറവേറുമെന്ന് ആ വൃദ്ധപ്രവാചകൻ പ്രഖ്യാപിച്ചു.

**വിചിന്തനം:** ദൈവവചനം ശ്രവിക്കുകയും സ്വീകരിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യുന്ന കാര്യത്തിൽ പ്രവാചകന്മാർ എത്രമാത്രം ശ്രദ്ധാലുക്കളായിരിക്കണമെന്നാണ് ഈ പ്രവാചചകന്റെ അനുഭവം വിവരിക്കുന്നത്. ദൈവവചനം സ്വീകരിച്ച പ്രവാചകന് അതു പ്രസംഗിക്കുകയല്ലാതെ മറ്റു സ്വാതന്ത്ര്യമില്ല. ഏതു ത്യാഗം സഹിച്ചും വചനം അനുസരിക്കാൻ അയാൾ ബാധ്യസ്ഥനാണ്. മാത്രമല്ല, വചനത്തിനെതിരെയുള്ള പരീക്ഷകൾ ഏതു രൂപത്തിൽ വേണമെങ്കിലും പ്രത്യക്ഷപ്പെടുകയുമാകാം. വിശന്നുവലഞ്ഞപ്രവാചകനു തന്റെ വിശപ്പ് ഒരു അഗ്നിപരീക്ഷയായിരുന്നിരിക്കാം. ദൈവവചനത്തെ തന്റെ ശാരീരികാവശ്യങ്ങൾക്കനുകൂലമായി വ്യാഖ്യാനിക്കാൻ കൂട്ടുനിന്നതിന്റെ ഫലം കഠിനമായ ശിക്ഷമായിരുന്നു.

## 16. യേഹു

ഇസ്രായേലിലെ രണ്ടു രാജാക്കന്മാരുടെ കാലഘട്ടങ്ങളിൽ നിർണ്ണായകമായ സന്ദേശങ്ങൾ നൽകിയ പ്രവാചകനാണു യേഹു: 1. എഫ്രായിം ഗോത്രത്തിൽപ്പെട്ടവനായിരുന്നു ആദ്യരാജാവായ ജെറോബൊവാം (1രാജാ 11:26). അഹിയാ പ്രവാചകന്റെ പ്രവചനമനുസരിച്ചു ജെറോബൊവാം മരിച്ചു. അദ്ദേഹത്തിന്റെ മകൻ നാദാബ് രാജഭരണമേറ്റു. പിതാവിനെപ്പോലെതന്നെ അവനും വിഗ്രഹാരാധനയിൽ മുഴുകുകയും ഇസ്രായേലിനെക്കൊണ്ടു പാപം ചെയ്യിക്കുകയും ചെയ്തു. രണ്ടുവർഷം കഴിഞ്ഞപ്പോൾ ഇസ്സാക്കർ ഗോത്രത്തിൽപ്പെട്ട ബാഷാ അവനെതിരേ ഗൂഢാലോചന നടത്തുകയും ഫിലിസ്ത്യരുമായി യുദ്ധത്തിലായിരുന്ന അവസരത്തിൽ നാദാബിനെ വധിക്കുകയും ചെയ്തു. അങ്ങനെ ബാഷാ ഇസ്രായേലിൽ രാജാവായി എന്നുമാത്രമല്ല ജെറോബൊവാം കുടും

ബത്തെ മുഴുവൻ അവൻ നശിപ്പിക്കുകയും ചെയ്തു. ജെറോബൊവാമിനെപ്പോലെതന്നെ അവനും വിഗ്രഹാരാധനയിലും പാപത്തിലും മുഴുകിയതിനാൽ ഹനനിയുടെ മകനായ യേഹു പ്രവാചകൻ അവനെ എതിരിടുകയും അവൻ ദൈവതിരുമുമ്പിൽ ജെറോബൊവാമിനെപോലെ നശിക്കുമെന്നു പ്രവചിക്കുകയും ചെയ്തു (1രാജാ 16:1-7; 15:27-29; 14:10-14). ബാഷാക്കുശേഷം മകൻ ഏലാ രാജാവായി. ഏലാ രണ്ടുവർഷം ഭരിച്ചു കഴിഞ്ഞപ്പോൾ അവന്റെ തേർപ്പടയുടെ പകുതിഭാഗത്തിന്റെ അധിപനായ സിമ്രി അവനെതിരേ ഗൂഢാലോചന നടത്തുകയും മദ്യപിച്ചു ബോധരഹിതനായിക്കിടന്ന ഏലായെ വധിക്കുകയും ചെയ്തു. അങ്ങനെ യേഹു പ്രവാചകൻവഴി കർത്താവ് അരുൾച്ചെയ്ത വചനം നിറവേറി (1രാജ 16:12, 7).

2. മുപ്പതു വർഷങ്ങൾക്കുശേഷം യൂദാ ഭരിച്ചിരുന്ന ദാവീദ് വംശജനായ യഹോഷഫാത്തിന്റെ ഭരണകാലത്താണു വീണ്ടും നാം ഹനനിയുടെ പുത്രനായ യേഹു പ്രവാചകനെ കാണുന്നത് (ദിനവൃത്താന്ത വിവരണമനുസരിച്ച്). ആരാധനാക്രമപരമായ കാര്യങ്ങളിൽ അതീവ തീക്ഷ്ണമതിയായിരുന്നു യഹോഷഫാത്ത്. എന്നാൽ, വിഗ്രഹാരാധനക്ക് അനുവാദം നൽകിയ ആഹാബിനോട് അദ്ദേഹം സഖ്യം ചേർന്നു. ആഹാബ് യാഹ്വേയിൽ നിന്നകലുകയും ഫിനീഷ്യൻ രാജ്ഞിയായ ജെസെബെലിനെ വിവാഹം ചെയ്യുകയും അങ്ങനെ ഇസ്രായേലിൽ വിഗ്രഹാരാധനക്ക് ആക്കം കൂട്ടുകയും ചെയ്ത രാജാവായിരുന്നു. യഹോഷഫാത്തിന്റെ ഈ സഖ്യനീക്കം ദൈവത്തിനിഷ്ടമായില്ല (2ദിന 19:2-3). ആഹാബ് യാബേഷ് ഗിലയാദിലെ യുദ്ധത്തിൽ മരിച്ചപ്പോൾ ഈ സഖ്യം അവസാനിച്ചു. കൊട്ടാരത്തിൽ മടങ്ങിയെത്തിയ യഹോഷഫാത്തിനെ യേഹു സന്ദർശിക്കുകയും അവന്റെ ഈ പ്രവൃത്തി ദൈവത്തിനിഷ്ടമായില്ലയെന്ന് അറിയിക്കുകയും ചെയ്തു. നാഥാനെയും ഗാദിനേയുംപോലെ യേഹുവിന്റെ പേരിലും ഒരു ഗ്രന്ഥം അറിയപ്പെട്ടിരുന്നു (2ദിന 20:34). ഇസ്രായേൽ-യൂദാ രാജാക്കന്മാർക്കു നൽകപ്പെട്ട ദൈവിക സ്വരമായിരുന്നു യേഹുവിന്റേത്.

**വിചിന്തനം:** നിരന്തരമായ യുദ്ധങ്ങളും ഭരണമാറ്റങ്ങളുംവഴി സാമൂഹിക - ധാർമ്മിക വിശ്വസജീവിതം തകിടം മറിഞ്ഞ കാലഘട്ടത്തിൽ സത്യവിശ്വാസത്തിന്റെയും ധാർമ്മികതയുടെയും സ്വരമായിരുന്നു യേഹു. വ്യക്തിപരമായ പരിഗണനകളും മുൻവിധികളുമില്ലാതെ നന്മയെയും തിന്മയെയും വിലയിരുത്താൻ കഴിയുമ്പോഴാണു പ്രവാചകദൗത്യം ദൈവികമായ ലക്ഷ്യം നേടുന്നത്.

## 17. ഏലിയാ

1രാജാക്കന്മാർ 17-19, 21 അദ്ധ്യായങ്ങളും 2രാജാ 1-2 അദ്ധ്യായങ്ങളുമാണ് ഏലിയായുടെ കഥ വിവരിക്കുന്നത്. അന്ന് ഇസ്രായേൽ ഭരിച്ചിരുന്ന ഓമ്രി രാജകുടുംബത്തിന്റെ നേതൃത്വത്തിലുള്ള വിഗ്രഹാരാധനയും അതിനെതിരേ പ്രവാചകൻ നടത്തുന്ന നാടകീയ യുദ്ധങ്ങളുമാണു വിവരണത്തിന്റെ ഇതിവൃത്തം. ഈ രാജകുടുംബത്തിന്റെ ഭരണകാലത്തു രാജ്യത്ത് സമാധാനവും പുരോഗതിയും ദൃശ്യമായിരുന്നു. ജീവിതഭദ്രത രാജാവിനെയും ജനത്തെയും വിഗ്രഹാരാധനയിലേക്കു നയിച്ചു.

ഓമ്രി രാജവംശത്തിലെ ആഹാബിന്റെയും മകൻ അഹസിയായുടെയും കാലഘട്ടത്തിലാണ് ഏലിയാ ദൗത്യം നിർവ്വഹിച്ചത്. ആ കാല





ങ്ങളിൽ രാജ്യങ്ങൾ തമ്മിലുള്ള നയതന്ത്രബന്ധങ്ങൾ ഉറപ്പിച്ചിരുന്നതു പലപ്പോഴും വിവാഹം വഴിയാണ്. ആഹാബ് രാജാവ് വിവാഹം കഴിച്ചത്, നയതന്ത്രബന്ധങ്ങളുടെ പേരിലായിരിക്കാം, ഫിനീഷ്യായിലെ ബാൽ ആരാധകനായ രാജാവിന്റെ മകൾ ജെസെബെലിനെയാണ്. ഒരു രാജ്യം, ഒരു രാജാവ്, ഒരു ദൈവം, ഒരു ജനം എന്ന ചിന്താഗതി നിലനിന്നിരുന്ന അക്കാലത്ത് ഇസ്രായേലിലേക്ക് രാജ്ഞിയായിവന്ന ജെസെബെൽ കൂടെ തന്റെ 850 വിജാതീയ പ്രവാചകന്മാരെയും കൊണ്ടുവന്നിരുന്നു. ഇതേത്തുടർന്നു യാഹ്വെയുടെ പ്രവാചകന്മാർ കഠിനമായി പീഡിപ്പിക്കപ്പെട്ടു. പലരും വധിക്കപ്പെട്ടു. അവരിൽ 100 പേരെ രാജസേവകനായ ഒബാദിയ രണ്ടു ഗുഹകളിൽ ഒളിപ്പിച്ചു സംരക്ഷിക്കുന്നതു രാജാക്കന്മാരുടെ ഗ്രന്ഥം വിവരിക്കുന്നുണ്ട് (1രാജ 18:4).

ബാലിന്റെ പ്രവാചകന്മാരും ബാലാരാധികയായ രാജ്ഞിയും ചേർന്നു കർത്താവിന്റെ പ്രവാചകന്മാരെ പീഡിപ്പിച്ചപ്പോൾ മതം തന്റെ പ്രശ്നമേയല്ല എന്നു കരുതിയിരുന്ന ആഹാബ് രാജാവു മൗനം ദീക്ഷിച്ചിട്ടുണ്ടാകണം. ഈ സാഹചര്യത്തിലാണ് ഏലിയ ഇടപെടുന്നത്. മദ്ധ്യപൂർവ്വദേശത്തെ ഏറ്റം പ്രധാന വരുമാനമാർഗ്ഗമായിരുന്ന കൃഷിയുടെ സംരക്ഷകനായിരുന്നു ബാൽദേവൻ. ഫലഭൂയിഷ്ഠി ഉണ്ടാകണമെങ്കിൽ ബാൽദേവനെ ആരാധിക്കണമെന്ന് അക്കാലത്തെ സാമാന്യജനം കരുതിയിരുന്നു. ബാലിന്റെ അനുഗ്രഹഫലമായാണു കാലാവസ്ഥ നന്നാകുന്നതും സമയത്ത് മഴ ലഭിക്കുന്നതുമെന്ന് അവർ വിശ്വസിച്ചിരുന്നു. ഇസ്രായേൽക്കാർക്കിടയിലും ഈ വിശ്വാസത്തിനു കാര്യമായി സ്വാധീനം ഉണ്ടായിരുന്നു. അക്കാരണത്താൽ വിജാതീയ ദേവനായ ബാലിന്റെ ശക്തിയിലാശ്രയിക്കുന്നവരെ ശിക്ഷിക്കേണ്ടതുണ്ട്. അതിനുവേണ്ടി ഇനി യാഹ്വെയുടെ നിർദ്ദേശമനുസരിച്ചു താൻ പറയാതെ ആ നാട്ടിൽ മഴ പെയ്യുകയേയില്ല എന്നു പ്രഖ്യാപിച്ചശേഷം ഏലിയാ സ്ഥലം വിട്ടു.

ഇതേത്തുടർന്നു വന്ന മൂന്നര വർഷക്കാലത്തേക്കു മഴ പെയ്തില്ല. ജലമില്ലാതെ ജനവും മൃഗങ്ങളും വലഞ്ഞു. കൃഷിയിടങ്ങളും പുൽമേടുകളും അപ്രത്യക്ഷമായി. എന്നാൽ ഈ വരൾച്ച ബാലിനെതിരേ ദൂഷണം പറഞ്ഞ ഏലിയായെ ശിക്ഷിക്കാത്തതുകൊണ്ടുണ്ടായ ബാലിന്റെ ശാപത്തിന്റെ ഫലമാണെന്നു ജെസെബെലിന്റെ പ്രവാചകന്മാർ വ്യാഖ്യാനിച്ചു. അപ്പോൾ ആഹാബിന്റെയും സാമാന്യജനത്തിന്റെയും മുന്നിൽ ആരാണു യഥാർത്ഥ ദൈവമെന്ന ചോദ്യം ഉയരുക തന്നെ ചെയ്തു. ഏലിയാ ഇസ്രായേലിൽനിന്നു പോയി യോർദ്ദാനു കിഴക്കു കെറീത്ത് അരുവിയുടെയടുത്തു താമസമാക്കിയിരുന്നു. ദൈവകൽപ്പനയനുസരിച്ചു കാക്കകൾ കൊണ്ടുവന്നിരുന്ന ഭക്ഷണം അവൻ കഴിക്കുകയും അരുവിയിൽ നിന്നു കുടിക്കുകയും ചെയ്തുവന്നു.

കുറച്ചുനാൾ കഴിഞ്ഞപ്പോൾ ആ അരുവി വറ്റിപ്പോയി. അപ്പോൾ ഏലിയ ദൈവകൽപ്പനയനുസരിച്ചു സറേഫാത്തിലെ ഒരു വിധവയുടെ അടുത്തു താമസമാക്കി. പട്ടിണികിടന്നു മരിക്കാറായ ആ കുടുംബം ഏലിയാ വന്നതുകൊണ്ടു അത്ഭുതകരമായി സംരക്ഷിക്കപ്പെട്ടു. ആ വിധവയുടെ കലത്തിലെ മാവോ കുടത്തിലെ എണ്ണയോ തീർന്നുപോയില്ല. അങ്ങനെയിരിക്കെ വിധവയുടെ ഏക പുത്രൻ മരിക്കുകയും ഏലിയായുടെ മദ്ധ്യസ്ഥപ്രാർത്ഥനയുടെ ഫലമായി അവനു ജീവൻ വീണ്ടും ലഭി

ക്കുകയും ചെയ്തു (1രാജാ 17:17-24). ജെസെബെലിന്റെ രാജ്യമായ ഫിനീഷ്യയുടെ ഭാഗമായിരുന്നു സറെഫാത്ത്. ആ രാജ്യത്തും കർത്താവിന്റെ ശാപമായ വരൾച്ച ബാധിച്ചു. എന്നാൽ, ഏലിയായുടെ സംരക്ഷണയിൽ ആ വിധവയുടെ ഭവനം മാത്രം സംരക്ഷിക്കപ്പെട്ടെന്നു മാത്രമല്ല അവളുടെ ഏകപുത്രൻ മരിച്ചപ്പോൾ (1രാജാ 17:21) ഏലിയായുടെ മദ്ധ്യസ്ഥതയുടെ ഫലമായി അവനു വീണ്ടും കർത്താവിൽ നിന്നു ജീവൻ നല്കപ്പെടുകയും ചെയ്തു. ഏലിയായിലുള്ള ദൈവികശക്തി തിരിച്ചറിഞ്ഞ വിധവ അദ്ദേഹത്തെ ദൈവമനുഷ്യനായും അദ്ദേഹത്തിന്റെ വചനങ്ങൾ ദൈവവചനമായും തിരിച്ചറിഞ്ഞു (1രാജ 17:24).

മൂന്നര വർഷത്തെ വരൾച്ചക്കുശേഷം രാജ്യം മുഴുവൻ പട്ടിണികൊണ്ടു വലഞ്ഞപ്പോൾ ഏലിയാ ആഹാബ് രാജാവിനു മുമ്പിൽ പ്രത്യക്ഷപ്പെട്ടു. അപ്പോൾ താൻ ഏലിയായെ ശിക്ഷിക്കാത്തതു കൊണ്ടുണ്ടായ ബാലിന്റെ കോപമാണു വരൾച്ചക്കു കാരണമെന്ന് (ജെസെബലിന്റെ വിശദീകരണം) ആഹാബ് ഏലിയായോടു പറഞ്ഞു. എന്നാൽ യാഹ്‌വെയാണു മഴ പെയ്യിക്കാത്തതെന്ന് ഏലിയാ വാദിച്ചു. തീരുമാനമെടുക്കാൻ കഴിയാത്ത ഈ അവസ്ഥയിൽ ജനത്തെയും ബാലിന്റെ പ്രവാചകന്മാരെയും കാർമ്മൽ മലയിലൊരുമിച്ചുകൂട്ടാൻ ഏലിയ ആഹാബിനോട് ആവശ്യപ്പെട്ടപ്പോൾ മതപരമായ പ്രത്യേക മമതകളൊന്നുമില്ലാതിരുന്ന ആഹാബ് അതിനു സമ്മതിച്ചു.

ജനവും പ്രവാചകന്മാരും കാർമ്മൽ മലയിൽ ഒത്തുകൂടിക്കഴിഞ്ഞപ്പോൾ ബലിയർപ്പിച്ചുകൊണ്ടു ബാൽ ദൈവമാണെന്നു തെളിയിക്കാൻ ബാലിന്റെ പ്രവാചകന്മാരെ ഏലിയാ വെല്ലുവിളിച്ചു. തങ്ങളുടെ യത്നത്തിൽ പരാജയപ്പെട്ട പ്രവാചകന്മാരെ നിശബ്ദരാക്കിക്കൊണ്ട് ഏലിയാ യാഹ്‌വെക്ക് ബലിയർപ്പിക്കുകയും കർത്താവു സ്വർഗ്ഗത്തിൽ നിന്ന് അഗ്നിയിറക്കി ഏലിയായുടെ ബലി സ്വീകരിക്കുകയും താനാണു യഥാർത്ഥ ദൈവമെന്ന് ആ മലമുകളിൽവച്ചു പരസ്യമായി പ്രഖ്യാപിക്കുകയും ചെയ്തു. മോശയെപ്പോലെ ഏലിയായും ഒരു ബലിപീഠം പണിതു (1രാജ 18:30; പുറ 24:4). ഇത്രയും കാലം കർത്താവിന്റെ പ്രവാചകന്മാരെയും കർത്താവിന്റെ ജനത്തെയും പീഡിപ്പിച്ച ജെസെബെലിന്റെ ബാൽ പ്രവാചകന്മാരെ ഏലിയാ വധിച്ചു. യഥാർത്ഥ ദൈവം ഏത് എന്നു ജനത്തിന് അവ്യക്ത്യമായിരുന്ന അക്കാലഘട്ടത്തിൽ ദൈവസാന്നിധ്യവും ദൈവത്തിന്റെ അസ്തിത്വവും ദൈവത്തിന്റെ വചനത്തിന്റെ ശക്തിയും സംശയാലുക്കളായ ജനത്തിനു മുമ്പിൽ തെളിയിക്കാൻ കഴിഞ്ഞുവെന്നത് ഏലിയായുടെ വലിയ നേട്ടമായിരുന്നു.

പ്രവാചകന്മാരെ വധിച്ചതിനുശേഷം മഴപെയ്യിക്കാൻ കഴിഞ്ഞാൽ മാത്രമേ ഏലിയായുടെ വചനങ്ങൾ പൂർണ്ണമായി സ്ഥിരീകരിക്കപ്പെടുകയുള്ളൂ. അതുകൊണ്ട് ഏലിയാ കർമ്മലമലയിലെതന്നെ മറ്റൊരു ഗുഹയിൽ കടന്ന് പ്രാർത്ഥനാനിരതനായിരുന്നു. തന്റെ പ്രാർത്ഥനയുടെ ഇടവേളകളിൽ അവൻ ഭൃത്യനെ അയച്ചു കടലിൽനിന്നു മേഘം ഉയരുന്നുണ്ടോ എന്ന് അന്വേഷിച്ചുകൊണ്ടിരുന്നു. ഭൃത്യൻ 7 പ്രാവശ്യം അങ്ങനെ നോക്കിക്കഴിഞ്ഞപ്പോൾ മനുഷ്യകരത്തോളമുള്ള ചെറിയൊരു മേഘം കടലിൽനിന്നുയർന്നു വരുന്നതു കണ്ടു. അത് ഏലിയായുടെ പ്രാർത്ഥനക്കുള്ള ദൈവത്തിന്റെ ഉത്തരമായിരുന്നു. മഴ പെയ്യുമെന്നും അതിനുമുമ്പു





കൊട്ടാരത്തിലേക്കു രഥം ഓടിച്ചു പോകണമെന്നും ഏലിയാ ആഹാബിനോടു പറഞ്ഞു. അതിനുശേഷം ആഹാബിന്റെ രഥത്തിനുമുമ്പേ എളിമയോടെ ഓടിക്കൊണ്ടു തന്റെ ബലിയർപ്പണം രാജകീയാധികാരത്തിന് എതിരല്ലായിരുന്നുവെന്ന് ഏലിയാ പ്രതീകാത്മകമായി പറഞ്ഞു (1രാജ 18:46). അത്ഭുതകരമായി മഴ പെയ്യിച്ചതിലൂടെ ബാൽ അല്ല കർത്താവാണു സമൃദ്ധി നല്കാൻ കഴിയുന്ന ദൈവമെന്ന് ഏലിയാ തെളിയിച്ചു.

തന്റെ പ്രവാചകന്മാരെ ഏലിയ വധിച്ചതുപോലെ ഏലിയായെ താനും വധിക്കുമെന്നു ജെസബെൽ പ്രഖ്യാപിച്ചത് അപ്പോൾ ഏലിയാ അറിഞ്ഞു. അദ്ദേഹം ഭയന്നു വിറച്ചു. നിരാശനായ ഏലിയാ ദൈവത്തിന്റെ മലയായ ഹൊറേബിലേക്കു യാത്ര തിരിച്ചു. വഴിയിൽവച്ചു നിരാശനും ദു:ഖിതനും ക്ഷീണിതനുമായ ഏലിയായെ ദൈവം തന്റെ ദൂതനെ അയച്ചു സംരക്ഷിക്കുകയും മുന്നോട്ടു നയിക്കുകയും ചെയ്തു. മോശക്കു മന്നായും ജലവും നല്കിയതുപോലെ ഏലിയായ്ക്ക് അപ്പവും വെള്ളവും ദൈവം നല്കി (പുറ 16:35; 1രാജ 19:4-8). മോശയെപ്പോലെ 40 ദിവസത്തെ യാത്രക്കുശേഷം ഏലിയാ ദൈവത്തിന്റെ മലയായ ഹൊറേബിലെത്തി. അവിടെ ധ്യാനനിരതനായിരുന്ന ഏലിയായ്ക്കു ദൈവം പ്രത്യക്ഷപ്പെട്ടു. എന്നാൽ ഈ പ്രത്യക്ഷപ്പെടൽ ഏലിയായുടെ പ്രതീക്ഷകൾക്കനുസരിച്ചുള്ളതായിരുന്നില്ല. ഇതുവരെയും മോശയുടെ വഴികളാണ് ഏലിയാ പിൻതുടർന്നത്. മോശക്കു സീനായ് മലയിൽവച്ച് ഇടിയിലും മിന്നലിലും മേഘത്തിലും പുകയിലും അഗ്നിയിലും കഠിനമായ ഭൂമികുലുക്കത്തിലുമാണു ദൈവം സ്വയം വെളിപ്പെടുത്തിയതെങ്കിൽ (പുറ 19:16-18) ഏലിയായ്ക്കുണ്ടായ വെളിപാടു വ്യത്യസ്തമായിരുന്നു. കാറ്റും ഭൂമികുലുക്കവും അഗ്നിയുമുണ്ടായെങ്കിലും (1രാജ 19:11-12) അതിലൊന്നും ദൈവം ഉണ്ടായിരുന്നില്ല.

തുടർന്നു വന്ന നിശ്ശബ്ദതയിൽ ഏലിയായ്ക്കു തന്റെ വചനത്തിലൂടെയാണ് കർത്താവു വെളിപ്പെടുത്തിയത് (1രാജാ 19:13). കർമ്മലമലയിൽ ദൈവം അഗ്നിയിലും (ഇടിയും മിന്നലും; 18:38) തുടർന്നു മേഘത്തിലും കാറ്റിലും മഴയിലും (18:45) സ്വയം വെളിപ്പെടുത്തിയിരുന്നു. എന്നാൽ ഈ അടയാളങ്ങളെല്ലാം കാനാൻകാരുടെ കൊടുങ്കാറ്റിന്റെയും ഫലഭൂയിഷ്ഠിയുടെയും ദൈവമായ ബാൽ ദേവന്റെ വെളിപാടിന്റെ അടയാളങ്ങളായിരുന്നു. ഇതെല്ലാം കർത്താവു കർമ്മല മലയിൽവച്ചു സ്വന്തമാക്കിയെന്നു മാത്രമല്ല ഈ പ്രകൃതിശക്തികളെയെല്ലാം നിയന്ത്രിക്കുന്നതു താനാണെന്നു വ്യക്തമാക്കുകുയം ചെയ്തു.

അതോടൊപ്പം ദൈവം സ്വയം വെളിപ്പെടുത്തുന്നതു തന്റെ വചനത്തിലൂടെയാണെന്ന് ഇതു വ്യക്തമാക്കുന്നു. ദർശനങ്ങൾക്കൊടുവിലാണു പ്രവാചകനോടു ദൈവം സംസാരിക്കുന്നതെന്നു നാം കണ്ടു കഴിഞ്ഞു. തുടർന്നു ദൈവം ഏലിയായ്ക്കു മൂന്നു ദൗത്യങ്ങൾ നല്കി: "... ഹസായേലിനെ സിറിയാരാജാവായി അഭിഷേകം ചെയ്യുക. നിംഷിയുടെ മകൻ യേഹുവിനെ ഇസ്രായേൽരാജാവായും ആബെൽ മെഹോലായിലെ ഷാഫാത്തിൻെറ മകൻ എലീഷായെ നിനക്കുപകരം പ്രവാചകനായും അഭിഷേകം ചെയ്യുക" (1 രാജാ 19:15-16). രാജാവിനെ വാഴിക്കുകയെന്നതു പ്രവാചകന്റെ ദൗത്യമാണെന്ന് ആദ്യത്തെ രണ്ടു ദൗത്യങ്ങൾ വ്യക്തമാക്കുന്നു. മാത്രമല്ല പ്രവാചകനു ദേശീയ തലത്തിലും അന്തർദേ

ശീയ തലത്തിലും ചില ദൗത്യങ്ങൾ നിർവ്വഹിക്കാനുണ്ടെന്ന് ഇതു തെളിയിക്കുന്നു. ദൈവത്തിനു ലോകം മുഴുവനിലും അധികാരമുണ്ട്. ആദ്യത്തെ രണ്ടു ദൗത്യങ്ങളും പൂർത്തീകരിച്ചത് ഏലിയായല്ല ശിഷ്യനായ ഏലീഷായാണ് (2രാജ 8:13; 9:1–3).

ഇവിടെവച്ച് ഏലിയായെ ദൈവം തിരസ്കരിച്ചതായാണു പാരമ്പര്യം മനസ്സിലാക്കിയത്. കാരണം ഏലിയായുടെ സ്ഥാനത്തേക്കാണ് ഏലീഷായെ അഭിഷേകം ചെയ്യാൻ ദൈവം ആവശ്യപ്പെട്ടത്: "നിനക്കു പകരം പ്രവാചകനായും അഭിഷേകം ചെയ്യുക'' (1രാജാ 19:16). എന്തുകൊണ്ട്? പ്രവാചകന്റെ ഏറ്റവും പ്രധാന കർത്തവ്യം ജനത്തിനും ദൈവത്തിനുമിടയിൽ മദ്ധ്യസ്ഥനായിരിക്കുകയെന്നതും ജനത്തിനുവേണ്ടി മാദ്ധ്യസ്ഥ്യം വഹിക്കുകയെന്നതുമാണ്. എന്നാൽ ഏലിയ രണ്ടുപ്രാവശ്യം തന്നെത്തന്നെ നീതികരിച്ചുകൊണ്ടും ജനത്തെ കുറ്റപ്പെടുത്തിക്കൊണ്ടും ദൈവത്തിന്റെ മലയിൽ നിന്നു: "സൈന്യങ്ങളുടെ ദൈവമായ കർത്താവിനെപ്രതിയുള്ള തീക്ഷ്ണതയാൽ ഞാൻ ജ്വലിക്കുകയാണ്. ഇസ്രായേൽജനം അവിടുത്തെ ഉടമ്പടി ലംഘിച്ചു. അവർ അങ്ങയുടെ ബലിപീഠങ്ങൾ തകർക്കുകയും അങ്ങയുടെ പ്രവാചകൻമാരെ വാളിനിരയാക്കുകയും ചെയ്തു. ഞാൻ മാത്രമേ ശേഷിച്ചിട്ടുള്ളൂ; എൻെറ ജീവനെയും അവർ വേട്ടയാടുകയാണ്'' (1 രാജ 19:10, 14). ഇതു ദൈവത്തിനിഷ്ടമായില്ല: "(കർത്താവ് കൽപിച്ചു) ബാലിൻെറ മുൻപിൽ മുട്ടുമടക്കുകയോ അവനെ ചുംബിക്കുകയോ ചെയ്യാത്ത ഏഴായിരം പേരെ ഞാൻ ഇസ്രായേലിൽ അവശേഷിപ്പിക്കും'' (1രാജ 19:18). മാദ്ധ്യസ്ഥ്യം വഹിക്കാത്ത പ്രവാചകനു ദൗത്യം നഷ്ടമാകും.

വചനത്തിൽ തുടർന്നു കാണുന്നതു നാബോത്തിന്റെ മുന്തിരിത്തോട്ടത്തിന്റെ വിവരണമാണ് (1രാജ 21). ഇസ്രായേലിന്റെയും രാജാവായ ആഹാബിന്റെയും വിശ്വാസവും പാരമ്പര്യവുമനുസരിച്ചു വാഗ്ദത്തദേശം ദൈവദാനമാണ്. അതു ഗോത്രത്തിനു പുറത്തു വിൽക്കപ്പെടാൻ പാടുള്ളതല്ല (ലേവ്യ 25:23–28; സംഖ്യ 36:7–12). അതുകൊണ്ടു നാബോത്ത് തന്റെ സ്ഥലം കൈവിടാൻ തയ്യാറല്ല. ആഹാബിന്റെ വിജാതീയ ഭാര്യയായ ജെസെബെലിനെ സംബന്ധിച്ചിടത്തോളം രാജാവ് എല്ലാ സ്ഥലത്തിന്റെയും ഉടമയാണ്. അതുകൊണ്ടവൾ അതു കൈയ്യടക്കാൻ ശ്രമിച്ചു. നാബോത്തിന്റെ മുന്തിരിത്തോട്ടം സ്വന്തമാക്കാൻ ജെസെബെൽ അഞ്ചു പ്രമാണങ്ങളും ലംഘിച്ചു (കൊല്ലുക, ആണയിടുക, കള്ളസത്യം ചെയ്യുക, അന്യന്റെ വസ്തുക്കൾ മോഹിക്കുക, മോഷ്ടിക്കുക). നാബോത്തിന്റെയും മക്കളുടെയും മരണത്തോടെ അവകാശികളില്ലാതായ സ്ഥലം രാജാവിൽ വന്നുചേർന്നു. അവിടെ ദൈവത്തിന്റെ സ്വരമായി ഏലിയാ എത്തി. ആഹാബ് മരിക്കുമെന്നും അവന്റെ രക്തം നായ്ക്കൾ നക്കിക്കുടിക്കുമെന്നും ഏലിയാ പറഞ്ഞു. ഈ സംഭവത്തിലൂടെ പ്രവാചകൻ സാമൂഹ്യനീതിയുടെ കാവൽക്കാരൻ കൂടിയാണെന്ന് ഏലിയ തെളിയിച്ചു. രാജാവും ജനവും സാമൂഹ്യനീതി പാലനത്തിൽ നിഷ്ഠയുള്ളവരായിരിക്കണം.

ആഹാബിന്റെ പുത്രൻ അഹസിയായുടെ കാലത്തുള്ള വിഗ്രഹാരാധന വിവരിച്ചുകൊണ്ടാണു രാജാക്കന്മാരുടെ രണ്ടാംപുസ്തകം ആരംഭിക്കുന്നത്. എക്രോണിലെ ദേവനായ ബാൽസെബൂബാണ് പഴയകാലത്തെ





വൈദ്യനായി അറിയപ്പെട്ടിരുന്ന ദൈവം. രോഗിയായ താൻ സുഖപ്പെടുമോ എന്നറിയാൻ ബാൽസെബൂബിനോട് ആരായാൻ അഹസിയ ദൂതന്മാരെ അയച്ചു. ഏലിയാ അവരെ തടഞ്ഞു നിർത്തിയപ്പോൾ അഹസിയ ഏലിയായെ ബന്ധിക്കാൻ ശ്രമിച്ചു. അതിനു തുനിഞ്ഞ രണ്ടുഗണം രാജഭൃത്യന്മാരെ സ്വർഗ്ഗത്തിൽനിന്ന് അഗ്നിയിറിക്കി ഏലിയ നിഹനിച്ചു. ദൈവത്തിൽനിന്ന് അഗ്നിയിറക്കുന്നതിൽ നിപുണനായിരുന്ന ഏലിയാ അവസാനം സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടതും അഗ്നിരഥത്തിലാണ് (2 രാജ 2:11).

മരണം പ്രാപിക്കാതെ സ്വർഗ്ഗത്തിലേക്കുപോയ ഏലിയാ കർത്താവിന്റെ ദിനത്തിനു മുമ്പു തിരിച്ചുവരുമെന്ന് ഇസ്രായേൽ കരുതി (മലാ 4:4–6; ഹെബ്ര 3: 22–24). ആദിമസഭ സ്നാപകയോഹന്നാനെ തിരിച്ചുവന്ന ഏലിയായാണു കരുതിയിരുന്നത്. മാത്രമല്ല, ഈശോയുടെ രൂപാന്തരീകരണ സമയത്ത് ഏലിയാ പ്രത്യക്ഷപ്പെട്ടത് ഈ പ്രവചനത്തിന്റെ പൂർത്തീകരണമായാണ് അവർ കണ്ടത്.

ഏലിയാ മോശയെപ്പോലൊരു പ്രവാചകനായിരുന്നു. മോശയും ഏലിയായും ഒരു രാജാവിൽനിന്നു രക്ഷപെട്ടോടുന്നുണ്ട്; രണ്ടു പേരും ഓരോ കുടുംബത്തോടൊപ്പം താമസിക്കുന്നു; തിരിച്ചു വന്നു രാജാവിനെ എതിരിടുന്നു; ഇസ്രായേലിനെ വിശ്വാസത്തിലേയ്ക്കു നയിക്കുന്നു. രണ്ടുപേരും ഹോറെബിലേക്കു പോകുന്നു; അവിടെ ദൈവത്തെ കാണുന്നു; അവിടെനിന്നു രണ്ടുപേരും തിരിച്ചുവരുന്നു. രണ്ടുപേരും ദൈവത്താൽ അത്ഭുതകരമായി ഭക്ഷണം നല്കി പരിപാലിക്കപ്പെട്ടു (1രാജാ 7:6; പുറ 16:8, 12). രണ്ടുപേരും ദൈവം തങ്ങളെ കൈകാര്യം ചെയ്യുന്ന രീതിയെക്കുറിച്ചു പരാതി പറയുന്നുമുണ്ട് (1രാജാ 17:19–21; സംഖ്യ 11:11–12). മോശ മരിച്ചെങ്കിലും അദ്ദേഹത്തിന്റെ കബറിടമെവിടെയെന്ന് ആർക്കുമറിയില്ല; ഏലിയ മരിക്കാതെ തന്നെ സ്വർഗ്ഗത്തിലേയ്ക്കു സംവഹിക്കപ്പെട്ടു. മോശയിലൂടെ ദൈവം ഇസ്രായേലിനെ ഈജിപ്തിൽനിന്നു രക്ഷിച്ചു; ഏലിയായിലൂടെ ദൈവം ഇസ്രായേലിനെ അന്ധവിശ്വാസത്തിൽനിന്നു രക്ഷിച്ചു. മോശക്ക്ശേഷം മോശയെപ്പോലൊരു പ്രവാചകൻ എന്ന തത്വത്തിനു പൂർത്തീകരണം കണ്ടെത്താൻ കഴിയുന്നത് ഏലിയായിലാണ്.

**വിചിന്തനം:** മോശയ്ക്കുശേഷം വന്ന പ്രവാചകന്മാരിൽ ഏറ്റവും വലിയവനും ത്യാഗസന്നദ്ധത ഉള്ളവനുമായിരുന്നു ഏലിയ. എന്നാൽ, മറ്റുള്ളവരെല്ലാം വഴിപിഴച്ചവരാണെന്നും താൻ മാത്രമാണു ശരി എന്നും ചിന്തിച്ച പ്രവാചകൻ ജനത്തിനുവേണ്ടി മാദ്ധ്യസ്ഥ്യം വഹിക്കുക എന്ന തന്റെ വലിയ ദൗത്യത്തിൽ പരാജയപ്പെട്ടു. ദൈവവിളി അന്യനെ വിധിക്കാനുള്ള അധികാരപത്രമല്ല. അപരനെ വിധിക്കുമ്പോഴും സ്വയം നീതിമാന്മാരായി കരുതുമ്പോഴും നാം കൃപയിൽനിന്ന് അകന്നുപോവുകയാണെന്നറിയണം.

## 18. ഒബാദിയ

ആഹാബിന്റെയും ജസെബെലിന്റെയും കൊട്ടാരത്തിലെ കാര്യസ്ഥനായിരുന്നു ഒബാദിയ (1രാജ 18:1–19). ഈ പേരിന്റെ അർത്ഥം യാഹ്വെയുടെ ദാസൻ എന്നാണ്. കഠിനമായ വരൾച്ചയുടെ അവസരത്തിൽ രാജാവും ഒബാദിയായുമാണു മൃഗങ്ങൾക്കുവേണ്ട പുല്ലന്വേഷിച്ചു

പോകുന്നത്. അതിന്റെ അർത്ഥം രാജാവിനെപ്പോലെതന്നെ അദ്ദേഹത്തിനും കൊട്ടാരത്തിൽ സ്ഥാനവും രാജ്യത്തിന്റെ ഏതു മുക്കും മൂലയും പരിചയവുമുണ്ടായിരുന്നു എന്നതാണ്. ആഹാബിന്റെ ഭാര്യ ജെസെബെൽ കർത്താവിന്റെ പ്രവാചകന്മാരെ വധിച്ചപ്പോൾ അൻപതു വീതമുള്ള രണ്ടു ഗണം പ്രവാചകരെ ഒബാദിയ ഗുഹകളിൽ ഒളിപ്പിച്ചു താമസിപ്പിക്കുകയും അവർക്ക് ആവശ്യമായ ഭക്ഷണം നല്കിപ്പോരുകയും ചെയ്തു. ഗുരുതരമായ അരക്ഷിതാവസ്ഥയിലും യാഹ്‌വെയോട് ഇപ്രകാരം വിശ്വസ്തത പുലർത്തിയ ആളാണ് ഒബാദിയ. ദൈവകല്പനയനുസരിച്ച ഏലിയാ സറേഫാത്തിൽനിന്ന് നാട്ടിൽ തിരിച്ചെത്തിയപ്പോൾ ആ വിവരം രാജാവിനെ അറിയിക്കാൻ ഏലിയാ നിയോഗിച്ചത് ഒബാദിയായെയാണ്. ദൈവത്തിന്റെ അജയ്യമായ ശക്തിയും അവിടുത്തെ നിഗൂഢമായ പ്രവർത്തന രീതിയും ഗ്രഹിക്കാൻ കഴിവുള്ളവനായിരുന്നു ഒബാദിയ.

**വിചിന്തനം:** നമുക്ക് മാറ്റാൻ പറ്റാത്ത ജീവിത സാഹചര്യങ്ങളിൽ സാധിക്കുന്നത്രയും നന്മചെയ്യാൻ നമുക്കു കഴിയണമെന്ന് ഒബാദിയ നമ്മെ പഠിപ്പിക്കുന്നു.

## 19-22. ആഹാബുരാജാവും പേരറിയാത്ത ചില പ്രവാചകന്മാരും

സിറിയ രാജാവായ ബെൻഹദാദ് ഇസ്രായേൽ രാജാവായ ആഹാബിനോടു യുദ്ധത്തിനൊരുങ്ങുകയും ആഹാബ് അദ്ദേഹത്തെ ഭയപ്പെടുത്തുകയും ചെയ്തു(1രാജ 20:13-43). തന്റെ ദൂതന്മാർ വന്നു തങ്ങൾക്കിഷ്ടമുള്ളതെല്ലാം, മനുഷ്യരും വസ്തുക്കളും, ഇസ്രായേൽ രാജ്യത്തുനിന്ന് എടുത്തുകൊണ്ടുപോകാൻ അനുവദിച്ചില്ലെങ്കിൽ ഇസ്രായേലിനെ നാമാവശേഷമാക്കുമെന്നതായിരുന്നു ഭീഷണി. പ്രതിസന്ധിയിലായ ആഹാബും നാടുവാഴികളും ഗത്യന്തരമില്ലാതെ യുദ്ധത്തിനൊരുങ്ങി. അപ്പോൾ ഒരു പ്രവാചകൻ ആഹാബിനോടു കർത്താവു വലിയ സിറിയാ സൈന്യത്തെ അവന്റെ കൈയിൽ ഏൽപിച്ചിരിക്കുന്നെന്നും യുദ്ധം ആരംഭിച്ചുകൊള്ളുക എന്നും പറഞ്ഞു. മദ്യപിച്ച് ഉൻമത്തരായിരുന്ന സിറിയാ സൈന്യത്തെ ആഹാബും സൈന്യവും പരാജയപ്പെടുത്തിയെന്നു മാത്രമല്ല പലായനം ചെയ്ത ശത്രുസൈന്യത്തിന്റെ പാളയത്തിൽനിന്നു വലിയ സമ്പത്തും അവർക്കു ലഭിക്കുകയും ചെയ്തു.

ആഹാബിനോടു വീണ്ടും യുദ്ധത്തിനൊരുങ്ങിയിരിക്കാൻ പ്രവാചകൻ പറഞ്ഞു. കാരണം, സിറിയാരാജാവായ ബെൻഹദാദ് അടുത്ത വസന്തകാലത്തു വീണ്ടും ആക്രമിക്കും. ഇസ്രായേലിന്റെ ദേവന്മാർ ഗിരിദേവന്മാരായതിനാൽ മലനിരകളിൽനിന്നു യുദ്ധം ചെയ്യേണ്ടന്നു തീരുമാനിച്ച അവർ സമതലത്തിലാണു യുദ്ധത്തിനു തയ്യാറായത് (20:23-28). വലിയ സിറിയാ സൈന്യത്തിന്റെ മുമ്പിൽ രണ്ടായിപ്പിരിഞ്ഞുനിന്ന ഇസ്രായേൽ സൈന്യം രണ്ടു ചെറിയ ആട്ടിൻ കൂട്ടങ്ങളെപ്പോലെ കാണപ്പെട്ടു. അപ്പോൾ ഒരു ദൈവ പുരുഷൻ ഇസ്രായേൽ രാജാവിന്റെ അടുത്തു വന്നു "കർത്താവ് അരുൾ ചെയ്യുന്നു ... കർത്താവു ഗിരിദേവനാണു സമതല പ്രദേശത്തെ ദേവനല്ല" എന്നു സിറിയാക്കാർ പറയുന്നതിനാൽ ഞാൻ ഈ വലിയ സൈന്യത്തെ നിന്റെ കൈയിൽ എൽപിക്കും. ഞാനാണു കർത്താവെന്നു നീ അറിയും എന്നു പറഞ്ഞു (20:28). കർത്താവിനോടൊത്തു യുദ്ധം ചെയ്തിരുന്ന ഇസ്രയേലിനു മുമ്പിൽ സിറിയാസൈന്യം





ഛിന്നഭിന്നമാവുകയും ബെൻഹദാദ് അഫെക് നഗരത്തിലെ ഒരു ഉള്ളറയിൽ ഒളിക്കുകയും ചെയ്തു.

ഇസ്രായേൽ രാജാക്കന്മാർ ദയാലുക്കളാണെന്നു മനസ്സിലാക്കിയ ബെൻഹദാദ് ചാക്കുടുത്തു തലയിൽ ചാരം പൂശി ആഹാബു രാജാവിനോടു ക്ഷമയാചനം നടത്തുകയും ആഹാബ് അയാളെ സഹോദരനായി സ്വീകരിച്ചു ബഹുമാനിക്കുകയും ചെയ്തു. അവർ ഒരു ഉടമ്പടിയുമുണ്ടാക്കി.

ബൻഹദാദ് തിരിച്ചുപോയി കഴിഞ്ഞപ്പോൾ പ്രവാചകഗണത്തിൽപ്പെട്ട ഒരുവൻ മറ്റൊരുവനോട് "എന്നെ അടിയ്ക്കുക" എന്നു കർത്താവിന്റെ കല്പനയനുസരിച്ച് ആവശ്യപ്പെട്ടു. ആ കല്പന അവൻ അനുസരിക്കാതിരുന്നതുകൊണ്ട് അവനെ ഒരു സിംഹം കൊന്നുകളയുമെന്ന് ആ പ്രവാചകൻ കല്പിക്കുകയും അങ്ങനെ സംഭവിക്കുകയും ചെയ്തു. അവൻ വേറൊരുവനെ സമീപിച്ച് "എന്നെ അടിയ്ക്കുക" എന്നു പറഞ്ഞു. അവൻ ആ പ്രവാചകനെ അടിച്ചു മുറിവേൽപിച്ചു. അതിനുശേഷം അദ്ദേഹം ആളറിയാത്തവിധം മുഖംമൂടി ഇസ്രായേൽ രാജാവിനെ കാത്തു വഴിയിൽ നിന്നു. രാജാവ് ആ വഴി വന്നപ്പോൾ അവൻ ഒരു കഥയുണ്ടാക്കിപ്പറഞ്ഞു. താൻ ഒരു പടയാളിയാണെന്നും അടിമയായിപ്പിടിച്ച ഒരുവനു കാവൽ നില്ക്കുകയായിരുന്നുവെന്നും എന്നാൽ അടിമ തന്റെ കൈയിൽനിന്നും രക്ഷപ്പെട്ടതു നിമിത്തം സ്വന്തം ജീവൻ അതിനുപകരമായി വിലയായി നല്കാൻ വിധിക്കപ്പെട്ടിരിക്കുകയാണെന്നും അവൻ പറഞ്ഞു. ആ വിധി യുക്തമാണെന്ന് രാജാവ് പറഞ്ഞപ്പോൾ പ്രവാചകൻ തന്റെ വ്യക്തിത്വം രാജാവിനു വെളിപ്പെടുത്തുകയും ദൈവം നശിപ്പിക്കാൻ മാറ്റി നിർത്തിയ സിറിയാ രാജാവിനെ വിട്ടയച്ചതിനു പകരമായി രാജാവിന്റെ ജീവൻ ദൈവം ആവശ്യപ്പെടുമെന്നുമറിയിച്ചു. രാജാവു ദുഃഖിതനായി കൊട്ടാരത്തിലേയ്ക്കു പോയി. പേരുപറയാത്ത അനേകം പ്രവാചകന്മാരുണ്ടായിരുന്നുവെന്നും രാജാക്കന്മാർക്കു നല്കാൻ അവർക്കു സന്ദേശമുണ്ടായിരുന്നുവെന്നും ഇതു തെളിയിക്കുന്നു.

**വിചിന്തനം:** ദൈവം പ്രവർത്തിക്കുന്നതു മനുഷ്യന്റെ ചിന്താഗതിക്കനുസരിച്ചല്ല. മനുഷ്യൻ വിജയം വരിക്കുന്നതു ശക്തിയുടെ അടിസ്ഥാനത്തിലുമല്ല. വിജയവും നേട്ടവും ദൈവദാനമാണ്. സന്തോഷാവസരങ്ങളിലും ദൈവഹിതം തേടുന്നവർക്കാണു ദൈവാനുഗ്രഹം ഉണ്ടാകുന്നത്.

## 23. ഇംലയുടെ മകനായ മിക്കായായും സ്വർഗ്ഗീയ സഭയുടെ ദർശനവും

ഏലിയായെയും ഒബാദിയായെയുംപോലെ ഇസ്രായേൽ രാജാവായ ആഹാബിന്റെ കാലത്തു പ്രവർത്തന നിരതനായിരുന്ന ഒരു പ്രവാചകനാണു മിക്കായാ (1രാജ 22:4-28). മിക്കായാ എന്ന പേര് മി+ക+യാ എന്നീ ഹെബ്രായ വാക്കുകളുടെ സമുച്ചയമാണ്. യാഹ്‌വെയെപ്പോലെ ആരുണ്ട്? എന്നർത്ഥം; അല്ലെങ്കിൽ യാഹ്‌വെയെപ്പോലെ ആരുമില്ല എന്നുമാകാം. യൂദാരാജാവായ യഹോഷഫാത്തിനോടു ചേർന്നു സിറിയാ രാജാവിൽനിന്നു യാബേഷ് ഗിലെയാദ് പിടിച്ചടക്കാൻ ആഹാബ് തീരുമാനിച്ചു (1രാജ 22:3-4). കൂടെപ്പോകാമെന്നു സമ്മതിച്ചെങ്കിലും യുദ്ധത്തിനിറങ്ങു

ന്നതിനുമുമ്പായി കർത്താവിന്റെ പ്രവാചകന്മാരുടെ ഉപദേശം തേടണമെന്നു യഹോഷഫാത്ത് നിർബന്ധം പിടിച്ചു (22:5). യാഹ്‌വെയുടെ 400 പ്രവാചകന്മാരെ വിളിച്ചുകൂട്ടി ആഹാബ് ദൈവഹിതം ആരാഞ്ഞു. കർത്താവു സിറിയാക്കാരെ ആഹാബിന്റെ കരങ്ങളിലേൽപിച്ചിരിക്കുന്നുവെന്നവർ ഏകസ്വരത്തിൽ പറഞ്ഞു.

ഈ പ്രവാചകന്മാർ രാജഹിതമനുസരിച്ചു സംസാരിക്കുക മാത്രമേ ചെയ്യുന്നുള്ളുവെന്നു മനസ്സിലാക്കിയ യഹോഷഫാത്ത് കർത്താവിന്റെ മറ്റു പ്രവാചകന്മാരാരുമില്ലേ എന്നു ചോദിച്ചു. അപ്പോൾ ആഹാബ് മനസ്സില്ലാമനസ്സോടെ മിക്കായായെ രാജസന്നിധിയിൽ വിളിച്ചുവരുത്തി. മറ്റു പ്രവാചകരെപ്പോലെതന്നെ രാജഹിതമനുസരിച്ചു പ്രവചിക്കാൻ രാജസേവകർ മിക്കായായെ നിർബന്ധിച്ചെങ്കിലും മിക്കായാ ദൈവഹിതം മാത്രം പ്രവചിച്ചു. ആഹാബ് യുദ്ധത്തിൽ തോൽക്കുമെന്നും ജനം ചിതറിക്കപ്പെടുമെന്നുമദ്ദേഹം പറഞ്ഞു. കർത്താവുതന്നെ ഒരു ദുരാത്മാവിനെ അയച്ചതുകൊണ്ടാണു മറ്റു പ്രവാചകന്മാർക്കു തെറ്റു പറ്റിയതെന്നു മിക്കായാ പറഞ്ഞതിൽ പ്രകോപിതനായി പ്രവാചകനായ സെദെക്കിയ (22:24) മിക്കായായെ പ്രഹരിച്ചു. താൻ യുദ്ധം ജയിച്ചു മടങ്ങിവരുന്നതുവരെ അത്യാവശ്യഭക്ഷണം മാത്രം നല്കിക്കൊണ്ടു മിക്കായായെ തടവറയിൽ പാർപ്പിക്കാൻ രാജാവു കല്പിച്ചു. എന്നാൽ തന്റെ പ്രവാചകനായ മിക്കായായുടെ വാക്കുകൾ കർത്താവ് നിറവേറ്റി.

മിക്കായായുടെ പ്രവചനത്തിലെ ഒരു പ്രത്യേക അവതരണരീതിയാണു സ്വർഗ്ഗീയ സഭയുടെ ദർശനം. ഈ സഭയിൽ ദൈവം തീരുമാനങ്ങളെടുക്കുന്നിടത്തു പ്രവാചകൻ സന്നിഹിതനായിരുന്നു എന്നദ്ദേഹം പറയുന്നു. എന്താണു പ്രവാചകൻ ഇപ്രകാരം വിവരിക്കുന്നതിന്റെ ലക്ഷ്യമെന്നു വിവരണത്തിൽ നിന്ന് ഗ്രഹിക്കാൻ കഴിയും. ഇവിടെ കൊട്ടാരവുമായി ബന്ധപ്പെട്ടു ജീവിക്കുകയും രാജാവിന്റെ ഇഷ്ടാനിഷ്ടങ്ങളനുസരിച്ചു പ്രവചിക്കുകയും ചെയ്യുന്ന കുറെ പ്രവാചകരെ വിവരണത്തിൽ കാണാം. എന്നാൽ മിക്കായായെപ്പോലെ ഒറ്റപ്പെട്ട പ്രവാചകസ്വരങ്ങളുമുണ്ട്. അവർക്കു രാജകീയ തീരുമാനങ്ങളിൽ സ്വാധീനം കുറവായിരുന്നിരിക്കണം. മറ്റൊരു ശ്രദ്ധേയമായ കാര്യം രണ്ടു പ്രവാചകന്മാർ ഒരേ കാര്യത്തിൽ യാഹ്‌വെയുടെ പേരിൽ വ്യത്യസ്തവും പരസ്പര വിരുദ്ധവുമായ അഭിപ്രായങ്ങൾ പറയുന്നുവെന്നതാണ്. ഇവർ രണ്ടുപേരും കർത്താവ് അരുൾചെയ്യുന്നുവെന്നു പറഞ്ഞുകൊണ്ടാണു സംസാരിക്കുന്നത്. മാത്രമല്ല അംഗീകരിക്കപ്പെട്ട നിയമത്തിനെതിരെ ആരും ഒന്നും ചെയ്യുന്നുമില്ല. തന്റെ വാക്കുകൾ ലക്ഷ്യം നേടുന്നില്ല എന്നറിയുമ്പോഴാണു പ്രവാചകൻ തന്റെ സന്ദേശത്തിന്റെ ആധികാരികത ഉറപ്പിക്കാൻ സ്വർഗ്ഗീയ സഭയിലുണ്ടായ അനുഭവം വിവരിക്കുന്നത്. ദൈവത്തിന്റെ അധരങ്ങളിൽനിന്നു കേട്ട വചനം തെറ്റാകാൻ പാടില്ലല്ലോ.

ഈ വചനഭാഗത്തു മറ്റു ചില പ്രശ്നങ്ങൾകൂടി അവതരിപ്പിക്കപ്പെടുന്നുണ്ട്. ആഹാബിന്റെ പ്രവാചകന്മാരുടെ അധരങ്ങളിലേക്കു നുണയുടെ ആത്മാവിനെ അയച്ചതു കർത്താവുതന്നെയാണെന്നു വചനം പറയുന്നു. കർത്താവ് നുണപറയുമോ? ലോകത്തിൽ ഒരേയൊരു ദൈവം മാത്രമേയുള്ളുവെന്നും നന്മയും തിന്മയുമെല്ലാം ആ ദൈവത്തിന്റെ സൃഷ്ടി മാത്രമാണെന്നുമുള്ള (ഏശ 45:7) നിയമാവർത്തനഗ്രന്ഥകാരന്റെ ഏകദൈവവിശ്വാസമാണിവിടെ അവതരിപ്പിക്കപ്പെടുന്നത്. എല്ലാം ചെയ്യുന്നതു ദൈവമാണ്. മനുഷ്യന് അതു ഗ്രഹിക്കാൻ കഴിയുന്നില്ലെന്നു മാത്രം. രണ്ടു പ്രവാചകന്മാർ ഒരേ കാര്യത്തെക്കുറിച്ചു വിപരീത അഭിപ്രായങ്ങൾ പറഞ്ഞാൽ ജനം എന്തുചെയ്യും? അപ്പോൾ അവർ ആ വചനങ്ങളുടെ പൂർത്തീകരണത്തിനുവേണ്ടി കാത്തിരിക്കേണ്ടിവരും. അതാണു നിയമാവർത്തന ഗ്രന്ഥകാരനെ സത്യപ്രവാചകന്റെ വചനമെന്തെന്നു നിർവ്വചിക്കാൻ പ്രേരിപ്പിച്ചത്. ദൈവവചനം നിറവേറണം (നിയ 18:21-22). മിക്കായായുടെ വചനങ്ങൾ നിറവേറി.





**വിചിന്തനം:** ദൈവം മാത്രമാണു ചരിത്രനിയന്താവെന്നും തന്റെ സത്യപ്രവാചകർക്കു ദൈവം ഭാവിയെക്കുറിച്ചുള്ള രഹസ്യങ്ങൾ വെളിപ്പെടുത്തുമെന്നും വ്യാജപ്രവാചകന്മാരുടെ വാക്കുകൾ അതെത്രതന്നെ ആകർഷകമായിരുന്നാലും ചെവിക്കൊള്ളരുതെന്നും മിക്കായായുടെ ചരിത്രം പഠിപ്പിക്കുന്നു (നിയ 18:22).

## 24. ഏലീഷാ

മറ്റു പ്രവാചകരിൽനിന്നു വളരെ വ്യത്യസ്തമായി ഒരു പ്രവാചകനായ ഏലിയായാണു (850-800 ബി.സി.) ദൈവകല്പനയനുസരിച്ചു പ്രവാചകദൗത്യത്തിലേക്ക് ഏലീഷായെ നയിക്കുന്നത് (1രാജ 19:19-21). സാധാരണ ദൈവം തന്നെയാണ് ഒരാളെ പ്രവാചക ദൗത്യത്തിനായി വിളിക്കുന്നത്. മാത്രമല്ല ഏലിയായ്ക്കു ഹൊറെബിൽവച്ചു ദൈവം നല്കിയ മൂന്നു ദൗത്യങ്ങളിൽ രണ്ടെണ്ണം നിർവ്വഹിക്കുന്നത് ഏലീഷായാണ്: ഹസായേലിനെ സിറിയാ രാജാവായി വാഴിക്കുക എന്നതും യേഹുവിനെ ഇസ്രായേൽ രാജാവവായി വാഴിക്കുക എന്നതും (1രാജ 19:15-16; 2രാജ 9:1-10; 8:7-15). യഹോറാം (849-843), യേഹു (843-815), യെഹോവാഹാസ് (815-802), യഹോആഷ്/യോവാഷ് (802-786) എന്നീ നാലു രാജാക്കന്മാരുടെ കാലത്താണ് ഏലീഷാ ദൗത്യം നിർവ്വഹിച്ചത് (1രാജ 19:16-21; 2രാജാ2). രാജാക്കന്മാരുടെ ഗ്രന്ഥത്തിൽ ഏലീഷായെക്കുറിച്ച് അനേകം നാടോടിക്കഥകൾ വിവരിക്കുന്നുണ്ട് (1രാജ 19: 19-21; 2രാജ 2-13).

ഏലിയായിൽനിന്ന് ആത്മാവിനെ സ്വീകരിച്ചതിനുശേഷം ഗുരുവിനെപ്പോലെതന്നെ യോർദ്ദാൻനദി വിഭജിക്കാനും (2രാജ 2:13-14), ദിവ്യമായ ശക്തിയാൽ ജെറീക്കോയിലെ അശുദ്ധമായ ഉറവ ശുദ്ധീകരിക്കാനും (2രാജ 2:19-22) തന്നെ കളിയാക്കിയ കുട്ടികളെ ശപിച്ചു ശിക്ഷിക്കാനും (2രാജാ 2:23-25) മരിച്ച പ്രവാചകന്മാരിലൊരുവന്റെ ഭാര്യയെ അവളുടെ കടം വീട്ടാൻ അത്ഭുതകരമായി സഹായിക്കാനും ഏലീഷായ്ക്കു കഴിഞ്ഞു (2രാജ 4:1-7). ഷൂനംകാരിയായ വന്ധ്യയ്ക്ക് ഒരു ശിശുവിനെ വാഗ്ദാനം ചെയ്യാനും വാഗ്ദാനം നിറവേറി ജനിച്ച കുഞ്ഞ് അകാലചരമമടഞ്ഞപ്പോൾ അതിനെ ഉയർപ്പിക്കാനും അദ്ദേഹത്തിനു കഴിഞ്ഞു (2രാജ 4:8-37). പ്രവാചകഗണം തയ്യാറാക്കിയ വിഷം നിറഞ്ഞ ഭക്ഷണം ശുദ്ധിചെയ്യാനും (2രാജ 4:38-41) നൂറുപേരെ 20 അപ്പവും കുറച്ചു കതിരുകളും കൊണ്ടു തൃപ്തിപ്പെടുത്താനും (2രാജ 4:42-44) സിറിയാ സൈന്യാധിപനായ നാമാനെ കുഷ്ഠരോഗത്തിൽ നിന്നു സുഖപ്പെടുത്താനും (2രാജ 5:1-19) അത്യാഗ്രഹിയും നുണയനുമായ തന്റെ സേവകൻ ഗഹസിയെ കുഷ്ഠംകൊണ്ടു ശിക്ഷിക്കാനും (2രാജ 5:20-27) ഇസ്രായേലിനെ ആക്ര

മിക്കാൻ വന്ന സിറിയാ സൈന്യത്തെ മുഴുവനും അന്ധമാക്കി സമരിയായുടെ മദ്ധ്യത്തിലേക്ക് നയിക്കാനും അദ്ദേഹത്തിനു കഴിഞ്ഞു (2രാജ 13:8-23). ഏലീഷായുടെ ശവകുടീരത്തിലെ അസ്ഥികളെ സ്പർശിച്ചപ്പോൾ മരിച്ച ഒരുവൻ പുനർജീവിച്ചു (2രാജ 13:20-21). ഇസ്രായേൽ രാജാവായ യോറാമും/യഹോറാമും യൂദാ രാജാവായ യഹോഷഫാത്തും ഏദോം രാജാവും ഒത്തുകൂടി മൊവാബ് രാജാവായ മേഷായ്ക്കെതിരെ യുദ്ധത്തിനുപോയ അവസരത്തിൽ അവരുടെ കുടിവെള്ളം തീർന്നുപോവുക നിമിത്തം വലിയ പ്രതിസന്ധിയിലായപ്പോൾ ഏലീഷാ കർത്താവിനോടു പ്രാർത്ഥിക്കുകയും ഏദോം ദിക്കിൽ നിന്നു അവരുടെ അടുത്തേക്കു ജലം അത്ഭുതകരമായി പ്രവഹിക്കുകയും ചെയ്തു; ഏലീഷാ മൊവാവിന്റെ പരാജയം പ്രവചിക്കുകയും ചെയ്തു (2രാജ 3:4-20).

ഏലിയായെപ്പോലെതന്നെ ഏലീഷായും മോശയുടെ മാതൃക പിൻചെന്ന പ്രവാചകനാണ്. മോശ ജോഷ്വാക്ക് അധികാരം കൈമാറിയതുപോലെയാണ് ഏലിയാ ഏലീഷാക്ക് അധികാരം കൈമാറിയത് (സംഖ്യ 27:18-23; നിയ 34:9). മോശയെയും ഏലിയായെയും പോലെ ദൈവവചനം ശക്തമായി ആധികാരികതയോടെ പ്രഖ്യാപിക്കാൻ പ്രവാചകനു കഴിയുമായിരുന്നു. അദ്ദേഹം പ്രവചിച്ച കാര്യങ്ങൾ നിറവേറി. സത്യവിശ്വാസം കാക്കുന്നതിനുവേണ്ടി ഏലിയായെപ്പോലെതന്നെ അദ്ദേഹത്തിനും വിഗ്രഹാരാധകരായ രാജകുടുംബത്തോടു പടവെട്ടേണ്ടിവന്നു (2രാജ 8:7-15). ഏലിയായുടെ പ്രവചനം നിറവേറ്റിക്കൊണ്ട് ഏലീഷാ യേഹുവുമായി സഹകരിച്ച് ഓമ്രിയുടെ രാജകുടുംബത്തെ ഉന്മൂലനം ചെയ്തു (2രാജ 9:1-10). ഏലിയായെപ്പോലെതന്നെ ഏലീഷായും ആരാധന നവീകരിക്കുകയും ബാൽ ആരാധന ഇല്ലാതാക്കാൻ പരിശ്രമിക്കുകയും ചെയ്തു (2രാജ 9:22-26, 30-37; 10:1-14, 15-17). വിഗ്രഹാരാധകരായ ആഹാബിനെയും കുടുംബത്തെയും പ്രവാചകൻ വധിച്ചു. യേഹുവിന്റെ സ്ഥാനാരോഹണത്തിനുശേഷം രാജ കുടുംബവുമായി എല്ലാത്തരത്തിലും സഹകരിച്ചു പ്രവർത്തിച്ചു (2രാജ 6:8-7:20; 13:14-19).

സ്വന്തം രാജ്യത്തിലെ ഭരണകാര്യങ്ങളിൽ മാത്രമല്ല അയൽ രാജ്യങ്ങളിലെ പ്രശ്നങ്ങളിലും ഏലീഷാ ഇടപെട്ടു. സിറിയായിലെ രാജാവായ ബെൻഹദാദ് രോഗിയായപ്പോൾ താൻ രോഗവിമുക്തനാകുമോ എന്നറിയാൻ ഹസായേലിനെ അദ്ദേഹം ഏലീഷായുടെ അടുത്തേക്കയച്ചു. നാമാനിലൂടെയായിരിക്കും ഏലീഷായെക്കുറിച്ചു രാജാവു കൂടുതൽ അറിഞ്ഞത്. ഹസായേലിന്റെ ആഗമനം മുൻകൂട്ടി ദിവ്യശക്തിയാൽ മനസ്സിലാക്കിയ ഏലീഷാ ബെൻഹദാദ് രാജാവു മരിക്കുമെന്ന് അദ്ദേഹത്തോടു പറഞ്ഞു. എങ്കിലും, അതു രാജാവിനെ അറിയിക്കേണ്ടതില്ല. താൻ രാജാവാകുമെന്ന് ഏലീഷായിൽ നിന്നു മനസ്സിലാക്കിയ ഹസായേൽ അതു ബെൻഹദാദിൽ നിന്നു മറച്ചുവക്കുകയും അവനെ രഹസ്യമായി വധിക്കുകയും ചെയ്തു. അങ്ങനെ ഹസായേൽ സിറിയാരാജാവായി (2രാജ 8:7-15). യുദ്ധകാലത്തു ശത്രുവായ സിറിയാരാജാവിന്റെ അതീവ രഹസ്യ നീക്കങ്ങൾപോലും ദിവ്യശക്തിയാൽ അറിയാൻ ഏലീഷായ്ക്കു കഴിയുമായിരുന്നു (2രാജ 6:8-23).

ഏലിയാക്കെന്നതുപോലെ ഏലീഷാക്കും പ്രത്യേകമായ സ്വർഗ്ഗീയ സംരക്ഷണം ലഭിച്ചിരുന്നു. സിറിയാ രാജാവ് ഏലീഷായെ നശിപ്പിക്കാൻ





പദ്ധതി തയ്യാറാക്കിയപ്പോൾ ദൈവം സ്വർഗ്ഗീയ സൈന്യത്തെ അയച്ച് അദ്ദേഹത്തെ രക്ഷിച്ചു (2രാജ 6:8-23). ഒരു പ്രവാചകനെന്നനിലയിൽ അദ്ദേഹം ദൈവത്തിന്റെ പേരിൽ സംസാരിക്കുകയും (2രാജ 2:21; 3:16; 4:43; 71) ജനത്തിനുവേണ്ടി മാദ്ധ്യസ്ഥ്യം അപേക്ഷിക്കുകയും (2രാജ 4:43) രാജാവിനെ വാഴിക്കുകയും (2രാജ 8:13) ഹസായേലിനെ സിറിയാ രാജാവായും; യേഹുവിനെ ഇസ്രയേൽ രാജാവായും അഭിഷേകം ചെയ്യുകയും ചെയ്തു (2രാജ 9:1-13). ഹസായേലിനെയും യേഹുവിനെയും വാഴിക്കുകയെന്നതു ഹൊറെബിൽ വച്ചു ദൈവം ഏലിയാക്കു നല്കിയ ദൗത്യങ്ങളായിരുന്നു.

ഏലീഷാ ഒരു പ്രവാചകഗണത്തിന്റെ അധിപനായിരുന്നു. ഈ ഗണം പ്രവാചകന്റെ മക്കൾ എന്നാണറിയപ്പെട്ടിരുന്നത്. അവർ അദ്ദേഹത്തെ പിതാവ് എന്നു വിളിച്ചു (2രാജ 2:12; 13:14). ഏലീഷായെ ബൈബിൾ പലപ്പോഴും ദൈവമനുഷ്യൻ എന്നു വിളിക്കുന്നുണ്ട്.

**വിചിന്തനം:** ഏലീഷായെ ദൈവം നേരിട്ടു വിളിച്ചില്ല. പ്രവാചകനായ ഏലിയ വിളിച്ചപ്പോൾ മാന്യമായ തന്റെ ജീവിതമാർഗ്ഗം ഉപേക്ഷിച്ച് (കലപ്പകത്തിച്ച്) അദ്ദേഹം ദൗത്യമേറ്റെടുത്തു. ജീവിതത്തിൽ വലിയ കാര്യങ്ങൾ ചെയ്യുന്നതിന് ആ പരിത്യാഗം അദ്ദേഹത്തെ സഹായിച്ചു. ഗുരുവായ ഏലിയായെ അടുത്തനുകരിക്കണമെന്ന് അദ്ദേഹം ആഗ്രഹിക്കുകയും അതിനുവേണ്ടി തനിക്കു കഴിയുന്ന വിധത്തിലെല്ലാം പരിശ്രമിക്കുകയും ചെയ്തു. വലിയ ഗുരുക്കന്മാരുടെ മാതൃകാജീവിതവും വിശുദ്ധരുടെ സവിശേഷ മാതൃകകളും അനുകരിക്കുന്നതു വിശുദ്ധജീവിതത്തിൽ അഭിവൃദ്ധിപ്പെടാൻ നമ്മെ സഹായിക്കും.

## 25. ഏലീഷായുടെ ശിഷ്യൻ

യേഹുവിനെ ഇസ്രായേൽ രാജാവായി അഭിഷേകം ചെയ്യാൻ കർത്താവ് ഏലിയായോട് കല്പിച്ചിരുന്നെങ്കിലും അതു നടപ്പാക്കിയത് ഏലീഷായുടെ ശിഷ്യനായ, പേരു പറഞ്ഞിട്ടില്ലാത്ത, ഒരു പ്രവാചകനാണ് (1രാജ 19:15-16). തന്റെ ഗുരുവായ ഏലീഷായുടെ നിർദ്ദേശമനുസരിച്ച് അദ്ദേഹം ഒരു പാത്രം തൈലവുമായി അന്നു സൈന്യാധിപന്മാർ സഭ കൂടിയിരുന്ന റാമോത്ത് ഗിലെയാദിലേക്കു പോയി. സഭയിൽനിന്നു യേഹുവനെ വിളിച്ചിറക്കിയ പ്രവാചകൻ രഹസ്യമായി അവനെ രാജാവായി അഭിഷേകം ചെയ്യുകയും രാജാവായ ആഹാബിന്റെ ഭവനം പൂർണമായി നശിപ്പിക്കണമെന്നും അങ്ങനെ ഏലിയാ-ഏലീഷാ പ്രവാചകന്മാരിലൂടെ ദൈവം അരുൾച്ചെയ്ത വചനങ്ങൾ പൂർത്തീകരിക്കപ്പെടുമെന്നും അറിയിച്ചു. അങ്ങനെ, യേഹു ഇസ്രായേലിൽ രാജാവാകുകയും അഹാബിനെയും ജെസെബെലിനെയും ആഹാബിന്റെ കുടുംബത്തിലെ എല്ലാവരെയും വധിക്കുകയും ചെയ്തു. അക്കാലത്തു പ്രവാചക ഗണങ്ങൾ ഉണ്ടായിരുന്നുവെന്നും സാമാന്യജനങ്ങളിൽനിന്നു വ്യത്യസ്തമായി അവർ ഭ്രാന്തമായ സന്യാസവേഷത്തിലാണു നടന്നിരുന്നതെന്നും അവരെ ജനം തിരിച്ചറിഞ്ഞിരുന്നെന്നും പ്രവാചകന്മാർ തങ്ങളാഗ്രഹിക്കുന്ന കാര്യങ്ങൾ ശിഷ്യരിലൂടെ നിർവ്വഹിച്ചിരുന്നെന്നുമുള്ള ഉൾക്കാഴ്ച ഈ വിവരണം നല്കുന്നുണ്ട്.

**വിചിന്തനം:** ഗുരുക്കന്മാരായ വലിയ പ്രവാചകന്മാർ ഏൽപ്പിക്കുന്ന ദൗത്യം നിർവ്വഹിക്കുക എന്നതല്ലാതെ പ്രവാചകഗണത്തിൽപ്പെട്ട വർക്കു മറ്റു പരിഗണനകളോ സ്വന്ത ദർശനങ്ങളോ ഭയമോ ഉണ്ടാ യിരുന്നില്ല. വചനത്തോടുള്ള പൂർണ്ണമായ അനുസരണമാണ് ഒരു സാധാരണക്കാരനെ അനുസ്മരണാർഹനാക്കുന്നത്.

## 26. ആമോസ്

ബി.സി. 8-ാം നൂറ്റാണ്ടിൽ തെക്കൻ രാജ്യമായ യൂദായിൽ ജനിക്കു കയും വടക്കൻ രാജ്യമായ ഇസ്രായേലിൽ തന്റെ ദൗത്യം നിർവ്വഹിക്കു കയും ചെയ്ത ആമോസ് (7: 10-17) സാമൂഹ്യനീതിയുടെ പ്രവാചകൻ എന്നറിയപ്പെടുന്ന ദൈവമനുഷ്യനാണ്. ക്രിസ്തുവിനു മുമ്പ് ഏകദേശം 760 ൽ തന്റെ ദൗത്യം നിർവ്വഹിച്ച ആമോസിന്റെ ഗ്രന്ഥമാണു പ്രവാചക ഗ്രന്ഥങ്ങളിൽ ആദ്യം എഴുപ്പെട്ടതെന്നു പറയപ്പെടുന്നു.

ജറൂസലേമിൽനിന്ന് ഏകദേശം 10 മൈൽ ദൂരെയുള്ള തെക്കോവ എന്ന ഗ്രാമത്തിൽ ജനിച്ച ആമോസ് (1:1) പ്രവാചക ദൗത്യം തന്റെ ജീവിത മാർഗ്ഗമായി സ്വീകരിച്ചവനാണെന്നു തോന്നുന്നില്ല. അദ്ദേഹം ഒരു കർഷ കനായിരുന്നിരിക്കണം. ഒന്നുകിൽ ഒരിടയൻ അല്ലെങ്കിൽ സിക്കമൂർ മരം വെട്ടിയൊരുക്കുന്നവൻ (1:1, 7:14-15). ഇതിൽക്കൂടിയ വിവരങ്ങളൊന്നും അദ്ദേഹത്തെക്കുറിച്ചു ലഭ്യമല്ല.

താൻ ജീവിച്ചിരുന്ന സമൂഹത്തിലും അതിനുചുറ്റുപാടുമുള്ള ജനങ്ങ ളുടെ ഇടയിലുമുള്ള സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ, മത സംവി ധാനങ്ങളെക്കുറിച്ചും അവിടെ നടമാടിയിരുന്ന തിന്മകളെക്കുറിച്ചുമെല്ലാം നല്ല അറിവും അവബോധവുമുള്ള ഒരു വചന പ്രസംഗകനായിരുന്നു ആമോസ് (1:3-2:16; 2:5; 6:1; 3:9; 4:1; 3:14; 4:4; 5:5-6; 7:13; ദാനി 8:14). അതു പോലെതന്നെ രാജ്യത്തിന്റെ ചരിത്രത്തെക്കുറിച്ചും പാരമ്പര്യത്തെക്കു റിച്ചും ഭൂമിശാസ്ത്രത്തെക്കുറിച്ചുമെല്ലാം അദ്ദേഹത്തിന് അഗാധമായ അറി വുണ്ടായിരുന്നു. ഇതിൽനിന്നെല്ലാം നമുക്കു മനസിലാകുന്നത് അദ്ദേഹം വെറുമൊരു കർഷകനോ ഇടയനോ അല്ല; മറിച്ച് അഭ്യസ്തവിദ്യനായ ഒരു വ്യക്തിയാണെന്നാണ്. സാമ്പത്തികമായും സാമൂഹികമായും പ്രാപ്തിയുള്ള യൂദായിലെ ഏതെങ്കിലും ഒരു പ്രഭുകുടുംബത്തിൽ നിന്നാ ണദ്ദേഹം വരുന്നത്.

ആമോസ് 7-ാം അദ്ധ്യായത്തിൽ വിവരിക്കുന്ന (7:10-17) ബേഥേലിലെ പുരോഹിതനായ അമാസിയായുടെ വിലക്കിനുശേഷം ആമോസ് തിരിച്ച് യൂദായിലെ സ്വന്തം വീട്ടിലേക്കു പോയി കൃഷിചെയ്തു ജീവിതം നയി ച്ചിരിക്കാനാണു സാധ്യത. അങ്ങനെയെങ്കിൽ ചുരുങ്ങിയ ഒരു കാലയള വിൽ മാത്രമായിരിക്കണം അദ്ദേഹം പ്രവാചകദൗത്യം നിർവ്വഹിച്ചത്. ആമോസിന്റെ മരണത്തെക്കുറിച്ചു പറയപ്പെടുന്ന 2 ഐതിഹ്യങ്ങളുണ്ട്: 1. ആമോസിനെ പുരോഹിതനായ അമാസിയ പീഡിപ്പിക്കുകയും അദ്ദേ ഹത്തിന്റെ മകൻ ആമോസിനെ കൊല്ലുകയും ചെയ്തു. 2. ആമോസിനെ കൊന്നതു യൂദാരാജാവായ ഉസിയായാണ്. എന്നാൽ ഈ പാരമ്പര്യ ങ്ങൾക്കു ചരിത്രത്തിന്റെ പിൻബലമില്ല.

**സന്ദേശം:** ഇസ്രായേൽ ക്രൂരവും ദരിദ്രനെ പീഡിപ്പിക്കുന്നതും ചൂഷണം ചെയ്യുന്നതുമായ ഒരു സമൂഹമായിത്തീർന്നിരിക്കുന്നു. തങ്ങളുടെ കടബാ





ധ്യതകൾ തീർക്കാൻ പാവപ്പെട്ടവർക്കു സ്വയം വിറ്റ് അടിമകളാകേണ്ടി വരുന്നു (2:6; 8:6). ധനികർ കള്ളത്രാസുകളും വ്യാജ അളവുകോലുക ളുമുപയോഗിച്ചു സത്യസന്ധമല്ലാത്ത വ്യാപാരങ്ങളിൽ മുഴുകി (8:5-6). പാവപ്പെട്ടവനു നീതി ഉറപ്പാക്കേണ്ട കോടതികൾപോലും കൈക്കൂലി യിലും അഴിമതിയിലും മുങ്ങി (2:7; 5:10, 12). അങ്ങനെ ഇസ്രായേൽ നീതി യിലും സത്യത്തിലും വ്യാപരിക്കാൻ കഴിയാത്ത രാജ്യമായിത്തീർന്നു (3:10; 5:7, 24; 6:12). സത്യവും ആത്മാർത്ഥതയും വെറുക്കപ്പെട്ട പുണ്യ ങ്ങളായിത്തീർന്നു (5:10). ഈ തിന്മകളെയെല്ലാം ആമോസ് ചോദ്യം ചെയ്തു. പരമ്പരാഗതമായ ധാർമ്മികതക്കു വിരുദ്ധമായ ഒരു ജീവിതശൈലിയാണ് ഇസ്രായേൽ നയിക്കുന്നതെന്നും കാരുണ്യമില്ലാത്ത സാമൂഹിക, സാമ്പത്തിക, സംവിധാനങ്ങൾ അസ്വീകാര്യമാണെന്നും അതിന്റെ ഫലമായി പാവപ്പെട്ടവൻ അനുഭവിക്കേണ്ടിവരുന്ന ചൂഷണം അനുവദിക്കാനാവില്ലെന്നും ആമോസ് പറഞ്ഞു. ഇന്നവർക്കുള്ളതു സ്വന്തം ഇഷ്ടമനുസരിച്ചു ചെയ്തുകൂട്ടുന്ന ആരാധനാനുഷ്ഠാനങ്ങളിൽനിന്ന് ഉരു ത്തിരിയുന്ന തെറ്റായ ഒരു സ്വയം നീതികരണചിന്ത മാത്രമാണ്.

ഇസ്രായേൽ രാജ്യത്തിന്റെ അടിസ്ഥാനമായി ദൈവം സ്ഥാപിച്ച ഉട മ്പടി അവർ അശുദ്ധമാക്കിയിരിക്കുന്നു. പുരാതനകാലം മുതൽ നിരോ ധിക്കപ്പെട്ട ലൈംഗിക അരാജകത്വം (പുറ 21:7-9), അടിമത്തം (22:24), പാവപ്പെട്ടവനിൽനിന്ന് പലിശവാങ്ങൽ (22:25), അന്യായമായി അന്യന്റെ വസ്തുക്കൾ സ്വന്തമാക്കൽ (22:26-27), നീതിപീഠത്തിലെ അഴിമതി (23:6-8), കള്ളത്രാസും അളവുകോലുകളും (നിയ 25:13-16) എന്നീ തിന്മ കളെല്ലാം സമ്പത്താർജ്ജിക്കാനുള്ള പരക്കംപാച്ചിലിൽ ജീവിതശൈലി യായി മാറി (ആമോ 2:7, 8; 5:10, 11, 12; 8:5). സാമൂഹികതിന്മകൾ പെരു കുകയും ധനം വർദ്ധിക്കുന്നതനുസരിച്ചു ദൈവാലയത്തിലെ ബലികളുടെ എണ്ണം കൂട്ടുകയും ചെയ്തപ്പോഴാണു നീതി ജലംപോലെ ഒഴുകട്ടെ; സത്യം വറ്റാത്ത നീരുറവപോലെയും (5:24) എന്ന് ആമോസ് വിളിച്ചു പറഞ്ഞത്.

സാമൂഹ്യനീതി എന്ന ശുദ്ധീകരണ യന്ത്രത്തിലൂടെ ആരാധനാക്ര മത്തെ വിശുദ്ധീകരിക്കാൻ അദ്ദേഹം ശ്രമിച്ചു (5:21-24). പഴയകാലത്തു ദൈവങ്ങളെ ജലം നൽകുന്ന ഉറവകളായി ജനം കണ്ടിരുന്നു. ബലിയർപ്പ ണത്തിലെ രക്തമല്ല; നീതിയും സത്യവുമാണു സമൂഹത്തിലൊഴുകേ ണ്ടത്. എങ്കിൽ മാത്രമേ ദൈവികമായ രക്ഷയുടെ ജലം അവരിലേക്കൊഴു കുകയുള്ളൂ എന്നദ്ദേഹം പറഞ്ഞു.

ജനത്തിന്റെ അടിസ്ഥാന മനോഭാവങ്ങൾക്കും ചിന്തകൾക്കുമെതിരായ സന്ദേശം പ്രസംഗിക്കാൻ ആമോസിനു വലിയ തടസ്സങ്ങൾ നേരിടേണ്ടി വന്നു. പ്രവാചകദൗത്യം ഒരു ജീവിതമാർഗ്ഗമായി സ്വീകരിച്ചിട്ടില്ലാതിരുന്ന ആമോസ് ദൈവം തന്നെ പ്രത്യേകമായി വിളിച്ചില്ലായിരുന്നെങ്കിൽ താനൊ രിക്കലും ഇങ്ങനെ പ്രസംഗിക്കുമായിരുന്നില്ലെന്നും കൃഷിചെയ്തു മാത്രം ജീവിക്കുമായിരുന്നുവെന്നും പുരോഹിതനായ അമാസിയായോടു പറഞ്ഞു (7:10-17). തന്റെ കഠിനമായ സന്ദേശം അവരെ പഠിപ്പിക്കാൻ വളരെ മൂർച്ചയേറിയ ഭാഷയും അദ്ദേഹം ഉപയോഗിച്ചു (2:6-8; 3:9-11; 4:1-3; 5:21; 6:12-13). അദ്ദേഹത്തിന്റെ പ്രഘോഷണത്തിലുടനീളം ദൈവ

ജനമെന്ന ഇസ്രായേലിന്റെ സ്ഥാനം, കർത്താവിന്റെ ദിനം, രക്ഷാകര ചരിത്രം മുതലായ പരമ്പരാഗത ആശയങ്ങൾ നിഴലിച്ചുനിന്നു.

തങ്ങൾ ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ട ജനമാണെന്ന് ഇസ്രായേൽ കരുതിയിരുന്നു. ദൈവത്തിന്റെ ഈ തെരഞ്ഞെടുപ്പു ലൗകികമായ ഉയർച്ചയ്ക്കും സ്ഥാനമാനങ്ങൾ ലഭിക്കുന്നതിനുമുള്ള ഒരു വിളിയായി പലരും കണക്കാക്കി. അങ്ങനെ, അവർ ദൈവത്തിന്റെ തെരഞ്ഞെടുപ്പിന്റെ ലക്ഷ്യം തകിടം മറിച്ചിരിക്കുന്നു. കാരണം, ദൈവത്തിന്റെ തെരഞ്ഞെടുപ്പു പ്രഥമവും പ്രധാനവുമായി ഉത്തരവാദിത്വങ്ങളിലേക്കും കടമകളിലേക്കുമാണു വിരൽ ചൂണ്ടുന്നത്. സമാധാനവും ശാന്തിയും ഭൗതിക വളർച്ചയുമെല്ലാം ഒത്തുചേർന്ന ഒരു ജീവിതം കൈവന്നപ്പോൾ ദൈവത്തോടുള്ള വിശ്വസ്തതയും സാമാന്യനീതിയും ജനം മറന്നുപോയി. അതുകൊണ്ട് ഇസ്രായേലിന്റെ ബലികളെ ദൈവം തിരസ്കരിച്ചിരിക്കുന്നു. കാരണം അത് അടിസ്ഥാനമില്ലാത്ത സുരക്ഷിതത്വബോധം ജനങ്ങളിൽ സൃഷ്ടിച്ചു: "ഭൂമിയിലുള്ള സകല ജനങ്ങളിലുംവച്ചു നിങ്ങളെ മാത്രമാണു ഞാൻ സ്വന്തമായി ഗണിച്ചത്; അതിനാൽ നിങ്ങളുടെ എല്ലാ പാപങ്ങൾക്കും ഞാൻ നിങ്ങളെ ശിക്ഷിക്കും'' എന്ന് ആമോസിലൂടെ ദൈവം പറഞ്ഞു (3:2).

ദൈവം തന്റെ ജനത്തെ എന്നും സംരക്ഷിക്കുമെന്നും "കർത്താവിന്റെ ദിന ത്തിൽ ആ ജനം ശത്രുക്കളെ നശിപ്പിച്ചു തങ്ങളുടെ ദൈവത്തിന്റെ ശക്തിയുടെയും മഹത്ത്വത്തിന്റെയും സാക്ഷികളായി ലോകജനങ്ങൾക്കു മുമ്പിൽ വിരാജിക്കുമെന്നുമൊക്കെയായിരുന്നു "കർത്താവിന്റെ ദിനം'' എന്നതിന്റെ പരമ്പരാഗത അർത്ഥം. രാജ്യം വളരുകയും ഐശ്വര്യം പ്രാപിക്കുകയും അയൽ രാജ്യങ്ങളെ കീഴ്പ്പെടുത്തുകയും ചെയ്തു കഴിഞ്ഞപ്പോൾ "കർത്താവിന്റെ ദിനം'' ആഗതമായി എന്നും രാജാവായ ജെറോബൊവാം ദൈവത്തിന്റെ തെരഞ്ഞടുക്കപ്പെട്ട അഭിഷിക്തനാണെന്നുമുള്ള (മിശിഹാ) ചിന്തകൾ ജനത്തിനിടയിൽ വ്യാപിച്ചു. കർത്താവിന്റെ ദിനത്തെക്കുറിച്ചുള്ള ഈ ചിന്താഗതികൾ തകിടം മറിച്ചുകൊണ്ട് ഇതു കർത്താവിന്റെ ദിനമല്ലെന്നും കർത്താവിന്റെ ദിനം അവർക്കു രക്ഷയുടെതല്ല മറിച്ചു നാശത്തിന്റെയും കൂരിരുട്ടിന്റെയും ശിക്ഷയുടെയും ഇല്ലായ്മയുടെയും ദിനമാണെന്നും അദ്ദേഹം പറഞ്ഞു (4:12; 5:18-20; 8:9-10). തത്ഫലമായി രക്ഷാകരചരിത്രം ആമോസിൽ ശിക്ഷയുടെ ചരിത്രമായി മാറി.

ഈജിപ്തിൽ നിന്നുള്ള ഇസ്രായേലിന്റെ പുറപ്പാടും അന്നുണ്ടായ മഹാമാരികളും പുനരവതരിപ്പിച്ചുകൊണ്ട് ആ മഹാമാരികളെല്ലാം അനുതപിക്കാത്ത ഇസ്രായേലിനുമേൽ പതിക്കുമെന്ന് ആമോസ് പറഞ്ഞു (4:6-13). ബാധകൾ അനുഭവിച്ച ഈജിപ്തുകാർ അനുതപിച്ചു. ഇസ്രായേലാകട്ടെ ദൈവത്തിന്റെ ശക്തി കണ്ടിട്ടും അനുതപിച്ചില്ല. അതിനാൽ ഇസ്രായേലിനുവേണ്ടി ശത്രുക്കളെ കീഴടക്കിയ പുറപ്പാടിലെ ദൈവം ഇസ്രായേലിനു നാശകനായി മാറും (2:9-16). ഇസ്രായേലിന്റെ അതിക്രമങ്ങളുടെ ഫലമായി അവരുടെ ദൈവം രാജ്യങ്ങളുടെ ദൈവമായി മാറുകയും അവരുടെ രക്ഷകൻ അവരുടെ ശിക്ഷകനായിത്തീരുകയും ചെയ്യും. ദൈവജനമാകാനുള്ള അവരുടെ തെരഞ്ഞടുപ്പു നശിപ്പിക്കപ്പെടാനുള്ള വേർപെടുത്തലായിത്തീർന്നിരിക്കുന്നു (3:12-15; 5:1-9; 6:8-14).





മാനസാന്തരത്തിന്റെ മനോഭാവങ്ങൾ പ്രത്യക്ഷപ്പെടാതിരുന്നതുകൊണ്ട് ആമോസ് കഠിനമായ ദൈവിക ശിക്ഷയെക്കുറിച്ചുമാത്രം സംസാരിച്ചുകൊണ്ടിരുന്നു: യുദ്ധം (3:11; 6:4; 7:17), പരാജയം (5:3), വിപ്രവാസം ( 4:2-3; 6:7; 7:11, 17), മരണം (5:2-3, 16; 6:9; 7:11; 8:3; 9:10) എന്നിവയൊക്കെ അദ്ദേഹത്തിന്റെ സാധാരണ പ്രസംഗവിഷയങ്ങളായിരുന്നു. ഇസ്രായേലിന്റെ നാശവും (3:2, 15; 5:2, 17; 7:9, 11; 9:18) തലസ്ഥാന നഗരത്തിന്റെ തകർച്ചയും (6:8) അസീറിയായിലേക്കുള്ള നാടുകടത്തപ്പെടലും (5:2; 6:7; 7:11) പ്രവചിച്ചതിനോടൊപ്പം ഇസ്രായേലിന്റെ സുഹൃത്‌രാജ്യങ്ങളുടെ നാശവും അദ്ദേഹം പ്രവചിച്ചു. ദൈവം ശിക്ഷിക്കുമെന്ന് ആമോസ് പ്രഖ്യാപിക്കുന്ന രാജ്യങ്ങൾ (1:3-2:4) ഇസ്രയേലിന്റെ സുഹൃത്തുക്കളോ സാമന്തരാജ്യങ്ങളോ ആണ്.

ബി.സി. 734-733 ൽ അസീറിയൻ ചക്രവർത്തിയായ തിഗ്ലാത്ത് പിലേസർ 3-ാമൻ (745-727) പാലസ്തീനായിലെ തീരദേശ നഗരങ്ങളായ ഹത്സോറും മെഗ്ഗിദ്ദോയും ഗലീലിയും ഗിലയാദും മറ്റും കീഴടക്കിക്കൊണ്ടു യുദ്ധം നയിച്ചപ്പോൾ ആമോസിന്റെ പ്രവചനങ്ങൾ പൂർത്തിയായിത്തുടങ്ങി. ദമാസ്കസും സിറിയായും 732 ൽ അദ്ദേഹം കീഴടക്കി. 727 ആയപ്പോഴേക്കും ഇസ്രായേലും യൂദായുമടങ്ങുന്ന സിറിയാ-പലസ്തീനായിലെ എല്ലാ രാജാക്കന്മാരും അദ്ദേഹത്തിന്റെ സാമന്തരായിത്തീർന്നിരുന്നു. ബി.സി. 722 ലെ ചെറിയ ഒരു വിപ്ലവത്തോടെ വടക്കൻരാജ്യമായ ഇസ്രായേൽ നശിപ്പിക്കപ്പെടുകയും സമൂഹത്തിലെ നേതാക്കൾ അസീറിയൻ സാമ്രാജ്യത്തിന്റെ പലഭാഗങ്ങളിലേക്കായി നാടുകടത്തപ്പെടുകയും ചിതറിക്കപ്പെടുകയും ചെയ്തു. അതോടെ ഇസ്രായേൽ ദേശം അസീറിയൻ സാമ്രാജ്യത്തിന്റെ വെറുമൊരു പ്രോവിൻസായി മാറി.

**പ്രവാചകൻ മദ്ധ്യസ്ഥൻ:** സാമൂഹ്യനീതിക്കുവേണ്ടി കഠിനമായി വാദിക്കുകയും ദൈവത്തിന്റെ ശിക്ഷ പ്രഖ്യാപിക്കുകയും ചെയ്തെങ്കിലും ജനത്തിനുവേണ്ടി മാദ്ധ്യസ്ഥ്യം വഹിക്കുന്നതിന് ആമോസ് പരിശ്രമിച്ചിരുന്നു. ആദ്യത്തെ രണ്ടു ദർശനങ്ങളോടനുബന്ധിച്ച് അദ്ദേഹം തന്റെ ഈ ദൗത്യം നിർവ്വഹിക്കുന്നതുകാണാം. ആദ്യത്തെ ദർശനത്തിൽ (7:1-3) വരാനിരിക്കുന്ന ഒരു വലിയ വെട്ടുക്കിളി ബാധയെക്കുറിച്ചു ദൈവം മുന്നറിയിപ്പു നൽകിയപ്പോൾ ആമോസ് തീക്ഷ്ണമായി മാദ്ധ്യസ്ഥ്യം വഹിക്കുകയും തത്ഫലമായി ദൈവം ശിക്ഷ ഒഴിവാക്കുകയും ചെയ്തു. രണ്ടാമത്തെ ദർശനത്തിൽ (7:4-6) ദൈവം അഗ്നിയയച്ച് ഇസ്രായേലിനെ ശിക്ഷിക്കുമെന്നു മുന്നറിയിപ്പു നൽകിയപ്പോഴും ആമോസ് ജനത്തിനു വേണ്ടി പ്രാർത്ഥിക്കുകയും ബാധ ഒഴിവാക്കുകയും ചെയ്തു.

പുതിയനിയമത്തിൽ ജറുസലേമിലെ ആദ്യസൂനഹദോസിൽ വച്ച് അവിടുത്തെ ആദ്യമെത്രാനായ യാക്കോബ് വിജാതീയരെ മാനസാന്തരപ്പെടുത്താൻ സഭക്കു ദൗത്യമുണ്ട് എന്നുപറയാൻ ആമോസിന്റെ വാക്കുകളാണ് ഉദ്ധരിക്കുന്നത് (അപ്പ 15:15-18; ആമോ 9:11-12).

**വിചിന്തനം:** ഒരുവന്റെ ബലികളും പ്രാർത്ഥനകളും സാമൂഹിക ജീവിതവും വേർതിരിക്കാനാവത്തവിധം പരസ്പരം ബന്ധപ്പെട്ടാണിരിക്കുന്നത്. മതജീവിതം ധാർമ്മിക, സാമൂഹിക ജീവിതത്തിൽ പ്രതിഫലിക്കുന്നില്ലെങ്കിൽ അതു ദൈവത്തിന് അസ്വീകാര്യമാണ്.

## 27. ഓദെദ്

ഇസ്രായേൽ രാജാവായ പെക്കയുടെ കാലത്ത് ഇസ്രായേൽ യൂദാക്കെതിരെ യുദ്ധത്തിനു പോവുകയും സ്ത്രീകളും കുഞ്ഞുങ്ങളുമടങ്ങുന്ന രണ്ടുലക്ഷം യൂദാ നിവാസികളെ തടവുകാരായി പിടിക്കുകയും അവരെ അടിമകളാക്കി ഇസ്രായേലിന്റെ തലസ്ഥാനമായ സമരിയായിലേക്കു കൊണ്ടുവരികയും ചെയ്തു. അപ്പോൾ കർത്താവിന്റെ പ്രവാചകനായ ഓദെദ് അവരുടെ ഈ പ്രവൃത്തിയെ എതിർക്കുകയും യൂദായെപ്പോലെതന്നെ ഇസ്രായേലും തെറ്റു ചെയ്തിട്ടുള്ളവരല്ലേ എന്നു ചോദിക്കുകയും ചെയ്തു. തത്ഫലമായി തടവുകാരായി പിടിക്കപ്പെട്ടിരുന്ന യൂദാനിവാസികൾ സ്വതന്ത്രരാക്കപ്പെട്ടു. നഗ്നരായിരുന്നവരെ അവർ വസ്ത്രങ്ങൾ ധരിപ്പിച്ചു. നഗ്നപാദരായിരുന്നവരെ ചെരുപ്പുകൾ ധരിപ്പിച്ചതിനും അവർക്ക് ആവശ്യമായ ഭക്ഷണപാനീയങ്ങൾ നൽകിയതിനുംശേഷം അവരെ സുഗന്ധതൈലം പൂശുകയും അവരിൽ തളർന്നവരെ കഴുതപ്പുറത്തുകയറ്റുകയും ചെയ്ത് എല്ലാവരെയും ഈന്തപ്പനകളുടെ നഗരമായ ജറീക്കോവരെ കൊണ്ടെത്തിച്ചതിനുശേഷം ഇസ്രായേൽക്കാർ സ്വനഗരത്തിലേക്കു മടങ്ങി (2ദിന 28:5-15). പ്രവാചകനായ ഓദെദിന്റെ വചനം നിമിത്തം യൂദായും ദാവീദിന്റെ സിംഹാസനവും വലിയ പതനത്തിൽ നിന്നാണ് അന്നു രക്ഷപ്പെട്ടത്.

**വിചിന്തനം:** രാജ്യത്തുള്ള ജനം മുഴുവൻ തങ്ങളുടെ വിജയത്തെക്കുറിച്ചും ശത്രുവിന്റെ പരാജയത്തെക്കുറിച്ചും ആഹ്ലാദിച്ചപ്പോൾ വികാരങ്ങൾക്കതീതമായി ദൈവസ്വരത്തിനു കാതോർത്തവനാണ് ഓദെദ്. അതു ദൈവജനത്തിന്റെ രക്ഷയ്ക്കു കാരണമായി. ഒരു പ്രവാചകന്റെ താത്പര്യങ്ങളായി മാറേണ്ടത് ദൈവവും അവിടുത്തെ തിരുഹിതവും അവിടുത്തെ ജനങ്ങളുമാണ്, രാജ്യതാത്പര്യങ്ങളോ സമൂഹതാത്പര്യങ്ങളോ വ്യക്തിതാത്പര്യങ്ങളോ അല്ല.

## 28. ഹോസിയ

ക്രിസ്തുവിനുമുമ്പ് 740-725 കാലഘട്ടത്തിൽ ദൗത്യം നിർവഹിച്ച പ്രവാചകനാണു ഹോസിയ. സാമൂഹികനീതിയുടെ പ്രവാചകനായിരുന്ന ആമോസിന്റെ സമകാലികനായിരുന്നു അദ്ദേഹം. ഹോസിയായുടെ പേരിലറിയപ്പെടുന്ന ഗ്രന്ഥത്തിനു 14 അധ്യായങ്ങളുണ്ട്. ഹോസിയായുടെ പിതാവിന്റെ പേരു ബേരി എന്നതാണെന്നതൊഴികെ അദ്ദേഹത്തെക്കുറിച്ചു ഗ്രന്ഥത്തിൽനിന്നു യാതൊരു വിവരവും ലഭ്യമല്ല. ഹോസിയ എന്ന പേരിന്റെ അർത്ഥം "കർത്താവു രക്ഷിച്ചു അല്ലെങ്കിൽ "കർത്താവേ രക്ഷിക്കണമേ എന്നാണ്.

**സന്ദേശം:** അക്കാലത്തു ഗിൽഗാലിലെയും (12:11) ബേഥേലിലെയും വിശുദ്ധസ്ഥലങ്ങൾ വിഗ്രഹാരാധനകൊണ്ടു നിറഞ്ഞു (4:15; 5:7; 9:15). ഏകദൈവവിശ്വാസിയായ ഹോസിയായെ സംബന്ധിച്ചിടത്തോളം വിഗ്രഹാരാധനയായിരുന്നു ഏറ്റവും അസഹനീയമായ പാപം. ദൈവപ്രമാണങ്ങളിലെ ആദ്യത്തെ പ്രമാണങ്ങളുടെ ലംഘനമായിരുന്നു അത്. സത്യദൈവമായ യാഹ്‌വെയിൽ മാത്രം വിശ്വസിക്കേണ്ടതിനു പകരം ഇസ്രായേലിൽ പലരും തങ്ങൾ തന്നെയുണ്ടാക്കിയ വിഗ്രഹങ്ങളിൽ പ്രത്യാശ അർപ്പിച്ചുപോന്നു (8:13). വിഗ്രഹാരാധനയുടെ ഈ പശ്ചാത്തലത്തിൽ





ഹോസിയാ തന്റെ പ്രധാന സന്ദേശമായ ഏകദൈവവിശ്വാസം പ്രഘോഷിച്ചു:

"നീ ഈജിപ്ത് ദേശത്തായിരുന്ന നാൾമുതൽ നിന്റെ ദൈവമായ കർത്താവു ഞാനാണ്. എന്നെയല്ലാതെ മറ്റൊരു ദൈവത്തെ നീ അറിയുന്നില്ല. ഞാനല്ലാതെ മറ്റൊരു രക്ഷകനില്ല. മരുഭൂമിയിൽവച്ചു, വരണ്ട ദേശത്തുവച്ചു, നിന്നെ അറിഞ്ഞതു ഞാനാണ്. എന്നാൽ, അവർ ഭക്ഷിച്ചു തൃപ്തരായപ്പോൾ അവരുടെ ഹൃദയം അഹങ്കരിക്കുകയും, അവർ എന്നെ വിസ്മരിക്കുകയും ചെയ്തു. ആകയാൽ, ഞാൻ അവർക്ക് ഒരു സിംഹത്തെപ്പോലെയായിരിക്കും. പുള്ളിപ്പുലിയെപ്പോലെ വഴിയരികിൽ ഞാൻ പതിയിരിക്കും. കുഞ്ഞുങ്ങൾ അപഹരിക്കപ്പെട്ട കരടിയെപ്പോലെ ഞാൻ അവരുടെമേൽ ചാടിവീഴും. അവരുടെ മാറിടം ഞാൻ വലിച്ചുകീറും. സിംഹത്തെപ്പോലെ ഞാൻ അവിടെവച്ച് അവരെ വിഴുങ്ങും. വന്യ മൃഗത്തെപ്പോലെ അവരെ ഞാൻ ചീന്തിക്കളയും" (ഹോസി 13:4-8). ഇസ്രായേലിലെ വിഗ്രഹാരാധനക്കെതിരെ ഒരു സിംഹത്തെപ്പോലെ ഗർജ്ജിച്ചുകൊണ്ടും യാഹ്‌വെ മാത്രമാണു ദൈവമെന്നു പ്രഖ്യാപിച്ചുകൊണ്ടും ദൈവമാഗ്രഹിക്കുന്നതു സ്നേഹമാണ്, ബലിയല്ല, സത്യദൈവത്തെക്കുറിച്ചുള്ള അറിവിലുള്ള വളർച്ചയാണ് ഹോമബലിയല്ല എന്നദ്ദേഹം പ്രഖ്യാപിച്ചു (6:6).

ഹോസിയായുടെ കാലത്ത് ഇസ്രായേലിൽ പലരും വിഗ്രഹാരാധകരായിത്തീർന്നുവെന്നു നാം കണ്ടു. അവർ ബാലിനും അഷേരാക്കും ബലിയർപ്പിച്ചു (ഹോസി 2:13, 17; 11:2). സത്യദൈവത്തെക്കുറിച്ചു യഥാർത്ഥമായ അറിവില്ലാത്തതാണു സത്യവിശ്വാസത്തിനു തടസ്സമായി നില്ക്കുന്ന ഏറ്റവും വലിയ തിന്മയെന്നു ഹോസിയ കരുതി (4:6). അതിനാൽ, ജനം അവരുടെ ദൈവമായ യാഹ്‌വെയെ ഉപേക്ഷിച്ച് അന്യദൈവങ്ങളുടെ പുറകെ പോകുന്നതു വ്യഭിചാരമായി ചിത്രീകരിച്ചുകൊണ്ട് അവരെ സത്യവിശ്വാസത്തിലേക്കു നയിക്കാൻ അദ്ദേഹം പരിശ്രമിച്ചു. അതിനുവേണ്ടിയാണു പ്രവാചകൻ ആദ്യം ഗോമർ എന്ന വ്യഭിചാരിണിയെ വിവാഹം ചെയ്തത് (1:2-8). പിന്നീടദ്ദേഹം വ്യഭിചാരിണിയും മറ്റൊരുവനെ സ്നേഹിച്ചിരുന്നവളുമായ ഒരു സ്ത്രീയെ ചന്തയിൽനിന്നു വാങ്ങി (3:1-5). ഈ പ്രവൃത്തികളിലൂടെ തന്നോടവിശ്വസ്തത കാണിച്ചതും വിഗ്രഹാരാധനക്കടിമപ്പെട്ടതുമായ ഇസ്രായേലിനെ ഇപ്പോഴും ദൈവം എത്രമാത്രം സ്നേഹിക്കുന്നുവെന്ന് കാണിച്ചുകൊടുക്കാനാണ് പ്രവാചകൻ ശ്രമിച്ചത് (2:4-15; 4:10-19; 5:3-4; 6:10; 7:4; 8:4-5; 9:1-10; 10:5; 11:2; 13:1-3; 14:9).

ദൈവം ഏകനാണെന്നും ആ ദൈവത്തെ ആരാധിക്കാൻ ഈ ഭൂമിയിൽ ഒരു ആരാധനാകേന്ദ്രമേ പാടുള്ളുവെന്നും ഹോസിയാ വിശ്വസിച്ചു. ആ ആരാധനാകേന്ദ്രം ജറുസലേമാണ്. അതുകൊണ്ടാണ് എഫ്രായിം വ്യാജം കൊണ്ടും ഇസ്രായേൽ ഭവനം വഞ്ചനകൊണ്ടും എന്നെ വലയം ചെയ്തിരിക്കുന്നു. എന്നാൽ യൂദയാ ഇന്നും ദൈവത്തെ അറിയുന്നു; അവൻ പരിശുദ്ധനായവനോടു വിശ്വസ്തത പുലർത്തുന്നു എന്നു പ്രവാചകൻ പറയുന്നത് (11:12; കാണുക 4:12-14; 8:5-6; 10:5; 1രാജ 12:25-33). ദൈവം ഭൂമിയിലെ തന്റെ വാസസ്ഥലമായി തെരഞ്ഞെടുത്ത സ്ഥലമായിരുന്നു ജറുസലേം. ദൈവം ഏകനാണെന്ന സത്യം പഠിപ്പിക്കാൻ ഇസ്രായേലിലെ ദൈവശാസ്ത്രജ്ഞന്മാർ ആവിഷ്കരിച്ച ഒരു തത്ത്വമാണ് ഏക

ദൈവത്തിന് ഒരാലയമെന്നത്. ഇതിന്റെ ഫലമായാണ് ഇസ്രായേലിൽ ഒരു കാലത്തുണ്ടായിരുന്ന വിശുദ്ധസ്ഥലങ്ങളെല്ലാം പിന്നീടു ജോസിയാ രാജാവു നശിപ്പിച്ചത് (2രാജ 22-23).

യഥാർത്ഥ ദൈവത്തെക്കുറിച്ച് അറിവില്ലാത്തതാണു ജനത്തിനു പറ്റിയ ഏറ്റവും വലിയ തെറ്റ്. പ്രവാചകന്റെ ചിന്തയനുസരിച്ച് ഇസ്രായേൽ അനുസരണമില്ലാത്ത ഒരു ഭോഷനാണ്. അതിന്റെ ഫലമായി അവൻ വിവേകരഹിതമായ തിരഞ്ഞെടുപ്പുകൾ നടത്തുന്നു. അക്കാരണത്താൽത്തന്നെ അവർ നശിപ്പിക്കപ്പെടും (4:14). അവർ മദ്യപിക്കുകയും (4:1-8) പാപത്തിൽ ജീവിക്കുകയും ദൈവത്തെ ഭയപ്പെടാതിരിക്കുന്നതിൽ അഹങ്കരിക്കുകയും ചെയ്യുന്നു (10:3). അവർ എവിടെ പോകുന്നുവെന്നറിയാതെ ചുറ്റിത്തിരിയുന്ന മൃഗങ്ങൾക്കും പക്ഷികൾക്കും സമാനമാണ്. അവർ തങ്ങൾ ഉടമ്പടി ചെയ്ത കർത്താവിനോടു വിശ്വസ്തത കാണിക്കാത്തതിന്റെ ഫലമായി ദൈവജനത്തിനല്ല ജാരസന്തതികൾക്കാണ് അവർ ജനനം നല്കുന്നത് (5:7). കർത്താവിനെ ആശ്രയിക്കുന്നതിനുപകരം അന്യദേവന്മാരെയും മറ്റു ഭൗമികരാജ്യങ്ങളെയും ആശ്രയിച്ചുകൊണ്ട് അവർ കാറ്റിനെ മേയിക്കുന്നവരെപ്പോലെയായി തീരുന്നു.

**ഗ്രന്ഥത്തിന്റെ ഘടന:** ഹോസിയായുടെ ഗ്രന്ഥം മൂന്നു ഭാഗങ്ങളായി തിരിക്കാം: 1) ഇതു വ്യഭിചാരിണിയായ ഒരു സ്ത്രീയുടെയും (ഹോസിയായുടെ ഭാര്യ) വിശ്വസ്തനായ ഒരു ഭർത്താവിന്റെയും (ഹോസിയ) ജീവിതകഥയാണ്. വിശ്വസ്തനായ ദൈവത്തെ ഉപേക്ഷിച്ച് അന്യദൈവങ്ങളുടെ പുറകെപോയ ഇസ്രായേലിന്റെ അവിശ്വസ്തതയെക്കുറിച്ച് ഇവിടെ പ്രവാചകൻ സംസാരിക്കുന്നു (ഹോസി 1-3). 2) പിതൃപുത്രബന്ധത്തെ അവലംബിച്ചുകൊണ്ടു ദൈവപുത്രനായ ഇസ്രായേലിന്റെ അനുസരണക്കേടിനു പിതാവായ ദൈവം അവനെ ശിക്ഷിക്കുമെന്നും എന്നാൽ പിന്നീടു കരുണ തോന്നി അവനെ രക്ഷിക്കുമെന്നും പ്രവാചകൻ പ്രഘോഷിക്കുന്നു (ഹോസി 4-11). 3) ഈ ഭാഗത്ത് മാതൃകകളായി ഭാര്യഭർത്തൃബന്ധവും ദുശാഠ്യക്കാരനായ പുത്രന്റെ ജീവിതവും ഇടകലർത്തിയാണ് പ്രവാചകൻ സംസാരിക്കുന്നത് (ഹോസി 12-14).

**ഒന്നാം ഭാഗം (1-3)**

പ്രവാചകൻ ഒരു യുവാവായിരുന്നിരിക്കണം. ദൈവത്തെവിട്ട് അന്യദേന്മാരുടെ പിന്നാലെപോയ ജനത്തിന്റെ അവിശ്വസ്തത കണ്ട് അസ്വസ്ഥനാവുകയും അവരെ തിരുത്താനാഗ്രഹിക്കുകയും ചെയ്ത പ്രവാചകനോടു ദൈവം "നീ പോയി ഒരു വ്യഭിചാരിണിയെ വിവാഹം കഴിക്കുക'' എന്നു കല്പിച്ചു. വിവാഹം എന്ന ഉടമ്പടിയിലൂടെ കുടുംബ ജീവിതത്തിലേക്കു പ്രവേശിക്കുന്ന അവൾ ഭർത്താവിനോടു വിശ്വസ്തയായി ജീവിച്ച് അവന്റെ മക്കൾക്ക് ജന്മം നല്കണമെന്നതായിരുന്നു ദൈവഹിതം. അതനുസരിച്ചു ഹോസിയ ദിബ്ലായിമിന്റെ പുത്രിയായ ഗോമർ എന്ന സ്ത്രീയെ വിവാഹം കഴിക്കുകയും അവളോടു ചേർന്ന് ഒരു കുടുംബം രൂപീകരിക്കുകയും ചെയ്തു; അവർക്ക് മക്കളും ജനിച്ചു.

ദൈവകല്പനപ്രകാരം ഗോമിറിനെ വിവാഹം ചെയ്ത ഹോസിയ ഒരു നല്ല ഭർത്താവെന്ന നിലയിൽ അവളെ സ്നേഹിച്ചിരുന്നു. എങ്കിലും, ഗോമർ ഹോസിയയോട് അവിശ്വസ്തയായിരുന്നു. അതിൽ മനസ്സു നുറുങ്ങിയ ഹോസിയാക്കു തന്റെ ജനം തന്നെ ഉപേക്ഷിച്ചു പോയപ്പോൾ ദൈവത്തിനുണ്ടായ വികാരങ്ങളെന്താണെന്നു മനസ്സിലായി. ദൈവത്തിന്റെ ഹൃദയവ്യഥ മനസ്സിലാക്കിയ പ്രവാചകൻ ദൈവത്തിന്റെ സ്ഥാനത്തുനിന്നുകൊണ്ട് ദൈവത്തോടു വിശ്വസ്തത പാലിക്കാൻ ഇസ്രായേലിനെ തീക്ഷ്ണമായി പഠിപ്പിച്ചു.





തന്റെ ആദ്യപുത്രന് എന്തുപേരിടണമെന്ന് ഹോസിയ കർത്താവിനോടാരാഞ്ഞു. അവനു ജെസ്രേൽ എന്നു പേരിടുക എന്നു കർത്താവു മറുപടി നല്കി. ജെസ്രേൽ എന്ന വാക്കിന്റെ അർത്ഥം "ദൈവം വിതയ്ക്കും'' എന്നാണ്. വിഗ്രഹാരാധനയിലാണ്ടുപോയ രാജ്യത്തെ ദൈവം നശിപ്പിക്കുമെന്നും ദൈവം നട്ടുവളർത്തുന്ന മറ്റൊരു രാജ്യം ഉണ്ടാകുമെന്നുമുള്ളതിന്റെ അടയാളമായിരുന്നു ജെസ്രേൽ എന്ന പുത്രൻ.

ഹോസിയാക്കു രണ്ടാമതു ജനിച്ചത് ഒരു പുത്രിയാണ്. അവൾക്ക് എന്തു പേരിടണമെന്നു ഹോസിയാ ചോദിച്ചപ്പോൾ "ലോ റുഹാമാ'' (കരുണ ലഭിക്കാത്തവൾ) എന്നു പേരിടാനാണു ദൈവം ആവശ്യപ്പെട്ടത്. വിഗ്രഹാരാധകർക്കു കരുണ ലഭിക്കുകയില്ല എന്നതിന്റെ അടയാളമായിരുന്നു ഹോസിയായുടെ ഈ പുത്രി. ഇസ്രായേലിനു കരുണ നിഷേധിച്ചപ്പോഴും യൂദാരാജ്യത്തിന്റെ കേന്ദ്രമായ ജറുസലേമിൽ ഏകദൈവത്തിനാരാധനയർപ്പിച്ചുകൊണ്ടിരുന്ന യൂദാജനത്തെ ദൈവം രക്ഷിക്കുമെന്നു പ്രവാചകൻ അരുളിച്ചെയ്തു (1:7).

"ലോ റുഹാമാ''യുടെ മുലകുടിമാറിയപ്പോൾ ഗോമർ വീണ്ടും ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിച്ചു. അവനു "ലോ അമ്മി''(എന്റെ ജനമല്ല) എന്നു പേരിടുക എന്നു കർത്താവു ഹോസിയായോടു കൽപിച്ചു. നിന്റെ ദൈവമായ കർത്താവ് ഒരേയൊരു കർത്താവാണ്. നീ നിന്റെ ദൈവമായ കർത്താവിനെ പൂർണഹൃദയത്തോടും പൂർണാത്മാവോടും പൂർണമനസ്സോടും സർവശക്തിയോടുംകൂടി സ്നേഹിക്കണം എന്നതും ഞാനല്ലാതെ മറ്റൊരു ദൈവവും നിനക്കുണ്ടാകരുത് എന്ന പ്രമാണവും പാലിക്കാത്ത ഒരുവനും ദൈവത്തിന്റെ ജനമല്ല എന്നതിന്റെ അടയാളമായിരുന്നു ''ലോ അമ്മി.''

അവിശ്വസ്തയായ ഭാര്യയിൽനിന്നു ജനിച്ച മക്കൾക്കു ലഭിച്ച പേരുകൾ അവിശ്വസ്തരായ ഇസ്രായേലിനു ജനിക്കുന്നതും ദൈവത്തെ ഉപേക്ഷിച്ചതുമായ പുതിയ തലമുറയുടെ പ്രതീകമാണ്. ഈ ദയനീയമായ കുടുംബകഥ അവതരിപ്പിച്ചതിനുശേഷം ഭാവിയിൽ ഇസ്രായേൽ വളർന്നു വലുതാകുമെന്ന പ്രത്യാശയുടെ വചനവും പ്രവാചകൻ വാഗ്ദാനം ചെയ്യുന്നു (1:10-11).

**പ്രവാചകന്റെ ഭാഷ**

ഒന്നാമധ്യായത്തിൽ ഹോസിയ തന്റെ ദൗത്യം നിർവഹിക്കുന്നതു വചനം പ്രസംഗിച്ചുകൊണ്ടല്ല, വചനം ജീവിച്ചുകൊണ്ടാണ്. വ്യഭിചാരിണിയുമായുള്ള അദ്ദേഹത്തിന്റെ വിവാഹം വാക്കുകൾക്കു വ്യക്തമാക്കാൻ കഴിയാത്ത ഉൾക്കാഴ്ചകളിലേക്കു മനുഷ്യശ്രദ്ധ തിരിക്കുകയും ഇസ്രായേലിന്റെ തിന്മകളിലേക്കു വിരൽ ചൂണ്ടുകയും ചെയ്യുന്നു. വാക്കുകൾ യാഥാർത്ഥ്യങ്ങളെ വിവരിക്കാൻ മതിയാകാതെ വന്ന സാഹചര്യങ്ങളിൽ പ്രവാചകന്മാർ പ്രവൃത്തികളിലൂടെ തങ്ങളുടെ ദൗത്യം നിർവഹിച്ചു എന്നു

നാം കണ്ടു. താൻ സ്നേഹിക്കുന്ന ഭാര്യയുടെ അവിശ്വസ്തമായ ജീവിതം തന്റെ ഹൃദയത്തിൽ ഉയർത്തിയ വികാരങ്ങളിൽ നിന്നാണു സ്നേഹപിതാവായ ദൈവത്തിന്റെ ഹൃദയസ്പന്ദനങ്ങൾ ഹോസിയാക്ക് മനസ്സിലായത്. ആ സന്ദേശം തന്റെ ജീവിതത്തെതന്നെ അടിസ്ഥാനമാക്കിക്കൊണ്ട് അദ്ദേഹം പഠിപ്പിക്കുന്നത് ഈ ഗ്രന്ഥത്തിൽ ദൃശ്യമാണ്.

മൂന്നാമത്തെ ശിശുവിന്റെ പേര് ("ലോ അമ്മി," എന്റെ ജനമല്ല) ദൈവവും ഇസ്രായേലുമായുള്ള ഉടമ്പടി തകർന്നതിനെ സൂചിപ്പിക്കുന്നു. രണ്ടാമദ്ധ്യായം രണ്ടാം വാക്യത്തിൽ "അവൾ എന്റെ ഭാര്യയല്ല ഞാനവളുടെ ഭർത്താവുമല്ല" എന്നു ദൈവം പറയുന്നു. ഇസ്രായേലിന്റെ അവിശ്വസ്തതയാണു വിവാഹബന്ധം തകർന്നുപോകാൻ കാരണം. ഇസ്രായേൽ തന്റെ നാഥനായ ദൈവത്തെ ഉപേക്ഷിച്ചു താത്കാലിക ലാഭത്തിനുവേണ്ടി അന്യദൈവങ്ങളുടെ അടുത്തേക്കുപോയി (fertility cults). വിശ്വാസത്തിൽ നിന്നു വ്യതിചലിക്കുന്നതിലൂടെ ദൈവസ്നേഹം തിരസ്കരിക്കുക മാത്രമല്ല, ദൈവം നല്കിയ ദാനങ്ങൾ അന്യദേവന്മാർ നല്കിയതാണെന്ന് ഇസ്രായേൽ പ്രഘോഷിക്കുകകൂടി ചെയ്തു.

ഭാര്യ വ്യഭിചാരിണിയായിത്തീരുക എന്നതു ഭർത്താവിനെ സംബന്ധിച്ചിടത്തോളം വലിയ അപമാനം വരുത്തിവക്കുന്ന കാര്യമാണ്. ഭാര്യയുടെ ലൈംഗികാവശ്യങ്ങൾ നിറവേറ്റാൻ കഴിവില്ലാത്ത അവസ്ഥയോ അവളെ സംരക്ഷിക്കാനും നിലക്കുനിർത്താനുമുള്ള കഴിവുകേടോ അതു സൂചിപ്പിക്കുന്നു. അതുകൊണ്ടാണു തന്റെ ഭർത്താവായ ദൈവത്തെ ഉപേക്ഷിച്ച ഇസ്രായേൽ ദൈവത്തെ അവഹേളിക്കുകയും കഠിനമായ ശിക്ഷാവിധിക്ക് അർഹയാവുകയും ചെയ്തത് (2:8-13).

ദൈവം കരുണാമയനാണ് അവൻ ശിക്ഷിക്കുന്നതു രക്ഷിക്കാനാണ്. ദൈവം ഇസ്രായേലിനെ കഠിനമായി ശിക്ഷിച്ചുകഴിയുമ്പോൾ ഇസ്രായേൽ തന്റെ ഭർത്താവിനെ തിരച്ചറിയുകയും തന്റെ കുറ്റം സമ്മതിക്കുകയും ചെയ്യും എന്നു പ്രവാചകൻ പറയുന്നു (2:14-23). ഇപ്പോൾ അന്യപുരുഷന്മാരുടെ പിന്നാലെപോയ ഭാര്യയെ ഭർത്താവുതന്നെ പ്രലോഭിപ്പിക്കുകയും തന്റെ അടുക്കലേക്കു തിരിച്ചുകൊണ്ടുവരികയും ചെയ്യും. ഇത് അവളെ മാനസാന്തരത്തിലേക്കും ഭർത്താവുമായുള്ള പുനഃസമാഗമത്തിലേക്കും നയിക്കും.

വഴിതെറ്റിപ്പോയ ഭാര്യയെ ദൈവം വിജനപ്രദേശത്തേക്കു കൊണ്ടുപോകുന്നു എന്നതു ശ്രദ്ധേയമായ കാര്യമാണ് (2:14). കാരണം, മരുഭൂമിയിൽ വച്ചാണു ദൈവം ഇസ്രായേലിനെ തന്റെ ജനമായി രൂപപ്പെടുത്തിയത് (സീനായ്). ആ ആദ്യകാലവിശ്വസ്തതയിലേക്ക് ഇസ്രായേൽ തിരിച്ചുവരണമെന്നാണു ദൈവമാഗ്രഹിക്കുന്നത്. ഇസ്രായേലും ദൈവവുമായുള്ള ബന്ധം വിവാഹഉടമ്പടിയുമായി താരത്മ്യം ചെയ്യുന്നതിലൂടെ ഇസ്രായേലിനു ദൈവത്തോടുണ്ടായിരിക്കേണ്ട അടിസ്ഥാനപരമായ സ്നേഹത്തിന്റെയും വിശ്വസ്തതയുടെയും മനോഭാവങ്ങളിലേയ്ക്കാണു പ്രവാചകൻ വിരൽ ചൂണ്ടുന്നത്. ബഹുഭാര്യത്വം നിലവിലിരുന്ന അക്കാലത്ത് ഒരു പുരുഷൻ മാത്രമേ ഒരു സ്ത്രീക്കു ഭർത്താവായുണ്ടായിരുന്നുള്ളൂ. അവന്റെ മാത്രം മക്കൾക്കു ജന്മം നല്കുന്നതിനുവേണ്ടി ഭാര്യ പൂർണമായ വിശ്വസ്തത പാലിക്കേണ്ടതാവശ്യമായിരുന്നു.





**രണ്ടാംഭാഗം (4-11)**

കാലാനുസൃതമായി ക്രമീകരിക്കപ്പെടാത്ത കുറെ പ്രസംഗങ്ങളുടെ ഒരു കൂട്ടമാണിത്. ഒന്നാംഭാഗത്തു ഭാര്യാ - ഭർത്തൃബന്ധം ആധാരമാക്കി പ്രവാചകൻ വചനം പ്രസംഗിച്ചതിനു സമാനമായി ഈ ഭാഗത്ത് അദ്ദേഹം ഉപയോഗിക്കുന്നതു പിതൃ-പുത്രബന്ധത്തിന്റെ ഉപമയാണ്. കൂടാതെ ഇസ്രായേലിനെ കുറ്റപ്പെടുത്തുന്നതിനുവേണ്ടി അവരെ പ്രവാചകൻ പല മൃഗങ്ങളോടും വസ്തുക്കളോടും സാമ്യപ്പെടുത്തുന്നതു കാണാം (7:8; 7:11-12; 8:9; 9:10; 11:16; 10:11-13).

ദൈവത്തോടുള്ള ഇസ്രായേലിന്റെ അവിശ്വസ്തത പുരോഹിതന്മാർ മുതൽ (4:4, 6-8) ജനങ്ങൾവരെ എത്തിനില്ക്കുന്നു (4:17-19; 8:11-13; 9:4). വിഗ്രഹാരാധന വ്യഭിചാരമായി ചിത്രീകരിച്ചുകൊണ്ട് 4-5 അധ്യായങ്ങൾ വഴിതെറ്റിയ പുരോഹിതന്മാരെയും അസന്മാർഗികളായ ആളുകളെയും കുറ്റപ്പെടുത്തുന്നു. അവർ സത്യദൈവത്തെക്കുറിച്ചു തീർത്തും അജ്ഞരായിത്തീർന്നിരിക്കുന്നു (4:6, 14). അതിനാൽ ജീവനില്ലാത്ത വിഗ്രഹങ്ങളോട് അവർ പ്രാർത്ഥിക്കുകയും അസന്മാർഗികതയിൽ മുഴുകുകയും അങ്ങനെ ജാരസന്തതികളെ ജനിപ്പിക്കുകയും ചെയ്യുന്നു. ദൈവത്തെക്കുറിച്ചു കൂടുതൽ അറിവു സ്വന്തമാക്കിക്കൊണ്ടും ആ അറിവു ജനത്തിനു പകർന്നുകൊടുത്തുകൊണ്ടും അവരെ സത്യദൈവത്തിലേക്കു നയിക്കുന്നതിനുപകരം അലസരായി ജനങ്ങളുടെ പാപത്തിൽത്തന്നെ മുഴുകി അവർ ജീവിക്കുകയാണ്. അങ്ങനെ അവർ ദൈവജനത്തെ പാപത്തിലേക്ക് നയിച്ചു. ദൈവഹിതത്തോടുള്ള പുരോഹിതരുടെ ഈ അവഗണനയും നന്മയിലേക്കു നയിക്കുന്നതിനുള്ള താത്പര്യക്കുറവും കഠിനമായി ശിക്ഷിക്കപ്പെടും (4:1-19). ദൈവം അവർക്കു നല്കിയ അധികാരം അവർ ഇപ്രകാരം ദുർവ്യയം ചെയ്യുകയായിരുന്നു.

ദൈവത്തെക്കുറിച്ചുള്ള അറിവ് എന്നത് സത്യദൈവം ഏകനാണെന്നും അവനുമായുള്ള ഉടമ്പടിക്കനുസൃതമായി ജീവിക്കുന്നതെങ്ങനെ എന്നറിയുകയുമാണ്. സത്യദൈവത്തെ പരിത്യജിച്ച ജനം മരക്കഷണങ്ങളും വൃക്ഷങ്ങളുടെ ചുവട്ടിലെ അഷേരാ പ്രതിഷ്ഠകളും ആരാധിക്കുന്നു (4:12-13). ഇസ്രായേലിനു മാതൃകയാകേണ്ട പുരോഹിതർ അന്യദൈവങ്ങളുടെ പിന്നാലെപോയി വ്യഭിചാരം ചെയ്തതുകൊണ്ട് അവരുടെ ഭാര്യമാരെയും യുവതികളെയും വ്യഭിചാരക്കുറ്റത്തിനു ശിക്ഷിക്കുകയില്ലെന്നു പ്രവാചകൻ അരുൾച്ചെയ്യുന്നു (4:14). കർത്താവിനെ അറിയാത്ത ജനം ജന്മം നല്കുന്നതു ജാരസന്തതികൾക്കാണ് (5:4-7).

ഹോസി 5:8-8:14 വിഗ്രഹാരാധനയിൽ മുഴുകിയ ഇസ്രായേലിന്റെ ദേശീയവും അന്തർദേശീയവുമായ രാഷ്ട്രീയജീവിതവുമായി ബന്ധപ്പെട്ട അഞ്ച് പ്രസംഗങ്ങളാണ് (5:8-14; 5:15-6:3; 6:4-14; 7:1-16; 8: 1-14). ഈ പ്രസംഗങ്ങളിലും മാനസാന്തരവും തിരിച്ചുവരവുമാണു പ്രധാന ചിന്താവിഷയങ്ങൾ. 5:14-19 ദൈവത്തെ ഇസ്രായേലിനെയും യൂദയായെയും കടിച്ചുകീറുന്ന സിംഹത്തോടു താരതമ്യപ്പെടുത്തുന്നു. സിംഹമാണ് ഏറ്റവും ശക്തവും ക്രൂരവുമായ മൃഗം (സുഭാ 30:30). ദൈവത്തിന്റെ ശിക്ഷയുടെ ഭീകരത തുറന്നുകാണിക്കുകയാണ് ഈ താരതമ്യത്തിലൂടെ പ്രവാചകൻ.

വിഗ്രഹാരാധകരായ ചക്രവർത്തിമാരുടെയടുത്ത് അഭയം ഗമിച്ചുകൊണ്ടു കർത്താവിന്റെ കരങ്ങളിൽനിന്നു രക്ഷ നേടുക സാധ്യമല്ല. മാനസാന്തരം മാത്രമാണതിനു പരിഹാരം (5:15). ഇസ്രായേലിനെ നശിപ്പിക്കുന്ന ഭൗമിക രാജാക്കന്മാരിൽനിന്നു വ്യത്യസ്തമായി നശിപ്പിക്കാനും സുഖപ്പെടു ത്താനും കഴിവുള്ളവനാണു ദൈവം (6:1). സുഖപ്പെടുത്തുന്ന കർത്താ വിനെക്കുറിച്ചുള്ള ഉൾക്കാഴ്ചയും ഏകദൈവവിശ്വാസിയായ നിയമാ വർത്തനഗ്രന്ഥകാരന്റെ ചിന്തകളാണ് (നിയ 4:29-30).

മൂന്നാം ദിവസം ദൈവം ഉയിർപ്പിക്കും എന്നു പ്രവാചകൻ പറയുന്നതി നെ (6:1-3) പല പണ്ഡിതരും പഠനവിഷയമാക്കിയിട്ടുണ്ട്. മൂന്നാംദിവ സത്തെ ഉയിർപ്പിനെക്കുറിച്ചു പണ്ഡിതന്മാർ നല്കുന്ന വ്യാഖ്യാനങ്ങളെ പൊതുവെ നാലായിത്തിരിക്കാം: 1. കാനാൻകാരുടെ വിശ്വാസത്തിന്റെ വെളിച്ചത്തിൽ, ഒരുകൂട്ടർ ഇതു പുതുജീവിതമായിക്കാണുന്നു. 2. ഉയിർപ്പെ ന്നതു ചിലർ രോഗശാന്തിയായാണു കാണുന്നത് 3. ചിലർ ഇതിനെ മര ണശേഷമുള്ള ഉത്ഥാനമായി കാണുന്നു. 4. ചിലർ ഇത് ഉടമ്പടിയുടെ നവീകരണം സൂചിപ്പിക്കുന്നു എന്നു കരുതുന്നു. ഹോസി 5:8-8:11 ന്റെ പശ്ചാത്തലത്തിൽ ഇത് ഉടമ്പടി നവീകരിക്കുന്നതിനെ സൂചിപ്പിക്കുന്ന തായി മനസ്സിലാക്കാം. ഗ്രന്ഥത്തിന്റെ ആദ്യഭാഗത്തും (2:18, 21, 23) ഇപ്ര കാരം ഒരു പ്രതീക്ഷയുള്ളതായിക്കാണാം. മൂന്നാം ദിവസത്തെക്കുറിച്ചുള്ള പരാമർശം പുറ 19:11, 15 തുടങ്ങിയ വാക്യങ്ങളുടെ വെളിച്ചത്തിൽ മനസ്സി ലാക്കാവുന്നതാണ്. മൂന്നാം ദിവസമാണവർ സീനായ് മലയിൽവച്ച് ദൈവ വുമായി ഉടമ്പടി ചെയ്തത്. ഹോസിയ 6:3 ഇതുതന്നെയാണു ചിന്തിക്കു ന്നത്: കർത്താവിനെ അറിയാൻ നമുക്ക് ഏകാഗ്രതയോടെ ശ്രമിക്കാം. അവിടുത്തെ ആഗമനം പ്രഭാതംപോലെ സുനിശ്ചിതമാണ് എന്ന് അവിടെ പറഞ്ഞുവയ്ക്കുന്നു (2:8; 4:1, 6; 5:4 മുതലായവയും കാണുക). ഇതിനു വിപരീതമായ മനോഭാവമാണു തുടർന്നുള്ള വാക്യങ്ങൾ ചർച്ചാവിഷയ മാക്കുന്നത് (6:4-11). ഏകദൈവവിശ്വാസിയായ ഹോസിയ കർത്താവിന്റെ ആഗമനം പ്രഭാതംപോലെ സുനിശ്ചിതമാണെന്നു കരുതുന്നു.

ഇസ്രായേലിലെ ഏകദൈവവിശ്വാസ ചിന്തയുടെ ഒരു പ്രധാന ഉൾക്കാ ഴ്ചയായിരുന്നു സൃഷ്ടിക്കാനും നശിപ്പിക്കാനുമുള്ള ദൈവവചനത്തിന്റെ കഴിവിനെക്കുറിച്ചുള്ള അവബോധം (6:4-6). പ്രവാചകന്മാരെ ഹോസിയ ദൈവത്തിന്റെ വക്താക്കളായും ദൈവനാമത്തിൽ പരിപാലിക്കുകയോ ശിക്ഷിക്കുകയോ ചെയ്യുന്നവരായും കരുതുന്നു (6:5; 12:10, 13). ഏകദൈ വവിശ്വാസത്തിന്റെ അടിസ്ഥാനതത്ത്വമായി ദൈവത്തെക്കുറിച്ചുള്ള യഥാർത്ഥമായ അറിവാണ് ആന്തരികതയില്ലാത്ത ബലിയർപ്പണത്തെ ക്കാൾ ശ്രേഷ്ഠം എന്ന ആശയം ഹോസിയ ആവർത്തിച്ചു പഠിപ്പിക്കു ന്നു.ഹോമബലിയല്ല, ദൈവജ്ഞാനമാണെനിക്കിഷ്ടം (8:6). സത്യദൈ വത്തെക്കുറിച്ചു വ്യക്തമായ ഉൾക്കാഴ്ച സ്വന്തമാക്കിക്കൊണ്ട് ആ ദൈവത്തെ നാഥനു തുല്യവും, പിതാവിനു തുല്യവും സ്നേഹിക്കുക യെന്നതാണ് ഉൾക്കാമ്പില്ലാത്ത ബലിയർപ്പണത്തെക്കാൾ ശ്രേഷ്ഠമെന്ന കാഴ്ചപ്പാടാണ് ഹോസിയായെ ഇസ്രായേലിലെ ഏകദൈവവിശ്വാസ ചിന്തയുടെ പിതാവാക്കിത്തീർക്കുന്നത്. ബലിയർപ്പണത്തെയല്ല പ്രവാച കൻ വിമർശിച്ചത്; മറിച്ച്, ബലിയർപ്പകരുടെ ആത്മാർത്ഥതയില്ലായ്മയും ദൈവകല്പനകളെക്കുറിച്ചുള്ള അജ്ഞതയുമാണ്.





**മൂന്നാം ഭാഗം (12-14)**

ഈ അവസാനഭാഗം ഗ്രന്ഥത്തിന്റെ ഹൃദയഭാഗമാണെന്നു പറയാം. ഇവിടെ പ്രവാചകൻ വിഗ്രഹാരാധകർക്കു സംഭവിക്കാൻപോകുന്ന കഠിന ശിക്ഷകൾ വിശദീകരിച്ചുകൊണ്ട് അവരെ വീണ്ടും മാനസാന്തരത്തിന് ആഹ്വാനം ചെയ്യുന്നു. എഫ്രായിം കാറ്റിനെ മേയിച്ചുകൊണ്ട് ഈജിപ്തു മായും അസ്സീറിയായുമായും ഉടമ്പടി ചെയ്യുന്നു. അങ്ങനെ ഈ വലിയ ശത്രുക്കളെ വരുതിക്കു നിർത്താമെന്നു കരുതുന്നു. എന്നാൽ, ഈ കാറ്റ് അവരുടെമേൽത്തന്നെ നാശം വിതയ്ക്കും. കാരണം, കർത്താവ് അവരെ ശിക്ഷിക്കും.

പ്രവാചകൻ ഇസ്രായേലിന്റെ ചരിത്രം പൂർവപിതാവായ യാക്കോ ബിന്റെ ചരിത്രവുമായി ബന്ധപ്പെടുത്തി സംസാരിക്കുന്നു. യാക്കോബ് സഹോദരനുമായി അമ്മയുടെ ഉദരത്തിൽവച്ചുതന്നെ മല്ലടിച്ചു. അവൻ സഹോദരനെ വഞ്ചിച്ച് അനുഗ്രഹം കരസ്ഥമാക്കിയവനാണ്. അവൻ ദൈവത്തോടു യുദ്ധം ചെയ്തവനാണ്. ഈ പിതാവിന്റെ സ്വഭാവഗുണ ങ്ങൾ മക്കളിലുമുണ്ടാകാം. എങ്കിലും പൂർണമായ മാനസാന്തരത്തിലൂടെ ജനതകളുടെ പിതാവായിത്തീർന്നവനാണു യാക്കോബ്. അവന്റെ മാന സാന്തരം ഇസ്രായേലിനു മാതൃകയാകണം (12:4-6). യാക്കോബിനെ പ്പോലെ ദൈവം അടിമത്തത്തിന്റെ ദേശമായ ഈജിപ്തിലേക്ക് ഒരു പ്രവാ ചകനിലൂടെ കടന്നുവരികയും അവിടെവച്ചു തന്റെ വധുവായ ഇസ്രായേ ലിനെ നേടുകയും അവളെ തന്റെ ദേശത്തേയ്ക്കു നയിക്കുകയും തുടർന്നു പ്രവാചകരിലൂടെ അവളെ സംരക്ഷിക്കുകയും ചെയ്തു (12: 12-13). ദൈവം ഇത്രയേറെ ബുദ്ധിമുട്ടി നേടിയെടുത്ത ജനം അവനെതിരേതന്നെ തിന്മ ചെയ്താൽ അതിന്റെ ശിക്ഷ അവർ അനുഭവിക്കുകതന്നെ വേണം (12:14).

എഫ്രായിമിൽ തിന്മയും അനീതിയും നിറഞ്ഞിരിക്കുന്നു; അപ്പോഴും അവർ അഹങ്കരിക്കുന്നു. അവരുടെ സമ്പത്തു മുഴുവനും കൊടുത്താലും അതവരുടെ തിന്മയ്ക്കു പരിഹാരമാവുകയില്ല (12:7-8). ഇസ്രായേൽ ഈജിപ്തിലായിരുന്ന നാൾമുതൽ യാഹ്വെയായിരുന്നു അവരുടെ ദൈവം. എന്നാൽ, അവർ ദൈവത്തെ മറന്നു തിന്മ ചെയ്തു. അതുകൊണ്ട് അവരെ ദൈവം വീണ്ടും കൂടാരങ്ങളിൽ വസിപ്പിക്കും. പ്രവാചകന്മാർവഴി എന്നും അവരെ നയിച്ചതു ദൈവം തന്നെയായിരുന്നു. മോശയിലൂടെ അവരെ ഈജിപ്തിൽനിന്നു പുറത്തുകൊണ്ടുവരികയും അതിനുശേഷം കാലാകാലങ്ങളിൽ അവരെ നയിക്കാൻ പ്രവാചകരെ നല്കുകയും ചെയ്തു (നിയ 18:15-19). എങ്കിലും അവർ തിന്മ ചെയ്തു; ഗിലയാദിലും ഗിൽഗാലിലും അവർ അന്യദൈവങ്ങൾക്കു ബലിയർപ്പിച്ചു. അവരുടെ ബലിപീഠങ്ങളെ കർത്താവു തകർക്കും (വാ 9-14).

ഒരുകാലത്ത് (ദൈവത്തെ അനുസരിച്ചിരുന്ന കാലത്ത്) എഫ്രായിം നാട്ടിലെ സമുന്നതനായിരുന്നു. എന്നാൽ, ബാലിനെ ആരാധിച്ചുകൊണ്ട് അവർ പാപം ചെയ്യുകയും അങ്ങനെ അവർ മരിക്കുകയും ചെയ്തു (13:1-6; 1രാജ 19:18). അവർ ഈജിപ്തിലായിരുന്ന നാൾമുതൽ കർത്താവായി രുന്നു അവരുടെ ദൈവവും രക്ഷകനും. ദൈവം തെരഞ്ഞെടുത്ത ഏക ജനമാണവർ (13:5). എന്നാൽ വളർന്നു വലുതായപ്പോൾ അവർ ദൈവത്തെ

മറക്കുകയും അവനെ തിരസ്കരിക്കുകയും ചെയ്തു (13:6). അതിനാൽ അവർക്കു കഠിനമായ ശിക്ഷാവിധി ലഭിക്കും. ദൈവം അവർക്ക് ഒരു സിംഹത്തെപ്പോലെയോ പുള്ളിപ്പുലിയെപ്പോലെയോ കരടിയെപ്പോലെയോ ഭയം ജനിപ്പിക്കുന്നവനാകും (13:7–8). ഇസ്രായേൽ അറിഞ്ഞ ഏകസത്യദൈവമാണു കർത്താവ്. അവൻ മാത്രമാണു ദൈവമെന്നുള്ളതാണു യഥാർത്ഥ അറിവ്. അറിവ് ഉടമ്പടിയോടുള്ള വിശ്വസ്തതയും അനുസരണവും ദൈവസ്നേഹവും ആവശ്യപ്പെടുന്നുണ്ട്. അതോടൊപ്പംതന്നെ വിഗ്രഹങ്ങൾ മനുഷ്യന്റെ കരവേലയാണെന്ന സത്യവും അവരറിയണം. ദൈവം ഇസ്രായേലിനെ തെരഞ്ഞെടുത്തു എന്നു പറഞ്ഞാൽ അവരെ തെരഞ്ഞെടുക്കുകയും സംരക്ഷിക്കുകയും ചെയ്തുവെന്നാണർത്ഥം.

തന്നെ തിരസ്കരിച്ചതിനാൽ ദൈവം അവരെ വന്യമൃഗത്തെപ്പോലെ കടിച്ചുകീറും (13:8). എഫ്രായിമിന് അവരുടെ പിതാവായ യാക്കോബുമായി യാതൊരു സാമ്യവുമില്ല. യാക്കോബ് തന്റെ ജനനസമയം മനസ്സിലാക്കി പുറത്തേക്കു വന്നവനാണ് (ഉൽപ 25:19–20). ഇസ്രായേലാകട്ടെ, ദൈവം മാനസാന്തരത്തിനായി കൊടുത്ത സമയം മനസ്സിലാകാത്ത ബുദ്ധിശൂന്യനായ ശിശുവിനെപ്പോലെയാണ്. അതിനാൽ, കരുണ ദൈവത്തിന്റെ കണ്ണുകളിൽനിന്ന് അപ്രത്യക്ഷമായിരിക്കുന്നു. അവൻ അവരെ മരണത്തിനും പാതാളത്തിനും ഏല്പിച്ചുകൊടുക്കും (13:13–14). ഇന്നു സമ്പൽസമൃദ്ധമായിരുന്നാലും അവരുടെ നീരുറവകളെല്ലാം വറ്റിപ്പോകും; അവരുടെ വിനാശത്തിന്റെ കാലത്ത് അവരുടെ ഭണ്ഡാരത്തിലെ വിലപിടിപ്പുള്ളതെല്ലാം തീർന്നുപോകും. ദൈവത്തിന്റെ ശിക്ഷയുടെ ദിനത്തിൽ എഫ്രായിമിലെ ജനങ്ങൾ വാളിനിരയാകും (13:15–16). അവർ ഉദരം പിളർക്കപ്പെട്ട ഗർഭിണിക്കു സമാനമാകും.

സമാപന അധ്യായം (14) മൂന്നുഭാഗങ്ങളായി തിരിക്കാം 1. ദൈവം എഫ്രായിമിനോട് (തന്റെ വധുവിനോട്) അവരുടെ വിഗ്രഹങ്ങളും മാനുഷികമായ ഉടമ്പടികളും ത്യജിച്ചു കർത്താവിങ്കലേക്കു തിരിച്ചുവരാൻ ആഹ്വാനം ചെയ്യുന്നു (14:1–3); 2. മാനസാന്തരപ്പെട്ടാൽ അവർ പുനരധിവസിപ്പിക്കപ്പെടുമെന്നു വാഗ്ദാനം ചെയ്യുന്നു (വാ. 4–8) 3. അനുവാചകരോട് ഈ ഗ്രന്ഥം മുഴുവനും സശ്രദ്ധം വായിച്ചു പഠിക്കാൻ ഉപദേശിക്കുന്നു (14:9). കർത്താവിന്റെ വചനമനുസരിച്ചുകൊണ്ട് അവന്റെ വഴിയെ നടക്കാനുള്ള നിയമാവർത്തന ചരിത്രകാരന്മാരുടെ ആരംഭം ഹോസിയായിൽ കാണാൻ കഴിയും (നിയ 8:6; 11:22, 28; 19:9).

**വിചിന്തനം:** ദൈവത്തോടുള്ള പൂർണ്ണമായ അനുസരണത്തിലൂടെയും തദനുസൃതമായ ജീവിതത്തിലൂടെയും ദൈവത്തിന്റെ ഹൃദയവികാരങ്ങൾ സ്വന്തമാക്കാൻ കഴിഞ്ഞവനാണു ഹോസിയ. അതുകൊണ്ടാണു തീവ്രമായതും ഇസ്രായേലിന്റെ ചരിത്രത്തിലെ ഏറ്റവും പുതുമ നിറഞ്ഞതുമായ വചനം പ്രഘോഷിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞത്. ദൈവത്തിന്റെ വികാരങ്ങളിൽ പങ്കുപറ്റുന്നവനായിത്തീരുക എന്നതു വിശ്വാസജീവിതത്തിലെ വലിയ ഭാഗ്യമാണ്. പാപിയെ മുഖം നോക്കാതെ ശിക്ഷിക്കുന്ന ദൈവം അനുതാപിയെ രക്ഷിക്കുന്നവനാണെന്നും ഹോസിയ തിരിച്ചറിഞ്ഞു.



# 05

## വിഭജനത്തിനുശേഷം രാജഭരണകാലത്തെ യൂദായിലെ പ്രവാചകന്മാർ

ബാബിലോൺ പ്രവാസകാലംവരെ യൂദയാരാജ്യത്തിൽ പ്രവചനം നടത്തിയിരുന്നവരെയാണ് ഈ അധ്യായത്തിൽ പ്രതിപാദിക്കുന്നത്.

### 29. ഇദ്ദോ

രാജാവായ സോളമൻ, അദ്ദേഹത്തിന്റെ പിൻഗാമിയായ റെഹോബൊവാം തുടർന്നു വന്ന അഹസിയാ എന്നീ രാജാക്കന്മാരുടെ കാലത്തു യൂദായിൽ ദൗത്യം നിർവ്വഹിച്ച പ്രവാചകനാണ് ഇദ്ദോ അല്ലെങ്കിൽ എയ്ദോ (1രാജ 4:14). നിയമാവർത്തന ചരിത്രത്തിൽ വിവരിക്കാത്തതും എന്നാൽ ദിനവൃത്താന്ത ഗ്രന്ഥത്തിൽ കാണുന്നതുമായ ഈ പ്രവാചകൻ തന്റെ ജീവിതകാലത്തു വളരെ പ്രശസ്തനായിരുന്നിരിക്കണം. കാരണം അക്കാലത്തു 2 ഗ്രന്ഥങ്ങൾ അദ്ദേഹത്തിന്റെ പേരിൽ അറിയപ്പെട്ടിരുന്നു: 1. ഇസ്രായേൽ രാജാവായ ജെറോബൊവാമിനെക്കുറിച്ചുള്ള വെളിപാട് (2ദിന 9:29); 2. റഹോബൊവാമിന്റെയും മകൻ അസിയായുടെയും ചരിത്രം വിവരിക്കുന്ന ഷെമായാ പ്രവാചകന്റെയും ഇദ്ദോ ദീർഘദർശിയുടെയും ദിനവൃത്താന്തങ്ങൾ (2 ദിന 12:15; 13:22).

രാജാക്കന്മാരുടെ ഗ്രന്ഥത്തിൽ വിവരിക്കുന്ന ദൈവമനുഷ്യനാണ് ഇദ്ദോയെന്നു ചില വിശുദ്ധഗ്രന്ഥ വ്യാഖ്യാതാക്കൾ കരുതുന്നു (1 രാജ 13:1). ചരിത്രകാരനായ ജോസെഫൂസും (Ant 8:8, 5) ജെറോമും (2ദിന 12:15)

ഷീലോയിൽ ജെറോബൊവാമിനെതിരെ പ്രവചിക്കുകയും ദൈവവചനം തിരസ്കരിക്കയാൽ പിന്നീടു വധിക്കപ്പെടുകയും ചെയ്ത പ്രവാചകനാണിതെന്നു കരുതുന്നു (രാജ 3:11-32). ജറോമിന്റെ ചിന്തയനുസരിച്ച് ഇദ്ദോ 2 ദിന 15 ലെ ഒദെദാകാൻ സാധ്യതയുണ്ട്.

## 30. ഷെമായാ

സോളമന്റെ ഭരണത്തിനുശേഷം അദ്ദേഹത്തിന്റെ പുത്രനായ റെഹോബൊവാമിന്റെ കാലത്തു ദൗത്യം നിർവ്വഹിച്ച പ്രവാചകനാണു ഷെമായാ. രണ്ടു പ്രധാന സംഭവങ്ങളോടനുബന്ധിച്ചാണ് അദ്ദേഹം അനുസ്മരിക്കപ്പെടുന്നത്:

1. വടക്കുള്ള 10 ഗോത്രങ്ങൾ ഒരു രാജ്യമായി സ്വയം പ്രഖ്യാപിച്ചു. യൂദായിൽനിന്നു പിരിഞ്ഞുപോയ ഉടനെ റെഹോബൊവാം ഒരു ലക്ഷത്തി എൺപതിനായിരം പടയാളികളെ ഒരുമിച്ചുകൂട്ടി ഈ ഗോത്രങ്ങളെ തിരിച്ചുകൊണ്ടുവരുവാനുള്ള ഒരു ശ്രമം നടത്തി. രാജാവിന്റെ ഈ യുദ്ധനീക്കം അന്നു നിരുത്സാഹപ്പെടുത്തിയതു ദൈവപുരുഷൻ എന്നറിയപ്പെട്ടിരുന്ന ഷെമായാ പ്രവാചകനാണ് (1രാജ 12:22-24; 2ദിന 11:2-4). രാജ്യത്തിന്റെ വിഭജനം ദൈവഹിതമായിരുന്നുവെന്നു പ്രവാചകൻ പറഞ്ഞതിനാൽ യുദ്ധം ചെയ്യാൻ ഒരുമിച്ചു ചേർന്ന ജനം മുഴുവനും അവരുടെ വീടുകളിലേക്കു മടങ്ങി. ഷെമായായുടെ ഈ ഇടപെടൽ വഴിയാണു രണ്ടു രാജ്യങ്ങൾക്കും സംഭവിക്കാമായിരുന്ന തകർച്ച അന്നില്ലാതായത്.

2. റഹോബൊവാം കർത്താവിൽ നിന്നകന്ന് അവിടുത്തോട് അവിശ്വസ്തത കാണിച്ചപ്പോൾ ദൈവം യൂദായെ ഉപേക്ഷിക്കുകയും തത്ഫലമായി ഈജിപ്തിലെ ഫറവോയായ ഷിഷാക്ക് യൂദാക്കെതിരെ യുദ്ധം ചെയ്യുകയും അതിലെ നഗരങ്ങളെല്ലാം കീഴ്പ്പെടുത്തുകയും അവന്റെ സൈന്യം ജെറൂസലേമിന്റെ മതിലുകൾവരെ എത്തുകയും ചെയ്തു. ഷിഷാക്കിനെ ഭയന്നു ജറൂസലേമിൽ സമ്മേളിച്ച റെഹോബൊവാമിനോടും പ്രഭുക്കളോടും കർത്താവിനെ ഉപേക്ഷിച്ചതിനാലാണു അവിടുന്ന് അവരെ ഉപേക്ഷിച്ച് ഷിഷാക്കിന്റെ കൈയിലേൽപ്പിച്ചത് എന്നു ഷെമായാ പറഞ്ഞു. ഈ വചനം കേട്ട് രാജാവും പ്രഭുക്കന്മാരും എളിമപ്പെട്ടു. അങ്ങനെ അവർ മാനസാന്തരത്തിന്റെ ചൈതന്യം പ്രകടിപ്പിച്ചപ്പോൾ കർത്താവു ഷെമായായിലൂടെ അവർക്ക് ആശ്വാസമേകി. അവിടുന്നവരെ നശിപ്പിക്കുകയില്ലെന്നു ഷെമായാ അവരോട് പറഞ്ഞു. എങ്കിലും, അവർ ഈജിപ്തിന്റെ സാമന്തരായിത്തീരും. അങ്ങനെ, കർത്താവിനെ സേവിക്കുന്നതും ഭൂമിയിലെ രാജാക്കന്മാരെ സേവിക്കുന്നതും തമ്മിലുള്ള വ്യത്യാസം അവർ ഗ്രഹിക്കും എന്നു ദൈവനാമത്തിൽ പ്രവാചകൻ പറഞ്ഞു (2ദിന 12:1-8).

**വിചിന്തനം:** ശത്രുവിനെ നശിപ്പിച്ചേ തീരൂ എന്ന മനോഭാവം അപകടകരമാകാം. ദൈവം ശത്രുവിനോടൊത്താണ് എങ്കിൽ അവനെ എതിരിടുന്നവൻ പരാജയപ്പെടുകതന്നെ ചെയ്യും. ഭീകരരൂപം പൂണ്ടു യുദ്ധത്തിനൊരുങ്ങി നിൽക്കുന്നവനോടും ശത്രുവിനുമുമ്പിൽ ഭയന്നുവിറച്ചു നിൽക്കുന്നവനോടും ഒരേ രീതിയിൽ ഫലപ്രദമായി വചനം പ്രഘോഷിക്കാൻ ഷെമായാക്കു കഴിഞ്ഞു. വചനപ്രഘോഷകന്റെ ശക്തിസ്രോതസ്സ് വചനകർത്താവായ പരിശുദ്ധാത്മാവാണ്.





## 31. അസറിയ

യൂദാരാജാവായ ആസായുടെ കാലത്താണു ഓദെദിന്റെ പുത്രനായ അസറിയ ദൈവാത്മാവിനാൽ പ്രചോദിതനായി ദൗത്യം നിർവ്വഹിച്ചത് (2ദിന 15:1). സമകാലികനായ ഹനനി പ്രവാചകനോടു ചേർന്ന് അസറിയ രാജാവായ ആസായെ ഒരു മതനവീകരണം നടത്താൻ പ്രചോദിപ്പിച്ചു (2ദിന 15:1-18). വിഗ്രഹങ്ങൾ ഉപേക്ഷിക്കാനും കർത്താവിന്റെ ബലിപീഠവും ബലികളും പുനരുദ്ധരിക്കാനും അദ്ദേഹം രാജാവിനെ ഉപദേശിച്ചു.

ഇസ്രായേൽ സത്യദൈവത്തെ അറിയാതിരിക്കുകയും ദൈവത്തെക്കുറിച്ചു പഠിപ്പിക്കാൻ പുരോഹിതരില്ലാതിരിക്കുകയും ചെയ്ത കാലത്തു രാജ്യത്തു കഷ്ടതകളും ഭിന്നതകളും യുദ്ധങ്ങളും അക്രമങ്ങളും കലാപങ്ങളും നടമാടിയിരുന്നു. ജനങ്ങൾ സന്തുഷ്ടരായിരുന്നതേയില്ല. കാരണം ദൈവം സകലവിധ തിന്മകളും അവർക്കുമേൽ വരുത്തിയിരുന്നു. കർത്താവിനോട് ചേർന്നിരുന്നാൽ അവിടുന്നു കൂടെ ഉണ്ടായിരിക്കുമെന്നും അവിടുത്തെ അന്വേഷിച്ചാൽ കണ്ടെത്താൻ കഴിയുമെന്നും അനുതപിച്ചാൽ അവിടുന്നു പരിത്യജിക്കുകയില്ല എന്നുമുള്ള അസറിയായുടെ വചനങ്ങൾ കേട്ടു രാജാവു പ്രചോദിതനാവുകയും ദേശത്തുനിന്നു വിഗ്രഹാരാധന തുടച്ചു നീക്കുകയും ചെയ്തു.

എസ്രാ-നെഹമിയായുടെ കാലത്തുണ്ടായ മതനവീകരണത്തിനു സമാനമായ ഒരു നവീകരണം ചെറിയ തോതിൽ നടത്തപ്പെട്ടുവെന്നു പറയാം. ദൈവാലയത്തിന്റെ പൂമുഖത്തിന്റെ മുന്നിലുണ്ടായിരുന്ന ബലിപീഠം രാജാവു പുനരുദ്ധരിച്ചു. വിഗ്രഹാരാധനയിൽ നിന്നകന്ന ആസാരാജാവിനോട് ഇതേത്തുടർന്നു ഗോത്രങ്ങൾ കൂറു പ്രഖ്യാപിക്കുകയും അങ്ങനെ രാജ്യം ബലിഷ്ഠമാവുകയും ചെയ്തു.

**വിചിന്തനം:** ദൈവത്തോടുള്ള വിശ്വസ്തതയും അവിടുത്തോടുള്ള സമർപ്പണത്തിന്റെ പൂർണ്ണതയുമാണു ജീവിതവിജയത്തിനും സമാധാന ജീവിതത്തിലും അടിസ്ഥാനം.

## 32. ഹനനി

ഹനനി എന്ന പേരിന്റെ അർത്ഥം "ദൈവം കൃപാലുവാണ്" അല്ലെങ്കിൽ "ദൈവം എന്നോടു കൃപ കാണിച്ചു" എന്നാണ്. യൂദാരാജാവായ ആസായുടെ 56 -ാം ഭരണവർഷം ഇസ്രായേൽ രാജാവായ ബാഷാ അവനെ ആക്രമിച്ചു. ആസാ അപ്പോൾ സിറിയാ രാജാവിനോടു സഹായാഭ്യർത്ഥന നടത്തി. തുടർന്നു സിറിയ രാജാവായ ബെൻഹദാദ് 1-ാമൻ ബാഷായെ ആക്രമിച്ചതിനാൽ യൂദാ യുദ്ധത്തിൽനിന്നു രക്ഷപ്പെട്ടു. ശത്രുവിനെ ജയിക്കുന്നതിനു കർത്താവിലാശ്രയിക്കുന്നതിനുപകരം മനുഷ്യനിലാശ്രയിച്ചതു കർത്താവിനിഷ്ടപ്പെട്ടില്ലെന്ന സന്ദേശം അപ്പോൾ ഹനനിപ്രവാചകൻ ആസായെ അറിയിച്ചു: തന്റെ മുന്നിൽ നിഷ്കളങ്കരായി വർത്തിക്കുന്നവർക്കുവേണ്ടി ശക്തി പ്രകടിപ്പിക്കാൻ കർത്താവിന്റെ ദൃഷ്ടി ഭൂമിയിലുടനീളം പായുകയാണെന്നു പ്രവാചകൻ പറഞ്ഞു (2ദിന 16:9). ദൈവത്തിലാശ്രയിക്കാതിരുന്ന ആസാരാജാവിന്റെ ഭവനത്തിൽനിന്ന് ഇനിയും യുദ്ധമൊഴിയുകയില്ല എന്ന ദൈവികവിധി പ്രവാചകൻ പ്രഖ്യാപിച്ചു (2രാജ 16:1-10).

**വിചിന്തനം:** അനുദിന ജീവിതസാഹചര്യങ്ങളിൽ ദൈവത്തിലാശ്രയിക്കുന്നതിനുപകരം മാനുഷിക ശക്തികളിലാശ്രയിക്കുന്നവന്റെ ജീവിതത്തിൽനിന്നു പ്രശ്നങ്ങൾ ഒഴിയുകയില്ല.

## 33. യഹോയാദായുടെ മകനായ സഖറിയ

സഖറിയാ എന്ന ഹീബ്രു വാക്കിന്റെ അർത്ഥം "കർത്താവ് അനുസ്മരിച്ചു/അനുസ്മരിക്കുന്നു എന്നാണ്. ബൈബിളിൽ ഈ പേരുള്ള 27 വ്യക്തികൾ ഉണ്ട്. യൂദാരാജാവായ യോറാം ഇസ്രായേൽ രാജാവായ ആഹാബിന്റെയും ജെസെബെലിന്റെയും പുത്രി അത്താലിയായെ വിവാഹം കഴിച്ചിരുന്നു. അത്താലിയുടെ പുത്രനായിരുന്നു പിന്നീടു രാജാവായ ആഹസിയ. അഹസിയായെ ഇസ്രായേൽ രാജാവായ യേഹു വധിച്ചപ്പോൾ അത്താലിയ യൂദാരാജ്ഞിയായി. തന്റെ പുത്രൻ കൊല്ലപ്പെട്ടു എന്ന വാർത്തയറഞ്ഞപ്പോൾ അവൾ ആ രാജകുടുംബത്തിലെ എല്ലാവരെയും വധിച്ചു. എന്നാൽ അഹസിയായുടെ ഒരു പുത്രനായ യോവാഷിനെ അഹസിയായുടെ സഹോദരി ഒളിപ്പിച്ചുവച്ചു. യോവാഷിന് ഏഴ് വയസ്സായപ്പോൾ ഒരു വിപ്ലവത്തിലൂടെ അത്താലിയായെ വധിച്ചു യോവാഷിനെ അധികാരത്തിലെത്തിച്ച ശക്തനായ പുരോഹിതനായിരുന്നു യഹോയാദാ. അദ്ദേഹത്തിന്റെ മകനായിരുന്നു സഖറിയാ പ്രവാചകൻ.

രാജാവായി കുറച്ചുനാൾ കഴിഞ്ഞപ്പോൾ യോവാഷ് കർത്താവിനെ ഉപേക്ഷിക്കുകയും വിഗ്രഹങ്ങളുടെ പുറകെപോയി പാപം ചെയ്യുകയും ചെയ്തു. അപ്പോൾ പ്രവാചകന്മാർ അവനെതിരെ സംസാരിച്ചു തുടങ്ങി. അവരിൽ പ്രമുഖനായിരുന്നു സഖറിയ. ദൈവത്തെ ഉപേക്ഷിച്ച് അന്യദേവന്മാരുടെ പുറകെ പോയതിനാൽ അവരെ കർത്താവ് ഉപേക്ഷിച്ചിരിക്കുന്നുവെന്നു പ്രവാചകൻ പറഞ്ഞു. ഇതിൽ ക്ഷുഭിതരായ ജനനേതാക്കളും രാജാവും പ്രവാചകനെതിരെ ഗൂഢാലോചന നടത്തി. തത്ഫലമായി അദ്ദേഹം പീഡിപ്പിക്കപ്പെട്ടു. യോവാഷ് (ബി.സി. 835-796) തന്റെ ഭരണത്തിന്റെ അവസാനാളുകളിൽ സഖറിയായെ കല്ലെറിഞ്ഞു കൊന്നു (2ദിന 24:17-27).

മത്തായിയുടെ സുവിശേഷത്തിലും (23:35) ലൂക്കായുടെ സുവിശേഷത്തിലും (11:51) കാണുന്ന ബറാക്കിയായുടെ മകനും രക്തസാക്ഷിയുമായ സഖറിയാ പ്രവാചകൻ ഇദ്ദേഹമായിരിക്കാനാണു സാധ്യത (താർഗ്ഗും അനുസരിച്ചു രക്തസാക്ഷിയായ സഖറിയ ഇദ്ദോയുടെ മകനാണ് (Targ. Lam.2:20). നീതിക്കുവേണ്ടിയും ദൈവസ്നേഹത്തെ പ്രതിയും നിലകൊണ്ട രക്തസാക്ഷിയായ ആബേലിനെപ്പോലെ പ്രവാചക ചരിത്രത്തിലെ ഒരു രക്തസാക്ഷിയായിരുന്നു സഖറിയ.

**വിചിന്തനം:** തന്റെ വിശ്വാസത്തിന്റെ പേരിൽ രാജാവ് തനിക്കു ശത്രുവായി മാറുകയാണ് എന്നറിഞ്ഞിട്ടും ആ വിശ്വാസം അതിപ്രധാനമായി കരുതി അതിനുവേണ്ടി നിലകൊള്ളുകയും രക്തസാക്ഷിത്വം വരിക്കുകയും ചെയ്യുക എന്നത് മഹത്തരമായ വിശ്വാസപ്രകടനമാണ്.

## 34-35 യഹസിയേൽ, ഏലിയേസർ (മിക്ക, യേഹു), പ്രവാചകന്മാർ

ഇസ്രായേലിന്റെ പ്രവാചക ചരിത്രത്തിലെ ഏറ്റവും വളർച്ച പ്രാപിച്ച കാലഘട്ടം 9-ാം നൂറ്റാണ്ടായിരുന്നു. അക്കാലഘട്ടത്തിലുണ്ടായിരുന്ന മിക്കായാ, യേഹു എന്നീ പ്രവാചകന്മാരെക്കുറിച്ചു നാം കണ്ടുകഴിഞ്ഞു. അവർ രണ്ടുപേരും മാത്രമല്ല യഹസിയേലും ഏലിയേസറും യഹോഷഫാത്ത് രാജാവിന്റെ ഭരണകാലവുമായി ബന്ധപ്പെട്ടാണു ജീവിച്ചിരുന്നത്. യഹസിയേൽ എന്ന വാക്കിന്റെ അർത്ഥം "ദൈവം കാക്കുന്നവൻ," "ദൈവം സംരക്ഷിക്കുന്നവൻ" എന്നൊക്കെയാണ്. ഏലിയേസർ എന്ന പേരിന്റെ അർത്ഥം "ദൈവത്തിന്റെ സഹായം," "ദൈവത്തിന്റെ സഭ" എന്നാണ്.

ഒരു ദിവസം ഇസ്രായേൽ രാജാവായ ആഹാസ് യൂദാരാജാവായ യഹോഷഫാത്തിനോടു തന്നോടൊപ്പം യാബേഷ് ഗിലെയാദിനെതിരേ യുദ്ധത്തിനു പോകാൻ തയ്യാറാണോ എന്നു ചോദിച്ചു (1രാജാ 22). വിഗ്രഹാരാധകയായ ഫിനിഷ്യക്കാരി ജെസെബലിനെ വിവാഹം ചെയ്യുകമൂലം ഇസ്രായേലിനെ വിഗ്രഹാരാധനിലേക്കു നയിക്കുകയും നാബോത്തിന്റെ മുന്തിരിത്തോട്ടം അക്രമത്തിലൂടെ കൈയടക്കിയതുപോലുള്ള ഹീനകൃത്യങ്ങൾ അനുഷ്ഠിക്കുകയും ചെയ്തവനായിരുന്നു ആഹാബ്. യഹോഷഫാത്ത് ആഹാബിന്റെകൂടെ യുദ്ധത്തിനു പോകാനുള്ള തന്റെ സന്നദ്ധത അറിയിച്ചു. നാം മുകളിൽ കണ്ടതുപോലെ അപ്പോൾ മിക്കായാ പ്രവാചകനെ അയച്ച് ആഹാബ് യുദ്ധത്തിൽ ജയിക്കുകയില്ലെന്നും യുദ്ധം പരാജയപ്പെടുമെന്നും കർത്താവ് അറിയിച്ചു. തനിക്കനിഷ്ടകരമായ സന്ദേശം നൽകിയ മിക്കായായെ ആഹാബ് ബന്ധനസ്ഥനാക്കി. യഹോഷാഫാത്ത് ആഹാബിനോടൊപ്പം യുദ്ധത്തിനു പുറപ്പെട്ടു. മിക്കായാ പ്രവചിച്ചതുപോലെ ആഹാബ് യുദ്ധത്തിൽ മരിക്കുകയും യഹോഷഫാത്ത് കഷ്ടിച്ചു രക്ഷപെടുകയും ചെയ്തു. രക്ഷപെട്ടോടി യൂദായിലെത്തിച്ചേർന്ന യഹോഷാഫാത്തിനോടു യേഹുപ്രവാചകൻ അയാൾ ചെയ്ത ഈ തിന്മക്കു ദൈവം അയാളെ ശിക്ഷിക്കാൻ പോവുകയാണ് എന്നറിയിച്ചു. എങ്കിലും ആ ശിക്ഷ പൂർണ്ണമായി നടപ്പാക്കിയില്ല. കാരണം, രാജ്യത്തെ വിഗ്രഹങ്ങൾ നശിപ്പിച്ച രാജാവെന്നനിലയിൽ യഹോഷഫാത്തിൽ ദൈവം ചില നന്മകൾ കണ്ടെത്തിയിരുന്നു.

പിന്നീടൊരിക്കൽ വലിയൊരു സൈന്യം യൂദായെ ആക്രമിക്കാൻ വന്നു. സൈന്യം രാജ്യത്തെത്തുന്നതിനുമുമ്പു ദൈവം യഹസിയേൽ പ്രവാചകനെ യഹോഷഫാത്ത് രാജാവിനടുത്തേക്കയച്ചു. ദൈവത്തിന്റെ പ്രമാണങ്ങളും നിർദ്ദേശങ്ങളും അനുസരിക്കുമെങ്കിൽ ദൈവം അവരെ സംരക്ഷിക്കുമെന്നു പ്രവാചകൻ പറഞ്ഞു. പ്രവാചകന്റെ വചനങ്ങൾ കേട്ടു ദൈവത്തെ അനുസരിച്ചതിനാൽ അന്നു യഹോഷഫാത്തും ജനവും ശത്രുക്കളുടെ മേൽ വലിയ വിജയം നേടി.

ആഹാബുമായി താനുണ്ടാക്കിയ ഉടമ്പടിയിൽനിന്നു യാതൊരു പാഠവും പഠിക്കാതിരുന്ന യഹോഷഫാത്ത് തന്റെ ജീവിതത്തിന്റെ അവസാന നാളുകളിൽ ആഹാബിന്റെ പുത്രൻ അഹസിയായുമായി മറ്റൊരു ഉടമ്പടിയുണ്ടാക്കി. മദ്ധ്യധരണ്യാഴിയിൽ കച്ചവടസാധ്യത തുറക്കുക എന്നതായിരുന്നു ഉടമ്പടിയുടെ ലക്ഷ്യം. കാരണം ടയറിനെപ്പോലെ ശക്തമായ രാജ്യങ്ങൾ കടൽമാർഗ്ഗമുള്ള വ്യാപാരത്തിലൂടെ അക്കാലത്തു വലിയ സമ്പത്താർജ്ജിച്ചിരുന്നു. അഹസിയായുമായുള്ള യഹോഷഫാത്തിന്റെ ഉടമ്പടി ദൈവകോപം വിളിച്ചുവരുത്തി. അപ്പോൾ ദൈവം ദോദോവാഹുവിന്റെ പുത്രനായ ഏലിയേസർ പ്രവാചകനെ യഹോഷഫാത്തിനടുത്തയച്ച് അവനുണ്ടാക്കിയ കപ്പലുകൾ അവനുപകരിക്കുകയില്ല എന്നറി

യിച്ചു. പിന്നീടുണ്ടായ കടൽക്ഷോഭത്തിൽ സമുദ്രയാത്രക്കുപയോഗിക്കാൻ പറ്റാത്തവിധത്തിൽ ഈ കപ്പലുകൾ നശിച്ചുപോയി (2ദിന 20:31-37). അങ്ങനെ എലിയേസർ പ്രവാചകന്റെ വചനങ്ങൾ നിറവേറി.

**വിചിന്തനം:** പല പ്രവാചകന്മാരെ ദൈവം അയച്ചിട്ടും ദൈവഹിതമെന്തെന്നു ഗ്രഹിക്കാൻ കഴിയാതെപോയ വ്യക്തിയാണു യഹോഷഫാത്ത്. ദൈവത്തെ ഉപേക്ഷിച്ചുപോയപ്പോഴെല്ലാം അദ്ദേഹം പരാജയത്തിന്റെ കൈയ്പ്പുനീർ കുടിച്ചിരുന്നു. ദൈവം നല്കുന്ന അനുഭവങ്ങളിൽനിന്നു പഠിക്കാതിരിക്കുന്നതു ദൈവത്തിന്റെ വചനം തിരസ്ക്കരിക്കലാണ്.

## ഏശയ്യ:1-ാം ഏശയ്യായും 2-ാം ഏശയ്യായും 3-ാം ഏശയ്യായും

ഏശയ്യായുടെ ഗ്രന്ഥത്തിൽ വെളിവാകുന്ന ചരിത്ര പശ്ചാത്തലത്തിന്റെ അടിസ്ഥാനത്തിൽ ഗ്രന്ഥത്തെ സാധാരണയായി 3 ഭാഗങ്ങളായി തിരിക്കാറുണ്ട്: 1-ാം ഏശയ്യാ (ഏശ 1-39) 2-ാം ഏശയ്യാ (ഏശ 40-53) 3-ാം ഏശയ്യാ (ഏശ 54-66). 2-ാം ഏശയ്യായെ ഏശ 40-55 ആയി കണക്കാക്കുന്നവരുമുണ്ട്. എന്നാൽ അവർ രണ്ടാം ഏശയ്യായിലെ കർത്താവിന്റെ ദാസനെക്കുറിച്ചുള്ള 4 ഭാഗങ്ങൾ ഏശയ്യായുടെതല്ല എന്നു സ്ഥാപിച്ചതിനുശേഷമാണ് അവർ ഇങ്ങനെ ചെയ്യുന്നത്.

1-ാം ഏശയ്യ ഉസിയായുടെ കാലത്തു ജറുസലേമിൽ ദൗത്യം നിർവ്വഹിച്ച വ്യക്തിയാണ്. അദ്ദേഹത്തിന്റെ കാലത്ത് ജറുസലേംനഗരം അതിന്റെ മഹിമയോടുകൂടെ നിലനിൽക്കുകയും ദാവീദ് വംശത്തിൽപ്പെട്ട രാജാവ് അവിടെ ഭരണം നടത്തുകയും ചെയ്തിരുന്നു. ദൈവത്തെ അവിശ്വസിച്ചാൽ ദൈവം നഗരത്തെ നശിപ്പിക്കുമെന്നു പ്രവാചകൻ അവരോടു പറയുന്നുണ്ട് (5:7-10; 10:11; 29:2). ഏശയ്യായ്ക്കു ദർശനമുണ്ടാകുന്നതു ദേവാലയത്തിലാണെന്നു മാത്രമല്ല അന്നു യൂദാ ഭരിച്ചിരുന്നത് ആഹാസ് (735-715; ഏശയ്യ 7) ഹെസക്കിയ (715-687; ഏശയ്യ 36-37) എന്നീ രാജാക്കന്മാരാണ്. യൂദായുടെ ശത്രുവാകട്ടെ അന്ന് അസ്സീറിയായുടെ ചക്രവർത്തിമാരായ സാർഗ്ഗണും (721-705; ഏശ 21) സെന്നാക്കെരീബും (704-681; ഏശ 36-37) എസ്സാർഹദ്ദോണുമാണ് (680-669; ഏശയ്യ 37:38; 10; 14:24-27). ഇവരെല്ലാം 8-ാം നൂറ്റാണ്ടിന്റെ 2-ാം പകുതിയിലെ ഭരണാധികാരികളാണ്. ഏശയ്യ 7-8 അദ്ധ്യായങ്ങളിൽ വിവരിക്കുന്ന യൂദായ്ക്കെതിരേയുള്ള സിറിയായുടെയും ഇസ്രായേലിന്റെയും ആക്രമണനീക്കം സംഭവിച്ചതു ബി.സി. 734-732 ൽ ആണ്.

ജറുസലേം നശിപ്പിക്കപ്പെടുകയും ദൈവാലയം ഇല്ലാതെയുമിരുന്ന ഒരു കാലഘട്ടത്തിലാണ് ഏശയ്യ 40-53 എഴുതപ്പെട്ടത് (49:13-21; 45:13; 44:28). നഗരവും ദൈവാലയവും ഉടൻ പുനരുദ്ധരിക്കപ്പെടുമെന്ന പ്രതീക്ഷയും അവിടെയുണ്ട് (4:26-28; 45:13). 2-ാം ഏശയ്യായിലെ യൂദായുടെ പ്രധാന ശത്രു അസീറിയ അല്ല, മറിച്ച് ബി.സി. 605 ൽ അസ്സീറിയായെ ഉൽമൂലനം ചെയ്ത ബാബിലോണാണ് (43:14; 47:1; 48:14, 20). ബാബിലോണിൽനിന്നു രക്ഷപ്പെടാൻ പ്രവാചകൻ ആഹ്വാനം ചെയ്യുന്നുണ്ട് (48:20). ബാബിലോൺ ഒരു സാമ്രാജ്യശക്തിയായിരുന്നതു ബി.സി. 605 മുതൽ 539 വരെയാണ്. 539 ൽ പേർഷ്യൻ രാജാവായ സൈറസ് ബാബിലോണിനെ കീഴ്പ്പെടുത്തുകയും യൂദായെ സ്വതന്ത്രമാക്കുകയും ചെയ്തു





(2ദിന 36:22-23; എസ്രാ 1:1-4). 2-ാം ഏശയ്യ പേരെടുത്തു പറയുന്ന ഏക രാജാവ് പേർഷ്യൻ രാജാവായ സൈറസ് ആണ് (42:2; 45:1, 13; 46:11 കാണുക).

3-ാം ഏശയ്യായുടെ (ഏശ 54-66) ചരിത്രപശ്ചാത്തലം വീണ്ടും ഒന്നാം ഏശയ്യായുടെതുപോലെ യൂദാതന്നെയാണ്. ഇതു രാജഭരണകാലത്തെ യൂദാ അല്ല എന്നുമാത്രം. അവിടെ യൂദന്മാരുടെ ഒരു രാജാവുമില്ല. ആദ്യ ദേവാലയംപോലെ മഹത്തരമല്ലാത്ത ഒരു ദേവാലയമുണ്ടെങ്കിലും അതിനോടു ഭാവാത്മകമായ ഒരു സമീപനമല്ല ഗ്രന്ഥത്തിലുള്ളത് (ഏശ 56:6-7; 66:1-2). പ്രവാസത്തിൽനിന്നു തിരിച്ചെത്തിയ സെറുബാബേലും ജോഷായും ചേർന്നാണ് (ഭരണാധികാരികൾ) ദൈവാലയം പുനർനിർമ്മിച്ചു സമർപ്പിച്ചത് (ബി.സി. 515ൽ). അതുകൊണ്ട് 3-ാം ഏശയ്യ വിപ്രവാസത്തിനുശേഷം യൂദായിൽ പ്രവർത്തിച്ച പ്രവാചകനാണെന്നു കരുതാം.

## 36-37. ജറുസലേമിലെ ഏശയ്യായും ഭാര്യയും

ഏശയ്യ എന്ന പേരിന്റെ അർത്ഥം “കർത്താവിന്റെ രക്ഷ” അല്ലെങ്കിൽ “കർത്താവു രക്ഷിക്കുന്നു” എന്നാണ്. ഇസ്രായേലിൽ ആമോസും ഹോസിയായും ദൗത്യം നിർവ്വഹിച്ചിരുന്ന കാലത്ത് യൂദായിൽ പ്രവാചകദൗത്യം നിർവ്വഹിച്ച ആളാണ് ഏശയ്യാ. നീണ്ട 40 വർഷക്കാലം അദ്ദേഹം പ്രവാചകനായിരുന്നു (740-700). ഏശയ്യായുടെ ഗ്രന്ഥത്തിൽ മാത്രമല്ല 2രാജ 19:20 ലും ദിനവൃത്താന്ത ഗ്രന്ഥത്തിലും അദ്ദേഹം പ്രത്യക്ഷപ്പെടുന്നുണ്ട്. ഉസിയായുടെയും ഹെസക്കിയായുടെയും കാലഘട്ടത്തിലെ ചരിത്രകാരനായാണ് ദിനവൃത്താന്തം അദ്ദേഹത്തെ അവതരിപ്പിക്കുന്നത് (2ദിന 26:22; 32:32). ഏശയ്യാ വിവാഹിതനായിരുന്നു. അദ്ദേഹത്തിന്റെ ഭാര്യ ഒരു പ്രവാചികയുമായിരുന്നു (8:3). അവർക്ക് 2 മക്കൾ ഉണ്ടായിരുന്നു; ഷെയാർ-യെഷൂവ് (7:3), മഹേർ-ഷലാൽ-ഹാഷ്-ബാസ് (8:1-14); ഇമ്മാനുവൽ എന്ന കുഞ്ഞ് (7:14-8:18) അദ്ദേഹത്തിന്റെതാണോ അല്ലയോ എന്ന് അറിയില്ല.

പ്രവാചകനു രാജസന്നിധിയിൽ സ്വതന്ത്രമായ പ്രവേശന സ്വാതന്ത്ര്യവും രാജതീരുമാനങ്ങളിൽ സ്വാധീനവും ഉണ്ടായിരുന്നു (ഏശ 7:36-39). ഹെസക്കിയായ്ക്കുശേഷം യൂദായിൽ അദ്ദേഹത്തിന്റെ മകൻ മനാസ്സെ രാജാവായി (687-642). പിതാവിന്റെ ചിന്തയ്ക്ക് വിപരീതമായി ചിന്തിച്ചിരുന്ന അദ്ദേഹം ഏശയ്യായെ വധിച്ചു എന്നാണു പാരമ്പര്യം. ബൈബിളിലെ ഏറ്റവും വലിയ പ്രവചനഗ്രന്ഥം ഏശയ്യായുടെ പേരിലാണ് അറിയപ്പെടുന്നത്. 66 അദ്ധ്യായങ്ങളുള്ള ഈ ഗ്രന്ഥം പല നൂറ്റാണ്ടുകളിലൂടെ വളർന്നു വന്നതാണ്.

യൂദായിലെ പ്രവാചകനായ ഏശയ്യായുടെ സന്ദേശങ്ങൾ ഏശയ്യ 1-39 അദ്ധ്യായങ്ങളിൽ ചിതറിക്കിടക്കുന്നു. ഈ അദ്ധ്യായങ്ങളെ 1-ാം ഏശയ്യാ എന്നും ജറുസലേമിലെ ഏശയ്യാ എന്നും പറയാറുണ്ട്. ഈ ഭാഗത്തുതന്നെയും പ്രവാചകന്റെ ജീവിത കാലത്തിനുശേഷം എഴുതിച്ചേർക്കപ്പെട്ട പല ഭാഗങ്ങളും ഉണ്ട്. 1-ാം ഏശയ്യായുടെ സന്ദേശത്തെ താഴെക്കാണും വിധം വിവിധ ഭാഗങ്ങളായി തിരിക്കാം:

1. ഏശ 1-12: യൂദാക്കെതിരേയുള്ള ഏശയ്യായുടെ ആദ്യകാല പ്രവചനങ്ങൾ (ബി.സി. 740-732).

2. ഏശ 13-23: വിദേശരാജ്യങ്ങൾക്കെതിരേ പ്രവചനം (ബി.സി. 724 -705).
3. ഏശ 24-27: ചെറിയ വെളിപാട്; ഇതു പിന്നീടു കൂട്ടിച്ചേർക്കപ്പെട്ടതാണ് (6-ാം നൂറ്റാണ്ടിലായിരിക്കാം).
4. ഏശ 28-33: അവസാനകാല പ്രവചനങ്ങൾ (ബി.സി. 705-700).
5. ഏശ 34-35: സീയോനെക്കുറിച്ചു ദർശനം (ഇതു പിന്നീട് ചേർക്കപ്പെട്ടതായിരിക്കണം).
6. ഏശ 36-39: ഏശയ്യായെക്കുറിച്ചു രാജാക്കന്മാരുടെ ഗ്രന്ഥത്തിൽനിന്നെടുത്ത വിവരണങ്ങൾ (2രാജാ 18-19).

### ചരിത്ര പശ്ചാത്തലം

യൂദാരാജാവായ ഉസിയായുടെ കാലത്തോ അദ്ദേഹത്തിന്റെ മരണശേഷമോ ആണ് ഏശയ്യ ദൗത്യമാരംഭിച്ചത് (ഏശ 6:1). ഇതു പാലസ്തീനായിലും അതിനു ചുറ്റുമുള്ള ചെറുരാജ്യങ്ങൾക്കും ദുരിതകാലമായിരുന്നു. കാരണം വടക്ക് അസ്സീറിയാ സാമ്രാജ്യം കൂടുതൽ കൂടുതൽ ശക്തിയാർജ്ജിച്ചുകൊണ്ടിരുന്നു. ശക്തമായ പടയോട്ടം നടത്താൻ സാധ്യതയുള്ള അസ്സീറിയായെ ചെറുക്കുന്നതിനായി ചെറിയ രാജ്യങ്ങളൊത്തുചേർന്ന് രാഷ്ട്രീയ സഖ്യങ്ങൾ സൃഷ്ടിച്ചു തുടങ്ങി എന്നു മാത്രമല്ല അവർ തങ്ങളുടെ പട്ടണങ്ങൾ മതിലുകൾ കെട്ടി ബലപ്പെടുത്തുകയും ചെയ്തു (2രാജ 25:1). ഇപ്രകാരമുള്ള രാഷ്ട്രീയ ഭീതി നിലനിൽക്കുന്ന പശ്ചാത്തലത്തിലാണ് ഏശയ്യ പ്രവചനം നടത്തിയത് (5:27-28).

രാഷ്ട്രീയ നേതൃത്വവുമായും രാജാവുമായും അടുത്തബന്ധമുള്ള ആളാണ് ഏശയ്യ എന്നു നാം കണ്ടു. അസ്സീറിയായുടെ ഉത്ഭവത്തോടെ ദൈവം ലോകത്തിൽ അന്നുവരെ നടത്തിയതിൽനിന്നു വ്യത്യസ്തമായ ഒരിടപെടലിനു തയ്യാറെടുക്കുകയായിരുന്നുവെന്ന് ഏശയ്യ കരുതി. ഇക്കാലഘട്ടത്തിലെ പല പ്രധാന ചരിത്ര സംഭവങ്ങൾക്കും ഏശയ്യ സാക്ഷിയായിരുന്നു. ഇന്നു നമുക്കു ലഭിച്ചിട്ടുള്ള ഏശയ്യായുടെ പ്രസംഗങ്ങൾ അധികവും യൂദായുടെ ചരിത്രത്തിലെ മൂന്നു പ്രധാന സംഭവങ്ങളോടനുബന്ധിച്ചു നടത്തിയ പ്രസംഗങ്ങളോ ആ സംഭവങ്ങൾ നിഴലിക്കുന്നവയോ ആണ്: 1. അദ്ദേഹത്തിന്റെ കാലത്ത് ഇസ്രായേലും സിറിയായും ചേർന്നു യൂദായെ ആക്രമിച്ചു. 2. വടക്കൻ രാജ്യതലസ്ഥാനമായ സമരിയ നശിപ്പിക്കപ്പെട്ടു. 3. അസ്സീറിയൻ ചക്രവർത്തിയായ സെന്നാക്കെരിബ് യൂദാ ആക്രമിച്ചു.

### (i) 734 ലെ സീറോ-എഫ്രായിം ആക്രമണം.

ബി.സി. 734 ൽ സിറിയായും ഇസ്രായേലും ഒന്നുചേർന്നു വടക്കു ഭാഗത്തുള്ള അസീറിയാക്കെതിരേ യുദ്ധത്തിനൊരുങ്ങി. തങ്ങളുടെ തെക്കു ഭാഗത്തുള്ള യൂദായെ ഈ സഖ്യത്തിലേക്ക് അവർ ക്ഷണിച്ചെങ്കിലും യൂദാ അതിൽ ചേർന്നില്ല. യൂദാ അസ്സീറിയായുമായി സഖ്യം ചെയ്തു. തങ്ങളെ പിന്നിൽ നിന്നാക്രമിക്കാതിരിക്കാൻ ആദ്യം യൂദായെ ആക്രമിക്കാനും അവിടെ തങ്ങളോടു കൂറുപുലർത്തുന്ന തബേലിന്റെ പുത്രനെ രാജാവാക്കാനും അവർ ആഗ്രഹിച്ചു. അപ്പോൾ യൂദാരാജാവും ദാവീദ് വംശജനുമായ ആഹാസ് ഭയപ്പെട്ടു. അദ്ദേഹം അസ്സീറിയായോടു സംഖ്യം ചെയ്ത് അവരോട് സഹായം അഭ്യർത്ഥിച്ചു (ഏശ 7:8; 2രാജ 16:6-9).





ആഹാസിന്റെ ഈ പ്രവൃത്തിയായിരുന്നു ഏശയ്യായുടെ ദൃഷ്ടിയിൽ അക്കാലത്തുണ്ടായ ഏറ്റം വലിയ അത്യാഹിതം. കാരണം, ദൈവം നിത്യമായിരിക്കുമെന്നു വാഗ്ദാനം ചെയ്ത ദാവീദിന്റെ വംശത്തെ തകിടം മറിക്കാനാണു സിറിയായും-എഫ്രായിമും പരിശ്രമിച്ചത് (2സാമു 7:12-16). ഇത് ദൈവത്തിനെതിരേയുള്ള ഒരു യുദ്ധമായിരുന്നു. കാര്യങ്ങൾ ഇങ്ങനെ ആയിരിക്കെ അസ്സീറിയായിലേക്കു സഹായമന്വേഷിച്ചു പോയതു രാജാവിനു ദൈവത്തിൽ വിശ്വാസമില്ലാത്തതിനാലാണ് (ഏശ 7:9; 30; 35). ഈ പശ്ചാത്തലത്തിലാണു യൂദാരാജ്യത്തെയും ജറുസലേമിനെയും ദാവീദ് ഭവനത്തെയും ദൈവം പ്രത്യേകമായി തെരഞ്ഞെടുത്തതാണെന്നനുസ്മരിപ്പിച്ചുകൊണ്ട് ഏശയ്യ ഇമ്മാനുവൽ പ്രവചനം നടത്തിയത്: “കർത്താവുതന്നെ നിനക്ക് അടയാളം തരും. യുവതി ഗർഭംധരിച്ച് ഒരു പുത്രനെ പ്രസവിക്കും. അവൻ ഇമ്മാനുവേൽ എന്നു വിളിക്കപ്പെടും...” (ഏശ 7:14-17; കാണുക 17:1-6; 2സാമു 7:12-16; സങ്കീ 2). യൂദായെ രക്ഷിക്കാൻ പോകുന്നത് ഇമ്മാനുവേലാണ്, അതായത് അവരോടൊപ്പമുള്ള ദൈവസാന്നിധ്യമാണ്. ദാവീദ് ഭവനത്തെക്കുറിച്ചുള്ള കാരുണ്യം നിമിത്തവും തന്റെ വാഗ്ദാനത്തെപ്രതിയും ദൈവം സിറിയായെയും ഇസ്രായേലിനെയും നശിപ്പിക്കുമെന്ന് ഏശയ്യ പറഞ്ഞു (7:7-9).

രക്ഷാകരമായ ദൈവിക സന്ദേശത്തിന്റെ വാഹകരാണ് ഏശയ്യായുടെ മക്കൾ. ഇമ്മാനുവലിനെ ഗർഭം ധരിക്കുമെന്ന് ഏശയ്യ പ്രവചിച്ച യുവതി ആരാണെന്നതു വ്യക്തമല്ല. നൂറ്റാണ്ടുകൾക്കുശേഷം ബൈബിളിന്റെ ഗ്രീക്ക് തർജ്ജമ നടത്തിയവർ (സപ്തതി) യുവതി എന്ന വാക്കിനു പകരം കന്യക എന്ന വാക്കാണുപയോഗിച്ചത്. അങ്ങനെ അതു കന്യകയിൽനിന്നുള്ള ഈശോയുടെ ജനനത്തിന്റെ പ്രവചനമായി മാറി (മത്താ 1:23; ലൂക്ക 1:27, 34).

ഇമ്മാനുവലിനോടൊപ്പം ഏശയ്യായുടെ 2 മക്കൾ ആഹാസിന് ആശ്വാസകരമായ സന്ദേശമാണു നൽകിയത്: 1. ഷെയാർ യെഷൂവ് - അതായത് അവശിഷ്ടഭാഗം പുനരധിവസിപ്പിക്കപ്പെടും 2. മഹേർ-ഷലാൽ-ഹാഷ്-ബാസ്, അതായത് കൊള്ളമുതൽ വേഗത കൂട്ടുന്നു, ഇര തിടുക്കം കൂട്ടുന്നു (7:4,15-16, 8:4). ദൈവത്തിന്റെ രക്ഷയുടെ അടയാളമായി ഏശയ്യായുടെ 1-ാമത്തെ കുഞ്ഞു ജനിച്ചു കഴിഞ്ഞു. രക്ഷകനായ ദൈവത്തിന്റെ സാന്നിധ്യത്തിന്റെ അടയാളമായി ഇമ്മാനുവൽ ജനിക്കാനിരിക്കുന്നു. എന്നുപറഞ്ഞാൽ യൂദായെ സംബന്ധിച്ചിടത്തോളം ആഹാബ് വിശ്വസിച്ചാലും ഇല്ലെങ്കിലും അപകടം ഏതാണ്ട് ഒഴിവായിക്കഴിഞ്ഞിരിക്കുന്നു.

ഏശയ്യായുടെ വചനങ്ങൾക്കു കാതോർക്കാതിരുന്ന ആഹാസ് അസീറിയായെ ക്ഷണിക്കുകയും തത്ഫലമായി തിഗ്ലാത്ത് പിലേസർ വന്നു സിറിയായെയും ഇസ്രായേലിനെയും പരാജയപ്പടുത്തുകയും ചെയ്തു (2രാജ 16:7) അദ്ദേഹം സിറിയാ രാജാവിനെ വധിക്കുകയും രാജ്യം പൂർണ്ണമായി നശിപ്പിക്കുകയും ഇസ്രായേലിനെ കീഴടക്കിയശേഷം അതിനെ തലസ്ഥാനമായ നിനെവെയിൽ താമസിക്കുന്ന ഒരു ഭരണാധികാരി (ഗവർണ്ണർ) ഭരിക്കുന്ന 3 അസിറിയാ പ്രോവിൻസുകളാക്കി മാറ്റുകയും ചെയ്തു. ഇസ്രായേലിൽ രാജാവായി ഹോസിയായെ നിയമിച്ചതിനുശേഷം അദ്ദേ

ഹത്തിനു ഭരിക്കാൻ ചെറിയ ഒരു രാജ്യംമാത്രം അവശേഷിപ്പിച്ചു. യൂദാ അസ്സീറിയായുടെ സാമന്ത രാജ്യമായിത്തീരുകയും വലിയ കപ്പം കൊടുക്കാൻ ബാദ്ധ്യസ്ഥരാവുകയും ചെയ്തു (2രാജ 16:8).

ഏശയ്യ ആഹാസിനോടാവശ്യപ്പെട്ടതു വികാരപരമായ വിശ്വാസമായിരുന്നില്ല, പ്രവൃത്തിയിലൂടെ തെളിയിക്കേണ്ട വിശ്വാസമായിരുന്നു. പ്രവാചകന്റെ വാക്ക് അവിശ്വസിച്ച ആഹാസ് ദേശത്തിനും ജനങ്ങൾക്കും വലിയ തിന്മയാണു വരുത്തി വച്ചത്. അന്നത്തെപ്പോലെതന്നെ ഇന്ന് ആശ്വാസവും പ്രത്യാശയും നൽകുന്ന ദൈവവചനമാണ് ഇമ്മാനുവൽ പ്രവചനം. ദൈവം നമ്മോടൊത്തെങ്കിൽ ആരു നമുക്കെതിരുനിൽക്കും?

### ഏശയ്യായുടെ സീയോൻ ദൈവശാസ്ത്രം

തന്റെ ഭൂമിയിലെ ഇരിപ്പിടമായി തെരഞ്ഞെടുത്ത സീയോനോടും തന്റെ അഭിഷിക്തനായി തെരഞ്ഞെടുത്ത ദാവീദിനോടുമുള്ള സ്നേഹം നിമിത്തം ദാവീദ് ഭവനത്തെയോ ജെറുസലേമിനെയോ നശിച്ചു പോകാൻ ദൈവം അനുവദിക്കുകയില്ല (2സാമു 7:12-16) എന്ന ഏശയ്യയുടെ കാഴ്ച്ചപ്പാടിനെയാണു സീയോൻ രാജകീയ ദൈവശാസ്ത്രം എന്നു വിളിക്കുന്നത്. സീറോ-എഫ്രായിം യുദ്ധത്തിന്റെ അവസാനത്തിൽ ദൈവം തന്റെ ഈ കാഴ്ച്ചപ്പാട് വ്യക്തമാക്കി കഴിഞ്ഞിരുന്നു. ഇതവതരിപ്പിക്കാനാണ് ഏശയ്യ തന്റെ മക്കൾക്കു മുകളിൽ പറഞ്ഞ വിധത്തിലുള്ള പ്രത്യേക പേരുകൾ നൽകിയത്. ഏശയ്യായെ തിരസ്കരിച്ചു ദൈവത്തിലാശ്രയിക്കാതെ അസ്സീറിയായോടു സഹായം അപേക്ഷിച്ചതു കൊണ്ടാണു യൂദാ രാജ്യം ബലഹീനമായിത്തീർന്നത്. ഏശയ്യായെ ചെവിക്കൊള്ളുകയും ദൈവത്തിൽ പൂർണ്ണമായി ആശ്രയിക്കുകയും ചെയ്തിരുന്നെങ്കിൽ യൂദായ്ക്ക് ആ ദുർഗ്ഗതി സംഭവിക്കുമായിരുന്നില്ല. ഏശയ്യ 6-11 അദ്ധ്യായങ്ങളിൽ ഇക്കാലഘട്ടത്തിലെ യൂദായുടെ അവസ്ഥയാണു പ്രതിഫലിക്കുന്നത്.

### (ii) സമരിയായുടെ പതനം

തിഗ്ലാത്ത് പിലേസർ നിയമിച്ച ഇസ്രായേൽ രാജാവായ ഹോസിയ അസ്സീറിയായ്ക്കു കപ്പം കൊടുത്തു മടുത്തപ്പോൾ ഈജിപ്തിന്റെ പ്രേരണയനുസരിച്ച് അസീറിയായുടെ ആധിപത്യം നിരാകരിച്ചു (ബി.സി. 725). ഇതു തിഗ്ലാത്ത് പിലേസറിന്റെ പിൻഗാമിയും അന്നത്തെ അസീറിയാ ചക്രവർത്തിയായിരുന്ന ഷാൽമനാസർ 5-ാമനെ (726 -722) യുദ്ധത്തിനു പ്രേരിപ്പിക്കുകയും അദ്ദേഹം വന്നു സമരിയാക്കെതിരെ 3 വർഷത്തേക്കു ഉപരോധം ഏർപ്പെടുത്തുകയും ചെയ്തു. അതിനിടയിൽ ഷാൽമനാസർ മരിച്ചു. പിന്നീട് അധികാരത്തിൽ വന്ന സാർഗ്ഗൻ രണ്ടാമൻ സമരിയായെ പൂർണ്ണമായി നശിപ്പിക്കുകയും (722-721) ഇരുപത്തി ഏഴായിരത്തി ഇരുനൂറ്റിതൊണ്ണൂറ് ഇസ്രായേൽക്കാരെ അസ്സീറിയായിലേക്കു നാടുകടത്തുകയും അവരെ സാമ്രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് ചിതറിച്ചു കളയുകയും ചെയ്തു. അതോടൊപ്പംതന്നെ ആ ദേശങ്ങളിൽനിന്നു നാടുകടത്തിയവരെ അദ്ദേഹം സമരിയായിൽ കൊണ്ടുവന്നു പാർപ്പിച്ചു (2രാജ 17:1-18; 18:9-12). സമരിയായുടെ ഈ പതനം ഹോസിയായുടേയും ആമോസിന്റെയും പ്രവചനങ്ങളുടെ പൂർത്തീകരണമായിരുന്നു. ഏശയ്യായുടെ അന്നത്തെ പ്രവചനങ്ങൾക്കു കാതോർക്കേണ്ടതാണെന്നകാര്യം ഇത്





അനുസ്മരിപ്പിച്ചു. സമരിയാ നശിക്കുമെന്ന ഏശയ്യായുടെ പ്രവചനം (7:16) ബി.സി. 732 ൽ ഭാഗികമായും 721 ൽ പൂർണ്ണമായും നിറവേറി.

### (iii) 701 ലെ സെന്നാക്കെരീബിന്റെ ആക്രമണം

ഏശയ്യായുടെ സന്ദേശങ്ങളുടെ പിന്നിലുള്ള മൂന്നാമത്തെ ചരിത്ര സംഭവം അസ്സീറിയൻ ചക്രവർത്തിയായ സെന്നാക്കെരീബിന്റെ ആക്രമണമാണ്. ആഹാസിന്റെ പുത്രനായ ഹെസക്കിയ (715 -687) പിതാവു വരുത്തിവച്ച വലിയ അപകടത്തിൽനിന്ന് രാജ്യത്തെ മോചിപ്പിക്കാനാഗ്രഹിക്കുകയും ദൈവത്തിലാശ്രയിച്ചുകൊണ്ട് അസ്സീറിയായുടെ ആധിപത്യത്തെ എതിർക്കുകയും ചെയ്തു. യൂദായിൽ ആദ്യമായി ഏകദൈവ വിശ്വാസത്തിന്റെ തണലിൽ ഒരു മതനവീകരണം നടത്തിയ രാജാവാണു ഹെസക്കിയ: "അവൻ പൂജാഗിരികൾ നശിപ്പിക്കുകയും സ്തംഭങ്ങളും അഷേരാപ്രതിഷ്ഠകളും തകർക്കുകയും ചെയ്തു. മോശ ഉണ്ടാക്കിയ നെഹുഷ്താൻ എന്നു വിളിക്കപ്പെടുന്ന ഓട്ടുസർപ്പത്തിൻെറ മുൻപിൽ ഇസ്രായേൽ ധൂപാർച്ചന നടത്തിയതിനാൽ അവൻ അതു തകർത്തു" (2 രാജ 18:4).

ബി.സി. 705 ൽ അസ്സീറിയൻ ചക്രവർത്തിയായിരുന്ന സാർഗ്ഗൺ രണ്ടാമൻ മരിച്ചപ്പോൾ ഈജിപ്തിൽനിന്നു സഹായം പ്രതീക്ഷിച്ചുകൊണ്ടു ഹെസക്കിയ അസ്സീറിയൻ ആധിപത്യത്തിൽനിന്നു സ്വാതന്ത്ര്യം പ്രഖ്യാപിച്ചു. അതേസമയം അസ്സീറിയായിൽനിന്ന് ആക്രമണം പ്രതീക്ഷിച്ചുകൊണ്ട് അദ്ദേഹം യുദ്ധത്തിനൊരുങ്ങി (2രാജ 20:20; 2ദിന 32:30; പ്രഭാ 48:17). സാർഗ്ഗന്റെ മകൻ സെന്നാക്കെരീബാണ് അപ്പോൾ അധികാരത്തിൽ വന്നത്. യൂദായെപ്പോലെതന്നെ പല ചെറുരാജ്യങ്ങളും അക്കാലത്ത് അസ്സീറിയൻ ആധിപത്യത്തിൽനിന്ന് സ്വാതന്ത്ര്യം പ്രഖ്യാപിച്ചിരുന്നു. അതുകൊണ്ടു ഭരണമേറ്റശേഷം ആദ്യത്തെ 4 വർഷക്കാലം അസ്സീറിയൻ സാമ്രാജ്യത്തിനുള്ളിലെ വിഘടിത നീക്കങ്ങളെ അമർച്ച ചെയ്യാനാണു സെന്നാക്കെരീബ് പരിശ്രമിച്ചത്. അതിനുശേഷം ബി.സി. 701 ൽ അദ്ദേഹം പലസ്തീനായിലേക്കു നീങ്ങുകയും യൂദായിലെ മതിലുകളാൽ സംരക്ഷിക്കപ്പെട്ട നഗരങ്ങളെല്ലാം നശിപ്പിക്കുകയും (48 നഗരങ്ങൾ; ഏശ 36:1; 2രാജ 18:13) 200150 ആളുകളെ നാടുകടത്തുകയും ചെയ്തതിനു ശേഷം (അസ്സീറിയാക്കാരുടെ കണക്ക്) ജറുസലേമിനെതിരേ ഉപരോധം ഏർപ്പെടുത്തി (ഏശ 36-37). യൂദായെ എന്നേക്കുമായി ഇല്ലാതാക്കുകയായിരുന്നു ചക്രവർത്തിയുടെ ലക്ഷ്യം.

ചക്രവർത്തിയുടെ ദൂതൻ റബ്ഷക്കേ യൂദായിലെത്തുകയും അലക്കുകാരന്റെ വയലിലേക്കുള്ള പെരുവഴിയിലുള്ള മേൽക്കുളത്തിന്റെ ചാലിനരികെ ഹെസക്കിയായുടെ ദൂതന്മാരെ കണ്ടുമുട്ടി സംസാരിക്കുകയും ചെയ്തു (ഏശ 36:2). ഈ ചാലിനരികിൽ വച്ചുതന്നെയാണ് അസ്സീറിയായെ ആശ്രയിക്കരുതെന്ന് ഏശയ്യ ആഹാസിനോട് പറഞ്ഞത് (7:3). തന്റെ യജമാനൻ ശക്തനാണെന്നും അസ്സീറിയാക്കെതിരേ നിലകൊള്ളുന്നതു ബുദ്ധിശൂന്യമാണെന്നും റബ്ഷക്കേ പറഞ്ഞു (ഏശ 36:1-20; 2രാജ 18). റബ്ഷക്കേയുടെ നിന്ദാവചനങ്ങൾ കേട്ട ഹെസക്കിയാ ഭീതിയിലാണ്ടു. അദ്ദേഹം ദേവാലയത്തിലേക്കു പോയി പ്രാർത്ഥിക്കുകയും ഏശയ്യായോടു തനിക്കുവേണ്ടി മാദ്ധ്യസ്ഥ്യം അപേക്ഷിക്കാൻ അഭ്യർത്ഥി

ക്കുകയും ചെയ്തു. അസ്സീറിയ തങ്ങളുടെ പട്ടണം ആക്രമിക്കാതെ തിരിച്ചു പോകുമെന്ന് അപ്പോൾ ഏശയ്യ പ്രവചിച്ചു (37:1-7).

വീണ്ടും ഹെസക്കിയ പ്രാർത്ഥിക്കുകയും (ഏശ 37:15-20) ഏശയ്യ അദ്ദേഹത്തിന് ആശ്വാസകരമായ സന്ദേശം അറിയിക്കുകയും ചെയ്യുന്നുണ്ട് "…. അസ്സീറിയാ രാജാവിനെക്കുറിച്ചു കർത്താവ് അരുളിച്ചെയ്യുന്നു: അവൻ ഈ നഗരത്തിലേക്കു വരുകയോ ഇതിനെതിരേ അമ്പെയ്യുകയോ ചെയ്യുകയില്ല; പരിചയുമേന്തി വന്ന് ഇതിനെതിരേ ഉപരോധവലയം നിർമിക്കുകയില്ല. വന്നവഴിയിലൂടെത്തന്നെ അവൻ തിരിച്ചുപോകുമെന്നും നഗരത്തിൽ പ്രവേശിക്കുകയില്ലെന്നും കർത്താവ് അരുളിച്ചെയ്യുന്നു. എനിക്കുവേണ്ടിയും എൻെറ ദാസനായ ദാവീദിനു വേണ്ടിയും ഞാൻ ഈ നഗരം സംരക്ഷിക്കും..." (37:22-35). ദൈവം തന്റെ നാമത്തിന്റെ പേരിലും തന്റെ ദാസനായ ദാവീദിനെപ്രതിയും ജറുസലേമിനെ സംരക്ഷിക്കുമെന്ന് ഏശയ്യ പറഞ്ഞു.

ഏശയ്യായുടെ പ്രവചനം നിറവേറി. അസ്സീറിയൻ പട്ടാളക്യാമ്പിൽ ഒരു മഹാമാരി (പകർച്ചവ്യാധി) പടർന്നുപിടിച്ചതിന്റെ ഫലമായി പട്ടാളത്തിനു പട്ടണം കീഴടക്കാതെ തിരികെപ്പോകേണ്ടി വന്നു (2രാജ 19:35-37; 2ദിന 32:22-23; ഏശ 37:36-38). ഏശയ്യാ പ്രസംഗിച്ചിരുന്ന സീയോൻ-രാജകീയ ദൈവശാസ്ത്രവും സീയോനുണ്ടെന്നു പറയുന്ന പ്രത്യേക ദൈവിക സംരക്ഷണവും ശരിയായിരുന്നുവെന്ന് ഈ സംഭവം തെളിയിച്ചു. സീയോൻ ദൈവത്തിന്റെ നഗരമാണ്: "എനിക്കുവേണ്ടിയും എൻെറ ദാസനായ ദാവീദിനുവേണ്ടിയും ഞാൻ ഈ നഗരത്തെ സംരക്ഷിക്കും" (ഏശയ്യ 37:35). അതു സംരക്ഷിക്കുന്നതു ദൈവമാണ്. ദൈവത്തിൽ പൂർണ്ണമായി ആശ്രയിച്ചാൽ പരാജയം ഉണ്ടാവുകയില്ല എന്ന ഏശയ്യായുടെ വാക്കുകൾ അങ്ങനെ നിറവേറി.

വലിയ അപകടത്തിൽനിന്നു രക്ഷപെട്ടെങ്കിലും വിപ്ലവത്തിന്റെ ഫലമായി യൂദായ്ക്കു വലിയ നാശനഷ്ടങ്ങൾ ഉണ്ടായി. യൂദായിലെ പ്രധാന നഗരങ്ങളെല്ലാം നശിപ്പിക്കപ്പെടുകയും കൊള്ളയടിക്കപ്പെടുകയും ചെയ്തെന്നുമാത്രമല്ല, ഭീമമായ തുക യൂദായുടെമേൽ കപ്പം ചുമത്തപ്പെടുകയും ചെയ്തു (2രാജ 18:13-16). അതു രാജാവിനും ജനത്തിനും വഹിക്കാൻ വയ്യാത്ത ഭാരമായി. അതേസമയം സീയോൻ-രാജകീയ ദൈവശാസ്ത്രം മറ്റൊരു ആത്മീയ ദുരന്തത്തിനു കാരണമായി. ഇത്ര വലിയ യുദ്ധസാധ്യതകളുണ്ടായിരുന്നിട്ടും വിശുദ്ധ നഗരം നശിപ്പിക്കപ്പെടാതിരുന്നതുകൊണ്ടു ദൈവം ഇനിയൊരിക്കലും ജറുസലേമിനെ നശിപ്പിക്കുകയില്ല എന്ന ചിന്ത പലരുടെ മനസ്സിലും വളർന്നു തുടങ്ങി. ദൈവഭയമില്ലാതെ ജീവിക്കാനും തിന്മ പ്രവർത്തിക്കാനും അതവരെ പ്രചോദിപ്പിച്ചു.

701 ലെ സംഭവങ്ങൾക്കു സാക്ഷിയായി ബൈബിളിലെ വിവരണങ്ങൾക്കു പുറമേ മറ്റു ചില ചരിത്ര രേഖകളുമുണ്ട്: 1. യൂദായിലെ 2-ാമത്തെ വലിയ പട്ടണമായ ലാക്കിഷ് താൻ കീഴടക്കുന്ന സംഭവങ്ങൾ സെന്നാക്കെരീബ് തന്റെ കൊട്ടാരത്തിലെ ഒരു മുറിയിൽ ചിത്രീകരിച്ചിരുന്നു. ഇന്ന് ഇതു ചരിത്രസാക്ഷിയായി ബ്രിട്ടീഷ് മ്യൂസിയത്തിലുണ്ട്. 2. ഹെസക്കിയാക്കെതിരേയുള്ള യുദ്ധത്തെക്കുറിച്ചുള്ള വിവരണം ആറുവശങ്ങളുള്ളതും ചുട്ടെടുത്തതുമായ ഒരു കളിമൺ സ്തൂപത്തിൽ രേഖ





പ്പെടുത്തിവച്ചിരിക്കുന്നു. ഈ വിവരണത്തിലും അദ്ദേഹം ജറുസലേം കീഴടക്കിയതായി പറയുന്നില്ല. എന്നാൽ ഹെസക്കിയായെ ഒരു പക്ഷിയെ കൂട്ടിലെന്നപ്പോലെ അടച്ചിട്ടു എന്നും പറയുന്നുണ്ട്. ടെയിലർ പ്രിസമെന്നറിയപ്പെടുന്ന ഈ സ്തൂപം ഇന്നു ബ്രിട്ടീഷ് മ്യൂസിയത്തിലുണ്ട്.

രാജാക്കന്മാരുടെ കാലഘട്ടത്തിൽനിന്നു നമുക്കു ലഭ്യമായ ഏറ്റവും നീളം കൂടിയ ഹെബ്രായ രേഖയും ഈ സംഭവത്തോടനുബന്ധിച്ച് എഴുതപ്പെട്ടതാണ്. ജറുസലേമിലെ ജനങ്ങൾക്കു ജലം നല്കിയിരുന്നതു കെദ്രോൺ ചാലിലുള്ള ഗീഹോൺ എന്ന ഉറവയാണ്. താഴ്‌വരയിൽ സ്ഥിതി ചെയ്യുന്ന ഈ ഉറവ ഹെസക്കിയാ മണ്ണിട്ടു മൂടുകയും ജറുസലേം നഗരം സ്ഥിതി ചെയ്യുന്ന കുന്നിനടിയിലെ പാറ അരക്കിലോമീറ്ററിലധികം തുരന്നു ഗീഹോനിലെ ജലം നഗരഭിത്തിക്കുള്ളിലെ സീലോഹാകുളത്തിലേക്കു കൊണ്ടുവരികയും ചെയ്തു (2രാജ 20:22; 2ദിന 32:30). യുദ്ധകാലമായതിനാൽ മലയുടെ രണ്ടു ഭാഗത്തുനിന്നും പണിക്കാർ ഖനനം ആരംഭിക്കുകയും ആ തുരങ്കങ്ങൾ കൂടിച്ചേർന്ന സ്ഥലത്ത് അതിന്റെ ഓർമ്മക്കായി അവർ എഴുതിവയ്ക്കുകയും ചെയ്ത രേഖയാണിത് (ANET 321). ഈ രേഖ ഇന്ന് ഇസ്താംബൂളിലെ Ancient Orient Meusium ത്തിൽ സൂക്ഷിച്ചിട്ടുണ്ട്.

**ഏശയ്യായുടെ വിളി**

ഉസിയാ രാജാവു മരിച്ച വർഷമാണ് ഏശയ്യാക്കു തന്റെ വിളി ലഭിച്ച സ്വർഗ്ഗീയ ദർശനമുണ്ടായത് (ബി.സി. 742; ഏശ 6:1-13). ഇംലായുടെ പുത്രനായ മിക്കായയുടെതിനു സമാനമായ ഒരു ദർശനമായിരുന്നു അത് (1രാജ 22). കർത്താവ് സ്വർഗ്ഗീയ സഭയിൽ സിംഹാസനസ്ഥനായിരിക്കുന്നതു പ്രവാചകൻ കണ്ടു. മോശക്ക് സീനായ്മലയിൽ വച്ചുണ്ടായതിനു സമാനമായ ദർശനവുമായിരുന്നു ഇത് (പുറ 19:16-19). അഗ്നിയും പുകയും ഭൂമികുലുക്കവും അവിടുത്തെ അകമ്പടി സേവിച്ചു. സെറാഫുകൾ ആഗ്നേയാരൂപികളാണ്. ദൈവം മനുഷ്യനിൽനിന്നു തികച്ചും വ്യത്യസ്തനാണെന്ന ഉൾക്കാഴ്ച്ച നൽകുന്നതായിരുന്നു ഈ ദർശനം.

ദൈവത്തെ ദൈവാലയത്തിനുൾക്കൊള്ളാൻ കഴിഞ്ഞില്ല. അവിടുത്തെ വസ്ത്രാഞ്ചലം കൊണ്ടുതന്നെ ദൈവാലയം നിറഞ്ഞിരുന്നു (6:1). അവിടെ വെളിപ്പെട്ട ദൈവത്തിന്റെ പേര് "സൈന്യങ്ങളുടെ കർത്താവെന്നാണ്. സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സൈന്യങ്ങളുടെ നാഥനാണവിടുന്ന്. അവിടുത്തെ മഹത്ത്വത്താൽ ഭൂമി മുഴുവൻ നിറഞ്ഞു (6:3) എന്നു പറയുമ്പോൾ ലോകം മുഴുവനിലും അവിടുത്തേക്ക് ആധിപത്യമുണ്ടെന്നാണു സാരം (14:26). പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്നു മൂന്നു പ്രാവശ്യം ആവർത്തിക്കപ്പെടുമ്പോൾ പരമപരിശുദ്ധനെന്നാണ് അർത്ഥമാക്കുന്നത്. ഇത് ആത്മീയമായ ഒരു ഗുണവിശേഷം സൂചിപ്പിക്കുന്ന വാക്കല്ല, മറിച്ച് വേർതിരിക്കപ്പെട്ടത്, വ്യത്യസ്തമായത് എന്നെല്ലാമുള്ള അർത്ഥത്തിലാണ്. ദൈവം മനുഷ്യനിൽനിന്നു വ്യത്യസ്തനാണെന്നു സാരം.

ഏശയ്യാക്കുണ്ടായ ഈ ദർശനവും തത്ഫലമായ ഉൾക്കാഴ്ച്ചയും അദ്ദേഹത്തിന്റെ സന്ദേശത്തെ മുഴുവനും സ്വാധീനിക്കും. ദൈവം ഇസ്രായേലിന്റെ പരിശുദ്ധനാണെന്ന് 14 പ്രാവശ്യം 1-ാം ഏശയ്യ പ്രഖ്യാപിക്കുന്നുണ്ട് (ഏശയ്യ 1-66 -ൽ 30 പ്രാവശ്യം). അതായത്, കർത്താവ് എല്ലാവ

രിൽനിന്നും വ്യത്യസ്തനാണ്. അതുകൊണ്ടുതന്നെ അവിടുത്തേക്കു രൂപമില്ല. മനുഷ്യനുണ്ടാകുന്ന ഒരു രൂപത്തിനും ദൈവം ആരാണെന്നുള്ള ദർശനം പകർന്നു നൽകാൻ കഴിയുകയുമില്ല.

ദൈവത്തിന്റെ പരിശുദ്ധി മനുഷ്യന്റെ അശുദ്ധി വെളിപ്പെടുത്തുന്നു. അതുകൊണ്ടു ദൈവസാന്നിധ്യത്തിൽ തന്റെ അശുദ്ധിയെക്കുറിച്ചു ബോധ്യംവന്ന പ്രവാചകനെ ദൈവത്തിന്റെ ദൂതനായ സെറാഫ് അഗ്നിശുദ്ധിവരുത്തും. അശുദ്ധമായ അധരങ്ങൾ ശുദ്ധമാക്കപ്പെട്ടാലേ പ്രവാചകനു പരിശുദ്ധനായ ദൈവത്തെക്കുറിച്ചു സംസാരിക്കാൻ കഴിയുകയുള്ളൂ. ആരെയാണു തന്റെ ദൂതനായി അയക്കുക എന്ന ദൈവത്തിന്റെ ചോദ്യത്തിനു താൻ പോകാൻ തയ്യാറാണ് എന്ന് ഏശയ്യ പറഞ്ഞു (6:8). ദൈവത്തിന്റെ ശിക്ഷാവിധിയുടെ വചനം പ്രഖ്യാപിക്കാൻ പോവുകയാണദ്ദേഹം. ഏശയ്യാക്കെന്നതുപോലെ അദ്ദേഹം ജീവിക്കുന്ന ജനത്തിനും ഒരഗ്നിശുദ്ധി ആവശ്യമുണ്ട് (6:13). അതാണു ശിക്ഷാവിധിയുടെ ഈ സന്ദേശത്തിന്റെ ഉള്ളടക്കം. തന്റെ വിളിയെക്കുറിച്ചുള്ള വിവരണം ഇപ്രകാരം വ്യക്തമായി അവതരിപ്പിക്കുന്നതിലൂടെ താൻ നൽകുന്ന സന്ദേശം ദൈവത്തിന്റെ സന്ദേശമാണെന്ന് ഏശയ്യ പറഞ്ഞു.

**ഏശയ്യായുടെ സന്ദേശം**

ഏശയ്യാ 1-66 ന്റെ ഉള്ളടക്കം ഏശയ്യ 1-ാം അദ്ധ്യായത്തിൽ പ്രത്യക്ഷപ്പെടുന്നുണ്ട്. തിന്മനിറഞ്ഞ രാജ്യത്തെ ദൈവം ശിക്ഷിക്കും എന്നതു വളരെ പ്രധാനപ്പെട്ട ഒരു സന്ദേശമാണ്: "സീയോൻ നീതികൊണ്ടു വീണ്ടെടുക്കപ്പെടും; അവിടെ അനുതപിക്കുന്ന എല്ലാവരും ധർമനിഷ്ഠകൊണ്ടും. എന്നാൽ, കലഹപ്രിയരും പാപികളും ഒന്നടങ്കം നശിക്കും. കർത്താവിനെ പരിത്യജിക്കുന്നവർ നിശ്ശേഷം ഇല്ലാതാകും'' (1:27-28).

ദർശനങ്ങളുടെ വൈവിധ്യവും ബാഹുല്യവും നിമിത്തം പഴയനിയമ പ്രവാചകന്മാരിൽ ഏറ്റവും വലിയവനായി കണക്കാക്കപ്പെടുന്നത് ഏശയ്യായാണ്. അനീതിക്കും അക്രമത്തിനും എതിരേയുള്ള അദ്ദേഹത്തിന്റെ സ്വരം സമകാലികരായ ആമോസിന്റെയും ഹോസിയായുടെയുംപോലെ തീക്ഷ്ണമാണ് (3:15). വിഗ്രഹാരാധനയെയും ഭക്തിരാഹിത്യത്തെയും അദ്ദേഹം കഠിനമായി എതിർത്തു (1:4). അതുപോലെതന്നെ പൊള്ളയായ ആരാധനയെയും (1:13). ഹോസിയായെപ്പോലെ ദൈവത്തിന്റെ ഹൃദയവികാരങ്ങൾ വെളിവാക്കാൻ കർത്താവിന്റെ മുന്തിരിത്തോട്ടത്തിന്റെ ഉപമയിലൂടെ ഏശയ്യ ശ്രമിച്ചു (ഏശ 5).

പരമ്പരാഗതമായ ഈ സന്ദേശങ്ങൾക്കു പുറമേ ലോകത്തെക്കുറിച്ചുള്ള ദൈവത്തിന്റെ ഭാവിപരിപാടികൾ പ്രവചിക്കാനും ഏശയ്യ പരിശ്രമിച്ചു. തിന്മ ചെയ്ത യൂദായെ ശിക്ഷിക്കാനുള്ള ദൈവത്തിന്റെ ഉപകരണമായി ശത്രുവായ അസ്സീറിയായെ അദ്ദേഹം കണ്ടു (10:5-15). യൂദായെ ശിക്ഷിക്കാനുള്ള അസ്സീറിയായുടെ ആഗമനം ദൈവത്തിനു ലോകം മുഴുവനിലുമുള്ള അധികാരത്തെയാണു സൂചിപ്പിക്കുന്നത് (14:24-27; 28:14-21). സ്രഷ്ടാവെന്നതുപോലെതന്നെ ലോകത്തിന്റെ മുഴുവൻ നിയന്താവും കർത്താവായ ദൈവമാകയാൽ ആ ദൈവത്തിന്റെ സ്വന്തം രാജ്യങ്ങളായ ഇസ്രായേലും യൂദായും തങ്ങളുടെ പ്രതീക്ഷ മുഴുവനും ദൈവത്തിലർപ്പിക്കുകയും അന്യരാജ്യങ്ങളുടെ മുമ്പിൽ തല ഉയർത്തി നിൽക്കുകയും





ചെയ്യണമെന്ന് അദ്ദേഹം ആഗ്രഹിച്ചു. 734 ലെയും 701 ലെയും നിർണ്ണായകമായ ചരിത്രസംഭവങ്ങളിൽ വിജാതീയരിലാശ്രയിക്കുന്നതിനുപകരം യൂദാ സ്വന്തം ദൈവത്തെയാണ് ആശ്രയിക്കേണ്ടതെന്നു പ്രവാചകൻ പറഞ്ഞു. ആഹാസിനോട് അസ്സീറിയായിലേക്കും ഹെസക്കിയായോട് ഈജിപ്തിലേക്കും സഹായത്തിനു പോകരുതെന്നു പ്രവാചകൻ പറഞ്ഞിരുന്നു. കാരണം, ദൈവമാണു യൂദായെ സ്നേഹിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നത്.

**ദൈവം ഇസ്രായേലിന്റെ പരിശുദ്ധൻ**

ഭാവിയെക്കുറിച്ചു പ്രത്യാശയോടെ പ്രസംഗിച്ചതോടൊപ്പം ഇസ്രായേലിന്റെ ദൈവത്തെ പരമപരിശുദ്ധനായ ദൈവമായി അദ്ദേഹം അവതരിപ്പിക്കുകയും ചെയ്തു (5:16, 19, 24; 6:3; 10:20 മുതലായവ). ഈ ദർശനം സ്വന്തമാക്കിയത് അദ്ദേഹത്തിനു ദൈവാലയത്തിൽവച്ചു വിളി ലഭിച്ചപ്പോഴാണെന്നു നാം കണ്ടു (ഏശ 6). അവിടെ സ്വർഗ്ഗീയസൈന്യം ദൈവത്തെ പരമപരിശുദ്ധനെന്നു പാടി സ്തുതിച്ചിരുന്നു. ദൈവം വ്യത്യസ്തനാണ് എന്നുള്ള അവബോധവും അവിടെവച്ചു പ്രവാചകനു ലഭിച്ചിരുന്നു. ഈ ദൈവം ലോകത്തിന്റെ രാജാവായി തന്റെ ജനത്തിന്റെ മദ്ധ്യത്തിൽ വസിക്കുന്നവനാണ്. അവൻ ലോകത്തിന്റെ മുഴുവൻ സ്രഷ്ടാവും തന്റെ ജനത്തിനു തന്റെ ദൈവാലയത്തിൽ സന്ദർശനം അനുവദിക്കുന്ന രക്ഷകനുമാണ്. പരിശുദ്ധനാകയാൽ താൻ തെരഞ്ഞെടുത്ത ജനവും പരിശുദ്ധരായിരിക്കണമെന്ന് അവിടുന്നാവശ്യപ്പെടുന്നു. അതുകൊണ്ടുതന്നെ മനുഷ്യന്റെ അഹങ്കാരമെല്ലാം അപ്രത്യക്ഷമാകണം (2:11-12). ദൈവം കൂടെ വസിക്കുന്നതിനാൽ എല്ലാവിധത്തിലുമുള്ള അനീതിയും ചൂഷണവും സമൂഹത്തിൽ നിന്നില്ലാതാകണം (5:20, 25).

ദൈവം നീതിയിൽ ഉയർന്നു നിൽക്കുന്നവനാകയാലും അവൻ നീതിനിഷ്ഠയിലൂടെ തന്റെ പരിശുദ്ധി വെളിപ്പെടുത്തുന്നതിനാലും (5:16) അനീതി പ്രവർത്തിക്കുന്നവരെ അവൻ ശിക്ഷിക്കും. അക്കാരണത്താൽത്തന്നെ അനീതി നിറഞ്ഞ ഇസ്രായേൽ - യൂദാ രാജ്യങ്ങളുടെ നാശത്തെക്കുറിച്ച് ഏശയ്യ പ്രവചിച്ചു. എന്നാൽ ദൈവം ഈ ജനങ്ങളിൽനിന്നു വിശുദ്ധരും തനിക്കുവേണ്ടി മാറ്റിവയ്ക്കപ്പെട്ടവരുമായ ഒരു ശിഷ്ടഭാഗത്തെക്കുറിച്ച് അദ്ദേഹം പ്രവചിച്ചു (4:3-4; 6:13). ദൈവം രക്ഷിക്കാനിരിക്കുന്ന ഈ ശിഷ്ടഭാഗം യൂദായോടുള്ള ദൈവത്തിന്റെ സ്നേഹത്തിന്റെയും എന്നാൽ അവിടുത്തെ നീതിയുടെയും അടയാളമായിരിക്കും.

**ജറൂസലേം: ദൈവത്തിന്റെ നഗരം**

തന്റെ വിളിദർശനത്തിൽ ദൈവം സീയോനിലെ ദൈവാലയത്തിൽ സിംഹാസനസ്ഥനായിരിക്കുന്നത് ഏശയ്യ കണ്ടിരുന്നു. അതുകൊണ്ടു ലോകത്തിലെ ഏറ്റവും വലിയ മലയായി സീയോനെ അദ്ദേഹം ദർശിച്ചു (ഏശ 2; 4; 28-30). അവിടെ നിന്നാണു ലോകനാഥനായ ദൈവം ലോകരാഷ്ട്രങ്ങളെ ഭരിക്കുക (10:5-34). ആ ഭരണം വരുമ്പോൾ ലോകത്തു പൂർണ്ണമായ സമാധാനവും ശാന്തിയുമുണ്ടാകും. പരിശുദ്ധനായ ദൈവം വസിക്കുന്ന നഗരം അശുദ്ധിയിൽനിന്ന് ശുദ്ധീകരിക്കപ്പെടണം (4:2-6). എങ്കിൽ മാത്രമേ പരിശുദ്ധനായ ദൈവത്തിന് അവിടെനിന്നു തന്റെ ഭരണം

നടത്താൻ കഴിയുകയുള്ളൂ. ദൈവം വസിക്കുന്നതിനാലാണു സീയോൻ ശത്രു നഗരങ്ങളെക്കാൾ ശക്തമായിത്തീരുന്നത് (8:9–10; 7:14; 34:4–5). ദൈവം തന്റെ നഗരം പുനസ്ഥാപിക്കുകയും (28:14–22) അത് നീതി കൊണ്ടു നിറക്കുകയും ചെയ്യും (33:5, 18). ദൈവത്തിന്റെ നഗരമാകയാൽ ദൈവം അതു നശിക്കാൻ അനുവദിക്കുകയില്ലായെന്ന് ഏശയ്യ പറഞ്ഞു. ദൈവം തന്റെ ഭരണം ആരംഭിക്കുമ്പോൾ തിന്മ ചെയ്ത രാജ്യങ്ങൾ ശിക്ഷിക്കപ്പെടും (ഏശ 13-23; 24-27). യൂദായെ തകർക്കുകയും അവരുടെ ദൈവാശ്രയബോധം ഇല്ലാതാക്കുകയും ചെയ്തതിനാലാണ് ഏശയ്യായുടെ ദൃഷ്ടിയിൽ അസ്സീറിയ യൂദായുടെ ശത്രുവായിത്തീരുന്നത്. എന്നാൽ, യൂദായെ ശിക്ഷിക്കാനുള്ള ഉപകരണമായും ദൈവം അസ്സീറിയായെ ഉപയോഗിച്ചിരുന്നു (10:5–6; 5:26–29; 7:18–20).

### ഏശയ്യായും സീയോനിലെ രാജപാരമ്പര്യങ്ങളും

സോളമൻ രാജാവു തന്റെ കൊട്ടാരത്തിനു സമീപം ദൈവാലയം നിർമ്മിച്ചു കഴിഞ്ഞപ്പോൾ അവിടെ നടത്തപ്പെടേണ്ട ആരാധനാക്രമവും രൂപപ്പെട്ടു. ഇതിൽ ഏറ്റവും പ്രധാനപ്പെട്ടതു സങ്കീർത്തനങ്ങളായിരുന്നു. ഇതിൽ പലതിലും ദൈവം ദാവീദിനു നാഥാൻ പ്രവാചകനിലൂടെ നൽകിയ ദാവീദിന്റെ പുത്രനെക്കുറിച്ചും ദാവീദിന്റെ നിത്യമായ സിംഹാസനത്തെക്കുറിച്ചുമുള്ള (2സാമു 7:12–16) ദർശനങ്ങൾ നിറഞ്ഞുനിന്നു (ഉദാ: സങ്കീ 89; 132). പല രാജകീയ സങ്കീർത്തനങ്ങളും രാജാവിനെക്കുറിച്ചോ രാജാവിന് വേണ്ടിയോ ഉള്ള പ്രാർത്ഥനകളായിരുന്നു. അതുപോലെതന്നെ ജറുസലേമിനെ/സീയോനെ ദൈവത്തിന്റെ സിംഹാസനമായി പല സങ്കീർത്തനങ്ങളും പുകഴ്ത്തുന്നുണ്ട് (സങ്കീ46, 47, 48). ഏശയ്യ ജറുസലേമിൽ വസിക്കുകയും കൊട്ടാരവുമായി അഭേദ്യമായി ബന്ധപ്പെട്ടു ജീവിക്കുകയും ചെയ്ത പ്രവാചകനാണ്. അതുകൊണ്ടുതന്നെ ദേവാലയാരാധനാക്രമത്തിലുള്ള മുകളിൽപ്പറഞ്ഞ ആശയങ്ങൾ അദ്ദേഹത്തിന്റെ ജീവിതത്തിൽ വലിയ സ്വാധീനം ചെലുത്തിയതായിക്കാണാം. ദൈവം മോശയുമായി സീനായ് മലയിൽവച്ചു ചെയ്ത ഉടമ്പടിയെക്കുറിച്ച് അദ്ദേഹം സൂചിപ്പിക്കുന്നുപോലുമില്ല.

### മിശിഹാ

പ്രവാചകൻ എന്നും സംസാരിച്ചിരുന്നതു ദൈവം ദാവീദുമായി ചെയ്ത ഉടമ്പടിയെക്കുറിച്ചും സീയോനിലെ അവിടുത്തെ വാസത്തെക്കുറിച്ചുമാണ് (30:15–19). എന്നാൽ വലിയ പ്രതീക്ഷകളുമായി ദാവീദ് വംശത്തിലെ രാജാവിലേക്കു നോക്കിയ പ്രവാചകൻ നിരാശപ്പെടുകയാണുണ്ടായത്. കാരണം, ഈ രാജാക്കന്മാർ ദൈവത്തിന്റെ പ്രതീക്ഷകൾക്കൊത്തുയർന്നില്ല എന്നദ്ദേഹം കണ്ടു. 734 ൽ ആഹാസിനോടുള്ള അദ്ദേഹത്തിന്റെ വാക്കുകൾ കേൾക്കപ്പെട്ടില്ല. 701 ൽ ഹെസക്കിയാ അദ്ദേഹത്തെ ശ്രവിച്ചു എന്നു പറയാം. അതിനാൽത്തന്നെ അക്കാലഘട്ടത്തിലെ സന്ദേശങ്ങൾ ശിക്ഷയുടെ താക്കീതുകൾ നിറഞ്ഞതാണെങ്കിലും (28–32) പ്രത്യാശയുടെ വചനങ്ങൾ അവയെ പിൻതുടരുന്നതു കാണാം.

ചരിത്രത്തിന്റെ നിർണ്ണായകമായ ഘട്ടത്തിൽ ദാവീദ് വംശത്തിലെ രാജാക്കന്മാർ ദൈവത്തിന്റെ പ്രതീക്ഷകൾക്കൊത്തുയരാതിരുന്നതിനാൽ





ഭാവിയിൽ ദാവീദു കുടുംബത്തിൽനിന്നു ദൈവഹിതം പൂർണ്ണമായി നിറവേറ്റാൻ കഴിവും സന്നദ്ധതയുമുള്ള ഒരു രാജാവു ജന്മമെടുക്കുമെന്ന് അദ്ദേഹം പ്രവചിച്ചു (9:1–6; 11:1–9; 32:1–8). ഈ രാജാവു വരുമ്പോൾ ദൈവത്തിന്റെ ഭരണം ലോകത്തു നടപ്പാക്കപ്പെടുകയും യൂദാ ദൈവത്തിന്റെ രാജ്യമായി അനുഗൃഹീതമാകുകയും ചെയ്യും. ദൈവത്തിനു സീയോനോടും ദാവീദ് ഭവനത്തോടുമുള്ള പ്രത്യേക സ്നേഹത്തിന്റെയും ദൈവത്തിന്റെ വിശ്വസ്തതയുടെയും ബഹിർസ്ഫുരണമായിരുന്നു ഇമ്മാനുവേൽ പ്രവചനം.

9–ാം അദ്ധ്യായത്തിലെ “നമുക്കായി ഒരു ശിശു ജനിച്ചിരിക്കുന്നു” (9:6) എന്ന പ്രഘോഷണം ഏതോ രാജാവിന്റെ കിരീടധാരണ സമയത്തു പാടിയ ഒരു പാട്ടായിരുന്നിരിക്കണം. കിരീടധാരണത്തോടുകൂടിയാണ് ഒരുവൻ രാജാവായിത്തീരുന്നതും തത്ഫലമായി ദൈവത്തിന്റെ ദത്തുപുത്രനായി സ്വീകരിക്കപ്പെടുന്നതും. ഈ പ്രഘോഷണം വ്യാഖ്യാനിച്ചതും മിശിഹായെക്കുറിച്ചുള്ള ഭാവി ദർശനത്തിലെത്താൻ പ്രവാചകനെ സഹായിച്ചു. 11–ാം അദ്ധ്യായത്തിലെ “ജസ്സെയുടെ കുറ്റിയിൽനിന്ന് ഒരു മുള കിളിർത്തുവരും” എന്നതു ദാവീദ് വംശത്തിന്റെ പുനസ്ഥാപനമാണ് ഉദ്ദേശിക്കുന്നത്.

### കർത്താവിന്റെ ദിനം

ആമോസിനെപ്പോലെതന്നെ (ആമോ 5:18–20) ഏശയ്യായും “കർത്താവിന്റെ ദിന”ത്തെക്കുറിച്ചു സംസാരിക്കുന്നുണ്ട് (ഏശ 13). ദൈവം ദൃശ്യമായി ലോകചരിത്രത്തിൽ പ്രവർത്തന നിരതനാകുന്ന ദിവസമാണത്. കർത്താവിന്റെ ദിനത്തെക്കുറിച്ചുള്ള ആശയങ്ങൾ അദ്ദേഹം 14 പ്രാവശ്യം അവതരിപ്പിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ ചിന്താഗതികൾ വിവരിക്കാൻ പര്യാപ്തമായ ഒരു വചനഭാഗമാണ് ഏശയ്യ 13. ദൈവത്തിന്റെ സൈന്യത്തിലേക്ക് ആളെ വിളിച്ചുകൂട്ടിക്കൊണ്ടാണ് അത് ആരംഭിക്കുന്നത്. ദൈവംതന്നെയാണു തന്റെ തെരഞ്ഞെടുക്കപ്പെട്ടവരെ ഒരുമിച്ചുകൂട്ടുന്നത്. അവരുടെ എണ്ണം വളരെ അധികമായതിനാൽ രാജ്യങ്ങൾ ഭ്രമിക്കുന്നു: “ഉച്ചത്തിൽ വിലപിക്കുവിൻ. കർത്താവിൻെറ ദിനം സമീപിച്ചിരിക്കുന്നു. സർവശക്തനിൽനിന്നുള്ള വിനാശംപോലെ അതുവരും. എല്ലാ കരങ്ങളും ദുർബലമാകും. എല്ലാവരുടെയും ഹൃദയം ഉരുകും. അവർ സംഭ്രാന്തരാകും. കഠിനവേദനയും ദുഃഖവും അവരെ ഗ്രസിക്കും. ഈറ്റുനോവെടുത്തവളെപ്പോലെ അവർ പിടയും. അവർ പരസ്പരം തുറിച്ചു നോക്കുകയും അവരുടെ മുഖം ജ്വലിക്കുകയും ചെയ്യും. ഇതാ, കർത്താവിൻെറ ക്രൂരമായ ദിനം ആസന്നമായിരിക്കുന്നു...” (13:6–18). ദൈവംതന്നെ യുദ്ധക്കളത്തിലിറങ്ങുമെന്നതാണ് ഒരു പ്രത്യേകത. ഭൂമികുലുക്കമുണ്ടാവുകയും നക്ഷത്രങ്ങൾ പ്രകാശം ചൊരിയാതിരിക്കുകയും ചെയ്യും. അനേകരാജ്യങ്ങൾ പങ്കെടുക്കുന്ന ഒരു യുദ്ധമാണത്.

യുദ്ധമവസാനിക്കുമ്പോൾ ഇസ്രായേൽ രക്ഷിക്കപ്പെടുമെന്നും അന്യരാജ്യങ്ങൾ അവർക്കു സേവചെയ്യുമെന്നും പ്രവാചകൻ വിവരിക്കുന്നു (ഏശ 14). ഏശയ്യ 34 ൽ ഇത് ശിഷ്ടർക്കു പ്രതിഫലം നൽകപ്പെടുന്ന ദിനമായി പറയപ്പെടുന്നു (34:8). ഇസ്രായേലിന്റെ ശത്രുവായ ഏദോമിനെ ദൈവം വാളുപയോഗിച്ച് നശിപ്പിക്കും. അവരുടെ ദേശം നശിക്കുകയും

അവിടെ വന്യമൃഗങ്ങൾ വസിക്കുകയും ചെയ്യും. കർത്താവിന്റെ യുദ്ധത്തിന്റെ പശ്ചാത്തലമൊരുക്കി ആകാശത്തിൽ വലിയ അടയാളങ്ങൾ പ്രത്യക്ഷപ്പെടും (ഏശ 34:4). കർത്താവിന്റെ ദിനത്തിൽ ദുഷ്ടർക്കു ശിക്ഷയും ശിഷ്ടർക്കു രക്ഷയും ഉണ്ടാകുമെന്നതാണു പ്രത്യേകത. അതാസന്നമാണെന്നു ചില വചന ഭാഗങ്ങളും (5:21-30; 7:18, 20, 21, 23) അത് സമീപ ഭാവിയിലോ വിദൂരഭാവിയിലോ ആണെന്നു മറ്റു ചില വചനങ്ങളും പറയുന്നു (2:2-4; 13-27). അതു കർത്താവിനു ലോകമാസകലമുള്ള അധികാരം വെളിവാകുന്ന ദിനമാണ്. അന്നു ദൈവത്തിന്റെ പദ്ധതിയനുസരിച്ചു ചരിത്രം മുന്നോട്ടു പോകും.

**ശിഷ്ടഭാഗം**

കർത്താവിന്റെ ദിനത്തിൽ ദുഷ്ടന്മാരെല്ലാം ഉൻമൂലനം ചെയ്യപ്പെടുമ്പോൾ അവശേഷിക്കുന്ന ശിഷ്ടരെയാണു വിശുദ്ധമായ ശിഷ്ടഭാഗമെന്ന് ഏശയ്യായും പ്രവാചകന്മാരും വിളിക്കുന്നത് (ഏശ1:9; 4:2; 10:20; 37:32; 4:3; 7:22). കർത്താവിന്റെ ശിക്ഷയുടെ ദിനം ദുഷ്ടരെ ഉൻമൂലനം ചെയ്യുന്നതോടൊപ്പം ശിഷ്ടരെ ശുദ്ധീകരിക്കുകകൂടി ചെയ്യും. ചിതറിക്കപ്പെട്ടവർ ഒരുമിച്ചു കൂട്ടപ്പെടും (11:10-16). അവർ ഒരു പുതിയ തുടക്കത്തിനുള്ള പുതിയ ബീജമായിരിക്കും (37:31-32): "ഇസ്രായേലിൽ അവശേഷിച്ചവരും യാക്കോബിൻെറ ഭവനത്തിൽ ജീവിച്ചിരിക്കുന്നവരും തങ്ങളെ പ്രഹരിച്ചവനിൽ അന്ന് ആശ്രയിക്കുകയില്ല. അവർ ഇസ്രായേലിൻെറ പരിശുദ്ധനായ കർത്താവിൽ തീർച്ചയായും ശരണംവയ്ക്കും. അവശേഷിക്കുന്ന ഒരു ഭാഗം-യാക്കോബിൻെറ സന്തതികളിൽ അവശേഷിക്കുന്ന ഒരു ഭാഗം - ശക്തനായ ദൈവത്തിങ്കലേക്കു തിരിയും. നിങ്ങളുടെ ജനമായ ഇസ്രായേൽ കടലിലെ മണൽത്തരിപോലെയാണെങ്കിലും അവശേഷിക്കുന്നവരിൽ ഒരു ഭാഗം മാത്രമേ തിരിയുകയുള്ളൂ. നീതി കവിഞ്ഞൊഴുകുന്ന വിനാശം നിശ്ചയിക്കപ്പെട്ടിരിക്കുന്നു" (10:20-22). ഈ ശിഷ്ടഭാഗമാണു ഭാവിയുടെ പ്രത്യാശ. ഈ പ്രത്യാശയാണ് ഏശയ്യായുടെ ആദ്യകുഞ്ഞു നൽകുന്നതും: ഷെയാർ യെഷൂവ് (7:3).

തന്റെ ജീവിതകാലത്തു രാജാവിനെയും യൂദായിലെ ജനങ്ങളെയും സ്വാധീനിക്കാൻ കഴിഞ്ഞു എന്നതിനെക്കാൾ അതിനുശേഷം ജീവിച്ച അനേക നൂറ്റാണ്ടുകളിലെ ജനങ്ങൾക്കു വചനത്തിന്റെ വെളിച്ചം പകരാൻ കഴിഞ്ഞു എന്നതാണ് ഏശയ്യാ പ്രവാചകന്റെ പ്രത്യേകത. ധാർമ്മികമായ ഉൾക്കാഴ്ചകളും ചരിത്രത്തെക്കുറിച്ചു യാഥാർത്ഥ്യ ബോധത്തോടെയുള്ള മുന്നറിയിപ്പുകളും കാലപ്പഴക്കത്തിൽ ഒളിമങ്ങാത്ത പ്രത്യാശയും നിറഞ്ഞവചനങ്ങളാണ് ഏശയ്യാ പ്രവചിച്ചത്. അതുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ വചനങ്ങൾ വലിയ ആദരവോടെയാണു പിന്നീടു വന്ന വിശ്വാസികൾ ദർശിച്ചത്. അദ്ദേഹത്തിന്റെ സന്ദേശം ഉൾക്കൊണ്ട വിപ്രവാസികൾ തങ്ങൾക്കുലഭിച്ച ദൈവികസന്ദേശം അദ്ദേഹത്തിന്റേതിനോടു ചേർത്തുവച്ചു. അതാണു രണ്ടാം ഏശയ്യ (40-53). വിപ്രവാസത്തിൽനിന്നു തിരിച്ചുവന്നവരും ഈ ചരിത്രം ആവർത്തിക്കുകയും അവരുടെ ചിന്തകളും ഏശയ്യായുടെതിനോടു ചേർത്തു വയ്ക്കുകയും ചെയ്തു. ഇതാണു മൂന്നാം ഏശയ്യ (54-66). ഈ ഭാഗങ്ങളെക്കുറിച്ചു പിന്നീടു ചർച്ച ചെയ്യുന്നതാണ്. പുതിയനിയമത്തിൽ ഏറ്റവും അധികം ഉദ്ധരിക്കപ്പെടുന്നത്





ഏശയ്യായുടെ ഗ്രന്ഥമായിരിക്കണം. അതിനാൽത്തന്നെ ഈ ഗ്രന്ഥത്തെ 5-ാം സുവിശേഷമെന്ന് വിളിക്കാറുണ്ട്.

**വിചിന്തനം:** രാജകൊട്ടാരത്തോടും ദൈവാലയത്തോടും ചേർന്നു ജീവിക്കുകയും ദൈവം തന്റെ നാമം സ്ഥാപിക്കാൻ തിരഞ്ഞെടുത്ത ദൈവാലയത്തിൽ അവിടുന്ന് വസിക്കുന്നുണ്ടെന്നു വിശ്വസിക്കുകയും ചെയ്ത പ്രവാചകനാണ് ഏശയ്യ. ദൈവാലയത്തിൽവച്ചു തനിക്കുണ്ടായ ദൈവദർശനത്തിന്റെ അടിസ്ഥാനത്തിലും ദൈവത്തിന്റെ മുൻകാല വാഗ്ദാനങ്ങളുടെ അടിസ്ഥാനത്തിലും (നാഥാൻ) ചരിത്രത്തേക്കുറിച്ചു ധ്യാനിച്ച ഏശയ്യ ദാവീദിന്റെ പുത്രനായ മിശിഹായെക്കുറിച്ചു പ്രവചിക്കുകയും ദൈവവചനചരിത്രത്തിൽ സുപ്രധാനസ്ഥാനം നേടുകയും ചെയ്തു. ദൈവത്തിന്റെ വാഗ്ദാനത്തിലുള്ള അടിയുറച്ച വിശ്വാസമാണു ചരിത്രത്തിലെ പ്രതികൂലമായ സംഭവങ്ങളിൽപ്പോലും പ്രത്യാശയോടെ നിലനിൽക്കാൻ ഏശയ്യയെ സഹായിച്ചത്.

## 38. മിക്കായ (മൊറേഷത്തിലെ മിക്കായ)

ഹെസക്കിയായുടെ കാലത്ത് (715-687) മിക്കായാ പ്രവചനം നടത്തി എന്ന ജറെമിയാ പ്രവാചകന്റെ (ജറെ 26:18) പ്രസ്താവനയാണു മൊറേഷത്തുകാരനായ മിക്കായായുടെ ജീവിതത്തെക്കുറിച്ചു നമുക്കറിയാവുന്ന കാര്യം (ബി.സി. 720-). ഗ്രന്ഥത്തിന്റെ തലക്കെട്ടിൽ മിക്കായായ്ക്കു യോഥാം, ആഹാസ്, ഹെസക്കിയ എന്നീ രാജാക്കന്മാരുടെ കാലത്തു (742-687) കർത്താവിന്റെ അരുളപ്പാടുണ്ടായി എന്നു പറയുന്നുണ്ട്. മറ്റൊരു വിവരവും പ്രവാചകനെക്കുറിച്ചു നമുക്കു ലഭ്യമല്ല. മിക്കാ എന്നതു മിക്കായാ എന്നതിന്റെ ചെറുരൂപമാണ്. മിക്കായാ എന്നാൽ കർത്താവിനെപ്പോലെ ആരുണ്ട് എന്നാണർത്ഥം (മി + കാ + യ = who + like + Yahweh?). മൊറേഷത്ത് ദിനവൃത്താന്തത്തിൽ പറയുന്ന മൊറേഷത്ത് ഗാത്ത് ആയിരിക്കണം (2ദിന 11:8). ബി. സി. 722 ലെ സമരിയായുടെ പതനത്തിനു തൊട്ടുമുമ്പു മിക്കായാ യൂദായിലെ മെറേഷത്തിൽ പ്രവർത്തനമാരംഭിച്ചു (1:6-7). "നിങ്ങൾ നിമിത്തം സീയോൻ വയൽപോലെ ഉഴുതുമറിക്കപ്പെടും..." എന്നു പ്രവാചകൻ പറയുന്നതു (3:12) 701 ലെ സെന്നാക്കെരീബിന്റെ ആക്രമണത്തിന്റെ പശ്ചാത്തലത്തിലായിരിക്കണം. അതുകൊണ്ട് 722 നുശേഷം 600 കളുടെ ആരംഭംവരെ അദ്ദേഹം പ്രവർത്തനനിരതനായിട്ടുണ്ടാവണം. ദാവീദിന്റെ കുടുംബത്തിൽനിന്നു വരാനിരിക്കുന്ന രാജാവു ദാവീദിന്റെ പട്ടണമായ ബേത്‌ലഹേമിൽ ജനിക്കുമെന്നു പ്രവചിച്ചതു മിക്കായാ ആണ് (5:2).

**പശ്ചാത്തലം**

മിക്കായാ പ്രസംഗിച്ചത് ആഹാസ്, ഹെസക്കിയ എന്നീ രാജാക്കന്മാരുടെ കാലത്തായതിനാൽത്തന്നെ അദ്ദേഹം ആമോസിന്റെയും ഹോസിയായുടെയും ഏശയ്യായുടെയും സമകാലികനായിരുന്നു. 701 ലെ ഭീകരമായ ആക്രമണത്തിന്റെ ഫലങ്ങൾ അനുഭവിച്ചിരുന്ന സമൂഹത്തിലാണ് അദ്ദേഹം ജീവിച്ചിരുന്നത്. അദ്ദേഹം പേരെടുത്തു പറയുന്ന പട്ടണങ്ങൾ (1:8-16; 5:5-15) സെന്നാക്കെരീബ് 701 ൽ നശിപ്പിച്ചവയാണ്. അന്നത്തെ നിരാശാജനകമായ ചരിത്ര പശ്ചാത്തലം മിക്കാ 4:5 ൽ പ്രതിഫലിക്കു

ന്നുണ്ട്. ഏശയ്യ പ്രസംഗിച്ചതു ജറുസലേമിലാണെങ്കിൽ അവിടെനിന്ന് 21 മൈൽ തെക്കുപടിഞ്ഞാറു സ്ഥിതിചെയ്യുന്ന മൊറേഷത്തിലാണു മിക്കായായുടെ ജീവിതവും പ്രസംഗവും. അതിനാൽത്തന്നെ 701 ലെ സംഭവം ജറുസലേമിൽ ദൈവിക സംരക്ഷണത്തിന്റെ അടയാളമായപ്പോൾ നശിപ്പിക്കപ്പെട്ട മറ്റുസ്ഥലങ്ങളിൽ അതു പാപത്തിനുള്ള ശിക്ഷയുടെ അടയാളമായിരുന്നു.

**സന്ദേശം**

മിക്കായാ 3:5-8 പ്രവാചകന്റെ വിളിയുടെ വിവരണമായി കണക്കാക്കാം. "എൻെറ ജനത്തെ വഴിതെറ്റിക്കുകയും ഭക്ഷിക്കാൻ എന്തെങ്കിലും കിട്ടിയാൽ സമാധാനം എന്നു പ്രഘോഷിക്കുകയും ഭക്ഷണം കൊടുക്കാത്തവനെതിരേ യുദ്ധം പ്രഖ്യാപിക്കുകയും ചെയ്യുന്ന പ്രവാചകൻമാരെക്കുറിച്ചു കർത്താവ് അരുളിച്ചെയ്യുന്നു; നിങ്ങൾക്ക് ഇനി ദർശനമില്ലാത്ത രാത്രിയും ഭാവിഫലം അറിയാനാവാത്ത അന്ധകാരവും ആയിരിക്കും ഉണ്ടാവുക. ... ഞാനാകട്ടെ, യാക്കോബിനോട് അവൻെറ അതിക്രമങ്ങളും, ഇസ്രായേലിനോട് അവൻെറ പാപങ്ങളും വിളംബരം ചെയ്യുന്നതിനുവേണ്ടി കർത്താവിൻെറ ആത്മാവിനാലും ബലത്താലും നീതിയാലും ശക്തിയാലും നിറഞ്ഞിരിക്കുന്നു'' (3:5-8). ദൈവാത്മാവിനാൽ നിറഞ്ഞതിനാലാണു താൻ ദൗത്യത്തിനിറങ്ങുന്നത് എന്ന് അദ്ദേഹം പറയുന്നു.

അസ്സീറിയായുടെ ആക്രമണശേഷം തകർന്നുകിടന്ന സാമൂഹിക പശ്ചാത്തലത്തിലാണു പ്രവാചകൻ പ്രസംഗിച്ചത്. ദേശീയചിന്ത (5:5-15), ഭാവിയിൽ ചരിത്രം മാറിമറിയുമെന്ന പ്രത്യാശ (5:3), താഴേക്കിടയിലുള്ളവർ ഉന്നതസ്ഥാനത്തേക്കുയർത്തപ്പെടുമെന്ന പ്രതീക്ഷ (4:6-7), ഭാവിയിൽ വരാനിരിക്കുന്ന രാജാവിനെക്കുറിച്ചുള്ള പ്രതീക്ഷ (5:1-6), വരാനിരിക്കുന്ന ഒരു പുതുയുഗത്തെക്കുറിച്ചുള്ള കാഴ്ചപ്പാട് (4-5) എന്നിവയെല്ലാം മിക്കായായിൽ കാണാം. ഇസ്രായേലിന്റെയും യൂദായുടെയും അതിക്രമങ്ങൾക്കു ശിക്ഷയായി അവർ നശിപ്പിക്കപ്പെടുമെന്നു പ്രവാചകൻ പറഞ്ഞു. സമൂഹത്തിലെ 3 പ്രധാന വിഭാഗങ്ങളെയാണു തിന്മയുടെ വക്താക്കളായി മിക്കാ കുറ്റപ്പെടുത്തിയത്(3:9-12).

**1. പട്ടാളത്തലവന്മാർ**

മൊറേഷത്തിൽ സ്വന്തം വീടുകൾ പണിയുന്നതിനായി പാവപ്പെട്ടവരെ അവരുടെ ഭൂമിയിൽനിന്നൊഴിവാക്കാൻ ഇവർ പരിശ്രമിച്ചിരുന്നിരിക്കണം. അത് ഇസ്രായേലിന്റെ പാരമ്പര്യങ്ങൾക്കും സാമൂഹ്യനീതിക്കും എതിരായിരുന്നു. ഈ പട്ടാളത്തലവന്മാർ ഇസ്രായേൽക്കാർതന്നെ ആയിരുന്നു (2:1-11). മിക്കായാ അവർക്കെതിരേ പ്രസംഗിച്ചപ്പോൾ തങ്ങളും വിശ്വാസികളാണെന്നും ഇത്തരം കാര്യങ്ങൾ പ്രസംഗിക്കരുതെന്നും അവർ മിക്കായോട് കൽപ്പിച്ചു (3:11; 2:6).

**2. മൊറേഷെത്തിലെ ശ്രേഷ്ഠന്മാർ**

ഇവർ രാഷ്ട്രീയ അധികാരികളായിരുന്നു (3:1-4, 9-12). നീതിയുടെ വക്താക്കളാകേണ്ടിയിരുന്ന ഇക്കൂട്ടർ ആളുകളെ ജീവനോടെ തൊലിയുരിയുകയും അവരുടെ മാംസം അസ്ഥിയിൽനിന്നു പറിച്ചെടുക്കുകയും





അതു ഭക്ഷിക്കുകയുമാണെന്നു പ്രവാചകൻ പറഞ്ഞു (3:2-3). പ്രവാചകന്റെ കഠിനമായ ഈ വാക്കുകൾ ജറുസലേമിന്റെയും മറ്റു നഗരങ്ങളുടെയും പുനർനിർമ്മാണത്തിനുവേണ്ടി അന്നു നിലവിലിരുന്ന അടിമവേലയ്ക്കെതിരേയുള്ള പ്രഘോഷണമായിരിക്കാം. സോളമന്റെ കാലംമുതൽ ഇസ്രായേൽ വെറുത്തിരുന്ന കാര്യമായിരുന്നു അടിമവേല (1രാജ 9:15-24; 12:6-16). രാജ്യത്തെ ശക്തിപ്പെടുത്തുന്നതിനുവേണ്ടി കോട്ടകൾ നിർമ്മിക്കാൻ ഉസിയാ രാജാവ് അടിമവേല പുനരാരംഭിച്ചിരിക്കാൻ സാധ്യതയുണ്ട് (2ദിന 26:1-15; മിക്കാ 3:10). തന്മൂലം ജനത്തെ അവർ പാത്രത്തിലെ ഇറച്ചി എന്നപോലെ നുറുക്കി (മിക്കാ 3:3) എന്നു പ്രവാചകൻ പറയുന്നു. കൂടുതൽ ധനം ആർജ്ജിക്കാൻ അനീതി ചെയ്ത അധികാരികളെ പ്രവാചകൻ കുറ്റപ്പെടുത്തി (3:9-12). അവരുടെ അനീതി നിമിത്തം ജറുസലേം രക്തംകൊണ്ടു നിറഞ്ഞു (3:10). അതിനാൽ ജറുസലേം ശിക്ഷിക്കപ്പെടും. അവരുടെ വ്യർത്ഥമായ പ്രത്യാശകളെല്ലാം ശൂന്യമാകും (3:11-12).

**3. മൊറേഷത്തിലെ പ്രാചകന്മാർ**

ഈ പ്രവാചകന്മാർ പണത്തിനുവേണ്ടി പ്രവചിച്ചവരാണെന്നു മിക്കാ പറയുന്നു (3:5-8). തങ്ങൾക്കെന്തെങ്കിലും ആനുകൂല്യം നൽകുന്നവരോടു പ്രവാചകന്മാർ സമാധാനവും അല്ലാത്തവരോടു ശാപവും പ്രസംഗിച്ചു (3:5). ചുറ്റുമുള്ള തിന്മകൾ കാണാനുള്ള കാഴ്ചശക്തി നഷ്ടപ്പെട്ടുപോയ ഇവർ ജനത്തെ വഴി തെറ്റിക്കുന്നവരാണ്. അക്കാരണത്താൽത്തന്നെ അവർ കർത്താവിന്റെ സ്വരം തിരിച്ചറിയാൻ കഴിവില്ലാത്തവരായിത്തീർന്നിരിക്കുന്നു. ദൈവത്താൽ പ്രചോദിതനായാൽ മാത്രമേ ഒരു പ്രവാചകന് എന്തെങ്കിലും പറയാൻ കഴിയുകയുള്ളൂ എന്നും പ്രവാചകൻ ജനത്തിന്റെ നന്മക്കുവേണ്ടി പ്രവർത്തിക്കുന്നവനായിരിക്കണമെന്നും മിക്കായാ പഠിപ്പിച്ചു.

പ്രവാചകന്റെ അടിസ്ഥാന സന്ദേശം 1:3-5 ൽ കാണാം. വിഗ്രഹാരാധനക്കെതിരേയും (1:7; 5:13-14) ചൂഷണത്തിനെതിരേയും (2:2, 9; 3:1-2) നീതിപീഠത്തിലെ അനീതിക്കെതിരേയും (7:9; 7:3) നിഷ്കളങ്കന്റെ രക്തം ചിന്തുന്നതിനെതിരേയും (3:10) കൈക്കൂലി വാങ്ങി നീതി നടത്തുന്നതിനെതിരേയും (3:11) മന്ത്രവാദത്തിനെതിരേയും (5:12) കള്ളത്രാസിന്റെ ഉപയോഗത്തിനെതിരേയും നുണ പ്രചാരണത്തിനെതിരേയും ആക്രമണങ്ങൾക്കെതിരേയും (6:12) പ്രവാചകൻ ശബ്ദമുയർത്തി. യൂദായെയും സമരിയായെയും ശിക്ഷിക്കാൻ കർത്താവ് ആകാശത്തുനിന്നു വരുന്നു എന്നു പ്രവാചകൻ പറഞ്ഞു (1:8-9; 3:9-12). മൊറേഷത്തിനു ചുറ്റുമുള്ള 12 നഗരങ്ങളെ തന്നോടൊത്തു കരയാൻ പ്രവാചകൻ ക്ഷണിക്കുന്നു (1:10-16).

ജറുസലേമിന്റെ നാശത്തെക്കുറിച്ചു മിക്കായാ സംസാരിച്ചതിനാൽ ഇതു ഞെട്ടിക്കുന്ന ഒരു സന്ദേശമായിരുന്നിരിക്കണം. കാരണം, സീയോൻ ദൈവശാസ്ത്രം ഉയർത്തിപ്പിടിച്ച ഏശയ്യായുടെ സമകാലികനായിരുന്നു അദ്ദേഹം. ദാവീദിനുള്ള വാഗ്ദാനവും ദൈവം തെരഞ്ഞെടുത്ത സ്ഥലമെന്ന ജറുസലേമിന്റെ സ്ഥാനവും നാശത്തിൽനിന്ന് അവരെ രക്ഷിക്കുകയില്ലെന്നു മിക്കായാ പറഞ്ഞു. അതുകേട്ടവരുടെ പ്രതികരണം 2:6-7ൽ കാണാം: "പ്രസംഗിക്കരുത്, ഇത്തരം കാര്യങ്ങളെക്കുറിച്ച് ആരും

പ്രസംഗിച്ചുകൂടാ, അപമാനം നമ്മെ പിടികൂടുകയില്ല എന്ന് അവർ പ്രസംഗിക്കുന്നു...'' (2:6-7). ഒരു നൂറ്റാണ്ടിനുശേഷം ജെറമിയ ഇങ്ങനെ തന്നെ പ്രസംഗിച്ചപ്പോൾ അതുകേട്ടവരുടെ പ്രതികരണവും മറ്റൊന്നായിരുന്നില്ല (ജറെ 26:18-19; 7:15, 26).

**വിചിന്തനം:** സമൂഹത്തിലെ ഭൗതികവും ആത്മീയവുമായ നേതൃത്വമെല്ലാം അഴിമതിയിലും അന്ധകാരത്തിലും ആണ്ടുപോയപ്പോൾ മാനസാന്തരത്തിന്റെ വചനം പ്രഘോഷിക്കാൻ ദൈവത്തിനു ലഭിച്ച സ്വർണ്ണനാവായിരുന്നു മിക്കായാ. തന്റെ പേര് അന്വർത്ഥമാക്കിക്കൊണ്ടു ദൈവത്തിന്റെ ശക്തനായ വക്താവായി അദ്ദേഹം ആ സമൂഹത്തെ അഭിമുഖീകരിച്ചു. ദൈവാത്മാവിനാൽ നിറഞ്ഞ ഈ പ്രവാചകനാണു മിശിഹാ ബേത്‌ലഹേമിൽ ജനിക്കുമെന്നു പ്രവചിച്ചത്.

## 39. സെഫാനിയ

സെഫാനിയ എന്ന പേരിന്റെ അർത്ഥം "ദൈവം എന്നെ മറച്ചുവച്ചു എന്നാണ്. ജോസിയാ രാജാവിന്റെ (640-609) ഭരണത്തിന്റെ ആദ്യനാളുകളിൽ യൂദായിൽ പ്രവർത്തിച്ച പ്രവാചകനാണു സെഫാനിയ. ഗ്രന്ഥത്തിന്റെ തലക്കെട്ടിൽ പറയുന്നതനുസരിച്ച് (1:1) അദ്ദേഹം ഹെസക്കിയായുടെ കൊച്ചുപുത്രനാണ് (4-ാം തലമുറ). എന്നാൽ അമാറിയ എന്ന ഒരു പുത്രൻ ഹെസക്കിയാക്കുണ്ടായിരുന്നതായി ബൈബിളിൽ കാണുന്നില്ല. ഗ്രന്ഥത്തിന്റെ ഉള്ളടക്കം നോക്കിയാൽ അതിലെ പല കാര്യങ്ങളും ഹെസക്കിയായുടെ പുത്രനായ മനാസ്സെയുടെ കാലത്തോടാണു ചേർന്നുപോകുന്നത്.

### പശ്ചാത്തലം

ഹെസക്കിയായുടെ മതനവീകരണത്തിനുശേഷം അദ്ദേഹത്തിന്റെ പുത്രനായ മനാസ്സെ രാജാവായി. കർത്താവിലുള്ള ഹെസക്കിയായുടെ വിശ്വാസം മനാസ്സെക്കുണ്ടായിരുന്നില്ലെന്നു മാത്രമല്ല ഹെസക്കിയ നടത്തിയ മതനവീകരണത്തിനു വിരുദ്ധമായി മനാസ്സെ പ്രവർത്തിക്കുകയും ചെയ്തു. നീണ്ടകാലം ഭരിച്ച മനാസ്സെയുടെ ഭരണസമയത്തു (2രാജ 21; സെഫാ 1:4-6) രാജ്യം മുഴുവൻ വിഗ്രഹാരാധനയ്ക്കടിപ്പെട്ടുവെന്നു മാത്രമല്ല ജറുസലേമിലെ കർത്താവിന്റെ ആലയംപോലും വിഗ്രഹങ്ങൾകൊണ്ടു നിറഞ്ഞു. "അഷേറായുടെ കൊത്തുവിഗ്രഹം മനാസ്സെ ജറുസലെം ദേവാലയത്തിൽ പ്രതിഷ്ഠിച്ചു (2രാജ 21:2-9; 23:26). മനാസ്സെയുടെ നീണ്ട ഭരണകാലം അവശേഷിപ്പിച്ച വിഗ്രഹാരാധനയ്ക്കെതിരേയുള്ള ഒരു പോരാട്ടമോ അല്ലെങ്കിൽ 622-ലെ ജോസിയായുടെ (സെഫാ 1:5) മതനവീകരണത്തിനു മുമ്പുള്ള കാലഘട്ടത്തിലെ പ്രവർത്തനമോ ആകാം സെഫാനിയായുടെത്. സെഫാനിയായുടെ സ്വാധീന ഫലമായിരുന്നിരിക്കാം ജോസിയായുടെ മതനവീകരണം.

മുൻഗാമിയായ ഹോസിയായുടെയും സമകാലികനായ ജറെമിയായുടെയും എസെക്കിയേലിന്റെയും പിന്നീടു വന്ന രണ്ടാം ഏശയ്യായുടെയുമെല്ലാം പാരമ്പര്യത്തിൽപ്പെട്ടവനും തത്ഫലമായി താത്ത്വികമായി ഉന്നത നിലവാരമുള്ള ഏകദൈവവിശ്വാസം പ്രചരിപ്പിച്ചിരുന്നവനുമായി





രുന്നു സെഫാനിയ. കർത്താവു മാത്രമാണു ദൈവം എന്നു സെഫാനിയാ പറഞ്ഞു (1:4-6; 2:11; 3:9). തന്നെ അനുസരിക്കുകയും ആരാധിക്കുകയും ചെയ്യാത്ത എല്ലാവരെയും ദൈവം നശിപ്പിക്കും (1:4-6); അസ്സീറിയായുടെ തലസ്ഥാനത്തെയും (2:13-15) ഫിലിസ്ത്യരെയും (2:4-7) മൊവാബ്യരെയും അമ്മോന്യരെയും (2:8-12) ദൈവം നശിപ്പിക്കും. അതുപോലെതന്നെ വിഗ്രഹാരാധകരായ യൂദായെയും; അവരുടെ വിഗ്രഹങ്ങൾക്ക് അവരെ രക്ഷിക്കാൻ കഴിയുകയില്ല (17-18:3:1). കർത്താവു ജനതകളുടെ ദൈവങ്ങളെ ഭയപ്പെടുത്തുകയും അവ കർത്താവിനു മുമ്പിൽ ശിരസ്സു നമിക്കുകയും ചെയ്യും (2:11).

### കർത്താവിന്റെ ദിനം

"കർത്താവിന്റെ ദിനത്തെക്കുറിച്ചുള്ള സെഫാനിയായുടെ ദർശനം ആറ് വർഷങ്ങൾക്കുമുമ്പ് ആമോസ് പ്രസംഗിച്ചതിനോടു സമാനമാണ് (1:4; 7-9, 10-17). അതു വലിയ നാശത്തിന്റെ ദിനമാണ്: "അതിനാൽ, മൊറേഷെത് ഗാത്തിനു വിട നൽകുവിൻ. അക്സീബുവനങ്ങൾ ഇസ്രായേൽ രാജാക്കൻമാരെ നിരാശരാക്കും. മരേഷാ നിവാസികളേ, നിങ്ങളെ കീഴടക്കാൻ ഒരുവനെ വീണ്ടും ഞാൻ കൊണ്ടുവരും. ഇസ്രായേലിൻെറ മഹത്ത്വം അദുല്ലാം ഗുഹയിൽ ഒളിക്കും. നിങ്ങളുടെ പ്രിയപ്പെട്ട കുഞ്ഞുങ്ങളെപ്രതി ശിരസ്സ് മുണ്ഡനം ചെയ്യുവിൻ; അവർ നാടുകടത്തപ്പെടും. അതിനാൽ, കഴുകനെപ്പോലെ നിങ്ങളുടെ ശിരസ്സ് കഷണ്ടിയാക്കുവിൻ'' (1:14-16). കർത്താവു ജനതകളെ വിധിക്കാനായി വരുന്ന ദിനം ഭീതി ഉളവാക്കുന്നതാണ് (1:7-9). അന്നു ഭുമിയിലുള്ള സർവ്വജീവജാലങ്ങളുടെമേലും അവിടുന്നു വിധി നടപ്പാക്കും. ജനതകളുടെ തിന്മകൾക്കെതിരെ സാക്ഷിയായി ദൈവംതന്നെ ഉയർന്നു വരും (3:8). എന്നാൽ ആ ഭീകരദിനം ആഗതമാകുന്നതിനുമുമ്പ് അനുതപിക്കാൻ തന്റെ ജനത്തിന് ദൈവം അവസരം നല്കിയിരിക്കുകയാണ് (2:3). ഇതു മിക്കായായുടെ ചിന്തയോടു സമാനമാണ് (മിക്ക 6:8); അതുപോലെതന്നെ പുതിയ നിയമത്തിലെ വെളിപാടു ഗ്രന്ഥത്തിലെ ദർശനത്തോടും (വെളി 16:14).

കർത്താവിന്റെ ദിനം ദൈവം മനുഷ്യരെയും മറ്റു ജീവജാലങ്ങളെയും വിധിക്കുന്ന ദിനമാണ് (1:2-3). അന്നു സൃഷ്ടജാലങ്ങളെല്ലാം നശിപ്പിക്കപ്പെടും; അതോടൊപ്പം യൂദായും ജറുസലേമും (1:4-6). കാരണം, അവർ വിഗ്രഹാരാധകരായിത്തീർന്നിരിക്കുന്നു; നാട്ടിൽ അക്രമവും വഞ്ചനയും നടമാടുന്നു (1:9). അവരുടെ ആശ്രയം സമ്പത്തു മാത്രമാണ് (1:18). അനീതിയും പീഡനവും (3:1, 3-4) അഴിമതിയും (3:5) ചതിയും വഞ്ചനയും (3:13) അതുപോലുള്ള മറ്റു തിന്മകളും പെരുകിയതാണു ദൈവം വിധികർത്താവായി വരാനുള്ള കാരണമായിത്തീർന്നത്. അവരുടെ തിന്മക്കു യൂദായെ ശിക്ഷിച്ചതിനുശേഷം അസ്സീറിയ ഉൾപ്പെട്ട അവരുടെ ചുറ്റുമുള്ള രാജ്യങ്ങളെയും ദൈവം ശിക്ഷിക്കും (2:4-3:8).

മിക്കായായെപ്പോലെതന്നെ അധികാരവർഗ്ഗത്തെ മുഴുവനും സെഫാനിയ വിമർശിക്കുന്നുണ്ട്: രാഷ്ട്രീയാധികാരികളെയും ന്യായാധിപന്മാരെയും പ്രവാചകന്മാരെയും പുരോഹിതന്മാരെയും (3:3-4; മിക്ക 3:9-11). അധികാരികളെയും ന്യായപാലകരെയും പ്രവാചകൻ താരതമ്യപ്പെടുത്തു

ന്നത് ഇരപിടിക്കുന്ന ക്രൂരരായ കാട്ടുമൃഗങ്ങളോടാണ്. ധനത്തിൽ തങ്ങളുടെ ആശ്രയം മുഴുവൻ അർപ്പിച്ചവർ കഠിനമായി ശിക്ഷിക്കപ്പെടും (1:13, 18 കാണുക). ദൈവം നടപ്പാക്കാനിരിക്കുന്ന വിധിയുടെ കാഠിന്യവും അതിന്റെ സുനിശ്ചിതത്വവും വ്യക്തമാക്കാൻ കൈയിൽ കത്തിച്ച വിളക്കുമായി തിന്മ ചെയ്യുന്നവരെ തേടിവരുന്ന ദൈവത്തെ പ്രവാചകൻ അവതരിപ്പിക്കുന്നു: "അന്നു ഞാൻ ജറുസലെമിനെ വിളക്കുമായി വന്നു പരിശോധിക്കും. കർത്താവു നൻമയോ തിൻമയോ ചെയ്യുകയില്ല എന്ന് ആത്മഗതം ചെയ്തു വീഞ്ഞിൻെറ മട്ടിൽ കിടന്നു ചീർക്കുന്നവരെ ഞാൻ ശിക്ഷിക്കും" (1:12).

### ശിഷ്ടഭാഗം

ദൈവം യൂദായെയും രാജ്യങ്ങളെയും ശിക്ഷിച്ചാലും ഒരു ശിഷ്ടഭാഗം അവശേഷിക്കും (3:19-20). ഇതു രക്ഷിക്കപ്പെട്ടവരുടെ സമൂഹമാണ്. ഫിലിസ്ത്യരെ പൂർണമായി നശിപ്പിച്ചതിനുശേഷം ആ ദേശം യൂദായുടെ ശിഷ്ടഭാഗത്തിനു മേയാനായി ദൈവം നല്കും (2:6-7). മൊവാബും അമ്മോനും ഈ ശിഷ്ടഭാഗത്താൽ കൊള്ളയടിക്കപ്പെടും. അവർ ദൈവത്തെ അന്വേഷിക്കുന്നവരാകയാൽ എളിമയുള്ളവരുമായിരിക്കും "ഞാൻ നിൻെറ മധ്യത്തിൽ വിനയവും എളിമയും ഉള്ള ഒരു ജനത്തെ അവശേഷിപ്പിക്കും, അവർ കർത്താവിൻെറ നാമത്തിൽ അഭയം പ്രാപിക്കും. ഇസ്രായേലിൽ അവശേഷിക്കുന്നവർ തിൻമ ചെയ്യുകയില്ല, വ്യാജം പറയുകയില്ല. അവരുടെ വായിൽ വഞ്ചന നിറഞ്ഞ നാവ് ഉണ്ടായിരിക്കുകയില്ല. അവർ സുഖമായി മേയുകയും വിശ്രമിക്കുകയും ചെയ്യും. ആരും അവരെ ഭയപ്പെടുത്തുകയില്ല" (3:12-13).

**വിചിന്തനം:** അന്നു ഞാൻ ജറുസലെമിനെ വിളക്കുമായി വന്നു പരിശോധിക്കും. കർത്താവ് നൻമയോ തിൻമയോ ചെയ്യുകയില്ല എന്ന് ആത്മഗതം ചെയ്തു വീഞ്ഞിൻെറ മട്ടിൽ കിടന്നു ചീർക്കുന്നവരെ ഞാൻ ശിക്ഷിക്കും (1:12).

## 40. ഹൂൽഡ

ജോസിയാ രാജാവിന്റെ കാലത്തു ദൈവാലയത്തിൽ നിക്ഷേപിക്കപ്പെട്ടിരുന്ന പണം പുറത്തെടുത്തപ്പോൾ കർത്താവു മോശവഴി നല്കിയ നിയമം അവർ ദേവാലയത്തിൽ കണ്ടെത്തി. വിഗ്രഹാരാധനയ്ക്കെതിരെ കർശനമായ നിലപാട് ഉൾക്കൊണ്ടിരുന്ന ഈ ഗ്രന്ഥത്തെക്കുറിച്ചറിയാൻ രാജാവ് അതു ഷല്ലൂമിന്റെ ഭാര്യയായ ഹുൽഡ പ്രവാചികയുടെ അടുത്തേക്കു കൊടുത്തയച്ചു (2രാജ 22:14-20; 2ദിന 34:8-28). അതു ദൈവം നല്കിയ വചനം തന്നെയാണെന്നു പ്രവാചിക രാജാവിനെ അറിയിക്കുകയും ആ വചനം കേട്ട് അനുതപിച്ച രാജാവിനെ പ്രവാചിക പ്രശംസിക്കുകയും ചെയ്തു.

വചനത്തിന്റെ കാവൽക്കാരനും വ്യാഖ്യാതാവും വചനത്തെ വേർതിരിച്ചറിയുന്നവനും പ്രവാചകനാണെന്ന് ഈ സംഭവം തെളിയിക്കുന്നു. വചനത്തെക്കുറിച്ചു സംസാരിക്കുമ്പോൾ പ്രവാചിക രാജാവിനോടു പ്രത്യേക ബഹുമാനമൊന്നും കാണിക്കുന്നില്ല. പോയി നിങ്ങളെ അയച്ചവരോടു പറയുക എന്നുപറഞ്ഞുകൊണ്ടാണു പ്രവാചിക ജോസിയ രാജാവിന്റെ ദൂതന്മാർക്ക് മറുപടി നല്കുന്നത്. ദൈവവചനത്തെക്കുറിച്ചു സംസാരിക്കുമ്പോൾ അതിന്റെ ആധികാരികത പ്രവാചകനിലാണു നിക്ഷിപ്തമായിരിക്കുന്നത് എന്നാണ് ഈ വിവരണം തെളിയിക്കുന്നത്. ഹുൽഡ പ്രവാചിക പ്രവചിച്ച ശിക്ഷ രാജ്യത്തിനുമേൽ പതിക്കുന്നതു ദിനവൃത്താന്ത ഗ്രന്ഥം വിവരിക്കുന്നുണ്ട് (2ദിന 35:20-37).





**വിചിന്തനം:** പ്രവാചകൻ വചനത്തിന്റെ കാവൽക്കാരനും വ്യാഖ്യാതാവും സത്യവചനം തിരിച്ചറിയാൻ കഴിവുള്ളവനുമായിരിക്കണം. ദൈവാത്മാവിന്റെ ശക്തിയല്ലാതെ മറ്റു പരിഗണനകൾ ഇക്കാര്യത്തിൽ അസ്വീകാര്യമാണ്.

## 41. ഹബക്കുക്ക്

ഹബക്കുക്ക് നാഹും പ്രവാചകന്റെ സമകാലികനായിരിക്കാനാണു സാധ്യത. ഹബക്കുക്ക് എന്ന പേരിന്റെ അർത്ഥം "ആലിംഗനം ചെയ്യുക" എന്നാണെന്നാണു കരുതപ്പെടുന്നത്. അക്കാഡിയനിൽ ഇത് ഒരു ചെടിയുടെ പേരാണ്. പ്രവാചകന്റെ ചരിത്രത്തെക്കുറിച്ചും ഗ്രന്ഥത്തിന്റെ ചരിത്ര പശ്ചാത്തലത്തെക്കുറിച്ചും നമുക്കു കാര്യമായി ഒന്നുംതന്നെ അറിയില്ല.

ദാനിയേലിന്റെ ഗ്രന്ഥം അദ്ദേഹത്തെ ദാനിയേലിന്റെ സമകാലികനായി ചിത്രീകരിച്ചിരിക്കുന്നു (14:1). ചില ഗ്രന്ഥങ്ങൾ അദ്ദേഹത്തെ ശിമയോൻ ഗോത്രക്കാരനായിക്കാണുന്നുണ്ട് (Lives of Prophets). യഹൂദ പാരമ്പര്യമനുസരിച്ച് അദ്ദേഹം മനാസ്സെയുടെ കാലത്താണു ജീവിച്ചിരുന്നത് (Seder Olam Rabbah 20, 2-3c. A.D.). അദ്ദേഹം ജറെമിയായുടെയും എസെക്കിയേലിന്റെയും സമകാലികനാണെന്നു പറയുന്നതോടൊപ്പം ദാനിയേലിന്റെ സമകാലികനാണെന്നും അലക്സാണ്ട്രിയായിലെ വി. ക്ലമെന്റ് പറയുന്നു. (str. 1:21). ഏലീഷാ രക്ഷിച്ച ഷൂനെംകാരി സ്ത്രീയുടെ മകനാണദ്ദേഹമെന്നു മധ്യയുഗത്തിലെ ചില വ്യാഖ്യാതാക്കൾ പറയുന്നുണ്ട്. സന്തോഷത്തിലും ദുഃഖത്തിലുമെല്ലാം പ്രാർത്ഥിക്കുന്ന മനുഷ്യനായിരുന്നു ഹബക്കുക്ക് (3:1-19). ജനത്തിനും ദൈവത്തിനുമിടയിലെ മദ്ധ്യവർത്തി എന്ന നിലയിൽ അദ്ദേഹം ജനത്തിനുവേണ്ടി പ്രാർത്ഥിക്കുന്നുണ്ട് (3:1-19).

പ്രവാചകനെ അലട്ടിയിരുന്ന, നീതിയെ സംബന്ധിക്കുന്ന രണ്ട് ചോദ്യങ്ങളും, അവയ്ക്കു ദൈവം നല്കിയ ഉത്തരങ്ങളുമാണു ഗ്രന്ഥത്തിന്റെ ആദ്യഭാഗത്തെ പ്രതിപാദന വിഷയം. നീതിമാനായ ദൈവം എന്തുകൊണ്ടു ലോകത്തിൽ അനീതി നടമാടാനനുവദിക്കുന്നു എന്നതായിരുന്നു പ്രവാചകന്റെ ആദ്യ പ്രശ്നം (1:1-4). അനീതി അനുവദിക്കുന്ന ദൈവം എങ്ങനെ നീതിമാനാകും? നീതി നടപ്പാക്കാനാണു താൻ ബാബിലോണിനെ യൂദായിലേക്ക് കൊണ്ടുവന്നിരിക്കുന്നത് എന്നതായിരുന്നു പ്രവാചകന്റെ ചോദ്യത്തിനുള്ള ദൈവത്തിന്റെ ഉത്തരം (1:5-11). ഈ മറപടിയിൽ അദ്ദേഹം സംതൃപ്തനായില്ല. കാരണം യൂദായെ ശിക്ഷിക്കുന്നതിനുവേണ്ടി എന്തുകൊണ്ടാണു ദൈവം അവരെക്കാൾ ദുഷ്ടരായ ബാബിലോണിയരെ ഉയർത്തുന്നത് എന്നതായിരുന്നു അടുത്ത പ്രശ്നം (1:12-17). കൽദായർ എന്നതു ബാബിലോണിന്റെ പേരാണ്. ബാബിലോണിനാൽ ശിക്ഷിക്കപ്പെടുന്ന യൂദാ അവരെക്കാൾ മെച്ചമാണ് (1:12-13).

ഇക്കാലം വരെയുള്ള പ്രവാചകന്മാർ ദുരിതങ്ങൾ പാപത്തിന്റെ ഫലമാണെന്നു വ്യാഖ്യാനിച്ചിരുന്നെങ്കിലും ഹബക്കുക്കിന്റെ കാലത്തും അതിനുശേഷം ജോബിലും സഭാപ്രസംഗകനിലും ഈ നിലപാടു ചോദ്യം ചെയ്യപ്പെട്ടു. പ്രവാചകന്റെ രണ്ടാമത്തെ ചോദ്യത്തിനു ദൈവം വ്യക്തമായ ഉത്തരം നല്കിയില്ല. "നീതിമാൻ തന്റെ വിശ്വാസംമൂലം ജീവിക്കും'' (2;4) എന്നതായിരുന്നു ദൈവം അദ്ദേഹത്തിനു നല്കിയ ഉത്തരം. ഭൗമിക ശക്തികളിൽ ആശ്രയിക്കുന്നതിനെക്കാൾ ദൈവത്തോടുള്ള വിശ്വസ്തതയാണു മെച്ചമെന്നു പറയാനായിരിക്കും അദ്ദേഹമാഗ്രഹിച്ചത്. വിശ്വാസത്തോടെ ദൈവത്തിന്റെ സമയത്തിനായി കാത്തിരിക്കുന്ന വ്യക്തിയാണദ്ദേഹം. യഹൂദപാരമ്പര്യം ഹബ 2:4 നെ ദൈവം നല്കിയ 613 പ്രമാണങ്ങളുടെ സംഗ്രഹമായി കരുതാറുണ്ട് (Makkot 23b-24a).

മറ്റു പ്രവാചകന്മാരെപ്പോലെത്തന്നെ ദൈവത്തെ ഒരു യുദ്ധനായകനായി ഹബക്കുക്ക് കാണുന്നുണ്ട് (3:1-9; ഹഗ്ഗ 2:21-22; സക്ക 9: 1-17; 14 :12-15; ജോയേ 3:911; ജറെ 51:20-23; വിലാ 3:12-13; ഏശ 51:9-10; 59:15-19; 63; 1-13). തിന്മക്കെതിരെ ശക്തി പ്രകടിപ്പിക്കാൻ പ്രവാചകൻ ദൈവത്തോടു പ്രാർത്ഥിക്കുന്നുണ്ട്. തന്റെ ജനത്തെ ബാബിലോണിന്റെ കരങ്ങളിൽ നിന്നു രക്ഷിക്കാനായി ദൈവം തന്റെ ശക്തി പ്രകടിപ്പിക്കും (3:13; 3:4, 6, 10, 11, 13-14). ആമോസിനെയും ഹോസിയായെയുംപോലെ സാമൂഹ്യ നീതിക്കെതിരെയും ("... ഭിത്തിയിൽനിന്നു കല്ലു വിളിച്ചുപറയും; മേൽക്കൂരയിൽനിന്നു തുലാം മറുപടി പറയും. രക്തംകൊണ്ടു നഗരം പണിയുകയും അകൃത്യംകൊണ്ടു പട്ടണം സ്ഥാപിക്കുകയും ചെയ്യു ന്നവനു ഹാ! കഷ്ടം...'' 2:5-17) ഹോസിയായെപ്പോലെ വിഗ്രഹാരധനക്കെതിരെയും അദ്ദേഹം ശബ്ദമുയർത്തി: "വിഗ്രഹംകൊണ്ട് എന്തു പ്രയോജനം? ശിൽപി തീർത്ത ലോഹബിംബവും വ്യാജോപദേഷ്ടാവും അല്ലേ അത്? മൂകവിഗ്രഹങ്ങൾ ഉണ്ടാക്കുമ്പോൾ ശിൽപി സ്വന്തം കരവിരുതിലാണ് ആശ്രയിക്കുന്നത്. തടിക്കഷണത്തോട് ഉണരുക എന്നും മൂകമായ കല്ലിനോട് എഴുന്നേൽക്കുക എന്നും പറയുന്നവനു ഹാ! കഷ്ടം. അതിനു വെളിപാടു നൽകുവാൻ കഴിയുമോ? സ്വർണവും വെള്ളിയും കൊണ്ടു പൊതിയപ്പെട്ടിരിക്കുന്നുവെങ്കിലും അതിനുള്ളിൽ ജീവശ്വാസം ഇല്ല...'' (2:18-20).

വി. പൗലോസിനെ സ്വാധീനിച്ചതും പിന്നീടു പ്രോട്ടസ്റ്റന്റ് വിപ്ലവത്തിന്റെ അടിത്തറയായിത്തീർന്നതും "നീതിമാൻ തന്റെ വിശ്വാസം മൂലം ജീവിക്കും'' എന്ന ഹബക്കുക്കിന്റെ വചനമാണ്. ഇതാണു വിശ്വാസത്തിലൂടെയുള്ള നീതീകരണം എന്ന വി.പൗലോസിന്റെ ദൈവശാസ്ത്രചിന്തയുടെ അടിസ്ഥാനം (റോമ 1:17; ഗലാ 3:11; ഹെബ്രാ 10:38-39; അപ്പ 13:41).

**വിചിന്തനം:** ആനുകാലിക പ്രശ്നങ്ങൾ വിശ്വാസത്തിന്റെ വെളിച്ചത്തിൽ കാണാനും വ്യാഖ്യാനിക്കാനുമുള്ള പരിശ്രമം പ്രവാചക ധർമ്മമാണ്. സന്തോഷത്തിലും ദുഃഖത്തിലുമെല്ലാം പ്രാർത്ഥനയുടെ ചൈതന്യം പുലർത്താൻ കഴിയുന്നത് അനുഗ്രഹപ്രദമാണ്. പരിമിതനായ മനുഷ്യന് അപരിമേയനായ ദൈവത്തിന്റെ എല്ലാ പ്രവൃത്തികളും ഗ്രഹിക്കാനാവില്ല.





## 42. നാഹും

പ്രവാചകൻ ആരാണെന്നോ അദ്ദേഹത്തിന്റെ ജന്മസ്ഥലമായി പറയപ്പെടുന്ന എൽക്കോഷ് എവിടെയാണെന്നോ നമുക്കു വ്യക്തമായ അറിവില്ല. നാഹും എന്ന പേരിന്റെ അർത്ഥം "ആശ്വാസം'' എന്നാണ്. പ്രവാചകനായ സെഫാനിയ ജോസിയായുടെ മതനവീകരണത്തിനു മുമ്പുള്ള സാഹചര്യം വെളിപ്പെടുത്തുമ്പോൾ നാഹും ജോസിയായുടെ കാലത്തു തന്നെ അദ്ദേഹം നടത്തിയ മതനവീകരണത്തിനു ശേഷമുള്ള ഒരു ചിത്രമാണു വരച്ചുകാണിക്കുന്നത്. അതുകൊണ്ടുതന്നെ യൂദായെക്കുറിച്ചുള്ള വിമർശനങ്ങളൊന്നും പ്രവാചകൻ നടത്തുന്നില്ല.

മറ്റ് പ്രവാചക ഗ്രന്ഥങ്ങളിൽ കാണുന്നതുപോലെ ഏതു കാലഘട്ടത്തിലാണു പ്രവാചകൻ പ്രസംഗിച്ചതെന്നു ഗ്രന്ഥത്തിൽ പറയുന്നില്ല. ഗ്രന്ഥത്തിന്റെ തലക്കെട്ടിൽ നിനെവെയെ സംബന്ധിക്കുന്ന പ്രവചനമെന്നു മാത്രമാണു പറഞ്ഞിരിക്കുന്നത് (1:1; 2:8; 3:7, 18). വടക്കൻ രാജ്യമായ ഇസ്രായേലിലെ പന്ത്രണ്ടു ഗോത്രങ്ങളെ 722 -ൽ കീഴടക്കുകയും ജനത്തെ മുഴുവൻ നാട്കടത്തുകയും ചെയ്ത അസ്സീറിയൻ സാമ്രാജ്യത്തിന്റെ തലസ്ഥാനമായിരുന്നു നിനെവെ. ഇസ്രായേലിൽനിന്നു നാടുകടത്തപ്പെട്ട തോബിത് ജീവിച്ചിരുന്നതു നിനെവെയിലാണ്. ഉൽപത്തി പുസ്തകമനുസരിച്ചു നിമ്രോദ് സ്ഥാപിച്ച പട്ടണങ്ങളിലൊന്നാണിത് (10:11). ചക്രവർത്തിയായ സെന്നാക്കെരീബ് വധിക്കപ്പെട്ടതു നിനെവെയിൽ വെച്ചാണ് (2രാജ 19:36-37, 38). ദൈവം യോനാ പ്രവാചകനെ പ്രസംഗിക്കനയച്ചതു നിനെവെയിലേക്കാണ് (യോന 1:2, 3:2)

ബി.സി. 701 ൽ യൂദായെ ആക്രമിച്ചതും അസ്സീറിയാ തന്നെയായിരുന്നു. നാഹുമിനെപ്പോലെതന്നെ സെഫാനിയായും നിനെവെയെ അപലപിക്കുന്നുണ്ട് (സെഫാ 2:13-15). അസ്സീറിയാക്കെതിരെയുള്ള ഒരു പൊതുവികാരമായിരിക്കാം ഇവിടെ വെളിവാകുന്നത്. ഇസ്രായേലിലെ കുപ്രസിദ്ധനായ വിഗ്രാഹാരാധകൻ മനാസ്സെ അസീറിയായെ സേവിക്കുകയും അവർക്ക് ഇഷ്ടമുള്ള ദൈവങ്ങളെയെല്ലാം ആരാധിക്കുന്നതിന് ഇസ്രായേൽക്കാരെ പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്നു (1:9-15). ഇതിനുള്ള പ്രതികാരമായിട്ടായിരിക്കാം പ്രവാചകൻ അസ്സീറിയായുടെ നാശം വിവരിക്കുന്നത്.

ഈജിപ്തിലെ ഒരു പ്രധാന പട്ടണമായിരന്നു തേബസ്. ഈ വാക്കിനു പട്ടണം എന്നും ഈജിപ്തിലെ ദൈവമായ അമോണിന്റെ പട്ടണം എന്നും അർത്ഥമുണ്ട്. ബൈബിളിൽ ഇതിന്റെ പേര് നോ അല്ലെങ്കിൽ നോഅമോൺ എന്നാണ് (ജറെ 46:25; എസെ 30:14-16; നാഹും 3:8). ബി.സി. 663 ൽ അസ്സീറിയക്കാർ നോഅമോൺ നശിപ്പിച്ചു. ഇത് അനുസ്മരിച്ചുകൊണ്ടാണു നാഹും നിനെവെയെ കുറ്റംവിധിക്കുന്നത് (3:8-10). ബി.സി. 701 ൽ അസ്സീറിയ ചക്രവർത്തി ജറുസലേമിനെ അക്രമിച്ചപ്പോൾ യൂദാ രാജാവായ ഹെസക്കിയ ചക്രവർത്തിക്കു വിധേയത്വം പ്രഖ്യാപിക്കുകയും കപ്പം കൊടുത്തു സാമന്തനായിത്തീരുകയും ചെയ്തു. മഹാശക്തിയായ അസ്സീറിയായെ എതിർത്തതുകൊണ്ടു ഫലമില്ലെന്നു യൂദാനിവാസികൾക്കു മനസിലായി. എന്നാൽ ജോസിയായുടെ കാലമായപ്പോഴേക്കും അസ്സീറിയൻ പാളയത്തിൽ വിള്ളൽ കണ്ടുതുടങ്ങി. ഈ സാഹചര്യത്തിൽ

കാര്യങ്ങൾക്ക് ഭാവിയിൽ മാറ്റം സംഭവിക്കുമെന്നു ചിന്തിച്ചു തുടങ്ങിയവരിൽ ഒരുവനായിരുന്നു പ്രവാചകനായ നാഹും. നിനെവെയുടെ നാശമാണ് അദ്ദേഹത്തിന്റെ വിഷയം (1:11, 12; 2:1; 3:19). അസ്സീറിയായ്ക്കെതിരെയുള്ള കർത്താവിന്റെ വാക്കുകളോടെയാണു ഗ്രന്ഥം അവസാനിക്കുന്നത് (3:19).

പ്രവാചകൻ യൂദായെ ശപിക്കുകയോ മാനസാന്തരത്തിനു ക്ഷണിക്കുകയോ ചെയ്യുന്നില്ല. എന്നാൽ അസ്സീറിയായുടെ പതനത്തിൽ അദ്ദേഹം വലിയ സന്തോഷം പ്രദർശിപ്പിക്കുന്നുമുണ്ട്. അസ്സീറിയായുടെ നാശം സമാധാനത്തിന്റെയും നീതിയുടെതുമായ പുതിയ ഒരു യുഗപ്പിറവിക്കു സഹായകമാകുമെന്ന് അദ്ദേഹം കരുതുന്നു (2:1). യൂദായെ ഇനി കർത്താവു വേദനിപ്പിക്കുകയില്ല (1:12). ലോകനിയന്താവായ ദൈവം യൂദായെ രക്ഷിക്കാനായി അസ്സീറിയായെ ശിക്ഷിക്കും (1:2). ചരിത്രത്തിൽ അസ്സീറിയായെ നശിപ്പിച്ചതു മേദിയക്കാരും ബാബിലോണിയരുമാണെങ്കിലും കർത്താവാണ് അത് ചെയ്തതെന്നു പ്രവാചകൻ പറയുന്നു (1:3-4).

**കർത്താവിന്റ ദിനം**

രണ്ടും മൂന്നും അദ്ധ്യായങ്ങളിൽ, മറ്റു പ്രവാചകന്മാർ പ്രസംഗിക്കാറുണ്ടായിരുന്ന കർത്താവിന്റെ ദിനത്തെക്കുറിച്ചുള്ള ആശയങ്ങൾ കാണാം. പ്രവാചന്മാരുടെ പൊതുചിന്തയനുസരിച്ചു കർത്താവിന്റെ ദിനമെന്നാൽ ദൈവം തന്റെ ശത്രുക്കളുടെമേൽ തന്റെ ശക്തി തെളിയിക്കുകയും അവരുടെമേൽ നീതി നടത്തുകയും ചെയ്യുന്ന ദിനമാണ് (സെഫാ 1:15-18; നാഹു 1:2; ഏശ 13 :6). കർത്താവിന്റെ ദിനത്തിൽ സംഭവിക്കാനിരിക്കുന്ന ചുറ്റുമുള്ള രാജ്യങ്ങളുടെ നാശത്തെക്കുറിച്ച്, ആമോസ് പ്രവചിച്ചിരുന്നു (1:3-2:3). എല്ലാ രാജ്യങ്ങളും കർത്താവിന്റെ ദിനത്തിൽ സീയോനിലേക്കു വരുമെന്ന് ഏശയ്യായും മിക്കായും പ്രസംഗിച്ചു (ഏശ 2:2-4; മിക്ക 4:1-3). ദൈവം തന്റെ സാർവ്വത്രികാധികാരത്തിന്റെ പ്രകാശനമായി ചുറ്റുമുള്ള രാജ്യങ്ങളുടെമേൽ കർത്താവിന്റെ ദിനത്തിൽ വിധി പ്രസ്താവിക്കുമെന്ന് ഏശയ്യാ പറഞ്ഞു (ഏശ 13-23). ഇസ്രായേലിനെയും യൂദായെയും ശിക്ഷിക്കാൻ കർത്താവു തന്നെയാണ് അസ്സീറിയായെ കൊണ്ടുവരുന്നതെന്നും ഏശയ്യാ പറഞ്ഞു (7:18-20; 10:5). ലോകത്തുള്ള എല്ലാ രാജ്യങ്ങളും ദൈവത്തിന്റെ അധികാരത്തിൻ കീഴിലാണെന്ന സന്ദേശമാണു നാഹും വികസിപ്പിക്കുന്നത്. ദൈവം അനീതിയെ ശിക്ഷിക്കും (നാഹും 3: 1-3). ദൈവത്തിന്റെ ന്യായവിധിയുടെ ആ ദിനം ദൈവജനത്തിന് ആനന്ദകരമായിരിക്കും. കാരണം, അന്നു ദൈവം കുറ്റക്കാരായ എല്ലാവരെയും ശിക്ഷിക്കുകയും നശിപ്പിക്കുകയും ചെയ്യും.

ലോകത്തിന്റെ മുഴുവൻ സ്രഷ്ടാവും വിധികർത്താവുമായ ഈ ദൈവം ശക്തനായ ഒരു യുദ്ധവീരനാണ് (1:2-8; സെഫാ 1:18; ആമോ 1:2). കടലിനെയും പുഴകളെയും ഉണക്കുക എന്നതു കെറീത്തിലെ ബാൽ ആരാധനയുമായി ബന്ധപ്പെട്ട ഒരു വിശ്വാസമാണ് (പുറ 1, ജോഷ്വ 3). കർത്താവ് തന്റെ ദിനത്തിൽ ആഗതനാകുന്നതു മിന്നൽപ്പിണർ, കൊടുങ്കാറ്റ്, മേഘം, അഗ്നി എന്നീ ദൂതന്മാരാൽ അനുഗതനായാണ് (1:3, 6). ബാബിലോൺ ശത്രുവായ നിനവെയെ കീഴ്പ്പെടുത്തുന്നത് 2:1-12 ൽ വിവരിക്കുന്നു. ഇതു ദൈവം നയിക്കുന്ന യുദ്ധമാണ്. ഇനിയെങ്കിലും കൂടുതൽ സ്വതന്ത്രമായ ഒരു ജീവിതം സാധ്യമാകുമല്ലോ എന്ന പ്രത്യാശയാണു (1:12-15) നിനെവെയുടെ പതനത്തിൽ പ്രവാചകന്റെ ആഹ്ലാദത്തിനു കാരണമായിത്തീരുന്നത്.





നാഹുമിന്റെ സ്വാധീനം പുറ 34:4-7-ൽ വ്യക്തമായി കാണാം (1:3, 7). കോപിക്കുന്നതിൽ വിമുഖനായ ദൈവം കുറ്റക്കാരെ വെറുതെ വിടാത്തവനാണ് (സങ്കീ 145:8).

**വിചിന്തനം:** ആരംഭംമുതൽ തിന്മയുടെ പ്രതീകമായിരുന്നു നിനെവേ. നിനെവേക്കാർ ദൈവജനത്തെ (യൂദായെ) തിന്മചെയ്യാൻ പ്രേരിപ്പിച്ചതിനാൽ ദൈവജനത്തിന്റെ രക്ഷക്കുവേണ്ടി ആ ദുഷ്ടർ നശിക്കണമെന്നു പ്രവാചകൻ ആഗ്രഹിച്ചു. ദൈവജനത്തിന്റെ രക്ഷയെക്കുറിച്ച് ആകുലനാവുക എന്നതു പ്രവാചകധർമ്മമാണ്.

## 43. ജറെമിയ

ജറെമിയ എന്ന പേരിന്റെ അർത്ഥം "ദൈവം ഉയർത്തട്ടെ" എന്നായിരിക്കണം. ബൈബിളിലെ ഏറ്റവും വലിയ പ്രവാചക ഗ്രന്ഥമാണിത് (ഏശയ്യാ കഴിഞ്ഞാൽ). ഏശയ്യായുടെ ഗ്രന്ഥം മൂന്നായി തിരിക്കാറുള്ളതുകൊണ്ടാണു ജറെമിയായുടെതാണു പ്രവാചക ഗ്രന്ഥങ്ങളിൽ ഏറ്റവും വലുതെന്നു പറയുന്നത്. ഇസ്രായേലിന്റെ ചരിത്രത്തിലെ ഏറ്റവും വേദനാജനകമായ കാര്യങ്ങൾക്കു സാക്ഷ്യം വഹിച്ച വ്യക്തിയാണു ജറെമിയ. ആരാണ് പ്രവാചകൻ എന്ന ചോദ്യത്തിനു ഗ്രന്ഥം വ്യക്തമായ ഉത്തരം നൽകുന്നുണ്ട്.

ജറുസലേമിന് കിഴക്കുള്ള അനത്തോത്തിലെ ഒരു പുരോഹിത കുടുംബത്തിലാണു പ്രവാചകൻ ജനിച്ചത്. ബൈബിളിന്റെ വിവരണമനുസരിച്ച് ഇതു പുരോഹിതർക്കു ലഭിച്ച സ്ഥലമാണ് (ജോഷ്വ 27:18). ജറെമിയ സോളമൻ പുരോഹിതസ്ഥാനത്തു നിന്നു നീക്കം ചെയ്ത് അനത്തോത്തിലേക്കയച്ച അബിയാത്തറിന്റെ പിൻതലമുറക്കാരനാകാൻ സാധ്യതയുണ്ട് (1രാജ 2:26-27). ബി. സി. 650 ൽ ആണ് അദ്ദേഹം ജനിച്ചത്. 20 വയസായപ്പോൾ അതായത് ജോസിയായുടെ 13-ാം ഭരണവർഷം അദ്ദേഹം തന്റെ വിളി സ്വീകരിച്ചു (627 ൽ, ജറെ 1:1-2). യൂദായിലെ അഞ്ചു രാജാക്കന്മാരുടെ കാലത്ത് അദ്ദേഹം പ്രസംഗിച്ചു. ജോസിയ (640-609), യഹോവാഹാസ് (ചുരുങ്ങിയ കാലം) യാഹോയാക്കിം (609-598), യഹോയാച്ചിൻ (ചുരുങ്ങിയ കാലം), സെദക്കിയ (598-586).

ജോസിയായുടെ ഭരണകാലത്തു നിയമഗ്രന്ഥം കണ്ടെടുത്തതു ജറെമിയായുടെ പിതാവോ അദ്ദേഹവുമായി അടുത്തു ബന്ധമുള്ള മറ്റാരെങ്കിലുമോ ആകാം. കണ്ടെടുത്ത നിയമഗ്രന്ഥത്തിലധിഷ്ഠിതമായ ഏകദൈവ വിശ്വാസത്തിനു ജറെമിയായും അദ്ദേഹത്തിന്റെ കൂടെയുള്ളവരും വലിയ പ്രാധാന്യം കൊടുത്തിരുന്നു. അദ്ദേഹത്തിന്റെ പിതൃസഹോദരനായ ഷല്ലൂമിന്റെ പുത്രൻ ഹനാമേലിന് അനത്തോത്തിൽ സ്ഥലമുണ്ടായിരുന്നു (ജറെ 32). മോശയെപ്പോലൊരു പ്രവാചകനായാണു ഗ്രന്ഥം ജെറെമിയായെ ചിത്രീകരിക്കുന്നത് (1:9 = നിയ 18:18). ചടുലവും കാവ്യാത്മകവും പ്രചോദിതവുമായ ഭാഷയിൽ ജറെമിയ സംസാരിച്ചു. ദൈവത്തിന്റെ ഹൃദയവികാരങ്ങൾ സ്വന്തം വികാരങ്ങളിലൂടെ പ്രകടിപ്പിക്കാൻ ജറെമിയായ്ക്കു

കഴിഞ്ഞിരുന്നു. തന്റെ ദൗത്യനിർവ്വഹണത്തിനായി അവിവാഹിതനായി ജീവിക്കണമെന്നു ദൈവം കൽപിച്ചത് ജറെമിയായോടാണ് (16:1-4). "ഉടമ്പടിയുടെ പ്രവാചകൻ,'' "കണ്ണീരിന്റെ പ്രവാചകൻ'' എന്നൊക്കെ അദ്ദേഹം അറിയപ്പെടുന്നുണ്ട്.

ദൈവിക പ്രചോദനത്തിനായി സ്വയം സമർപ്പിച്ച പ്രവാചകൻ 45 വർഷം നീണ്ടുനിന്ന (627-582) തന്റെ ദൗത്യനിർവ്വഹണത്തിനായി ശാരീരികവും മാനസികവുമായി വളരെയേറെ സഹിക്കേണ്ടിവന്നു. എന്നാൽ ദൈവത്തിന്റെ ഹിതമറിഞ്ഞ പ്രവാചകൻ പ്രവചിച്ചതെല്ലാം നിറവേറി. അതാണ് ജെറമിയായെ പ്രവാചകരിൽ പ്രധാനിയാക്കുന്നത്. ദൈവദാനമായ വാഗ്ദത്ത ദേശവും ദൈവത്തിന്റെ ഇരിപ്പിടമായ വിശുദ്ധസ്ഥലവും നശിപ്പിക്കപ്പെടുമെന്നും ജനം ബാബിലോണിലേക്കു നാടു കടത്തപ്പെടുമെന്നും പ്രവചിക്കുകയും തന്റെ പ്രവചനം നിറവേറുന്നതു (ബി.സി. 586) നേരിൽ കാണുകയും ചെയ്ത ദൈവമനുഷ്യനായിരുന്നു അദ്ദേഹം. രാജ്യത്തെ കീഴടക്കിയ ബാബിലോണിനെതിരെ പ്രവചനങ്ങളൊന്നും നടത്താതിരുന്നതിനാൽ ജറുസലേം നശിപ്പിക്കപ്പെട്ടപ്പോൾ യൂദാരാജാവു ജയിലിൽ അടച്ചിരുന്ന അദ്ദേഹം സ്വതന്ത്രനാക്കപ്പെട്ടു. പിന്നീടു സ്വന്തം ദേശവാസികളാൽ ബന്ധിതനായി ഈജിപ്തിലേക്കു നാടുകടത്തപ്പെടുകയും അവിടെവെച്ചു മരിക്കുകയും ചെയ്തു (2രാജ 25:26; ജറെ 40-46). സമയത്തിന്റെ പൂർത്തിയിൽ ദൈവം ഇസ്രായേൽ-യൂദ ഭവനവുമായി പുതിയ ഒരു ഉടമ്പടി സ്ഥാപിക്കുമെന്നു പ്രവചിച്ചതു ജറെമിയായാണ് (ജറെ 31:31-34).

**ചരിത്രപശ്ചാത്തലം**

ജോസിയാ രാജാവിന്റെ ഭരണ കാലത്താണു (640 -609) ജറെമിയാക്ക് ആദ്യമായി ദൈവവിളി ലഭിക്കുന്നത് (627 ൽ). ജോസിയ ഭരണമേൽക്കുമ്പോൾ മെസൊപ്പോട്ടേമിയായിൽ അസ്സീറിയയായിരുന്നു വലിയ സാമ്രാജ്യശക്തി. 3-ാം ശതാബ്ദം മുതൽ സാംസ്കാരിക കേന്ദ്രവും വലിയ പട്ടണവും അധികാരകേന്ദ്രവുമായിരുന്നു ബാബിലോൺ (2113-2006). ഹമ്മുറാപിയുടെ (ഹമ്മുറാബി) കാലത്ത് ഈ പട്ടണം കൂടുതൽ പ്രധാനപ്പെട്ടതായിത്തീരുകയും (1792-1742) തെക്കൻമെസൊപ്പോട്ടേമിയ മുഴുവനും സ്വാധീനം ചെലുത്തുകയും ചെയ്തു. പിന്നീടു ശക്തിപ്രാപിച്ച പഴയ അസ്സീറിയൻ രാജ്യം (1400-1200 ബി.സി.) ബാബിലോണിനെ കീഴടക്കാനാഗ്രഹിക്കുകയും തുഗുൾത്തി നിൻമർത്താ 1-ാമന്റെ കാലത്തു (1244-1208) ബാബിലോണിനെ ഭാഗികമായി നശിപ്പിക്കുകയും ചെയ്തു. എന്നാൽ, തുടർന്നുവന്ന അസ്സീറിയൻ ചക്രവർത്തിയായ തിഗ്ളത്ത് പിലേസർ 3-മൻ (745-727) ബാബിലോണിനെ അസ്സീറിയായോടു ചേർന്നു നിൽക്കുന്ന ഒരു സ്വതന്ത്രരാജ്യമായി അംഗീകരിച്ചു. ബാബിലോണിലെ രാജാവെന്ന നിലയിൽ അദ്ദേഹം പൂൽ (Pulu) എന്ന പേരാണു സ്വീകരിച്ചത് (2 രാജ 15:19). പിന്നീടുവന്ന ചക്രവർത്തി ഷാൽമനാസറും ഈ പാരമ്പര്യം പിൻതുടർന്നു.

എന്നാൽ, മെരദോഹ് ബലദാം എന്ന കൽദായന്റെ വിപ്ലവത്തിന്റെ ഫലമായി 689 ൽ സെന്നാക്കെരീബിനു ബാബിലോണിനെ പൂർണ്ണമായി നശിപ്പിക്കേണ്ടിവന്നു. തുടർന്നു ചക്രവർത്തിയായി വന്ന എസാർഹദ്ദോൻ (680- 669) ബാബിലോൺ പുതുക്കിപ്പണിയുകയും തന്റെ ജീവിതാവസാനത്തിൽ തന്റെ സാമ്രാജ്യം അസ്സീറിയ, ബാബിലോൺ എന്നീ രണ്ടു സാമ്രാജ്യങ്ങളായി തിരിച്ചു തന്റെ രണ്ടു മക്കൾക്കായി (അസുർബനിപ്പാൾ, ഷമഷ്-ഷും -ഉക്കിൻ) നൽകുകയും ചെയ്തു. ബാബിലോണിനെ പൂർണ്ണമായി സ്വതന്ത്രമാക്കാനാഗ്രഹിച്ച ഷമഷ്-ഷും-ഉക്കിനിൽനിന്ന് അസുർബാനിപ്പാൾ ബാബിലോൺ പിടിച്ചെടുത്തു.





പിന്നീടുവന്ന കാലഘട്ടത്തിൽ ബാബിലോൺ പ്രദേശം ഭരണസീമയിൽനിന്ന് അവഗണിക്കപ്പെട്ടുകിടന്നു. 626 ൽ മെരദോഹ് ബലദാമിനെപ്പോലെ മറ്റൊരു കൽദായൻ അവഗണിക്കപ്പെട്ടു കിടന്ന ബാബിലോണിന്റെയും ആക്കാദിന്റെയും രാജാവായി സ്വയം അവരോധിച്ചു. മേദിയായുടെയും യൂദാരാജാവായ ജോസിയായുടെയും സഹായത്തോടെ അദ്ദേഹം അസ്സീറിയായെ ബലഹീനമാക്കി. തുടർന്നുവന്ന യുദ്ധങ്ങളിൽ അസ്സീറിയായുടെ തലസ്ഥാനമായ നിനെവെയും കല, അഷൂർ എന്നീ പട്ടണങ്ങളും (615-612ൽ) നിലംപതിച്ചു. അങ്ങനെ അസ്സീറിയൻ സാമ്രാജ്യം മുഴുവൻ ബാബിലോണിന്റെ അധീനതയിലായി. ഈജിപ്തു മാത്രമായിരുന്നു അസ്സീറിയായെ പിൻതുണച്ച ശക്തി.

ബി.സി. 609-ൽ ഫറവോ നേക്കോ അസ്സീറിയായെ സഹായിക്കാൻ അങ്ങോട്ടു പുറപ്പെട്ടെങ്കിലും പലസ്തീനായിലെ മെഗിദ്ദോയിൽവച്ചു യൂദാരാജാവായ ജോസിയ ബാബിലോണിനുവേണ്ടി ഫറവോയെ തടഞ്ഞു. അവസാനം അസ്സീറിയൻ രാജാവു ഹാരാനിൽനിന്ന് ഒളിച്ചോടിയതോടെ അസീറിയൻ സാമ്രാജ്യം അവസാനിച്ചു. ഇക്കാലഘട്ടത്തിൽ ബാബിലോണിൽ നെബുക്കദ്നേസർ രണ്ടാമൻ രാജാവായി വന്നു (604-562). അദ്ദേഹമാണു പ്രശസ്തമായ നെയോബാബിലോണിയൻ സാമ്രാജ്യം സ്ഥാപിച്ചത്. ഇത് അസ്സീറിയായുടെ പൂർണ്ണമായ പതനത്തിനു കാരണമായിത്തീർന്നു. മാത്രമല്ല, ബി.സി. 605 ൽ കർക്കേമിഷ് യുദ്ധത്തിൽവച്ചു നെബുക്കദ്നേസർ ഈജിപ്തിനെ തോൽപ്പിച്ചിരുന്നു. ബി.സി. 586 ൽ യൂദായെ കീഴ്പ്പെടുത്തിയത് ഈ നെബുക്കദനേസറിന്റെ ബാബിലോണായിരുന്നു. പിന്നീടു ബാബിലോണിനെ 539 ൽ പേർഷ്യ കീഴടക്കുകയും പേർഷ്യയെ 333 ൽ അലക്സാണ്ടർ കീഴ്പ്പെടുത്തുകയും ചെയ്തു.

ജോസിയായുടെ ജീവിത കാലത്തു യൂദായിലെ രാഷ്ട്രീയസ്ഥിതി ശാന്തമായിരുന്നു. അസ്സീറിയായെ സഹായിക്കാൻപോയ ഫറവോ നേക്കോയുടെ സൈന്യത്തെ മെഗിദ്ദോയിൽ തടഞ്ഞുനിർത്താൻ ശ്രമിച്ച അദ്ദേഹം അവിടെ മരിച്ചുവീണു (2ദിന 35:25). പിതാവിനുണ്ടായിരുന്നതിനെക്കാൾ വളരെയധികം ക്ഷയിച്ച ഒരു യൂദാരാജ്യമാണു മക്കൾക്കു ലഭിച്ചത്. ജോസിയ മരിച്ച അവസരത്തിൽ മൂത്തമകനല്ലെങ്കിലും യഹോവാഹാസിനെയാണ് അദ്ദേഹം പിൻഗാമിയായി നിയമിച്ചത് (ബി.സി. 609). അവനെ ആയിരുന്നിരിക്കണം രാജാവിന്റെ ഹിതത്തിനൊത്തും അദ്ദേഹം നടത്തിയ മതനവീകരണത്തിനനുസരിച്ചും ഭരിക്കാൻ മെച്ചമായി ജോസിയ കണ്ടത് (2രാജ 23). എന്നാൽ ജോസിയായെ തോൽപ്പിച്ച ഫറവോ യഹോവാഹാസിനെ അധികാരത്തിൽനിന്നു നീക്കം ചെയ്യുകയും അവന്റെ മൂത്തസഹോദരനായ യഹോയാക്കിമിനെ (25 വയസ്സ്) യൂദാരാജാവായി അവരോധിക്കുകയും ചെയ്തു. യഹോയാക്കിം പിതാവിന്റെ മതനവീകരണത്തിനു വിരുദ്ധമായി പ്രവർത്തിക്കുകയും ഈജിപ്തിനു കീഴ്വഴങ്ങി ജീവിക്കുകയും ചെയ്തു.

ബാബിലോണിയാക്കാർ കർക്കെമിഷിൽവച്ച് ഈജിപ്തിനെ പരാജയപ്പെടുത്തുകയും അതിനെ ദുർബ്ബലമാക്കുകയും ചെയ്തപ്പോൾ (ബി.സി. 605) യഹോയാക്കിം കൂറുമാറുകയും ബാബിലോണിനോടു സന്ധി ചെയ്യുകയും ചെയ്തു. എന്നാൽ, അതു പൂർണ്ണമനസ്സോടെയുള്ള ഒരു നയതന്ത്ര ബന്ധമായിരുന്നില്ല. കാരണം, അധികം താമസിയാതെ അദ്ദേഹം ആ ബന്ധം (ബി.സി. 599) ഉപേക്ഷിക്കുകയും ബാബിലോണിനു കൊടുത്തിരുന്ന കപ്പം നിർത്തലാക്കുകയും ചെയ്തു. തൽഫലമായി അടുത്ത വസന്തകാലത്തു ബാബിലോണിയൻ സൈന്യം യൂദായിലേക്കു വരികയും കുറഞ്ഞ സമയത്തെ ഒരു ഉപരോധത്തിനുശേഷം ജറുസലേം കീഴടക്കുകയും ദൈവാലയത്തിലെ സമ്പത്തെല്ലാം കൊള്ളയടിക്കുകയും ചെയ്തു (ബി.സി. 598). യൂദായിലെ പ്രധാനികളെയും നൈപുണ്യമുള്ള പണിക്കാരെയും ബാബിലോണിലേക്കു ചക്രവർത്തി നാടുകടത്തി (2രാജ 24:10-16).

ബാബിലോണിന്റെ ഈ ഉപരോധകാലത്തു യഹോയാക്കിം മരിച്ചു. തന്റെ മകനും 18 വയസ്സുള്ള യുവാവുമായ യഹോയാച്ചിനെ രാജാവാക്കിയശേഷമാണ് അദ്ദേഹം മരിച്ചത്. നെബുക്കദ്നേസർ രാജാവ് ഭരണമേറ്റ് 3 മാസവും 10 ദിവസവും കഴിഞ്ഞപ്പോൾ (2ദിന 36:9) അദ്ദേഹം ആ യുവാവിനെ ബാബിലോണിലേക്കു കൊണ്ടുപോവുകയും ജോസിയായുടെ മറ്റൊരു മകനും യഹോയാക്കിമിന്റെ സഹോദരനുമായ 21 വയസ്സുകാരൻ മത്താനിയായെ സെദെക്കിയ എന്നപേരിൽ രാജാവായി വാഴിക്കുകയും ചെയ്തു. ഈ സംഭവം ബൈബിളിലെന്നപോലെ ബാബിലോണിയൻ ചരിത്രത്തിലും വിവരിക്കുന്നുണ്ട്.

ബാബിലോൺ ആദ്യം ജറുസലേം കീഴടക്കിയ വർഷംമുതൽ (ബി.സി. 598) ജറുസലേമിന്റെ വലിയ പതനംവരെയുള്ള (ബി.സി. 587) കാലഘട്ടം പ്രശ്നകലുഷിതമായിരുന്നു. ഉടൻതന്നെ രാജ്യം ബാബിലോണിൽനിന്നു പൂർണ്ണമായും സ്വതന്ത്രമാകുമെന്നും പ്രവാസികളെല്ലാം തിരിച്ചുവരുമെന്നും പലപ്രവാചകന്മാരും പഠിപ്പിക്കുകയും (ജറെ 27) ജനങ്ങളിൽ പലരും അതു വിശ്വസിക്കുകയും ചെയ്തിരുന്നു.

സെദെക്കിയ വളരെ ബലഹീനനായ ഒരു രാജാവായിരുന്നു. ബി.സി. 589 ൽ പുതിയ ഫറവോയായ ഹോഫ്രയുടെ സ്വാധീനത്തിൽപ്പെട്ട് സെദെക്കിയ ബാബിലോണുമായുള്ള നയതന്ത്രബന്ധം വേർപെടുത്തി. ഈ ചെറുത്തുനിൽപ്പിനെ എതിരിടാൻ നെബുക്കദ്നേസർ രാജാവ് ഉടൻ പുറപ്പെട്ടു. കാരണം ഈജിപ്ത് പലസ്തീനായിൽ ആധിപത്യം സ്ഥാപിക്കുന്നത് അദ്ദേഹത്തിന് അംഗീകരിക്കാൻ സാധിക്കുമായിരുന്നില്ല. അദ്ദേഹം യൂദായിലെത്തി നഗരങ്ങൾ കീഴ്പ്പെടുത്തുകയും 18 മാസം നീണ്ടുനിന്ന ഒരുപരോധം ജറുസലേമിനെതിരെ ഏർപ്പെടുത്തുകയും ചെയ്തു. അങ്ങനെ അദ്ദേഹം വിശുദ്ധനഗരത്തെ പട്ടിണിയിൽ കുടുക്കി. എല്ലാം നഷ്ടമായി എന്നുറപ്പായപ്പോൾ സെദെക്കിയ ജറൂസലേം വിട്ട് ഒളിച്ചോടി. എന്നാൽ ബാബിലോൺ പട്ടാളം അദ്ദേഹത്തെ പിൻതുടർന്നു പിടിക്കുകയും അദ്ദേഹത്തിന്റെ മക്കളെ അദ്ദേഹത്തിന്റെ മുമ്പിൽവച്ചുതന്നെ വധിച്ചതിനുശേഷം സെദെക്കിയായെ അന്ധനാക്കി ബാബിലോണിലേക്കു കൊണ്ടുപോവുകയും ചെയ്തു. അന്ധനും ബന്ധിതനുമായി ബാബിലോണിലെ ജയിലിൽ കിടന്നു സെദെക്കിയ മരിച്ചു.





പ്രധാനപ്പെട്ട എല്ലാ യൂദാനിവാസികളെയും നെബുക്കദ്നേസർ ബാബിലോണിലേക്കു നാടു കടത്തി. വളരെ പാവപ്പെട്ട കുറേ ആളുകളെ മാത്രം ദേശം കൃഷിചെയ്തു ജീവിക്കാനായി അവിടെ ഉപേക്ഷിച്ചു. നാട്ടിൽത്തന്നെ താമസിക്കാൻ ജറെമിയാക്കു സ്വാതന്ത്ര്യം ഉണ്ടായിരുന്നു. നെബുക്കദ്നേസർ സോളമൻ നിർമ്മിച്ച ദൈവാലയം നശിപ്പിക്കുകയും വിശുദ്ധനഗരം നാശക്കൂമ്പാരമാക്കുകയും ചെയ്തു. എന്നാൽ മറ്റു സ്ഥലങ്ങളിലെന്നതുപോലെ അന്യദേശക്കാരെ ജറുസലേമിൽ കൊണ്ടുവന്നു പാർപ്പിച്ചില്ല. യഹൂദരുടെ ആശാകേന്ദ്രമായ ദൈവാലയം നശിപ്പിക്കപ്പെട്ടെങ്കിലും ദേശം ദൈവം ഉടൻ പുനരുദ്ധരിക്കുമെന്നു കുറേ ആളുകൾ വിശ്വസിച്ചിരുന്നു. ഈ സംഭവങ്ങൾക്കെല്ലാം ദൃക്സാക്ഷിയായിരുന്നു ജറെമിയ.

**ജറെമിയായുടെ സന്ദേശം**

ജറെമിയ ഹോസിയായുടെയും നിയമാവർത്തന ഗ്രന്ഥകാരന്റെയും പാരമ്പര്യത്തിൽപ്പെട്ട പ്രവാചകനായിരുന്നു. ജറൂസലേമിനെ (സീയോനെ) കർത്താവിന്റെ ഇരിപ്പിടമെന്ന നിലയിൽ അദ്ദേഹം സ്നേഹിച്ചിരുന്നു. മറ്റു പ്രവാചകന്മാരുടേതിനെക്കാൾ ദൈർഘ്യമുള്ള പ്രസംഗങ്ങൾ നടത്തിയ ജറെമിയ യുദ്ധത്തിന്റെയും പകർച്ചവ്യാധിയുടെയും ഭീകരതയുടെയും ചിത്രങ്ങൾ മാത്രമല്ല കുശവന്റെ പാത്രനിർമ്മാണം, വീട്ടിലെ ഭക്ഷണം പാകം ചെയ്യൽ, ലോഹപണിക്കാരന്റെ ജോലി, സ്നേഹബന്ധങ്ങൾ മുതലായ സാധാരണ ജീവിതത്തിലെ ചിത്രങ്ങളും അവതരിപ്പിച്ചുകൊണ്ടാണു സംസാരിച്ചത്.

വിഗ്രഹാരാധനയ്ക്കും അനീതിക്കുമെതിരെ ശബ്ദമുയർത്തുന്നതിൽനിന്നു ജറെമിയ ഒരിക്കലും വിരമിച്ചില്ല. സഹനമോ പീഡനമോ അതിനു തടസമായിരുന്നില്ല: "ആകാശങ്ങളേ, ഭയന്നു നടുങ്ങുവിൻ, സംഭ്രമിക്കുവിൻ, ഞെട്ടിവിറയ്ക്കുവിൻ - കർത്താവ് അരുളിച്ചെയ്യുന്നു. എന്തെന്നാൽ, എൻെറ ജനം രണ്ടു തിൻമകൾ പ്രവർത്തിച്ചു. ജീവ ജലത്തിൻെറ ഉറവയായ എന്നെ അവർ ഉപേക്ഷിച്ചു; ജലം സൂക്ഷിക്കാൻ കഴിവില്ലാത്ത പൊട്ടക്കിണറുകൾ കുഴിക്കുകയും ചെയ്തു... ...എല്ലാ ഉയർന്ന കുന്നുകളുടെ മുകളിലും, സകല പച്ചമരങ്ങളുടെ ചുവട്ടിലും നീ വേശ്യയെപ്പോലെ വഴങ്ങി... മരുഭൂമിയിൽ പരിചയിച്ച കാട്ടുകഴുത, മദംപൂണ്ടു മത്തുപിടിച്ച് അവൾ ഓടുകയായിരുന്നു. അവളുടെ വിഷയാസക്തി ആർക്കു നിയന്ത്രിക്കാനാവും? അവളെ ആഗ്രഹിക്കുന്നവർക്ക് അവളെ തേടിപ്പോകേണ്ടിവരില്ല. മൈഥുനമാസത്തിൽ അവൾ അവരുടെ മുൻപിലുണ്ടാകും... കണ്ടുപിടിക്കപ്പെടുമ്പോൾ കള്ളൻ എന്നപോലെ ഇസ്രായേൽജനം ലജ്ജിക്കും; അവരും അവരുടെ രാജാക്കൻമാരും പ്രഭുക്കൻമാരും പുരോഹിതൻമാരും പ്രവാചകൻമാരും ലജ്ജിക്കും. നീ എൻെറ പിതാവാണ് എന്നു മരക്കഷണത്തോടും നീ എൻെറ മാതാവാണ് എന്നു കല്ലിനോടും അവർ പറയുന്നു. അവർ മുഖമല്ല പൃഷ്ഠമാണ് എൻെറ നേരേ തിരിച്ചിരിക്കുന്നത്. എന്നാൽ അനർഥം വരുമ്പോൾ അവർ വന്ന് എന്നോടു ഞങ്ങളെ രക്ഷിക്കണമേ എന്നു പറയുന്നു..." (2:1-3:25).

ദൈവത്തിന്റെയും മനുഷ്യന്റെയും ഹിതമറിഞ്ഞവനായിരുന്നു പ്രവാചകൻ. ഇസ്രായേൽ അവഗണിച്ച ദൈവത്തിന്റെ ഹൃദയവികാരങ്ങൾ

ഉൾക്കൊള്ളാൻ ജറെമിയാക്കു കഴിഞ്ഞു. ജനം ദൈവത്തിന്റെ വചനം തിരസ്കരിച്ചപ്പോൾ അവർക്കുണ്ടാകാനിരിക്കുന്ന അപകടത്തെക്കുറിച്ച് അദ്ദേഹം ആകുലപ്പെട്ടു. യുദ്ധത്തിന്റെയും പട്ടിണിയുടെയും കാഠിന്യം നിമിത്തം യൂദായിൽ കുഞ്ഞുങ്ങളെ വളർത്തുന്നതു സന്തോഷം എന്നതിനെക്കാൾ ദുഃഖകരമായിത്തീരുമെന്നു ജനത്തെ പഠിപ്പിക്കാൻ അവിവാഹിതനായി ജീവിതം മുഴുവൻ ചെലവഴിക്കണമെന്നു ദൈവം ജറെമിയായോട് ആവശ്യപ്പെട്ടു (16:1-4). ജനം മാനസാന്തരത്തിന്റെ മനോഭാവം പ്രകടിപ്പിക്കാതിരുന്നതു കൊണ്ട് ആശ്വാസവചനങ്ങൾ ഓരോ ദിവസവും ജറെമിയായുടെ പ്രസംഗങ്ങളിൽനിന്ന് അപ്രത്യക്ഷമായി. യഹോയാക്കിമിന്റെയും സെദക്കിയായുടെയും കാലമായപ്പോഴേക്കും പാപത്തിനുള്ള ശിക്ഷ താമസിയാതെ വന്നെത്തുമെന്നുള്ള ചിന്തയിൽ ജറെമിയ എത്തിച്ചേർന്നു. ശിക്ഷ സുനിശ്ചിതമാകയാൽ ഈ ജനത്തിന്‌വേണ്ടി ഇനി മാധ്യസ്ഥ്യം അപേക്ഷിക്കരുതെന്നു ദൈവം ജറെമിയായോടു പറഞ്ഞു (7:6, 11, 14).

ഹോസിയായുടെയും ആമോസിന്റയും ഏശയ്യായുടെയുംപോലെ തിന്മക്കെതിരെ കഠിനമായ ഭാഷയിൽ സംസാരിക്കാൻ ജറെമിയ തീക്ഷ്ണമതിയായിരുന്നു. അസ്സീറിയായിലേക്കും ഈജിപ്തിലേക്കും മാറിമാറി സഹായത്തിനു പോകുന്ന രാഷ്ട്രീയശൈലി അദ്ദേഹം എതിർത്തു (2:17-18). ദൈവത്തിൽ ആശ്രയിക്കാതെ വിഗ്രഹത്തിനു പിന്നാലെ പോകുന്ന ജനത്തെ ചൂടിലലയുന്ന ഒട്ടകത്തോടാണ് അദ്ദേഹം ഉപമിച്ചത് (2:23-24; 5:7). പാവപ്പെട്ടവരെയും ബലഹീനരെയും ചൂഷണം ചെയ്യുന്നത് അദ്ദേഹം ശക്തമായി എതിർത്തു (2:33-34); അതുപോലെതന്നെ വ്യഭിചാരവും (5:8) ഉടമ്പടിക്കെതിരായ നിലപാടുകളും (5:23). ശിക്ഷാവിധിയുടെ ഓരോ പ്രഖ്യാപനത്തിനുമിടയിൽ കർത്താവിലേക്കു തിരിയാൻ അദ്ദേഹം ജനത്തെ ആഹ്വാനം ചെയ്തു (3:22; 4:1; 7:3; 8:5; 18:8).

ജറെമിയായിലൂടെ കർത്താവു നൽകുന്ന ഈ അനുരഞ്ജനത്തിന്റെ വചനം അസ്വീകാര്യമാണെങ്കിൽ ദൈവം ഒരു വിനാശകനെ അവരുടെ മേലയയ്ക്കും. വടക്കു നിന്നെത്തുന്ന ഒരു ശത്രുവിനെ പ്രവാചകൻ കാണുന്നുണ്ട് (1:13-15). വടക്കുനിന്നുള്ള ഈ ശത്രു ബാബിലോണാണെന്ന് ഗ്രന്ഥത്തിൽനിന്നു മനസിലാക്കാൻ കഴിയും (4:5-8, 13; 5:15; 6:22; 10:22). ശിക്ഷാവിധിയുടെ ഈ സന്ദേശം ജറെമിയ തുടർച്ചയായി പ്രസംഗിക്കുന്നതു കേൾക്കാം. ലോഹങ്ങൾ ശുദ്ധീകരിക്കുന്നതിന് അഗ്നിയിൽ ഉരുക്കുന്നതുപോലെ ദൈവം യൂദായെ അഗ്നിശുദ്ധിചെയ്യുമെന്നു പ്രവാചകൻ ആവർത്തിക്കുന്നു (6:27-30). ആ ശുദ്ധീകരണ കലശത്തിന്റെ കാഠിന്യം നിമിത്തം അതിനെ "എല്ലായിടത്തും ഭീകരത" എന്ന് വിളിക്കാൻ കഴിയും (6:25; 20:3, 10; 46:5; 49:29). ഭീകരമായ ശിക്ഷാവിധിയെക്കുറിച്ചുള്ള ദർശനങ്ങൾ ചിലപ്പോൾ അദ്ദേഹത്തെ നിരാശയുടെ പടിവാതിൽക്കൽവരെ എത്തിക്കാറുണ്ട്. "മരണം നമ്മുടെ കിളിവാതിലിലൂടെ കയറിവരുന്നു," "അതു നമ്മുടെ കൊട്ടാരത്തിൽ പ്രവേശിച്ചുകഴിഞ്ഞു" എന്നദ്ദേഹം പറയും (9:21). മരുന്നില്ലാതെ, മുറിവുകൾ കൂടുതൽ കൂടുതൽ പഴുത്തു മരിക്കാനിരിക്കുന്ന രോഗിയാണു യൂദാ (8:21-22). യൂദാക്കുവേണ്ടി അദ്ദേഹം ചരമഗീതം പാടാൻ ആരംഭിച്ചു കഴിഞ്ഞു.





ജറെമിയായുടെ ഏറ്റവും കഠിനമായ നിലപാടു വിഗ്രഹാരാധനക്ക് എതിരെയുള്ളതായിരുന്നു (32:29-30). അദ്ദേഹം നിയമാവർത്തന പാരമ്പര്യത്തിൽപെട്ട ഏകദൈവവിശ്വാസത്തിന്റെ ഒരു വക്താവാണ് (2:1-3:25). നിശ്ചലമായ ഒരു തടിക്കഷണത്തോടു ശക്തിക്കുവേണ്ടി പ്രാർത്ഥിച്ചവരെ അദ്ദേഹം കളിയാക്കി (2:27-28; 5:7; 8:19; 10:3-5). സത്യദൈവത്തിലേക്കു ജനത്തെ തിരിച്ചുവിടാൻ കഴിയുമെന്ന ചിന്തയോടെയാണ് അദ്ദേഹം പ്രസംഗിച്ചത്. ഈജിപ്തിൽനിന്നു പുറപ്പെട്ടപ്പോൾ ദൈവം അവരോടു കാണിച്ച കരുണാമസൃണമായ സ്നേഹത്തെക്കുറിച്ച് അദ്ദേഹം അവരെ ഓർമ്മിപ്പിച്ചു (2:27-28; 7:16-19; 10:1-5; 19:4-5). ദൈവത്തോടുള്ള അവിശ്വസ്തതക്കും വിഗ്രഹാരാധനക്കുമെതിരെ പ്രസംഗിച്ചപ്പോൾ തന്റെ മുൻഗാമിയും മാതൃകയുമായ ഹോസിയായെപ്പോലെ ദാമ്പത്യവിശ്വസ്തതയാണു ജറെമിയ ഉപമയായി പ്രയോജനപ്പെടുത്തിയത് (2:2-3; 3:12; 19:20; ഹോസിയ 1-3).

**ദേവാലയത്തിലെ പ്രസംഗം**

ജോസിയായുടെ മൂത്തമകനായ യഹോയാക്കിമിനെ ഫറവോ രാജാവാക്കിക്കഴിഞ്ഞപ്പോൾ അദ്ദേഹം തന്റെ പിതാവിന്റെ മതനവീകരണപ്രവൃത്തികളെല്ലാം മാറ്റിമറിച്ചു. ഇക്കാലഘട്ടത്തിൽ വിഗ്രഹാരാധനയിലേക്കു പോയ രാജാവിന്റെയും ജനങ്ങളുടെയും മനോഭാവങ്ങൾക്കെതിരെയുള്ള ഒരു പ്രതികരണമായിരുന്നു ദേവാലയത്തിലെ പ്രസംഗം (ജറെ 7; 26). അതിന്റെ പ്രാധാന്യം നിമിത്തം ഏഴാമദ്ധ്യായത്തിലും ഇരുപത്താറാമദ്ധ്യായത്തിലും ഈ സംഭവം വിവരിക്കുന്നുണ്ട്. വിഗ്രഹാരാധനയുടെ ഫലമായി പണ്ടു ദൈവം ഷീലോയെ നശിപ്പിച്ചതുപോലെ ഇന്നു ജറുസലേമിനെയും നശിപ്പിക്കുമെന്ന പ്രവാചകന്റെ വാക്കുകൾ രാജാവിനെയും പ്രഭുക്കന്മാരെയും പുരോഹിതരെയും പ്രവാചകരെയും ജനങ്ങളെയും ഒരുപോലെ ഞെട്ടിച്ചു. അവർ അദ്ദേഹത്തെ കൊല്ലുമെന്നു ഭീഷണിപ്പെടുത്തി (26:8). രാഷ്ട്രീയാധികാരികൾ ഉടനെ ജറെമിയായെ വിചാരണ ചെയ്തു. പുരോഹിതരും പ്രവാചകരും ജറെമിയാക്ക് മരണമാണ് വിധിച്ചത്. എന്നാൽ, താൻ ദൈവത്തിൽനിന്നു കേട്ടതു മാത്രമേ സംസാരിച്ചുള്ളൂ എന്ന ജറെമിയായുടെ വാക്കുകൾ നിമിത്തം രാഷ്ട്രീയാധികാരികൾ അദ്ദേഹത്തെ വെറുതെവിട്ടു. കാരണം, ജറെമിയായ്ക്കു മുമ്പു മിക്കായായും ഇതുപോലെ പ്രസംഗിച്ചിരുന്നു (ജറെ26:18; മിക്ക 3:12).

യൂദാ ഉടമ്പടി ലംഘിച്ചതിനാൽ ദൈവം തന്റെ ആലയം നശിപ്പിക്കുമെന്നും യൂദാ വിപ്രവാസത്തിലാകുമെന്നും പ്രവാചകൻ പറഞ്ഞു (7:25-26; 32-34; 15:4-11; 26: 4-6; 29:17-19; 35: 15-17; 36:1-31; 44:4-6). ദാവീദിന്റെ രാജവംശം അവസാനിക്കാറായെന്നും (22:30) ജീവിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ ബാബിലോണിനു കീഴടങ്ങാനും അദ്ദേഹം സെദെക്കിയായോടു പറഞ്ഞു (27:12; 38:17). രാഷ്ട്രീയ നേതാക്കളെയും പുരോഹിതരെയും പ്രവാചകരെയും നിശിതമായി വിമർശിച്ചതിനാൽ (32:32) ജറെമിയ രാജ്യദ്രോഹിയായി മുദ്രകുത്തപ്പെട്ടു (32:36). യഹോയാക്കിം ആരംഭത്തിൽ അദ്ദേഹത്തെ കൊല്ലാൻ ആഗ്രഹിച്ചിരുന്നെങ്കിലും ചില കൊട്ടാരപ്രഭുക്കന്മാരുടെ എതിർപ്പു നിമിത്തം അതിനു കഴിഞ്ഞില്ല (36). പിന്നീട് അദ്ദേഹം പല പ്രാവശ്യം ബന്ധനസ്ഥനാക്കപ്പെടുകയും ഒരു പൊട്ടക്കിണറ്റിൽ എറിയപ്പെടുകയും ചെയ്തു (37-39). എന്നാൽ, സെദെക്കിയരാജാവ് ജറെമിയായെ ഒരു പ്രവാചകനായി കണ്ടിരുന്നതുകൊണ്ട് അദ്ദേഹം രക്ഷിക്കപ്പെട്ടു.

## പുരോഹിതനും പ്രവാചകനുമായ ജറെമിയ

ദേവാലയ പ്രസംഗത്തോടെ യൂദായിലെ പുരോഹിതരും പ്രവാചകരും ജറെമിയായുടെ ശത്രുക്കളായിത്തീർന്നുവെന്നു മാത്രമല്ല അവർ അദ്ദേഹത്തെ വധിക്കുവാൻ ആഗ്രഹിക്കുകയും ചെയ്തിരുന്നു. എന്നാൽ, ഇതു കർത്താവിന്റെ വാക്കുകൾ പ്രഘോഷിക്കുന്നതിൽനിന്നു പ്രവാചകനെ തടഞ്ഞില്ല. നേതാക്കളെയും പുരോഹിതരെയും പ്രവാചകരെയും ജറെമിയ പേരെടുത്തു പറഞ്ഞു വിമർശിച്ചു (20-23). പ്രവാചകന്മാർ നൽകിയിരുന്ന ദൈവവചനത്തെക്കുറിച്ചു വലിയ സംശയമുണ്ടായിരുന്ന കാലമായിരുന്നു അത്. കാരണം മറ്റു പ്രവാചകന്മാർ എപ്പോഴും രാജ്യത്തിന്റെ യുദ്ധത്തിനു പ്രോത്സാഹനത്തിന്റെ വാക്കുകൾ കർത്താവിന്റെ നാമത്തിൽ സംസാരിച്ചുകൊണ്ടിരുന്നു. ജെറമിയായാകട്ടെ ശിക്ഷാവിധിയുടെതും. മാത്രമല്ല ജറെമിയ അവരെ വ്യാജപ്രവാചകരാണെന്നു മുദ്രകുത്തുകയും ചെയ്തു. ഇവർക്കെതിരെയുള്ളതായിരുന്നു ജറെമിയായുടെ ഏറ്റവും കഠിനമായ വിമർശനം. കാരണം, സ്വന്തമായ വികാരങ്ങൾ ദൈവവചനമായി അവർ വ്യാഖ്യാനിച്ചു. അവ ജനത്തെ സ്വാധീനിക്കാൻ കഴിയുന്ന ഭാഷയിൽ അവരുടെ മുമ്പിൽ അവതരിപ്പിക്കയും ചെയ്തു (23:26, 30). അതേസമയം അവർ വ്യഭിചാരത്തിന്റെയും കാപട്യത്തിന്റെയും വിഗ്രഹാരാധനയുടെതുമായ ജീവിതം നയിക്കയും ചെയ്തു (23:14).

28-ാം അദ്ധ്യായത്തിൽ ജറെമിയ മറ്റൊരു പ്രവാചനായ ഹനനിയായെ നേരിട്ടു. വരാനുള്ള ശിക്ഷാവിധിയെ പ്രഘോഷിച്ചുകൊണ്ടു ജറെമിയ തന്റെ തോളിൽ ഒരു നുകം വഹിച്ചിരുന്നു. ഹനനിയാ ഇതിനെ തകർത്തുകൊണ്ടു ദൈവം ബാബിലോണിന്റെ അടിമത്തം ഇങ്ങനെ ഇല്ലാതാക്കുമെന്നു പ്രഖ്യാപിച്ചു. രണ്ടു പ്രവാചകന്മാരും പ്രചോദകമായ ഭാഷയിലും കർത്താവിന്റെ നാമത്തിലും സംസാരിച്ചതുകൊണ്ടു രാജാവിനും മറ്റുള്ളവർക്കും ആരാണു സത്യം പറയുന്നതെന്നു ഗ്രഹിക്കാൻ കഴിഞ്ഞില്ല. അപ്പോൾ ഹനനിയാക്കെതിരെ രണ്ടു തെളിവുകളുമായി ജറെമിയ മുന്നോട്ടുവന്നു: 1. അവന്റെ വ്യാജപ്രവചനത്തിന്റെ ശിക്ഷയായി ഹനനിയാ ഒരു വർഷത്തിനുള്ളിൽ മരിക്കും (28:16). 2. ഭാവിക്കുറിച്ചു സംസാരിക്കുന്ന ഏതൊരു പ്രവാചകനും സത്യപ്രവാചകനാകുന്നത് അവൻ പറയുന്ന കാര്യങ്ങൾ യാഥാർത്ഥ്യമാകുമ്പോൾ മാത്രമാണ് (28:7-9). അങ്ങനെ ഒരു പെരുമാറ്റച്ചട്ടംതന്നെ ജറെമിയ പ്രവാചകർക്കു നൽകി.

തന്റെ ആധികാരികത തെളിയിക്കാൻ താൻ കർത്താവിന്റെ സഭയിൽ നിൽക്കുകയും അവിടുത്തെ സ്വരം കേൾക്കുകയും ചെയ്തിട്ടുണ്ടെന്നദ്ദേഹം പറഞ്ഞു. പ്രവാചകന്മാർക്കെതിരെയുള്ള ജറെമിയായുടെ ഈ നിലപാടും പ്രവൃത്തിയും രാജാക്കന്മാരുടെ ഗ്രന്ഥത്തിൽ വിവരിക്കുന്ന (1രാജ 22) മിക്കായായുടെതിനു സമാനമാണ്. കർത്താവിന്റെ പ്രവാചകനായ മിക്കായാ ദൈവികസഭയിലെ തന്റെ അനുഭവം വിവരിച്ചുകൊണ്ട് അന്ന് 450 പ്രവാചകന്മാരെ നേരിട്ടു. ദൈവത്തിന്റെ വചനം നേരിട്ടു ശ്രവിച്ച ഒരാൾക്കു മാത്രമേ ദൈവവചനം ആധികാരികമായി പ്രഘോഷിക്കാൻ കഴിയൂ. പ്രവാചകൻ ദൈവത്തിനും ജനത്തിനുമിടയിലെ മധ്യസ്ഥനാണെന്നതിന് ഉത്തമ ഉദാഹരണമാണു ജറെമിയായുടെ ജീവിതവും വാക്കുകളും പ്രവൃത്തികളും (27:18; 7:16-17; 11:14-17; 14:11; 15:1-4; കാണുക എസ്രാ 14:12-20; 20:1-30; 17:11-21).





## ജറെമിയായുടെ വിളി

ഒന്നാമദ്ധ്യായമാണു ജറെമിയായുടെ വിളി വിവരിക്കുന്നത്. വിളിയുടെ ഈ വിവരണത്തിൽ ജറമിയായുടെ സന്ദേശത്തിന്റെ മുഴുവൻ ഉള്ളടക്കം ദൃശ്യമാണ്. ഈ വിവരണം രണ്ടു ഭാഗങ്ങളായി തിരിക്കാം (ജറെ 1:5-10; 11-19). ആദ്യഭാഗം നടക്കുന്നതു ജറെമിയ ഒരു ബാലനായിരിക്കുമ്പോഴാണ്. താൻ ബാലനായതിനാൽ ഈ വിളി നിറവേറ്റാൻ അശക്തനാണെന്നു പറഞ്ഞ പ്രവാചകനോട് അവന്റെ ദൗത്യം അവന്റെ സ്വന്തമായ തിരഞ്ഞെടുപ്പ് ആയിരിക്കുകയില്ലെന്നു ദൈവം പറഞ്ഞു. യൂദായോടും ഇസ്രായേലിനോടും മാത്രമല്ല പല രാജ്യങ്ങളോടും അദ്ദേഹം സംസാരിക്കേണ്ടി വരും; രക്ഷയെക്കുറിച്ചും ശിക്ഷയെക്കുറിച്ചും പ്രസംഗിക്കേണ്ടിവരും . ഈ വിളി വിവരണത്തെ ഏശയ്യായുടെതിനോടും (ഏശ 6) എസെക്കിയേലിന്റെതിനോടും (എസെ 1-3) താരതമ്യപ്പെടുത്താൻ കഴിയും. ഈ രണ്ടു പ്രവാചകന്മാരും തങ്ങൾക്കു വിളി ലഭിച്ചപ്പോൾ അവരുടെ അയോഗ്യതകളെക്കുറിച്ച് ആകുലരാകുന്നതു കാണാം. മോശയുടെ വിളിയും ഇതിനു സമാനമാണ് (പുറ 3-6). ദൈവം താൻ തെരഞ്ഞെടുക്കുന്നവരുടെ കുറവുകളിലേക്കു തന്റെ വചനം നിക്ഷേപിച്ച് അവയെ നിറവുകളാക്കി മാറ്റുന്നവനാണെന്നു ഈ പ്രവാചകരോടുള്ള അവിടുത്തെ പ്രതികരണങ്ങളിൽനിന്നു വ്യക്തമാക്കുന്നു. പുതിയ മോശയായാണു വിളിവിവരണവും ഗ്രന്ഥത്തിന്റെ ഇതരഭാഗങ്ങളും ജറെമിയായെ ചിത്രീകരിക്കുന്നത്. മോശയെപ്പോലെ ജറമിയ ജനത്തിനുവേണ്ടി മാധ്യസ്ഥ്യം വഹിക്കുകയും അവർക്കു ദൈവവചനം നൽകുകയും ചെയ്യുന്നു.

വിളിവിവരണത്തിന്റെ രണ്ടാം ഭാഗത്തു ജറമിയായുടെ ദൗത്യത്തിന്റെ മറ്റൊരർത്ഥതലമാണു പ്രതിപാദിക്കുന്നത് (1:1-18). ഇവിടെ രണ്ടു ദർശനങ്ങളാണു ജറെമിയ കാണുന്നത്. ആദ്യദർശനത്തിൽ പ്രവാചകൻ കാണുന്നതു ജാഗ്രതാ വൃക്ഷത്തിന്റെ ഒരു ശാഖയാണ്. തണുപ്പുള്ള ദേശങ്ങളിൽ വർഷകാലത്തു സസ്യങ്ങളെല്ലാം ഇലകൾ കൊഴിച്ചു തണുപ്പിൽനിന്നു സ്വയം സംരക്ഷിക്കാറുണ്ട്. തുടർന്ന്, വസന്തകാലമാകുമ്പോൾ വൃക്ഷങ്ങളിലും ചെടികളിലുമെല്ലാം പുതിയ മുകുളങ്ങളും പുതുജീവനും പ്രത്യക്ഷപ്പെടും. സാധാരണ വൃക്ഷങ്ങൾ തളിർക്കുന്നതിന് ഒരു മാസം മുമ്പുതന്നെ തളിർക്കുന്ന മരമാണു ജാഗ്രതാവൃക്ഷം (Almond). ഇതിന്റെ മുകുളങ്ങൾ കണ്ണുകൾപോലെ കാണപ്പെടുന്നു. ചരിത്രത്തെ സംബന്ധിച്ചിടത്തോളം പ്രവാചകൻ ഈ വൃക്ഷം പോലെയായിരിക്കും. ആദ്യം കണ്ണു തുറക്കുന്ന വൃക്ഷത്തിനു മറ്റു വൃക്ഷങ്ങൾ തളിർക്കുന്നതിനു മുമ്പുതന്നെ അവ തളിർക്കുമെന്നു കാണാൻ കഴിയുന്നതു പോലെ ജറമിയാക്കു ചരിത്രത്തിൽ സംഭവിക്കാനിരിക്കുന്ന കാര്യങ്ങൾ മുൻകൂട്ടി കാണാൻ കഴിയും. ജറമിയായുടെ ജീവിതത്തിലുടനീളം ദൈവികമായ ഈ സിദ്ധി ദൃശ്യമായിരുന്നു.

ഇതിനോടുചേർന്നു പോകുന്നതാണു രണ്ടാമത്തെ ദർശനം. വടക്കുനിന്നു തെക്കുവശത്തേക്കു മറിയുന്ന ഒരു തിളച്ച പാത്രം ജറമിയ കണ്ടു. വടക്കുനിന്നു ബാബിലോൺ തിളച്ച വെള്ളം നിറഞ്ഞ ഒരു പാത്രംപോലെ യൂദായെ പീഡിപ്പിക്കുമെന്നു പ്രവാചകൻ മുൻകൂട്ടി അറിഞ്ഞു. പ്രവാചകന്റെ വാക്കുകളും ദർശനങ്ങളും അന്വർത്ഥമാക്കിക്കൊണ്ടു ബി.സി. 598

ലും 587 ലും ബാബിലോൺ യൂദായ്ക്കുനേരെ വന്ന് അതിനെ കീഴടക്കി നശിപ്പിച്ചു. ദൈവം ജറെമിയായെ ചെമ്പു മതിലുകളാലും ഇരുമ്പ് തൂണുകളാലും ചുറ്റപ്പെട്ട ഒരു പട്ടണംപോലെയാക്കുമെന്നു വാഗ്ദാനം ചെയ്തു. അദ്ദേഹത്തെ നശിപ്പിക്കാൻ ശത്രുക്കൾക്കു കഴിയുകയില്ല (1:18). കഠിനമായ പീഡകൾ അദ്ദേഹത്തിന് ഏൽക്കേണ്ടി വന്നേക്കാം. എങ്കിലും, ദൈവം അദ്ദേഹത്തെ ഉപേക്ഷിക്കുകയില്ല എന്നർത്ഥം.

### പ്രത്യാശയുടെ വചനങ്ങൾ

''പിഴുതെറിയാനും ഇടിച്ചുതകർക്കാനും നശിപ്പിക്കാനും തകിടം മറിക്കാനും പണിതുയർത്താനും നട്ടുവളർത്താനുംവേണ്ടി ഇന്നിതാ, ജനതകളുടെയും രാജ്യങ്ങളുടെയുംമേൽ നിന്നെ ഞാൻ അവരോധിച്ചിരിക്കുന്നു'' (1:10). പാപത്തിനുള്ള ദൈവത്തിന്റെ ശിക്ഷ അറിയിക്കുന്ന ദൗത്യമാണ് ആരംഭം മുതൽ ജറുസലേമിന്റെ പതനംവരെയുള്ള കാലത്തു (587-ൽ) ജറെമിയാക്കു നിറവേറ്റാനുണ്ടായിരുന്നത്. ദൈവം തെരഞ്ഞെടുക്കുകയും സ്നേഹിക്കുകയും ചെയ്യുന്ന ജനത്തെ നശിപ്പിക്കാനും ദൈവത്തിനു കഴിയുമെന്ന ദർശനം പുറപ്പാടനുഭവത്തിൽ അധിഷ്ഠിതമായ അദ്ദേഹത്തിന്റെ ദൈവശാസ്ത്രം അദ്ദേഹത്തിനു നൽകി. 40 വർഷക്കാലത്തെ മുറുമുറുപ്പും പരാതിയും ശിക്ഷയും അന്ത്യമല്ലാതിരുന്നതുപോലെതന്നെ ശിക്ഷക്കുശേഷം യൂദായെയും ദൈവം പുനരുദ്ധരിക്കുമെന്നു ജറെമിയ വിശ്വസിച്ചു. ദൈവം യൂദായെ പുനസ്ഥാപിക്കുമെന്ന ആശ്വാസത്തിന്റെ വചനങ്ങളിൽ പലതും ജറെമിയ പ്രസംഗിച്ചതു ദാവീദുരാജ്യത്തിന്റെ അന്ത്യം ഉറപ്പായപ്പോഴാണ് (30-33). കാരണം തുടർന്നുള്ള വലിയ നാശമല്ലാതെ മറ്റൊന്നും അവർക്ക് പ്രതീക്ഷിക്കാനുണ്ടായിരുന്നില്ല. പ്രതീക്ഷയുടെയും പുനരുദ്ധാരണത്തിന്റെയും വലിയ സന്ദേശം കാര്യക്ഷമമായി അവതരിപ്പിക്കാൻ ബാബിലോൺ യൂദാ പിടിച്ചെടുത്തുകൊണ്ടിരിക്കുന്ന അവസരത്തിൽ പുതുതായി അവിടെ ഒരു സ്ഥലം ജറെമിയ പണം കൊടുത്തു വാങ്ങും (ജറെ 32). യൂദായിൽ വീണ്ടും പുതുജീവിതവും കൃഷിയുമെല്ലാമുണ്ടാകും എന്നതിന്റെ അടയാളമായിരുന്നു അത്.

യൂദായെ ദൈവം പുനരുദ്ധരിക്കുമെന്നറിയിക്കാൻ ചെയ്ത മറ്റൊരടയാളമാണ് അദ്ദേഹം പ്രവാസികൾക്കയച്ച കത്ത് (ജറെ 29). ബാബിലോൺ 598 ൽ യൂദാ കീഴടക്കുകയും മേൽത്തട്ടുകാരും പ്രാവീണ്യമുള്ളവരുമായ ജനങ്ങളെ ബാബിലോണിലേക്കു നാടുകടത്തുകയും ചെയ്തിരുന്നു (2രാജ 24:8-17). ദൈവം യൂദായെ ഉടൻ പുനസ്ഥാപിക്കുമെന്നും അതിനായി ബാബിലോണിനെ തകർക്കുമെന്നും അവിടേക്ക് അടിമയായിപ്പോയ രാജകുമാരനായ യഹോയാച്ചിനെയും ജനത്തെയും ഉടൻ തിരിച്ചുകൊണ്ടുവരുമെന്നും ചില പ്രവാചകന്മാർ ഇക്കാലഘട്ടത്തിൽ പറഞ്ഞിരുന്നു (28:1-4). അവർക്കെതിരെ സംസാരിച്ചുകൊണ്ടു പ്രവാസികളോട് ആ നാട്ടിൽ സ്ഥലം വാങ്ങി, വീടു വച്ച്, കുടുംബങ്ങൾക്കു രൂപം നൽകി, സമാധാനമായി ജീവിക്കാൻ ജറെമിയ എഴുതി (ജറെ 29). അവരവിടെ 70 വർഷം താമസിക്കേണ്ടിവരുമെന്ന് അദ്ദേഹം പറഞ്ഞു (ജറെ 25:11; 29:10). ഉടനെ തിരിച്ചുവരുമെന്നു പറയുന്ന പ്രവാചകന്മാരെ വിശ്വസിക്കരുതെന്നു പറയുന്നതോടൊപ്പം 70 വർഷങ്ങൾക്കുശേഷം ദൈവം യൂദായെ പുനരുദ്ധരിക്കുമെന്നും അദ്ദേഹം പ്രവചിച്ചു.





ജറെമിയ 30-31 ''ജറെമിയായുടെ ആശ്വാസത്തിന്റെ ഗ്രന്ഥം'' എന്നാണ് അറിയപ്പെടുന്നത്. ഇവിടെ പ്രത്യാശയുടെ വചനങ്ങൾ അവതരിപ്പിച്ചിരിക്കുന്നു. ഇവയിൽ ചിലത് ഇസ്രായേലിനെ അഭിസംബോധന ചെയ്യുന്നതുകൊണ്ട് അത് അദ്ദേഹത്തിന്റെ ദൗത്യനിർവ്വഹണത്തിന്റെ ആദ്യകാലഘട്ടങ്ങളിൽ നിന്നുവന്നതാകാൻ സാധ്യതയുണ്ട്. അന്നു പഴയ ഇസ്രായേലിന്റെ അവശിഷ്ടങ്ങൾ ബാക്കിയുണ്ടായിരുന്നിരിക്കണം (30:10, 18; 31:7). പിന്നീട് പ്രവാചകൻ യൂദായെ ആശ്വസിപ്പിക്കുന്നതിനായി ഇവ ഉപയോഗിച്ചിരുന്നിരിക്കാം. ഇത് ആശ്വാസത്തിന്റെയും ജറുസലേമിന്റെ ഭാവിസുരക്ഷയുടെയും ആനന്ദഗീതത്തിന്റെയും തീർത്ഥാടനത്തിന്റെയും രാജഭരണത്തിന്റെ തിരിച്ചു വരവിന്റെയുമൊക്കെ സന്ദേശമാണ്.

### പുതിയ ഉടമ്പടി

ആശ്വാസത്തിന്റെയും ഭാവിനന്മയുടെയും ദർശനങ്ങൾക്കിടയിൽ ഏറ്റവും പ്രധാനപ്പെട്ടതാണു പുതിയ ഉടമ്പടിയെക്കുറിച്ചുള്ള ജറെമിയായുടെ കാഴ്ചപ്പാട് (31:31-34). വിഗ്രഹാരാധനയിലൂടെ ജനം തകർത്തുകളഞ്ഞ സീനായ് ഉടമ്പടിയിൽനിന്നു വ്യത്യസ്തമായ മറ്റൊരുടമ്പടി ദൈവം ഇസ്രായേലുമായി നടത്തുന്നതു പ്രവാചകൻ ദർശിക്കുന്നു. ഇസ്രായേൽ പൂർണ്ണമനസ്സോടും പൂർണ്ണാത്മാവോടും സർവ്വശക്തിയോടുംകൂടെ ദൈവത്തെ സ്നേഹിക്കണമെന്ന (നിയ 6:4-9) പഴയ ഉടമ്പടിയിൽനിന്നു വ്യത്യസ്തമായി ദൈവം തന്റെ കൽപ്പനകൾ മനുഷ്യഹൃദയങ്ങളിലെഴുതുന്ന പുതിയ ഉടമ്പടിയെക്കുറിച്ച്അദ്ദേഹം സംസാരിച്ചു. ശിലാഫലകങ്ങളിൽ എഴുതപ്പെട്ട ആദ്യഉടമ്പടി അനുസരിക്കുക എന്നത് ഇസ്രായേലിനു വിഷമകരമായിരുന്നു. എന്നാൽ, പുതിയ ഉടമ്പടി ചെയ്യുമ്പോൾ അതിന്റെ നിയമങ്ങൾ ഹൃദയത്തിലെഴുതുന്നതിനാൽ അതനുസരിക്കാനുള്ള ശക്തിയും ആന്തരികമായി ലഭിക്കും. ദൈവത്തിന്റെ രക്ഷാകരമായ കാരുണ്യം മനുഷ്യനെ സമീപിക്കുന്ന മഹത്തരമായ ദർശനമാണിത്.

പഴയനിയമപശ്ചാത്തലത്തിൽ ഇതു നിറവേറിയതു യഹൂദമതത്തിന്റെ ആവിർഭാവത്തോടെയാണ്, അതായത് എസ്രാ-നെഹമിയായുടെ മതനവീകരണത്തോടെയാണ് എന്നു യഹൂദർ കരുതുന്നുണ്ടെങ്കിലും പുതിയനിയമത്തിൽ ഈശോയുടെ പുതിയ ഉടമ്പടിയിൽ ജറെമിയായുടെ വചനം പൂർണ്ണമായി നിറവേറുന്നതു കാണാം (1കൊറി 11:25; ലൂക്കാ 22:20; 1പത്രോ 2:9; പുറ 19:5-6; നിയ 4:20; 7:6). ഈ ഉടമ്പടിയുടെ അടിസ്ഥാനത്തിലാണു പുതിയനിയമത്തിന് ആ പേരുതന്നെ ലഭിച്ചത്. ഈ ഉടമ്പടി വിശദീകരിച്ചുകൊണ്ടു ഹെബ്രായ ലേഖനകർത്താവു സംസാരിക്കുന്നുണ്ട് (8:13; 9:26-28).

### അവശിഷ്ടഭാഗം

യൂദായുടെ ഭാവിയെക്കുറിച്ചുള്ള ജറെമിയായുടെ ദർശനത്തിൽ ബാബിലോണിലേക്കു നാടുകടത്തപ്പെട്ടവരാണു പ്രാധാന്യമർഹിക്കുന്നത്. നെബുക്കദ്നേസർ രാജാവ് ദേശത്ത് ഉപേക്ഷിച്ചുപോയവരെ അദ്ദേഹം പരിഗണിക്കുന്നില്ല. പ്രവാചകനുണ്ടായ 2 കുട്ട അത്തിപ്പഴങ്ങളുടെ ദർശനത്തിലൂടെ (ജറെ 24) ബാബിലോണിലേക്കു നാടുകടത്തപ്പെട്ടവരിലൂടെയാണു യൂദായുടെ ഭാവി രൂപീകൃതമാകാൻ പോകുന്നതെന്നു കർത്താവു ജറെ

മിയായോടു പറഞ്ഞു (25:1-24; 29:1-14; 32:36-46). ബി.സി. 587-ൽ യൂദായിൽ ബാബിലോൺ നിയമിച്ച ഗവർണ്ണറായ ഗദാലിയായുടെ മരണശേഷം ചില യൂദാനിവാസികൾ ജറെമിയായെ ബന്ധനസ്ഥനാക്കി ഈജിപ്തിലേക്കു കൊണ്ടുപോയി. ഈ യൂദാനിവാസികളോടും ജറെമിയായുടെ മനോഭാവം പ്രത്യാശയുടെതായിരുന്നില്ല (40-46). ബാബിലോണിലെ പ്രവാസികൾ മാത്രമാണു യൂദായുടെ ഭാവിപ്രത്യാശയെന്നു ജറെമിയായുടെ വചനങ്ങൾ പൂർത്തയാക്കിക്കൊണ്ട് 539/8 ൽ പ്രവാസത്തിൽനിന്നു തിരച്ചുവന്നവരാണു 2-ാം ദൈവാലയം പണിയുകയും യൂദായിൽ മതനവീകരണം നടത്തുകയും യഹൂദമതം സ്ഥാപിക്കുകയും ആ മതത്തെ തുടർന്നുള്ള ഭാവിയിലേക്കു നയിക്കുകയും ചെയ്തത്. ഇങ്ങനെ പുറപ്പാടുമുതൽ പുതിയനിയമ ഉടമ്പടിവരെ എത്തുന്ന ചരിത്രം ദൈവികമായി ദർശിക്കാൻ കഴിഞ്ഞവനാണു ജറെമിയ.

പേർഷ്യൻ രാജാവായ സൈറസിന്റെ ആഗമനവും പ്രവാസികളുടെ മോചനവും ജറെമിയായുടെ പ്രവചനത്തിന്റെ പൂർത്തീകരണമാണെന്നു പിന്നീടുവന്ന വചനപാരമ്പര്യം വിശ്വസിച്ചു (എസ്ര 1:1; 2ദിന 36:21; ജറെ 29:10). ഇതു വ്യാഖ്യാനിച്ചുകൊണ്ടു ദാനിയേലിന്റെ ഗ്രന്ഥം വെളിപാട് ചിന്തകൾക്ക് രൂപം നൽകി (ദാനി 9:2). ജറെമിയായാണു വിലാപങ്ങൾ രചിച്ചതെന്നു ദിനവൃത്താന്തകാരൻ പറയും (2ദിന 35:25). മക്കബായരുടെ ഗ്രന്ഥമനുസരിച്ചു ബാബിലോണിയാക്കാർ ദൈവാലയം നശിപ്പിക്കുന്നതിനുമുമ്പു ദൈവാലയത്തിൽനിന്ന് ഉടമ്പടിയുടെ പേടകവും ധൂപപീഠവും സാക്ഷ്യകൂടാരവും നീക്കി ഒരു ഗുഹയിൽ ഒളിച്ചുവയ്ക്കാൻ ജറെമിയ കൽപ്പിച്ചിരുന്നു. എന്നാലങ്ങോട്ടുള്ള വഴി അടയാളപ്പെടുത്താൻ അവരെ അദ്ദേഹം അനുവദിച്ചുമില്ല. അതിനു ശ്രമിച്ചവരോടു ദൈവം ജനത്തെ ഒരുമിച്ചുകൂട്ടുമ്പോൾ അതും അവർക്കു വെളിപ്പെടുത്തിക്കൊള്ളും എന്നദ്ദേഹം പറഞ്ഞു (2മക്ക 2:7). ഈ ഗ്രന്ഥമനുസരിച്ചു ജറെമിയ ജനത്തിനുവേണ്ടി പ്രാർത്ഥിക്കുകയും അങ്ങനെ അവരെ സംരക്ഷിക്കുകയും ചെയ്തു (2മക്ക 15:14-16).

**വിചിന്തനം:** ദൈവഹിതത്തിനുള്ള പൂർണ്ണമായ സമർപ്പണത്തിലൂടെ ദൈവത്തിന്റെ ഹൃദയവികാരങ്ങളും ഭാവിയെക്കുറിച്ചുള്ള ചിന്തകളും തന്റെ ജനത്തെക്കുറിച്ചുള്ള ആകുലതകളും സ്വന്തമാക്കാൻ കഴിഞ്ഞവനാണ് ജറെമിയാ. ഭൂതകാലത്തിലുള്ള ദൈവത്തിന്റെ പ്രവർത്തന രീതികൾ ധ്യാനവിഷയമാക്കി നവീനമായ ഭാവി വിഭാവനം ചെയ്യാൻ അദ്ദേഹത്തിനു കഴിഞ്ഞു. എല്ലാം തകർന്ന അവസരത്തിൽ ദൈവം ഒരു പുതിയ ഉടമ്പടി സ്ഥാപിച്ചു തന്റെ ജനത്തെ വീണ്ടെടുക്കുന്നതു ദർശിക്കാൻ പ്രവാചകനു കഴിഞ്ഞതു വലിയ പ്രത്യാശ ഉണ്ടായിരുന്നതുകൊണ്ടാണ്.

## 44. ഷമായായുടെ മകനായ ഊറിയ

യൂദാരാജാവായ യഹോയാക്കിമിന്റെ ഭരണകാലത്തു (609-598) ജറെമിയായെപ്പോലെതന്നെ കിരിയാത്ത് യയാറിമിലെ ഷമായായുടെ പുത്രനായ ഊറിയാ പ്രവാചകനും കർത്താവിന്റെ നാമത്തിൽ രാജാവിനും ദേശവാസികൾക്കും അനിഷ്ടമായതു പ്രസംഗിച്ചു. തത്ഫലമായി രാജാവ് അദ്ദേഹത്തെ വധിക്കാൻ ശ്രമിച്ചു. അപ്പോൾ പ്രവാചകൻ ഈജിപ്തിലേക്ക് ഓടി രക്ഷപ്പെട്ടു. എന്നാൽ രാജാവ് അക്ബോറിന്റെ മകനായ





ഏൽനാത്താന്റെ നേതൃത്വത്തിൽ ഒരു സംഘത്തെ ഈജിപ്തിലേക്കയക്കുകയും ഊറിയായെ ബന്ധനസ്ഥനാക്കി രാജാവിന്റെ അടുക്കൽ കൊണ്ടുവരികയും ചെയ്തു. രാജാവു പ്രവാചകനെ സ്വന്തം വാളുകൊണ്ടു വധിച്ചതിനുശേഷം ശരീരം പൊതുശ്മശാനത്തിലെറിഞ്ഞു (ജറെ26:20-23).

**വിചിന്തനം:** പ്രവാചകദൗത്യം രക്തസാക്ഷിത്വത്തിലേക്കുള്ള ഒരു വിളിയാകാം.

## 45. യൂദായുടെ നാശവും വിലാപങ്ങളും

ബി.സി. 587 ൽ ബാബിലോൺ രാജാവായ നബുക്കദ്നേസർ ജറുസലേം നഗരം നശിപ്പിക്കുകയും വാഗ്ദത്തദേശമായ യൂദായെ കീഴ്പ്പെടുത്തുകയും ചെയ്തു. ദൈവം നിത്യമായി ഇസ്രായേലിനു നൽകിയ രാജ്യം അന്യാധീനപ്പെടുകയും ദൈവം നിത്യമായി സ്ഥാപിച്ച ദാവീദിന്റെ വംശം അപ്രത്യക്ഷമാവുകയും ചെയ്തു. ഈ സംഭവങ്ങളെക്കുറിച്ചുള്ള ഒരു ദൃക്സാക്ഷിയുടെ വിവരണങ്ങളും വിലാപങ്ങളുമാണ് ഈ ഗ്രന്ഥത്തിലുള്ളത്. ഒരു പഴയ പാരമ്പര്യമനുസരിച്ചു ജറെമിയായാണ് ഇതിന്റെ കർത്താവ് (2ദിന 35:25). കാരണം 587 ലെ വിനാശകാലത്തു ജറെമിയ ജറുസലേമിലുണ്ടായിരുന്നു എന്നു മാത്രമല്ല ജറെമിയായുടെ ഭാഷയും വിലാപങ്ങളുടെ ഭാഷയും സമാനതകളുള്ളതുമാണ് (ഉദാ: ജറെ 14:14-22). മെഗിദ്ദോയിൽ വെച്ച് ഈജിപ്തുമായുള്ള യുദ്ധത്തിൽ ജോസിയ മരിച്ചപ്പോൾ ജറെമിയ ഒരു വിലാപകാവ്യം എഴുതിയെന്നു ദിനവൃത്താന്ത ഗ്രന്ഥകാരൻ പറയുന്നുണ്ട് (2ദിന 35:25). ബൈബിളിന്റെ ഗ്രീക്ക് വിവർത്തനത്തിൽ (Septuagint) വിലാപങ്ങളുടെ അവതാരികയിൽ ഇപ്രകാരം പറയുന്നുണ്ട്: "ജറുസലേം നശിപ്പിക്കപ്പെടുകയും ഇസ്രായേൽ മുഴുവനും നാടുകടത്തപ്പെടുകയും ചെയ്തപ്പോൾ ജറെമിയ ഉറക്കെക്കരയുകയും ജറുസലേമിനെക്കുറിച്ചുള്ള വിലാപത്തെക്കാൾ വിലപിക്കയും ചെയ്തു.
ഈ പാരമ്പര്യം സ്വീകരിക്കുന്നതിനാലാണു കത്തോലിക്കരുടെ ബൈബിളിൽ ജറെമിയായ്ക്കുശേഷം വിലാപങ്ങൾ ചേർത്തിരിക്കുന്നത്. ഇതെല്ലാമാണെങ്കിലും ആധുനികപണ്ഡിതർ വിലാപങ്ങൾ ജറെമിയായുടേതാണെന്നു കരുതുന്നില്ല.

ഭർത്താവു മരിച്ചതിനാൽ വിലപിക്കുന്ന സീയോന്റെ വിലാപങ്ങളെന്നപോലെയുള്ള അഞ്ചു വിലാപകാവ്യങ്ങളാണു ഗ്രന്ഥത്തിലുള്ളത്. തകർച്ച രാജ്യം മുഴുവനെയും വി. നഗരത്തെയും ദൈവാലയത്തെയും അതിന്റെ പ്രഭുക്കന്മാരെയും പുരോഹിതരെയും പ്രവാചകരെയും ശ്രേഷ്ഠരെയും യുവാക്കളെയും വൃദ്ധരെയും അമ്മമാരെയും പെൺകുട്ടികളെയും കുഞ്ഞുങ്ങളെയും ഒരുപോലെ ബാധിച്ചിരിക്കുന്നു. ഇതു പാപത്തിന്റെ ഫലമായി ഉണ്ടായ ദൈവശിക്ഷയാണ് (1:5, 8, 17; 2:17; 3:37-39; 4:13). അതു സോദോമിന്റെ ശിക്ഷയെക്കാൾ വലുതാണ് (4:6). അതിനാൽത്തന്നെ ഈ തകർച്ച ഒരു രാഷ്ട്രീയ സംഭവമെന്നതിനെക്കാൾ ഒരു ആത്മീയ സംഭവമാണ്. ഇതിനു കാരണക്കാരായവരിൽ പ്രധാനികൾ അവരുടെ പ്രവാചകന്മാരാണ്: "നിൻെറ പ്രവാചകൻമാർ നിനക്കുവേണ്ടി കണ്ടതു വഞ്ചനാത്മകമായ വ്യാജ ദർശനങ്ങളാണ്. നിൻെറ ഐശ്വര്യം പുനഃസ്ഥാപിക്കാൻവേണ്ടി നിൻെറ അകൃത്യങ്ങൾ അവർ മറനീക്കി കാണിച്ചില്ല. അവരുടെ ദർശന

ങ്ങൾ മിഥ്യയും വഞ്ചനാത്മകവു മായിരുന്നു'' (2:14); "അവരുടെ മധ്യേ നീതിമാൻമാരുടെരക്തം ചൊരിഞ്ഞ അവളുടെ പ്രവാചകൻമാരുടെ പാപങ്ങളും പുരോഹിതൻമാരുടെ തിൻമകളും നിമിത്തമാണ് ഇതു സംഭവിച്ചത്'' (4:13).

തന്റെ ജനത്തിനെതിരായ ഈ യുദ്ധം നയിച്ചതു ദൈവം തന്നെയാണ് (3:12-13). അതുകൊണ്ടു ദൈവത്തിന്റെ പഴയകാല കരുണ അടിസ്ഥാന മാക്കി (3:55-60) അനുതപിക്കാൻ അനുവാചകരെ ഗ്രന്ഥകർത്താവ് ആഹ്വാനം ചെയ്യുന്നു: "നമുക്കു നമ്മുടെ വഴികൾ സൂക്ഷ്മമായി പരിശോധിക്കുകയും കർത്താവിങ്കലേക്കു തിരിയുകയും ചെയ്യാം. നമുക്കു നമ്മുടെ ഹൃദയവും കരങ്ങളും സ്വർഗസ്ഥനായ ദൈവത്തിങ്കലേക്ക് ഉയർത്താം. ഞങ്ങൾ പാപം ചെയ്തു, ധിക്കാരം കാണിച്ചു. അവിടുന്നു മാപ്പു നൽകിയില്ല'' (3:40-42). ഏത് നാശത്തിനിടയിലും പ്രത്യാശയു ള്ളവനാണു ഗ്രന്ഥകർത്താവ്: "എന്നാൽ, ഞാൻ ഒരു കാര്യം ഓർമ്മി ക്കുന്നു, അത് എനിക്കു പ്രത്യാശ തരുന്നു. കർത്താവിൻെറ സ്നേഹം ഒരിക്കലും അസ്തമിക്കുന്നില്ല; അവിടുത്തെ കാരുണ്യം അവസാനി ക്കുന്നില്ല ...'' (3:21-24).

ദൈവം വീണ്ടും സന്ദർശിക്കുന്നതുവരെ ക്ഷമയോടും എളിമ യോടുംകൂടി കാത്തിരിക്കാൻ അദ്ദേഹം ആഹ്വാനം ചെയ്യുന്നു (3:25-33). ചരിത്രത്തിലെ സംഭവങ്ങളിലൂടെ ദൈവം എപ്രകാരം പ്രവർത്തന നിര തനാണെന്നു പറയാനാണു ഗ്രന്ഥകർത്താവിന്റെ താത്പര്യം. വിപ്രവാസ അവസരത്തിൽ സമൂഹത്തിനും വ്യക്തികൾക്കും അനുഭവവേദ്യമായ ദയ നീയസ്ഥിതിയാണ് ഇവിടെ വിവരിക്കുന്നത്.

**വിചിന്തനം:** ഏറ്റവും നിരാശാജനകമായ ജീവിത സാഹചര്യങ്ങളിലും പ്രത്യാശ കൈവെടിയാതിരിക്കാനും ഏതു തകർച്ചയിലും ദൈവ ത്തിന്റെ കാരുണ്യത്തിന് അത്ഭുതം പ്രവർത്തിക്കാൻ ഇടമുണ്ടെന്ന് അനുസ്മരിപ്പിക്കാനുമുള്ള പ്രചോദനമാണു ബി. സി. 587 ലെ വിപ്ര വാസാനുഭവം പ്രവാചകനു നൽകുന്നത്. സ്വന്തമായവയെല്ലാം ഉപേ ക്ഷിച്ചുകൊണ്ടും നഗ്നരായും അടിമകളായും അന്യദേശത്തേക്കു നയിക്കപ്പെട്ടവർക്കുപോലും പ്രത്യാശ നൽകുന്നവനാണു ദൈവം.

## 46. ഒബാദിയ

ഈ പേരിനർത്ഥം "കർത്താവിന്റെ ദാസൻ'' എന്നാണ്. വളരെ സാധാ രണമായ ഈ പേര് ബൈബിളിലെ 12 വ്യക്തികൾക്കു നൽകപ്പെട്ടിട്ടുണ്ട്. ആഹാബ് രാജാവിന്റെ ഭരണകാലത്ത് അദ്ദേഹത്തിന്റെ സേവകനായി മറ്റൊരു ഒബാദിയ പ്രവാചകനുമുണ്ടായിരുന്നു (1രാജ 18:1-16). ജറെമി യായുടെ സമകാലികനായിരുന്ന വ്യക്തിയാണ് പ്രവാചകനും ഗ്രന്ഥ കർത്താവുമായ ഒബാദിയ. അദ്ദേഹം ജറെമിയായെപ്പോലെതന്നെ സംസാ രിക്കുന്നതു കാണാം (ഒബാ 1-4 = ജറെ 4:14-16; ഒബാ 5 = ജറെ 49:9; ഒബാ 8 = ജറെ 49:7). പഴയനിയമഗ്രന്ഥങ്ങളിൽ ഏറ്റവും ചെറിയത് ഈ പ്രവാചക ഗ്രന്ഥമാണ്.

നിനെവെക്കെതിരെ നാഹും പ്രവാചകൻ സംസാരിക്കുന്നതുപോലെ ഏദോമിനെതിരെ സംസാരിക്കുന്ന പ്രവാചകനാണ് ഒബാദിയ. ഇതിലെ പ്രവചനങ്ങൾ ഇസ്രായേലിന്റെ സഹോദരനായ ഏസാവിന്റെ (ഏദോം; ഉൽപ 25-27) പിൻതുടർച്ചക്കാരായ ഏദോമിനെ സംബന്ധിച്ചുള്ളതാണ്.





ബി.സി. 587 ൽ ബാബിലോണിയക്കാർ ജറുസലേം/യൂദാ കീഴടക്കി നശിപ്പിച്ചപ്പോൾ അവരുടെ അയൽവാസികളായ ഏദോംകാർ യൂദായുടെ തെക്കുഭാഗം കൊള്ളയടിച്ചതിന് എതിരെയുള്ള ഒരു പ്രതികരണമായിരി ക്കണം ഏദോമിന്റെ നാശത്തെക്കുറിച്ചു സംസാരിക്കുന്ന ഈ പ്രവചനം. ബി.സി. 553 ൽ ഏദോം ഇല്ലാതായിത്തീർന്നതിനാൽ ബി. സി. 587 നും 553നും ഇടയിലായിരിക്കണം ഇതെഴുതപ്പെട്ടത്.

ജറുസലേമിന്റെ നാശത്തെ കഴിഞ്ഞുപോയ ഒരു സംഭവമായാണു ഗ്രന്ഥം വിവരിക്കുന്നത് (1:11-14). അയൽവാസിയായ യൂദാ നശിപ്പിക്കപ്പെ ട്ടപ്പോൾ ഏദോം അതിൽനിന്നു ലാഭം കൊയ്യാൻ ശ്രമിച്ചു. (1:13-14; എസ്രാ 25; ജറെ 46). ഏദോമിലെ പടയാളികൾ ബാബിലോണിനോടൊപ്പം ജറു സലേം കൊള്ളയടിക്കയും ഏദോം രാജാവ് യൂദായുടെ തെക്കുഭാഗം തന്റെ രാജ്യത്തിന്റെ ഭാഗമാക്കുകയും ചെയ്തിട്ടുണ്ടാകണം. അവർ ജറു സലേം കൊള്ളയടിക്കുകയും അവിടെനിന്ന് ഓടി രക്ഷപ്പെടാൻ ശ്രമിച്ച യൂദാനിവാസികളെ പിടിച്ചു ബാബിലോണിനെ ഏൽപിക്കയും ചെയ്തു (1:13 -14). പണ്ടു യാക്കോബ് ഏസാവിനോട് അവസരവാദപരമായി പെരു മാറുകയും അവനെക്കൊണ്ടു മുതലെടുക്കയും ചെയ്തിരുന്നു (ഉൽപ 25 -27). ഇന്ന് ഏസാവ് യാക്കോബിനെക്കൊണ്ടു മുതലെടുത്തുകൊണ്ട് ഇതിനു പ്രതികാരം ചെയ്യുകയാണ്. അതുകൊണ്ട് ഏദോമിനുമേലുള്ള ദൈവത്തിന്റെ ശിക്ഷാവിധി ഒബാദിയ പ്രവചിക്കുന്നു.

പ്രവാചകൻ രാജ്യങ്ങളെ കർത്താവിന്റെ വിധികേൾക്കാൻ വിളിച്ചുകൂട്ടു കയും (1:1-4) ജനതകൾ ഏദോമിന്റെ നഗരങ്ങൾ കൊള്ളയടിക്കുന്നത് വിവരിക്കുകയും (1:5-9) അതിന്റെ കാരണങ്ങൾ വിവരിക്കയും (1:10-12) യൂദാ ഏദോമിനെ തകർക്കുമെന്നു പ്രഖ്യാപിക്കയും ചെയ്യുന്നു (1:15-20). അന്യന്റെ നാശത്തിൽ ആഹ്ളാദിക്കയും ആ നാശം സ്വന്തം ലാഭമാക്കി മാറ്റാൻ ശ്രമിക്കയും ചെയ്യുന്നവർക്കു ദൈവത്തിന്റെ നീതിയുടെ സന്ദേ ശമാണ് ഒബാദിയ നൽകുന്നത്. ആ നീതി ഇസ്രായേലിനെ സംബന്ധി ച്ചിടത്തോളം അതിന്റെ പുനഃസ്ഥാപനത്തിന്റെ സന്ദേശമാണ്. ദൈവം സഹിക്കുന്നവരോടു കൂടെയാണെന്ന് ഈ സന്ദേശം വ്യക്തമാക്കുന്നു. ഓരോരുത്തരും സ്വന്തം പ്രവൃത്തിയുടെ ഫലമനുഭവിക്കുമെന്ന കഠിന മായ സന്ദേശവും പ്രവാചകൻ നൽകുന്നു (1:15-16).

ഇസ്രായേലിന്റെയും ദൈവത്തിന്റെയും അവസാനശത്രുവിന്റെ അവ താരമാണു ബൈബിളിൽ ഏദോം (ഏശ 63:1-4; സങ്കീ 137:7-9; വിലാ 4:21-22; ജോയ 3:19). ശത്രുവിന്റെ രാജ്യം തകർക്കപ്പെടുകയും ദൈവ രാജ്യം സ്ഥാപിക്കപ്പെടുകയും ചെയ്യും (ഒബാ 17-20). ഇതു ദൈവത്തിന്റെ സാർവ്വത്രിക അധികാരമാണു സൂചിപ്പിക്കുന്നത്. ശിഷ്ടഭാഗം കർത്താ വിന്റെ മലയായ സീയോനിൽ എത്തുകയും അവിടെനിന്ന് ഏദോമിനെ ഭരിക്കുകയും ചെയ്യും. കാരണം കർത്താവ് രാജാവാണ്.

**വിചിന്തനം:** അന്യന്റെ നാശത്തിൽ ആഹ്ലാദിക്കുകയും അതു സ്വന്ത ലാഭമാക്കി മാറ്റാൻ പരിശ്രമിക്കുകയും ചെയ്യുന്നവനു കഠിനമായ ശിക്ഷാവിധി ലഭിക്കും. ദൈവം ഓരോമനുഷ്യനും അവന്റെ പ്രവൃ ത്തികൾക്കനുസരിച്ചു പ്രതിഫലം നൽകുന്നവനാണ്.

# 06

# വിപ്രവാസകാല പ്രവാചകന്മാർ

പഴയനിയമ ദൈവജനത്തിന്റെ ചരിത്രത്തിലെ ഏറ്റവും നിർണ്ണായക കാലഘട്ടമായിരുന്ന ബാബിലോൺ വിപ്രവാസ കാലഘട്ടത്തിലെ പ്രവാചകരെയാണ് ഈ അധ്യായത്തിൽ പഠനവിധേയമാക്കുന്നത്.

## 47. എസെക്കിയേൽ

എസെക്കിയേൽ എന്ന പേരിന്റെ അർത്ഥം "ദൈവം (ഈ കുഞ്ഞിനെ) ശക്തിപ്പെടുത്തുന്നു/ദൈവം (ഈ വ്യക്തിയെ) ശക്തിപ്പെടുത്തട്ടെ" എന്നാണ്. ബി.സി. 598 ൽ ബാബിലോൺ രാജാവായ നബുക്കദ്നേസർ ആദ്യം യൂദായെ കീഴ്പ്പെടുത്തിയപ്പോൾ രാജകുടുംബത്തിലുള്ളവരെയും നാട്ടിലെ മേൽത്തട്ടിലുള്ള മറ്റാളുകളെയും വിവിധ ജോലികളിൽ നൈപുണ്യമുള്ളവരെയും ബാബിലോണിലേക്കു നാടുകടത്തി (2രാജ 24:10-17). ബാബിലോണിൽ പഴയ നിപ്പൂർ പട്ടണത്തിനു സമീപം കേബാർ കനാലിനടുത്തുള്ള തെൽ അവീവിൽ (3:15) ഒരു സമൂഹമായി ജീവിക്കാൻ അദ്ദേഹം അവരെ അനുവദിക്കയും ചെയ്തു.

ബാബിലോൺ നഗരത്തിനു തൊട്ടു വടക്കുനിന്നു രാജ്യത്തിന്റെ തെക്കുഭാഗത്തുള്ള നിപൂർ പട്ടണത്തിലേക്കു യൂഫ്രട്ടീസ് നദിയിൽനിന്നു വെള്ളം കൊണ്ടുപോകുന്ന കനാലാണു കേബാർ. യൂദായിലെ ഉയർന്ന കുടുംബത്തിൽപ്പെട്ട ഒരു പുരോഹിതനും തെൽ അവീവിൽ താമസമാക്കിയവരുടെ കൂട്ടത്തിൽപ്പെട്ട ഒരു വിപ്രവാസിയുമായിരുന്നു എസക്കിയേൽ. ബാബിലോണിൽവെച്ചു പ്രവാചകനായി വിളി ലഭിച്ച എസെക്കിയേൽ തന്റെ ദൗത്യം നിർവ്വഹിച്ചതു ബി.സി. 593 ജൂലൈ 13 മുതൽ (1:1-3) ബി. സി. 573 വരെയുള്ള 20 വർഷക്കാലമാണ് (40:1). അദ്ദേഹം





പുരോഹിതനായ ബൂസിയുടെ മകനും (1:3) നല്ല വിദ്യാഭ്യാസമുള്ളവനുമായിരുന്നു. ബൂസിയാകട്ടെ ജറുസലേമിൽ വലിയ സ്വാധീനമുള്ള മനുഷ്യനായിരുന്നു. എസക്കിയേൽ വിവാഹിതനായിരുന്നു. എങ്കിലും അദ്ദേഹത്തിന്റെ കുടുംബത്തെക്കുറിച്ചു കാര്യമായൊന്നും നമുക്കറിഞ്ഞുകൂടാ (24:15-18).

ഇന്ന് ഇറാക്കിലെ ആധുനിക പട്ടണമായ ഹില്ലായ്ക്കു സമീപം അൽകിഫ്ല് എന്ന സ്ഥലത്തുള്ള കബറിടത്തിലാണ് എസെക്കിയേൽ സംസ്കരിക്കപ്പെട്ടതെന്നു പറയപ്പെടുന്നു. മറ്റു പ്രവാചക ഗ്രന്ഥങ്ങളിൽനിന്നു വ്യത്യസ്തമായി കൃത്യമായ 15 ദിനങ്ങളോടനുബന്ധിച്ചാണ് എസെക്കിയേൽ തന്റെ ദർശനങ്ങൾ വിവരിക്കുന്നത് (1:1 [അവ്യക്തം]; 1:2 [ബി.സി. 593]; 3:16 [593]; 8:1 [592]; 20:1 [591]; 24:1 [588]; 26:1 [587--586]; 29:1 [587]; 29:17 [571]; 30:20 [587]; 31:1 [587]; 32:1 [585]; 32:17 [585]; 33:21 [585]; 40:1 [573]).

### ചരിത്രപശ്ചാത്തലം

ദൈവജനമായ ഇസ്രായേലിന്റെ ചരിത്രത്തിലെ ഏറ്റവും വേദനാജനകമായ സംഭവങ്ങൾ നടന്ന കാലഘട്ടത്തിൽ ജീവിച്ചിരുന്ന പ്രവാചകനാണ് എസക്കിയേൽ. യൂദായുടെ ആദ്യതകർച്ച (ബി.സി. 598), ജറുസലേമിന്റെ നാശം (ബി.സി. 587), രാജ്യത്തിന്റെ സ്വാതന്ത്ര്യം നഷ്ടമായത്, പ്രധാനികളുടെയെല്ലാം വിപ്രവാസം, സോളമൻ പണിതതും ദൈവത്തിന്റെ വാസസ്ഥലവുമായിരുന്ന ദേവാലയത്തിന്റെ നാശം, ദാവീദ് കുടുംബത്തിനു ശാശ്വതമായി വാഗ്ദാനം കിട്ടിയ അധികാരം നഷ്ടമാക്കുന്നത് മുതലായ സംഭവങ്ങളെല്ലാം അദ്ദേഹത്തിന്റെ കാലത്താണു നടന്നത് (2രാജ 25; ജറെ 39-41; 52; 2ദിന 36). ഈ സംഭവങ്ങൾക്കു രാഷ്ട്രീയവും ദൈവശാസ്ത്രപരവുമായ ഫലങ്ങൾ ഉണ്ടായിരുന്നു. നിത്യമായിരിക്കുമെന്നു ദൈവം വാഗ്ദാനം ചെയ്ത (2സാമു 7: 12-18) ദാവീദിന്റെ ഭവനം എവിടെ? നിത്യാവകാശമായി ദൈവം വാഗ്ദാനംചെയ്ത ദേശം (ഉൽപ 15:18) എവിടെ? തത്ഫലമായി സാമൂഹിക ജീവിതം മാത്രമല്ല ജനത്തിന്റെ വിശ്വാസജീവിതവും ചഞ്ചലമായി. വിപ്രവാസത്തിലായവരുടെ ഹൃദയവേദനയും തുടർന്ന് അവരിലുണ്ടായ പ്രതികരണവും 137-ാം സങ്കീർത്തനത്തിൽ കാണാം (137:1-9).

ബി.സി. 598 ൽ ബാബിലോണിലേക്കു നാടുകടത്തപ്പെട്ട എസെക്കിയേൽ അടങ്ങിയ ആദ്യകൂട്ടം പ്രവാസികൾ തുടക്കത്തിൽ നിരാശരായിരുന്നെങ്കിലും ജന്മദേശവുമായി ബന്ധം തുടർന്നിരുന്ന അവർ ജറെമിയായുടെ ഉപദേശം സ്വീകരിക്കുകയും (ജറെ 29:1-23) ബാബിലോൺ അവരുടെ സ്വന്തം നാടായി അംഗീകരിക്കുകയും ചെയ്തു. അവർ അവിടെ വീടുകൾ പണിയുകയും ആ നാട്ടിലെ ജോലികൾ ചെയ്യുകയും നിപുണരായിരുന്നവർ ഭരണയന്ത്രത്തിന്റെ കീഴിലുള്ള ജോലികളിൽ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ടാകണം. തത്ഫലമായി സമാധാനവും ശാന്തിയും കൈവന്നു എന്നുമാത്രമല്ല ചിലർ സമ്പന്നരുമായി. അക്കാരണത്താൽത്തന്നെ വിപ്രവാസം അവസാനിച്ചിട്ടും പലരും തിരിച്ചുപോകാൻ തയ്യാറായില്ല. അതിനാൽ, യൂദായ്ക്കു പുറത്തു യഹൂദജീവിതം തഴച്ചു വളർന്ന പ്രധാന സ്ഥലമായി ബാബിലോൺ മാറി. വിപ്രവാസകാലത്ത് എസക്കിയേൽ ബാബിലോണിൽ സ്വന്തം ഭവനത്തിലാണു വസിച്ചിരുന്നത് (3: 24; 8:1).

## എസെക്കിയേലിന്റെ വിളി

എസെക്കിയേൽ സ്വന്തം ദൈവവിളിയെക്കുറിച്ചു നമ്മോടു വിവരിക്കുന്നുണ്ട് (1-3). ആദ്യമായി അദ്ദേഹം തന്റെ വിളിദർശനത്തിൽ കണ്ടതു ജറുസലേം ദേവാലയത്തിലായിരുന്ന ദൈവത്തിന്റെ സിംഹാസനം ബാബിലോണിലൂടെ ചുറ്റിനടക്കുന്നതാണ്. ദേവാലയം നശിക്കുമെന്നതിന്റെ മുന്നോടിയായിരുന്നു ഇത്. ദൈവത്തെക്കുറിച്ചു സംസാരിക്കുമ്പോൾ വളരെ ഭയഭക്തിയോടെയാണ് എസെക്കിയേൽ അതു ചെയ്യുന്നത് (2:3-5).

പ്രവാചകൻ വിളിക്കപ്പെടുകയും അയക്കപ്പെടുകയും ചെയ്യുന്നവനാണ്. ഇക്കാലഘട്ടത്തിൽ ദൈവവചനം പ്രാധാന്യം നേടുകയും അതു വഹിക്കുന്ന പ്രവാചകൻ ദൈവത്തിന്റെതന്നെ പ്രതിനിധിയായി മാറുകയും ചെയ്തിട്ടുണ്ടാകണം (അതുകൊണ്ടുതന്നെ കർത്താവ് അരുളിച്ചെയ്തു എന്ന പ്രയോഗം എസെക്കിയേലിൽ നാം കാണുന്നില്ല). ദൈവം എസെക്കിയേലിനെ വിളിച്ചപ്പോൾ അദ്ദേഹത്തിനു വചനം എഴുതിയ ഒരു ചുരുൾ ഭക്ഷിക്കാൻ കൊടുത്തു (2:10). അത് ഇസ്രായേലിനുള്ള വിലാപത്തിന്റെയും ശിക്ഷയുടെയും സന്ദേശമായിരുന്നു. അതു ഭക്ഷിച്ചപ്പോൾ വായിൽ അതു മധുരമായി പ്രവാചകനു തോന്നി. എന്നാൽ ഉദരത്തിലെത്തിയപ്പോൾ അതു കൈപ്പു നിറഞ്ഞതായിത്തീർന്നു. പ്രവാചകൻ ജനത്തിനു നൽകേണ്ട ദൈവിക സന്ദേശം പ്രസംഗിക്കാൻ എളുപ്പമുള്ളതും എന്നാൽ അതിന്റെ ഉള്ളടക്കം കഠിനവുമായിരുന്നെന്ന് ഇതിൽനിന്ന് അനുമാനിക്കാം (3:3). അതുകൊണ്ടുതന്നെ എസെക്കിയേൽ പ്രസംഗിക്കുമ്പോൾ വലിയ എതിർപ്പുകൾ ഉണ്ടാകും (3:7-9). വചനം ഭക്ഷിച്ചു സ്വാംശീകരിച്ചശേഷം പ്രസംഗിക്കുന്ന എസെക്കിയേൽ കർത്താവു ദർശനത്തിലൂടെ പറഞ്ഞ വചനം ഉദ്ധരിക്കുകമാത്രമല്ല ചെയ്യുന്നത് മറിച്ച് അദ്ദേഹം ദൈവത്തിന്റെ പ്രതിനിധിയായി മാറുന്നു എന്നു ഇതു വ്യക്തമാക്കുന്നു.

ഏശയ്യായെ വചനം പ്രസംഗിക്കാനായി യോഗ്യതയുള്ളവനാക്കാനായി ദൈവം ചെയ്തത് അദ്ദേഹത്തിന്റെ അധരങ്ങൾ തൊട്ടു ശുദ്ധിചെയ്യുകയായിരുന്നു. പ്രവാചകവിളി വിവരണത്തിലുണ്ടായ ദൈവശാസ്ത്ര വളർച്ച കാണിച്ചുകൊണ്ടു പിന്നീടു വന്ന ജറെമിയായുടെ അധരങ്ങളിൽ വചനം നിക്ഷേപിക്കുകയാണു ദൈവം ചെയ്തത്. തുടർന്നുവന്ന എസെക്കിയേൽ വചനം ഭക്ഷിച്ചു സ്വാംശീകരിക്കുന്നു. അതായതു പ്രവാചക വചനം എഴുതപ്പെട്ട വചനമായി സാവധാനം രൂപാന്തരപ്പെട്ടുകൊണ്ടിരിക്കയാണ്. അതുകൊണ്ടാണ് എസെക്കിയേൽ വചനം എഴുതിയ ചുരുൾ ഭക്ഷിക്കുന്നത്. ദൈവം എസെക്കിയേലിനെ തൊടുന്നില്ല.

എഴുതപ്പെട്ട ചുരുളിലുള്ളതു ദൈവത്തിന്റെ സന്ദേശമാണ്. ഒരു പ്രവാചകൻ വചനത്തിന്റെ വക്താവു മാത്രമല്ല അതവന്റെ ജീവിതത്തിന്റെ ഭാഗവുമാണ്. എസെക്കിയേലിന്റെ ജീവിതവും ദൗത്യവും വചനവുമായി അഭേദ്യമായി ബന്ധപ്പെട്ടാണിരിക്കുന്നത്. വചനം പ്രവാചകന്റെ ഭക്ഷണമാണ്. അതിനാൽ പ്രവാചകന്റെ സാന്നിധ്യം, ദൈവത്തിന്റെതന്നെ സമൂഹത്തിലുള്ള സാന്നിധ്യമായി മാറുന്നു. ദൈവത്തിന്റെ വചനം എന്റെ അടുത്തു വന്നു (കർത്താവ് അരുളിചെയ്തു) എന്നു 49 പ്രാവശ്യം എസെക്കിയേൽ പറയുന്നുണ്ട്. വിളി വിവരണത്തിന്റെ അന്ത്യത്തിൽ പ്രവാചകൻ ജനത്തിന്റെ കാവൽക്കാരനായി വ്യാഖ്യാനിക്കപ്പെടുന്നു (3:17). ദൈവം വരുത്താനിരിക്കുന്ന ഏതൊരു ശിക്ഷയും മുൻകൂട്ടി അറിഞ്ഞു ജനത്തിന് ആപത്സൂചന നൽകുന്നവനായിരിക്കണം ഒരു പ്രവാചകൻ (ഹബ 2:1).





## ദൈവശാസ്ത്രവീക്ഷണം

ജറെമിയായിൽ നിന്ന് ഏക ദൈവവിശ്വാസത്തെക്കുറിച്ചുള്ള ഉൾക്കാഴ്ചയും ഏശയ്യായിൽനിന്നു ദൈവത്തിന്റെ പരിശുദ്ധിയെക്കുറിച്ചുള്ള കാഴ്ചപ്പാടുകളും സ്വീകരിച്ച ആളാണ് എസെക്കിയേൽ. ജറെമിയായെയും സാമുവലിനെയും (1സാമു 7:7-9) ഏലിയായെയും പോലെ (1രാജ 18:30-39) എസക്കിയേൽ ഒരു പുരോഹിതനായിരുന്നു. മാത്രമല്ല എസെക്കിയേലിന്റെ ദർശനങ്ങൾ ദേവാലയ കേന്ദ്രീകൃതമായിരുന്നു. പൗരോഹിത്യദൗത്യത്തിൽനിന്നു വേർപെടുത്തിയ ഒരു പ്രവാചക ദൗത്യത്തെക്കുറിച്ച് അദ്ദേഹത്തിനു ചിന്തിക്കാൻ സാധ്യമല്ല (എസെ 8:10-11; 4-44). ഏശയ്യാ പറഞ്ഞതുപോലെ ദൈവത്തെ ഇസ്രായേലിന്റെ പരിശുദ്ധനായാണ് എസെക്കിയേൽ കാണുന്നത് (1:28). ഈ പരിശുദ്ധി ഒരാത്മീയ അനുഭവമല്ല മറിച്ച് ദൈവത്തെ മറ്റുള്ളവയിൽ നിന്നെല്ലാം വ്യത്യസ്തനാക്കുന്ന അവിടുത്തെ ഒരു ഗുണവിശേഷമാണ്.

പരിശുദ്ധൻ എന്ന വാക്കു പ്രവാചകൻ 74 പ്രാവശ്യം ഉപയോഗിക്കുന്നുണ്ട്. ഈ പരിശുദ്ധി ദൈവത്തെ താരതമ്യമില്ലാത്തവനാക്കുന്നു. ഇതിനു വിപരീതമായ മനോഭാവമാണ് അശുദ്ധി (എസെ 22:26; 42:20; 44:23; ലേവ്യ 10:10; 11:47). ദൈവത്തിന്റെ സ്ഥാനം കൈയടക്കുന്ന വിഗ്രഹങ്ങൾ അശുദ്ധമാണ് (20:39; 36:25). വിഗ്രഹാരാധനയിലൂടെ മനുഷ്യർ വലിയ പാപം ചെയ്യുന്നു. ഇത് അക്ഷന്തവ്യമായ പാപമാണ് (എസെ 8:16-23). കാരണം, ഒരു ഗുണവിശേഷവുമില്ലാത്ത വിഗ്രഹങ്ങളോടാണ് അവർ താരതമ്യമില്ലാത്ത ദൈവത്തെ തുല്യനാക്കുന്നത്. മാത്രമല്ല ഒന്നുമല്ലാതിരുന്ന കാലത്ത് ഇസ്രായേലിനെ സ്വന്തം ജനമായി തിരഞ്ഞെടുത്ത ദൈവത്തോടാണ് അവർ ഇങ്ങനെ അശുദ്ധമായി പെരുമാറുന്നത് (10:1-14).

ഇസ്രായേലിനെ സ്വീകാര്യയാക്കിയത് ദൈവത്തിന്റെ സ്നേഹവും കാരുണ്യവും മാത്രമായിരുന്നു. എന്നാൽ ഇസ്രായേൽ അവിശ്വസ്തയായിത്തീർന്നു എന്നുമാത്രമല്ല അവൾ സോദോമിനെക്കാളും സമരിയായെക്കാളും പാപിനിയുമായി (16:49-51). വിഗ്രഹാരാധനയുടെ കാഠിന്യവും തത്ഫലമായുണ്ടാകുന്ന നാശവും എസക്കിയേൽ പ്രതീകങ്ങളിലൂടെ വിവരിക്കുന്നുണ്ട് (എസ 23). വിഗ്രഹാരാധനയോടൊപ്പം രക്തച്ചൊരിച്ചിലും (7:23) അക്രമവും പീഡനവും (45:9) കോഴയും കൊള്ളപ്പലിശയും ദരിദ്രനെ പീഡിപ്പിക്കലും (22:12) അഴിമതിയും അനീതിയും കടന്നുവരുന്നു (22:25; 45:8).

വിഗ്രഹാരാധനയുടെയും മറ്റു പാപങ്ങളുടെയും അശുദ്ധിയുടെയും ഫലമായി ദൈവത്തിന് ജറുസലേമിലുള്ള തന്റെ ആലയം ഉപേക്ഷിച്ചു പോകേണ്ടി വരുന്നതായാണ് എസക്കിയേൽ അവതരിപ്പിക്കുന്നത് (എസ 8-11). വിഗ്രഹാരാധനയുടെ ഫലമായി ദൈവം ദേവാലയത്തിലെ അതിവിശുദ്ധ സ്ഥലത്തുനിന്ന് (9:3) ദേവാലയത്തിന്റെ നടുത്തളംവഴി (10:3-4) കിഴക്കേ പടിപ്പുരയിലേക്കും (10:19) പിന്നെ വിശുദ്ധ നഗരം വിട്ട് കിഴക്കുവശത്തുള്ള ഒലിവ് മലയിലേക്കും (11:23) തുടർന്നു ബാബിലോണിലേക്കും നീങ്ങുന്നു. അശുദ്ധിയുള്ളിടത്ത് അതായതു പലതരത്തിലുള്ള വിഗ്രഹങ്ങളുള്ളിടത്തു പരിശുദ്ധനായ ദൈവത്തിനു വസിക്കാൻ സാധ്യമല്ല എന്ന് ഇതു കാണിക്കുന്നു.

ജറെമിയായെപ്പോലെ തന്നെ ബാബിലോണിനെതിരെ നിലകൊള്ളാനുള്ള യൂദായുടെ തീരുമാനം എസെക്കിയേലും എതിർത്തിരുന്നു (12:1-15; 17:1-22; 21:18-32). ജറെമിയായെക്കുറിച്ച് എസെക്കിയേൽ സംസാരിക്കുന്നില്ലെങ്കിലും അദ്ദേഹത്തിന്റെ ഭാഷയും ആശയങ്ങളും ജറെമിയായുടെതിനോടു വലിയ പൊരുത്തമുള്ളതാണ്. യൂദായിൽ ജീവിച്ചിരുന്ന ജറെമിയായോടു രാജാക്കന്മാർ ഉപദേശം തേടിയിരുന്നു. എസെക്കിയേലിനോടാകട്ടെ ഉപദേശം തേടിയിരുന്നതു വിപ്രവാസകാലത്തെ മൂപ്പന്മാരും ജനങ്ങളുമാണ് (8:1; 14:1-3; 20:1; 33:30-31). ഈ മൂപ്പന്മാർ വിപ്രവാസത്തിൽ ഏകസമൂഹമായി താമസിച്ചിരുന്നവരുടെ നേതാക്കന്മാരായിരിക്കാം. അവരുമായുള്ള അടുത്ത ബന്ധം സമൂഹത്തിന്റെ രാഷ്ട്രീയ കാര്യങ്ങളിൽ ഇടപ്പെടുന്നതിന് എസെക്കിയേലിന് അവസരം നൽകിയിരുന്നു എന്നു കരുതാം. വിപ്രവാസത്തിലെ സമൂഹവും യൂദായിലെ സമൂഹവും തമ്മിൽ വാർത്താ കൈമാറ്റം ഉണ്ടായിരുന്നതുകൊണ്ട് (ജറെ 29; എസെ 33:21) എസക്കിയേലിനു തന്റെ സന്ദേശം ഒരേ സമയം വിപ്രവാസികളോടും യൂദാ നിവാസികളോടും പ്രസംഗിക്കാൻ കഴിഞ്ഞിരുന്നു.

വിപ്രവാസകാലത്തെ ജീവിതം ദൈവത്തെക്കുറിച്ചും മതത്തെക്കുറിച്ചും പുതിയ ഉൾക്കാഴ്ചകൾ എസെക്കിയേലിനു നൽകി. ജറുസലേമിലെ ഭരണാധികാരികളുടെ കണ്ണിലൂടെ വിശ്വാസത്തെയും മതത്തെയും കാണാതെ ദൈവത്തെ ലോകത്തിന്റെ മുഴുവനും നിയന്താവും മനുഷ്യന്റെ ഏതവസ്ഥയിലും (അടിമയോ സ്വതന്ത്രനോ) അവന്റെ ആശ്രയവുമായി എസക്കിയേൽ കണ്ടു. മതത്തെയാകട്ടെ, ഒരു സ്ഥലത്തോടും ഒരാലയത്തോടും ബന്ധപ്പെട്ട കാര്യമെന്നതിലുപരി അനേകമനുഷ്ഠാനങ്ങളിലൂടെയും ധാർമ്മിക ജീവിതത്തിലൂടെയും ദൈവത്തോടുള്ള വിശ്വസ്തതയിലൂടെയും യാഥാർത്ഥ്യവൽക്കരിക്കേണ്ട ജീവിതശൈലിയായി അദ്ദേഹം ദർശിച്ചു.

**സന്ദേശം**

എസെക്കിയേലിന്റെ സന്ദേശം നല്കപ്പെട്ടതു രണ്ടു കാലഘട്ടങ്ങളിലായാണ്: 1. ബി.സി. 587 ലെ പതനത്തിനൊരുക്കമായി ജറുസലെമിനെതിരെയുള്ള ബാബിലോണിന്റെ ഉപരോധം ആരംഭിക്കുന്നതിനു മുമ്പുള്ള കാലഘട്ടത്തിലെ സന്ദേശം (എസെ 1-23; കാണുക അദ്ധ്യാ. 24). 2. ജറുസലെം പതിച്ചുവെന്ന വാർത്ത ബാബിലോണിലെത്തിയനുശേഷമുള്ള കാലം (33:21 -22). ഭയാനകമായ രണ്ടു സംഭവങ്ങൾ ഈ രണ്ടുഘട്ടങ്ങളെയും വേർതിരിക്കുന്നു (24:1, 15 -17): 1. ഉപരോധത്തിന്റെ തലേന്നു പ്രവാചകന്റെ ഭാര്യ മരിച്ചു. 2. അതിനശേഷം രണ്ടുവർഷം നീണ്ടുനിന്ന പ്രവാചകന്റെ മൂകത (24:27; 33:22).

**ഒന്നാം ഘട്ടം**

ഉപരോധം തുടങ്ങുന്നതിനുമുമ്പുള്ള സന്ദേശങ്ങളാണ് 1-24 വരെയുള്ള അദ്ധ്യായങ്ങളിൽ വിവരിക്കുന്നത്. ഈ ഭാഗത്തെ സന്ദേശം രണ്ടു വലിയ ദർശനങ്ങളോടു ബന്ധപ്പെട്ടിരിക്കുന്നു (1-3; 8-11). വിളിയോടു ബന്ധപ്പെട്ടുള്ള (1:1-3:15) ആദ്യ ദർശനത്തിൽ ജറുസലെം ദേവാലയത്തിലെ കർത്താവിന്റെ സാന്നിധ്യം എസെക്കിയേൽ ബാബിലോണിൽ ദർശിച്ചു. 8-11 ൽ കർത്താവിന്റെ മഹത്വം ജറുസലേം വിട്ടുപോകുന്നത് എസെക്കിയേൽ





കണ്ടു. ദൈവം ആലയം വിട്ടുപോകാൻ കാരണമെന്തെന്ന് അവിടെ വ്യക്തമാക്കിയിരുന്നു: വിഗ്രഹാരാധന (8:3-18; 9:7). ദൈവം ഇസ്രയേലിനെ മുഴുവൻ നശിപ്പിക്കുമോ എന്ന പ്രവാചകന്റെ ചോദ്യത്തിനു താൻ പ്രവാസികൾക്ക് ഒരു ദേവാലയമായിരിക്കുമെന്ന് ദൈവം പറഞ്ഞു (11:16). ദൈവം തന്റെ ജനത്തെ വ്യക്തിപരമായി ശ്രദ്ധിക്കുന്നവനാണെന്നു പ്രവാചകൻ പറഞ്ഞു (18:2-9). ഇതെല്ലാം പ്രത്യാശയുടെ വചനങ്ങളായിരുന്നു. ഈ ദർശനങ്ങളുടെ പശ്ചാത്തലത്തിലാണ് ആദ്യഭാഗം അനാവൃതമാകുന്നത്. 4:1-3 വരാനിരിക്കുന്ന ഉപരോധം അടയാളങ്ങളിലൂടെ കാണിക്കുന്നു.

സംഭവസ്ഥലത്തുനിന്ന് ഏതാണ്ട് 1000 മൈലുകൾ ദൂരെയായിരുന്നെങ്കിലും ജറുസലേമിൽ നടക്കുന്നതെല്ലാം എസെക്കിയേലിനു കൺമുമ്പിലെന്നതുപോലെ ബാബിലോണിൽ കാണാമായിരുന്നു. തന്റെ ഭാര്യ മരിക്കുമെന്നും തനിക്കു വിലപിക്കാൻ അവസരമുണ്ടാകുകയില്ലെന്നും അദ്ദേഹം അറിഞ്ഞു (24:15-17). അവളുടെ മരണം ജറുസലേമിന്റെ മരണമാണു പ്രതീകാത്മകമായി അവതരിപ്പിച്ചത്. വി. നഗരത്തിന്റെ നാശത്തെക്കുറിച്ചു വിലപിക്കാൻപോലും യൂദാനിവാസികൾക്ക് അവസരം ലഭിക്കില്ല എന്നു സാരം. തങ്ങളോടൊപ്പം ഒരു പ്രവാചകൻ ജീവിച്ചിരിപ്പുണ്ടെന്നും ജറുസലെമിന്റെ നാശം ആകസ്മികമായി സംഭവിച്ചതല്ലെന്നും അങ്ങനെ പ്രവാസികൾക്കു മനസ്സിലായി.

ഏതു നാശമാണു സംഭവിച്ചതെന്നു മാത്രമല്ല എന്തുകൊണ്ടാണതു സംഭവിച്ചതെന്നും എസക്കിയേൽ പറഞ്ഞു. ജനത്തിന്റെ വിഗ്രഹാരാധനയാണു ജറുസലെമിന്റെ നാശത്തിനു കാരണം (6:8-9; 14; 23:37,49). അവർ കർത്താവിന്റെ നിയമങ്ങൾ മറന്നു (22:6-12). എന്നാൽ ഇസ്രായേലിന്റെ ഭാവി പൂർണമായും ഇരുളടഞ്ഞതല്ല. അതിന്റെ ഭാവി ബാബിലോണിലെ പ്രവാസികളെ ആശ്രയിച്ചാണിരിക്കുന്നത് (8-11;1 1:14-20; 20:34; 41). കാരണം, കർത്താവ് അതു വാഗ്ദാനം ചെയ്യുന്നു (11:16); അവൻ അവരെ തിരിച്ചുകൊണ്ടുവരികയും (11:17; 11:14-21); അവരിൽ പുതിയ ചൈതന്യം നിറയ്ക്കുകയും (11:17) അങ്ങനെ അവർ കർത്താവിന്റെ പ്രമാണങ്ങൾ അനുസരിക്കുകയും ചെയ്യും.

ദൈവത്തിന്റെ ചരിത്രത്തിലെ പ്രവൃത്തികളെല്ലാംതന്നെ അവൻ ഏകദൈവമാണ് എന്നു പഠിപ്പിക്കാൻ വേണ്ടിയുള്ളതായിരുന്നു (6:7;7:4,9,27). കർത്താവ് ഒരേയൊരു ദൈവമാണെന്ന് ലോകത്തെ പഠിപ്പിക്കാനുള്ള താത്പര്യമില്ലായിരുന്നെങ്കിൽ അവിടുന്ന് ഇസ്രായേലിനെ പണ്ടേ നശിപ്പിച്ചു കളയുമായിരുന്നു (എസ 20). ദൈവം ഓരോ പ്രവൃത്തിയും ചെയ്യുന്നതു താൻ ഏകദൈവമാണെന്നു ലോകമെങ്ങും അറിയിക്കാൻ വേണ്ടിയാണ്. അതിനാൽത്തന്നെ വിഗ്രഹാരാധനയാണ് ഏറ്റവും വലിയ പാപം (6:8-9, 14, 20, 22). ജറെമിയായും എസെക്കിയേലും വിഗ്രഹാരാധനയക്കെതിരെ പ്രസംഗിച്ച പ്രവാചകരാണ്. എന്നാൽ, വിഗ്രഹാരാധനയെക്കുറിച്ചുള്ള അവരുടെ വിലയിരുത്തലുകളിൽ ചെറിയ വ്യത്യാസമുണ്ടായിരുന്നു. ജറെമിയായെ സംബന്ധിച്ചിടത്തോളം ഇസ്രായേലിന്റെ വിഗ്രഹാരാധനയെന്നതു ഉടമ്പടിയുടെ ലംഘനമായിരുന്നു; ഒരു ചക്രവർത്തിയുമായി ഒരു സാമന്തൻ നടത്തിയ ഉടമ്പടിയുടെ ലംഘനത്തിനു സമമായിരുന്നു അത് (ജറെ 7; 11:1-17; 18:1-12; 19:1-15). എസെക്കിയേലിനെ സംബ

ഡിച്ചിടത്തോമാകട്ടെ അതു പരിശുദ്ധനായ ദൈവത്തിന്റെ വിശുദ്ധിയ്ക്കെതിരായ അശുദ്ധിയായിരുന്നു (5:11).

**രണ്ടാംഘട്ടം**

ജറുസലേമിന്റെ ഉപരോധത്തോടെ എസെക്കിയേൽ തന്റെ വചനം ഇസ്രായേലിന്റെ അയൽക്കാർക്കുനേരെ തിരിച്ചു (25-32). അവരെയും ബാബിലോൺ നശിപ്പിക്കും (28:25-26). ജറുസലെം തകർന്നു എന്ന വാർത്ത ചെവിയിലെത്തിയപ്പോൾ (33:21-22) എസെക്കിയേലിന്റെ മൂകതയുടെ കാലം അവസാനിച്ചു. അദ്ദേഹം ഇസ്രായേലിന്റെ ദൈവികമായ ഭാവിയെക്കുറിച്ചു സംസാരിച്ചു തുടങ്ങി. ബാബിലോണിലെ അടിമത്തത്തിന്റെ അവസാനത്തെയും ജറുസലേമിന്റെ പുനഃസ്ഥാപനത്തെയും കുറിച്ച് അദ്ദേഹം സംസാരിച്ചുതുടങ്ങി.

ഇസ്രായേലിന്റെ പുനഃസ്ഥാപനത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ സന്ദേശത്തിൽ മൂന്നു കാര്യങ്ങൾ ഉൾക്കൊണ്ടിരുന്നു: 1. ദൈവം അവരുടെ ഇടയനാകും (34:11-16). 2. ഇസ്രായേലിനെ ദൈവം പുനർജീവിപ്പിക്കും (37). 3. ദേവാലയവും ദേശവും വിശുദ്ധ നഗരവും പുനഃസ്ഥാപിക്കപ്പെടും (40-48). ഇസ്രായേലിന്റെ ഇടയന്മാരുടെ പരാജയമാണ് ഇടയസ്ഥാനം ദൈവം സ്വയം ഏറ്റെടുക്കാൻ കാരണം (34:10). എന്നാൽ സന്മനസ്സോടെ നാട്ടിലേക്കു തിരിച്ചുപോകാനും മരുഭൂമിയിലെ പരീക്ഷകൾ അതിജീവിക്കാനും കഴിയുന്നവർക്കു മാത്രമേ പുതിയ ദൈവസ്ഥാപിതമായ സമൂഹത്തിലെ അംഗങ്ങളാകാൻ കഴിയുകയുള്ളൂ (20:35-38).

പ്രവാചകനെന്ന നിലയിൽ അന്ന് എസെക്കിയേലിനു രണ്ടു കർത്തവ്യങ്ങൾ നിർവ്വഹിക്കാനുണ്ടായിരുന്നു: 1. പ്രത്യാശ നഷ്ടപ്പെട്ട പ്രവാസികളെ അവർക്കു ദൈവികമായ ഒരു ഭാവിയുണ്ടെന്നു ബോധ്യപ്പെടുത്തുക. 2. അവരെ സ്വഭവനത്തിലേയ്ക്കുള്ള മടക്കയാത്രക്ക് ഒരുക്കിക്കൊണ്ട് ഒരു കാവൽക്കാരനായിത്തീരുക (33:7-20). കർത്താവിന്റെ നിയമങ്ങൾ അനുസരിക്കുന്നവർ മാത്രമേ പുനഃസ്ഥാപിക്കപ്പെടുന്ന സമൂഹത്തിൽ അംഗങ്ങളായി തീരുകയുള്ളൂവെന്നു കാവൽക്കാരനെന്ന നിലയിൽ അദ്ദേഹം പഠിപ്പിച്ചു (33:11).

ഇസ്രായേലിന്റെ പുനരുദ്ധാരണം പൂർണമായും ദൈവത്തിന്റെ മാത്രം പ്രവൃത്തിയായിരിക്കും (34:11-12). പുനരുദ്ധാരണത്തിനുശേഷം പുനരൈക്യപ്പെട്ട ഇസ്രായേൽ-യൂദാ രാജ്യങ്ങളുടെമേൽ ദാവീദിന്റെ രാജവംശം ഭരണം നടത്തും (34:23; 37:22-24). ഇനി ഇസ്രായേലിനെ നശിപ്പിക്കാൻ ശക്തരാകാത്തവിധം അയൽ രാജ്യങ്ങൾ തകർക്കപ്പെടും (35-36). ലോകസംഭവങ്ങൾ നിയന്ത്രിക്കാനുള്ള കർത്താവിന്റെ കഴിവ് അവർ അംഗീകരിക്കും (36:33-36). എന്നാൽ പുനരുദ്ധാരണത്തിൽ സംഭവിക്കുന്ന ഏറ്റവും പ്രധാന കാര്യം മറ്റൊന്നാണ്. അത് ഇസ്രയേലിനു കർത്താവിനെ അനുസരിക്കാൻ കഴിവുള്ള പുതിയ ഒരു ഹൃദയം നല്കപ്പെടും എന്നതാണ് (36:25-28; 37:14). നശിപ്പിക്കപ്പെട്ട ദേവാലയം പുനർനിർമ്മിക്കപ്പെടുകയും ദേവാലയം ഉപേക്ഷിച്ചുപോയ ദൈവമഹത്ത്വം (9-11) തിരിച്ചു ജറുസലേമിലെ പുനരുദ്ധരിക്കപ്പെട്ട ദേവാലയത്തിലേയ്ക്കു വരികയും ചെയ്യും (40:1-43:6).

40-44 വരെയുള്ള അദ്ധ്യായങ്ങളിൽ ഭാവിദേവാലയം എന്തായിരിക്കുമെന്ന് (എന്തായിരിക്കണമെന്ന്) എസെക്കിയേൽ കൃത്യമായി ചിത്രീകരിച്ചു.





ആ ദേവാലയത്തിലേയ്ക്കു ദൈവമഹത്ത്വം തിരികെ വരുന്നത് അദ്ദേഹം കണ്ടു (43:1-13). ദേവാലയത്തിൽനിന്നു ജീവജലത്തിന്റെ ഒരരുവി പുറപ്പെടും (47:1-12). ദൈവം വിപ്രവാസികളെ തീർച്ചയായും പുനരുദ്ധരിക്കുമെന്നു കാണിക്കാൻ എസെക്കിയേൽ അസ്ഥികളുടെ താഴ്‌വരയുടെ സന്ദേശം നല്കി (എസ 37).

ഇതു വ്യക്തിപരമായ പുനരുത്ഥാനചിന്തയല്ല രാജ്യത്തിന്റെ പുനരുത്ഥാനമാണ് അർത്ഥമാക്കുന്നത്: "ആകയാൽ അവരോട് പ്രവചിക്കുക. ദൈവമായ കർത്താവ് അരുളിച്ചെയ്യുന്നു: എൻെറ ജനമേ, ഞാൻ കല്ലറകൾ തുറന്നു നിങ്ങളെ ഉയർത്തും, ഇസ്രായേൽദേശത്തേക്കു ഞാൻ നിങ്ങളെ തിരികെ കൊണ്ടുവരും... എൻെറ ആത്മാവിനെ ഞാൻ നിങ്ങളിൽ നിവേശിപ്പിക്കും. നിങ്ങൾ ജീവിക്കും. ഞാൻ നിങ്ങളെ നിങ്ങളുടെ സ്വന്തംദേശത്തു വസിപ്പിക്കും..." (37:12-14). ദൈവം ഇസ്രായേലിനെ പുനർജീവിപ്പിക്കുമെന്ന് എസെക്കിയേൽ വാഗ്ദാനം ചെയ്തു (37:4, 9). ദൈവം ചേർത്തുവയ്ക്കുന്ന രണ്ടു വടികൾ ഇസ്രായേലും യൂദായുമാണ് (37:15-22): അവിടെ ദാവീദ്ഭവനം വീണ്ടും ഭരിക്കും (37:24-25).

ദൈവം അവരുമായി ഒരു പുതിയ ഉടമ്പടി ചെയ്യും "എൻെറ വാസസ്ഥലം അവരുടെ മധ്യേ ആയിരിക്കും; ഞാൻ അവരുടെ ദൈവവും അവർ എൻെറ ജനവുമായിരിക്കും. എൻെറ ആലയം അവരുടെ മധ്യേ നിത്യമായി സ്ഥിതിചെയ്യുമ്പോൾ ഇസ്രായേലിനെ വിശുദ്ധീകരിക്കുന്ന കർത്താവു ഞാനാണ് എന്നു ജനതകൾ അറിയും" (37:27). പാപം ചെയ്ത ജനത്തെ ശിക്ഷിക്കുന്നതിനുമുമ്പ് അവരെ ഒരുക്കാൻ പ്രവാചകവചനം ആവശ്യമായി വന്നതുപോലെതന്നെ (24:1-14) അവരെ പുനരുദ്ധരിക്കുന്നതിനൊരുക്കമായും പ്രവാചക വചനങ്ങൾ ആവശ്യമായിരുന്നു (37:11-14).

**പ്രവാചകൻ കാവൽക്കാരനാണ്**

പ്രവാചകൻ യുദ്ധഭൂമിയിലെ കാവൽക്കാരനോ (3:16-21) നഗരഭിത്തിയിലെ ഗോപുരത്തിൽ കാവൽ നില്ക്കുന്നവനോ ആണ് (1സാമു 14:16; 2സാമു 13:34). ശത്രു വരുന്നതു കാണുമ്പോൾ കുഴലൂതി നഗരവാസികൾക്ക് മുന്നറിയിപ്പ് നല്കേണ്ടവനാണവൻ (33: 2-6; ആമോ 3:6). അങ്ങനെയായാലേ ജനത്തിന് ആയുധമെടുത്ത് യുദ്ധത്തിനൊരുങ്ങാനോ സുരക്ഷിതമായ സ്ഥലത്ത് ഒളിക്കാനോ സാധിക്കുകയുള്ളൂ. പ്രവാചകൻ അപകടം നേരത്തെ കണ്ടറിഞ്ഞു ജനത്തിനു മുന്നറിയിപ്പു നല്കുന്ന ആന്റീനആയിരിക്കണമെന്ന് എസെക്കിയേലിന്റെ അനുഭവം പഠിപ്പിക്കുന്നു. ആന്റീനയ്ക്ക് (കാവൽക്കാരന്) അതീവജാഗ്രത ആവശ്യമുണ്ട് (33:1-9). അവന്റെ ചെയ്തികളുടെ ഉത്തരവാദിത്വം അവൻ ഏറ്റെടുക്കേണ്ടിവരും (33:7-9/3:17-19). പ്രവാചകന്റെ അജപാലന ഉത്തരവാദിത്വം വ്യക്തിപരമായ ഒന്നാണ്. ഇവിടെ പ്രവാചകന്റെ സ്വാതന്ത്ര്യത്തെക്കുറിച്ച് കാര്യമായ ചിന്തകളില്ല (3:20-21). അവനു രണ്ടിലൊന്നു തിരഞ്ഞെടുക്കാം. എന്നാൽ ഒന്നു തിരഞ്ഞെടുത്തതിനുശേഷം മറ്റേതിന്റെ പ്രതിഫലം പ്രതീക്ഷിക്കരുത്.

പുനഃസ്ഥാപിക്കപ്പെടുന്ന ഇസ്രായേലിന്റെ കേന്ദ്രം ദേവാലയമായിരിക്കും. എസെക്കിയേൽ നല്കുന്നതു പുതിയ ദേവാലയത്തിന്റെ പ്ലാനെന്നതിനെക്കാൾ ദേവാലയ കേന്ദ്രീകൃതമായ ജറുസലേം നഗരത്തിന്റെ പ്ലാനാണ് (40-48). പൂർത്തികരിക്കപ്പെട്ട ദേവാലയത്തിൽനിന്ന് ഒരു നദി

പുറപ്പെടും (47:1-12). അതു ജറുസലെമിൽനിന്നു ചാവുകടലിലേയ്ക്കൊഴുകുകയും അതൊഴുകുന്ന സ്ഥലങ്ങളും ഇന്നു ജീവജാലരഹിതമായ ചാവുകടലും ജീവൻകൊണ്ടു നിറയ്ക്കുകയും ചെയ്യും. എന്നു പറഞ്ഞാൽ പുനഃസ്ഥാപിക്കപ്പെട്ട ദേവാലയം ഇപ്പോൾ മൃതമായ ദേശത്തെ പുതുജിവൻകൊണ്ടു നിറയ്ക്കും എന്നർത്ഥം.

എസെക്കിയേലിന്റെ ഗ്രന്ഥം വെളിപാടു പുസ്തകത്തിൽ വലിയ സ്വാധീനം ചെലുത്തിയിട്ടുണ്ട്: നന്മയും തിന്മയും തമ്മിലുള്ള യുദ്ധം (ഗോഗും മഗോഗും തമ്മിൽ: എസ 38-39) വെളിപാട് 20:7-10 ൽ വീണ്ടും പ്രത്യക്ഷപ്പെടും. പട്ടിണിയും പകർച്ചവ്യാധിയും ദൈവം ശത്രുവിന്റെമേൽ അയയ്ക്കും; ഒപ്പം കാട്ടുമൃഗങ്ങളെയും (എസെ 14:21; വെളി 6:8), നീതിമാന്മാരുടെ നെറ്റിയിൽ മുദ്ര കുത്തപ്പെടും (എസെ 9:4; വെളി 7:3). എസെക്കിയേലിന്റെ ഗ്രന്ഥത്തിലെ നാലു ജീവികൾ (1:4-18) വെളിപാടിലും പ്രത്യക്ഷപ്പെടുന്നുണ്ട് (വെളി 4:6-8). ദൈവം തന്റെ ശ്വാസം അയച്ച് മരിച്ചവരെ ജീവിപ്പിക്കും (37:14; വെളി 11:11). എസക്കിയേലിൽ ദേവാലയത്തിൽനിന്നാണ് നദി ഒഴുകുന്നതെങ്കിൽ (47:1-13) വെളിപാടിൽ ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനത്തിൽ നിന്നാണു നദി പ്രവഹിക്കുന്നത് (22:1-2).

പഴയകാലങ്ങളിൽ 30 വയസ്സിൽ താഴെയുള്ളവർ എസെക്കിയേലിന്റെ ഗ്രന്ഥം വായിക്കരുത് എന്നു റബ്ബിമാർ പറഞ്ഞിരുന്നു. കാരണം, ഒന്നാമത്, ഗ്രന്ഥത്തിന്റെ ആദ്യഭാഗത്തു പ്രവാചകൻ അദൃശ്യനായ ദൈവത്തെ ദൃശ്യമായ വിധത്തിൽ വിവരിച്ചിട്ടുണ്ട് എന്ന ചിന്ത. രണ്ടാമതായി, എസെ 40-48 ൽ വിശദമായി പ്രതിപാദിക്കുന്ന ദേവാലയമാതൃക പഞ്ചഗ്രന്ഥിയിൽ ദൈവം വെളിപ്പെടുത്തുന്ന ദേവാലയത്തിൽനിന്നു വ്യത്യസ്തമാണ്.

**വിചിന്തനം:** സ്വന്തം വീടും നാടും ബന്ധുക്കളും സ്ഥാനമാനങ്ങളും നഷ്ടമായാലും വിശ്വാസത്തിൽ ഉറച്ചുനിൽക്കാൻ കഴിയുമെന്നും പുതിയ സാഹചര്യത്തിനനുസരിച്ചു വിശ്വാസം രൂപാന്തരപ്പെടുത്താൻ കഴിയുമെന്നും അങ്ങനെ ചെയ്യാൻ കഴിഞ്ഞാൽ വിശ്വാസസമൂഹത്തിന് അതു വളരെ സഹായകമാകുമെന്നും പഠിപ്പിക്കുകയാണ് എസക്കിയേൽ തന്റെ അനുഭവത്തിലൂടെ. ദൈവവുമായുള്ള ഗാഢമായ ബന്ധത്തിലൂടെ സ്വർഗ്ഗത്തിലിരിക്കുന്ന ദൈവത്തിന്റെ ഹിതം ഭൂമിയിൽ ചിത്രീകരിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. വചനം ഭക്ഷിച്ചു സ്വാംശീകരിച്ചവനായിരുന്നു എസെക്കിയേൽ.

## 48. രണ്ടാം ഏശയ്യാ

ജറുസലേമിലെ ഏശയ്യായുടെ ഗ്രന്ഥത്തിന്റെ ഭാഗമായി ബൈബിളിൽ പ്രത്യക്ഷപ്പെടുന്നുണ്ടെങ്കിലും ഏശ 40-53 അദ്ധ്യായങ്ങളുടെ പശ്ചാത്തലമായി കാണപ്പെടുന്നതു പാലസ്തീനയല്ല മറിച്ചു ബാബിലോണിലെ പ്രവാസകാലമാണ്. ഒന്നാം ഏശയ്യാ എന്നറിയപ്പെടുന്ന ജറുസലേമിലെ ഏശയ്യാ പ്രസംഗിച്ചത് 8-ാം നൂറ്റാണ്ടിലെ യൂദായിലെ രാജാഭരണ കാലത്താണെന്നു നാം കണ്ടു. രണ്ടാം ഏശയ്യായുടെ പ്രവർത്തനകാലഘട്ടം 6-ാം നൂറ്റാണ്ടാണ്. ജറുസലേം നശിപ്പിക്കപ്പെട്ടിരിക്കുകയാണെന്നുള്ള ചിന്തകളും (40:2; 44:28; 45:13; 47:6) യൂദാനിവാസികൾ ബാബിലോണിലാണെന്നുള്ള ആശയവും ഗ്രന്ഥത്തിലുണ്ട് (48:20; 52:11; 47:1-15). ഇപ്രകാരം സ്ഥലകാലവ്യത്യാസങ്ങളുണ്ടെങ്കിലും ഈ അദ്ധ്യായങ്ങളിൽ ഇതെഴു





തിയ (പ്രസംഗിച്ച) പ്രവാചകനെക്കുറിച്ചുള്ള വിവരണങ്ങളോ അദ്ദേഹത്തിന്റെ വിളിയെക്കുറിച്ചുള്ള വ്യക്തമായ പ്രതിപാദ്യങ്ങളോ വ്യക്തിപരമായ വിവരണമോ ലഭ്യമല്ല. ആകെയുള്ളത് അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ മാത്രമാണ്.

പ്രസംഗങ്ങൾ മാത്രമാണുള്ളതെങ്കിലും അത് 6-ാം നൂറ്റാണ്ടിലെതാണെന്നു വ്യക്തമാണ്. കാരണം, 6-ാം നൂറ്റാണ്ടിൽ ബാബിലോൺ കീഴടക്കിയ പേർഷ്യൻ രാജാവായ സൈറസിനെക്കുറിച്ചു പേരെടുത്തു പറഞ്ഞു പ്രവാചകൻ സംസാരിക്കുന്നുണ്ട് (45:1-7; 13; 44:28; 41: 2). സൈറസു സ്വന്തം ചക്രവർത്തിയായ അസ്ത്യാഗസിനെ പരാജയപ്പെടുത്തുകയും (ബി.സി. 550) മേദിയ സാമ്രാജ്യം പേർഷ്യൻ സാമ്രാജ്യത്തോടു ചേർക്കുകയും അതുപോലെതന്നെ ലിഡിയായെ പരാജയപ്പെടുത്തുകയും ചെയ്ത ശേഷം മാത്രമാണ് (ബി.സി. 546) ഒരു ചെറിയ രാജാവായിരുന്ന (പർസഗാഡയുടെ) അദ്ദേഹത്തിന്റെ വരവിനെക്കുറിച്ച് ഇങ്ങനെ പറയാൻ കഴിയുമായിരുന്നത്. സൈറസിന്റെ ഈ മുന്നേറ്റവും ബാബിലോണിന്റെ ദൃശ്യമായ പരാജയ സാധ്യതയും ചരിത്രം വിലയിരുത്താൻ പ്രവാചകനെ സഹായിച്ചിരുന്നിരിക്കണം. ഒരു യുദ്ധം പോലും കൂടാതെ സൈറസ് ബാബിലോണിൽ പ്രവേശിച്ചത് 539 ലാണ്. എന്നാൽ ഈ വരവിനെക്കുറിച്ച് പ്രവാകൻ ഒന്നും പറയുന്നില്ല. അദ്ദേഹം സൈറസിന്റെ വരവു പ്രതീക്ഷിച്ചിരിക്കുക മാത്രമേ ചെയ്യുന്നുള്ളൂ. അതിനാൽ ഈ പ്രസംഗങ്ങൾ 539 നു മുമ്പ് (ബി.സി. 540) നടത്തിയവയായിരിക്കണം. സന്ദേശത്തിന്റെ സാഹചര്യങ്ങളിൽനിന്ന് അദ്ദേഹം ബാബിലോണിൽ ജീവിച്ചു പ്രസംഗിച്ച ആളാണെന്നു കരുതാം (കാണുക 48:20; 52: 11-12; 46: 47; 49:1-12).

പ്രവാചകനെക്കുറിച്ചുള്ള വ്യക്തിപരമായ അറിവോ അദ്ദേഹത്തിനു ദൈവവിളി ലഭിച്ചതിന്റെ വിവരണമോ ഒന്നും ലഭ്യമല്ലെങ്കിലും ദൈവത്തിന്റെ ആലോചനാ സഭയിൽനിന്നു വന്ന ആധികാരികതയോടെയാണദ്ദേഹം സംസാരിക്കുന്നത് (40:1-11). ഒരു പ്രവാചകനു തന്റെ ആധികാരികത ലഭിക്കുന്നതു ദൈവത്തിന്റെ ആലോചന സഭയിൽ നില്ക്കുന്നതിലൂടെയാണെന്ന് 8-ാം നൂറ്റാണ്ടിലെ മിക്കായാ (1രാജ 22:19-23) പ്രവാചകന്റെയും ഏശയ്യായുടെയും (ഏശ 6) അനുഭവങ്ങളിലൂടെ നാം കണ്ടതാണ്. ഏശ 40:6 ൽ പ്രവാചകന് "പ്രഖ്യാപിക്കുക" എന്ന സന്ദേശം ലഭിക്കുന്നു. അപ്പോൾ പ്രവാചകൻ "എന്തുപറയാനാണ്, ജനം വെറും ഉണങ്ങിപോകുന്ന പുല്ലുപോലെയാണ്" എന്നു പറഞ്ഞ് അവരുടെ നിസ്സാരത വെളിപ്പെടുത്തുന്നു (ഏശ 6:11 പോലെ). ഈ ദർശനത്തിനവസാനം അദ്ദേഹം ശക്തനായ ഒരു പ്രവാചകനായി അവതരിക്കുന്നു.

പ്രവാചകനെക്കുറിച്ചുള്ള വ്യക്തിപരമായ പരാമർശങ്ങളായി കണക്കാക്കാവുന്ന ഭാഗങ്ങളാണു കർത്താവിന്റെ ദാസനെക്കുറിച്ചുള്ള വിവരണങ്ങൾ (42:1-4; 49:1-6; 50:4-6; 52:13-53:12). ഈ വിവരണങ്ങളിൽ പ്രവാചകന്റെ വിളിയും ജനത്തിന്റെ വിളിയും ഒന്നുതന്നെയായിട്ടാണു കാണപ്പെടുന്നത്. 49:1-7ൽ പ്രവാചകൻ തന്റെ വിളിയെക്കുറിച്ചുള്ള വിവരണം മോശയുടെതിനും (പുറ 3-4) ജറമിയായുടെതിനും (1:4-10) സമാനമായ രീതിയിൽ നല്കുന്നതായിരിക്കാം. പ്രവാചകൻ പ്രവാസത്തിലായിരുന്നുവെന്നും ആ വിപ്രവാസം ദൈവഹിതമായി കരുതി അദ്ദേഹം

അതു സ്വീകരിച്ചുവെന്നും 50:4-6 വ്യക്തമാക്കുന്നു. പ്രവാചകൻ തന്റെ സഹവിപ്രവാസികളാൽ പരിത്യക്തനായി എന്ന് 52:13-53:12 നിർദ്ദേശിക്കുന്നു. എന്നാൽ, വലിയ സഹനത്തിൽ പങ്കാളിയാകുന്നതിലൂടെ വാഗ്ദത്തദേശത്ത് ഒരവകാശം അദ്ദേഹത്തിനു ലഭിക്കും (ഏശ 53:10). പ്രവാചകൻ ആത്മാവിന്റെ സാന്നിധ്യത്തോടെ അയയ്ക്കപ്പെട്ടവനാണ് (48:16).

സ്വന്തം പേരു വിവരങ്ങൾ വെളിപ്പെടുത്താതെ തന്റെ സന്ദേശംമാത്രം ഏശയ്യായുടെ ചുരുളിനോട് എഴുതിച്ചേർത്തുവച്ച പ്രവാചകൻ ഏശയ്യായുടെ വചനത്തിന്റെ തുടർച്ചയായി തന്റേതു വായിക്കാൻ ആഗ്രഹിച്ചുവെന്നു കരുതാം. ഒരുപക്ഷേ, ഇത് ഏശ 8:16-20; 30:8 ലെ മറച്ചുവച്ച ചുരുളിനു വിശദീകരണമായോ അല്ലെങ്കിൽ 8:22-9:1 ലെ പ്രകാശത്തിന്റെയും ഇരുളിന്റെയും രഹസ്യമായോ അദ്ദേഹം വിഭാവനം ചെയ്തിരിക്കാം. എന്തായിരുന്നാലും തന്റെ സന്ദേശം പ്രവാചകനായ ഏശയ്യായുടെതായി അറിയപ്പെടണമെന്നാണ് അദ്ദേഹം ആഗ്രഹിച്ചത്.

**സന്ദേശം**

ഒരു രാജ്യത്തിന് ഒരു പ്രത്യേകദൈവമുണ്ട് എന്ന് അന്നു ജനത്തിൽ പലരും കരുതിയിരുന്നു (നിയ 32:8-9; മിക്ക 4:5). ഈ ദൈവങ്ങൾക്കിടയിൽ യുദ്ധങ്ങളും നടന്നിരുന്നു. സ്വർഗ്ഗത്തിൽ ദൈവങ്ങൾ തമ്മിൽ നടക്കുന്ന യുദ്ധങ്ങളുടെ പ്രതിഫലനം മാത്രമായിരുന്നു ഭൂമിയിലെ യുദ്ധങ്ങൾ. ഇസ്രായേലിന്റെ ദൈവമായ കർത്താവ് ബാബിലോണിന്റെ ദൈവമായ മർദൂക്കിന്റെ മുമ്പിൽ പരാജയപ്പെട്ടതിന്റെ ഫലമാണു കർത്താവിന്റെ ജനത്തിന്റെ വിപ്രവാസമെന്നാണു പലരും കരുതിയിരുന്നത്. അതുകൊണ്ടാണു താഴെക്കാണുന്നവിധത്തിലുള്ള വചനങ്ങൾ അദ്ദേഹം സംസാരിക്കുന്നത്: "ഞാൻ വന്നപ്പോൾ അവിടെ ആരുമില്ലായിരുന്നത് എന്തുകൊണ്ട്? (എന്നിലുള്ള വിശ്വാസം നഷ്ടപ്പെട്ടതുകൊണ്ടാണോ?). ഞാൻ വിളിച്ചപ്പോൾ എന്തേ ആരും വിളി കേട്ടില്ല? രക്ഷിക്കാനാവാത്തവിധം എന്റെ കരം കുറുകിപ്പോയോ? അഥവാ, മോചിപ്പിക്കാൻ എനിക്കു ശക്തിയില്ലേ? എന്റെ കല്പനയാൽ ഞാൻ കടൽ വറ്റിക്കുകയും നദികളെ മരുഭൂമിയാക്കുകയും ചെയ്യുന്നു. ജലം ലഭിക്കാതെ അവയിലെ മത്സ്യങ്ങൾ ചത്തു ചീയുന്നു'' (50:2).

മാത്രമല്ല, ദൈവവചനം എന്നും നിലനില്ക്കുന്നു. "പുല്ലു കരിയുന്നു; പുഷ്പം വാടുന്നു; നമ്മുടെ ദൈവത്തിന്റെ വചനമാകട്ടെ എന്നേക്കും നിലനിൽക്കും'' (40:8); "ഏറ്റവും വെറുക്കപ്പെട്ടവനും ജനതകളാൽ നിന്ദിതനും ഭരണാധികാരികളുടെ ദാസനുമായവനോട് ഇസ്രായേലിന്റെ പരിശുദ്ധനും വിമോചകനുമായ കർത്താവ് അരുളിച്ചെയ്യുന്നു: നിന്നെ തിരഞ്ഞെടുത്ത ഇസ്രായേലിന്റെ പരിശുദ്ധനും വിശ്വസ്തനുമായ കർത്താവു നിമിത്തം രാജാക്കൻമാർ നിന്നെ കാണുമ്പോൾ എഴുന്നേൽക്കുകയും പ്രഭുക്കൻമാർ നിന്റെ മുൻപിൽ സാഷ്ടാംഗം പ്രണമിക്കുകയും ചെയ്യും'' (49:7; കാണുക 40:27-31) എന്നുമൊക്കെ ഏശയ്യാ പറയുന്നു. കർത്താവു പരാജയപ്പെട്ടതിന്റെ ഫലമാണു വിപ്രവാസം എന്ന ആശയം തിരുത്താനാണു പല ദൈവങ്ങളില്ലെന്നും എല്ലാറ്റിന്റെയും നാഥനായി ഒരുവൻ മാത്രമേയുള്ളൂവെന്നും ഏശയ്യാ പറഞ്ഞത്.

ദൈവത്തെ ബാബിലോണിലെ വിഗ്രഹങ്ങളോടു തുലനം ചെയ്യാൻ സാധ്യമല്ല (40:18-20). ചക്രവാളത്തിൽ ഉയർന്നിരിക്കുകയും ഭൂമിയിലെ





രാജാക്കന്മാരെ വിട്ടിലുകളെപ്പോലെ കണക്കാക്കുകയും തകിടം മറിക്കുകയും ചെയ്യുന്നവനാണ് അവിടുന്ന് (40:22). താൻ നശിപ്പിച്ച യൂദായെ പുനഃസ്ഥാപിക്കാൻ കർത്താവിനു കഴിയും (42:24). സ്വർഗ്ഗത്തിൽ ദൈവമായി കർത്താവ് ഒരുവൻ മാത്രമേയുള്ളൂ (45:5-7,18-25). തന്റെ ശക്തി കാണിക്കാൻവേണ്ടിത്തന്നെയാണ് അവിടുന്ന് ഇപ്പോൾ ശക്തനായ സൈറസിനെ ബാബിലോണിലേയ്ക്കു കൊണ്ടുവന്നിരിക്കുന്നത് (41:1-42:4). കർത്താവു മാത്രമാണു നിത്യനായ ദൈവം (41:4); വിപ്രവാസത്തിലെ ഇസ്രായേലിനെ അവിടുന്നു തന്റെ ദാസനും വക്താവുമായി തിരഞ്ഞെടുത്തിരിക്കുന്നു (41:8-9;42:1-4). ഏകനായ സത്യദൈവം ശക്തനായ സൈറസിലൂടെ തന്റെ ആലയത്തെയും ജനത്തെയും പുനഃസ്ഥാപിച്ചുകൊണ്ടു തന്റെ ശക്തി ലോകത്തിനുമുമ്പിൽ പ്രകടിപ്പിക്കും (45:13).

ദൈവം ദാവീദിനു നിത്യമായ ഒരു രാജ്യം വാഗ്ദാനം ചെയ്തിരുന്നു. എന്നാൽ വിപ്രവാസത്തോടെ ഈ വാഗ്ദാനം ഇല്ലാതായെന്നും ഭാവി ഇരുളടഞ്ഞതാണെന്നും കരുതിയ ജനത്തിനു പ്രത്യാശ നല്കിക്കൊണ്ടാണു രണ്ടാം ഏശയ്യാ സംസാരിക്കുന്നത്. അദ്ദേഹത്തിന്റെ ചിന്തയിൽ ദാവീദിന് പ്രത്യേക സ്ഥാനമൊന്നുമില്ലെന്നു മാത്രമല്ല പേർഷ്യൻ രാജാവായ സൈറസിനെയാണു ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട അഭിഷിക്തനായി പ്രവാചകൻ കാണുന്നത് (45:1). ദൈവം ദാസനായി തിരഞ്ഞെടുത്ത വിപ്രവാസത്തിലെ ഇസ്രായേലിനു വലിയ ഒരു ദൗത്യവും ഭാവിയുമുണ്ടെന്ന് അദ്ദേഹം പറഞ്ഞു (42:1-4). അതു കർത്താവ് ഏകദൈവമാണെന്നു ലോകത്തെ മുഴുവൻ അറിയിക്കാനുള്ള ദൗത്യമാണ്.

വിപ്രവാസം മർദ്ദൂക്കിനുമുമ്പിലുള്ള കർത്താവിന്റെ പരാജയ ഫലമായിരുന്നില്ല; മറിച്ച് ജനം ദൈവപ്രമാണങ്ങൾ അവഗണിച്ചതിന്റെ ശിക്ഷയായിരുന്നു (42:24). എന്നാൽ, അവർ ഇതു മനസ്സിലാക്കാതെ ഇന്നും അന്ധരും ബധിരരുമായിക്കഴിയുന്നു (42:18-19). ഇസ്രായേൽ കർത്താവിനെ ഏകദൈവമായി തിരിച്ചറിയാൻ വേണ്ടിയാണു ദൈവം അവരെ തന്റെ ദാസനായി തിരഞ്ഞെടുത്തിരിക്കുന്നത്: "കർത്താവ് അരുളിച്ചെയ്യുന്നു: നിങ്ങൾ എന്റെ സാക്ഷികളാണ്. എന്നെ അറിഞ്ഞു വിശ്വസിക്കാനും ഞാനാണു ദൈവമെന്നു ഗ്രഹിക്കാനും ഞാൻ തിരഞ്ഞെടുത്ത ദാസൻ. എനിക്കുമുൻപു മറ്റൊരു ദൈവം ഉണ്ടായിട്ടില്ല; എനിക്കുശേഷം മറ്റൊരു ദൈവം ഉണ്ടാവുകയുമില്ല. ഞാൻ, അതേ, ഞാൻതന്നെയാണു കർത്താവ്. ഞാനല്ലാതെ മറ്റൊരു രക്ഷകനില്ല. അന്യദേവൻമാരല്ല, ഞാൻ തന്നെയാണു പ്രസ്താവിക്കുകയും പ്രഘോഷിക്കുകയും രക്ഷിക്കുകയും ചെയ്തത്. കർത്താവ് അരുളിച്ചെയ്യുന്നു: നിങ്ങൾ എന്റെ സാക്ഷികളാണ്. ഞാനാണു ദൈവം, ഇനിയും അങ്ങനെ ആയിരിക്കുകയും ചെയ്യും. എന്റെ പിടിയിൽനിന്ന് ആരെയെങ്കിലും വിടുവിക്കാൻ ആർക്കും സാധിക്കുകയില്ല; എന്റെ പ്രവൃത്തി തടസ്സപ്പെടുത്താൻ ആർക്കു കഴിയും?'' (43:10-13).

ഇന്ന് അന്ധരായ ഇസ്രായേലിനെ അവർ നടന്നിട്ടില്ലാത്ത വഴികളിലൂടെ ദൈവം നയിക്കുകയും അവർ ചിന്തിച്ചിട്ടില്ലാത്ത അനുഭവങ്ങളിലൂടെ കൊണ്ടുപോവുകയും ചെയ്യും (42:19). ദൈവം പ്രസവമടുത്ത ഒരു സ്ത്രീയെപ്പോലെയും കഠിനയുദ്ധം ചെയ്യുന്ന ഒരു പടയാളിയെപ്പോലെയും

പ്രവർത്തിക്കും. അങ്ങനെ അന്ധനായ ഇസ്രായേലിനെ പുനർജനിപ്പിക്കുകയും കാര്യങ്ങൾ കാണാൻ സഹായിക്കുകയും ബധിരനായ ഇസ്രായേലിനെ കേൾക്കാൻ സഹായിക്കുകയും ചെയ്യും. ദൈവം അവരെ പുതിയ ഒരു പുറപ്പാടനുഭവത്തിലൂടെ കടത്തിവിടും. അങ്ങനെ, വിഗ്രഹങ്ങളെ ആരാധിക്കുന്നവരെല്ലാം നിശ്ശബ്ദരായിത്തീരും (42:16-17).

കഴിഞ്ഞ കാലത്ത് ഇസ്രായേൽ ദൈവത്തിന്റെ പ്രമാണങ്ങൾ പാലിച്ചില്ല. അതിനാൽ ദൈവം ഇസ്രായേലിന്റെ ഉണങ്ങിയ ദേശത്തു ജലം തളിച്ചുകൊണ്ടും ഇസ്രായേലിന്റെ മക്കളിൽ തന്റെ ആത്മാവിനെ നിവേശിപ്പിച്ചുകൊണ്ടും അവരെ പുതുതായി ജനിപ്പിക്കും (44:1-4). തത്ഫലമായി ദൈവത്തിന്റെ ദാസന്റെ അടയാളമുള്ള ഒരു സമൂഹം ജന്മമെടുക്കും. അവർ ഏക ദൈവത്തിന്റെ മഹത്ത്വം പ്രഖ്യാപിക്കും (43:21; 44:5).

തന്റെ ആത്മാവിനെ നല്കി ദൈവം ഇസ്രായേലിനെ പുനഃസൃഷ്ടി നടത്തുമെന്നു പ്രഖ്യാപിച്ചശേഷം വിഗ്രഹങ്ങളിൽനിന്നു പിന്തിരിയാൻ പ്രവാചകൻ അവരോട് ആവശ്യപ്പെടുന്നു (കാണുക 44:9-20; 40:19-20; 41:6-7; 46:6-7). വിഗ്രഹാരാധനയിൽനിന്നു പിന്തിരിയാൻ രണ്ടു കാരണങ്ങളാണ് അവരെ പ്രചോദിപ്പിക്കേണ്ടത്: 1. വിഗ്രഹാരാധനയുടെ ഭോഷത്തം (44:9-20). 2. അവർ സത്യദൈവത്തിന്റെ ദാസന്മാരാണ് എന്ന അവബോധം (44:21-22). കർത്താവിലേയ്ക്കു തിരിച്ചു വരിക എന്ന പ്രവാചകന്റെ പ്രബോധനം ഒരേ സമയം വിഗ്രഹാരാധനയിൽനിന്നു പിന്തിരിയാനുള്ള വിളിയും അതേസമയം ബാബിലോണിനെ ഉപേക്ഷിച്ചു കർത്താവിന്റെ ഇരിപ്പിടമായ വാഗ്ദത്തദേശത്തേയ്ക്കു തിരിച്ചുവരാനുള്ള ആഹ്വാനവുമാണ്. കാരണം കർത്താവിന്റെ സിംഹാസനം സീയോനിൽ മാത്രമാണ്. കർത്താവ് ഏക ദൈവമാകയാൽ ഭൂമിയിലുള്ള അവിടുത്തെ സിംഹാസനമായ ജറുസലേം ദേവാലയം പുനഃസ്ഥാപിക്കപ്പെടുകയും അതു ലോകത്തിന്റെ കേന്ദ്രമായിത്തീരുകയും ചെയ്യും. അതിനുവേണ്ടിയാണു കർത്താവ് ഇപ്പോൾ പേർഷ്യക്കാരനായ സൈറസിനെ കൊണ്ടുവന്നിരിക്കുന്നത്. ജറുസലേം പുനഃസ്ഥാപിക്കപ്പെടുന്നതോടൊപ്പം ഇസ്രയേൽ പുനർജനിപ്പിക്കപ്പെടുകയും പുനഃസ്ഥാപിക്കപ്പെടുകയും ചെയ്യും. അങ്ങനെ കർത്താവ് ഏകദൈവമാണെന്നു ലോകം മുഴുവൻ പ്രഖ്യാപിക്കപ്പെടും (45:1-7).

ഇസ്രായേലിനെ പുനർജനിപ്പിക്കാൻ ഒരു പിതാവിനെയും മാതാവിനെയുംപോലെ പരിശ്രമിച്ചുകൊണ്ടിരിക്കുന്ന കർത്താവ് തന്റെ നവീകരണത്തിന്റെ ഈ സന്ദേശം ശ്രവിക്കാൻ വിസമ്മതിക്കുന്നവരെ കുറ്റപ്പെടുത്തുന്നു (45:9-10). സീയോൻ ഭാവിലോകത്തിന്റെ കേന്ദ്രമാകും; രാജ്യങ്ങളെല്ലാം രാജാധിരാജനായ കർത്താവിനെ അവിടെ സന്ദർശിക്കും (45:14-17).

താത്ത്വികമായ ഭാഷയിൽപ്പറഞ്ഞാൽ സർവ്വശക്തനായ, സർവ്വവ്യാപിയായ ഒരു ദൈവമുണ്ടെങ്കിൽ മറ്റൊരു തുല്യദൈവത്തിനു സ്ഥാനമില്ല. അതുകൊണ്ടാണു കർത്താവു സർവ്വശക്തനും സർവ്വവ്യാപിയുമായ ദൈവമാണെന്ന ഉൾക്കാഴ്ചനേടിയ പ്രവാചകൻ മറ്റു ദൈവങ്ങൾ വിഗ്രഹങ്ങൾ മാത്രമാണെന്നു പറയുന്നത്. അവ ദൈവങ്ങളല്ല. ഏകദൈവം കർത്താവു മാത്രമാകയാൽ ദൈവത്തെക്കാണാൻ ദൈവത്തിന്റെ ഭൂമിയിലെ ഇരിപ്പിടമായ സീയോനിലേക്ക് എല്ലാ ജനതകളും പോകണ്ടിവരും.





അക്കാരണത്താൽത്തന്നെ ലോകത്തിന്റെ കേന്ദ്രമെന്ന ബാബിലോണിന്റെ സ്ഥാനം ഭാവിയിൽ ജറുസലേമിനു ലഭിക്കും. ഇന്നു കർത്താവ് വിപ്ലവകാരികളായ തന്റെ ജനത്തെ പുനഃസൃഷ്ടി നടത്തുന്ന കഠിന പ്രയത്നത്തിലാണ് (46:3-4). അതിനുവേണ്ടിയാണ് അവിടുന്ന് അവരെ ബാബിലോണിലേക്ക് അയച്ചത്. ഭാവിയിൽ സംഭവിക്കാനിരിക്കുന്നതു മുഴുവൻ മുൻകൂട്ടി പറയുകയും സൈറസിന്റെ ആഗമനത്തെക്കുറിച്ചു മുമ്പേ അറിയിക്കുകയും അവനെ കൊണ്ടുവരികയും ചെയ്ത കർത്താവ് ഈ പുനഃസൃഷ്ടികർമ്മമാണു നടത്തിക്കൊണ്ടിരിക്കുന്നത്. അങ്ങനെ കർത്താവു സീയോനെ പുനസ്ഥാപിച്ചു കഴിയുമ്പോൾ തന്റെ മഹത്ത്വം അവിടുന്നു പുനസ്ഥാപിക്കപ്പെട്ട സീയോനിൽ ഉറപ്പിക്കും (46:8-13).

ഏശ 40-46 ൽ സീയോന്റെ പുനരുദ്ധാരണത്തെയും ഇസ്രായേലിന്റെ പുനർജന്മത്തെയുംപറ്റി സംസാരിച്ചതിനുശേഷം ദൈവത്തിന്റെ ഈ പ്രവൃത്തിയോടു സഹകരിച്ചുകൊണ്ടു ബാബിലോൺ ഉപേക്ഷിച്ചു സീയോനിലേയ്ക്കു പുറപ്പെട്ടു പോകാൻ പ്രവാചകൻ ജനത്തെ ആഹ്വാനം ചെയ്യുന്നു. രണ്ടു കാരണങ്ങളാണതിന് അദ്ദേഹം ഉയർത്തിക്കാട്ടുന്നത്: 1. സീയോനിൽ അവരെ പ്രതീക്ഷിച്ചിരിക്കുന്നതു ദൈവത്തോടൊത്തുള്ള ഉന്നതമായ ഭാവിയാണ് (48:17-22). 2. ഇന്ന് ഉന്നതമായി കാണപ്പെടുന്ന ബാബിലോൺ ഭാവിയിൽ പൂർണമായും തകർക്കപ്പെടും (47).

ദൈവം അവരെ പുനഃസ്ഥാപിക്കുന്നത് അവരുടെ നന്മകൊണ്ടല്ലെന്നും അതു ദൈവം ഏകനാകയാൽ അവന്റെ മഹിമ അവൻ മറ്റാർക്കും വിട്ടുകൊടുക്കുകയില്ലാത്തതുകൊണ്ടും മാത്രമാണന്നു പ്രവാചകൻ പറയുന്നുണ്ട് (48:1-16). താൻ ഏക ദൈവമാണെന്നു തെളിയിക്കാൻ കർത്താവുതന്നെ മുൻകൈയ്യെടുത്തു ചെയ്യുന്ന പ്രവൃത്തിയാണ് ഇസ്രായേലിന്റെ പുനഃസ്ഥാപനം. അതുകൊണ്ട് ഏകദൈവത്തിന്റെ ദാസരെന്ന ദൗത്യം സ്വീകരിച്ചു ബാബിലോണിൽനിന്നു പുറപ്പെട്ടുപോകാൻ പ്രവാചകൻ ജനത്തെ ആഹ്വാനം ചെയ്യുന്നു (48:17-21). അനുസരണം ഐശ്വര്യവും (48:19) അനുസരണക്കേടു നാശവും (48:22) വരുത്തും. കാരണം കർത്താവു വിശ്വസ്തനാണ് (49:7). രാജ്യങ്ങൾ കർത്താവിന്റെ മുമ്പിൽ മുട്ടുമടക്കും.

താൻ പ്രഘോഷിക്കുന്ന പുനരുദ്ധാരണത്തിന്റെ വിശ്വാസ്യത ഉറപ്പിച്ചു പറയാനാണ് അമ്മ മറന്നാലും കുഞ്ഞിനെ മറക്കാത്ത ദൈവത്തിന്റെ ചിത്രം പ്രവാചകൻ അവതരിപ്പിക്കുന്നത്: "സീയോൻ പറഞ്ഞു: കർത്താവ് എന്നെ ഉപേക്ഷിച്ചു; എൻെറ കർത്താവ് എന്നെ മറന്നു കളഞ്ഞു. മുലകുടിക്കുന്ന കുഞ്ഞിനെ അമ്മയ്ക്കു മറക്കാനാവുമോ? പുത്രനോടു പെറ്റമ്മ കരുണ കാണിക്കാതിരിക്കുമോ? അവൾ മറന്നാലും ഞാൻ നിന്നെ മറക്കുകയില്ല. ഇതാ, നിന്നെ ഞാൻ എൻെറ ഉള്ളംകൈയിൽ രേഖപ്പെടുത്തിയിരിക്കുന്നു. നിൻെറ മതിലുകൾ എപ്പോഴും എൻെറ മുൻപിലുണ്ട്. നിൻെറ നിർമാതാക്കൾ നിന്നെ നശിപ്പിച്ചവരെക്കാൾ വേഗമുള്ളവരാണ്..." (49:14-19). സീയോനെ താൻ പുനരുദ്ധരിക്കുമെന്നു ദൈവം സ്വന്തം ജീവൻകൊണ്ടു സാക്ഷ്യപ്പെടുത്തുന്നു (49:18, 22-26).

പ്രവാചകന്റെ ഈ സന്ദേശം സ്വീകരിക്കുന്നവർക്കു സീയോനിൽ ഉന്നതമായ ഒരു ഭാവിയുണ്ടാകും (51:1-8). വൃദ്ധനും വന്ധ്യയായ ഭാര്യയുള്ളവനും നാടോടിയുമായ അബ്രഹാമിനെ ദൈവം വലിയ ഒരു ജനതയായും വലിയ ഒരു രാജ്യമായും ഉയർത്തിയെങ്കിൽ സീയോൻ പുനരുദ്ധരിക്കാ

നുള്ള അവിടുത്തെ കഴിവിനെക്കുറിച്ചു സംശയിക്കേണ്ട കാര്യമില്ല (51:1-3, 4-5). ഇതിനെതിരു പറയുന്നവരുടെ വാദങ്ങൾക്കു ചെവി കൊടുക്കേണ്ട ആവശ്യവുമില്ല. കാരണം, അവരെല്ലാം കീടംപോലെ നശിച്ചുപോകും (51:7-8). ജനത്തോടു ബാബിലോൺ ഉപേക്ഷിച്ചു സീയോനിലേയ്ക്കു പുറപ്പെടാനുള്ള ആഹ്വാനത്തോടെയും (51:11-12) പ്രവാചകന്റെ ദൗത്യത്തെക്കുറിച്ചുള്ള ഒരു വിലയിരുത്തലോടെയും (52:13-53:12) ഗ്രന്ഥം അവസാനിക്കുന്നു.

പുതിയ നിയമത്തിൽ ഏറ്റവുമധികം സ്വാധീനം ചെലുത്തിയതു രണ്ടാം ഏശയ്യായാണ്. മറ്റേതൊരു ഗ്രന്ഥത്തിൽ നിന്നെന്നതിനെക്കാൾ രണ്ടാം ഏശയ്യായിൽ നിന്നാണു പുതിയ നിയമത്തിലെ ഉദ്ധരണികൾ. നാലു സുവിശേഷങ്ങളും ആരംഭത്തിൽ സ്നാപകയോഹന്നാനെ അവതരിപ്പിക്കുമ്പോൾ ഏശ 40:3-5 ഉദ്ധരിക്കുന്നുണ്ട് (മത്താ 3:3; മർക്കോ 1:3; ലൂക്ക 3:4-6; യോഹ 1:23). മത്തായി ഇതുതന്നെ ആവർത്തിച്ചുകൊണ്ടു യോഹന്നാന്റെ ദൗത്യം വിശദീകരിക്കുന്നു: "ഇവനെപ്പറ്റിയാണ് ഇങ്ങനെ എഴുതിയിരിക്കുന്നത്: ഇതാ! നിനക്കുമുമ്പേ എൻെറ ദൂതനെ ഞാൻ അയയ്ക്കുന്നു. അവൻ നിൻെറ മുമ്പേ പോയി നിനക്കു വഴി ഒരുക്കും" (മത്താ 11:10). സമാന്തര സുവിശേഷങ്ങൾ കർത്താവിന്റെ ജ്ഞാനസ്നാന അവസരത്തിലും (മത്താ 3:17;മർക്കോ 1:11; ലൂക്ക 3:22) രൂപാന്തരീകരണാവസരത്തിലും (മത്താ 17:5; മർക്കോ 9:7; ലൂക്ക 9:35) ഏശയ്യ 42:1 ഉദ്ധരിക്കുന്നുണ്ട്; ഏശ 42:1-4 പൂർണമായി മത്താ 12:18-21 ൽ ഉദ്ധരിക്കുന്നുണ്ട്.

കർത്താവ് ഏശയ്യാ പ്രവചിച്ച സഹനദാസൻ ആണെന്നുള്ളതായിരുന്നു പീലിപ്പോസിന്റെയും ഷണ്ഡന്റെയും സംസാരവിഷയം (ഏശ 53:7-8; അപ്പ 8:26-35). ഏശയ്യായുടെ വചനങ്ങൾ മത്താ 8:17; അപ്പ 13:34, 47; റോമ 10:15; 11:34; 14: ;11:34; 14:11; 15:21; 1 കൊറി 2:16; 2കൊറി 6:2, 17;1പത്രോ 1:24-25; 2:22 എന്നീ ഭാഗങ്ങളിൽ ഉദ്ധരിക്കപ്പെടുന്നുണ്ട്. കൂടാതെ, ഏശയ്യായുടെ വചനത്തിന്റെ വെളിച്ചത്തിലാണു പലപ്പോഴും പുതിയനിയമ ഗ്രന്ഥകാരന്മാർ സംസാരിക്കുന്നത്. കാരണം ആദിമസഭയെ സംബന്ധിച്ചിടത്തോളം കർത്താവിന്റെ സഹനമരണങ്ങൾ മനഃസ്സിലാക്കാൻ സഹനദാസനെക്കുറിച്ചുള്ള രണ്ടാം ഏശയ്യായുടെ വചനങ്ങൾ വലിയ സഹായമായിരുന്നു. ആദിമ സഭയുടെ വിശ്വാസമനുസരിച്ചു ക്രിസ്തു ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ദാസനും (മർക്കോ 1:11; മത്താ 12:18-21; ഏശ 42:1) ദൈവാത്മാവു വസിക്കുന്നവനും (ഏശ 42:1; മർക്കോ 1:10) മാതാവിന്റെ ഉദരത്തിൽനിന്നു തിരഞ്ഞെടുക്കപ്പെട്ടവനും (ഏശ 49:1, 5; ലൂക്ക 1:26-35) രാജ്യങ്ങൾക്കു വെളിച്ചമായി നല്കപ്പെട്ടവനും (ഏശ 49:6; മത്താ 4:16; ലൂക്ക 2:32, യോഹ 1:4), സഹിച്ചു മരിച്ചവനും (ഏശ 50:6; 53:3, 8) തന്റെ സഹനത്തിലൂടെയും മരണത്തിലൂടെയും പാപികളെ നീതീകരിച്ചവനും (ഏശ 53:4-6, 10; മത്താ 26:28; റോമ 3:25; 1യോഹ1:7) അതിനാൽ ദൈവത്താൽ ഉയർത്തപ്പെട്ടവനും (ഏശ 52:12; 53:12; കർത്താവിന്റെ ഉത്ഥാനം) ആയിരുന്നു. അതുകൊണ്ടുതന്നെ കർത്താവിനെ ആദിമസഭ ഏശയ്യായുടെ സഹനദാസനായാണു കണ്ടത്.

**വിചിന്തനം:** ദൈവത്തിന്റെ തിരഞ്ഞെടുപ്പിന്റെ ലക്ഷ്യം കർത്താവിനെ ഏകദൈവമായി തിരിച്ചറിയുക എന്നതും ആ സന്ദേശം ലോകത്ത് എല്ലാവർക്കും പറഞ്ഞുകൊടുക്കുക എന്നതുമാണ്.



# 07

# വിപ്രവാസശേഷമുള്ള പ്രവാചകന്മാർ

ബാബിലോണിൽ ഏകദേശം 50 വർഷക്കാലം ജീവിക്കുകയും അങ്ങനെ ആ നാടിന്റെ ഭാഗമായിത്തീരുകയും ചെയ്ത ജനം (ജറെ 24) മരുഭൂമിയായിക്കിടന്നതും തങ്ങൾക്കു പണ്ടുണ്ടായിരുന്ന കുടുംബസ്വത്തുക്കൾ അന്യാധീനപ്പെട്ടുപോയതുമായ യൂദായിലേയ്ക്കു തിരിച്ചു വന്നത് ഏതു യുക്തിയുടെ അടിസ്ഥാനത്തിലാണെന്നു നമുക്കു വ്യക്തമല്ലെങ്കിലും എസെക്കിയേലിന്റെയും രണ്ടാം ഏശയ്യായുടെയും പ്രസംഗങ്ങൾ കേട്ടു മനസ്സു ജ്വലിച്ച ഒരുവിഭാഗം ആളുകൾ പുതിയ ചക്രവർത്തിയായ സൈറസിന്റെ അനുവാദം ലഭിച്ചപ്പോൾ (എസ്ര 1:1-11; 2:64-65) യൂദായിലേക്ക് തിരിച്ചുവന്നു. ഇതിൽ ആദ്യഗണം തിരിച്ചെത്തിയതു പേർഷ്യക്കാർ നിയമിച്ച ഗവർണറായ ഷെഷ്ബസാറിന്റെ നേതൃത്വത്തിലാണ് (എസ്രാ 1:8; 1:14). അക്കാലത്ത് യൂദാ പേർഷ്യൻ സാമ്രാജ്യത്തിന്റെ ഒരു പ്രോവിൻസ് മാത്രമായിരുന്നു. എസ്രാ 2:64-65 അനുസരിച്ച് 50,000 ആളുകൾ നെബുക്കദ്നേസർ രാജാവ് ജറുസലെം ദേവാലയത്തിൽനിന്നു കൊണ്ടുപോയ വിശുദ്ധ പാത്രങ്ങളുമായി ഷെഷ്ബസാറിനോടൊപ്പം യൂദായിലേയ്ക്കു വന്നു.

തിരിച്ചെത്തിയതിനുശേഷം 538 ൽ ഷെഷ്ബസാർ ജറുസലേം ദേവാലയത്തിന്റെ ശിലാസ്ഥാപനം നിർവ്വഹിച്ചുവെന്ന് എസ്ര 5:16 ൽ പറയുന്നുണ്ട്. എന്നാൽ, പണി കാര്യമായി നടന്നതായി തോന്നുന്നില്ല. ബി.സി. 520 ൽ യഹോ

യാച്ചിന്റെ പുത്രനായ ഷെയാൽത്തിയേലിന്റെ പുത്രൻ സെറൂബാബേലിനെ യൂദായുടെ ഗവർണറായി പേർഷ്യക്കാർ നിയമിച്ചു (ഹഗ്ഗ 1:14). ഇക്കാലഘട്ടത്തിൽ രാഷ്ട്രീയ അധികാരം ഗവർണർക്കും സമൂഹത്തിന്റെ അധികാരം പ്രാധാന പുരോഹിതനുമായിരുന്നു (ഹഗ്ഗ 1:1). സെറൂബാബേൽ 520 ൽ ദേവാലയത്തിന്റെ ശിലാസ്ഥാപനം (രണ്ടാമതായിരിക്കാം) നടത്തിയെന്ന് എസ്രാ പറയുന്നുണ്ട് (3:8-10). പ്രവാസത്തിൽനിന്നു തിരിച്ചെത്തി ഏകദേശം 20 വർഷങ്ങൾക്കുശേഷവും ദേവാലയം പണിയപ്പെട്ടിരുന്നില്ലെന്നതു വ്യക്തം. പ്രവാചകന്മാരായ ഹഗ്ഗായിയുടെയും സഖറിയായുടെയും പ്രചോദനം ലഭിച്ചപ്പോൾ മാത്രമാണു ദേവാലയനിർമ്മാണം അവർ പുനരാരംഭിച്ചത്. തിരിച്ചു വന്നവർ തങ്ങളുടെ ഭവനങ്ങളും കൃഷിസ്ഥലവും അതോടൊപ്പം ദേവാലയവും പുനരുദ്ധരിക്കുന്നതിനു കഠിനയത്നം നടത്തി. ഈ ആളുകളോടാണു വിപ്രവാസശേഷമുള്ള പ്രവാചകന്മാർ സംസാരിച്ചത്.

പഴയകാലം മുതൽ വിപ്രവാസകാലംവരെയുള്ള പ്രവാചകന്മാർ ജറുസലേമിന്റെ മഹത്തരമായ പുനരുദ്ധാരണത്തെക്കുറിച്ചും (ജറെമിയ, എസെക്കിയേൽ, രണ്ടാം ഏശയ്യ) നവീകരിക്കപ്പെട്ട ഒരു പുതിയ ജനതയുടെ ജന്മത്തെക്കുറിച്ചും സംസാരിച്ചിരുന്നു (ഏശ 45:14: എസ 40-48; + പ്രവാചകന്മാരിലുള്ള വിശുദ്ധമായ ശിഷ്ടഭാഗം). സീയോൻ ലോകത്തിന്റെ കേന്ദ്രമാകുമെന്നു കരുതപ്പെട്ടിരുന്നു. ഈ നവീകരണ കർമ്മം ആരംഭിക്കേണ്ട ദൈവത്തിന്റെ അഭിഷിക്തനായി പേർഷ്യൻ രാജാവായ സൈറസിനെ രണ്ടാം ഏശയ്യാ അവതരിപ്പിച്ചിരുന്നു (ഏശ 45:1).

രണ്ടാം ഏശയ്യാ പ്രവചിച്ചതുപോലെ സൈറസ് പ്രവാസികളെ സ്വതന്ത്രരാക്കിയെങ്കിലും ജറുസലേമിന്റെ പുനരുദ്ധരാണം പ്രതീക്ഷിച്ചതുപോലെ മഹത്തരമായിരുന്നില്ല. മുൻകാലപ്രവചനങ്ങൾ പലതും നിറവേറിയില്ലെന്നാണു തിരിച്ചെത്തിയ പ്രവാസികൾ അനുഭവിച്ചറിഞ്ഞത്. ദാവീദിന്റെ സിംഹാസനം പുനഃസ്ഥാപിക്കപ്പെടുമെന്ന എസക്കിയേലിന്റെ പ്രവചനം നിറവേറിയില്ല. സീയോൻ ലോകത്തിന്റെ കേന്ദ്രമായില്ല. കർത്താവിന്റെ മഹത്ത്വം എല്ലാ ജനതകളുടെയും മുമ്പിൽ വെളിപ്പെട്ടെന്നു തോന്നിയില്ല (ഏശ 40:50). ഹൃദയത്തിൽ നിയമം ആലേഖനം ചെയ്യപ്പെട്ട ദൈവാത്മാവിനാൽ പ്രചോദിതമായ ഒരു സമൂഹത്തെ അനുഭവിച്ചറിയാൻ പ്രവാസത്തിൽ നിന്നു തിരിച്ചു വന്നവർക്കു കഴിഞ്ഞില്ല (ഏശ 44:1-5).

ചുരുക്കിപ്പറഞ്ഞാൽ, പ്രവാചകവചനങ്ങൾ പൂർത്തീകരിച്ചുകൊണ്ടു ജറുസലേം ഭാഗികമായി പുനരുദ്ധരിക്കപ്പെട്ടു. എന്നാൽ, പുനരുദ്ധരിക്കപ്പെട്ട ജറുസലേം പ്രവചിക്കപ്പെട്ടതുപോലെ മഹത്തരമായിരുന്നില്ല. എന്തുകൊണ്ടാണിങ്ങനെ സംഭവിച്ചത് എന്ന ജനത്തിന്റെ ചോദ്യത്തിനുത്തരമാണ് അടിസ്ഥാനപരമായി വിപ്രവാസശേഷമുള്ള ഹഗ്ഗായി, ഒന്നാം സഖറിയ, മൂന്നാം ഏശയ്യ, മലാക്കി എന്നീ പ്രവാചകരിൽ കാണുന്നത്.

## 49. ഹഗ്ഗായി

ബാബിലോണിനെ കീഴടക്കിയ സൈറസിനുശേഷം (ബി.സി. 539-530) മകൻ കേംബിസസും (530-522) തുടർന്നു ദാരിയൂസ് ഒന്നാമനും (522-486) പേർഷ്യാ രാജാക്കന്മാരായി ഭരിച്ചു. ദാരിയൂസ് ഒന്നാമന്റെ കാലത്തു യൂദായിൽ നിലനിന്നിരുന്ന കഠിനമായ സാമൂഹിക, സാമ്പത്തികത്തകർച്ച പ്രതിഫലിപ്പിക്കുന്നതാണു ഹഗ്ഗായിയുടെ പ്രവചനങ്ങൾ (2:10; 1:1,13). ഇക്കാലഘട്ടത്തിലെ യൂദായ്ക്കു രണ്ടു പ്രത്യേകതകൾ ഉണ്ടായിരുന്നു: 1. ദേവാലയം പണിതീർക്കണമെന്ന പേർഷ്യൻ ചക്രവർത്തിയുടെ കൽപന. 2. പേർഷ്യൻ ഗവർണർ രാഷ്ട്രീയാധികാരിയും പ്രധാനപുരോഹിതൻ സമൂഹത്തിന്റെ അധികാരിയുമെന്ന പേർഷ്യക്കാർ അംഗീകരിച്ച ഇരട്ടഭരണസംവിധാനം.





ഹഗ്ഗായി പ്രസംഗിക്കാൻ ആരംഭിച്ച (1:1) ബി.സി. 520 ഓഗസ്റ്റ് 20-ാം തീയതി ദേവാലയം അപൂർണമായിത്തന്നെ കിടക്കുകയായിരുന്നു. എന്നാൽ, അദ്ദേഹത്തിന്റെ മൂന്നരമാസം നീണ്ടുനിന്ന പ്രവാചക ദൗത്യത്തിന്റ അവസാനമായപ്പോഴേക്കും (520 ഡിസ. 18) പണി വളരെയധികം മുമ്പോട്ടു പോയിരുന്നു. പ്രവാചകന്റെ വാക്കുകൾ ജനങ്ങളിൽ വലിയ സ്വാധീനം ചെലുത്തിയെന്ന് ഇതു വ്യക്തമാക്കുന്നു (ഹഗ്ഗാ 1:12-13; എസ്ര 5:1-2; 6:19). പ്രവാചകനെക്കുറിച്ചോ അദ്ദേഹത്തിന്റെ വിളിയെക്കുറിച്ചോ ഉള്ള വിവരണങ്ങളൊന്നും ഗ്രന്ഥത്തിലില്ല: "ദാരിയൂസ് രാജാവിൻെറ രണ്ടാം ഭരണ വർഷം ആറാംമാസം ഒന്നാം ദിവസം യൂദായുടെ ദേശാധിപതിയായ ഷെയാൽത്തിയേലിൻെറ മകൻ സെറുബാബേലിനും യഹോസദാക്കിൻെറ മകനും പ്രധാനപുരോഹിതനുമായ ജോഷ്വയ്ക്കും ഹഗ്ഗായി പ്രവാചകൻവഴി ലഭിച്ച കർത്താവിൻെറ അരുളപ്പാട്" (1:1; കാണുക 2:1, 10, 20). കർത്താവ് അരുളിച്ചെയ്തു എന്നുമാത്രം പ്രവാചകൻ സംസാരിക്കുന്നു (1:1, 12; 2:10, 13, 14).

പ്രവാസികളെ സ്വതന്ത്രരാക്കിയ പേർഷ്യക്കാർ ജറുസലേം ദേവാലയം നിർമ്മിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. ദേവാലയം പുനർനിർമ്മിക്കണമെന്ന ജനത്തിന്റെ 538 ലെ തീരുമാനം (എസ്രാ 1:8-16; 3:6-4:4) ഹഗ്ഗായിയുടെ പ്രവർത്തന ഫലമായി പുനരാരംഭിച്ചു. എസെക്കിയേലിന്റെ ദർശനത്തിലെ പൂർത്തീകരിക്കപ്പെട്ട ദേവാലയത്തിൽ നിന്നൊഴുകുന്ന നദി ദേശം മുഴുവനും ഫലഭൂയിഷ്ഠമാക്കുന്ന സന്ദേശം ദേവാലയ പുനർനിർമ്മിതിക്ക് അടിസ്ഥാനമായിരുന്നിരിക്കണം. ദേവാലയം പൂർത്തിയാകുമ്പോൾ ദൈവം അവരോടുകൂടെ വസിക്കുകയും അവരെ അനുഗ്രഹിക്കയും ചെയ്യും (2:4). തങ്ങളുടെ ജീവിതക്ലേശങ്ങളാണു ദേവാലയത്തിന്റെ പണി തുടങ്ങാൻ തടസമെന്നു പറഞ്ഞ ജനത്തോട് അവരുടെ ബുദ്ധിമുട്ടുകളുടെ കാരണം അവർ ദേവാലയം പണിതു തങ്ങൾക്കു ദൈവാനുഗ്രഹം ഉറപ്പാക്കാത്തതാണെന്നു പ്രവാചകൻ പറഞ്ഞു (1:4). കാരണം, ദൈവമാണ് ഐശ്വര്യദാതാവ് (1:12-2:9). ദൈവം കൂടെ വസിക്കുന്നില്ലെങ്കിൽ ഐശ്വര്യം ഉണ്ടാവുകയില്ല.

പ്രവാചകൻ പ്രസംഗിച്ചതു തിരിച്ചു വന്ന പ്രവാസികളോടായിരുന്നെങ്കിലും അദ്ദേഹം പ്രധാനമായും ലക്ഷ്യം വച്ചിരുന്നത് അന്നത്തെ പ്രധാനപ്പെട്ട രണ്ടു നേതാക്കന്മാരെയായിരുന്നു: ദാവീദ് കുടുംബക്കാരനായ ഗവർണർ സെറൂബാബേലിനെയും പ്രധാനപുരോഹിതനായ ജോഷ്വായെയും (1:1) ദാവീദ് രാജവംശം അന്നു നിലനിന്നിരുന്നില്ല. ഭരണാധികാരികളായ പേർഷ്യക്കാരുടെ കാര്യങ്ങളിലെല്ലാം ദാവീദ് വംശജനായിരുന്ന സെറൂബാബേൽ ശ്രദ്ധ കൊടുത്തു. മതപരമായ അധികാരം മുഴുവനും പ്രധാനപുരോഹിതന്റെ കൈയിലായിരുന്നു. പുതിയ സംവി

ധാനത്തിൽ പുരോഹിതന്റെ അധികാരം കൂടുതൽ കരുത്താർജ്ജിക്കുകയും ചെയ്തു (സഖ 3:).

പ്രധാനപുരോഹിതന്റെ ഈ അധികാരം സാവധാനം മുൻപ് രാജാവിൽ മാത്രം നിക്ഷിപ്തമായിരുന്ന നാടിന്റെ രാഷ്ട്രീയ, സാമ്പത്തിക, നീതിന്യായ അധികാരങ്ങളിലേക്കു വ്യാപിച്ചു തുടങ്ങി. എന്നാൽ ചില അവസരങ്ങളിൽ സെറുബ്ബാബേലിലൂടെ ദാവീദിന്റെ രാജവംശം പുനസ്ഥാപിക്കപ്പെടുമെന്നു പ്രതീക്ഷയും പ്രവാചകൻ ഉയർത്തിയിരുന്നു (ഹഗ്ഗ 2:21-23; സക്ക 4:6-10). കാരണം അന്നുണ്ടായിരുന്ന ഇരട്ട ഭരണസംവിധാനം താത്കാലികമായ ഒന്നാണെന്നു പല യഹൂദരും കരുതിയിരുന്നു. എന്നാൽ, വിപ്ലവമൊന്നും ഉണ്ടാകുന്നില്ലെങ്കിൽ സ്ഥിരമായ ഒരു സംവിധാനമായിരിക്കണം ഇതെന്നായിരുന്നു പേർഷ്യക്കാരുടെ മനസ്സ്. ദാവീദിന്റെ കുടുംബത്തിൽപ്പെട്ട ഒരുവനെ രാഷ്ട്രീയ ഭരണാധികാരിയായും പുരോഹിത വംശത്തിൽപ്പെട്ട ഒരുവനെ പ്രധാനപുരോഹിതനായും അദ്ദേഹത്തിന് കൂടുതൽ അധികാരങ്ങളോടുംകൂടി യൂദായിലേയ്ക്ക് അയച്ചു. അവിടെ തങ്ങളോടു വിശ്വസ്തരായ ഒരു ജനത്തെ രൂപപ്പെടുത്തി സാമ്രാജ്യത്തിന്റെ പടിഞ്ഞാറുഭാഗം ശക്തിപ്പെടുത്തുക എന്നതായിരുന്നു പേർഷ്യക്കാരുടെ ലക്ഷ്യം.

വിപ്രവാസശേഷമുണ്ടായ യൂദായിൽ നിലനിന്ന ജീവിത സാഹചര്യങ്ങളും അവർ പ്രതീക്ഷിക്കുന്ന യൂദായുടെ മഹത്ത്വവും തമ്മിൽ വലിയ അന്തരമുണ്ടെന്നു പ്രവാചകൻ ദർശിച്ചു. അതിനു കാരണമായി പ്രവാകൻ കണ്ടതു പണി തീരാതെ കിടന്ന ദേവാലയമാണ് (1:4-8). പുനരുദ്ധാരണം പൂർത്തിയാകുന്നതുവരെ അവരുടെ ബലികൾ ദൈവത്തിനു സ്വീകാര്യമാവുകയില്ല (2:10-19). സ്വീകാര്യമായ ബലിയർപ്പിക്കാൻ കഴിഞ്ഞാൽമാത്രമേ ഉടമ്പടിയിലൂടെ വാഗ്ദാനം മെച്ചപ്പെട്ട അനുഗ്രഹം ലഭ്യമാവുകയുള്ളൂ. കാരണം, ദേവാലയമെന്നാൽ ദൈവം വസിക്കുന്ന ആലയമാണ് (1:8, 14). ദൈവം ഇസ്രായേലുമായി ചെയ്ത ഉടമ്പടിയുടെ ഭാഗമായിരുന്നു ദൈവത്തിനു വസിക്കാൻ ആലയമുണ്ടാക്കണമെന്നത് (പുറ 25-40). കഴിഞ്ഞകാല കഷ്ടപ്പാടുകളുടെയും വർത്തമാനകാല കുറവുകളുടെയും കാരണം ദേവാലയത്തോടുള്ള അവഗണനയാണെന്നു പ്രവാചകൻ പറഞ്ഞു. കാരണം, ദേവാലയമാണ് ജനത്തോടൊപ്പമുള്ള ദൈവത്തിന്റെ സാന്നിധ്യം ഉറപ്പിക്കുന്ന ഘടകം (1:12-15). ഹഗ്ഗായിയുടെ പ്രചോദനം സ്വീകരിച്ച രണ്ടു നേതാക്കളും മുൻകൈയെടുത്ത് അന്നവർക്കു ലഭ്യമായിരുന്ന സർവ്വ സാമഗ്രികളും ചേർത്തു ദേവാലയ നിർമ്മാണം പൂർത്തിയാക്കി. ആ ആലയം പുതിയ സമൂഹത്തിന്റെ ഭരണകേന്ദ്രമായി മാറി. കേൾവിക്കാരെ മുഴുവൻ അഭിസംബോധനചെയ്തു സംസാരിക്കുന്നതു പ്രവാചകൻ ജനത്തിന്റെ മദ്ധ്യസ്ഥനാണെന്ന ആശയത്തിന് ഊന്നൽ നല്കാനാണ് (2:2; കാണുക 2:6-8,9).

ദേവാലയത്തിന്റെ പുനർനിർമ്മാണമായിരുന്നു ഹഗ്ഗായിയുടെ ദൗത്യം. ദേവാലയം രാഷ്ട്രീയവും സാമ്പത്തികവുമായ ഐശ്വര്യം അവർക്കു പ്രദാനം ചെയ്യുമെന്നു പ്രവാചകൻ പറഞ്ഞു (2:9). ദേവാലയം പൂർത്തിയായാൽ ഇസ്രായേലിന് അനുഗ്രഹം ലഭിക്കുമെന്നതു മാത്രമല്ല ആ ആലയത്തിലെ കർത്താവിനെ അംഗീകരിക്കുന്ന ഏതൊരു രാജ്യത്തിനും ഐശ്വര്യമുണ്ടാകും കാരണം കർത്താവ് ലോകത്തിന്റെ മുഴുവൻ ഭരണ





കർത്താവാണ്. ഈ ഭരണകർത്താവു ചൂഷകനല്ല; മറിച്ച്, എല്ലാവർക്കും ഐശ്വര്യം നല്കുന്നവനാണ്. ദൈവത്തിന്റെ രാജത്വത്തിന്റെ അടയാളമായ ദേവാലയം (അവന്റെ കൊട്ടാരം) പണിതീർന്നാൽമാത്രമേ ആ രാജത്വം ലോകത്തിൽ അംഗീകരിക്കപ്പെടുകയുള്ളൂ. അത് അംഗീകരിക്കപ്പെട്ടാൽ മാത്രമേ അനുഗ്രഹവും ഐശ്വര്യവുമുണ്ടാവുകയുള്ളൂ.

ദേവാലയത്തിന്റെ പുനഃസ്ഥാപനത്തോടെ പുരാതന ദാവീദു ഭവനം ഉയർത്തപ്പെടും. എന്നാൽ, ഭരണം ഉറപ്പിക്കാൻ പഴയതുപോലെ ദാവീദ് യുദ്ധം ചെയ്യേണ്ടിവരികയോ രാജ്യങ്ങൾ കീഴടക്കേണ്ടിവരികയോ ചെയ്യുകയില്ല. കാരണം, ദൈവം ആദ്യം ഭൂമിയിലെ രാജ്യങ്ങളെ കീഴടക്കിയതിനുശേഷമാണ് ദാവീദു ഭവനത്തെ ഉയർത്തുന്നത് (2:22). കർത്താവാണു തന്നെ അംഗീകരിക്കാത്തവർക്കെതിരെ യുദ്ധം ചെയ്യാൻ പോകുന്നത്. ഹഗ്ഗായി ദൈവത്തെ സൈന്യങ്ങളുടെ കർത്താവ് എന്നാണു വിളിക്കുന്നത് (2:23). ദൈവം യുദ്ധം ചെയ്തു തന്റെ ആധിപത്യം ശത്രുക്കളുടെമേൽ ഉറപ്പിക്കും. അതുകൊണ്ടുതന്നെ ദാവീദിന്റെ ജോലികൾ വ്യത്യസ്തമായിരിക്കും (പഴയതുപോലെ യുദ്ധമല്ല). ദൈവം രാജ്യങ്ങൾ ഭരിക്കുമ്പോൾ അതിനു കീഴിൽ ഇസ്രായേലിന്റെ ഭരണാധികാരിയായി വാഴാനുള്ള വിളിയാണു ദാവീദ് ഭവനത്തിനുള്ളത്. ദൈവം തന്റെ പ്രത്യേക ഇടപെടലിലൂടെ സ്ഥാപിക്കാനിരിക്കുന്ന ഒരു ദൈവിക രാജ്യത്തെക്കുറിച്ചാണു പ്രവാചകൻ ഇവിടെ സംസാരിച്ചത്.

പ്രവാചകന്റെ ഈ ദർശനത്തിനു കാരണം ചരിത്രം തന്നെയായിരിക്കണം. ചരിത്രത്തിലെ ദാവീദ് യുദ്ധം ചെയ്തു രാജ്യങ്ങൾ കീഴടക്കി ദൈവത്തിന്റെ രാജ്യം (ഇസ്രായേൽ) സ്ഥാപിച്ചുവെങ്കിലും പിന്നീടു മനുഷ്യസ്ഥാപിതമായ ആ രാജ്യം പരാജയപ്പെടുന്നതാണു ചരിത്രം കണ്ടത്. തുടർന്നു വലിയ ചക്രവർത്തിമാർ അവരെ പലപ്പോഴായി കീഴ്പ്പെടുത്തി നശിപ്പിച്ചു. അവസാനം ദൈവത്തിന്റെ പ്രത്യേക ഇടപെടലിലൂടെയാണ് അവർ സ്വതന്ത്രരായത്. അപ്പോൾ ദൈവത്തിനു മാത്രമേ ശാശ്വതമായ ഒരു രാജ്യം സ്ഥാപിക്കാൻ കഴിയുകയുള്ളൂ. മാത്രമല്ല, ഇന്നുള്ള ഭരണസംവിധാനം മാതൃകയായി സ്വീകരിക്കുകയാണെങ്കിൽ അത് ഈ ആശയം തന്നെയാണു പറയുന്നത്. പേർഷ്യയെന്ന വലിയ സാമ്രാജ്യത്തിലെ വലിയ ചക്രവർത്തിയുടെ കീഴിൽ ദാവീദ് ഭവനത്തിലെ ഒരാൾ യൂദായുടെ ഭരണം നടത്തുക. പേർഷ്യയെപ്പോലൊരു മഹാരാജ്യം കീഴടക്കാൻ ശക്തിയില്ലാതിരിക്കെ അങ്ങനെയൊരു രാജ്യത്തിന്റെ കീഴിൽ സ്വതന്ത്രമായി ഭരിക്കാൻ കഴിയുന്ന ഒരു രാജ്യത്തെക്കുറിച്ചു ചിന്തിക്കുന്നതാണു സ്വാഭാവികമായുള്ള കാര്യം. അന്നു നിലവിലിരുന്ന രാഷ്ട്രീയ വ്യവസ്ഥ പ്രവാചകന്റെ ദർശനങ്ങളെ സ്വാധീനിച്ചുവെന്നു സാരം.

ഹഗ്ഗായിയുടെ വാക്കുകൾ പ്രവാസികൾക്കു പ്രചോദനാത്മകമായിത്തീർന്നു എന്നുമാത്രമല്ല അന്നുണ്ടായിരുന്ന ഇരട്ട ഭരണസംവിധാനം പാരമ്പര്യത്തിൽ അപരിചിതമായിരുന്നുവെങ്കിലും അതു ദൈവഹിതമായി അംഗീകരിക്കപ്പെടാൻ അദ്ദേഹം കാരണമായി. ദാവീദിനെ ദൈവം തിരഞ്ഞെടുത്തതുപോലെ അദ്ദേഹത്തിന്റെ പിൻഗാമി സെറുബാബേലിനെ ഇന്നു തെരഞ്ഞെടുത്തിരിക്കുന്നു (2:23; 2സാമു 6:21; 1രാജാ 8:16;11:34; സങ്കീ 78:70). ഇതു വിപ്രവാസകാലശേഷം ദാവീദ് വംശത്തിലെ മിശി

ഹായെക്കുറിച്ചുള്ള പ്രതീക്ഷ കാത്തുസൂക്ഷിക്കുന്നതിനു സഹായകമായിരുന്നിരിക്കണം (2:23).

**വിചിന്തനം:** 20 വർഷക്കാലം പലവിധകാരണങ്ങളാൽ അവഗണിക്കപ്പെട്ടു കിടന്ന ദേവാലയനിർമ്മാണം മൂന്നരമാസത്തെ പ്രസംഗം കൊണ്ടു പുനർജ്ജീവിപ്പിച്ചവനാണു ഹഗ്ഗായി. ബലി സ്വീകാര്യമായ സ്ഥലത്തു സ്വീകാര്യമായ രീതിയിൽ സ്വീകാര്യമായ ത്യാഗസമർപ്പണങ്ങളിലൂടെ അർപ്പിച്ചാൽ മാത്രമേ ദൈവം അതു സ്വീകരിക്കുകയും അർപ്പകന് അതനുഗ്രഹദായകമാവുകയും ചെയ്യുകയുള്ളൂ.

## 50. സഖറിയ

സഖറിയ 1-8 ന്റെ കർത്താവായ പ്രവാചകനെയാണു നാമിവിടെ ചർച്ചാവിഷയമാക്കുന്നത്. സഖറിയ 9-14 പിന്നീടു ചേർക്കപ്പെട്ടതാണെന്നു മാത്രമല്ല അതു വെളിപാടു സാഹിത്യവുമാണ്. ഈ ഭാഗത്തെ രണ്ടാംസഖറിയ എന്നും (9-11) മൂന്നാംസഖറിയ (12-14) എന്നും ചിലപ്പോൾ വേർതിരിക്കാറുണ്ട്. കാരണം, ഈ ഭാഗങ്ങൾക്ക് അവയുടെ പ്രത്യേക അവതാരികകളുണ്ട്. ഹഗ്ഗായിയുടെ അതേ രീതിയിൽ ദേവാലയ നിർമ്മാണത്തിനു ഹഗ്ഗായിയുടെ കാലത്തു തന്നെ പിന്തുണ നൽകിയ പ്രവാചകനാണു സഖറിയ (1:1,7; 7:1; 8:9; എസ്ര 9:1; 6:14). അന്നു നിലവിലുണ്ടായിരുന്ന ഇരട്ട ഭരണസംവിധാനത്തെ (ദാവീദ് വംശജനായ രാഷ്ട്രീയ ഭരണാധികാരിയും പുരോഹിതനായ മതഭരണാധികാരിയും) അദ്ദേഹം പൂർണമായി അംഗീകരിച്ചിരുന്നു. ദൈവപരിപാലനയിൽ സംലഭ്യമായ ഈ പ്രത്യേക ജീവിത സാഹചര്യം മാനസികമായി അംഗീകരിക്കാൻ അദ്ദേഹം ജനത്തെ സഹായിച്ചു.

സഖറിയ ഇദ്ദോയുടെ പുത്രനായ ബറാക്കിയായുടെ പുത്രനായിരുന്നു (1:1), അല്ലെങ്കിൽ ഇദ്ദോയുടെ പുത്രനായിരുന്നു (എസ്ര 5:1; 6:14). ഇദ്ദോ സെറുബാബേലിന്റെയും ജോഷ്വായുടെയുംകൂടെ ബാബിലോണിൽനിന്ന് 522 ൽ തിരിച്ചു വന്ന ഒരു പുരോഹിതനായിരുന്നു (നെഹ 12:4). സഖറിയ ആ പുരോഹിത കുടുംബത്തിന്റെ തലവനായിരുന്നു (നെഹ 12:10). അതായത്, അദ്ദേഹം പുരോഹിതനും പ്രവാചകനുമായിരുന്നു. അതുകൊണ്ടുതന്നെ എസക്കിയേലിന്റെ പാരമ്പര്യത്തിൽപ്പെട്ടവനുമായിരുന്നു. പുരോഹിതനായ ജോഷ്വായെ അദ്ദേഹം വലിയ ബഹുമാനത്തോടെയാണു കണ്ടത്. ജോഷ്വായ്ക്കു വലിയ അധികാരമുണ്ടെന്നു മാത്രമല്ല (6:11) സ്വർഗീയ സഭയിൽ പോലും അദ്ദേഹത്തിനു പ്രവേശനവുമുണ്ട് (3:1-5,7; 4:1-14; 5:1-4; 5-11). പഞ്ചഗ്രന്ഥിക്കു പൗരോഹിത്യത്തോടുള്ള കാഴ്ചപ്പാടിനോടു സമാനമാണു സക്കറിയ 7-8 ലെ ദർശനം. (7-8)

### സന്ദേശം

ഹഗ്ഗായിയുടെ പ്രവർത്തഫലമായി ദേവാലയ പുനർനിർമ്മാണം ആരംഭിച്ചു കഴിഞ്ഞപ്പോഴാണു സഖറിയ രംഗപ്രവേശം ചെയ്തത്. സ്വന്ത താത്പര്യങ്ങളുടെ പേരിൽ ദേവാലയനിർമ്മാണം അവഗണിച്ച ജനത്തിന്റെ വിമുഖതയാണു (ഹഗ്ഗാ 1:4, 8) ഹഗ്ഗായി കൈകാര്യം ചെയ്ത വിഷയമെങ്കിൽ നിലവിലുള്ള ഇരട്ട ഭരണ സംവിധാനത്തെ നീതീകരിക്കുന്നതിൽ ദേവാലയത്തിനുള്ള പ്രതീകാത്മക അർത്ഥമെന്തെന്നു വിവരിക്കു





കയാണു സഖറിയ. ഇരട്ട ഭരണാധികാരികളുടെ നേതൃത്വത്തിൽ പുരോഗമിക്കുന്ന ദേവാലയത്തിന്റെ നിർമ്മാണമാണ് ആ ദേവാലയവുമായി ബന്ധപ്പെട്ടു പുതിയ സമൂഹത്തെ വിലയിരുത്താൻ സഖറിയായെ പ്രേരിപ്പിച്ചത്. നൽകപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ പ്രത്യാശയോടെ ഭാവി നോക്കിക്കാണാൻ സഖറിയ പ്രവാചകൻ പഠിപ്പിക്കുന്നു.

ദേവാലയ പുനർനിർമ്മാണമാണു സമൂഹത്തെ പുനഃസ്ഥാപിക്കുന്നതിനുള്ള വഴി. സ്വന്തമായൊരു രാജാവില്ലാതെ ദേവാലയം പ്രസക്തമാണെന്ന് അദ്ദേഹം പറഞ്ഞു. പ്രധാനപുരോഹിതന് അധികമായി നൽകപ്പെട്ട അധികാരത്തെ അദ്ദേഹം അംഗീകരിക്കുന്നു (സക്കറി 3). ദാവീദ് ഭവനത്തിൽ നിന്ന് ഒരു രാഷ്ട്രീയ ഭരണാധികാരിയെയും അദ്ദേഹം അംഗീകരിക്കുന്നു (4:9-15). കാരണം, പരമ്പരാഗതമായ ദാവീദ് ഭരണം വിദൂരഭാവിയിൽ മാത്രമേ പുനഃസ്ഥാപിക്കപ്പെടുകയുള്ളൂ. ഭാവിയിൽ വിജാതീയർ കർത്താവിലേക്കു തിരിയുമെന്നും അങ്ങനെ രക്ഷപ്രാപിക്കുമെന്നും പ്രവാചകൻ കരുതുന്നു (8:22-23). പ്രധാനപുരോഹിതൻ പൂർണാധികാരിയാകുമെന്നു സഖറിയ പറയുന്നുണ്ടെങ്കിലും പേർഷ്യൻ കാലഘട്ടം മുഴുവനും പേർഷ്യൻ ഗവർണർ അധികാരത്തിലുണ്ടായിരുന്നു (6:9-15).

### മാനസാന്തരത്തിനും സാമൂഹ്യനീതിയ്ക്കും വേണ്ടിയുള്ള വിളി

പ്രവാസത്തിനു മുമ്പുണ്ടായിരുന്ന പ്രവാചകന്മാരെപ്പോലെ സഖറിയ ജനത്തെ മാനസാന്തരത്തിനു ക്ഷണിക്കുന്നുണ്ട് (1:1-6). ദൈവം മാനസാന്തരത്തിന് ആഹ്വാനം ചെയ്തിട്ടും മാനസാന്തരപ്പെടാതിരുന്നതാണു പൂർവ്വികരുടെ പാപം. അതാണു ശിക്ഷിക്കപ്പെട്ടത്. അതുകൊണ്ടു തിരിച്ചുവരുക: "അതുകൊണ്ടു നീ അവരോടു പറയുക. സൈന്യങ്ങളുടെ കർത്താവ് അരുളിച്ചെയ്യുന്നു, എൻെറ സന്നിധിയിലേക്കു മടങ്ങിവരുവിൻ. അപ്പോൾ ഞാനും നിങ്ങളുടെ അടുത്തേക്കു മടങ്ങിവരും" (1:3). പൂർവ്വികർക്കുണ്ടായ പരാജയം ആവർത്തിക്കപ്പെടാതിരിക്കാൻ അനുതപിക്കുക എന്നദ്ദേഹം പറഞ്ഞു.

### നീതിപാലിക്കുക

നീതിപാലിക്കാനുള്ള സഖറിയായുടെ സന്ദേശത്തിനു വലിയ പ്രവാചകന്മാരായ ആമോസ്, ഏശയ്യാ, ജറെമിയ എന്നിവരുടേതിൽനിന്നു വ്യത്യാസമുണ്ട്. ഈ പ്രവാചകന്മാർ നീതി കൂടാതെയുള്ള അനുഷ്ഠാനങ്ങൾ അർത്ഥശൂന്യങ്ങളാണെന്നു പ്രസംഗിച്ചവരാണ്. അതുകൊണ്ടു നീതിയില്ലാത്തവന്റെ ബലികൾ ഉപയോഗശൂന്യമായി അവർ കണക്കാക്കി. ഒരു പുരോഹിതനും ദേവാലയനിർമ്മാണത്തിൽ താത്പര്യമുള്ളവനും എന്ന നിലയിൽ സഖറിയക്ക് സാമൂഹ്യ നീതിയെക്കുറിച്ചുള്ള ഉൾക്കാഴ്ചകളും ദേവാലയത്തിലെ അനുഷ്ഠാന വിധികളും ഒരുമിച്ചു ചേർത്തു കാണാൻ കഴിഞ്ഞു (ഏശ 1:10-17; ആമോ 5:21-24 കാണുക). ദേവാലയം പണിയപ്പെടണമെന്നും ബലികൾ പുനരാരംഭിക്കണമെന്നും ദൈവം ആഗ്രഹിക്കുന്നു എന്നദ്ദേഹം പറഞ്ഞു (7:1-14; 8:14-17).

### ദർശനങ്ങളും മാലാഖാമാരും സാത്താനും

മുൻകാല പ്രവാചകന്മാരോട് ദൈവം ദർശനങ്ങളിലൂടെ നേരിട്ട് സംസാരിക്കുകയും (മിക്കായാ, ആമോസ്, ഏശയ്യ, ജറെമിയ, എസെക്കിയേൽ)

അതിന്റെ സന്ദേശം പ്രവാചകർ ഗ്രഹിക്കുകയും ചെയ്തു. അഗ്രാഹ്യമായവ ദൈവം വ്യാഖ്യാനിച്ചു കൊടുത്തു (ആമോ 8:1-2). എന്നാൽ, ദൈവത്തെക്കുറിച്ചുള്ള പുരോഹിതനായ സഖറിയായുടെ ധാരണ അവിടുന്ന് അദൃശ്യനും അപരിമേയനുമാണെന്നതാണ്. അതുകൊണ്ടുതന്നെ ദൈവം സംസാരിച്ചാൽ പരിമിതനായ മനുഷ്യന് അത് മനസ്സിലാവുകയില്ല. അതിനാൽ സഖറിയായിൽ ദൈവത്തിന്റെ ദർശനങ്ങളുണ്ടാകുമ്പോൾ അതു പ്രവാചകനു വിശദീകരിച്ചു കൊടുക്കാൻ ഒരു സ്വർഗ്ഗീയ മധ്യസ്ഥനെ ആവശ്യമുണ്ട്. തൽഫലമായി സഖറിയായിൽ ദർശനങ്ങൾ വ്യാഖ്യാനിക്കുന്ന ഒരു മാലാഖയെക്കാണാം (1:9, 19; 4:5; 5:5-6; 6:4-5). ദൈവത്തിന്റെ അപരിമേയതയെക്കുറിച്ചുള്ള ഈ കാഴ്ചപ്പാട് പുരോഹിതനായ എസെക്കിയേലിൽ തുടങ്ങുന്നുണ്ട്.

ദർശിച്ച കാര്യങ്ങളിൽ സംശയമുണ്ടാകുമ്പോൾ സഖറിയ ദൂതനോടു ചോദിക്കുകയും ദൂതൻ അതു വ്യാഖ്യാനിക്കുകയും ചെയ്യും (1:9, 19; 4:4, 11, 12, 6:4). ഈ വ്യാഖ്യാനരീതി പിന്നീടു വെളിപാടു സാഹിത്യത്തിൽ പൂർണ വളർച്ച നേടുന്നുണ്ട് (സക്ക 9-14, ദാനി, വെളി). മാത്രമല്ല, സഖറിയായിൽ ദൂതൻതന്നെ പ്രവാചകനെപ്പോലെ സംസാരിക്കുന്നുമുണ്ട് (3:6-10).

നിയമാവർത്തന ദൈവശാസ്ത്രത്തിന്റെ വളർച്ചയോടെ ദൈവം അപരിമേയനാണെന്ന ചിന്ത ഇസ്രായേലിൽ വളർന്നുവന്നു. പേർഷ്യൻ സാധീനഫലമായി വിപ്രവാസത്തിനുശേഷം യഹൂദമതത്തിൽ മാലാഖാമാർ കടന്നു വരികയും അപരിമിതനായ ദൈവത്തിന്റെയും പരിമിതനായ മനുഷ്യന്റെയും ഇടയിലുള്ള വ്യാഖ്യാതാക്കളും, സന്ദേശവാഹകരും, വെളിപാട് നല്കുന്നവരും, നയിക്കുന്നവരും, കാവൽക്കാരും, നാശകരും, നായകരുമെല്ലാമായി ദൈവദൂതന്മാർ പ്രബലരായിത്തീരുകയും ചെയ്തു. മാലാഖമാരുടെ സാന്നിദ്ധ്യംവഴി അദൃശ്യനും അപരിമേയനുമായ ദൈവത്തിന്റെ ഭൂമിയിലെ ദൃശ്യമായ സാന്നിധ്യം ദൈവശാസ്ത്രപരമായി വ്യഖ്യാനിക്കപ്പെട്ടു. വലിയ പ്രവാചകനായ മോശയോടു ദൈവം മുഖാഭിമുഖം സംസാരിച്ചു (പുറ 33:11); പ്രവാചകന്മാരോടു ദൈവം ദർശനങ്ങളിലൂടെ സംസാരിച്ചു. അവസാന കാലമായപ്പോൾ ദൈവം പ്രവാചകരോടു ദൂതരിലൂടെ സംസാരിച്ചു. ഇസ്രായേലിലെ ദൈവശാസ്ത്രത്തിന്റെ വളർച്ചയാണിവിടെ ദർശിക്കാൻ കഴിയുന്നത്.

സഖ 3:1-2 നാം സാത്താനെ കാണുന്നുണ്ട്. പഴയനിയമത്തിൽ വളരെ പ്രാധാന്യം കുറഞ്ഞ സാത്താനെ ജോബിന്റെ ഗ്രന്ഥത്തിലും (ജോബ് 1-2) ദിനവൃത്താന്തഗ്രന്ഥത്തിലും (1 ദിന 21:1) സഖറിയായിലും മാത്രമാണു നാം കാണുക. ഇവിടെ സാത്താൻ ഒരു പേരല്ല. അതു കോടതിയിൽ കുറ്റാരോപണം നടത്തുന്ന വ്യക്തിയുടെ വിശേഷണമാണ്. ജോബിന്റെ കഥയിലെന്നപോലെ സഖറിയായിലും പ്രധാന പുരോഹിതനെ കുറ്റപ്പെടുത്തിക്കൊണ്ടു സാത്താൻ സ്വർഗ്ഗീയസഭയിലാണു പ്രത്യക്ഷപ്പെടുന്നത്.

**വിചിന്തനം:** ഒരുവനു നൽകപ്പെടുന്ന സാഹചര്യങ്ങളിൽ അവന്റെ ജീവിതം രൂപപ്പെടുത്തുക എന്നതാണു പ്രയോജനകരം. ഒരുവന്റെ മതജീവിതവും സാമൂഹ്യജീവിതവും തമ്മിൽ പൊരുത്തമുണ്ടാകണം.





## 51. സഖറിയ 9-14

ഈ ഭാഗത്ത് സഖറിയ 1-8 ൽ കാണുന്ന പ്രധാന വ്യക്തിയായ സെറൂബാബേൽ പ്രത്യക്ഷപ്പെടുന്നില്ല. ഒന്നാം സഖറിയായിൽക്കാണുന്ന ദേവലയത്തെക്കുറിച്ചുള്ള താത്പര്യങ്ങളുമില്ല. കവിതാരൂപത്തിലാണു കുറേയധികം ഭാഗങ്ങൾ രചിക്കപ്പെട്ടിരിക്കുന്നത്. വെളിപാടു സാഹിത്യം ജന്മമെടുക്കുകയും സാവധാനം വളർച്ച പ്രാപിക്കുകയും ചെയ്ത കാലത്തു രചിക്കപ്പെട്ടതിന്റെ അടയാളങ്ങൾ സഖറിയയിൽ ദൃശ്യമാണ്. സഖറിയ 9-11 പേർഷ്യൻ കാലഘട്ടത്തിലും (538-333) സഖ 12-14 ഗ്രീക്ക് കാലഘട്ടത്തിലും (333-164) എഴുതപ്പെട്ടതായിരിക്കണം. രണ്ടു ഭാഗത്തും പ്രവാചകനെക്കുറിച്ചു പറയാതെ സ്വന്തമായ അവതാരികകളുണ്ട്.

കർത്താവിന്റെ സർവ്വാധിപത്യം (14-16), യോദ്ധാവായി അവിടുന്നു വരുന്നത് (9:1-17, 14:12-15) ദൈവം ഇസ്രായേലിന്റെ ഇടയനാണെന്ന കാഴ്ചപ്പാട് (13:3-12; 11:4-17), ദാവീദിന്റെ ഭവനത്തിന്റെ പുനഃസ്ഥാപനം (9:9-10; 12:7-14) എന്നിവയെല്ലാം ഗ്രന്ഥത്തിലെ പ്രധാന വിഷയങ്ങളാണ്. വെളിപാടുസാഹിത്യങ്ങളിലെ ദൈവം ഒരു യോദ്ധാവാണ് എന്ന ചിന്ത രണ്ടാം സഖറിയായിലും ദൃശ്യമാണ് (9:6, 7, 8; 9:13-14; 10:3). ദൈവം ശത്രുക്കൾക്കെതിരെ യുദ്ധം ചെയ്യുന്നെന്നു പറഞ്ഞാൽ ജറുസലേമിനെയും ദേവാലയത്തെയും പരിരക്ഷിക്കുന്നു എന്നാണർത്ഥം (9:8). ഇസ്രായേലിന്റെ പൂർവ്വചരിത്രത്തിൽ ദൈവം അവർക്കുവേണ്ടി യുദ്ധം ചെയ്ത യോദ്ധാവായിരുന്നു (പുറ, സംഖ്യ, ജോഷ, ന്യായ). എന്നാൽ, പാപം ചെയ്ത ഇസ്രായേലിനെ ശിക്ഷിക്കുന്ന യോദ്ധാവായി ജറെമിയ, എസെക്കിയേൽ മുതലായ പ്രവാചകന്മാർ ദൈവത്തെ അവതരിപ്പിച്ചു. വെളിപാടു സാഹിത്യം വളർന്നു വന്നപ്പോൾ അവർ ദൈവത്തെക്കുറിച്ചുള്ള പഴയകാല ആശയങ്ങളിലേക്കു തിരിച്ചു പോയി. കാരണം, വെളിപാടു സാഹിത്യം ജന്മമെടുത്തതു പീഡിപ്പിക്കപ്പെട്ട ന്യൂനപക്ഷ സമൂഹങ്ങളുടെ വികാര വിചാരണങ്ങളിൽ നിന്നാണ്. തങ്ങളെ പീഡിപ്പിക്കുന്നവരെ പരാജയപ്പെടുത്താൻ കഴിവുള്ള ഒരേയൊരു സഹായകനായി അവർക്ക് തങ്ങളെ അറിയുന്ന ദൈവം മാത്രമേ ഉണ്ടായിരുന്നുള്ളു.

ഇസ്രായേലിന്റെ ഇടയന്മാർ വഴിതെറ്റിയതു നിമിത്തം ദൈവംതന്നെ ഇടയനായി ഇസ്രായേലിനെ നയിക്കുന്ന എസെക്കിയേലിന്റെ ആശയം (എസ 34) സഖറിയായിലും കാണാം: "വസന്തവൃഷ്ടിയുടെ കാലത്തു കർത്താവിനോടു മഴ ചോദിക്കുവിൻ. മഴക്കാറയയ്ക്കുന്നതും മഴ പെയ്യിച്ച് എല്ലാവർക്കും വേണ്ടി വയൽ ഹരിതപൂർണമാക്കുന്നതും കർത്താവാണ്. കുലവിഗ്രഹങ്ങൾ വിഡ്ഢിത്തം പുലമ്പുന്നു; ഭാവി പറയുന്നവർ വ്യാജം ദർശിക്കുന്നു; സ്വപ്നക്കാർ കപടസ്വപ്നങ്ങൾ വിവരിച്ചു പൊള്ളയായ ആശ്വാസം പകരുന്നു. അതുകൊണ്ടു ജനം ഇടയനില്ലാത്ത ആടുകളെപ്പോലെ പീഡനമേറ്റ് അലയുന്നു. ഇടയൻമാരുടെ നേരേ എൻെറ കോപം ജ്വലിച്ചിരിക്കുന്നു. നേതാക്കൻമാരെ ഞാൻ ശിക്ഷിക്കും. സൈന്യങ്ങളുടെ കർത്താവ് തൻെറ അജഗണത്തെ, യൂദാ ഭവനത്തെ, പരിപാലിക്കുന്നു. അവിടുന്ന് അവരെ ഉദ്ധതമായ പടക്കുതിരയാക്കും'' (10:1-3; കാണുക 11:16). ദൈവം അവരെ നയിക്കും (10:11-12). അങ്ങനെ ദൈവത്തിന്റെ സാർവ്വത്രികാധികാരം തന്റെ ജനത്തെ സംരക്ഷിക്കുന്ന അധികാരമായി

പ്രവാചകൻ അവതരിപ്പിക്കുന്നു. തത്ഫലമായി ദൈവം ഭൂമി മുഴുവന്റെയും രാജാവാകും (14:9).

ദാവീദിന്റെ ഭവനം പുനഃസ്ഥാപിക്കപ്പെടും: “അന്നു ജറുസലെം നിവാസികളെ പരിചകൊണ്ടു മറയ്ക്കും. അവരുടെ ഇടയിലെ ഏറ്റവും ദുർബലനായവൻ അന്നു ദാവീദിനെപ്പോലെയാകും. ദാവീദ്ഭവനം ദൈവത്തെപ്പോലെ, കർത്താവിൻെറ ദൂതനെപ്പോലെ അവരെ നയിക്കും” (12:8); “സീയോൻ പുത്രീ, അതിയായി ആനന്ദിക്കുക. ജറുസലേം പുത്രീ, ആർപ്പുവിളിക്കുക. ഇതാ, നിൻെറ രാജാവ് നിൻെറ അടുക്കലേക്കു വരുന്നു. അവൻ പ്രതാപവാനും ജയശാലിയുമാണ്. അവൻ വിനയാന്വിതനായി, കഴുതപ്പുറത്ത്, കഴുതക്കുട്ടിയുടെ പുറത്ത്, കയറിവരുന്നു. ഞാൻ എഫ്രായിമിൽനിന്നു രഥത്തെയും ജറുസലെമിൽനിന്നു പടക്കുതിരയെയും വിച്ഛേദിക്കും. പടവില്ലു ഞാൻ ഒടിക്കും. അവൻ ജനതകൾക്കു സമാധാനമരുളും. അവൻെറ ആധിപത്യം സമുദ്രം മുതൽ സമുദ്രം വരെയും നദി മുതൽ ഭൂമിയുടെ അറ്റം വരെയും ആയിരിക്കും” (9:9-10). സഖറിയായുടെ ഈ ദർശനം ഏശയ്യാ 2:2-4 ന് സമാനമാണ്. ദൈവത്തിന്റെ ആധിപത്യം ഉണ്ടാകുന്ന അക്കാലത്തു ജറുസലെം സുരക്ഷിതമായി വസിക്കും (14:11).

സഖറിയ 9-14 പുതിയനിയമത്തിൽ പലപ്രാവശ്യം ഉദ്ധരിക്കപ്പെടുന്നുണ്ട്. കഴുതപ്പുറത്തേറി വരുന്ന രാജാവിനെ (9:9) മത്തായിയും (21:5) യോഹന്നാനും (12:12) ഉദ്ധരിക്കുന്നുണ്ട്. കുന്തത്താൽ കുത്തിത്തുറക്കപ്പെട്ട ഈശോയുടെ ഹൃദയത്തെക്കുറിച്ചു യോഹന്നാൻ പറയുന്നതു (19:37) സക്കറിയായെ ഉദ്ധരിച്ചു കൊണ്ടാണ് (13:7). മുപ്പതു വെള്ളിനാണയങ്ങളെക്കുറിച്ചു മത്തായി പറയുന്നതു (27:9-10) ജറെമിയായുടെതു എന്ന പോലെയാണങ്കിലും സഖറിയായുടേതാണ് (സഖ 11:12-13). വെളിപാടു ഗ്രന്ഥത്തിലെ മുപ്പത്തിയഞ്ചോളം പ്രതീകങ്ങൾ സഖറിയായുടെ ഗ്രന്ഥത്തിൽ നിന്നു വരുന്നതാണ്: മാലാഖ വ്യാഖ്യാനിക്കുന്ന രീതി, വർണങ്ങൾ, കുതിരകൾ, നാലു സവാരിക്കാർ, വിളക്കുകാൽ, ഒലിവ് മരങ്ങൾ, സാത്താൻ, അവസാന യുദ്ധം മുതലായവ.

ദാരിയൂസ് ഒന്നാമന്റെ കാലത്തു (522- 486) ദേശത്തെ നവീകരിക്കാനും മതനേതാക്കന്മാരോട് അവരുടെ നിയമം ലിഖിതരൂപത്തിലാക്കാനും പേർഷ്യൻ ഭരണകൂടം യഹൂദരോട് ആവശ്യപ്പെട്ടതു പ്രവാചകനിൽ ക്രിയാത്മകമായ വലിയ സ്വാധീനം ചെലുത്തിയെന്നു കരുതാം. അദ്ദേഹത്തിന്റെ കാലത്തു പഞ്ചഗ്രന്ഥിയും നിയമാവർത്തന ചരിത്രവും പ്രവാചകന്മാരുടെ ഗ്രന്ഥങ്ങളും ഒരു പരിധിവരെ എഴുതപ്പെട്ടിരുന്നിരിക്കണം. ഹഗ്ഗായിയുടെയും ഒന്നാം സഖറിയായുടെയും വചനങ്ങളുടെ ക്രോഡീകരണവും ഇക്കാലത്തു നടന്നിരിക്കാം.

**വിചിന്തനം:** കഠിനമായ പ്രതിബന്ധങ്ങളുടെ മദ്ധ്യേ ശക്തനായ ദൈവത്തിലേക്കു നോക്കുന്നവർക്ക് ദൈവം ആശ്വാസവും പ്രത്യാശയും നൽകും.

## 52. മൂന്നാംഏശയ്യാ

ഏശയ്യാ 1-39; 40-53 ഭാഗങ്ങളിൽനിന്നും തികച്ചും വ്യത്യസ്തമായ ഒരു സാഹചര്യമാണ് ഏശ 54-66 അദ്ധ്യായങ്ങളിൽ വെളിവാകുന്നത്.





ഇതിന്റെ പശ്ചാത്തലം ബാബിലോണല്ല, മറിച്ച് യൂദായാണ് (ഏശ 60:1-7, 10-14). ഇതിൽ വിമർശിക്കപ്പെടുന്ന വ്യക്തികൾ ബാബിലോണിലെ വിഗ്രഹ നിർമ്മാതാക്കളല്ല (രണ്ടാം ഏശയ്യാ) മറിച്ച്, യൂദാ നിവാസികളാണ്. എന്നാൽ, ഇതു രാജാക്കന്മാരുടെ കാലത്തെ യൂദായല്ല മറിച്ച് രാജഭരണവും രാജ്യസ്വാതന്ത്ര്യവുമില്ലാതെ പേർഷ്യയുടെ ഒരു പ്രോവിൻസ് മാത്രമായിരുന്ന കാലഘട്ടത്തിലെ യൂദായാണ്. മഹത്തരമായ പുനരുദ്ധാരണം പ്രതീക്ഷിച്ചിരുന്നെങ്കിലും നിരാശരായവരാണു കേൾവിക്കാർ (64:8-10). അന്നത്തെ പ്രാദേശികാധികാരികൾ നീതിരഹിതരും അക്രമാസക്തരുമായിരുന്നു. അവരുടെ ദൈവാലയനിർമ്മാണം തന്നെ വിമർശനാത്മകമായിരുന്നു (61:1-3). കർത്താവിന്റെ മഹത്തരമായ ആലയം പൂർത്തീകരിക്കപ്പെടാതിരിക്കുകയോ അപൂർണമായി തോന്നുകയോ ചെയ്തു. ഈ പശ്ചാത്തലത്തിൽ സീയോന്റെ പുനരുദ്ധാരണത്തെക്കുറിച്ചുള്ള രണ്ടാം ഏശയ്യായുടെ പ്രവചനങ്ങളുടെ വിശ്വാസ്യത എടുത്തുകാട്ടിക്കൊണ്ടു ദൈവമഹത്ത്വം ഇനിയും ജനതകൾക്കു വെളിവാകാനിരിക്കുന്നതേ ഉള്ളൂവെന്നു പ്രഘോഷിച്ച രണ്ടാം ഏശയ്യായുടെ ശിഷ്യനായിരിക്കണം മൂന്നാം ഏശയ്യ.

രാജ്യങ്ങൾ തന്നെ അംഗീകരിക്കുന്നതിനുവേണ്ടി ദൈവം ആകാശം തുറന്ന് ഇറങ്ങിവരുമെന്നദ്ദേഹം പറഞ്ഞു (63:19-64:2). ജറുസലെം ഉടനെ പുനരുദ്ധരിക്കപ്പെടുമെന്നും ദൈവമഹത്ത്വം ഉടൻ വെളിവാകുമെന്നും പ്രഖ്യാപിക്കാൻ തിരഞ്ഞെടുക്കപ്പെട്ട പ്രവാചകനാണു താനെന്നു അദ്ദേഹം തന്റെ ദൗത്യത്തെക്കുറിച്ചു പറയുന്നുണ്ട് (61:1-9). മൂന്നാം ഏശയ്യായായും ഹഗ്ഗായിയും സഖറിയായും സമകാലികരായിരുന്നിരിക്കണം. പ്രവാചകന്റെ പേരോ വ്യക്തിപരമായ കാര്യങ്ങളെക്കുറിച്ചുള്ള വിവരണങ്ങളോ ഗ്രന്ഥം നല്കുന്നില്ല. 61:1-3 നെ പ്രവാചകന്റെ വിളിവിവരണമായി കണക്കാക്കാറുണ്ട്.

### സന്ദേശം

ദൈവത്തിന്റെ വിശുദ്ധ ജനമായി യൂദായിലെ അധികാരവർഗ്ഗമായ ഭൂരിപക്ഷം സ്വയം കണക്കാക്കുകയും അവർ ദേവാലയവും മതത്തിന്റെയും രാഷ്ട്രത്തിന്റെയും അധികാരവും കൈയാളുകയും ചെയ്തപ്പോൾ അവർക്കെതിരെ ശബ്ദമുയർത്തുന്ന ആളാണു മൂന്നാം ഏശയ്യ. മറ്റുള്ളവരെ അവഗണിക്കുകയും ഇസ്രായേലെന്നാൽ തങ്ങൾ മാത്രമാണെന്നു ചിന്തിക്കുകയും ചെയ്യുന്ന (നിയ 23:2-9; 23:31; എസ്ര 9-10) ഇടുങ്ങിയ മനസ്ഥിതിയ്ക്കെതിരെയാണു മൂന്നാം ഏശയ്യായുടെ വചനങ്ങൾ. ആരാണു തിരഞ്ഞെടുക്കപ്പെട്ട ദൈവജനമെന്നു കുറച്ചുകൂടി തുറന്ന മനഃസ്ഥിതിയോടെ ചിന്തിക്കുന്ന പ്രവാചകഗണമാണു മൂന്നാം ഏശയ്യാ (56:1-8): “കർത്താവ് അരുളിച്ചെയ്യുന്നു: എൻെറ സാബത്ത് ആചരിക്കുകയും എൻെറ ഹിതം അനുവർത്തിക്കുകയും എൻെറ ഉടമ്പടിയോടു വിശ്വസ്തത പുലർത്തുകയും ചെയ്യുന്ന ഷണ്ഡൻമാർക്ക് ഞാൻ എൻെറ ആലയത്തിൽ, മതിലുകൾക്കുള്ളിൽ, പുത്രീപുത്രൻമാരെക്കാൾ ശ്രേഷ്ഠമായ ഒരു സ്മാരകവും നാമവും നൽകും. ഒരിക്കലും തുടച്ചുമാറ്റപ്പെടാത്ത ശാശ്വത നാമമായിരിക്കും അത്. എന്നെ സേവിക്കാനും എൻെറ

നാമം സ്നേഹിക്കാനും എൻെറ ദാസരായിരിക്കാനും എന്നോടു ചേർന്നു നിൽക്കുകയും സാബത്ത് അശുദ്ധമാക്കാതെ ആചരിക്കുകയും എൻെറ ഉടമ്പടിയോടു വിശ്വസ്തത പുലർത്തുകയും ചെയ്യുന്ന പരദേശികളെയും ഞാൻ എൻെറ വിശുദ്ധഗിരിയിലേക്കു കൊണ്ടുപോകും. എൻെറ പ്രാർഥനാലയത്തിൽ അവർക്കു സന്തോഷം നൽകും. അവരുടെ ദഹന ബലികളും മറ്റു ബലികളും എൻെറ ബലിപീഠത്തിൽ സ്വീകാര്യമായി രിക്കും. എൻെറ ആലയം എല്ലാ ജനതകൾക്കുമുള്ള പ്രാർഥനാലയമെന്ന് അറിയപ്പെടും'' (56:4-7).

ജനനമോ പാരമ്പര്യമോ ഒരുവനെ ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെ ട്ടവനാക്കുന്നില്ല. മറിച്ച്, ഉടമ്പടിയുടെ അനുസരണവും സബത്താചരണ വുമാണ് അങ്ങനെയാക്കുന്നത്. അങ്ങനെയുള്ളവരെല്ലാം ദൈവഭവന ത്തിൽ പ്രവേശിക്കാൻ യോഗ്യരാണ്; അവർ ദൈവത്തിനു സ്വീകാര്യരാണ് എന്നു പ്രവാചകൻ പറഞ്ഞു. മൂന്നാം ഏശയ്യായുടെ ഈ ചിന്തകൾ നിയ മത്തിന്റെ കർക്കശമായ വ്യാഖ്യാനത്തിനും എസെക്കിയേലിന്റെയും എസ്രായുടെയും നെഹെമിയായുടെയും മനോഭാവങ്ങൾക്കും എതിരാ യിരുന്നു (വാസ്തവത്തിൽ, വിപ്രവാസശേഷം പ്രവാചകദൗത്യം സാവ ധാനം പൗരോഹിത്യവുമായി ലയിച്ചുതീരുകയും അപ്രത്യക്ഷമാവുകയും ചെയ്യും). സമൂഹത്തിലെ എതിർവിഭാഗങ്ങളെയാണ് ഏശയ്യായുടെ "നമ്മൾ,'' "അവർ'' എന്നീ പ്രയോഗങ്ങൾ വ്യക്തമാക്കുന്നത് (57:1-4; 63:15-19;65:8-16).

അവഗണിക്കപ്പെട്ട പ്രവാചകന്യൂനപക്ഷം തങ്ങളെത്തന്നെ ദൈവ ത്തിന്റെ തിരഞ്ഞെടുക്കപ്പെട്ടവരായും (65:9) വിശുദ്ധ ജനമായും (66:2,5) ദാസന്മാരായും (65:8-15) കണക്കാക്കുന്നു. അവരെ എതിരിടുന്നവരാണു നിങ്ങൾ: "ദൈവമായ കർത്താവ് അരുളിച്ചെയ്യുന്നു: എൻെറ ദാസർ ഭക്ഷിക്കും; നിങ്ങൾ വിശന്നുപൊരിയും; എൻെറ ദാസർ പാനം ചെയ്യും; നിങ്ങൾ തൃഷ്ണാർത്തരാകും. എൻെറ ദാസർ സന്തോഷിച്ചുല്ലസിക്കും; നിങ്ങൾ നിന്ദനമേൽക്കും. എൻെറ ദാസർ ആനന്ദഗീതം ആലപിക്കും; നിങ്ങൾ ദുഃഖംകൊണ്ടു നിലവിളിക്കുകയും മനോവ്യഥകൊണ്ടു വിലപിക്കുകയും ചെയ്യും'' (65:13-14; കാണുക 57:1-4).

അബ്രാഹത്തിന്റെ സന്തതികളെന്നഭിമാനിക്കുന്ന പുരോഹിതപക്ഷം അവരെ അംഗീകരിക്കുന്നില്ല. തങ്ങളുടെ കഷ്ടതയുടെ ഈ കാലഘട്ട ത്തിനു മാറ്റംവരുമെന്നും കാര്യങ്ങൾ അവർക്കനുകൂലമാകുമെന്നും പ്രവാ ചകൻ കരുതുന്നു: ''അബ്രാഹം ഞങ്ങളെ അറിയുന്നില്ലെങ്കിലും ഇസ്രായേൽ ഞങ്ങളെ അംഗീകരിക്കുന്നില്ലെങ്കിലും, അങ്ങാണു ഞങ്ങളുടെ പിതാവ്'' (63:16). ഈ പശ്ചാത്തലത്തിലാണ് എന്താണ് യഥാർത്ഥ ആരാധനയെന്നു പ്രവാചകൻ പറയുന്നത്: "ദുഷ്ടതയുടെ കെട്ടുകൾ പൊട്ടിക്കുകയും നുകത്തിൻെറ കയറുകൾ അഴിക്കുകയും മർദ്ദിതരെ സ്വതന്ത്രരാക്കുകയും എല്ലാ നുകങ്ങളും ഒടിക്കുകയും ചെയ്യുന്നതല്ലേ ഞാൻ ആഗ്രഹിക്കുന്ന ഉപവാസം? വിശക്കുന്നവനുമായി ആഹാരം പങ്കുവയ്ക്കുകയും ഭവനരഹിതനെ വീട്ടിൽ സ്വീകരിക്കുകയും നഗ്നനെ ഉടുപ്പിക്കുകയും സ്വന്തക്കാരിൽനിന്ന് ഒഴിഞ്ഞുമാറാതിരിക്കു കയും ചെയ്യുന്നതല്ലേ, അത്?'' (58:6-7).





മലാക്കിയാസിന്റെ എല്ലാ ആകുലതകളും മൂന്നാംഏശയ്യായിലും കാണാം (ഏശ 58). നീതിബോധവും സാമൂഹ്യബന്ധങ്ങളും അസ്വീകാ ര്യമാണെങ്കിൽ ആരാധന അർത്ഥശൂന്യമാണെന്ന് ആമോസിനോടും ഏശ യ്യായോടും ജറമിയായോടുംചേർന്നു മൂന്നാം ഏശയ്യായും പറയും (58:6-9): ''കാളയെ കൊല്ലുന്നവൻ മനുഷ്യനെ കൊല്ലുന്നവനെപ്പോലെയും ആടിനെ ബലിയർപ്പിക്കുന്നവൻ പട്ടിയുടെ കഴുത്തൊടിക്കുന്നവനെ പോലെയും, ധാന്യബലി അർപ്പിക്കുന്നവൻ പന്നിയുടെ രക്തം കാഴ്ചവയ്ക്കുന്നവനെപ്പോലെയും, അനുസ്മരണാബലിയായി ധൂപം അർപ്പിക്കുന്നവൻ വിഗ്രഹത്തെ വണങ്ങുന്നവനെപ്പോലെയും ആണ്. അവർ സ്വന്തം പാത തിരഞ്ഞെടുക്കുകയും അവരുടെ ആത്മാക്കൾ അവരുടെ മ്ളേച്ഛതകളിൽ സന്തോഷിക്കുകയും ചെയ്യുന്നു'' (66:3; കാണുക 58:9). "അവഗണിക്കപ്പെട്ട ഈ ന്യൂനപക്ഷത്തിന്'' ഭൂരിപക്ഷ ത്തിന്റെ ദേവാലയവും ബലികളും ദൈവത്തിന് അസ്വീകാര്യമാണന്ന കാഴ്ചപ്പാടാണുള്ളത് (66:3). അവർ ദൈവത്തിന്റെ ആലയം ചവിട്ടിമെ തിക്കുകയാണ് (63:18). നീതി കൂടാതെയുള്ള ബലിയർപ്പണം അസ്വീ കാര്യമാണ്.

ചരിത്രത്തിൽനിന്ന് ഒന്നും പഠിക്കാത്ത ജനം വീണ്ടും വിഗ്രാഹാരാധ നയിൽ മുഴുകിയിരിക്കുകയാണ് എന്നു പ്രവാചകൻ പറയുന്നു (57:1-13; 65:1-7; 66:17). ഈ മനോഭാവം പ്രയോജനകരമല്ല (57:10). ഇത് അവസാ നിക്കും (66:17). അവർ തന്നെ അന്വേഷിച്ചിരുന്നെങ്കിൽ എന്നു ദൈവം ആഗ്രഹിച്ചിരുന്നു: "എന്നോട് ആരായാത്തവർക്ക് ഉത്തരം നൽകാനും എന്നെ തേടാത്തവർക്കു ദർശനമരുളാനും ഞാൻ തയ്യാറായിരുന്നു. എൻെറ നാമം വിളിച്ചപേക്ഷിക്കാത്ത ജനതയോട്, ഇതാ, ഞാൻ എന്നു ഞാൻ പറഞ്ഞു. സ്വന്തം ആലോചനകൾ പിന്തുടർന്നു വഴിതെറ്റി നടക്കുന്ന കലഹപ്രിയരായ ഒരു ജനത്തിനുനേരേ ദിവസം മുഴുവൻ ഞാൻ എൻെറ കൈകൾ വിരിച്ചുപിടിച്ചു. ഉദ്യാനങ്ങളിൽ ബലിയർപ്പിക്കുകയും ഇഷ്ടികകളിൻമേൽ ധൂപാർപ്പണം നടത്തുകയും ചെയ്തുകൊണ്ട് എൻെറ മുഖത്തു നോക്കി എപ്പോഴും എന്നെ പ്രകോപിപ്പിക്കുന്ന ഒരു ജനത്തിനു നേരേതന്നെ'' (65:1-3):

തന്നെ അന്വേഷിക്കാത്തതിനാൽ ദൈവം അവരെ ശിക്ഷിക്കും: " ഇതാ, എല്ലാറ്റിൻെറയും രേഖ എൻെറ മുൻപിലുണ്ട്; ഞാൻ നിശ്ശബ്ദനായിരി ക്കുകയില്ല; പ്രതികാരം ചെയ്യും. അവരുടെയും അവരുടെ പിതാക്കൻ മാരുടെയും തിൻമകൾക്ക് അവരുടെ മടിയിലേക്കുതന്നെ ഞാൻ പ്രതികാരം ചൊരിയും - കർത്താവ് അരുളിച്ചെയ്യുന്നു. അവർ മലമുകളിൽ ധൂപമർപ്പിക്കുകയും കുന്നുകളിൽ എന്നെ നിന്ദിക്കുകയും ചെയ്തു. അവരുടെ പഴയ പ്രവൃത്തികൾക്കുള്ള ശിക്ഷ അവരുടെ മടിയിൽത്തന്നെ ഞാൻ അളന്നു നൽകും'' (65:6-7). ദൈവം നീതിമാന്മാരുടെ രക്ഷയ്ക്കായി ഇടപെടുകയും ദുഷ്ടരെ നശിപ്പിക്കുകയും ചെയ്യും (66:22-24).

സമൂഹത്തിൽ നടമാടുന്നത് അരാജകത്വമാണ്; ഇടയന്മാരും (അധി കാരികൾ) കാവൽക്കാരും (പ്രാവചകന്മാർ) പരാജയമാണ് (56:10-12; 59:1-15). അതിന്റെ ഫലമോ അരാജകത്വവും കൊലപാതകവും. "നിൻെറ കരങ്ങൾ രക്തപങ്കിലമാണ്. വിരലുകൾ അകൃത്യങ്ങളാൽ മലിനമായിരി

ക്കുന്നു. നിൻെറ അധരം വ്യാജം പറയുന്നു, നാവ് ദുഷ്ടത പിറുപിറുക്കുന്നു. ആരും നീതിയോടെ വ്യവഹാരം നടത്തുന്നില്ല; സത്യസന്ധതയോടെ ആരും ന്യായാസനത്തെ സമീപിക്കുന്നില്ല. അവർ പൊള്ളയായ വാദങ്ങളിൽ ആശ്രയിക്കുകയും നുണപറയുകയും ചെയ്യുന്നു. അവർ തിൻമ ഗർഭംധരിച്ച് അനീതി പ്രസവിക്കുന്നു. അവർ അണലിമുട്ടയിൻമേൽ അടയിരിക്കുകയും ചിലന്തിവല നെയ്യുകയും ചെയ്യുന്നു. അവയുടെ മുട്ട തിന്നുന്നവർ മരിക്കും. മുട്ടപൊട്ടിച്ചാൽ അണലി പുറത്തുവരും. അവർ നെയ്തതു വസ്ത്രത്തിനു കൊള്ളുകയില്ല. അവരുണ്ടാക്കിയതു മനുഷ്യർക്കു പുതയ്ക്കാനാവില്ല. അവർ പ്രവർത്തിക്കുന്നത് അകൃത്യമാണ്; അവരുടെ കരങ്ങൾ അക്രമം പ്രവർത്തിക്കുന്നു. അവരുടെ പാദങ്ങൾ തിൻമയിലേക്കു കുതിക്കുന്നു. നിരപരാധരുടെ രക്തം ചൊരിയുന്നതിന് അവർ വെമ്പൽകൊള്ളുന്നു. അവർ അകൃത്യം നിനയ്ക്കുന്നു. ശൂന്യതയും നാശവുമാണ് അവരുടെ പെരുവഴികളിൽ'' (59:3-7). നീതിയും സമാധാനവും അപ്രത്യക്ഷമായി: "നീതി ഞങ്ങളിൽനിന്നു വിദൂരത്താണ്. ന്യായം ഞങ്ങൾക്കു ലഭിക്കുന്നില്ല. ഞങ്ങൾ പ്രകാശം തേടുന്നു; എന്നാൽ, എങ്ങും അന്ധകാരം! ദീപ്തി അന്വേഷിക്കുന്നു; എന്നാൽ, ഞങ്ങളുടെ മാർഗം നിഴൽ മൂടിയിരിക്കുന്നു'' (59:9; കാണുക 59:8, 11, 15).

അതിനാൽ യുദ്ധവീരനായ കർത്താവ് ശിക്ഷകനായി കടന്നുവരും (59:1; 56:19; 63:1-13). നീതിചെയ്യാൻ കഴിയുന്നവനില്ലെന്നു ദൈവം കണ്ടു (59:16). മനുഷ്യന് ഒന്നും ചെയ്യാൻ കഴിയാത്തവിധം കാര്യങ്ങൾ അധഃപതിച്ചിരിക്കുന്നു. അതുകൊണ്ടാണു ദൈവം ശിക്ഷകനായി വരുന്നത്: ''അവിടുന്നു നീതി ഉരസ്ത്രാണമാക്കി, രക്ഷയുടെ പടത്തൊപ്പി ശിരസ്സിൽ വച്ചു; അവിടുന്നു പ്രതികാരത്തിൻെറ വസ്ത്രം ധരിച്ചു; ക്രോധമാകുന്ന മേലങ്കി അണിഞ്ഞു. പ്രവൃത്തികൾക്കനുസൃതമായി കർത്താവ് അവർക്കു പ്രതിഫലം നൽകും. എതിരാളികൾക്കു ക്രോധവും ശത്രുക്കൾക്കു പ്രതികാരവും ലഭിക്കും'' (59:17-18) നീതിയും രക്ഷയും അവിടുത്തെപ്പക്കലുണ്ട്. അവിടുന്ന് ഓരോരുത്തരുടെയും പ്രവൃത്തികൾക്കനുസരിച്ചു പ്രതിഫലം നല്കും. തങ്ങളുടെ ദുഷ്പ്രവൃത്തികളിലൂടെ ദൈവത്തിന്റെ ജനം തന്നെ ദൈവത്തിന്റെ ശത്രുവായിത്തീർന്നിരിക്കുന്നു (ഹോസി 1:9-10 കാണുക).

അനീതി ചെയ്യുന്ന ജനത്തെ ദൈവം ചവിട്ടിയരച്ചു നശിപ്പിക്കും: "ഏദോമിൽനിന്നു വരുന്നത് ആര്? രക്താംബരം ധരിച്ചു ബൊസ്രായിൽനിന്നു വരുന്നത് ആര്? തൻെറ മഹനീയമായ വേഷവിധാനങ്ങളോടെ, ശക്തി പ്രഭാവത്തോടെ, അടിവച്ചടുക്കുന്നതാര്? നീതിയുടെ വിജയം പ്രഖ്യാപിക്കുന്നവനും രക്ഷിക്കാൻ ശക്തിയുള്ളവനുമായ ഞാൻ തന്നെ. നിൻെറ വസ്ത്രം ചെമന്നിരിക്കുന്നതെന്തുകൊണ്ട്? നിൻെറ മേലങ്കി മുന്തിരിച്ചക്കു ചവിട്ടുന്നവൻെറതുപോലെ ആയിരിക്കുന്നതെന്തുകൊണ്ട്? മുന്തിരിച്ചക്ക് ഞാൻ ഒറ്റയ്ക്കു ചവിട്ടി; ജനതകളിൽ ആരും എന്നോടൊപ്പം ഉണ്ടായിരുന്നില്ല; എൻെറ കോപത്തിൽ ഞാനവരെ ചവിട്ടി; ക്രോധത്തിൽ ഞാനവരെ മെതിച്ചു; അവരുടെ ജീവരക്തം എൻെറ മേലങ്കിയിൽ തെറിച്ചു. എൻെറ വസ്ത്രങ്ങളിൽ കറ പുരണ്ടു'' (63:1-3) എന്നതു വളരെ





കഠിനമായ ഒരു ശിക്ഷയാണ്. ദൈവത്തെ ഇത്രയധികം ഭീകരമായി പ്രവാചകൻ അവതരിപ്പിക്കുന്നതിന്റെ കാരണം പ്രവാചകൻ ഉൾപ്പെടുന്ന ന്യൂനപക്ഷം സഹിക്കുന്ന പീഡനങ്ങളാണ്. മാനുഷികമായ ഒരു പരിഹാരം അസാധ്യമാണെന്നവർ കരുതുന്നു. ഈ ചിന്ത സാവധാനം വളർച്ച പ്രാപിച്ചു വെളിപാടു ചിന്തകളിലേയ്ക്ക് എത്തിനില്ക്കും. അതു ദാനി 7-12 സഖ 9-14 മുതലായ ഗ്രന്ഥങ്ങളിൽ കാണാൻ കഴിയും.

ദൈവം ഇടപെട്ടുകഴിയുമ്പോൾ മഹത്ത്വപൂർണമായ ഒരു ഭാവി നീതിമാന്മാർക്കുണ്ടാകും: "ഇതാ, ഞാൻ ഒരു പുതിയ ആകാശവും പുതിയ ഭൂമിയും സൃഷ്ടിക്കുന്നു. പൂർവകാര്യങ്ങൾ അനുസ്മരിക്കുകയോ അവ മനസ്സിൽ വരുകയോ ഇല്ല. ഞാൻ സൃഷ്ടിക്കുന്നവയിൽ നിങ്ങൾ നിത്യം സന്തോഷിക്കുകയും ആനന്ദിക്കുകയും ചെയ്യുവിൻ.... അവർ ഭവനങ്ങൾ പണിതു വാസമുറപ്പിക്കും; മുന്തിരിത്തോട്ടങ്ങൾ വച്ചുപിടിപ്പിച്ച് അവയുടെ ഫലം ഭക്ഷിക്കും. അവർ പണിയുന്ന ഭവനങ്ങളിൽ അന്യർ വസിക്കുകയില്ല; അവർ നടുന്നതിൻെറ ഫലം അപരൻ ഭുജിക്കുകയില്ല; എൻെറ ജനത്തിൻെറ ആയുസ് വൃക്ഷത്തിൻെറ ആയുസ്പോലെയായിരിക്കും. എൻെറ തിരഞ്ഞെടുക്കപ്പെട്ടവർ ദീർഘകാലം തങ്ങളുടെ അധ്വാനത്തിൻെറ ഫലം അനുഭവിക്കും. അവരുടെ അധ്വാനം വ്യഥാ ആവുകയില്ല. അവർക്കു ജനിക്കുന്ന ശിശുക്കൾ അത്യാഹിതത്തിന് ഇരയാവുകയില്ല. അവർ കർത്താവിനാൽ അനുഗ്രഹിക്കപ്പെട്ടവരുടെ സന്തതികളായിരിക്കും; അവരുടെ സന്തതികളും അവരോടൊപ്പം അനുഗൃഹീതരാകും'' (65:17-25; കാണുക 66:18-23). ആ ലോകത്തിൽ മനുഷ്യനും മൃഗങ്ങളുമെല്ലാം തമ്മിൽ പൂർണമായ ഐക്യം ഉണ്ടായിരിക്കും (65:25 11:6-7). ദൈവം ജറുസലെമിലിരുന്നുകൊണ്ടു ലോകം മുഴുവനെയും ഭരിക്കും (59:19; 66:18, 23).

പുതിയനിയമത്തിൽ പലയിടത്തും മൂന്നാംഏശയ്യാ ഉദ്ധരിക്കപ്പെടുന്നുണ്ട്: "എൻെറ ആലയം എല്ലാ ജനതകൾക്കുമുള്ള പ്രാർഥനാലയമെന്ന് അറിയപ്പെടും'' (56:7) എന്ന പ്രഘോഷണം സമാന്തര സുവിശേഷങ്ങളിൽക്കാണാം (മത്താ 21:13; മർക്കോ 11:17; ലൂക്ക 19:46). പ്രവാചകന്റെ വിളിവിവരണം (61:1-2) ലൂക്കായിൽ കർത്താവു തന്റെ വിളിയായി വ്യാഖ്യാനിക്കുന്നുണ്ട് (ലൂക്ക 4:14-19) ആ വിവരണത്തിലുള്ള ദൗത്യങ്ങൾ മത്തായിയും (11:5) ലൂക്കയും (7:22) ഉദ്ധരിക്കുന്നുണ്ട്. വി. പൗലോസ് റോമാക്കാരുടെ ലേഖനത്തിൽ മൂന്നുപ്രാവശ്യം മൂന്നാംഏശയ്യായെ ഉദ്ധരിക്കുന്നുണ്ട് (ഏശ 59:7-8 = റോമ3:15-17; ഏശ 59:20-21 = റോമ11:26; ഏശ 65:1-2 = റോമ 10:20-21) പുതിയ ആകാശവും പുതിയ ഭൂമിയും എന്ന മൂന്നാം ഏശയ്യായുടെ ചിന്ത (ഏശ 65:17; 66:22) പത്രോസ് ശ്ലീഹാ (2പത്രോസ് 3:13). അതുപോലെതന്നെ വെളിപാടുപുസ്തകവും ഉദ്ധരിക്കുന്നുണ്ട് (21:1). പുതിയ ജറുസലേം സൂര്യനാലും ചന്ദ്രനാലുമല്ല ദൈവത്താൽ പ്രകാശിപ്പിക്കപ്പെടും (ഏശ 60:19; വെളി 21:23). ദൈവം മുന്തിരച്ചക്കു ചവിട്ടുന്ന ഭീകരദൃശ്യം വെളിപാടിൽ പ്രത്യക്ഷപ്പെടുന്നുണ്ട് (ഏശ 63:1-3; വെളി 14:19-20; 19:13-16).

**വിചിന്തനം:** അനീതിചെയ്യുന്ന ജനത്തെ ദൈവം ചവിട്ടിയരച്ചു നശിപ്പിക്കും. പ്രശ്നകലുഷിതമായ മനുഷ്യജീവിതത്തിൽ ശക്തനായ ദൈവം ഇടപെട്ടാൽ ആ ജീവിതം മഹത്തരമാകും.

## 53. മലാക്കി

മലാക്കി എന്നപേരിന്റെ അർത്ഥം "എന്റെ ദൂതൻ'' എന്നാണ്. ഇതൊരു വ്യക്തിയുടെ പേരാകണമെന്നില്ല (3:1). പ്രവാചകനെക്കുറിച്ചു നമുക്ക് ഒന്നും തന്നെ അറിയില്ലെങ്കിലും അദ്ദേഹത്തിന്റെ ചിന്താഗതികളിൽനിന്ന് അദ്ദേഹം ഒരു പുരോഹിതനായിരുന്നു എന്നാണു കരുതപ്പെടുന്നത്. ദേവാലയത്തെക്കുറിച്ചും ബലികളെക്കുറിച്ചും അദ്ദേഹത്തിനു വലിയ താത്പര്യമുണ്ടായിരുന്നു. ഹഗ്ഗായിയുടെയും സഖറിയായുടെയും പ്രചോദനത്തിന്റെ ഫലമായി (ഹഗ്ഗ 1:1-6; എസ്ര 5:1-2; 3: 10-13; 6:13-15) വിപ്രവാസശേഷം ദേവാലയം പുനരുദ്ധരിക്കപ്പെടുകയും 515 ൽ അതു പൂർത്തിയാവുകയും ചെയ്തു. ദേവാലയം പൂർത്തിയാവുകയും ബലിയർപ്പണങ്ങളെല്ലാം ക്രമമായി നടക്കുകയും ചെയ്തിട്ടും (ഹഗ്ഗായി-സഖറിയാ 1-8) പ്രവാചകന്മാർ വാഗ്ദാനം ചെയ്ത അഭിവൃദ്ധി നാട്ടിൽ ദൃശ്യമായില്ല. നാട്ടിലെ സാമ്പത്തിക-സാമൂഹ്യ-രാഷ്ട്രീയ സ്ഥിതിഗതികൾ പഴയതുപോലെതന്നെ തുടർന്നു. സെറുബാബേലിന്റെ കീഴിൽ വാഗ്ദാനം ചെയ്യപ്പെട്ട ദാവീദ് രാജഭരണത്തിന്റെ തിരച്ചുവരവോ (ഹഗ്ഗ 2:20-23) വാഗ്ദാനം ചെയ്യപ്പെട്ട ഭൗതിക സമൃദ്ധിയോ (2:6-9) സഖറിയ പ്രവചിച്ച ബാബിലോണിൽനിന്നുള്ള പ്രവാസികളുടെ നിരന്തരമായ തിരിച്ചുവരവോ (8:1-8) ഒന്നുംതന്നെ യാഥാർത്ഥ്യമായില്ല.

ദേവാലയം പൂർത്തീകരിച്ചതിന്റെ ഫലമെന്നു തോന്നിക്കുന്ന ദൃശ്യമായ യാതൊരു ദൈവിക ഇടപെടലുകളുമുണ്ടായില്ലെന്നു മാത്രമല്ല (മലാ 3:6-12; സക്ക 8:9-12) രാജകീയപ്രതീക്ഷകളുടെ കേന്ദ്രമായിരുന്ന സെറൂബാബേലിനെ ദാരിയൂസ് സ്ഥാനഭ്രഷ്ടനാക്കുകയും ചെയ്തിരുന്നിരിക്കണം. കാരണം, തുർന്നുള്ള ചരിത്രത്തിൽ അദ്ദേഹത്തെക്കുറിച്ചു നാം ഒന്നും തന്നെ കേൾക്കുന്നില്ല. ഇതു ജനങ്ങൾ ദേവാലയത്തെയും അതിന്റെ പരിസരങ്ങളെയും അവഗണിക്കുന്നതിനും വർഷങ്ങളോളം അവയെ പരിത്യജിക്കുന്നതിനും കാരണമായിത്തീർന്നു. വിജാതീയർ കർത്താവിന്റെ പക്കലേയ്ക്കു വരുമെന്ന സഖറിയായുടെയും ഹഗ്ഗായിയുടെയും പ്രവചനങ്ങൾക്കു വിപരീതമായും കർത്താവു ഭൂമിമുഴുവന്റെയും രാജാവായി ഭരിക്കുമെന്ന പ്രവാചക ദർശനങ്ങൾക്ക് എതിരായും പേർഷ്യൻ ആധിപത്യത്തിൽ കീഴിൽ ശത്രു ജനതകളാൽ ചുറ്റപ്പെട്ട അസ്വസ്ഥമായ ഒരു ജീവിതമാണ് അവർക്കുനുഭവവേദ്യമായത്. അതിനാൽത്തന്നെ ആത്മീയ പരിവർത്തനത്തിനുള്ള സഖറിയായുടെ ഉപദേശങ്ങളും അവഗണിക്കപ്പെട്ടു. ബി.സി. 515 നുശേഷമുള്ള കാലഘട്ടത്തിലായിരുന്നിരിക്കണം മലാക്കിയാസ് ദൗത്യം നിർവ്വഹിച്ചത്. ഇക്കാലഘട്ടത്തിലെ യൂദായിലെയും ജറുസലെം ദേവാലയത്തിലെയും സാഹചര്യങ്ങൾ അദ്ദേഹത്തിന്റെ വചനങ്ങളിൽ പ്രതിഫലിക്കുന്നുണ്ട്.

ഗ്രന്ഥത്തിന്റെ തലക്കെട്ടിനുശേഷം (1:1) ഒരേരീതിയിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്ന ആറു പ്രവചനങ്ങളാണുള്ളത് (1:2-4:3). അതിനുശേഷം അവസാനഭാഗത്തു പിന്നീടു ചേർക്കപ്പെട്ടെന്നു കരുതപ്പെടുന്ന ചില വചനങ്ങളുമുണ്ട് (4:4 മോശയുടെ പഠനം; 4:5-6 ഏലിയ).

### പശ്ചാത്തലം

കർത്താവിന്റെ ശക്തിയെയും വാക്കുകളെയും കുറിച്ചുള്ള സംശയവും ദൈവത്തിലുള്ള വിശ്വാസരാഹിത്യവും നിമിത്തം (മലാ 1:2) മതാചാരങ്ങൾ മുഷിപ്പുളവാക്കുന്നതും വിശുദ്ധിയെക്കുറിച്ചുള്ള ധാർമ്മികവും മതപരവുമായ പഠനങ്ങൾ വെറുക്കപ്പെട്ടതുമായി (1:6-13). ഇപ്രകാരമുള്ള തിന്മകളിലേയ്ക്ക് ആദ്യമെ പതിച്ചതു ദേവാലയത്തിന്റെയും ദൈവിക നിയമങ്ങളുടെയും കാവൽക്കാരായ പുരോഹിതന്മാരായിരുന്നു. ജനങ്ങൾ അവരെ പിൻതുടരുകയും ചെയ്തു (2:8-9). ഉടമ്പടി ആവശ്യപ്പെടുന്ന ബലികളുടെ കാര്യത്തിലും ദശാംശത്തിന്റെ കാര്യത്തിലും ജനം ദൈവത്തെ വഞ്ചിച്ചു തുടങ്ങി (3: 6-12; 1:14). ദൈവം തന്റെ സ്വഭാവമനുസരിച്ചു പ്രവൃത്തിക്കുന്നില്ലെന്നു ചിന്തിച്ചതിനാൽ (2:17, 3;13-15) ദൈവത്തിന്റെ ഉടമ്പടിയുടെ അടിസ്ഥാനനിയമങ്ങൾപോലും അനുസരിക്കുന്നത് ഉപയോഗശൂന്യമായ കാര്യമായി പലരും കരുതി.

നിയമം പഠിപ്പിക്കേണ്ട പുരോഹിതർതന്നെ അതു തെറ്റായി പഠിപ്പിച്ചു. ഇതു ദൈവകല്പന മറന്ന് അന്യജാതികളുമായി വിവാഹബന്ധത്തിലേർപ്പെടാൻ പലരെയും പ്രേരിപ്പിച്ചു (2:10-12); അവർ വിഗ്രഹാരാധനയിലേയ്ക്കു തിരിയാനും (2:11) ദുർമാതൃകാപരമായ വിവാഹമോചനങ്ങൾ നടത്താനും (2:13-16), മന്ത്രവാദം നടത്താനും, വ്യഭിചാരം ചെയ്യാനും, സാമൂഹിക അനീതിയിലേയ്ക്കു നീങ്ങാനുമാരംഭിച്ചു (3:5). അതേസമയം പ്രകൃതി ക്ഷോഭങ്ങളും പട്ടിണിയും കൃഷിനാശവും വെട്ടുകിളിബാധയുമെല്ലാം ജനജീവിതം കൂടുതൽ ദുഃഖപൂരിതമാക്കി (3:10-11). ഇപ്രകാരമുള്ള ദയനീയമായ ഒരു സാഹചര്യത്തിലേയ്ക്കാണു കർത്താവിന്റെ വചനവുമായി മലാക്കിയാസ് പ്രവാചകൻ കടന്നുവന്നത്.

### സന്ദേശം

കർത്താവ് തിരഞ്ഞെടുത്ത് ഉടമ്പടി ചെയ്ത ജനമാണ് ഇസ്രായേൽ (1:2-5). എന്നാൽ, ഉദാസീനരായ പുരോഹിതർ അക്കാലത്ത് കർത്താവിന്റെ ഉടമ്പടിയുടെ നിയമം ലംഘിച്ചുകൊണ്ടു അശുദ്ധമായ ബലികൾ ദേവാലയത്തിൽ അർപ്പിച്ചിരുന്നു (ലേവ്യ 1:6;2:9; 22:20-22; നിയ 15:21; 17:1). ഇപ്രകാരം ദൈവത്തെ അധിക്ഷേപിക്കുന്നതിനെക്കാൾ ബലിയർപ്പണങ്ങൾ നിർത്തിവയ്ക്കുന്നതാണ് നല്ലതെന്ന് പ്രവാചകൻ പറഞ്ഞു. മനുഷ്യനുപോലും അസ്വീകാര്യമായിത്തോന്നുന്ന ബലികൾ കർത്താവു സ്വീകരിക്കുമോ എന്നദ്ദേഹം ചോദിച്ചു: "കാഴ്ചയില്ലാത്ത മൃഗങ്ങളെ നിങ്ങൾ ബലിയർപ്പിച്ചാൽ അതു തിൻമയല്ലേ? മുടന്തുള്ളതിനെയും രോഗം ബാധിച്ചതിനെയും അർപ്പിച്ചാൽ അത് തിൻമയല്ലേ? അത് നിങ്ങളുടെ ഭരണാധികാരിക്കു കാഴ്ചവച്ചാൽ അവൻ സന്തുഷ്ടനാവുകയോ നിങ്ങളോടു പ്രീതികാണിക്കുകയോ ചെയ്യുമോ?'' (1:8). അവർ കണ്ണുപൊട്ടിയതും രോഗമുള്ളതും മുടന്തുള്ളതുമായ മൃഗങ്ങളെ കർത്താവിനർപ്പിക്കുന്നു എന്നുമാത്രമല്ല ഇവതന്നെ അനീതിയിലൂടെ സമ്പാദിച്ചവയുമായിരുന്നു(1:13-14). ഈ ബലികൾ കർത്താവിനു ബഹുമാനമല്ല അപമാനമാണ്.

അപൂർണഹൃദയത്തോടെയുള്ള ബലിയർപ്പണം കർത്താവിന് അസ്വീകാര്യമാണ്. ഒരുപക്ഷേ വിജാതീയരാണ് കർത്താവിനു കൂടുതൽ സ്വീകാര്യമായ ബലിയർപ്പിക്കുന്നത്; കാരണം, ദൈവനാമം അവരുടെ ഇടയിൽ മഹത്തരമാണ് (1:10-11). തങ്ങളുടെ ഉടമ്പടി ലംഘനത്തിലൂടെയും വിശുദ്ധവസ്തുക്കളോടുള്ള അവഗണനയിലൂടെയും പുരോഹിതർ ജനങ്ങളുടെ

ആരാധന അശുദ്ധമാക്കിയിരിക്കുകയാൽ (2:8-9) അവരെ പ്രവാചകൻ കഠിനമായി ശാസിക്കുന്നു. അവർ കർത്താവിനോടു കാണിച്ച അതേ അവഗണന അവർക്കും ലഭിക്കുമെന്നു പ്രവാചകൻ പ്രഖ്യാപിക്കുന്നു (1:6-2:9). ദൈവത്തോടുമാത്രമല്ല അവർ സ്വസഹോദരങ്ങളോടും ഭർത്താക്കന്മാർ തങ്ങളുടെ ഭാര്യമാരോടും അവിശ്വസ്തരാണ് (2:10-16).

തിന്മ നന്മയുടെമേൽ വിജയം വരിച്ചതുപോലെയാണു കാണപ്പെടുന്നതെന്നും ദൈവം തിന്മയെ ശിക്ഷിക്കാൻ കാലതാമസം വരുത്തുന്നുണ്ടെന്നുമെല്ലാം ജനം ദൈവത്തിനെതിരെ നടത്തിയ കുറ്റാരോപണങ്ങളെക്കുറിച്ചാണ് 3:13-4:3 ഭാഗം ചർച്ച ചെയ്യുന്നത്. അവരിൽ പലരും ചിന്തിക്കുന്നതു ദൈവത്തെ ശുശ്രൂഷിക്കുന്നതും ബഹുമാനിക്കുന്നതും ഉപയോഗശൂന്യമാണെന്നാണ്; കല്പനകളനുസരിക്കുന്നതും ഉപവസിക്കുന്നതും അനുതപിക്കുന്നതും അർത്ഥശൂന്യമാണെന്നാണ്; വ്യക്തിപരമായ ഭക്തികൊണ്ടു യാതൊരു പ്രയോജനവുമില്ലെന്നവർ കരുതുന്നു. തിന്മ ചെയ്യുന്നവരാണു ദൈവത്തിന്റെ പരീക്ഷണങ്ങൾ അതിജീവിച്ചവർ എന്നും കരുതുന്നു. എന്നാൽ ഇത്തരക്കാർക്ക് അസ്വീകാര്യമായ ദൈവികചിന്ത പുലർത്തുന്ന നല്ല മനുഷ്യരും ജീവിച്ചിരിക്കുന്നുണ്ട് (3:16-17). അവർ ദൈവത്തോടു ക്രിയാത്മകമായി പ്രതികരിക്കുന്നവരാണ്. അവർ യഥാർത്ഥ ദൈവ ആരാധകരാണ്.

**കർത്താവിന്റെ ദിനം**

ദൈവം എന്നാണ് തന്റെ നിശ്ശബ്ദത വെടിഞ്ഞു നീതിനടപ്പാക്കുക എന്നും ദുഷ്ടന്മാർ എന്തുകൊണ്ടാണു ശക്തിപ്രാപിക്കുന്നത് എന്നുമൊക്കെയുള്ള ജനത്തിന്റെ ചോദ്യങ്ങൾക്കുത്തരമായിരുന്നു കർത്താവിന്റെ ദിനത്തെക്കുറിച്ചുള്ള പ്രവാചകന്റെ കാഴ്ചപ്പാട്. കർത്താവ് അത്ഭുതകരമായി ഇടപെടുന്ന ദിനത്തിൽ നീതിമാന്മാർക്കു തക്ക പ്രതിഫലം ലഭിക്കുകയും ദുഷ്ടന്മാർ നീതിമാന്മാരിൽനിന്നു വേർതിരിക്കപ്പെടുകയും അഗ്നിയാലും ദൈവികനീതിയാലും അവർ ശിക്ഷിക്കപ്പെടുകയും ചെയ്യും (3:18). കർത്താവിന്റെ നീതി വെളിവാകുന്ന ആ മഹാദിനത്തിൽ നീതിമാന്മാർ അവർക്കു ദൈവവുമായുള്ള പ്രത്യേക ബന്ധത്തിന്റെ ഫലമായി ശിക്ഷാവിധിയിൽനിന്നു രക്ഷപ്രാപിക്കുകയും കർത്താവിന്റെ മിശിഹാ പ്രാവർത്തികമാക്കാനിരിക്കുന്ന അനുഗ്രഹങ്ങൾക്ക് അർഹരാവുകയും ചെയ്യും (4:2).

മലാക്കി 4: 5-6 പ്രവാചകന്റെ സന്ദേശത്തിന്റെ സംഗ്രഹമാണെന്നു പറയാം. അതു പ്രവാചകന്മാരുടെ മാതൃകയായി ഏലിയായെ അവതരിപ്പിക്കുകയും 3:1 ൽ പറയുന്ന ഉടമ്പടിയുടെ ദൂതൻ ആരാണ് എന്നു വ്യക്തമാക്കുകയും ചെയ്യുന്നു. ദൈവത്തിന്റെ സന്ദർശനത്തിനായി ജനത്തെ ഒരുക്കുകയും അന്നു വരാനിരിക്കുന്ന ക്രോധത്തിൽനിന്നു രക്ഷിച്ചു വിധിയിൽനിന്നു വിമുക്തരാക്കി അവരെ രക്ഷിക്കുകയമെന്നതായിരുന്നു പ്രവാചക ദൗത്യത്തിന്റെ തന്നെ ലക്ഷ്യം (ഏശ 12:1-6; 33:2-6; സെഫ 3:14-20; സഖ 8:14-19). ഓരോ പ്രവാചകനും തന്റെ സാഹചര്യങ്ങൾക്കൊത്താണു വചനം പ്രസംഗിച്ചിരുന്നത്. മലാക്കി ദൈവത്തെ തിരിച്ചറിഞ്ഞത് ഇസ്രായേലിന്റെ ഉടമ്പടിയുടെ ദൈവമായാണ് (1:2; പുറ 6:2-7; ജറ 31:31-34). തത്ഫലമായി ഇസ്രായേലിന്റെ പേരു ദൈവത്തിന്റെ പുത്രൻ എന്നാണ് (1:6; ഹോസി 1:10).





എന്നാൽ, ഈ ഉടമ്പടിയുടെ പ്രവർത്തനം ജനത്തിന്റെ ഉത്തരവാദിത്വത്തെയുംകൂടി ആശ്രയിച്ചാണിരിക്കുന്നത് (3:16-4:3; എസ 16:59-63). അവിടുന്ന് ഇസ്രായേലുമായി ബന്ധത്തിലായിരിക്കാനാഗ്രഹിക്കുന്നു (1:6; 2:5-7; 3:17). മാത്രമല്ല, ദൈവം അവരുടെ നായകനും രാജാവുമാണ് (1:6, 14). ഉടമ്പടിയുടെ ദൈവമാകയാൽ തന്റെ ജനത്തെ വിശുദ്ധീകരിക്കുന്നതിനുവേണ്ടി അവിടുന്ന് അവരെ പരീക്ഷിക്കാറുണ്ട് (3:1-4). നല്ല ദാനങ്ങളുടെ ദാതാവ് എന്ന നിലയിൽ അവിടുന്നു തന്റെ ജനത്തിന്റെ നന്മയ്ക്കു തക്കപ്രതിഫലം നല്കാൻ വിമുഖനല്ല (3:10-12). ജനം ഉടമ്പടി തിരസ്കരിച്ചുവെന്നതിന്റെ അടയാളമാണ് അവർ ദേവാലയത്തോടു കാണിക്കുന്ന അവഗണന (2:11).

മതത്തിന്റെ ബാഹ്യാചാരങ്ങളെക്കാൾ ആന്തരികതയ്ക്കു പ്രവാചകൻ പ്രാധാന്യം കൊടുത്തു. യഥാർത്ഥമായ ആരാധനയ്ക്ക് അനുതാപവും (3:2-4) സത്യസന്ധതയും (3:8-12) വ്യക്തിപരമായ ഭക്തിയും (3:5-7) ആവശ്യമാണെന്ന് അദ്ദേഹം പറഞ്ഞു. ദൈവം പരിശുദ്ധനും നീതിമാനുമാകയാൽ മനുഷ്യൻ ദൈവത്തെ സത്യസന്ധമായ ആരാധനയിലൂടെയും നീതിനിഷ്ഠമായ ജീവിതത്തിലൂടെയും അംഗീകരിക്കണം (1:6-10). മനുഷ്യൻ വ്യക്തിപരമായി ദൈവവുമൊത്തു നടക്കാനിറങ്ങണം (2:6). ദൈവം എല്ലാവരുടെയും സ്രഷ്ടാവാകയാൽ എല്ലാവരുടെയും പിതാവുമാണ്. അതിനാൽത്തന്നെ മനുഷ്യർ സഹോദരങ്ങളുമാണ്; അവർക്കു പരസ്പര ഉത്തരവാദിത്വങ്ങളുമുണ്ട്. ദൈവത്തിന്റെ ഉടമ്പടി നിലനില്ക്കണമെങ്കിൽ സഹോദരങ്ങളോടുള്ള വിശ്വസ്തതയും കാത്തുസൂക്ഷിക്കപ്പെടണം.

ഉടമ്പടിയുടെ പ്രതിഫലനം കാണുന്ന മറ്റൊരു ജീവിതമേഖല വിവാഹമാണ്. സ്ത്രീയും പുരുഷനും തമ്മിലുള്ള വിവാഹം ദൈവം സാക്ഷ്യം വഹിച്ച ഉടമ്പടിയാണ് (2:14). അതുകൊണ്ടു വിവാഹമോചനം കർത്താവു വെറുക്കുന്നു (2:16). ഒരുവന്റെ യുവത്വത്തിലെ സഖിയോടൊത്തുള്ള ജീവിതവും (2:14) അവരുടെ ഏകമനസ്സോടെയുള്ള പ്രവർത്തനങ്ങളും മക്കളെ വളർത്തലും (2:15) ആണു വിവാഹത്തിന്റെ ലക്ഷ്യമെന്ന പ്രവാചകന്റെ കാഴ്ചപ്പാടു ജ്ഞാനപാരമ്പര്യത്തിൽനിന്നു വന്നതായിരിക്കണം (സുഭാ 5:18; 10:1; 15:20; 31:26). നിയമാവർത്തനദൈവശാസ്ത്രജ്ഞന്റെ ചിന്തകൾക്കു വിരുദ്ധമായി വിവാഹമോചനത്തിനെതിരായ അദ്ദേഹത്തിന്റെ കർശനമായ ഈ നിലപാട് ഈശോയുടെയും പൗലോസിന്റെയും പഠനങ്ങളുടെ മുന്നാസ്വാദനമാണ് (2:16; മത്താ 19:1-11; മർക്കോ 10:1-10; 1കൊറി 7:1-16; നിയ 24:1-4).

സഖറിയായെപ്പോലെ മലാക്കിയും നിലവിലുള്ള സമൂഹത്തെ വിശുദ്ധീകരിക്കുന്നതിലാണു ശ്രദ്ധിച്ചിരുന്നത് (മല 3:2; 4:1; സഖ 12:6; 13:9; കാണുക 2പത്രോ 3:10-12). ദൈവം ശിക്ഷിക്കുന്നതു ജനത്തെ അനുതാപത്തിലേയ്ക്കു നയിക്കാനാണെന്നു രണ്ടുപേരും കരുതുന്നു (മലാ 3:7; സഖ 10:8-12).

**നീതിമാന്മാരെ അനുസ്മരിക്കുന്ന ഗ്രന്ഥം**

നീതിമാന്മാരും അവരുടെ സത്പ്രവൃത്തികളും വിസ്മരിക്കപ്പെട്ടുപോകാതിരിക്കുന്നതിനും അവ അനുസ്മരിക്കുന്നതിനുമായി ദൈവസന്നിധിയിൽ എഴുതപ്പെട്ട ഒരു ഗ്രന്ഥത്തെക്കുറിച്ചു മലാക്കി സംസാരിക്കുന്നു

ണ്ട്. ഓരോരുത്തർക്കും അവരുടെ ഓരോ ദിനത്തിലെയും പ്രവൃത്തികൾക്ക നുസരിച്ചുള്ള പ്രതിഫലം നല്കുന്നതിനുവേണ്ടി മനുഷ്യന്റെ ഓരോ ദിവസത്തെയും പ്രവൃത്തികൾ രേഖപ്പെടുത്തിയ ഒരു ഗ്രന്ഥം ദൈവസ ന്നിധിയിൽ സൂക്ഷിക്കപ്പെട്ടിട്ടുണ്ട് എന്നതാണു ചിന്ത. ഇതു ജന്മമെടു ത്തതു പേർഷ്യൻ കാലഘട്ടത്തിലെ കൊട്ടാര രേഖകളിൽ നിന്നായിരി ക്കണം (ദാനി 7:10; 12:1). രാജാവിന്റെ അനുദിന ജീവിതത്തിലെ പ്രധാന സംഭവങ്ങൾ എഴുതി സൂക്ഷിക്കുന്ന പതിവ് അന്നു നിലവിലുണ്ടായിരു ന്നു (എസ്തർ 6). അതുപോലെ ദൈവവും മനുഷ്യരുടെ നന്മതിന്മകൾ സ്വർഗ്ഗത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട് എന്ന ചിന്തയാണു നീതിമാന്മാരെ അനുസ്മരിക്കുന്ന ഗ്രന്ഥത്തിന്റെ പിന്നിലുള്ളത്. മലാക്കിയുടെ ഈ ചിന്ത യുടെ സ്വാധീനം യഹൂദരുടെ തുടർന്നുള്ള യുഗാന്ത ദർശനത്തിൽ വലിയ സ്വാധീനം ചെലുത്തും (3:16). യഹൂദർക്കിടയിൽ പുനരുത്ഥാനത്തിൽ വിശ്വാസം വളർന്നുവന്നതിന്റെ ഒരു നാഴികക്കല്ലുമാണിത്. വെളിപാടുഗ്രന്ഥ ത്തിൽപ്പറയുന്ന ജീവന്റെ പുസ്തകത്തിന്റെ ആശയം (വെളി 20:11-15) ജന്മമെടുത്തതും ഓർമ്മകളുടെ ഈ ഗ്രന്ഥത്തിൽനിന്നായിരിക്കണം.

കർത്താവു വിധിക്കാനായി ആഗതനാകും. അതിനുമുമ്പു ലേവ്യരെയും ദേവാലയത്തെയും വിശുദ്ധീകരിക്കാൻ അവിടുന്നു തന്റെ ദൂതനെ അയയ്ക്കും. അന്നു കഠിനമായ ശുദ്ധികർമ്മം നടക്കും (3:2). കർത്താവു വിധിക്കാൻ വരുന്നതിന്റെ കാരണം ദേവാലയത്തിൽ നടക്കുന്ന അനീതി മാത്രമല്ല സമൂഹത്തിലെ അനീതികൂടിയാണ് (3:5; 2:17-3:5). കർത്താവു വിധിക്കാനായി വരുന്നതിനുമുമ്പ് അവിടുന്നു തന്റെ ദൂതനെ അയയ്ക്കും (3:1; 4:5-6). ഈ ദൂതൻ ആരാണെന്നു പഴയനിയമത്തിന്റെ മാത്രം പശ്ചാ ത്തലത്തിൽ നിന്നുകൊണ്ടു വിശദീകരിക്കാൻ പ്രയാസമാണ്. അദ്ദേഹം ഏലിയായാണെന്നു 4:5-6 പറയുന്നു. മരിച്ചു പാതാളത്തിലേയ്ക്കു പോകേ ണ്ടതിനുപകരം മരിക്കാതെ സ്വർഗ്ഗത്തിലേയ്ക്കെടുക്കപ്പെട്ട ഏലിയ ദൈവ കോപം തണുപ്പിക്കുന്നതിനായി വീണ്ടും വരുമെന്ന വിശ്വാസം യഹൂദ പാരമ്പര്യത്തിന്റെ ഭാഗമായിരുന്നു (പ്രഭാ 48:10-11; മത്താ 17:3, 10; 27:47, 49; യോഹ 1:21). അതു യോഹന്നാൻ മാംദാനയാണെന്നു പുതിയനിയമ ത്തിൽ കർത്താവും (മത്താ11:7-15): ആദിമസഭയും വിശദീകരിച്ചു (മർക്കോ 1:2-8; ലൂക്ക 1:16-17). വി. പൗലോസ് ദൈവത്തിന്റെ തിരഞ്ഞെടുപ്പിന്റെ രഹസ്യാത്മകത കാണിക്കാൻ മലാ 1:2-3 ഉദ്ധരിക്കുന്നുണ്ട് (റോമ 9:3).

മലാക്കിയ്ക്കുശേഷം സാഹചര്യങ്ങൾക്കു കാര്യമായ വ്യത്യാസം വന്നി ല്ലായെന്ന് എസ്രാ-നെഹമിയ വന്നപ്പോഴുണ്ടായിരുന്ന സാഹചര്യങ്ങ ളിൽനിന്നു വ്യക്തമാണ് (എസ്രാ 9-10; നെഹ 1-6). സ്നാപകയോഹന്ന നെക്കുറിച്ചുള്ള പ്രവചനത്തോടെ അവസാനിക്കുന്ന പഴയനിയമം സ്നാപ കന്റെ വരവോടെ ആരംഭിക്കുന്ന പുതിയ നിയമത്തിനു ചേർന്ന ആമുഖ മാണ്. ആദിമസഭയുടെ പഴയനിയമം സപ്തതി ആയിരുന്നു. അതിന്റെ ഏറ്റവും അവസാനഗ്രന്ഥം മലാക്കിയായും; മലാക്കി അവസാനിക്കുന്നത് ഏലിയായുടെ ആഗമനത്തെക്കുറിച്ചു പറഞ്ഞുകൊണ്ടാണ്. ആദ്യസുവി ശേഷമായ മർക്കോസ് ആരംഭിക്കുന്നത് ഏലിയായെ പുനരവതരിപ്പിച്ചു കൊണ്ടാണ്. അങ്ങനെ ആദിമസഭയിൽ പഴയനിയമപുതിയനിയമഗ്രന്ഥ ങ്ങളുടെ തുടർച്ച ദൃശ്യമായിരുന്നു. മലാക്കിയായോടുകൂടെ പഴയനിയമ





കാലഘട്ടത്തിലെ വലിയ പ്രവാചകന്മാരുടെ നിര അവസാനിച്ചെന്നു പറ യാം (കാണുക 1മക്ക 4:46; 9:27; 14:41).

**വിചിന്തനം:** നാം ബലിയർപ്പിക്കുകയും പ്രാർത്ഥിക്കുകയും ഭക്താ ഭ്യാസങ്ങൾ നടത്തുകയും ചെയ്യുന്ന രീതി സാമാന്യബോധമുള്ള മനുഷ്യർക്കുപോലും അസ്വീകാര്യമായി തോന്നുന്നുണ്ടെങ്കിൽ ദൈവം ആ ബലി എങ്ങനെ സ്വീകരിക്കും? എല്ലാ വിശ്വാസികളും ദൈവവുമായി ഒരുടമ്പടിയാൽ ബന്ധിതരാണ്. ഉടമ്പടി ഉത്തരവാ ദിത്വങ്ങളാവശ്യപ്പെടുന്നു.

## പ്രവാചകദൗത്യത്തിന്റെ രൂപമാറ്റവും പശ്ചാത്തലം വ്യക്തമല്ലാ ത്ത ചില പ്രവാചകന്മാരും

പ്രവചിക്കപ്പെട്ട വചനങ്ങൾ ദൃശ്യമായി പൂർത്തീകരിക്കപ്പെടാനിരുന്ന തിനാലായിരിക്കണം മലാക്കിയാസിനുശേഷം വലിയ പ്രവാചകന്മാരുണ്ടാ യിട്ടില്ല. മാത്രമല്ല, വ്യാജപ്രവാചകർക്കെതിരെയുള്ള നിയമാവർത്തന ചിന്താഗതിക്കാരുടെ കർക്കശമായ നിയമനടപടികളും (നിയ 18:14-22) പൗരോഹിത്യത്തിനു ലഭിച്ച അധികാധികാരവും പ്രവാചകവൃത്തി നില യ്ക്കുന്നതിനിടവരുത്തിയിരിക്കണം. അക്കാലഘട്ടത്തിൽ നിലവിലുള്ള പ്രവാചകഗ്രന്ഥങ്ങൾ പഠിക്കുകയും വീണ്ടും പകർത്തിയെഴുതുകയു മൊക്കെ ചെയ്യപ്പെട്ടു. പ്രവചനങ്ങൾ എഴുതി നിലവിലുള്ള ഗ്രന്ഥങ്ങളോടു ചേർത്തുവയ്ക്കുന്ന രീതികളുമുണ്ടായി (ഉദാ. എസ 38-39; സക്ക 9-14; ഏശ 23-27). ദൈവജനത്തിന്റെ ഭാവിയെക്കുറിച്ചുള്ള ആകുലതകൾ ഈ പുതിയ പ്രവചനങ്ങളിൽ വ്യക്തമാണ്. മാത്രവുമല്ല, ഉന്നതമായ ഭാവി വാഗ്ദാനം ചെയ്യപ്പെട്ട ദൈവജനം പലപ്പോഴും കഠിനമായ മതമർദന ത്തിനു വിധേയരായിത്തീരുകയും ചെയ്തു (മിക്ക). ഇതു ദൈവിക വാഗ്ദാനങ്ങളുടെ യാഥാർത്ഥ്യമെന്തെന്നുള്ള ചോദ്യത്തിലേക്കു വിശ്വാസി കളെ നയിച്ചു.

പ്രവാചകന്മാരുടെ വചനങ്ങൾ നിറവേറാതിരുന്ന സാഹചര്യത്തിൽ ഒരു വിഭാഗം ആളുകൾ ആ വചനം പഠിക്കാൻ ശ്രമിക്കയും പുനർവ്യാഖ്യാനം ചെയ്യുകയും ചെയ്തതിന്റെ ഫലമായിട്ടാണു വെളിപാടു സാഹിത്യം ജന്മ മെടുത്തത് (ദാനി 9:1-2, 24-27). പ്രവാചക വചനം ദൈവത്തിന്റേതാക യാൽ അതു നിറവേറുമെന്നും അതിനെക്കുറിച്ചുള്ള മനുഷ്യന്റെ വ്യാ ഖ്യാനവും കാഴ്ചപ്പാടുമാണു തെറ്റായിപ്പോയതെന്നും അവർ കരുതിയി രുന്നു. ദൈവികവചനങ്ങൾ കൃത്യമായി മനസ്സിലാക്കാതിരുന്നതാണു പഴയ തെറ്റെന്നും അവ ഇനിയും പൂർത്തിയാകാനിരിക്കുന്നതേയുള്ളൂ വെന്നുമാണു വെളിപാടു ദൈവശാസ്ത്രജ്ഞർ കരുതിയത്. തിന്മ നശി പ്പിച്ചുകൊണ്ടും നന്മ ഉയർത്തിക്കൊണ്ടും ദൈവം ചരിത്രത്തിൽ അത്ഭു തകരമായി ഇനിയും ഇടപെടുമെന്ന് ഇക്കൂട്ടർ ചിന്തിച്ചു. ദൈവത്തിന്റെ ഈ ഇടപെടലിന് ഇനി കാലതാമസമുണ്ടാവുകയില്ലെന്നവർ കരുതി.

### 54. ജോയേൽ (1:5, 3:14)

ജോയേൽ എന്ന പേര് 'യാഹ്‌വേ', 'ഏൽ' എന്നീ നാമങ്ങൾ യോജി ച്ചുണ്ടായതാണ്. കർത്താവു ദൈവമാണ് എന്നാണ് അർത്ഥം (1സാമു 8:2; ദിന 11:38). ജോയേലിന്റെ പിതാവിന്റെ പെനുവേൽ എന്ന പേരല്ലാതെ

പ്രവാചകനെക്കുറിച്ചോ അദ്ദേഹത്തിന്റെ ജീവിതത്തെക്കുറിച്ചോ സാഹചര്യങ്ങളെക്കുറിച്ചോ നമുക്കു യാതൊരു അറിവുമില്ല. എന്നുമാത്രമല്ല, അദ്ദേഹത്തിന്റെ സന്ദേശത്തിന്റെ പശ്ചാത്തലം നമുക്കജ്ഞാതവുമാണ്. ദൈവത്തിൽനിന്ന് അദ്ദേഹത്തിനു ലഭിച്ച ഒരു ദർശനമാണു പ്രവാചകദൗത്യത്തിനാധാരം (1:1). ഗ്രന്ഥത്തിന്റെ തലക്കെട്ടിൽ പ്രവാചകൻ പ്രവർത്തിച്ച കാലഘട്ടത്തെക്കുറിച്ചു യാതൊരറിവുമില്ലെന്നു മാത്രമല്ല അദ്ദേഹത്തിന്റെ സന്ദേശവും അവ്യക്തമാണ്. അദ്ദേഹത്തിന്റെ പ്രവർത്തനത്തിന് അടിസ്ഥാനമായി നിൽക്കുന്നത് ഒരു ചരിത്രസംഭവം എന്നതിനെക്കാൾ ഒരു പാരിസ്ഥിതിക പ്രശ്നമാണ്; ഒരു വെട്ടുകിളി ആക്രമണം. ബി.സി. 8-ാം നൂറ്റാണ്ടുമുതൽ 4-ാം നൂറ്റാണ്ട് വരെയുള്ള കാലഘട്ടത്തിലെന്നോ ആണ് അദ്ദേഹം പ്രസംഗിച്ചത്.

ചില ആധുനിക പണ്ഡിതന്മാർ അദ്ദേഹത്തെ വിപ്രവാസത്തിനു ശേഷം പ്രസംഗിച്ച പ്രവാചകനായാണു കണക്കാക്കുന്നത്. കാരണം അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പ്രവാചക ശബ്ദവും പ്രവാചകന്മാരുടെ തിരോധാനത്തോടെ കടന്നുവന്ന അപ്പോകാലിപ്റ്റിക് ചിന്താധാരകളും ഒത്തുചേരുന്നതു കാണാം. ഒന്നും രണ്ടും അദ്ധ്യായങ്ങളിൽ എന്നോ സംഭവിച്ച ഒരു വെട്ടുകിളി ബാധയെക്കുറിച്ചു പറയുമ്പോൾ മൂന്നാമദ്ധ്യായത്തിൽ (3-4 അദ്ധ്യായങ്ങൾ) യൂദായുടെ പതനത്തെക്കുറിച്ചും വിപ്രവാസത്തെക്കുറിച്ചും തിരിച്ചുവരവിനെക്കുറിച്ചുമെല്ലാം പറയുന്നുണ്ട് (3:1-3). അതുകൊണ്ടുതന്നെ വിപ്രവാസത്തിനു ശേഷമായിരിക്കണം ഇതെഴുതപ്പെട്ടത്. ജോയേലിന്റെ വാക്കുകളായ "ഹൃദയമാണു വസ്ത്രമല്ല കീറേണ്ടത്" (2:13), "ആത്മാവിനെ വർഷിക്കും" (2:28-29) എന്നിവ പിൽക്കാലത്തു വലിയ ജനസമ്മതി നേടിയിട്ടുള്ളവയാണ്. പാരിസ്ഥിതിക പ്രശ്നമായ വെട്ടുകിളിബാധയെ ആത്മീയമായി വ്യാഖ്യാനിക്കുന്നതിലൂടെ മനുഷ്യപ്രവൃത്തിയും പ്രപഞ്ചത്തിന്റെ സുസ്ഥിതിയും തമ്മിൽ ബന്ധമുണ്ടെന്നു ജോയേൽ സമർത്ഥിച്ചു. കേൾവിക്കാരെ പ്രവാചകൻ ദേവാലയത്തിലേക്കും അനുതാപത്തിലേക്കും വിളിക്കുന്നതിനാൽ അദ്ദേഹം ദേവാലയവുമായി ബന്ധപ്പെട്ടു ജീവിച്ച ഒരു പ്രവാചകനാണെന്നു ചില വ്യാഖ്യാതാക്കൾ കരുതുന്നു (2:12-14).

ഗ്രന്ഥത്തിന്റെ ആദ്യഭാഗത്ത് പണ്ടെങ്ങോ മധ്യപൂർവ്വദേശത്തുണ്ടായ ഒരു വെട്ടുകിളിബാധയാണ് ചിന്താവിഷയം (1:2-2:17). വെട്ടുകിളികളുടെ വരവു സാധാരണയായി വലിയ ദുരന്തമാണു സൃഷ്ടിക്കുക. വെട്ടുകിളികൾ അവയുടെ ശരീരത്തിന്റെ ഭാരത്തിന്റെ അത്രയും ഭക്ഷണം ഓരോ ദിവസവും കഴിക്കും. പച്ചപ്പു വളരെ പരിമിതമായി മാത്രമുള്ള മരുഭൂമിയിൽ വെട്ടുകിളിബാധയുണ്ടാകുമ്പോൾ അത് ആ വർഷത്തെ വിളകളെ മാത്രമല്ല വരാനിരിക്കുന്ന വർഷത്തേക്ക് സൂക്ഷിക്കപ്പെടേണ്ട വിത്തുധാന്യങ്ങളെയും ബാധിക്കും. പല മഹാമാരികളും നിയന്ത്രിക്കാൻ കഴിവുള്ള ആധുനിക കാലഘട്ടത്തിൽപ്പോലും മധ്യപൂർവ്വദേശത്തു വെട്ടുകിളിബാധ ഒരു വലിയ പേടിസ്വപ്നം തന്നെയാണ്. അതൊരു വലിയ പട്ടാള അധിനിവേശത്തോടാണു താരതമ്യപ്പെടുത്താറുള്ളത് (ജോയേ 1:6; 2:1-11).

ജോയേലിന്റെ കാലത്തും വെട്ടുകിളിബാധയുടെ ഫലം അതികഠിനമായിരുന്നു. ബലിയർപ്പിക്കാൻ ബലിവസ്തുക്കൾപോലും ലഭ്യമല്ലാതെ പുരോഹിതർ വിലപിക്കുന്നു; വയലുകൾ ശൂന്യമായിക്കിടക്കുന്നു; ഭൂമി





വിലപിക്കുന്നു (1:9-10). വയലിലെ വിളവുകളെല്ലാം നശിച്ചു. വൃക്ഷങ്ങൾ വാടിപ്പോയിരിക്കുന്നു. മനുഷ്യനിൽനിന്നു ആനന്ദവും പോയ്മറഞ്ഞു (1:11-12). ജോയേൽ ദൈവത്തോടു കരഞ്ഞപേക്ഷിക്കുന്നതുപോലെതന്നെ ഉണങ്ങിവരണ്ട ഭൂമിയിൽ മൃഗങ്ങളും ദൈവത്തോടു കരഞ്ഞപേക്ഷിക്കുന്നു (1:19-20).

ഈ ദുരന്തങ്ങൾ കർത്താവിന്റെ ദിനം ആഗതമായതിന്റെ ലക്ഷണങ്ങളായി പ്രവാചകൻ കരുതുന്നു(1:15-20; 2:1-11). ജോയേലിന്റെ പ്രവചനത്തിലെ ഏറ്റവും പ്രധാന വിഷയം കർത്താവിന്റെ ദിനത്തെക്കുറിച്ചുള്ളതാണ് (1:15; 2:1, 11,31; 3:14). ദൈവം തന്റെ ഹിതം പൂർണമായി തുറന്നു കാണിച്ചുകൊണ്ട് ചരിത്രത്തിൽ പ്രത്യേകമായി ഇടപെടുന്ന ദിനത്തെയാണു പ്രവാചകന്മാർ കർത്താവിന്റെ ദിനമെന്നു വിളിക്കുന്നത്. ആരംഭത്തിൽ ഇതു കർത്താവു ശത്രുക്കളുടെമേൽ വിജയം വരിക്കുകയും ഇസ്രായേലിനെ ശത്രുക്കളിൽനിന്ന് അത്ഭുതകരമായി രക്ഷിക്കുകയും ജനതകളുടെമേൽ നീതി നടപ്പാക്കുകയും ചെയ്യുന്ന ദിനമായിട്ടായിരുന്നിരിക്കണം കരുതപ്പെട്ടിരുന്നത്. എന്നാൽ ഇസ്രായേൽ ദൈവജനമാണെന്ന് അഭിമാനിക്കയും അതേസമയം ദൈവഹിതത്തിനു വിപരീതമായി പ്രവർത്തിക്കുകയും ചെയ്തപ്പോൾ കർത്താവിന്റെ ദിനം അവർക്ക് രക്ഷാകരമായിരിക്കുകയില്ല മറിച്ച്, ശിക്ഷയുടെതായിരിക്കുമെന്ന് ആമോസിനെപ്പോലെയുള്ള പ്രവാചകന്മാർ പ്രഖ്യാപിച്ചു (ആമോ 5:18-20 എസെ 7:1-20; 13:1-5; സെഫാ 1). പിന്നീടു മതമർദ്ദനകാലത്തു വീണ്ടും പഴയ ആശയം പ്രബലപ്പെടുകയും മർദ്ദനമെല്ലാം അവസാനിച്ചു ദൈവം ശത്രുക്കളുടെമേൽ ശാശ്വതമായ വിജയം വരിക്കുന്ന ദിനമായി കർത്താവിന്റെ ദിനം വിഭാവനം ചെയ്യപ്പെടുകയും ചെയ്തു (സഖ 14:1-9; ഒബാ 15-21; ഏശ 63:1-4).

ജനത്തിന്റെ പാപം നിമിത്തമാണു കർത്താവു ശിക്ഷിക്കാനായി അവരെ സമീപിക്കുന്നതെന്നു പ്രവാചകൻ പറഞ്ഞു. ദൈവകോപത്തിൽനിന്നു രക്ഷനേടാൻ അനുതപിക്കാൻ ആഹ്വാനം ചെയ്യുകയാണു ജോയേൽ (1:5-14; 2:12-17). ആന്തരികമായ മാനസാന്തരമില്ലാത്ത ബാഹ്യമായ അനുഷ്ഠാനങ്ങൾ രക്ഷാകരമല്ലെന്നും മനുഷ്യന്റെ പാപത്തിനു പ്രപഞ്ചം മുഴുവൻ സ്വാധീനിക്കാനുള്ള കഴിവുണ്ടെന്നും ജോയേൽ പ്രവാചകൻ വ്യക്തമാക്കുന്നു. അനുതപിച്ചാൽ ദൈവം കരുണ കാണിക്കയും പ്രകൃതി സന്തോഷദായകമായ ജീവിതാവസ്ഥ പ്രദാനം ചെയ്യുകയും ചെയ്യും (2: 12-13). അനുതപിക്കുന്നവനോടു ക്ഷമിക്കാൻ ദൈവം സദാ സന്നദ്ധനാണ് (2:13).

കർത്താവു ശിക്ഷിക്കുന്നതിന്റെ കാരണം ജനത്തിന്റെ അവിശ്വാസവും വിഗ്രഹാരാധനയുമാണ്: അവർ അനുസരിച്ചാൽ ദൈവം വീണ്ടും അവരോടു കാരുണ്യം കാണിക്കുകയും അങ്ങനെ കർത്താവ് ഏകദൈവമാണെന്നും അവിടുന്നു തന്റെ ജനത്തിന്റെകൂടെ വസിക്കുന്നുണ്ടെന്നും അവരറിയുകയും ചെയ്യും (3:18) (2:18-29).... ഗ്രന്ഥത്തിന്റെ ആദ്യഭാഗത്തെ വിപ്രവാസകാലത്തിനു മുമ്പുള്ള പ്രവാചകന്മാരെപ്പോലെ കർത്താവിന്റെ ദിനം ദൈവം തന്റെ ജനത്തെ ശിക്ഷിക്കുന്ന ദിനമാണെന്നു പ്രഖ്യാപിച്ചതിനുശേഷം രണ്ടാം ഭാഗത്ത് (2:28-3:21) അപ്പോക്കാലിപ്റ്റിക് രീതിയിലുള്ള ദർശനങ്ങൾ കൊടുത്തിട്ടുള്ളതു കാണാം. ഇത് അന്ത്യവിധിയുമായി ബന്ധപ്പെട്ട കർത്താവിന്റെ ദിനമാണ് (3:14).

### കർത്താവിന്റെ രക്ഷയുടെ ദിനം

വരാനിരിക്കുന്ന കർത്താവിന്റെ ദിനത്തിൽ (2:28-3:21) ദൈവജനത്തെ പീഡിപ്പിച്ച രാജ്യങ്ങളെയെല്ലാം ദൈവം വിധിക്കുകയും തന്റെ ജനത്തിനു രക്ഷ നല്കുകയും ചെയ്യും: "ജനതകളുടെ ഇടയിൽ വിളംബരം ചെയ്യുവിൻ, യുദ്ധത്തിന് ഒരുങ്ങുവിൻ, ശക്തൻമാരെ ഉണർത്തുവിൻ, സകല യോദ്ധാക്കളും ഒരുമിച്ചു ചേർന്നു മുന്നേറട്ടെ! നിങ്ങളുടെ കൊഴു വാളായും വാക്കത്തി കുന്തമായും രൂപാന്തരപ്പെടുത്തുവിൻ. താൻ ഒരു യോദ്ധാവാണെന്നു ദുർബലൻ പറയട്ടെ. ചുറ്റുമുള്ള സകല ജനതകളേ, ഓടി വരുവിൻ, അവിടെ ഒരുമിച്ചു കൂടുവിൻ. കർത്താവേ, അങ്ങയുടെ സൈന്യത്തെ അയയ്ക്കണമേ! ജനതകൾ ഉണർന്നു യഹോഷഫാത്തിൻെറ താഴ്‌വരയിലേക്കു വരട്ടെ! അവിടെ ചുറ്റുമുള്ള സകല ജനതകളെയും വിധിക്കാൻ ഞാൻ ന്യായാസനത്തിൽ ഉപവിഷ്ടനാകും. അരിവാൾ എടുക്കുവിൻ; വിളവു പാകമായിരിക്കുന്നു. ഇറങ്ങിച്ചവിട്ടുവിൻ; മുന്തിരിച്ചക്കു നിറഞ്ഞിരിക്കുന്നു. തൊട്ടികൾ നിറഞ്ഞൊഴുകുന്നു; അവരുടെ ദുഷ്ടത അത്രയ്ക്കു വലുതാണ്. വിധിയുടെ താഴ്‌വരയിൽ, അതാ, ജനസഞ്ചയം. വിധിയുടെ താഴ്‌വരയിൽ, കർത്താവിൻെറ ദിനം അടുത്തിരിക്കുന്നു... കർത്താവ് സീയോനിൽനിന്നു ഗർജിക്കുന്നു; ജറുസലെമിൽനിന്ന് അവിടുത്തെ ശബ്ദം മുഴങ്ങുന്നു; ആകാശവും ഭൂമിയും പ്രകമ്പനം കൊള്ളുന്നു. എന്നാൽ, കർത്താവു തൻെറ ജനത്തിന് അഭയമാണ്..." (3:9-16).

ജനത്തിന്റെ രാഷ്ട്രീയവും സാമ്പത്തികവുമായ സുസ്ഥിതി പുനഃസ്ഥാപിക്കപ്പെടും. ഈ അപ്പോക്കാലിപ്റ്റിക് ദർശനങ്ങളാണു ജോയലിനെ വിപ്രവാസശേഷമുള്ള പ്രവാചകരിൽപ്പോലും അവസാനത്തെ പ്രഘോഷകനാക്കുന്നത്. അപ്പോക്കാലിപ്റ്റിക്ക് ചിന്താഗതിയുടെ ഒരു പ്രത്യേകത, ദൈവം നല്കാനിരിക്കുന്ന രക്ഷ അവർ ചരിത്രത്തിൽ മാനുഷിക സ്ഥാപനങ്ങളിൽനിന്നും വേർപെടുത്തി അത് ഇന്നു ലോകത്തുള്ള സംവിധാനങ്ങളെയെല്ലാം മാറ്റിമറിക്കുന്ന ഒന്നായിക്കണ്ടു എന്നതാണ്. ഇതു വളരെ പ്രബലമായ ചിന്തകളാണ്. അതു വിവരിക്കുന്ന അന്ത്യയുദ്ധം മാനുഷികശക്തികൾ തമ്മിലുള്ളതല്ല മറിച്ച് ഇന്നത്തെ സംവിധാനങ്ങൾ മുഴുവൻ മാറ്റിമറിക്കാൻ കഴിയുന്ന ഒരു ആഗോളയുദ്ധമാണ്. അതിന്റെ ഫലമായി ദൈവജനത്തെ പീഡിപ്പിച്ച എല്ലാ ശത്രുക്കളും ദൈവത്തിന്റെ ഒരൊറ്റ ശിക്ഷാവിധിയുടെ പ്രവൃത്തിയാൽ നശിപ്പിക്കപ്പെടും.

വെളിപാടുഗ്രന്ഥങ്ങളിൽ പറയപ്പെടുന്ന രാജ്യങ്ങൾ എല്ലാം (ടയിർ, സീദോൻ, ഫിലിസ്തിയ, ഈജിപ്ത്, ഏദോം) ഇസ്രായേലിന്റെ പരമ്പരാഗത ശത്രുക്കളും അവരുടെ എല്ലാ ശത്രുക്കളുടെയും പ്രതിനിധികളുമാണ്. അത് ഇന്നു ശരിക്കുള്ള ശത്രുക്കളല്ല. വിധി നടക്കുന്ന ജോസഫാത്ത് - ഭൂമിശാസ്ത്രപരമായ സ്ഥലമല്ല മറിച്ച്, പ്രതീകാത്മകമാണ്. ജോസഫാത്ത് എന്നാൽ ദൈവം വിധിക്കുന്നു എന്നാണ്. യുദ്ധത്തിന്ശേഷം പുനഃസ്ഥാപിക്കപ്പെടുന്ന യൂദാ പുതിയ ആകാശത്തെയും പുതിയ ഭൂമിയെയും പ്രതിനിധാനം ചെയ്യുന്നു. അവസാന ദിവസം എല്ലാ മനുഷ്യരിലും ദൈവം തന്റെ ആത്മാവിനെ വർഷിക്കുമെന്ന പ്രവാചകന്റെ വാക്കുകൾ (2:28-29) യഹൂദർക്കു മനസിലാകുന്ന ഭാഷയല്ല. അപ്പോകാലിപ്റ്റിക് പ്രതീകങ്ങൾക്കു സ്ഥലകാല പരിമിതികൾക്കതീതമായി





സംസാരിക്കാൻ കഴിയും. അതിനാൽതന്നെ ഈ സന്ദേശത്തിന് യഹൂദമതത്തിന്റെ സ്ഥലകാല പരിമിതികൾക്കതീതമായ മാനമുണ്ട്.

പുതിയനിയമത്തിൽ പലയിടത്തും പ്രത്യേകിച്ച്, വെളിപാടു ഗ്രന്ഥത്തിലും ജോയേൽ ഉദ്ധരിക്കപ്പെടുന്നുണ്ട്. പന്തക്കുസ്താദിനത്തിൽ പത്രോസ് ഉദ്ധരിക്കുന്നതു ജോയേൽ 2:28-29 ആണ് (അപ്പ 2:17,18). രക്ഷ വിശ്വാസത്തിലൂടെയാണ്. നിയമാനുഷ്ഠാനത്തിലൂടെയല്ല എന്നു പറയാൻ വി. പൗലോസ് ജോയേൽ 2:32 ഉദ്ധരിക്കുന്നുണ്ട് (റോമ 10:13). വെട്ടുകിളികൾ യുദ്ധക്കുതിരകളാണ് (ജോയേ 2:4, വെളി 9:7). ആർക്കാണു കർത്താവിന്റെ ദിനം അതിജീവിക്കാൻ കഴിയുക (ജോയേ 2:11; വെളി 6:11); സൂര്യൻ ഇരുണ്ടുപോകും (ജോയേ 2:30-31, മർക്കോ 13:24); ചന്ദ്രൻ രക്തവർണമാകും (ജോയേ 2:30-31, വെളി 6:12). ദൈവനാമം വിളിച്ചപേക്ഷിക്കുന്നവരെല്ലാം രക്ഷപ്രാപിക്കും (ജോയേ 2:32; അപ്പ 2:21 റോമ 10:13); വിളവെടുപ്പും മുന്തിരിച്ചക്കും ജോയേലിലും വെളിപാടിലും കാണാം (ജോയേ 3:13-17 വെളി 14:15-20). വിപ്രവാസകാലത്തിനു ശേഷമുള്ള പ്രതിസന്ധിഘട്ടങ്ങളിൽ മറ്റ് അപ്പോക്കാലിപ്റ്റിക് ഗ്രന്ഥങ്ങളെപ്പോലെതന്നെ ജനത്തിന്റെ വിശ്വാസം കാത്തുസൂക്ഷിക്കാൻ ജോയേലിന്റെ ഈ ദർശനങ്ങളും പര്യാപ്തങ്ങളായിരുന്നിരിക്കണം.

**വിചിന്തനം:** അന്യരെയെല്ലാം മോശമായി ചിത്രീകരിക്കുകയും ഹൃദയത്തിനു തുറവിയില്ലാതിരിക്കുകയും ചെയ്യുന്നത് അപഹാസ്യമാണ്. ദൈവം ആഗ്രഹിക്കുന്നതു സർവ്വമനുഷ്യരുടെയും രക്ഷയാണ്.

## 55. ദാനിയേൽ

ഹെബ്രായബൈബിൾ ദാനിയേലിനെ ഒരു പ്രവാചകഗ്രന്ഥമായി കണക്കാക്കുന്നില്ലെന്നു മാത്രമല്ല അതു ബൈബിളിന്റെ മൂന്നാം ഭാഗമായ ലിഖിതങ്ങളിൽ (നിയമം, പ്രവാചകന്മാർ, ലിഖിതങ്ങൾ) ഏറ്റവും അവസാനത്തെ ഗ്രന്ഥമായി കരുതുകയും ചെയ്യുന്നു. ലിഖിതങ്ങളിൽ ജ്ഞാനികളുടെ സൂക്തങ്ങളും ഉപദേശങ്ങളും പ്രാർത്ഥനകളും പ്രബോധനകഥകളും ചരിത്രവുമൊക്കെയാണുള്ളത്. കത്തോലിക്കർ സപ്തതിയെ ആധാരമാക്കി വലിയ പ്രവാചകന്മാരായ ഏശയ്യ, ജറെമിയാ, എസെക്കിയേൽ എന്നീ ഗ്രന്ഥങ്ങൾക്കുശേഷവും 12 ചെറിയ പ്രവാചകന്മാരുടെ ഗ്രന്ഥത്തിനുമുമ്പിലും ദാനിയേലിനു സ്ഥാനം കൊടുത്തിരിക്കുന്നു (... മത്താ 24:15). ഹെബ്രായബൈബിളിലെ ദാനിയേൽ ഗ്രന്ഥത്തിനു 12 അദ്ധ്യായങ്ങളാണുള്ളത്. ഇതിൽ 1:1-2:4a; 8-12 അദ്ധ്യായങ്ങൾ ഹെബ്രായ ഭാഷയിലും 2:4-7b:28 അദ്ധ്യായങ്ങൾ അറമായ ഭാഷയിലുമാണു വിരചിതമായിരിക്കുന്നത്. ബാബിലോണിന്റെ ഈ ഭാഷ (അറമായ) രാജാക്കന്മാരുടെ കാലത്ത് അന്തർദ്ദേശീയ ഭാഷയായി ഉപയോഗിക്കപ്പെട്ടിരുന്നു (2രാജ 18:26). ഗ്രന്ഥത്തിൽ അക്കേഡിയൻ ഭാഷയിലുള്ളതും പേർഷ്യൻ ഭാഷയിലുള്ളതുമായ ധാരാളം വാക്കുകളുമുണ്ട്.

ഇസ്രായേലിന്റെ വിപ്രവാസകാലഘട്ടത്തിൽ ജീവിതസുരക്ഷിതത്വം തേടി പലസ്തീനായിൽനിന്നു കുറെ ആളുകൾ ഈജിപ്തിലെ അലക്സാണ്ട്രിയായിലേക്കു കുടിയേറിപ്പാർത്തിരുന്നു (ജറെ 40-44). പിൽക്കാലത്ത് അവരിൽനിന്നു വളർന്നുവന്ന പുതിയ തലമുറയിലെ യഹൂദർക്കുവേണ്ടി അവരുടെ അന്നത്തെ മാതൃഭാഷയായ ഗ്രീക്കിലേക്ക് ഹെബ്രായ

ബൈബിൾ തർജ്ജിമചെയ്യപ്പെട്ടു (ബി.സി. 4-ാം നൂറ്റാണ്ടിൽ). ഈ തർജ്ജിമയെയാണു സപ്തതിയെന്നു വിളിക്കുന്നത്. തുടർന്നുവന്ന കാലഘട്ടത്തിൽ ഇതിനു സമാനമായ മറ്റു ഗ്രീക്കു തർജ്ജമകളും ജന്മം കൊണ്ടു. സപ്തതിയിലുള്ള ദാനിയേലിന്റെ ഗ്രന്ഥത്തിനു ഹെബ്രായ ബൈബിളിൽനിന്നു വ്യത്യസ്തമായി 14 അദ്ധ്യായങ്ങളുണ്ടെന്നുമാത്രമല്ല മൂന്നാം അദ്ധ്യായത്തിൽ 65 വാക്യങ്ങൾ കൂട്ടിച്ചേർക്കപ്പെട്ടിട്ടുമുണ്ട്.

ആദിമസഭ പലസ്തീനായ്ക്കു പുറത്തേക്കു വ്യാപിച്ചപ്പോൾ ഹെബ്രായബൈബിളിനെക്കാൾ സുവിശേഷപ്രഘോഷണത്തിനും പ്രാർത്ഥനകൾക്കും പലസ്തീനായ്ക്കു പുറത്തു ജന്മംകൊണ്ട സഭക്കു കൂടുതൽ സഹായകരമായിത്തീർന്നത് അന്നത്തെ അന്തർദ്ദേശീയ ഭാഷയിലെഴുതപ്പെട്ട ഗ്രീക്കു ബൈബിളായിരുന്നു. സപ്തതി അങ്ങനെ സഭയുടെ ബൈബിളായിത്തീർന്നു. അതുകൊണ്ടു കത്തോലിക്കാ ബൈബിളുകളിൽ സപ്തതിക്കു സമാനമായി ദാനിയേലിന്റെ ഗ്രന്ഥത്തിന് 14 അദ്ധ്യായങ്ങളും മൂന്നാമദ്ധ്യായത്തിനു 97 വാക്യങ്ങളുമുണ്ട് (ഹെബ്രായ ബൈബിളിൽ 30 വാക്യങ്ങൾ മാത്രം).

ദാനിയേൽ 1-6 അദ്ധ്യായങ്ങളിൽ പരസ്പരബന്ധമില്ലാത്ത 6 കഥകളാണുള്ളത്. ഇവ പേർഷ്യൻ കാലഘട്ടത്തിലോ ഗ്രീക്ക് കാലഘട്ടത്തിലോ (ബി.സി. 539-333 ; ബി.സി. 333-167) എഴുതപ്പെട്ടവയാണ്. വിശ്വാസത്തിനു പ്രതിസന്ധികൾ നേരിടുന്ന കാലഘട്ടങ്ങളിൽ ദൈവഭക്തന്റെ ശരിയായ മനോഭാവങ്ങൾ എന്തെല്ലാമായിരിക്കണമെന്നു പഠിപ്പിക്കുക എന്നതാണ് ഈ കഥയുടെ ലക്ഷ്യം. ഒന്നാമദ്ധ്യായത്തിൽ ദാനിയേലും കൂട്ടരും നിയമമനുസരിക്കുന്നതിനുവേണ്ടി സസ്യഭക്ഷണം മാത്രം കഴിച്ചിട്ടുപോലും അതിനെക്കാൾ മെച്ചമായ ഭക്ഷണം കഴിച്ച അവരുടെ വിജാതീയരായ കൂട്ടുകാരെക്കാൾ ആരോഗ്യവാന്മാരായി കാണപ്പെട്ടു. രണ്ടും നാലും അദ്ധ്യായങ്ങളിൽ മറ്റാർക്കും മനസ്സിലാക്കാൻ കഴിയാത്ത സ്വപ്നങ്ങൾ ദൈവഭക്തിയുടെ ബലത്തിൽ വ്യാഖ്യാനിക്കുന്ന ജ്ഞാനിയായ ദാനിയേലിനെ കാണാം. അഞ്ചാമദ്ധ്യായത്തിൽ അദ്ദേഹം ബാബിലോണിന്റെ പതനം പ്രവചിക്കുന്നു. ആറാം അദ്ധ്യായത്തിലാകട്ടെ വിഗ്രഹാരാധന നടത്താൻ വിസമ്മതിച്ചതുമൂലം ദാനിയേൽ സിംഹക്കുഴിയിലെറിയപ്പെട്ടെങ്കിലും ദൈവം അദ്ദേഹത്തെ അത്ഭുതകരമായി രക്ഷിക്കുന്നതു കാണാം. മൂന്നാമദ്ധ്യായത്തിൽ വിഗ്രഹാരാധന നടത്താൻ വിസമ്മതിച്ചതുമൂലം തീച്ചൂളയിലെറിയപ്പെട്ട മൂന്നു യുവാക്കന്മാരുടെ കഥയും അവരെ ദൈവം അത്ഭുതകരമായി രക്ഷിക്കുന്നതും വിവരിക്കുന്നു. അവരിലൊരുവനായ അസറിയായുടെ സ്തുതിപ്പും (3:25-45) മൂന്നു യുവാക്കന്മാരുടെ ഒരു കീർത്തനവും (3:46-90) മുകളിൽ സൂചിപ്പിച്ചതുപ്പോലെ ഈ കഥയിൽ കൂടുതലായി കൂട്ടിച്ചേർക്കപ്പെട്ടിട്ടുണ്ട് (ഗ്രീക്ക്).

ദാനിയേൽ 7-12 വരെ വെളിപാടു സാഹിത്യമാണ്. ദാനിയേലിനുണ്ടായ നാലുസ്വർഗ്ഗീയ ദർശനങ്ങളും അവയുടെ അർത്ഥം ഒരു ദൈവദൂതൻ ദാനിയേലിന് വിവരിച്ചുകൊടുക്കുന്നതുമാണ് ഇതിന്റെ ഉള്ളടക്കം. ഏഴാമദ്ധ്യായത്തിൽ ഇസ്രായേലിന്റെ പരമ്പരാഗത ശത്രുക്കളായ ബാബിലോണും മേദിയായും പേർഷ്യയും ഗ്രീസും നാലു മൃഗങ്ങളുടെ രൂപത്തിൽ പ്രത്യക്ഷപ്പെടുന്നു. എട്ടാം അദ്ധ്യായത്തിൽ മഹാനായ അലക്സാണ്ടർ പേർഷ്യൻ രാജ്യം കീഴടക്കുന്നത് ഒരു മുട്ടാടിന്റെയും കോലാടിന്റെയും





പ്രതീകങ്ങളിലൂടെ വിവരിക്കുന്നു. ജറമിയാ പ്രവചിച്ച 70 വർഷത്തെ വിപ്രവാസത്തിന്റെ ശരിക്കുള്ള അർത്ഥമെന്താണ് എന്ന് (അപ്പോക്കാലിപ്റ്റിക്) വിവരിക്കുകയാണ് ഒൻപതാമദ്ധ്യായം. പത്തും പതിനൊന്നും അദ്ധ്യായങ്ങൾ ലോകാന്ത്യത്തിൽ സംഭവിക്കാനിരിക്കുന്ന കാര്യങ്ങൾ ഇസ്രായേലിന്റെ പരമ്പരാഗത ശത്രുക്കളായ നാലു സാമ്രാജ്യങ്ങളുമായി ബന്ധപ്പെടുത്തി വിവരിക്കുന്നു. പന്ത്രണ്ടാമദ്ധ്യായത്തിൽ നീതിമാന്മാർക്കു ലഭിക്കുന്ന പുനരുത്ഥാനവും ദർശനത്തിൽ ലഭിച്ച കാര്യങ്ങൾ രഹസ്യമായി സൂക്ഷിക്കേണ്ടതിന്റെ ആവശ്യകതയും വിവരിക്കുന്നു.

സപ്തതിയിൽ അധികം ചേർക്കപ്പെട്ട പതിമൂന്നാം അദ്ധ്യായത്തിൽ പതിവ്രതയായ സൂസന്നയെ യൂദായിലെ ദുഷ്ടരായ ന്യായാധിപന്മാരിൽനിന്നു ബാലനായ ദാനിയേൽ രക്ഷിക്കുന്നതാണു വിവരിക്കുന്നത്. പതിനാലാം അദ്ധ്യായത്തിൽ വിഗ്രഹാരാധനയുമായി ബന്ധപ്പെട്ട ബേലിന്റെയും വ്യാളത്തിന്റെയും കഥകൾ വിവരിക്കുന്നു. വിഗ്രഹങ്ങളെ ആരാധിക്കാതിരുന്ന ദാനിയേൽ അത്ഭുതകരമായി ദൈവത്താൽ സംരക്ഷിക്കപ്പെടുന്നതാണ് ഈ കഥയുടെ ഇതിവൃത്തം.

ദാനിയേൽ 7-12 വെളിപാട് സാഹിത്യമാണെന്നു നാം കണ്ടു. നിഗൂഢമായ കാര്യങ്ങൾ ഒരു ദൂതന്റെ ഇടപെടൽവഴി തിരഞ്ഞെടുക്കപ്പെട്ട ചില മനുഷ്യർക്കു രഹസ്യമായി കൈമാറപ്പെടുന്നുവെന്നു വിശ്വസിക്കുന്ന സെക്റ്റുകളുടെ ഗ്രന്ഥങ്ങളാണു വെളിപാടു സാഹിത്യകൃതികൾ. യഹൂദപാരമ്പര്യത്തിലും ക്രിസ്തീയ ചരിത്രത്തിലും അനേകം വെളിപാടുസാഹിത്യകൃതികൾ ജന്മമെടുത്തെങ്കിലും അവയിൽ രണ്ടെണ്ണം മാത്രമേ ബൈബിളിൽ കയറിപ്പറ്റിയുള്ളു: പഴയനിയമത്തിൽ ദാനിയേലും പുതിയ നിയമത്തിൽ വെളിപാടും. ഈ ഗ്രന്ഥങ്ങൾക്കു പുറമേ വെളിപാടുശൈലിയിലെഴുതപ്പെട്ട ചില വിശുദ്ധഗ്രന്ഥഭാഗങ്ങൾ ബൈബിളിൽ കാണാം (ഉദാ. എസെ 38-39; സക്ക 9-14; ഏശ 24-27; 56-66; മർക്കോ 13). പുനരുത്ഥാനത്തിലുള്ള വിശ്വാസമായിരിക്കണം സെക്ടുകളുടെതാണെങ്കിലും ഈ വെളിപാടു കൃതികൾ ബൈബിളിൽ ചേർക്കപ്പെടാൻ കാരണം. ദാനിയേലിന്റെ ഗ്രന്ഥമാകട്ടെ യഹൂദമതവിശ്വാസവും നിയമത്തോടുള്ള തീക്ഷ്ണതയും ദൈവത്തിലുള്ള ആശ്രയത്വവും പഠിപ്പിക്കുന്നതിന് ഉപയുക്തമായ കഥകളുടെ സമാഹാരം കൊണ്ടു സമ്പുഷ്ടമായിരിക്കുന്നു.

മതപരവും രാഷ്ട്രീയപരവുമായ അധികാരസീമകളിൽനിന്നു പുറന്തള്ളപ്പെടുകയും അധികാരികളാൽ അവഗണിക്കപ്പെടുകയുംചെയ്ത ന്യൂനപക്ഷങ്ങളുടെ നിരാശയുടെയും കഴിവില്ലായ്മയുടെയും അവസ്ഥയിൽനിന്നു ജന്മമെടുക്കുന്ന ഭാവനകളാണു സാധാരണയായി വെളിപാടുകൃതികൾ. ഒരു സമൂഹത്തിനു പ്രതിസന്ധികളും പീഡനങ്ങളും ഉണ്ടാകുമ്പോൾ ആ സമൂഹത്തിന്റെ മുഖ്യധാരയിലുള്ളവർ നിയമം അനുസരിച്ചുകൊണ്ടുതന്നെ ഈ പീഡനങ്ങളെ എതിർക്കുകയും തങ്ങളുടെ ജീവിതം മാനുഷികമായി സാധിക്കുന്നവിധത്തിൽ മെച്ചപ്പെടുത്തുകയും ചെയ്യാൻ ശ്രമിക്കാറുണ്ട്.

എന്നാൽ, കാലാകാലങ്ങളിൽ രാഷ്ട്രീയ-സാമൂഹിക-മത സമൂഹങ്ങളാൽ അവഗണിക്കപ്പെടുന്ന സെക്ടുകളിലെ ആളുകൾ അവരുടെ വിശ്വാസമാണു സത്യവിശ്വാസമെന്നു കരുതുകയും തങ്ങൾക്കു രാഷ്ട്രീ

യമോ മതപരമോ ആയ അധികാരങ്ങൾ ഇല്ലാത്തതിനാൽ സത്യവിശ്വാസികളായ തങ്ങളെ ദൈവം അത്ഭുതകരമായി ഇടപെട്ടു രക്ഷിക്കുമെന്നു വിശ്വസിക്കുകയും ചെയ്യുന്നു. ദൈവത്തിന്റെ ഈ ഇടപെടൽ തിന്മനിറഞ്ഞ ഇന്നത്തെ ലോകത്തെ നശിപ്പിക്കുകയും നന്മനിറഞ്ഞ ഒരു ലോകം നീതിമാന്മാരായ ഈ സെക്ടിലെ മനുഷ്യർക്കുവേണ്ടി സ്ഥാപിക്കുകയും ചെയ്യുമെന്ന് അവൻ വിശ്വസിക്കുന്നു. ഈ പുതുയുഗത്തെക്കുറിച്ചുള്ള കാര്യങ്ങൾ അവർക്ക് ലഭിക്കുന്നതാകട്ടെ തിരഞ്ഞെടുക്കപ്പെട്ട വ്യക്തികൾക്കു ലഭിക്കുന്ന രഹസ്യമായ ദർശനങ്ങളിലൂടെയാണ്. അതു കൈമാറപ്പെടുന്നതു പ്രതീകാത്മകമായ ഭാഷയിലൂടെയും. വെളിപാടു സാഹിത്യത്തെക്കുറിച്ചുള്ള കൂടുതൽ വിശദമായ ഒരു പഠനം ഇവിടെ സാധ്യമല്ല.

**വിചിന്തനം:** ദൈവം സൃഷ്ടിച്ച മനോഹരമായ ഈ പ്രപഞ്ചം നിലനിൽക്കണമെങ്കിൽ ദൈവാത്മാവുനിറഞ്ഞ മനുഷ്യർ ഭൂമിയിലെല്ലാമുണ്ടാകണം. മനുഷ്യന്റെ മാനസാന്തരമാണു പ്രപഞ്ചത്തെ മനോഹരമാക്കുന്നത്.

## 56. യോന

യോന എന്ന പേരിന്റെ അർത്ഥം പ്രാവ് എന്നാണ്. അമിത്തായിയുടെ പുത്രനും ഗത്ഹേഫറിൽ നിന്നുള്ള പ്രവാചകനും കർത്താവിന്റെ ദാസനുമായ യോനയെക്കുറിച്ച് 2രാജാ14:25 പറയുന്നുണ്ട്. ഇതു ജറോബോവാം രണ്ടാമന്റെ ഭരണകാലത്തെക്കുറിച്ചുള്ള വിവരണമാണ് (ബി.സി. 786–746). എന്നാൽ, യോനായുടെ ഗ്രന്ഥത്തിന്റെ കർത്താവ് ഈ പ്രവാചകൻതന്നെയായിരിക്കാൻ സാധ്യതയില്ല. കാരണം, ഗ്രന്ഥത്തിൽ വളരെയധികം അറമായ വാക്കുകളുണ്ട്. അറമായ യൂദായുടെ ഭാഷയായി മാറിയതു വിപ്രവാസത്തോടെയാണ്. കടൽയാത്രക്കുപയോഗിക്കുന്ന ചില പഴയ ഫിനിഷ്യൻ പദങ്ങൾ ഗ്രന്ഥത്തിൽ ഉണ്ടെങ്കിലും അതു ഗ്രന്ഥത്തിന്റെ പഴമ തെളിയിക്കുന്നില്ല. കാരണം, പഴയകാലത്തുപയോഗിച്ചിരുന്ന പദങ്ങൾ പിന്നീട് ഉപയോഗിക്കാൻ സാധ്യതയുണ്ട്. മാത്രമല്ല, നിനെവേ ഒരു വലിയ നഗരമായിരുന്നു എന്ന പ്രസ്താവന (3:3) ഇത് എഴുതിയ കാലത്തു നിനെവേ നഗരം ഉണ്ടായിരുന്നില്ല. എന്നർത്ഥമാക്കുന്നുണ്ട്. നിനെവേയെ ബാബിലോൺ നശിപ്പിച്ചത് ബി.സി. 612 ൽ ആണ്. അങ്ങനെയെങ്കിൽ അതിനുശേഷമായിരിക്കണം ഗ്രന്ഥം എഴുതപ്പെട്ടത്.

ഗ്രന്ഥം ഒരു പ്രവാചകശബ്ദം എന്നതിനെക്കാൾ ഒരു പ്രബോധനകഥയാണ്. റൂത്ത്, തോബിത്, യൂദിത്ത്, എസ്തേർ മുതലായ സമാനമായ പ്രബോധനകഥകൾ വിപ്രവാസത്തിനുശേഷമുള്ള കാലഘട്ടത്തിന്റെ പ്രത്യേകതയാണ്. ഹെബ്രായ ഭാഷയിലുള്ള വെറും അഞ്ചു വാക്കുകളാണ് ഗ്രന്ഥത്തിലുള്ള പ്രവചനം: നാൽപതു ദിവസം കഴിയുമ്പോൾ നിനെവേ നശിപ്പിക്കപ്പെടും (3:4). രാജാക്കന്മാരുടെ കാലത്ത് അറിയപ്പെട്ടിരുന്ന (2രാജ 14:25) യോനായുടെ പേരിൽ എഴുതപ്പെട്ട ഒരു പ്രബോധന കഥ ആയിരിക്കണം ഈ ഗ്രന്ഥം.

നിനെവേയിൽ പോയി മാനസാന്തരം പ്രസംഗിക്കാൻ യോനായോട് ദൈവം ആവശ്യപ്പെടുന്നു (1:1). ദൈവത്തിന്റെ കാരുണ്യത്തെക്കുറിച്ചു നന്നായി അറിയാമായിരുന്ന യോന സ്വന്തം ഭാവിയെക്കുറിച്ചാണ് അപ്പോൾ ചിന്തിച്ചത്. നിനെവേ നിവാസികൾ വലിയ ദുഷ്ടന്മാരാണെങ്കിലും അവർ





അനുതപിച്ചാൽ താൻ പറയാൻ പോകുന്ന വാക്കുകൾ നിരർത്ഥകമാകുമല്ലോ എന്നോർത്ത് ആകുലപ്പെട്ട യോന നിനിവേയിലേക്കു പോകേണ്ടതിനു പകരം എതിർദിശയിലുള്ള താർസീസിലേക്കു കപ്പൽ കയറി (1:3). നിനെവേ നിവാസികൾ (അസ്സീറിയാക്കാർ) തങ്ങളുടെ ചരിത്രപരമായ ശത്രുക്കളാകയാൽ അവർ മാനസാന്തരപ്പെടുന്നതോ രക്ഷ പ്രാപിക്കുന്നതോ യോനായ്ക്ക് അസ്വീകാര്യമായിരുന്നു. അതുകൊണ്ടാണു യോന ഒളിച്ചോടിയത്. ഷാൽമനാസറിന്റെ കാലം മുതൽ (ബി.സി. 858–824) അസ്സീറിയായുടെ അവസാനംവരെ (ബി.സി. 612) യൂദായെ നിരന്തരം പീഡിപ്പിച്ചിരുന്നവരായിരുന്നു നിനെവേക്കാർ. എന്നാൽ, പോയ വഴിയിൽ അറിയാതെ കപ്പൽ യാത്രക്കാരായ വിജാതീയരെ മാനസാന്തരത്തിലേക്കും സത്യദൈവത്തിലേക്കും നയിക്കാൻ ദൈവം യോനായ്ക്ക് ഇടവരുത്തി.

കടലിലേക്ക് എറിയപ്പെട്ട യോനയെ ഒരു തിമിംഗിലം വിഴുങ്ങുകയും അതിന്റെ ഉദരത്തിൽവെച്ച് യോന പ്രാർത്ഥിക്കാൻ ആരംഭിക്കുകയും ചെയ്തു. തൽഫലമായി ദൈവം ഇടപെട്ടു യോനായെ നിനെവേയിലെത്തിച്ചു. മനസ്സില്ലാമനസോടെ അഞ്ചു വാക്കുകൾ മാത്രം അദ്ദേഹം പ്രസംഗിച്ചു (3:4). വളരെക്കുറച്ചുമാത്രമേ പ്രസംഗിച്ചുള്ളൂവെങ്കിലും തദ്ദേശവാസികൾ മുഴുവനും മൃഗങ്ങളടക്കം മാനസാന്തരപ്പെടുകയും പാപപ്പരിഹാരം അനുഷ്ഠിക്കുകയും ചെയ്തു (3:5) എന്നതാണു കഥയിൽ വിവരിക്കുന്നത്. മാനസാന്തരപ്പെട്ട നിനെവേയെ ദൈവം രക്ഷിച്ചു. അങ്ങനെ, ഏറ്റവും മടിയനായ പ്രവാചകൻ ഏറ്റവും വിജയിയായിത്തീർന്നു. ദൈവത്തിന്റെ പ്രവൃത്തിയിൽ അമർഷം തോന്നിയ യോന മരിക്കാനാഗ്രഹിച്ചു. യോനായോടും ദൈവം അപ്പോൾ കരുണ കാണിച്ചു. അപ്പോഴും സ്വന്തം വികാരങ്ങൾക്ക് അടിപ്പെട്ട് വികലമായി ചിന്തിച്ച യോനായോടു ദൈവം തന്റെ കാരുണ്യത്തിന്റെ കാരണം വിശദീകരിക്കുന്നതു കാണാം.

ഒന്നും മൂന്നും അദ്ധ്യായങ്ങൾ വിജാതീയരുടെ പശ്ചാത്തലത്തിലാണ് അവതരിപ്പിക്കുന്നത്. യോന യാത്രചെയ്ത കപ്പലിലെ യാത്രക്കാരും നിനെവേ നിവാസികളും വിജാതീയരായിരുന്നു . ഈ രണ്ടുകൂട്ടരും സത്യദൈവത്തിലേക്കു തിരിഞ്ഞതിനാൽ രക്ഷപെടുമെന്നാണു വിവരിക്കുന്നത്. വിപ്രവാസത്തിനുശേഷം കഠിനമായ മതനവീകരണം നടത്തിയ എസ്രായും നെഹമിയായും യഹൂദമതത്തെ വിജാതീയരുമായി ഇടകലർന്ന യഹൂദരിൽ നിന്നു വേർതിരിക്കാനും രക്ഷ യഹൂദർക്കു മാത്രമാണെന്ന് ഉറപ്പിച്ചു പറയാനും ശ്രമിച്ചിരുന്നു. ഈ ഇടുങ്ങിയ ചിന്താഗതിയിൽനിന്നു വ്യത്യസ്തമായി സന്മസുള്ള വിജാതീയർക്കും രക്ഷ സാധ്യമാണെന്നു പഠിപ്പിക്കാൻ എഴുതപ്പെട്ട കഥയായിരിക്കണം യോന. തങ്ങളുടെ ഏറ്റവും വലിയ ശത്രുക്കളായ നിനെവേപോലും മാനസാന്തരപ്പെട്ടപ്പോൾ രക്ഷിക്കപ്പെട്ടു എന്നതാണ് ഇതിവൃത്തം.

ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവർക്കും ദൈവത്തിലേക്കു വരുന്ന എല്ലാവർക്കും രക്ഷ ലഭിക്കുമെന്നു മൂന്നാം ഏശയ്യായും (56:1–8). ജോയേലും (2:28) റൂത്തിന്റെ കഥയുമൊക്കെ ഇക്കാലഘട്ടത്തിൽ പഠിപ്പിക്കാൻ ശ്രമിച്ചിരുന്നു. വചനത്തിന്റെ ശക്തിയും ദൈവത്തിന്റെ കരുണയും അറിയുന്നവനായ യോന തിരഞ്ഞെടുക്കപ്പെട്ട ദൈവജനത്തിന്റെ പ്രതിനിധിയാണ്. ദൈവം വിജാതീയരെ രക്ഷിച്ചതിൽ യോന അക്ഷമനായിത്തീരുന്നു. ദൈവകാരുണ്യത്തെക്കുറിച്ച് ഇപ്രകാരമൊരക്ഷമ ആവശ്യ

മില്ലെന്നതാണു ഗ്രന്ഥകാരൻ കഥയിലൂടെ പഠിപ്പിക്കുന്നത്. ദൈവത്തിൽ വിശ്വസിക്കുകയും മാനസാന്തരപ്പെടുകയും ചെയ്യുന്ന ആർക്കും രക്ഷ സംലഭ്യമാണ്. കാരണം, ഏകനായ ദൈവം ലോകത്തിന്റെ മുഴുവൻ സ്രഷ്ടാവും ദൈവവുമാണ്. തിരഞ്ഞെടുക്കപ്പെട്ടവർ ദൈവകൽപന അവ ഗണിച്ചാൽ വലിയ ശിക്ഷയുണ്ടാകുമെന്നും ഗ്രന്ഥം പഠിപ്പിക്കുന്നു.

ദൈവം കരുണാമയനാണ് എന്നതാണു ഗ്രന്ഥത്തിലെ പ്രധാന ചിന്ത (3:10). ഇസ്രായേലിലുണ്ടായിരുന്ന, പരസ്പരം മത്സരിച്ചിരുന്ന, മുകളിൽ വിവരിച്ച വ്യത്യസ്തമായ ആശയങ്ങൾ, രണ്ടു ദൈവശാസ്ത്ര ചിന്താഗതികൾ ഒരുമിച്ചു ഗ്രന്ഥത്തിൽ പ്രത്യക്ഷപ്പെടുന്നു. തിന്മചെയ്തവർ തത്തുല്യമായി ശിക്ഷിക്കപ്പെടണമെന്നുള്ള നീതിനിർവ്വഹണത്തിന്റെ ദർശനമാണു യോനായുടെ കാഴ്ചപ്പാടിലുള്ളത്. അനുതപിക്കുന്ന എല്ലാവർക്കും ദൈവകരുണ ലഭിക്കണമെന്നുള്ള മറ്റൊരു കാഴ്ചപ്പാടാണു യോനായിലെ ദൈവത്തിന്റേത്. എന്തിന്റെപേരിൽ യോന ദൈവത്തെ കുറ്റപ്പെടുത്തിയോ അതുതന്നെ സംഭവിക്കും; ദൈവം കരുണ കാണിക്കും. മാത്രമല്ല പൂർവികരുടെ പാപത്തിനു മക്കൾ ശിക്ഷിക്കപ്പെടരുത് എന്ന ജറെമിയായുടെയും എസെക്കിയേലിന്റെയും ചിന്തകളും ഇതിലടങ്ങിയിരിക്കുന്നു. പണ്ട് അസ്സീറിയക്കാർ ചെയ്ത തെറ്റിന് ഇന്നുള്ള അസ്സീറിയക്കാർ ശിക്ഷിക്കപ്പെട്ടുകൂടാ.

പുതിയനിയമത്തിൽ മത്തായിയുടെ സുവിശേഷത്തിൽ കർത്താവിന്റെ മരണോത്ഥാനങ്ങൾ നടക്കുന്ന മൂന്നുദിവസത്തിന്റെ അടയാളമായി മത്സ്യത്തിന്റെ ഉദരത്തിലെ യോനായുടെ മൂന്നു ദിവസത്തെ വാസം വിശദീകരിക്കുന്നുണ്ട് (മത്താ 12:40). ലൂക്കായുടെ സുവിശേഷത്തിൽ കർത്താവിന്റെ പ്രസംഗം കേട്ട് അനുതപിക്കാത്തവരെ നിനെവേക്കാരേക്കാൾ വലിയ പാപികളായാണു കാണുന്നത് (ലൂക്കാ 11:29-32).

**വിചിന്തനം:** ദൈവത്തോടും അവിടുത്തെ നിയമങ്ങളോടുമുള്ള പൂർണ്ണമായ വിശ്വസ്തതയാണു ദൈവാനുഗ്രഹത്തിനും ജീവിതവിജയത്തിനുമുള്ള അടിസ്ഥാന കാര്യങ്ങൾ. നിയമത്തോടു വിശ്വസ്തത കാണിക്കുകയും പ്രാർത്ഥനയും ഉപവാസവുംവഴി ആത്മീയജീവിതം ശക്തിപ്പെടുത്തുകയും ചെയ്യുന്നവർക്കാണു ദൈവത്തിന്റെ രക്ഷ അനുഭവിക്കാൻ കഴിയുന്നത്.

## പ്രവാചകസ്വരത്തിന്റെ പിൻവാങ്ങലും ദേവാലയ പ്രവാചകഗണങ്ങളും

വിപ്രവാസത്തിനുമുമ്പു പ്രവാചകവൃത്തി ജീവിതമാർഗമായി സ്വീകരിച്ചിരുന്നവർ അനേകരുണ്ടായിരുന്നു എന്നു നാം കണ്ടു. വിപ്രവാസകാലംവരെയുള്ള പ്രവാചകന്മാർ ജറുസലേമിന്റെ മഹത്തരമായ പുനരുദ്ധാരണത്തെക്കുറിച്ചും നവീകരിക്കപ്പെട്ട ഒരു പുതിയ ജനതയുടെ ജന്മത്തെക്കുറിച്ചും സംസാരിച്ചിരുന്നു (ഏശ 45:14: എസ 40-48). സീയോൻ ലോകത്തിന്റെ കേന്ദ്രമാകുമെന്നു കരുതപ്പെട്ടിരുന്നു. പല പ്രവചനങ്ങളും പൂർത്തീകരിച്ചുകൊണ്ടു പ്രവാസികൾ സ്വതന്ത്രരായെങ്കിലും ജറുസലേമിന്റെ പുനരുദ്ധാരണം പ്രതീക്ഷിച്ചതുപോലെ മഹത്തരമായിരുന്നില്ല.





പ്രവചനങ്ങൾ പലതും നിറവേറിയില്ല. ദാവീദിന്റെ സിംഹാസനം പുനഃസ്ഥാപിക്കപ്പെട്ടില്ല. സീയോൻ ലോകത്തിന്റെ കേന്ദ്രമായില്ല. കർത്താവിന്റെ മഹത്ത്വം എല്ലാ ജനതകളുടെയും മുമ്പിൽ വെളിപ്പെട്ടില്ല. ഹൃദയത്തിൽ നിയമം ആലേഖനം ചെയ്യപ്പെട്ട ഒരു സമൂഹത്തെ അനുഭവിച്ചറിയാൻ പ്രവാസത്തിൽനിന്നു തിരിച്ചു വന്നവർക്കു കഴിഞ്ഞില്ല (ഏശ 44:1-5). ചുരുക്കിപ്പറഞ്ഞാൽ, പ്രവാചകവചനങ്ങൾ പൂർത്തീകരിച്ചുകൊണ്ടു ജറുസലേം ഭാഗികമായി പുനരുദ്ധരിക്കപ്പെട്ടു; എങ്കിലും, പുനരുദ്ധരിക്കപ്പെട്ട ജറുസലേം പ്രവചിക്കപ്പെട്ടതുപോലെ മഹത്തരമായിരുന്നില്ല. വിപ്രവാസത്തിനുമുമ്പും വിപ്രവാസകാലത്തും പ്രസംഗിച്ച പ്രവാചകന്മാരുടെ വാഗ്ദാനങ്ങൾ പലതും പൂർത്തിയാകാതെ വരികയോ മഹത്തരമല്ലാത്ത വിധം പൂർത്തിയാവുകയോ ചെയ്തു. ഈ സാഹചര്യത്തിൽ പലർക്കും (പുതിയ) പ്രവാചകന്മാരുടെ വാക്കിലുള്ള വിശ്വാസം നഷ്ടമായി. സാമൂഹികമായ അംഗീകാരം നഷ്ടമായ ഒരു ദൗത്യത്തിനും പിൻതുടർച്ച സാധ്യമാകാത്തതുപോലെ പ്രവാചകദൗത്യത്തിലും സംഭവിച്ചു.

കൂടാതെ, വ്യാജപ്രവാചകന്മാരെ നിയന്ത്രിക്കുന്നതിനുള്ള ഒരു പരിശ്രമവും നടന്നു. നിയമാവർത്തന ദൈവശാസ്ത്രത്തിന്റെ വികാസത്തോടെ ഏകദൈവവിശ്വാസപാരമ്പര്യം പ്രവാചക ഭാവനയുടെമേൽ കർശനമായ നിയന്ത്രണം വരുത്തി. ഓരോ പ്രവാചകന്റെയും വാക്കുകൾ പൂർത്തിയാകേണ്ടതാണെന്ന തത്ത്വം നിലവിൽവന്നു (നിയ 18:14-22; ജറെ 28:7-9); എന്നു മാത്രമല്ല അയാളുടെ പ്രവചനങ്ങൾ മോശയുടെ നിയമത്തിലൂടെ നല്കപ്പെട്ട വെളിപാടുമായി പൂർണമായി ചേർന്നു പോകുന്നതായിരിക്കണം എന്നും നിർദ്ദേശിക്കപ്പെട്ടു (നിയ 12:32-13:4; 13:1-18).

പഴയതുപോലുള്ള പ്രവാചകവിളി നിലച്ചതിന്റെ കാരണം പ്രവാചകന്മാരുടെ വചനങ്ങൾ പലതും പൂർത്തിയായില്ലെന്നത് മാത്രമല്ല നിയമഗ്രന്ഥം എഴുതപ്പെടുകയും അത് ആധികാരികമാവുകയും ചെയ്തു കഴിഞ്ഞപ്പോൾ നേരിട്ടു ദൈവവചനം പറയുന്നവരുടെ വാക്കുകളുടെമേൽ നിയമം ആധിപത്യം പുലർത്തി എന്നതുകൂടിയാണ്.

വിപ്രവാസകാലത്തു ദേവാലയത്തിന്റെയും ബലികളുടെയും അഭാവത്തിൽ നിയമഗ്രന്ഥവും അനുഷ്ഠാനങ്ങളും സിനഗോഗിലെ പ്രാർത്ഥനാശുശ്രൂഷകളുമാണ് ആ സ്ഥാനം ഏറ്റെടുത്തിരുന്നത്. വിപ്രവാസത്തിനുശേഷം തിരിച്ചുവന്ന പ്രവാസികൾ ദേവാലയം പുനരുദ്ധരിക്കുകയും ബലികൾ പുനഃസ്ഥാപിക്കുകയും ചെയ്തു (515-ൽ) എങ്കിലും ഏകദേശം 60 വർഷങ്ങൾക്കുശേഷം ബാബിലോണിൽനിന്നു തിരിച്ചുവന്ന എസ്രായും നെഹമിയായും നിയമഗ്രന്ഥത്തിന്റെ പ്രാധാന്യം ഉയർത്തിപിടിക്കുകയും നിയമപഠനം മതാനുഷ്ഠാനത്തിന്റെ പ്രധാന ഭാഗമാക്കുകയും ചെയ്തു. പ്രവാചകന്മാരെക്കാൾ അവർ പ്രസംഗിച്ച വചനം ഇക്കാലത്തു പ്രാധാന്യം നേടി; വ്യക്തികൾ അപ്രസക്തരായി. എഴുതപ്പെട്ട നിയമം സാവധാനം ദൈവവചനമായി പരിഗണിക്കപ്പെട്ടു.

ഈ അവസരത്തിൽ പ്രവാചക ദൗത്യം സ്വതന്ത്രമായ ഒരു വിളി എന്ന നിലയിൽനിന്നു ദേവാലയത്തോടു ചേർന്ന് പോകുന്ന ഒരു കർമ്മമായി രൂപാന്തരപ്പെട്ടു. വിപ്രവാസത്തിനുശേഷം ദേവാലയവുമായി ബന്ധപ്പെട്ടു തങ്ങളുടെ ദൗത്യം നിർവ്വഹിച്ച ഹഗ്ഗായിയുടെയും സഖറിയായുടെയും

മലാക്കിയായുടെയും വലിയ സ്വാധീനവും ഈ മാറ്റത്തിനു പിന്നിൽ ഉണ്ടായിരുന്നിരിക്കണം.

വിപ്രവാസത്തിനുശേഷം പുതിയ ദേവാലയവുമായി ബന്ധപ്പെട്ടു ജന്മമെടുത്തതും അവിടെ ആലപിക്കപ്പെട്ടിരുന്നതുമായ സങ്കീർത്തനങ്ങളിൽനിന്നു ദേവാലയങ്ങളിൽ ആരാധനാ വിധികളോടനുബന്ധിച്ചു പ്രവാചകന്മാരുണ്ടായിരുന്നുവെന്ന് അനുമാനിക്കാം. വിലാപങ്ങളുമായി ദേവാലയത്തിൽ വന്നിരുന്ന ഭക്തർക്കു മറുപടിയായി ഈ പ്രവാചകന്മാർ പ്രവചനങ്ങൾ നൽകിയിരുന്നു (സങ്കീ 35:3; 27:14). അവർ നൽകിയിരുന്നതു ധാർമ്മിക ഉപദേശങ്ങളായിരുന്നിരിക്കണം (സങ്കീ 50:7-15; 81:9). ദൈവഭക്തരുടെ പ്രാർത്ഥന കേട്ട് ഈ പ്രവാചകന്മാർ ദൈവത്തിന്റെ പേരിൽ അവർക്ക് ഉറപ്പു നൽകിപ്പോന്നു.

### 57-59. ആസാഫും ഹേമാനും യഥൂത്തുനും

ദിനവൃത്താന്തചരിത്രകാരന്റെ കാലത്തു ദൈവാലയ ഗായകരെ പ്രവാചകന്മാരായാണു കണക്കാക്കിയിരുന്നത്. ഇവർ ആരാധനക്രമപരമായ പ്രവാചകന്മാരായിരുന്നിരിക്കണം. ഉദാ: ആസാഫിന്റെ സങ്കീർത്തനങ്ങൾ (സങ്കീ 50:70-83). പ്രവാചകദൗത്യം നിയമത്തിന്റെയും ആരാധനാക്രമത്തിന്റെയും ഭാഗമാക്കിയതിന്റെ ഫലമായിരുന്നിരിക്കണം ഈ പ്രതിഭാസം. ആസാഫും ഹേമാനും യഥൂത്തുനും പ്രവാചകന്മാരായിരുന്നു (1 ദിന 25:1-8; 2ദിന 29:30). ഇസ്രായേലിലെ 70 ശ്രേഷ്ഠന്മാരും പ്രവാചകന്മാരായി മാറുന്നതു പഞ്ചഗ്രന്ഥിയിൽ കാണാം (post exilic); അതുപോലെതന്നെ ഗാനമാലപിച്ച മിറിയാമും. ദൈവത്തിൽനിന്ന് എന്തെങ്കിലും സന്ദേശം മനുഷ്യർക്കായി നൽകി എന്നതിനാലാണ് ഇവരെയെല്ലാം പ്രവാചകന്മാർ എന്നു വിളിക്കുന്നത്. ഈ അർത്ഥത്തിലാണു ലേവ്യഗായകർ പ്രവാചകന്മാരാകുന്നത്. ഈ കാലഘട്ടത്തിൽ പുതിയതായി പ്രവാചകഗ്രന്ഥങ്ങൾ എഴുതപ്പെട്ടിരുന്നില്ല.

## ഈശോയ്ക്ക് മുമ്പു വന്ന പുതിയനിയമ പ്രവാചകന്മാർ

പഴയനിയമത്തിന്റെ അവസാന കാലഘട്ടത്തിൽ കാണുന്നതുപോലെതന്നെ പുതിയനിയമത്തിന്റെ ആരംഭത്തിലും ദേവാലയത്തോടു ബന്ധപ്പെട്ടാണു പ്രവാചകന്മാരെ നാം കാണുന്നത്:

### 60. സഖറിയ

സഖറിയ സ്നാപകയോഹന്നാന്റെ പിതാവാണ്. ദൈവിക നിയമങ്ങളോടുള്ള പൂർണ്ണമായ അനുസരണത്തിലൂടെയും ഭക്തിപൂർവ്വമായ ജീവിതത്തിലൂടെയും ദൈവതിരുമുമ്പിൽ നീതിമാനായി ജീവിച്ചിരുന്ന അദ്ദേഹം അഹറോന്റെ കുടുംബത്തിൽപ്പെട്ട ഒരു പുരോഹിതനായിരുന്നു. വന്ധ്യയായി കരുതപ്പെട്ടിരുന്ന എലിസബത്തായിരുന്നു അദ്ദേഹത്തിന്റെ ഭാര്യ. എലിസബത്ത് എന്ന വാക്കിന്റെ അർത്ഥം "ദൈവം വിധിച്ചു" എന്നാണ്. സഖറിയ എന്ന വാക്കിന്റെ അർത്ഥം "കർത്താവിന്റെ ഓർമ്മ" എന്നത്രേ.





അന്ന് ഇസ്രായേലിലുണ്ടായിരുന്ന 7000 പുരോഹിതരെ 24 ഗണങ്ങളായി തിരിച്ചിരുന്നു. ഇതിലോരോ ഗണവും ഓരോ ആഴ്ചവീതം വർഷത്തിൽ 2 പ്രാവശ്യമാണു ശുശ്രൂഷ ചെയ്യേണ്ടിയിരുന്നത്. ദേവാലയത്തിൽ ചെയ്യേണ്ട ശുശ്രൂഷ അവർ നറുക്കിട്ടു തീരുമാനിച്ചിരുന്നു. അങ്ങനെയാണു സഖറിയായ്ക്കു കർത്താവിന്റെ ആലയത്തിൽ ധൂപമർപ്പിക്കാൻ അവസരം ലഭിച്ചത്. ബലിപീഠത്തിനടുത്തുവച്ചു സഖറിയായ്ക്കു ദൈവദൂതന്റെ ദർശനമുണ്ടാവുകയും ദൈവദർശനത്തിൽ പ്രവാചകന്മാർ അനുഭവിയ്ക്കാറുണ്ടായിരുന്ന അസ്വസ്ഥത അദ്ദേഹത്തെ ബാധിക്കുകയും ചെയ്തു. വന്ധ്യരും വൃദ്ധരുമായിരുന്ന സഖറിയായ്ക്കും എലിസബത്തിനും ഒരു ശിശു ജനിക്കുമെന്ന വാർത്ത അദ്ദേഹത്തെ അത്ഭുതപ്പെടുത്തി. ദൈവവചനം അവിശ്വസിച്ച സഖറിയായുടെ സംസാരശേഷി നഷ്ടമായി.

പിന്നീട് ആ ദിവ്യശിശു ജനിച്ചപ്പോൾ അദ്ദേഹത്തിനു സംസാരശേഷി വീണ്ടുകിട്ടുകയും പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് അദ്ദേഹം ഒരു പ്രവചനഗീതം ആലപിക്കുകയും ചെയ്തു (ലൂക്ക 1:67). ഈ ശിശു അത്യുന്നതന്റെ പ്രവാചകനാണെന്നും കർത്താവിനു വഴിയൊരുക്കേണ്ടവനാണെന്നും അദ്ദേഹം പ്രവചിച്ചു (ലൂക്ക 1:76-79). ദൈവം തന്റെ ജനത്തെ സന്ദർശിച്ചു എന്നും പ്രവാചകന്മാരുടെ വചനങ്ങളും ദൈവത്തിന്റെ വാഗ്ദാനങ്ങളും പൂർത്തീകരിച്ചുകൊണ്ടു രക്ഷകൻ ഭൂമിയിലാഗതനായിരിക്കുന്നുവെന്നു (മറിയത്തിന്റെ ഉദരത്തിൽ?) പ്രഖ്യാപിക്കുകയും ചെയ്തു (ലൂക്ക 1:68-74). സഖറിയ വചനമനുസരിച്ചു നീതിമാനായി ജീവിച്ചു എന്നു മാത്രമല്ല അദ്ദേഹം ദേവാലയശുശ്രൂഷ ചെയ്യുകയും ദൈവകല്പനയനുസരിച്ചു യോഹന്നാനെ ഒരു നാസീർ വ്രതക്കാരനായി വളർത്തിയെടുക്കുകയും രക്ഷകനു വഴിയൊരുക്കുക എന്ന ദൗത്യനിർവ്വഹണത്തിനായി ഒരുക്കുകയും ചെയ്തു.

**വിചിന്തനം:** ദൈവത്തിലുള്ള നമ്മുടെ പ്രത്യാശ എല്ലാദിവസവും നവീകരിച്ചു കൊണ്ടിരിക്കണം. അതു പാരമ്പര്യമായി മാറിയാൽ അപകടകരമാവും.

### 61. മറിയം

പ്രവാചകന്മാരുടെ സവിശേഷതകൾ എല്ലാംതന്നെ പ്രകടിപ്പിക്കുന്ന വ്യക്തിയാണ് ഈശോയുടെ അമ്മയായ മറിയം. അവൾ പാപമില്ലാതെ ജനിച്ചവളും പരി. ആത്മാവിനാൽ നിറഞ്ഞവളുമാണ് (മത്താ 1:18-25; ലൂക്ക 1:35 മതബോധനഗ്രന്ഥം 491-493). അവൾ ദൈവത്തെ സ്തുതിച്ചവളാണ്. അവൾ പ്രാർത്ഥനയുടെ വ്യക്തിയായിരുന്നു (അപ്പ 1:14). അവൾ വചനം കല്പിച്ചവളുമാണ് (യോഹ 2:5). എല്ലാറ്റിനുമുപരി മാംസം ധരിച്ച വചനത്തെ ജീവിതത്തിൽ സ്വീകരിക്കുകയും അതിനായി സ്വന്തം ജീവിതം പഴയകാല പ്രവാചകന്മാരെക്കാൾ അധികമായി ക്രമപ്പെടുത്തുകയും ആ വചനത്തെ അനുഗമിക്കുകയും ചെയ്തവളാണ്. മറ്റു പ്രവാചകന്മാരെപ്പോലെതന്നെ അവളും ജനത്തിനുവേണ്ടി മാദ്ധ്യസ്ഥ്യം വഹിക്കുന്നതു കാണാം (യോഹ 2:5).

എലിസബത്തിനെ സന്ദർശിച്ച അവസരത്തിൽ അവൾ പരസ്യമായി ദൈവത്തെ സ്തുതിക്കുകയും ദൈവത്തിന്റെ രക്ഷയെക്കുറിച്ചു പ്രഘോ

ഷിക്കുകയും ദൈവം തന്റെ വാഗ്ദാനം പൂർത്തിയാക്കിയിരിക്കുന്നുവെന്നു വെളിപ്പെടുത്തുകയും ചെയ്തു (ലൂക്ക 1:54-55). ഈ പ്രവചനഗീതത്തിൽ മറിയം തന്റെതന്നെ ഭാവിമഹത്വത്തെക്കുറിച്ചു മുൻകൂട്ടി പറയുന്നതു കാണാം (1:48). മറിയം എന്ന വാക്കിന്റെ അർത്ഥം ഹെബ്രായ ഭാഷയിൽ, ആഗ്രഹിച്ച കുഞ്ഞ്, വിപ്ലവം, കൈപ്പുള്ള (മാറാ), എന്നൊക്കെ ആയിരിക്കണം. ഈജിപ്ഷ്യൻഭാഷയിൽ നിന്നാണ് അതുരുത്തിരിഞ്ഞതെങ്കിൽ, പ്രിയപ്പെട്ട, സ്നേഹം, എന്നൊക്കെയാണ് അർത്ഥം.

**വിചിന്തനം:** പരിശുദ്ധാത്മാവിനെയും വചനത്തെയും പൂർണ്ണ മനസ്സോടെ ജീവിതത്തിലേക്കു സ്വാഗതം ചെയ്തവൾ ഏറ്റവും വലിയ വചനദാതാവായി. സ്വർഗ്ഗീയമായ വചനത്തിനു ഭൂമിയിലിടം നൽകിയവൾ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെടുകയും ചെയ്തു. ഈ ലോകത്തിൽവച്ചുതന്നെ സ്വർഗ്ഗീയ ജീവിതത്തിനാരംഭം കുറിക്കാൻ നമ്മെ പ്രാപ്തരാക്കുന്നതിനുവേണ്ടിയാണു സ്വർഗ്ഗീയമായ വചനം മാനവരൂപം പൂണ്ടത്.

## 62. ശിമയോൻ

പ്രവാചകനെന്നു വ്യക്തമായി പറയുന്നില്ലെങ്കിലും വചനമായ ഉണ്ണിയേശുവിനെ കാത്തിരിക്കുകയും ആ ദിവ്യപൈതലിനെ തിരിച്ചറിയുകയും ചെയ്ത മറ്റൊരു പുതിയനിയമ പ്രവാചകനാണു ശിമയോൻ. ദൈവത്തിന്റെ ദാസനായി സ്വയം കരുതിയിരുന്ന അദ്ദേഹം (ലൂക്ക 2:29) ദിവ്യശിശുവിനെ തിരിച്ചറിയുകയും ആ ശിശു ഇസ്രായേലിന്റെ മാത്രമല്ല സർവ്വലോകത്തിനും വേണ്ടിയുള്ള ദൈവികരക്ഷകനാണെന്നു പ്രവചിക്കുകയും ചെയ്തു (ലൂക്ക 2:28, 30-32). ദൈവത്തിന്റെ ഈ രക്ഷാകര കർമ്മത്തെപ്രതി അദ്ദേഹം ദൈവത്തെ സ്തുതിച്ചു എന്നുമാത്രമല്ല ഈശോയുടെ അമ്മയായ മറിയത്തിന്റെ ജീവിതം വേദന നിറഞ്ഞതായിരിക്കുമെന്നും ഇസ്രായേലിലെ പലരുടെയും ഭാവി തകിടം മറിയുമെന്നും പ്രവചിച്ചു (ലൂക്ക 2:34-35).

**വിചിന്തനം:** പരിശുദ്ധാത്മാവിന്റെ പ്രചോദനത്തിനു വഴങ്ങി ദൈവാലയവുമായി ബന്ധപ്പെട്ടു ജീവിതം നയിച്ച ശിമയോൻ, ദേവാലയത്തിൽ കാഴ്ചയർപ്പിക്കപ്പെടുന്ന ബലഹീനനായ മനുഷ്യക്കുഞ്ഞു ലോകത്തിന്റെ മുഴുവൻ രക്ഷകനാണെന്നു തിരിച്ചറിഞ്ഞു. പരിദ്ധാത്മാവിലുള്ള ജീവിതവും ദേവാലയശുശ്രൂഷകളും പരസ്പരപൂരകങ്ങളാണ്.

## 63. ഹന്ന

പുതിയനിയമം പ്രവാചിക എന്ന വിശേഷണം നൽകുന്ന വ്യക്തിയാണു ഹന്ന (ലൂക്ക 2:36). ഹന്ന എന്ന ഹീബ്രു നാമത്തിന്റെ അർത്ഥം (അന്ന - ഗ്രീക്ക് ) "കൃപ" അല്ലെങ്കിൽ "ആനുകൂല്യം" എന്നാണ്. ഈശോയുടെ മാതാപിതാക്കൾ അവിടുത്തെ ദൈവാലയത്തിൽ സമർപ്പിച്ചപ്പോഴാണു ഹന്ന അവിടുത്തെ ദർശിക്കാനിടവന്നതും ബലഹീനനായ ആ മനുഷ്യശിശുവിൽ രക്ഷകനെ തിരിച്ചറിഞ്ഞതും (ലൂക്ക 2:36-38). ഹന്ന ആഷേർ കുടുംബത്തിൽപ്പെട്ട പെനുവേലിന്റെ മകളും ഏഴു വർഷത്തെ വിവാഹ ജീവിതത്തിനുശേഷം 84 വർഷം വിധവയായി കഴിഞ്ഞിരുന്നവളുമാണ്. ഉണ്ണീശോയെ കണ്ടുമുട്ടുന്ന അവസരത്തിൽ





അവൾക്ക് 105 വയസെങ്കിലും ഉണ്ടായിരിക്കണം. പെനുവേലെന്ന വാക്കിന്റെ അർത്ഥം "ദൈവത്തിന്റെ മുഖം" എന്നാണ്. ഈശോയിൽ ദൈവതിരുമുഖം തിരിച്ചറിഞ്ഞ പ്രവാചികയാണവൾ. ദൈവാത്മാവിന്റെ പ്രേരണയിൽ സാധാരണവ്യക്തികൾക്കു കാണാൻ കഴിയാത്ത ദൈവത്തിന്റെ പ്രവൃത്തികൾ തിരിച്ചറിയാൻ കഴിവുള്ളവരാണ് പ്രവാചകന്മാർ. ഹന്ന ദൈവത്തെ തിരിച്ചറിയുകയും ദൈവത്തിൽനിന്നുള്ള രക്ഷ പ്രതീക്ഷിച്ചിരുന്ന എല്ലാവരോടും ആ ശിശുവിനെക്കുറിച്ചു സംസാരിക്കുകയും ചെയ്തു (ലൂക്ക 2:38).

**വിചിന്തനം:** സഭ സ്വഭാവത്താലെ മിഷണറിയാണ്. വചനത്തെ രക്ഷകനായി തിരിച്ചറിഞ്ഞവർക്ക് അതു മൂടിവയ്ക്കാൻ കഴിയില്ല. അതു സ്വീകരിക്കാൻ തയ്യാറാകുന്ന ജനങ്ങളിലേക്കു പകർന്നു നൽകപ്പെടും.

## 64. സ്നാപകയോഹന്നാൻ

മലാക്കിയാസിന്റെ (ജോയേലിന്റെയും) കാലശേഷം പഴയനിയമത്തിൽ മറ്റു വലിയ പ്രവാചകന്മാർ ഉണ്ടായിരുന്നില്ല. എന്നാൽ, പ്രവാചകദൗത്യം ദേവാലവുമായി ബന്ധപ്പെട്ടു തുടർന്നിരുന്നുവെന്നു മേൽപ്പറഞ്ഞ വിധത്തിലുള്ള ചില വി. ഗ്രന്ഥഭാഗങ്ങളിൽ നിന്നു വ്യക്തമാകുന്നുണ്ട്. കർത്താവിന്റെ ദിനത്തിനുമുമ്പു ജനത്തെ മാനസാന്തരത്തിലേക്കു നയിക്കാൻ സ്വർഗ്ഗത്തിലേക്കു ശരീരത്തോടെ എടുക്കപ്പെട്ട ഏലിയ തിരിച്ചു വരുമെന്നു മലാക്കിയാസും പ്രഭാഷകനും പറഞ്ഞിട്ടുണ്ടായിരുന്നു (പ്രഭാ 48:10; മിക്ക 3:1; 4:5-6). യഹൂദജനതയുടെ ആ പ്രതീക്ഷയുടെ പൂർത്തീകരണമായിരുന്നു ഏലിയായുടെ അതേ വസ്ത്രങ്ങളണിഞ്ഞു മരുഭൂമിയിൽ പ്രത്യക്ഷപ്പെട്ട സ്നാപകയോഹന്നാൻ (മത്താ 3:4; മർക്കോ 1:6; 2രാജ 1:8).

പ്രതീക്ഷിച്ചിരുന്നതുപോലെ (മലാ 4:6; പ്രഭാ 48:10) യോഹന്നാൻ മാനസാന്തരം പ്രസംഗിച്ചു (മത്താ 3:1-12; മർക്കോ 1:4-8; ലൂക്ക 3:2-18). അതിനുശേഷമാണു സമയം സമാഗതമായി (കർത്താവിന്റെ ദിനം) എന്നു പറഞ്ഞുകൊണ്ട് ഈശോ രംഗപ്രവേശം ചെയ്തത്. ക്രിസ്തുതന്നെ യോഹന്നാനെ ഏലിയായാണു കണ്ടത് (മത്താ 17:9-13; 11:2-19; ലൂക്ക 7:18-35; മത്താ 14:5; മർക്കോ 6:17-29; ലൂക്ക 3:19-20; യോഹ 1:19-36; ലൂക്ക 1:5-80; അപ്പ 19:1-7). തനിക്കുണ്ടായിരുന്ന ദൈവവിളിയെക്കുറിച്ച് അവബോധമുണ്ടായിരുന്ന സ്നാപകയോഹന്നാൻ കർത്താവിന്റെ ദിനം സമാഗതമായിരിക്കുന്നുവെന്നു പറഞ്ഞുകൊണ്ടു ജനത്തെ മാനസാന്തരത്തിനു പ്രേരിപ്പിച്ചു. പ്രവാചകന്മാർ ദൈവവചനം സ്വീകരിച്ചവരും അതിലേക്കു ജനത്തെ നയിച്ചവരുമായിരുന്നെങ്കിൽ യോഹന്നാൻ അവരുടെ ഉൽകൃഷ്ട മാതൃകയായിരുന്നു: യോഹന്നാൻ വചനം സ്വീകരിക്കുകയും വചനം ജീവിക്കുകയും വചനത്തിലേക്കു ജനത്തെ വഴിനടത്തുകയും ചെയ്തു: "...യേശു തൻെറ അടുത്തേക്കു വരുന്നതു കണ്ട് അവൻ പറഞ്ഞു: ഇതാ, ലോകത്തിൻെറ പാപം നീക്കുന്ന ദൈവത്തിൻെറ കുഞ്ഞാട് ...എനിക്കു മുമ്പുതന്നെ ഇവനുണ്ടായിരുന്നു... ഇവനെ ഇസ്രായേലിനു വെളിപ്പെടുത്താൻവേണ്ടിയാണ് ഞാൻ വന്നു ജലത്താൽ സ്നാനം നൽകുന്നത്... ഇവൻ ദൈവപുത്രനാണ് എന്നു സാക്ഷ്യപ്പെടുത്തുകയും ചെയ്തിരിക്കുന്നു (യോഹ 1:29-34).

**വിചിന്തനം:** വചനത്തിനുവഴിയൊരുക്കേണ്ടവനാണു താനെന്നറിഞ്ഞപ്പോൾ നാസീർവ്രതം സ്വീകരിക്കുകയും ഏലിയായുടെ വേഷം ധരിക്കുകയും പ്രവാചകദൗത്യം പൂർണ്ണമനസ്സോടെ ഏറ്റെടുക്കുകയും ചെയ്തവനാണു സ്നാപയോഹന്നാൻ. അദ്ദേഹത്തിനു ജനത്തെ മാനസാന്തരത്തിലേക്കും വചനത്തിലേക്കും നയിക്കാൻ കഴിഞ്ഞു.

## ഈശോ: മോശയെപ്പോലൊരു പ്രവാചകൻ

നാലു സുവിശേഷങ്ങളും ഈശോയെ പ്രവാചകനായി അവതരിപ്പിക്കുന്നുണ്ട്. ജനങ്ങൾ അവിടുത്തെ ഒരു പ്രവാചകനായാണു കണ്ടിരുന്നത് (മത്താ 16:14; 21:11; 26:68; മർക്കോ 6:15; 8:28; 14:65; ലൂക്ക 7:16; 9:8; 19; യോഹ 4:19; 9:17). മത്തായി ഈശോയെ അവതരിപ്പിക്കുന്നത് മോശയെപ്പോലൊരു പ്രവാചകനായാണ് (മത്താ 5-7). അതുപോലെതന്നെ ഈശോയും തന്നെത്തന്നെ പ്രവാചകനായാണു കണ്ടത് (മത്താ 13:57; 5:17-20; ലൂക്കാ 4:16-21). പ്രവാചകന്മാർക്കു ലഭിച്ചതുപോലൊരു ദൈവദർശനം കർത്താവിനും അവിടുത്തെ മാമ്മോദീസായുടെ അവസരത്തിൽ ലഭിക്കുന്നതു കാണാം (മത്താ 3:13-17; ഏശ 6:1-10). പ്രവാചകന്മാർക്കു ദൈവാത്മാവിനെ ലഭിച്ചതിനു സമാനമായൊരനുഭവമാണു കർത്താവിനു മാമ്മോദീസയുടെ അവസരത്തിൽ പരിശുദ്ധാത്മാവിനെ ലഭിക്കുന്നതിലൂടെ കൈവരുന്നതെന്നു പഴയനിയമ പശ്ചാത്തലത്തിൽ പറയാൻ കഴിയും. എന്നാൽ, പിശാചു സ്വർഗ്ഗത്തിൽനിന്നു പതിക്കുന്നതുപോലുള്ള പ്രവാചക ദർശനത്തോടൊപ്പം (ലൂക്കാ 10:18) അപ്പോക്കാലിപ്റ്റിക്കു ദർശനങ്ങളും ഈശോയ്ക്കുണ്ടായിരുന്നു; ഈശോ നീളമുള്ള അപ്പോക്കാലിപ്റ്റിക്കു പ്രസംഗങ്ങൾ നടത്തിയിരുന്നു (മർക്കോ 13:4-37; മത്താ 24:3-36; ലൂക്ക 21:7-36; 17:21-37).

ലൂക്കായുടെ ചിന്തയനുസരിച്ചു കർത്താവ് "ദൈവത്തിൻെറയും മനുഷ്യരുടെയും മുമ്പിൽ വാക്കിലും പ്രവൃത്തിയിലും ശക്തനായ പ്രവാചകനായിരുന്നു" (ലൂക്ക 24:19; അപ്പ 3:22-23; 7:37; നിയ 18:15-18). തന്റെമേൽ വന്ന ആത്മാവിനെ ഏശയ്യാപ്രവാചകനിൽ വന്ന ആത്മാവായി കർത്താവ് തിരിച്ചറിഞ്ഞു (ലൂക്ക 4:16-21; ഏശ 61:1-2). കർത്താവിന്റെ അധികാരം നിയമജ്ഞരുടേതുപോലെ ആയിരുന്നില്ല മറിച്ച് ദൈവത്തിൽ നിന്നുള്ളതായിരുന്നു (മത്താ 7:29). പഴയനിയമ - പുതിയനിയമ പ്രവാചകരെല്ലാം ദൈവവചനം സ്വീകരിച്ചവരും അതു പ്രസംഗിച്ചവരും അതിലേയ്ക്കു ജനത്തെ നയിച്ചവരുമായിരുന്നെങ്കിൽ ഈശോ വചനം മാംസം ധരിച്ചവനായിരുന്നു. പ്രവാചകൻ എന്നത് അവിടുത്തെ പ്രധാന വിശേഷണമല്ല മറിച്ച്, ഗുരു, രോഗങ്ങൾ സൗഖ്യമാക്കുന്നവൻ, പിശാചിനെ പുറത്താക്കുന്നവൻ, കാരുണ്യവാൻ എന്നിങ്ങനെയുള്ള പല വിശേഷണങ്ങളിൽ ഒന്നാണ്. അവിടുന്നു ദൈവപുത്രനും ദൈവവുമായിരുന്നു.



# 08

# പ്രവചനവരത്തെക്കുറിച്ചുള്ള പുതിയനിയമ കാഴ്ചപ്പാട്

പഴയനിയമത്തിലെ വലിയ പ്രവാചകന്മാരുടെ കാലഘട്ടം മലാക്കിയാസിനോടുകൂടി അവസാനിച്ചു എന്നു നാം കണ്ടു. എഴുതപ്പെട്ട വചനം (നിയമഗ്രന്ഥവും മറ്റു വചനഭാഗങ്ങളും) ജന്മമെടുക്കുന്നതിനുമുമ്പ് ദൈവത്തിൽനിന്നു വചനം ശ്രവിക്കുകയും അതു ജനത്തിനു നല്കുകയും ചെയ്തിരുന്നതു പ്രവാചകന്മാരാണ്. മലാക്കിയാസിനുശേഷം, എഴുതപ്പെട്ട വചനം പ്രവാചകവചനത്തിന്റെ സ്ഥാനമേറ്റെടുക്കുകയും പ്രവാചക ദൗത്യം ദൈവാലയത്തിലെ ആരാധനാക്രമവുമായി ബന്ധപ്പെട്ട ഒരു ദൗത്യമായി രൂപാന്തരപ്പെടുകയും ചെയ്തു. പുതിയനിയമത്തിന്റെ ആരംഭത്തിൽ ഇതിനു സമാനമായ ഒരു സാഹചര്യമാണു ദൃശ്യമാകുന്നത്. പുതിയനിയമാരംഭം പ്രവാചകന്മാരെന്നു വിളിക്കുന്നവർ (ഉദാ. സഖറിയ, ഹന്ന, ശിമയോൻ) എല്ലാം തന്നെ ദൈവാലയവുമായി ബന്ധപ്പെട്ടു ജീവിച്ചിരുന്നവരാണ് എന്നു നാം കണ്ടു.

"പൂർവകാലങ്ങളിൽ പ്രവാചകന്മാർവഴി വിവിധ ഘട്ടങ്ങളിലും വിവിധ രീതികളിലും ദൈവം നമ്മുടെ പിതാക്കൻമാരോടു സംസാരിച്ചിട്ടുണ്ട്. എന്നാൽ, ഈ അവസാന നാളുകളിൽ തൻെറ പുത്രൻവഴി അവിടുന്നു നമ്മോടു സംസാരിച്ചിരിക്കുന്നു" (ഹെബ്രാ 1:1) എന്ന ഹെബ്രായ ലേഖനകർത്താവിന്റെ വാക്കുകൾ അനുസരിച്ചു പ്രവചനങ്ങളുടെ പൂർത്തീകരണമായ വചനമായ ക്രിസ്തുവിന്റെ ആഗമനത്തോടെ അതുവരെ ദൈവവചനം മനു

ഷ്യനിലെത്തിച്ചിരുന്ന പ്രവാചകദൗത്യം അവസാനിച്ചതായി തോന്നും (1:1). പുതിയ നിയമത്തിലെ കർത്താവിന്റെ വാക്കുകളും ഇതുതന്നെ സൂചിപ്പിക്കുന്നു: "യോഹന്നാൻവരെ സകല പ്രവാചകൻമാരും നിയമവും പ്രവചനം നടത്തി" (മത്താ 11:13). എങ്കിലും, ആദിമസഭയിൽ പ്രവാചകന്മാരുണ്ടായിരുന്നുവെന്നാണു പുതിയനിയമം സാക്ഷിക്കുന്നത്. എഫേസോസുകാരുടെ ലേഖനമനുസരിച്ചു സഭ സ്ഥാപിക്കപ്പെട്ടിരിക്കുന്നത് അപ്പസ്തോലന്മാരും പ്രവാചകന്മാരുമാകുന്ന അടിസ്ഥാനത്തിന്മേലാണ് (2:20; 3:5). അപ്പസ്തോലന്മാരും പ്രവാചകന്മാരുമാണ് അടിസ്ഥാനമെങ്കിൽ അതിന്മേൽ സഭ പണിയപ്പെട്ടുകഴിയുമ്പോൾ സഭതന്നെയും വിശ്വാസജീവിതത്തിന്റെ അടിസ്ഥാനമായി മാറുന്നു. ഈ അർത്ഥത്തിൽ പ്രവാചകദൗത്യം തുടരുന്നത് സഭയാണ്.

എന്നാൽ, മോശയുടെ നിയമത്തിന്റെയും പ്രവാചകഗ്രന്ഥങ്ങളുടെയും രൂപീകരണത്തിനുശേഷവും പഴയനിയമകാലഘട്ടത്തിൽ ദൈവാലയവുമായി ബന്ധപ്പെട്ടു പ്രവാചകദൗത്യം തുടർന്നുപോന്നതുപോലെ സഭയിൽ എഴുതപ്പെട്ട വചനവുമായും (പുതിയനിയമം) സഭയുടെ ജീവിതവുമായും ബന്ധപ്പെട്ടു പ്രവാചകദൗത്യം തുടർന്നിരുന്നു. സത്യപ്രവാചകന്മാരെപ്പോലെതന്നെ ആദിമസഭയിൽ വ്യാജപ്രവാചകന്മാരും ഉണ്ടായിരുന്നു (മത്താ 7:15-19; വെളി 2:20).

ആദിമസഭയുടെ ജീവിതത്തിൽ പഴയനിയമ ചരിത്രത്തിനു സമാനമായ ഒരു സാഹചര്യമാണു ദൃശ്യമാകുന്നത്: സുവിശേഷങ്ങളുടെ ആവിർഭാവത്തിനുമുമ്പു സഭയിൽ പ്രവാചകദൗത്യം പ്രബലമായിരുന്നതായാണ് അപ്പസ്തോലപ്രവർത്തനങ്ങളും വി. പൗലോസിന്റെ ലേഖനങ്ങളും വ്യക്തമാക്കുന്നത്. ലോകമെമ്പാടും ഉണ്ടാകാനിരിക്കുന്ന ക്ഷാമത്തെക്കുറിച്ചും പൗലോസ് ബന്ധനസ്ഥനാക്കപ്പെടുന്നതിനെക്കുറിച്ചുമെല്ലാം പ്രവചിച്ച അഗാബൂസിനെക്കുറിച്ചും (അപ്പ 21:10; 11:27-28) ഫിലിപ്പിന്റെ പ്രവാചികമാരായിരുന്ന നാലു പെൺമക്കളെക്കുറിച്ചും (അപ്പ 21:8-9) അന്ത്യോക്യായിലുണ്ടായിരുന്ന ഒരുകൂട്ടം പ്രവാചകന്മാരെക്കുറിച്ചും (അപ്പ 13:1) ലൂക്ക സംസാരിക്കുന്നുണ്ട്. വി. പൗലോസ് നൽകുന്ന വരദാനങ്ങളുടെ പട്ടികയിൽ അപ്പസ്തോലന്മാർക്കുശേഷം എപ്പോഴും പ്രവാചകന്മാർ പ്രത്യക്ഷപ്പെടുന്നു (1 കോറി 12:8-11; 12:28-30; 13:1-2; റോമ 12:6-8). പ്രവചനവരം ലഭിക്കുന്നതിനായി തീക്ഷ്ണമായി ആഗ്രഹിക്കാനും പ്രാർത്ഥിക്കാനും ശ്ലീഹാ കൊറിന്തോസുകാരെ ഉദ്ബോധിപ്പിക്കുന്നുണ്ട് (1 കോറി 14).

പുതിയ നിയമത്തിലെ ഏറ്റവും പഴയ വചനഭാഗത്തു പ്രവാചകവരം മറ്റെല്ലാവരങ്ങളെക്കാളും ഉൽകൃഷ്ടമായി വി. പൗലോസ് കണക്കാക്കുന്നു (1 തെസ 5:19-20). പ. ആത്മാവിന്റെ ദാനവും പ്രവാചകവരത്തിന്റെ ഉപയോഗവും തെസലോനിക്കായിൽ ചില അസ്വസ്ഥതകൾ സൃഷ്ടിച്ചുവെന്നുവേണം കരുതാൻ. പ്രവാചകവരം ചിലർ തിരസ്കരിക്കാൻ അതു കാരണമായി. ആ സാഹചര്യത്തിൽ നിഷ്ഠയോടുകൂടി, വിലയിരുത്തി വി. പൗലോസ് പ്രവാചകവരം അഗീകരിച്ചു.

പ്രവാചക ദൗത്യത്തെക്കുറിച്ചുള്ള വി. പൗലോസിന്റെ ഏറ്റവും നീണ്ട ചർച്ച നാം കാണുന്നതു 1 കോറി 12-14 ലാണ്. ഇവിടെയും സാഹചര്യം തെസലോനിക്കായിലേതുതന്നെയെന്നു കരുതാം. ഭാഷാവരം സമൃദ്ധമാ





യുണ്ടായിരുന്ന ആ സഭയിൽ പ്രവചനവരമാണു കൂടതൽ പ്രാധാന്യമർഹിക്കുന്നതെന്ന് പൗലോസ് പ്രസ്താവിക്കുന്നു. ഈ പ്രവാചകവചനങ്ങൾ വെളിപാടുമായി ബന്ധപ്പെട്ടവയായിരുന്നു (1 കോറി 14:29-32). ഭാഷാവരത്തിൽനിന്നു വ്യത്യസ്തമായി സാധാണ മനുഷ്യനു ഗ്രാഹ്യമായ ഭാഷയായിരുന്നു പ്രവാചകന്മാർ ഉപയോഗിച്ചിരുന്നതെന്നല്ലാതെ അവിടെയുണ്ടായിരുന്ന പ്രവാചകന്മാർ പ്രസംഗിച്ച കാര്യങ്ങൾ എന്തെല്ലാമായിരുന്നുവെന്നു നമുക്കറിഞ്ഞുകൂടാ. ചരിത്രം മാറ്റിമറിക്കുന്ന വലിയ സന്ദേശങ്ങളെന്നതിനെക്കാൾ സഭാഗാത്രം പടുത്തുയർത്താനുള്ള ദൈവിക വചനങ്ങളായാണു പൗലോസ് അവയെ കണ്ടത്.

പ്രവചനവരത്തെക്കുറിച്ചുള്ള പൗലോസിന്റെ അടിസ്ഥാനപരമായ ചിന്ത റോമാക്കാരുടെ ലേഖനത്തിലും കോറിന്തോസുകാരുടെ ലേഖനത്തിലും കാണാം: (റോമ 12:3-8). കോറീന്ത്യ ലേഖനത്തിൽ ശ്ലീഹാ നൽകുന്ന ഉപദേശവും ശ്രദ്ധേയമാണ്: "... പ്രവചിക്കുന്നവൻ മനുഷ്യരോടു സംസാരിക്കുന്നു. 3 അത് അവരുടെ ഉത്കർഷത്തിനും പ്രോത്സാഹനത്തിനും ആശ്വാസത്തിനും ഉപകരിക്കുന്നു..." (1 കോറി 14:2-8); "...എൻെറ സഹോദരരേ, പ്രവചനവരത്തിനായി തീവ്രമായി അഭിലഷിക്കുവിൻ" (1 കോറി 14:39).

സഭയുള്ളിടത്തു പരിശുദ്ധാത്മാവു സന്നിഹിതനാണ്; ആത്മാവുള്ളിടത്ത് ആത്മാവിന്റെ ദാനങ്ങളുമുണ്ട്; പ്രവചനവരം ആത്മാവിന്റെ ദാനമാണ്. പൗലോസ് തന്നെയും പ്രവചനവരം ഉപയോഗപ്പെടുത്തിയിരുന്നു (1 കോറി 13:2; 14:6, 37); അദ്ദേഹത്തിനു ദൈവത്തിൽനിന്നു വെളിപാടുകൾ ലഭിച്ചിരുന്നു (2 കോറി 12:1-10). താൻ മുൻകാല പ്രവാചകന്മാരുടെ പാരമ്പര്യത്തിൽ നിന്നാണു സംസാരിക്കുന്നതെന്നു പൗലോസ് കരുതിയിരുന്നു (ഗല 1:15-16; ജറെ 1:5; ഏശ 49:1; 1 തെസ 4:15-17; 1 കോറി 15:51-52; കാണുക കോളോ 1:9; 3:16; എഫേ 2:20; 3:5; 4:11).

വി. പൗലോസിന്റെ വാക്കുകൾ അടിസ്ഥാനമാക്കി സഭയിലെ പ്രവചനവരത്തെ താഴെക്കാണുംവിധം നിർവ്വചിക്കാൻ കഴിയും: വിശ്വാസികളുടെ സമൂഹത്തെ പടുത്തുയർത്തുന്നതിനും (1 കോറി 14:4) പ്രോത്സാഹിപ്പിക്കുന്നതിനും ആശ്വസിപ്പിക്കുന്നതിനും നയിക്കുന്നതിനും പ്രബോധിപ്പിക്കുന്നതിനുംവേണ്ടി (1 കോറി 14:3) ദൈവാത്മാവിനാൽ നിറഞ്ഞ മനുഷ്യർ ആത്മാവ് വെളിപ്പെടുത്തുന്നതനുസരിച്ചു (1 കോറി 14:32; 1 തെസ 5:19-20) സ്വയംപ്രേരിതമായും സുബോധത്തോടെയും (1 കോറി 14:32) പ്രഘോഷിക്കുന്ന കാര്യങ്ങളാണു പ്രവചനങ്ങൾ (1 കോറി 14:4). പുതിയനിയമത്തിലെ ഫിലിപ്പിന്റെ പ്രവാചകരായ മക്കളും ബാർണ്ണബാസും സീലാസും ഇപ്രകാരം സമൂഹത്തെ പടുത്തുയർത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ആശ്വസിപ്പിക്കന്നതിനും പ്രബോധിപ്പിക്കുന്നതിനുംവേണ്ടി ആത്മാവിന്റെ പ്രേരണയനുസരിച്ചു സംസാരിച്ചിരുന്നവരായിരിക്കണം. വിശ്വാസികൾ ഈ ദാനം തീവ്രമായി ആഗ്രഹിക്കുകയും (1 കോറി 14:1, 5, 39) അതിനായി പ്രാർത്ഥിക്കുകയും ചെയ്തിരുന്നു (1 കോറി 14:13).

ഒരു വ്യക്തി മുൻകൂട്ടി ആലോചിച്ചു സംസാരിക്കുന്നതോ മുൻവിധികളോടെ സംസാരിക്കന്നതോ ആയ കാര്യങ്ങളല്ല പ്രവചനങ്ങൾ. ബൈബിളിലെ വചനങ്ങൾ മന:പാഠമാക്കി പറയുന്നതും പ്രവചനമല്ല. സഭയിലെ

പ്രവചനം എഴുതപ്പെട്ട വചനത്തോടും സഭാപ്രബോധനങ്ങളോടും ചേർന്നുപോകുന്നതായിരിക്കണം (1 കോറി 14:6). അവ പക്വതയുള്ള വിശ്വാസസമൂഹത്തിനു സ്വീകാര്യമായിരിക്കണം. ആദിമസഭയിൽ അനേകം സുവിശേഷങ്ങൾ എഴുതപ്പെട്ടെങ്കിലും അന്നത്തെ ജീവിക്കുന്ന സഭാസമൂഹങ്ങൾ തങ്ങളുടെ വിശ്വാസത്തിനു ചേർന്നതെന്നു കരുതിയ സുവിശേഷങ്ങൾ മാത്രമാണു സത്യസുവിശേഷങ്ങളായി സ്വീകരിച്ചത്.

സഭയിൽ കാണുന്ന പ്രവാചക-ദർശനവരങ്ങൾ ജോയേൽ പ്രവാചകന്റെ പ്രവചനത്തിന്റെ പൂർത്തീകരണമായി വ്യാഖ്യാനിക്കാൻ കഴിയും: ‘‘അന്ന് ഇങ്ങനെ സംഭവിക്കും: എല്ലാവരുടെയുംമേൽ എൻെറ ആത്മാവിനെ ഞാൻ വർഷിക്കും; നിങ്ങളുടെ പുത്രൻമാരും പുത്രിമാരും പ്രവചിക്കും. നിങ്ങളുടെ വൃദ്ധന്മാർ സ്വപ്നങ്ങൾ കാണും; യുവാക്കൾക്കു ദർശനങ്ങൾ ഉണ്ടാവും. ആ നാളുകളിൽ എൻെറ ദാസൻമാരുടെയും ദാസിമാരുടെയുംമേൽ എൻെറ ആത്മാവിനെ ഞാൻ വർഷിക്കും’’ (ജോയേ 2:28-29; അപ്പ 2:17-18; 1 കോറി 14:30-31).

അപ്പസ്തോലന്മാരുടെ കാലശേഷവും പ്രവാചകന്മാർ സഭയിൽ നേതൃസ്ഥാനം വഹിച്ചിരുന്നു. ദൈവാത്മാവിന്റെ പ്രചോദനമുണ്ടായിരുന്നതുകൊണ്ട് ആദിമ സഭാ സമൂഹങ്ങളിൽ കാര്യക്ഷമമായി വചനം പ്രഘോഷിക്കാൻ അവർക്കു കഴിഞ്ഞിരുന്നു. എന്നാൽ, കാലക്രമേണ സഭയുടെ പാരമ്പാര്യവും ആരാധനക്രമവും നിയതമായ രൂപം പ്രാപിക്കുകയും ബൈബിളിലെ ഗ്രന്ഥങ്ങൾ ആധികാരികവും കാനോനികവുമായ ദൈവവചനമായി അംഗീകരിക്കപ്പെടുകയും ചെയ്തു. തത്ഫലമായി, പഴയനിയമകാലത്തു മോശയുടെ നിയമം നിലവിൽ വന്നപ്പോൾ പ്രവാചകദൗത്യം ബലഹീനമായിത്തീർന്നതുപോലെ പുതിയനിയമത്തിന്റെയും ആരാധനക്രമത്തിന്റെയും രൂപീകരണശേഷം സഭയിലെ പ്രവാചകദൗത്യം അപ്രത്യക്ഷമായി എന്നുപറയാം.

വ്യാജപ്രബോധകരുടെ കടന്നുകയറ്റവും പ്രവാചക ദൗത്യത്തിന്റെ തിരോധാനത്തിനു കാരണമായി (മത്താ 7:15-21). ദൈവത്തിൽനിന്നു പ്രത്യേക സന്ദേശം ലഭിച്ചുവെന്ന് അവകാശപ്പെട്ടുകൊണ്ടു പ്രത്യേക്ഷപ്പെട്ട പലരുടെയും പ്രബോധനങ്ങൾ വ്യാജമായിരുന്നു. ആദിമ സഭയിലെ പാഷണ്ഡതകളായ മോന്താനിസവും മനിക്കേയനിസവുമെല്ലാം ഇക്കൂട്ടത്തിൽപെടുന്നു.

ആദിമ സഭയിലെ പ്രവാചകദൗത്യം ഇന്നു കാരിസ്മാറ്റിക് പ്രസ്ഥാനങ്ങളുടെ വളർച്ചയോടെ വീണ്ടും പ്രത്യക്ഷപ്പെട്ടുവെന്നു പറയാം. എന്നാൽ എല്ലാ പ്രവചനങ്ങളും എഴുതപ്പെട്ട വി. ലിഖിതത്തിന്റെയും ആത്മീയ സത്യങ്ങളുടെയും ദൈവാരൂപിയുടെ പ്രേരണയിലുള്ള വ്യാഖ്യാനങ്ങൾ മാത്രമായിരിക്കണം (1 കൊറി 2:13). എഴുതപ്പെട്ട വി. ലിഖിതത്തിനുതന്നെയാണു പ്രഥമസ്ഥാനം. എന്നാൽ സഭയുടെ കാഴ്ച്ചപ്പാടനുസരിച്ച് വി. ലിഖിതമെന്നത് എഴുതപ്പെട്ട വചനത്തിന്റെയും വചനത്തിന്റെ ആഘോഷമായ കൗദാശിക പാരമ്പര്യത്തിന്റെയും ഇവക്കടിസ്ഥാനമായ അപ്പസ്തോലിക അധികാരത്തിന്റെയും ഒത്തുചേരലാണ്. ഇവ പരസ്പരം പൂരകങ്ങളും വേർപെടുത്താൻ കഴിയാത്തതുമാണ് (*ദൈവാവിഷ്കരണം* 9, 10, 11).





# പ്രവാചകഗ്രന്ഥങ്ങൾ മനസ്സിലാക്കാൻ ഉപകരിക്കുന്ന ചില നാമങ്ങളും അവയുടെ അർത്ഥവും

അക്കൽദാമാ - രക്തത്തിന്റ പറമ്പ്
അഗാബോസ് - ഒരു വെട്ടുകിളി
അത്താലിയ - വർദ്ധിക്കുന്ന,
അദുല്ലാം - അവരുടെ സാക്ഷ്യം
അദോണിയ - കർത്താവെന്റെ യജമാനൻ
അനത്തോത്ത് - ഉത്തരം, ഗാനം, ദാരിദ്ര്യം
അനനിയാസ് - കർത്താവിന്റെ മേഘം
അനാത്തെമാ - വേർതിരിക്കപ്പെട്ട
അന്ന - നൽകാൻ താത്പര്യമുള്ള
അനേർ - ഉത്തരം, ഗാനം, ദുഃഖം
അന്തിപ്പാസ് - അനുകൂല / പ്രതികൂലമായ
അന്റിയോക്ക് - രഥവേഗം
അന്ത്രയാ - ശക്തൻ
അബ്നേർ - വെളിച്ചത്തിന്റെ പിതാവ്
അബ്സലോം - സമാധാനത്തിന്റെ പിതാവ്
അബദ്നേഗോ - പ്രകാശത്തിന്റെ ദാസൻ
അബി - എന്റെ പിതാവ്
അബിമലേക് - രാജാവിന്റെ പിതാവ്
അബിയ - കർത്താവാണ് എന്റെ പിതാവ്
അബിയാഥർ - ഉത്തമനായ പിതാവ്
അബിയാം - സമുദ്രത്തിന്റെ പിതാവ്.
അബിയൂദ് - സ്തുതിയുടെ പിതാവ്.
അബ്രാം - ഉന്നതനായ പിതാവ്.
അബ്രാഹം - ജനതകളുടെ പിതാവ്.
അമൽ - ജോലി, അന്യായം.
അമാസിയ - കർത്താവിന്റെ ശക്തി.
അമിത്തായി - സത്യമുള്ള, ഭയമുള്ള.
അമീനാദാബ് - എന്റെ ജനം ഉദാരമതികൾ.
അമോൺ - സത്യമുള്ള, വിശ്വസ്ഥനായ.
അമ്രാം - ഉയർന്ന ജനം, അവരുടെ കറ്റകൾ.
അമ്മഃ (അമ്മി) - എന്റെ (അവന്റെ) ജനം.
അമ്മിയേൽ - ദൈവജനം
അമ്മോൺ - ഒരു ജനം
അഷൂർ - സന്തോഷവാൻ, നോക്കുന്നവൻ
അസറിയ - കർത്താവിനെ കേൾക്കുന്നവൻ
അസ്സീറിയ - അഷൂറിന്റെ രാജ്യം
അഹസ്വേരൂസ് - രാജകുമാരൻ, തലവൻ.
അഹിതോഫെൽ - നാശത്തിന്റെ സഹോദരൻ
അഹിയ - കർത്താവിന്റെ സഹോദരൻ.
അഹറോൻ - അദ്ധ്യാപകൻ
അറബ് - പെരുകുന്ന, ഒരു വിധവ
ആദം - ഭൗമികനായ, ചുവന്ന.
ആബേൽ - നിശ്വാസം, അർത്ഥശൂന്യത
ആമൊറൈറ്റ് - കൈപ്പുള്ള
ആമോസ് - ഭാരമുള്ള, ചിന്താകുലനായ
ആസാ - ഒരു ഭിഷഗ്വരൻ, സൗഖ്യം
ആസാഫ് - ജനത്തെ ഒരുമിച്ചു ചേർക്കുന്ന
ആഹാബ് - അമ്മാവൻ
ഇംല - തികവ്, പരിച്ഛേദനം
ഇദ്ദോ - അവന്റെ കൂട്ടം , ശക്തി, സ്തുതി
ഇഷ്മയേൽ - കേൾക്കുന്ന ദൈവം
ഇസ്രായേൽ - ദൈവത്തോട് വഴക്കിടുന്നവൻ
ഉസിയ - കർത്താവിന്റെ ശക്തി, (കുഞ്ഞ്)
ഊറിയ - കർത്താവാണ് എന്റെ പ്രകാശം
എഗ്ലോൺ - കാള, കാളയുടെ സ്ഥലം, രഥം
എബെദ്മെലെഹ് - രാജാവിന്റെ ദാസൻ
എലെയാസർ - ദൈവത്തിന്റെ സഹായം
എവിൽ മെരദാക്ക് - മരദാക്കിന്റെ ഭോഷൻ
എസെക്കിയേൽ - ദൈവത്തിന്റെ ശക്തി
എസ്രാ - സഹായം-സഭ
ഏദെൻ - സന്തോഷം, ആനന്ദം
ഏനോക്ക് - സമർപ്പിതൻ, അച്ചടക്കമുള്ളവൻ
ഏബെദ് - ദാസർ, ജോലിക്കാരൻ
ഏൽനാഥാൻ - ദൈവദാനം
ഏലി - എന്റെ ദൈവം, കാഴ്ച്ചവസ്തു
ഏലിഫാസ് - ദൈവത്തിന്റെ ഉദ്യമം
ഏലിയാ - കർത്താവെന്റെ ദൈവമാണ്
ഏലിയാക്കിം - ദൈവം ഉയരും
ഏലിയാബ് - ദൈവം എന്റെ പിതാവാണ്
ഏലീഷാ - ദൈവമാണ് രക്ഷ
ഏലീഹു - അവൻ എന്റെ ദൈവം
ഏശയ്യ - കർത്താവിന്റെ രക്ഷ
ഏഹൂദ് - ഐക്യം, സ്തുതിക്കുന്നവൻ
ഒത്ത്നിയേൽ - ദൈവത്തിന്റെ മണിക്കൂർ
ഒബാദിയ - കർത്താവിന്റെ ദാസർ
ഓഗ - കേക്ക്, ചാരത്തിൽ ചുട്ട അപ്പം
ഓദെദ് - നിലനിൽക്കുക, നിലനിർത്തുക
ഓബെദ് - ദാസർ, ജോലിക്കാരൻ
ഓമ്രി - ധാന്യക്കറ്റ
കർക്കേമിഷ് - ഒരു ആട്, എടുക്കപ്പെട്ടത്
കെറീത്ത് - മുറിക്കുന്ന തുളക്കുന്ന, കൊല്ലുന്ന
കോറ - കഷണ്ടി, മഞ്ഞ്
കാദേഷ് - വിശുദ്ധി
കാലെബ് - ഒരു നായ, ഒരു പശു, ഒരു കുട്ട
കാർമ്മൽ - ദൈവത്തിന്റെ മുന്തിരിത്തോട്ടം
ഗദാലിയ - ദൈവമാണ് എന്റെ മഹത്വം

ഗബ്രിയേൽ - ദൈവമാണ് എന്റെ ശക്തി
ഗമാലിയേൽ - ദൈവത്തിന്റെ പ്രതിഫലം
ഗലീലി - ചക്രം
ഗഹസി - ദൃശ്യമായ താഴ്വര
ഗാദ് - ഒരു കൂട്ടം
ഗാൽ - വെറുപ്പ്, അശുദ്ധി
ജറെമിയാ - കർത്താവുയർത്തിയവൻ
ജറോബൊവാം - ജനത്തെ എതിർക്കുന്നവൻ
ജീസസ് - രക്ഷകൻ, മോചകൻ
ജെത്രോ - അവന്റെ മഹത്വം
ജെസെബെൽ - ബ്രഹ്മചാരി
ജെസ്സെ - ദാനം, സമർപ്പണം
ജെറീക്കോ - അവന്റെ ചന്ദ്രൻ
ജോനാഥൻ - ദൈവദാനം
ജോബ് - കരയുന്നവൻ
ജോയേൽ - കർത്താവ് അവന്റെ ദൈവം
ജോഷ്വ - രക്ഷകൻ
ജോസഫ് - കൂട്ടുക, ചേർക്കുക
തിഗ്ളത്ത് പിലേസർ - അടിമയാക്കുന്നവൻ
ദാനിയേൽ - ദൈവം എന്റെ ന്യായാധിപൻ
ദാരിയൂസ് - അറിവുള്ളവൻ
ദാവീദ് - പ്രിയപ്പട്ടവൻ
ദെബോറ - വാക്ക്, വസ്തു, തേനീച്ച
ദോദോ - അവന്റെ അമ്മാവൻ
നബോത്ത് - വാക്കുകൾ, പ്രവചനങ്ങൾ
നാഹും - ആശ്വാസദായകൻ, അനുതാപി
നിനെവെ - മനോഹരമായ, ചുറുചുറുക്കുള്ള
നുൺ (നോൺ) - സന്തതി, ഒരു മത്സ്യം
നെഹെമിയ - ആശ്വാസം
നേക്കോ - മുടന്തൻ, മർദ്ദിതൻ
നേബോ - സംസാരിക്കുന്ന, പ്രവചിക്കുന്ന
നോഹ - ആശ്വാസം, വിശ്രമം
പാദാൻ ആരാം - കൃഷിചെയ്ത സ്ഥലം
പീലിപ്പോസ് - കുതിരകളെ സ്നേഹിക്കുന്നവൻ
പൂർ - നാശം, പയറ്
പെക്കാഹിയ - കർത്താവാണ് തുറക്കുന്നത്
പേക്ക - തുറക്കുന്നവൻ, സ്വതന്ത്രൻ
പൗലോസ് (Paul)- ചെറിയ
ഫറവോ - നാശകൻ
ബറൂക്ക് - അനുഗ്രഹീതൻ
ബാബേൽ (ബാബിലോൺ )- ചിതറിക്കുക
ബാലാം - ജനത്തിന്റെ നാശം, പഴയ ജനം
ബാലാക് - വിനാശകൻ
ബാൽപെയോർ - ആരംഭത്തിന്റെ നാഥൻ
ബാർണ്ണബാസ് - ആശ്വാസ പുത്രൻ
ബെൽഷാസാർ - നിധിയുടെ നാഥൻ
ബെൻഹദാദ് - ഹദാദിന്റെ പുത്രൻ
ബേതാവൻ - അർത്ഥശൂന്യതയുടെ ഭവനം,
ബേറി - എന്റെ മകൻ, എന്റെ ധാന്യം
മറിയം - ആഗ്രഹിച്ച കുഞ്ഞ്
മത്തായി - കർത്താവിന്റെ ദാനം
മനാസ്സെ- മറവി, മറന്നത്
യാക്കോബ് - തുരങ്കം വയ്ക്കുന്ന, കുതികാൽ
യാഹ്വെ - തന്നിൽത്തന്നെ നിലനിൽക്കുന്ന
യൂദാ (യൂദിത്ത്)- കർത്താവിന്റെ സ്തുതി
യൂദാസ് - സ്തുതിക്കപ്പെട്ട (ഒറ്റുകാരൻ)
യേഹു - നിലനിൽക്കുന്നവൻതന്നെ
യോന (ജോനാസ്) - പ്രാവ്, പീഡകൻ
യോവാബ് - പിതൃത്വം
യോഹന്നാൻ - കർത്താവിന്റ കൃപ
ലാക്കിഷ് - നിലനിൽക്കുന്നവൻ
ലെമ്മവേൽ - ദൈവം അവരോടുകൂടെ
ലേവി - അവന്റെ കൂട്ടാളി
ലോഅമ്മി - എന്റെ ജനമല്ല
ലോത്ത് - ഒളിഞ്ഞിരിക്കുന്ന
ശിമയോൻ - കേൾക്കുന്നവൻ
ഷീലോ - അയയ്ക്കപ്പെട്ടവൻ
സമറിയ - കാവൽമല
സഖറിയ - കർത്താവിന്റെ ഓർമ്മ
സാർഗൺ - സംരക്ഷണം നീക്കുന്നവൻ
സാദോക്ക് - നീതിയുള്ള
സാവൂൾ - ആവശ്യപ്പെട്ട
സാമുവേൽ - ദൈവം കേട്ടു
സീലാസ് - വനം, കാട്ടിൽനിന്നുള്ളവൻ
സൂസന്ന - ലില്ലി, റോസ, സന്തോഷം
സെദെക്കിയ - കർത്താവാണ് എന്റെ നീതി
ഹദാദ് - സന്തോഷം, ശബ്ദം
ഹനനി- എന്റെ കൃപ, എന്റെ ദയ
ഹനനിയ - കൃപ, കരുണ
ഹനാൻ - കൃപ നിറഞ്ഞ
ഹനാമേൽ - ദൈവകൃപ, ദൈവദാനം
ഹബക്കുക്ക് - ചുംബിക്കുന്ന
ഹസായേൽ - ദൈവത്തെ കാണുന്നവൻ
ഹറോദ് - ഭയം, അത്ഭുതം
ഹാം- ചൂടുള്ള, കറുത്ത
ഹാമാൻ - ശബ്ദമുഖരിതമായ
ഹിൽക്കിയ - എന്റെ പങ്ക് ദൈവമാണ്
ഹൂൾഡാ - കീരി
ഹെബ്രോൺ - സംഘം, സൗഹൃദം
ഹേറോദ് - യോദ്ധാവിന്റെ മകൻ
ഹോസിയ - കർത്താവിന്റെ രക്ഷ
ഹോറെബ്- മരുഭൂമി, ഏകാന്തത, നാശം
റഫായേൽ - ദൈവത്തിന്റെ മരുന്ന്
റാമ - ഉന്നതമായ, കൊടുങ്കാറ്റ്, തിന്മ
റൂത്ത് - സംതൃപ്തം, കടിച്ചവൻ
റെമാലിയ - കർത്താവിന്റെ സ്തുതി